സഭാ സ്ഥാപകൻ

പരിശുദ്ധ കാട്ടുമങ്ങാട്ട്
അബ്രഹാം മാർ കൂറിലോസ് വലിയ ബാവ



പരിശുദ്ധ കാട്ടുമങ്ങാട്ട്
അബ്രഹാം മാർ കൂറിലോസ് വലിയ ബാവായുടെ
കബറിടം (ബെസ്കബറോ)

പരിശുദ്ധ കാട്ടുമങ്ങാട്ട്
ഗീവർഗ്ഗീസ് മാർ കൂറിലോസ് ഇളയ ബാവ

പരിശുദ്ധ കാട്ടുമങ്ങാട്ട്
ഗീവർഗ്ഗീസ് മാർ കൂറിലോസ് ഇളയ ബാവായുടെ
സ്മാരക കബറിടം

സഭാ പരമാദ്ധ്യക്ഷൻ

നി. വ. ദി. മ. ശ്രീ. സിറിൾ മാർ ബസ്സേലിയോസ്

മെത്രാപ്പോലീത്ത

മലബാർ സ്വതന്ത്ര സുറിയാനി സഭയെ ഭരിച്ച
ശ്രേഷ്ഠ പിതാക്കന്മാർ

പരിശുദ്ധ അബ്രഹാം മാർ കൂറിലോസ്
വലിയ ബാവ (കാട്ടുമങ്ങാട്ടെ)
1771 – 1802

പരിശുദ്ധ ഗീവർഗ്ഗീസ് മാർ കൂറിലോസ്
ഇളയ ബാവ (കാട്ടുമങ്ങാട്ടെ)
1802 – 1808

അഭിവന്ദ്യ യൗസേഫ് മാർ ഇവാനിയോസ്
സഫ്രഗൻ മെത്രാപ്പോലീത്ത (കാണിയാംപുള്ളി)
1807 ൽ (6 മാസം മാത്രം)

അഭിവന്ദ്യ സ്കറിയാ മാർ പീലക്സിനോസ്
മെത്രാപ്പോലീത്ത (ചീരൻ)
1808 – 1811

മലബാർ സ്വതന്ത്ര സുറിയാനി സഭയെ ഭരിച്ച
ശ്രേഷ്ഠ പിതാക്കന്മാർ

അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ പീലക്സിനോസ്
മെത്രാപ്പോലീത്ത (കിടങ്ങൻ)
1811 – 1829

അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ കൂറിലോസ്
മെത്രാപ്പോലീത്ത (കൂത്തൂരെ)
1829 – 1856

അഭിവന്ദ്യ യൗസേഫ് മാർ കൂറിലോസ്
മെത്രാപ്പോലീത്ത (ആലത്തൂരെ)
1856 – 1888

അഭിവന്ദ്യ യൗസേഫ് മാർ അത്താനാസിയോസ്
മെത്രാപ്പോലീത്ത (മാളിയേക്കൽ)
1888 – 1898

മലബാർ സ്വതന്ത്ര സുറിയാനി സഭയെ ഭരിച്ച
ശ്രേഷ്ഠ പിതാക്കന്മാർ

അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ കൂറിലോസ്
മെത്രാപ്പോലീത്ത (കരുമാംകുഴി)
1898 – 1935

പൗലോസ് മാർ അത്താനാസിയോസ്
സഫ്രഗൻ മെത്രാപ്പോലീത്ത (ആലത്തൂരെ)
1917 – 1927

അഭിവന്ദ്യ കുരിയാക്കോസ് മാർ കൂറിലോസ്
മെത്രാപ്പോലീത്ത (കൂത്തൂരെ)
1935 – 1947

അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ കൂറിലോസ്
മെത്രാപ്പോലീത്ത (ചീരൻ)
1948 – 1967

മലബാർ സ്വതന്ത്ര സുറിയാനി സഭയെ ഭരിച്ച
ശ്രേഷ്ഠ പിതാക്കന്മാർ

അഭിവന്ദ്യ പൗലോസ് മാർ പീലക്സിനോസ്
മെത്രാപ്പോലീത്ത (അയ്യംകുളങ്ങര)
1967 – 1977 (1977 ൽ സഭവിട്ടുപോയി)

അഭിവന്ദ്യ മാത്യൂസ് മാർ കുറിലോസ്
മെത്രാപ്പോലീത്ത (കൂത്തൂരെ)
1978 – 1986

അഭിവന്ദ്യ ജോസഫ് മാർ കുറിലോസ്
മെത്രാപ്പോലീത്ത (ആലത്തൂരെ)
1986 – 2014

തൊഴിയൂർ ഭദ്രാസനപള്ളിയിലെ
അഭിവന്ദ്യ പിതാക്കൻമാരുടെ കബറിടം
(ബെസ്കബറോ)

ഇടയനിൽ നിന്ന്

പരിശുദ്ധ സഭ 250 മത് വർഷത്തിലേക്ക് ദൈവകരത്താൽ നയിക്കപ്പെട്ടിരിക്കുകയാണ്. കഴിഞ്ഞ നാളുകളെ ഭക്തി ആദരപൂർവ്വം നന്ദിയോടെ ഓർക്കുന്നു. ഈ മുഹൂർത്തത്തിൽ നാം ഇന്നായിരിക്കുന്ന കാലഘട്ടത്തിലേക്ക് കൂടി ചിന്തിക്കേണ്ടിയിരിക്കുന്നു.ലോകത്തെ മുഴുവൻ പ്രതിസന്ധിയിലാഴ്ത്തിയ കോവിഡ് 19 ചരിത്രത്തിൽ കോവിഡാനന്തര കാലമായി ചരിത്രകാരന്മാർ നോക്കിക്കാണുന്നു. ഈ മഹാമാരി സാമ്പത്തികമായും സാമൂഹികമായും അനേകം നഷ്ടങ്ങൾ വിതച്ചിട്ടുണ്ട്. കോവിഡാനന്തര സഭ ഗൗരവമായി തന്നെ ഈ വിഷയത്തെ കാണുന്നു.

സഭയുടെ സ്മരണ എന്നത് വിശ്വാസികളുടെ സ്മരണയാണ്. പുസ്തകങ്ങൾ എന്നും ചിന്തകളെ തട്ടിയുണർത്തുന്നതാണ്. ചില പ്രതിഫലനങ്ങളും അതിലൂടെ രൂപപ്പെടുന്നുണ്ട്. കാലോചിതമായി സഭകൾ പ്രവർത്തിക്കേണ്ട സമയം സമാഗതമായിരിക്കുന്നു. തലമുറകൾക്ക് നാം മനസ്സിലാക്കി കൊടുക്കേണ്ടത്, പരസ്പര ആശ്രിതത്തിൽ ആണ് പലതും പൂർണ്ണമാകുന്നത് എന്നതാണ്. അത്തരത്തിലുള്ള നല്ലശേഷിപ്പുകളായി സഭകൾ മാറണം. കണ്ണുനീരിന്റെയും പ്രതിസന്ധിയുടെയും കാലത്ത് ക്രിസ്തുവിന്റെ അപ്പോ സ്തലത്വം അതിന്റെ യഥാർത്ഥ മാനത്തോടെ പങ്കുവയ്ക്കാൻ സഭകൾക്ക് സാധ്യമായി തീർന്നിട്ടുണ്ട്. അതുപോലെ ക്രിസ്തുവിനെ നമുക്കും പൂർണ്ണ അർത്ഥത്തിൽ പങ്കു വയ്ക്കുവാൻ കഴിയണം.

250-ാമത് വാർഷികത്തിൽ ആയിരിക്കുന്ന സഭ കാലികമായ പ്രവർത്തനങ്ങളിൽ ഉത്സുകരായിക്കൊണ്ടിരിക്കുന്നു. ക്രിസ്തീയ വിശ്വാസത്തിന്റെ അവഗാഢമായ ബോധം നൽകുന്ന തരത്തിൽ ഒരു സ്മരണിക തയ്യാറാക്കിയിരിക്കുകയാണ്. കഴിഞ്ഞകാലങ്ങളിൽ ഇടപെടലുകളെ കൃതജ്ഞതയോടെ സ്മരിക്കുന്നു. വരും തലമുറയ്ക്ക് ഊർജ്ജം പകരുന്നതും യഥാർത്ഥ വിശ്വാസത്തിൽ അടിസ്ഥാനപ്പെടുന്നതും ആയിത്തീരുവാൻ ഈ സ്മരണിക ഇടയാകട്ടെ എന്ന് ആശംസിക്കുന്നു. ഈ പ്രവർത്തനത്തിൽ ആദിയോടന്തം പ്രവർത്തിച്ച ഏവരെയും ഓർത്ത് പ്രാർത്ഥിക്കുന്നു.

ദൈവം നമ്മെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

നി.വ.ദി.മ.ശ്രീ. സിറിൾ മാർ ബസ്സേലിയോസ് മെത്രാപ്പോലീത്ത

EDITORIAL

EDITORIAL

ക്രിസ്തീയ ജീവിതം
സാക്ഷ്യത്തിന്റെ കൂമ്പാരം ആണ്,

ആ സാക്ഷ്യം ദൈവ കൃപയുടെ അനുഭവത്തിൽ
ചാലിച്ചെഴുതി അക്ഷര കൂട്ടുകളായി തലമുറയിലേക്ക്
പങ്കുവയ്ക്കുമ്പോഴാണ് അർത്ഥപൂർണമായി തീരുന്നത്.

ഇതൊരു യാത്രയാണ്,
നിലയ്ക്കാത്ത സാക്ഷ്യ നിർവ്വഹണത്തിലേക്കുള്ള യാത്ര.
സമൂഹം തീർത്ത അതിർവരമ്പുകൾക്കപ്പുറത്തേക്ക്,
ക്രിസ്തു കാട്ടിത്തന്ന വിശാലമായ ദർശനവുമായി
സ്നേഹ ബന്ധത്തിന്റെയും സാഹോദര്യ ബന്ധത്തിന്റെയും
കരവലയങ്ങൾ തീർത്തുകൊണ്ടൊരു യാത്ര....

ഇതൊരു പ്രവാഹമാണ്...
നിലയ്ക്കാത്ത - വറ്റാത്ത ഉറവയിൽ നിന്നുള്ള,
നന്മകളുടെ ഉത്തുംഗ ശൃംഗത്തിൽ നിന്നുമുള്ള പ്രവാഹം,
രാവിന്റെ ഭയാനകതയെ മറികടന്നെത്തുന്ന
നിശാപുഷ്പത്തിന്റെ നറുമണം പോലെ തുഷാരബിന്ദുക്കളിൽ
മാരിവില്ലഴക് തീർക്കുന്ന ഉദയാർക്കന്റെ ശോഭ പോലെ
നിർമലവും പവിത്രവുമായ ഒരു പ്രവാഹം.

ഇതൊരന്വേഷണമാണ്.
ഉത്തരാധുനികതയുടെ ലോകത്തിൽ അർത്ഥവത്തായ
സാക്ഷ്യ നിർവഹണത്തിനായുള്ള അന്വേഷണം,
കാലഘട്ടത്തിന്റെ വെല്ലുവിളികളെ അതിജീവിച്ചുകൊണ്ട്,
കാലത്തിന്റെ ചുവരെഴുത്തുകളെ പുനർചിന്തനം
ചെയ്തുകൊണ്ട്, ഒരു ബദൽ സമൂഹ നിർമ്മിതിയ്ക്കുവേണ്ടി
യുള്ള അന്വേഷണം. പ്രവാഹത്തിന്റെ ഗതികളെ
മനസ്സിലാക്കി അന്വേഷണങ്ങളുടെ യാത്ര തുടങ്ങുവാൻ
അനുവാചകരെ ക്ഷണിക്കുന്നു.

ഫാ. സ്കറിയാ ചീരൻ

സോവനീർ കമ്മിറ്റി

നി.വ.ദി.മ.ശ്രീ. സിറിൾ മാർ ബസ്സേലിയോസ് മെത്രാപ്പോലീത്ത, ഫാ. വർഗ്ഗീസ് വാഴപ്പിള്ളി, ഫാ. പ്രിൻസ് ഐ. കോലാടി, ഫാ. സ്കറിയ ചീരൻ, ഫാ. ബെന്യാമിൻ ചിറ്റിലപ്പിള്ളി, ബിനോയ് പി. മാത്യു, ഗീവർ പി. മാണി, ബിജു തോലത്ത്, ബിജോയ് പി. മാത്യു, ബാബു വർഗ്ഗീസ് കെ., മോഹൻ എൻ.ഐ., സക്കറിയ പി.കെ., വിൽസൺ ഇട്ടൂപ്പ്, ഷിബു, ജയിംസ് എം.പി., ബീന ഡേവിസ്, പ്രിയ ജെയ്ൻ

Message

ARIF MOHAMMED KHAN
GOVERNOR OF KERALA

RAJ BHAVAN
THIRUVANANTHAPURAM-695 099

20 July 2022

MESSAGE

I am happy to know that the Malabar Independent Syrian Church, headquartered in Thozhiyur, Thrisur district, intends to publish a **Souvenir** on the occasion of its 250th anniversary celebrations.

It is commendable that The Malabar Independent Syrian Church, founded in 1772 by **Abraham Mar Koorilos Bawa** has made considerable contributions in health and education, while serving the spiritual needs of its members.

I compliment the people behind this venture and wish the Souvenir all success

[Arif Mohammed Khan]

250 Anniversary 1772-2022

Message

എം. ബി. രാജേഷ്
സ്പീക്കർ
കേരള നിയമസഭ

14.07.2022

സന്ദേശം

മലബാർ ഇൻഡിപെൻഡന്റ് ചർച്ച് തൊഴിയൂർ 250-ാം വാർഷികത്തോടനുബന്ധിച്ച് സുവനീർ പ്രസിദ്ധീകരിക്കുന്നുവെന്നറിഞ്ഞതിൽ സന്തോഷം. സവിശേഷമായ ചരിത്രം അവകാശപ്പെടാൻ കഴിയുന്ന സ്ഥാപനമാണിത്. സമൂഹത്തിൽ സ്നേഹവും ഐക്യവും ഉയർത്തിപ്പിടിക്കാനും സ്വതന്ത്രഭാരതത്തിന്റെ മൂല്യങ്ങൾ സംരക്ഷിക്കാനും തുടർന്നും പ്രവർത്തിക്കുമെന്ന് പ്രതീക്ഷിക്കുന്നു. വാർഷികത്തിനും സുവനീറിനും എല്ലാ ആശംസകളും നേരുന്നു.

സ്നേഹപൂർവ്വം,

എം.ബി. രാജേഷ്

ഓഫീസ് : നിയമസഭാ കോംപ്ലക്സ്, തിരുവനന്തപുരം-33 Ph: 0471-2513007, 2513035, 2305830
വസതി : നീതി, നിയമസഭാ കോംപ്ലക്സ്, തിരുവനന്തപുരം-695 033 Ph: 0471-2513014, Mobile : 9446343499
ഇ-മെയിൽ : speaker@niyamasabha.nic.in

OS.B.BS.14.07.22(J)

Message

കേരള സർക്കാർ

പിണറായി വിജയൻ

മുഖ്യമന്ത്രി

നം. 413/പ്രസ്/സി.എം.ഒ/22. 12 ജൂലായ്, 2022

സന്ദേശം

1772 ൽ സ്ഥാപിതമായ മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ 250-ാം വാർഷികം ഈ വർഷം ആചരിക്കപ്പെടുന്നു എന്നറിയുന്നതിൽ അതിയായ സന്തോഷമുണ്ട്.

കേരളത്തിലെ ക്രൈസ്തവ സഭകളുടെ ശ്ലൈഹിക പിന്തുടർച്ചയുടെയും സുറിയാനി പാരമ്പര്യത്തിന്റെയും ഭാഗമായിരിക്കുമ്പോൾ തന്നെ വേറിട്ട ഉത്ഭവത്തിന്റെയും വ്യക്തിത്വത്തിന്റെയും ഉടമയാണ് മലബാർ സ്വതന്ത്ര സുറിയാനി സഭ. സഭയുടെയും സഭാംഗങ്ങളുടെയും ജീവിതത്തിൽ ആ തനിമ കാത്തു സൂക്ഷിക്കപ്പെടുന്നുണ്ട്. പല പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടും കഴിഞ്ഞ രണ്ടര നൂറ്റാണ്ടുകൊണ്ട് നാടിന്റെ സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ, സാമ്പത്തിക രംഗങ്ങളിൽ തങ്ങളുടേതായ സംഭാവനകൾ നൽകാൻ സഭ എന്നും ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട് എന്നത് ശ്ലാഘനീയമാണ്.

അത്തരം സംഭാവനകൾ കാലോചിതമായി തുടരുന്നതിനുള്ള പ്രചോദനമാകട്ടെ 250-ാം വാർഷികാഘോഷങ്ങൾ എന്നാശംസിക്കുന്നു. ആഘോഷങ്ങൾക്കും അവയോടനുബന്ധിച്ച് പുറത്തിറക്കുന്ന സുവനീറിനും എല്ലാ ഭാവുകങ്ങളും നേരുന്നു.

പിണറായി വിജയൻ

Most. Rev. Cyril Mar Baseliose Metropolitan
Malabar Independent Syrian Church
Thozhiyoor

141, മൂന്നാം നില, നോർത്ത് ബ്ലോക്ക്
ഗവൺമെന്റ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം പിൻ 695 001

ഫോൺ 0471 2333241, 2333812, 2333610 ഫാക്സ് 0471 2333489
chiefminister@kerala.gov.in
facebook.com/cmokerala twitter.com/cmokerala
www.keralacm.gov.in

വസതി
ക്ലിഫ് ഹൗസ്
ഫോൺ 0471 2318406, 2314853

Message

VEENA GEORGE
MINISTER FOR HEALTH
WOMAN AND CHILD DEVELOPMENT
GOVERNMENT OF KERALA

04/08/2022
Date.........................

Message

I am glad to hear that The Malabar Independent Syrian Church (of the Malankara Church), that holds a rich tradition and that left a golden trait in the history of churches, is now celebrating its 250th anniversary.

Let the souvenir published in connection to this be a live record of the ventures of the church in various spheres of activities.

Warmest Regards.

VEENA GEORGE

Office : Secretariat Annexe-2, 7th Floor, Room No. 701
Government Secretariat, Thiruvananthapuram-695 001
Phone-Office : 0471-2327876, 2327976 Fax : 0471-2327016 Mobile : 9400066111
E-mail : min.hlth@kerala.gov.in

Message

വി. ഡി. സതീശൻ

പ്രതിപക്ഷനേതാവ്

കേരള നിയമസഭ

08.7.2022

<u>സന്ദേശം</u>

മലബാർ ഇൻഡിപെന്റന്റ് സിറിയൻ ചർച്ചിന്റെ 250-ാം വാർഷിക ആഘോഷങ്ങളോടനുബന്ധിച്ച് ഒരു സ്പെഷ്യൽ സ്മരണിക പുറത്തിറക്കുന്നു എന്നറിഞ്ഞു. ഏറെ സന്തോഷം.

കേരളത്തിലെ ഏറ്റവും പൈതൃകവും പാരമ്പര്യവുമുള്ള പള്ളികളിൽ ഒന്നാണ് തൊഴിയൂരിലെ മലബാർ ഇൻഡിപെൻഡന്റ് സിറിയൻ ചർച്ച്. ചരിത്രം പേറുന്ന ചർച്ചിന്റെ ശ്രേഷ്ഠമായ രണ്ടര നൂറ്റാണ്ടിന്റെ സുവിശേഷ പ്രവർത്തനങ്ങൾ കോർത്തിണക്കികൊണ്ട് പുറത്തിറക്കുന്ന സ്മരണിക ഒരു ചരിത്ര പുസ്തകം തന്നെ ആയിരിക്കും എന്നെനിക്കുറപ്പുണ്ട്.

എന്റെ എല്ലാവിധ ഭാവുകങ്ങളും നേരുന്നു. ഏവർക്കും ദൈവാനുഗ്രഹം നേർന്നു കൊണ്ട്.

സ്നേഹപൂർവ്വം,

വി.ഡി.സതീശൻ

കന്റോൺമെന്റ് ഹൗസ്, വികാസ് ഭവൻ പി. ഒ., തിരുവനന്തപുരം-695 033

ഫോൺ-ഓഫീസ് : 0471-2318330, 2512050 ഫാക്സ് : 0471-2315625

വസതി : 0471-2449500 മൊബൈൽ : 9447018183

Message

RAMYA HARIDAS
Member of Parliament (Lok Sabha)
Alathur (Kerala)

RH/352/2022

ആലത്തൂർ
29-06-2022

ആശംസ

1772ൽ മലങ്കരയുടെ താപസ ശ്രേഷ്ഠൻ പരിശുദ്ധ അബ്രഹാം മാർക്കൂറിലോസ് ബാവയാൽ സ്ഥാപിതമായ മലബാർ സ്വതന്ത്രസുറിയാനി സഭ 250വർഷം പിന്നിടുന്നുവെന്നറിയുന്നതിൽ അതിയായ സന്തോഷമുണ്ട്. പാരമ്പര്യത്തിലും വിശ്വാസത്തിലും ചരിത്രപരമായും മുന്നിൽ നിൽക്കുകയും ബാഹ്യശക്തികൾക്ക് കീഴ്പെടാതെ എന്നും സ്വന്തം ശീർഷകത്വം നിലനിർത്തിപ്പോരുകയും ചെയ്യുന്ന സഭയാണ് മലബാർ സ്വതന്ത്രസുറിയാനി സഭയെന്നതിൽ അഭിമാനിക്കുന്നു.

സഭയുടെ 250-ാം വർഷാചരണത്തിന്റെ ഭാഗമായി നടന്ന പൊതുയോഗത്തിൽ പങ്കെടുക്കുന്നതിന് എന്നെ ക്ഷണിച്ചിരുന്നെങ്കിലും പാർലമെന്റ് സമ്മേളനം നടക്കുന്ന സമയമായതിനാൽ സ്ഥലത്തില്ലാതിരുന്നതിനാൽ പങ്കെടുക്കാൻ സാധിക്കാതെ വന്നതിൽ അതിയായ വിഷമമുണ്ട്. മറ്റൊരവസരത്തിൽ സഭയുടെ ഏതെങ്കിലും പരിപാടിയിൽ പങ്കെടുക്കാമെന്ന് ഉറപ്പ് നൽകുകയാണ്.

250-ാം വാർഷികാചരണത്തിന്റെ ഭാഗമായി നടന്ന ചടങ്ങുകളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു സോവനീർ പ്രസിദ്ധീകരിക്കുന്നുണ്ടെന്നറിയുന്നതിൽ അതീവ സന്തോഷമുണ്ട്. കുന്നംകുളം ഉൾപ്പെടുന്ന വിശ്വാസി സമൂഹത്തിന്റെ എല്ലാവിധ വളർച്ചക്കും ഉയർച്ചക്കും ആലത്തൂർ പാർലമെന്റ് മണ്ഡലത്തിലെ എം. പി യെന്ന നിങ്ങളോടൊപ്പം ഞാൻ ഉണ്ടാകുമെന്ന് അറിയിക്കുന്നതോടൊപ്പം ഈ സദുദ്ദ്യമത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

MEMBER OF PARLIAMENT (LOKSABHA) ALATHUR

RAMYA HARIDAS
MEMBER OF PARLIAMENT
(LOKSABHA)
ALATHUR - KERALA

38, South Avenue, New Delhi-110 011, Phone: 011-23018748, Fax: 011-23018748 Mob: 09495821000
16/119 Sabarmati, Main Road, Alathur P.O Palakkad, Kerala-678 541; Phone: 0492-2222223
Fax: 0492-2222223 Mob: 9495821000, 09388849748; Email:alathurmp19@gmail.com

Message

T.N. PRATHAPAN
MEMBER OF PARLIAMENT
(LOK SABHA)

തൃശൂർ,
04.08.2022

സന്ദേശം

1772 ൽ പരിശുദ്ധ ആബ്രഹാം മാർ കുറിലോസ് ബാവയാൽ സ്ഥാപിതമായ മലബാർ സ്വതന്ത്ര സുറിയാനി സഭ പ്രവർത്തനത്തിന്റെ രണ്ടര നൂറ്റാണ്ട് പൂർത്തിയാക്കുന്നുവെന്നതിൽ അതിയായ സന്തോഷം. പാരമ്പര്യത്തിലും വിശ്വാസത്തിലും ചരിത്രപരമായും മുന്നിൽ നിൽക്കുന്ന ഒന്നാണ് മലബാർ സ്വതന്ത്ര സുറിയാനി സഭ.

സഭയുടെ ഇരുന്നൂറ്റി അമ്പതാം വാർഷികാഘോഷത്തിന്റ ഭാഗമായുള്ള ചടങ്ങിൽ പങ്കെടുക്കണമെന്ന് അതിയായ ആഗ്രഹമുണ്ടായിരുന്നുവെങ്കിലും പാർലിമെന്റ് സമ്മേളനം കാരണം പങ്കെടുക്കാൻ സാധിച്ചില്ല. ഇതിൽ അതിയായ ഖേദമുണ്ട്. മറ്റൊരവസരത്തിൽ ഉറപ്പായും നേരിട്ടുവരും.

ഇരുന്നൂറ്റി അമ്പതാം വാർഷികാഘോഷങ്ങളുടെ ഭാഗമായി ഒരു സോവനീർ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ അളവറ്റ സന്തോഷം രേഖപ്പെടുത്തുന്നു. രണ്ടര നൂറ്റാണ്ടിലെ ചരിത്രവും വിശ്വാസവും പ്രവർത്തനങ്ങളും പുതിയ തലമുറക്കു വേണ്ടിയുള്ള ഒരു രേഖപ്പെടുത്തലാവട്ടെ ഈ സ്മരണിക. ഈ നീണ്ട കാലത്തിൽ സഭയെ നയിച്ച പുരോഹിതരേയും വിശ്വാസികളേയു സ്മരിക്കുന്നതോടൊപ്പം ഈ സ്മരണിക ക്കും ഇതിനു പിന്നിൽ പ്രവർത്തിക്കുന്നവർക്കും വിശ്വാസി സമൂഹത്തിനും ഹൃദയത്തിന്റെ ഭാഷയിൽ എല്ലാ വിധ ആശംസകളും നേരുന്നു. തുടർന്നും നിങ്ങളോടൊപ്പം ഞാനും ഉണ്ടാവും എന്ന് ഉറപ്പ് നൽകുന്നു.

സ്നേഹപൂർവ്വം,

ടി. എൻ. പ്രതാപൻ എം. പി

MEMBER OF PARLIAMENT
THRISSUR-KERALA

DELHI OFFICE : B-7, M.S. Flat, B.K.S. Marg, New Delhi-110001 Phone: 011-23310318
CONSTITUENCY OFFICE : M.P. Office, Civil Station Road, Chungam, Ayyanthole P.O., Thrissur-Kerala-680003 Phone : 0487-2386717
RESIDENCE : "Thottungal", Thalikulam P.O., Thrissur, Kerala-680569, Phone : 0487-2600717
Email: tnprathapankerala@gmail.com, Mobile: 9447066717, 9496101010

Message

SYRIAN ORTHODOX PATRIARCHATE
OF ANTIOCH & ALL THE EAST
BAB TOUMA, P.O.BOX 2260
DAMASCUS - SYRIA

باب توما - ص.ب ٢٢٦٠
دمشق - سورية

BY THE GRACE OF GOD

No.EI.31/22

11-July-2022

To,
Most Reverend Cyril Mor Baselios Metropolitan
Supreme Head and Permanent Trustee,
Malabar Independent Syrian Church,
Thozhiyoor, Thrissur, Kerala, INDIA.

We received the letter of Your Eminence, dated: 28-June-2022, informing about the 250th Anniversary of the establishment of your church. We prayerfully congratulate you and your beloved flock on this occasion of the Jubilee celebrations. We remember with great fondness our warm meeting during our visit to India in 2015. May God bless Your Eminence with good health and strength to lead your church.

Ignatius Aphrem II
Patriarch of Antioch and All the East
Supreme Head of the Universal Syrian Orthodox Church.

Message

Malankara Mar Thoma Syrian Church

Apostolic See of St. Thomas

DR. THEODOSIUS MAR THOMA METROPOLITAN

Poolatheen, Tiruvalla P.O.
Pathanamthitta Dist., Kerala - 689 101, India

ജൂലൈ 1, 2022

<u>സന്ദേശം</u>

മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ 250-ാം വാർഷികാഘോഷത്തോടനുബന്ധിച്ച് ഒരു സുവനീർ പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ സന്തോഷിക്കുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്യുന്നു. മലബാർ സ്വതന്ത്ര സുറിയാനി സഭയേയും അതിന്റെ നേതൃത്വത്തെയും മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ അഭിനന്ദനങ്ങൾ അറിയിക്കുന്നു. 250-ാം വാർഷികാഘോഷത്തിനും സുവനീർ പ്രസിദ്ധീകരണത്തിനും ആശംസകൾ നേരുന്നു.

മലങ്കര സഭ ഒന്നായി നിന്നപ്പോൾ ആ സഭയ്ക്ക് മൂന്ന് മെത്രാപ്പോലീത്താമാരെ വാഴിച്ച് കേരള സഭാചരിത്രത്തിൽ മലബാർ സ്വതന്ത്ര സുറിയാനി സഭ ഇടം പിടിച്ചിട്ടുണ്ട്. മലങ്കരയിലെ എല്ലാ പൗരസ്ത്യ സഭകളുമായും സഹോദര്യ ബന്ധം പുലർത്തുന്ന തൊഴിയൂർ സഭ മാർത്തോമ്മാ സഭയുമായി ചരിത്രപരമായ ഇഴയടുപ്പമുള്ള ബന്ധം നിലനിർത്തുന്നു. മാർത്തോമ്മാ സഭയുടെ ഒരു പ്രതിസന്ധിഘട്ടത്തിൽ മെത്രാപ്പോലീത്തായെ വാഴിക്കുന്നതിന് തൊഴിയൂർ സഭ ഞങ്ങളെ സഹായിച്ചു എന്നത് നന്ദിപൂർവ്വം സ്മരിക്കുന്നു. 1944 മുതൽ മാർത്തോമ്മാ സഭയിലെ മെത്രാഭിഷേകങ്ങൾക്ക് തൊഴിയൂർ മെത്രാപ്പോലീത്താമാർ താല്ക്കാലിക മദ്ബഹാ കൂദാശ ചെയ്ത് ഒരുക്കുകയും മെത്രാഭിഷേക ശുശ്രൂഷയിൽ സജീവമായി പങ്കെടുക്കുകയും ചെയ്യുന്നു. പ്രതിസന്ധികളിൽ അന്യോന്യം സഹകരിക്കുന്നതിനും, പ്രതിബദ്ധതയോടെ സഹോദരീ സഭകളായി നിലകൊള്ളുന്നതിനും നമുക്ക് സാധിക്കുന്നു. വിവിധ സഭകൾ തമ്മിൽ ക്രിസ്തുയേശുവിലുള്ള സ്നേഹം മുറുകെപിടിച്ച് സാഹോദര്യഭാവത്തിലും പരിശുദ്ധാത്മ സംസർഗ്ഗത്തിലും കഴിയുവാൻ സാധിക്കുമെന്നതിന്റെ ഉത്തമ ഉദാഹരണമാണ് മലങ്കര മാർത്തോമ്മാ സുറിയാനി സഭയും മലബാർ സ്വതന്ത്ര സുറിയാനി സഭയും തമ്മിലുള്ള സോദരീബന്ധം. വ്യത്യാസങ്ങളെ ആദരിച്ചുകൊണ്ട് തന്നെ ദൈവത്തിലാശ്രയിച്ച് പരസ്പരം സ്നേഹിച്ച് സോദരീസഭകളായി മുന്നേറുന്ന ഈ സഭകൾ ലോകസഭകളുടെ എക്യൂമെനിക്കൽ ചരിത്രത്തിൽ തിളങ്ങുന്ന സാക്ഷ്യമായി നിലകൊള്ളുന്നു. സഭകളുടെ ബന്ധത്തിലെ ഈ സമുന്നത മാതൃക എക്കാലവും തുടരുവാൻ സർവ്വശക്തൻ സഹായിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

ആശംസകളോടെ

ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ

Ph: 0469-2630313, 2602626 (O), Mob: 9447370700, E-mail: metropolitan@marthoma.in

Message

catholicos@mosc.in
officeofthecatholicos@mosc.in

0481 - 2574323, 2578500
www.mosc.in

The Malankara Orthodox Syrian Church

CATHOLICATE OF THE EAST

BASELIOS MARTHOMA MATHEWS III
CATHOLICOS OF
THE APOSTOLIC THRONE OF
ST. THOMAS
AND MALANKARA METROPOLITAN

CATHOLICATE PALACE
KOTTAYAM - 686 004
KERALA, INDIA

July 04, 2022

Message

We are immensely happy to learn that The Malabar Independent Syrian Church is publishing a souvenir in connection with the celebration of the 250th year of the establishment of the Church. The Malankara Orthodox Syrian Church has a long-standing relationship with the Malabar Independent Syrian Church. Our predecessor Malankara Metropolitans Pulikkottil Joseph Mar Dionysius I, Cheppad Mar Dionysius and Punnathra Mar Dionysius of blessed memories were consecrated by Kidangan Geevarghese Mar Philoxenos, Metropolitan of the Malabar Church. We gratefully remember the kindness shown by the Holy Father in helping the Malankara Church. We are one in worship, tradition and history. We would wish to see more platforms for our Churches in working together for the glory of Kingdom of God. Our common witness will certainly provide greater impetus among our faithful in developing exemplary fraternal relations and let us sincerely strive for it.

We wish and pray that the Jubilee celebrations of the Malabar Independent Church would provide a spirit of good witness to the Church and to the wider society. Let this be a time to offer praise and thanks to God for the grace we had received through our holy fathers.

For our Churches to receive God's grace in advancing in true faith we need fervent prayers and on this occasion we offer our relentless prayers to all of you. The Church should be able to share the grace of God available through worship, as the early Church did, to shine on the land and thereby becoming a blessing to the community. We especially remember the great forefathers, priests and believers who had led your holy Church till today.

We wish and pray that the souvenir would become a platform to share your enriching thoughts, heritage and long standing history. May this publication help you to impart sound learning, build up character and spread spiritual truth as well as the knowledge of God. This is indeed a noble endeavour and we congratulate those who had worked behind this. We wish you all success and pray to the 'Lord of Wisdom' to empower you all to face the challenges of the present time and to continue to serve the society with good testimony in the future too.

May God bless you all!

Baselios Marthoma Mathews III

Message

CATHOLICATE OF JACOBITE SYRIAN CHRISTIAN CHURCH
UNDER THE HOLY SEE OF ANTIOCH & ALL THE EAST
PATRIARCHAL CENTRE, PUTHENCRUZ.P.O.
ERNAKULAM, KERALA, INDIA 682 308
Email : patriarchalcentre@yahoo.com

BY THE GRACE OF GOD
BASELIUS THOMAS I
CATHOLICOSE AND ANGAMALY
DIOCESAN METROPOLITAN

682308 –

No :

Date : ....

Greetings to your Eminence Mor Baselios Cyril Metropolitan, Clergy, and all the members of the Malabar Independent Syrian Church of Thozhiyoor.

It is with great joy and warmth of fellowship that I heard the news of the celebration of the 250th anniversary of the establishment of the Malabar Independent Syrian Church. Kattumangatt Coorilose Bava traces his parentage from the family of Mor Anthrayose Bava, commonly known as Kallada Bava who came from Syria. Bava's brothers who accompanied him, settled in Mulanthuruthy and took their wives from Palakkat and Kattumangatt families.

It is from this Kattumangatt lineage that the first priest of the family, Abraham, got the sacerdotal investiture. Mor Ivanios Yuhanon from the Syrian Patriarchate was pleased with the intelligence, prudence and dedication of this young cleric and therefore, had him ordained to the holy services. Fr. Abraham became a Malphono as well as a leader of the community and later, a close associate to Mor Basalius Sakralla Maphriyono, who had ordained him as a Dayaroyo.

Mor Gregoriose Bava who came with Mor Sakralla Maphriyono, during his old age, began to have vision problems and it was Abraham Dayaroyo who took him to Mattancherry to be treated. He himself was a traditional physician. Bava was very pleased with the Dayaroyo and consecrated him as a Metropolitan.

The unfortunate rift that followed compelled Kattumangatt Bava to leave for Thozhiyoor where he established his seat of succession to form the independent church. I am happy to reiterate that the Malabar Independent Syrian Church keeps its relation, liturgy, and tradition akin to the mother church.

On behalf of the Jacobite Syrian Church, my humble self joyfully expresses best wishes, prayers and blessings to the Malabar Independent Syrian Church on the occasion of the blessed 250th anniversary celebrations.

May God bless you all.
Your's Brother in Christ,

Baselios Thomas I Catholicose

Puthencruz
16/07/2022

250 Anniversary 1772-2022

Message

His Grace Dr. Mar Aprem
B.D., M.Th., S.T.M., D.Th., Ph.D.
Metropolitan
CHURCH OF THE EAST

Metropolitan's Palace,
High Road, Thrissur 680 001,
Kerala, India
E-mail: hgmaraprem@gmail.com
Web : www.churchoftheeastindia.org
Phone: 91 487 2420978
Mob : 9446621511

ആശംസ

തൊഴിയൂർ സ്വതന്ത്ര സുറിയാനി സഭയുടെ 250ാം വാർഷിക യോഗത്തിൽ സംബന്ധിക്കുന്നതിൽ സന്തോഷമുണ്ട്. 50 വർഷങ്ങൾക്കു മുമ്പ് 200ാം വാർഷിക ആഘോഷങ്ങളിൽ സംബന്ധിക്കുവാൻ എനിക്ക് അവസരമുണ്ടായിരുന്നു. വാസ്തവത്തിൽ അന്നുണ്ടായിരുന്ന തിരുമേനിമാരിൽ ഞാൻ മാത്രമാണ് 250ാം വാർഷിക സമ്മേളനത്തിലും സംബന്ധിക്കുന്നത്. കേരള ഗവർണർ തന്നെയാണ് ഈ യോഗത്തിൽ സംബന്ധിക്കുന്നത് എന്നുള്ളത് ഈ സഭയുടെ പ്രവർത്തനങ്ങൾക്ക് എന്റെ വ്യക്തിപരമായ പിന്തുണ പ്രഖ്യാപിക്കുന്ന ഒന്നാണ്. ഇനി ഒരുപക്ഷേ 50 വർഷങ്ങൾക്കുശേഷം 300ാം വാർഷികം ആഘോഷിക്കുമ്പോൾ ഞാൻ ഉണ്ടായിരിക്കാൻ ഇടയില്ല. തൊഴിയൂർ സുറിയാനി സഭയ്ക്ക് എല്ലാവിധ ഭാവുകങ്ങളും ആശംസിക്കുന്നു. പ്രവർത്തനങ്ങൾ ഇവിടെത്തന്നെ ഒതുക്കി നിർത്താതെ മദ്രാസിലും എറണാകുളത്തും മറ്റും വ്യാപിച്ചുകൊണ്ടിരിക്കുന്നു എന്നതിൽ സന്തോഷമുണ്ട്. അടുത്ത ആഘോഷം അതായത് 300ാം വാർഷികം കൂടുതൽ വിപുലമായി നടത്തും എന്ന് പ്രതീക്ഷിക്കാം.

ചെറിയ സഭ എന്ന് പറഞ്ഞ് ഒഴിഞ്ഞു നിൽക്കാതെ പലരംഗങ്ങളിലും, അതായത് കേരള കൗൺസിൽ ഓഫ് ചർച്ചസ്, എക്യുമിനിക്കൽ ക്രിസ്ത്യൻ സെന്റർ, ബാംഗ്ലൂർ എന്നീ പ്രസ്ഥാനങ്ങളിലും ഈ സഭ മറ്റു സഭകളുമായി സഹകരിച്ച് പ്രവർത്തിക്കുന്നുണ്ട്. ഈ സഭയ്ക്ക് എന്റെ എല്ലാ ഭാവുകങ്ങളും ആശംസിക്കുന്നു.

കർത്താവിൽ നിങ്ങളുടെ,

ഡോ. മാർ അപ്രേം മെത്രാപ്പോലീത്ത

തൃശ്ശൂർ
29.06.2022

250 Anniversary 1772-2022

Message



Synod Secretariat
St Thomas Community, Kuttapuzha P.O.
Thiruvalla Kerala, India - 689103.
Phone: 0469 2740801, 2630654
Email: metropolitan@bec.org, www.bec.org

H.H. Moran Mor Athanasius Yohan I Metropolitan
Believers Eastern Church

മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ 250-ാമത് വാർഷിക ആഘോഷത്തോടനുബന്ധിച്ച് ഒരു സുവനീയർ പ്രസിദ്ധീകരിക്കുന്നതിൽ അതിയായ സന്തോഷമുണ്ട്. 1772-ൽ എബ്രഹാം മാർ കൂറിലോസ് ബാവയിൽ തുടങ്ങി 2001 സിറിൽ മാർ ബസേലിയോസ് മെത്രാപ്പോലീത്താ വരെ തുടർച്ചയായി എത്തിച്ചേർന്നിരിക്കുന്നു. തൊഴിയൂർ സഭയിലൂടെ എല്ലാ സഭകൾക്കും, നമ്മുടെ സമൂഹത്തിനും ചെയ്തുകൊണ്ടിരിക്കുന്ന സംഭാവനകളെ ഒരിക്കലും വിസ്മരിക്കുവാൻ സാധിക്കുന്നതല്ല. പ്രത്യേകാൽ ഈ നാളുകളിൽ സിറിൽ മാർ ബസേലിയോസ് മെത്രാപ്പോലീത്താ തിരുമനസിലൂടെ കഴിഞ്ഞകാലങ്ങളിൽ സഭയുടെ പ്രതിസന്ധിയിലും, പ്രതികൂല ഘട്ടങ്ങളിലും തൊഴിയൂർ സഭയ്ക്ക് ശക്തമായി നേതൃത്വം നൽകുവാൻ സാധ്യമായി.

സഭയുടെ ബഹുവിധ സുവിശേഷ പ്രവർത്തനങ്ങൾ, ജീവകാരുണ്യ പ്രവർത്തനങ്ങൾ, എന്നിവയിലൂടെ പ്രതിഫലിക്കുന്ന സ്മരണികയിലൂടെ ഈ സഭയെ അടുത്തറിയുവാൻ ഉള്ള അവസരമാണ് എല്ലാവർക്കും ലഭിക്കുന്നത്. ആദിമ സഭാ ചരിത്രത്തിൽ നൂറ്റാണ്ടുകളുടെ പാരമ്പര്യം പേറുന്ന മലബാർ സ്വതന്ത്ര സുറിയാനി സഭ സമൂഹത്തിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഒരു കണ്ണിയാണ് മലബാർ സ്വതന്ത്ര സുറിയാനി സഭ അഥവാ തൊഴിയൂർ സഭ. അന്ത്യോക്യൻ പാരമ്പര്യവും, പൗരോഹിത്യവും, വിശ്വാസവും ഒട്ടും നഷ്ടപ്പെടുത്താതെ അതേ തനിമയിൽ ഇന്നും ഈ സുറിയാനിസഭ നിലനിൽക്കുന്നു എന്നുള്ളത് ഒരു വലിയ ദൈവാനുഗ്രഹം തന്നെയാണ്. ഒരു സഹോദര സഭയായി ബിലീവേഴ്സ് ഈസ്റ്റേൺ ചർച്ചിനെ കാണുകയും സഭയ്ക്ക് വേണ്ട ആലോചനകളും കൈത്താങ്ങലുകളും, എക്യുമെനിക്കൽ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുകയും ചെയ്യുന്നതിൽ വളരെ സന്തോഷമുണ്ട്. തിരുമേനിയുടെ സ്നേഹത്തിനും ബിലീവേഴ്സ് ഈസ്റ്റേൺ സഭയോടുള്ള കരുതലിനും ബിലീവേഴ്സ് ഈസ്റ്റേൺ ചർച്ച് മെത്രാപ്പോലീത്ത എന്ന നിലയിൽ പ്രത്യേകം നന്ദിയും, സ്നേഹത്തെയും അറിയിക്കുന്നു.

കാലത്തിന്റെ കുത്തൊഴുക്കിൽ പെട്ട് മൂല്യങ്ങളും, സനാതന സത്യങ്ങളും അർത്ഥം നഷ്ടപ്പെടുമ്പോൾ സമൂഹത്തെ ഒറ്റക്കെട്ടായി സുവിശേഷ ദർശനത്തിലൂടെ വിശ്വാസ സമൂഹത്തിന് ഊടും, പാവും നൽകിക്കൊണ്ടിരിക്കുന്ന തൊഴിയൂർ സഭ പൗരാണികതയിലേക്ക് തിരിഞ്ഞു നോക്കി നന്മകളെ തിരിച്ചറിഞ്ഞു സഭയിലൂടെ വിശ്വാസ സമൂഹത്തിനും പുതിയ തലമുറയ്ക്കും അതു പകരുവാൻ സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

SEAL OF THE MORAN MOR ATHANASIUS YOHAN - METROPOLITAN - BELIEVERS EASTERN CHURCH

അത്തനേഷ്യസ് യോഹാൻ പ്രഥമൻ മെത്രാപ്പോലീത്ത

Message

THE SYRO-MALANKARA CATHOLIC MAJOR ARCHIEPISCOPAL CHURCH

✠ **BASELIOS CARDINAL CLEEMIS**
MAJOR ARCHBISHOP–CATHOLICOS &
MAJOR ARCHBISHOP OF TRIVANDRUM

RESIDENCE & COMMUNICATION
MAJOR ARCHBISHOP'S HOUSE
PATTOM, TRIVANDRUM-695 004
KERALA, INDIA.

Office: Tel: +91-471-2541642, 2541643
E-mail: catholicostvm@gmail.com
Personal Tel: +91 471 2541331
E-mail: baselioscleemis@gmail.com
Web: malankaratvm.com

8 July 2022

MESSAGE

I am very happy to learn that the Malabar Independent Syrian Church is celebrating the 250th Anniversary of its founding and bringing out a souvenir to commemorate this event. This is a momentous occasion to strengthen the faith and adhere to convictions ardently, following the path of Our Lord Jesus Christ, in the true Christian life of love and charity. It is an auspicious time to revere and venerate the fond memories of the forefathers, who withstood all trials and tribulations in their move towards adherence to faith in Our Lord Jesus Christ.

I wish His Grace Metropolitan Cyril Mar Baselios, , the Priests, Laity and Office of the Celebration Committee of the Malabar Independent Syrian Church a grace filled spiritual experience that will awaken and enlighten the minds of all during the celebration.

May the triune God shower all choicest blessings on each one of you!

Invoking God's abundant blessings on you all!

Yours lovingly in Our Lord,

+Baselios Cleemis

✠ Baselios Cardinal Cleemis
Major Archbishop-Catholicos of
the Syro-Malankara Catholic Church &
Major Archbishop of Trivandrum.

Message

MAR ANDREWS THAZHATH
ARCHBISHOP OF TRICHUR
Archbishop's House, Trichur, Kerala, 680005, India
Ph. 0091-487-2333325; (M) +919447321599
Email: athazhath@gmail.com

I am very happy to understand that on the occasion of the 250th anniversary celebrations of the Malabar Independent Syrian Church, Anjoor, Thozhiyoor, a souvenir is published. The jubilee and anniversary celebrations are occasions to look back, to look into and to look forward – retrospection, introspection and prospection. Let these celebrations help the members of the Church to witness to the teachings of Christ with ardent fervor. Let us be filled with the Holy Spirit, so that we witness to Christ to the ends of the earth (Acts 1:8). God bless you!

Yours truly,

CURIA ARCHEPARCHY OF TRICHUR

Mar Andrews Thazhath
Archbishop of Trichur.

Message

Malankara Mar Thoma Syrian Church

MUMBAI DIOCESE

Rt. Rev. Dr. Euyakim Mar Coorilos
Suffragan Metropolitan
Diocesan Bishop

MAR THOMA CENTRE,
Sector-10 A, Vashi,
Navi Mumbai-400 703
Tel: 022-27657141 (P)
022-27669484 (O)
E-mail : marcoorilos51@gmail.com
mumbaidiocese@gmail.com
URL : www.mumbaidiocese.in

കർത്താവിൽ പ്രിയരെ,

തൊഴിയൂർ സ്വതസുറിയാനി സഭ രൂപീകൃതമായി 250 വർഷം പൂർത്തീകരിക്കപ്പെടുന്ന ഈ നാളുകൾ സ്തോത്രാർപ്പണം തമ്പുരാന്റെ മുൻപിൽ അർപ്പിക്കുന്ന ദിനങ്ങളാണല്ലോ ഇത്. കേരളസഭയിൽ ചെറുതെങ്കിലും വളരെ സുപ്രധാന സ്ഥാനം വഹിക്കുന്ന അനുഗ്രഹീത സഭയാണ് തൊഴിയൂർ സ്വതന്ത്രസഭ. മലങ്കരസഭയിൽ എപ്പോഴൊക്കെ മേൽപ്പട്ടക്കാർ ഇല്ലാതെ വൈധവ്യം അനുഭവിച്ചോ അപ്പോഴൊക്കെ സഭകളെ നിലനിർത്താൻ കൈത്താങ്ങൽ നല്കിയതാണ് ഈ കൊച്ചുസഭയും മേൽപ്പട്ടക്കാരും. അതിനുവേണ്ടി ദൈവം കരുതിയയാണ മലബാറിലുള്ള പതിനെട്ടാം നൂറ്റാണ്ടിൽ ഉടലെടുത്ത ഈ സഭ. മുളന്തുരുത്തിയിൽ നിന്ന് മലബാറിൽ വന്ന് താമസമാക്കിയ കാട്ടുമാങ്ങാട്ട് കുടുംബത്തിലെ ഋഷിവര്യന്മാരാൽ സ്ഥാപിതമായ ഈ സഭ അതിന്റെ തനിമ ഇന്നും നിലനിർത്തുന്നു എന്നു പറയാതെ വയ്യ. മാർത്തോമ്മ സഭയുമായുള്ള ബന്ധം നന്ദിയോടെയല്ലാതെ ഓർക്കാൻ ഒക്കില്ലല്ലോ. സഭയിലെ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലിത്തായുടെ അപ്രതീക്ഷിതമായ നിര്യാണം സഭയ്ക്ക് നാഥനില്ലാതാക്കി. നവീകരണസഭയുടെ അന്ത്യം കുറിച്ചു എന്ന് പ്രഘോഷിക്കപ്പെട്ടു. കുന്നംകുളത്തെ സഭാവിശ്വാസികളായ പാറമേൽ ഇടുപ്പിന്റെയും എന്റെ പിതാമഹൻ ചീരൻ ഇട്ടിമാണിയുടെയും നേതൃത്വത്തിൽ തൊഴിയൂർ സഭയുടെ മെത്രാപ്പോലീത്തമാർ കോട്ടയത്ത് എത്തി തൈറ്റസ് മെത്രാപ്പോലീത്തയെ വാഴ്ത്തിയത് മറക്കാനാവാത്ത ചരിത്രസംഭവം. ഈ സ്നേഹബന്ധം, തൊഴിയൂർ സഭയ്ക്ക് മെത്രാപ്പോലീത്തമാർ ഇല്ലാതെ പോയപ്പോഴൊക്കെ മാർത്തോമ്മ മെത്രാപ്പോലീത്താമാർ നേതൃത്വം നല്കി മെത്രാപ്പോലീത്തമാരെ വാഴിച്ചുനല്കി എന്നത് ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആ സാഹോദര്യബന്ധം നഷ്ടപ്പെടാതെ തുടർന്നുകൊണ്ടേയിരിക്കുന്നു. തൊഴിയൂർ സഭയ്ക്ക് ഭരണഘടന ഉണ്ടാക്കേണ്ടതിലേക്ക് യുഹാന്നോൻ തിരുമേനി നിയോഗിക്കപ്പെട്ടപ്പോൾ ചിരൻ ഇട്ടിമാണിയുടെ മകൻ എന്റെ പിതൃസഹോദരനുമായ വർഗ്ഗിസാണ് സഹായിച്ചതെന്ന് യുഹാന്നോൻ തിരുമേനിയുടെ ഓർമ്മകുറിപ്പുകളിൽ രേഖപ്പെടുത്തിട്ടുണ്ട്. കാലാകാലങ്ങളിൽ തമ്പുരാൻ കൽപ്പിച്ചനുഗ്രഹിച്ച മെത്രാപ്പോലീത്തമാരുടെ നേതൃത്വത്തിൽ കാലോചിതമായി ഉന്നത ദർശനത്തോടെ പ്രവർത്തിക്കാൻ സർവശക്തൻ സഹായിക്കുന്നു എന്നു പ്രസ്താവിക്കാതെ വയ്യ. മാറിക്കോണ്ടിരിക്കുന്ന ഈ കാലഘട്ടത്തിലും സഭയുടെ സ്വാതന്ത്ര്യം നഷ്ടപ്പെടുത്താതെ തനിമ നിലനിർത്തികൊണ്ട് കാലഘട്ടത്തിന്റെ ആവശ്യം ഉൾക്കൊണ്ടുപ്രവർത്തിക്കാൻ ഈ തലമുറയിൽ നേതൃത്വം കൊടുക്കാനും ഏവരേയും സർവ്വശക്തൻ എടുത്തുപയോഗിക്കട്ടെ എന്നു ആശംസിക്കുന്നു. അതിനുള്ള പുനപ്രതിഷ്ഠയുടെ അവസാരമകട്ടെ ഈ ആഘോഷവേള എന്ന് പ്രാർത്ഥിക്കുന്നു.

പ്രാർത്ഥനാപൂർവ്വമായ ആശംസകൾ നേരുന്നു.

ഡോ. യുയാക്കിം മാർ കൂറിലോസ് സഫ്രഗൻ മെത്രാപോലിത്ത

Message

THE DIOCESE OF NORTH AMERICA & EUROPE

The Mar Thoma Church

Rt. Rev. Dr. Isaac Mar Philoxenos
Diocesan Bishop

Sinai Mar Thoma Center
2320 S. Merrick Avenue
Merrick, NY 11566
Tel: (516) 377-3311
Fax: (516) 377-3322
Email: marthomadiocese@gmail.com

Dearly Beloved in Christ,

I am happy to know that the Malabar Independent Syrian Church (Thozhiyur Church) is celebrating its 250th Anniversary. The Malabar Independent Syrian Church, founded in 1772 by St. Abraham Mar Koorilose, has a unique history and rich heritage. At the outset, I congratulate the Metropolitan, the Clergy, and the faithful members of the church on this blessed and auspicious occasion.

As you celebrate the 250th Anniversary of the church, it is important to reflect upon God's abundant blessings all throughout the faith journey of the community as a whole. Let us express our gratefulness to God for all that He has done, and may this gratitude be expressed in our total commitment, without any reservation, for His mission. May the Malabar Independent Syrian Church, continue to be a reflection of God's great love and compassion to the world at large.

The Malabar Independent Syrian Church and the Mar Thoma Church share a close and cordial relationship. The Mar Thoma Church ever remains appreciative of the considerate support that was been rendered by the Thozhiyur Church in times of particular need. The ecumenical bond between the Malabar Independent Syrian Church and other church denominations is highly commendable.

I thank God for the visionary leadership of all the former Metropolitans. Prayers and best wishes are offered to the current Metropolitan who faithfully shepherds the church with admirable and steadfast leadership.

May the 250th anniversary celebration of the church bring many blessings and lead to a renewed commitment to continue the mission and ministry of our Lord, Jesus Christ, with wholeheartedness and sincerity.

May God bless you all.
Dated May 4, 2022 from Sinai Mar Thoma Center, New York.

With prayers and blessings,

THE MARTHOMA CHURCH · DIOCESE OF NORTH AMERICA & EUROPE

Rt. Rev. Dr. Isaac Mar Philoxenos Episcopa
Diocese of North America & Europe of the Mar Thoma Church

ആശംസ

പരിശുദ്ധ മാർ കൂറിലോസ് ബാവായാൽ സഭ സ്ഥാപിക്കപ്പെടുമ്പോൾ അത് മലങ്കര സഭയെക്കാളും മികവുറ്റതായിരിക്കണം എന്ന ആലോചനയുണ്ടായിരുന്നില്ല. സുറിയാനി വിശ്വാസത്തിന്റെ അടിയുറച്ച പിൻതുടർച്ചാവകാശി മലങ്കരയിലെ പ്രഥമ പരിശുദ്ധനായ മാർ കൂറിലോസ് ബാവ അതിന് മുഖാന്തിരമായത് ഒരു ദൈവീക നിയോഗം മാത്രമാണ്. അത് നിലനിർത്തിയത് ബന്ധുബലം കൊണ്ടല്ല. സ്ഥാനമാനങ്ങൾ നഷ്ടപ്പെടാതിരിക്കാനുമല്ല. മറിച്ച് തന്നിൽ വിശ്വാസം അർപ്പിച്ച് പൂർവ്വീക പിതാക്കന്മാർ പകർന്നു തന്ന സുറിയാനി വിശ്വാസ പാരമ്പര്യം നിലനിർത്തുക മാത്രമാണ്. വനാന്തരങ്ങളിൽ താമസിച്ചും പീഢനങ്ങൾ ഏറ്റുവാങ്ങിയും സ്വദേശം വിട്ട് അന്യദേശത്തേക്ക് മാറി പോകുമ്പോഴും ദൈവത്തിന്റെ കരുതൽ താങ്ങായി വഴി നടത്തിയെന്നാണ് ചരിത്രം നമ്മെ പഠിപ്പിക്കുന്നത്. ആദ്യമായി മലയാളത്തിൽ കുർബ്ബാന ചൊല്ലിത്തുടങ്ങിയതും തൊഴിയൂരിന്റെ പുണ്യഭൂമിയിലാണ്. സുറിയാനിയിൽ ചൊല്ലുന്ന സന്ധ്യാ നമസ്ക്കാരം ഇന്നും തൊഴിയൂർ സഭയുടെ ആസ്ഥാനമായ സെന്റ് ജോർജ്ജ് കത്തീഡ്രൽ ദേവാലയത്തിൽ മുഴങ്ങി കേൾക്കുന്നു എന്നത് ഒരു വലിയ യാഥാർത്ഥ്യമാണ്.

സഭയുടെ മേലദ്ധ്യക്ഷ സ്ഥാനം നിർവ്വഹിച്ച 14 മെത്രാപോലീത്തമാരും ഒരു കത്തീഡ്രൽ ദേവാലയത്തിനകത്ത് അന്ത്യവിശ്രമം കൊള്ളുന്നു എന്ന സത്യം ലോക ക്രൈസ്തവ ജനത ചിന്തിക്കേണ്ടിയിരിക്കുന്നു. തള്ളി കളഞ്ഞ കല്ല് മൂലക്കല്ലായി മാറിയതുപോലെ തന്റെ പിൻഗാമികൾ മലങ്കരസഭയുടെ അദ്ധ്യക്ഷ സ്ഥാനം അലങ്കരിച്ചിട്ട് ചുമതലകൾ പൂർത്തീകരിച്ച് മടങ്ങിയ ചരിത്ര മുഹൂർത്തവും നമുക്കുണ്ട്. ഏത് ക്രൈസ്തവ സഭയെക്കാളും ദൈവത്തിന്റെ മുൻകരുതൽ ഏറ്റവും മഹനീയമായി അർത്ഥവത്താക്കിയ മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ മക്കളാണ് നമ്മൾ ഓരോരുത്തരും എന്ന് അഭിമാനത്തോടുകൂടി തലഉയർത്തി പറയുവാനുള്ള ഒരു ദിവസം കൂടിയാണ് ഇത്. നമ്മുടെ സഭയുടെ 250-ാം വാർഷീകം ലോക ക്രൈസ്തവ ചരിത്രത്തിൽ തന്നെ അത്യപൂർവ്വമായ ഒരു സുവർണ്ണ നേട്ടമാണ്. അത് സഭയുടെ ചരിത്ര പുസ്തകത്തിൽ സ്വർണ്ണ ലിപികളാൽ എഴുതപ്പെട്ടിരിക്കുന്നു. ആ ചരിത്ര മുഹൂർത്തത്തിൽ നമുക്കും പങ്കു ചേരാം.

സമർപ്പണം:

നമ്മുടെ സഭയെ ഇന്ന് ഉന്നതിയിലേക്ക് നയിക്കുന്ന അഭിവന്ദ്യ പിതാവ് സിറിൾ മാർ ബസേലിയോസ് മെത്രാപോലീത്തക്ക് ആയുസാരോഗ്യം നേർന്നു കൊണ്ടും ഈ സ്മരണികയെ ഇത്രയും മനോഹരമാക്കുവാൻ അക്ഷീണം പ്രയത്നിച്ച ഫാ.സഖറിയ ചീരൻ അച്ചനും, ഫാ.ബെന്യാമിൻ ചിറ്റിലപ്പിള്ളി അച്ചനും, ലേഖനങ്ങൾ, പരസ്യങ്ങൾ തന്ന് സഹകരിച്ചവരോടും, പ്രിന്റിംഗ് വർക്ക് ചെയ്തു തന്ന സ്പെക്ട്രാ പ്രിന്റിങ്ങ് ഉടമ ജിബിനോടുമുള്ള നന്ദിയും സ്നേഹവും ഈ സമയം അറിയിക്കുന്നു. ഈ സ്മരണികയെ ഇത്രത്തോളം മികവുറ്റതാക്കാൻ ഇതിന്റെ പിന്നിൽ പരിശ്രമിച്ച എല്ലാവരോടും എല്ലാത്തിനും ഉപരി സർവ്വശക്തനോടും നന്ദി കരേറ്റി കൊണ്ട് ഈ സ്മരണിക സമർപ്പിക്കുന്നു.

നന്ദിപൂർവ്വം,

ബിജു കെ. തോലത്ത് (കൺവീനർ)

ആശംസ

നമ്മുടെ സഭയുടെ 250ാം വാർഷികം ആഘോഷിക്കുന്ന ഈ ആഘോഷ വേളയിൽ നമുക്കെല്ലാവർക്കും പങ്കെടുക്കുവാൻ ദൈവം തന്ന അനുഗ്രഹത്തെ നന്ദി യോടെ സ്മരിക്കുന്നു. എന്നാൽ നമ്മുടെ പൂർവ്വ പിതാക്കന്മാരായ പരി.കാട്ടുമങ്ങാട്ട് പിതാക്കന്മാർ കൊളുത്തിതന്ന ഈ സമാധാനത്തിന്റെ ദീപം കെടാതെ സൂക്ഷിക്കു വാൻ നമുക്കേവർക്കും ഉത്തരവാദിത്വമുണ്ട്. നമ്മുടെ പിതാക്കന്മാർ കണ്ണുനീരോടെ വിതച്ചത് ആർപ്പോടെ നാം കൊയ്തെടുക്കുകയാണ്. ആയതിന്റെ 250-ാം വാർഷിക മാണ് നാം ഇപ്പോൾ ആഘോഷിക്കുന്നത്. എല്ലാം ചപ്പും ചവറും എന്ന് എണ്ണിക്കൊണ്ട് ആ പരി. പിതാക്കന്മാരുടെ സ്വദേശത്തുനിന്ന് അവർ ഒന്നുമില്ലാതെ പോരേണ്ടിവന്ന പ്പോൾ, പരി.പിതാക്കന്മാർക്ക് ദൈവം കരുതിയിരുന്ന മൂലക്കല്ലായ തൊഴിയൂർ സഭ യുടെ 250-ാം വാർഷികം ആഘോഷിക്കുമ്പോൾ ആ സഭയിലെ ഒരു വൈദീകനായ തിൽ അഭിമാനിക്കുന്നു. ഈ സോവനീറിലേക്ക് എല്ലാവിധ ആശംസകളും നേരുന്നു.

ഫാ. പ്രിൻസ്.ഐ.കോലാടി
വൈദീക ട്രസ്റ്റി

ആശംസ

കർത്താവിന്റെ പദ്ധതിയാൽ സ്ഥാപിക്കപ്പെട്ട മലബാർ സ്വതന്ത്രസുറിയാനി സഭയുടെ 250-ാം വാർഷികാഘോഷത്തിലാണല്ലോ നമ്മൾ. യഥാർത്ഥത്തിൽ പരി.അബ്രഹാം മാർ കൂറിലോസ് വലിയ ബാവയുടെയും, പരി.ഗീവർഗീസ് മാർ കൂറിലോസ് ഇളയ ബാവയുടേയും സത്യവിശ്വാസത്തിൽ അജഞ്ചലമായി നിലകൊണ്ടതിന്റേയും, ക്രിസ്തീയ സാക്ഷ്യത്തിന്റെ ഉദാത്തമാതൃക സ്വജീവിതത്തിലൂടെ പകർന്നു തന്നതിന്റെ ചരിത്രം സുറിയാനി സഭയെ മലബാറിന്റെ മണ്ണിലേക്ക് നട്ടുവളർത്തി ഇന്നു കാണുന്നവിധത്തിൽ പ്രൗഢിയോടെ നില നിർത്തിയത് പരി.പിതാക്കൻമാരുടെ പ്രാർത്ഥനാ ജീവിതം കൊണ്ട് മാത്രമാണ്. ആകമാന ക്രൈസ്തവ സഭകൾക്കിടയിൽ തങ്കലിപികളാൽ എഴുതപ്പെടേണ്ട പേര് തന്നെയാണ് മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ ചരിത്രം. മലങ്കര മെത്രാപോലീത്ത എന്ന വലിയ സ്ഥാനമാനങ്ങൾ ത്യജിച്ച് തർക്കവിതർക്കങ്ങളിൽ ഏർപ്പെട്ട് ക്രിസ്തീയത നഷ്ടപ്പെടുത്താനുള്ളതല്ലെന്നും, സത്യവിശ്വാസം നിലനിർത്തി പ്രാർത്ഥനയും കൈമുതലാക്കിയുള്ള പ്രയാണമായിരുന്നു ബാവമാരെ തൊഴിയൂരിൽ എത്തിച്ചത്. പിന്നീട് ഈ സഭ മലങ്കര വിശ്വാസത്തിന്റെ തുരുത്തായി മാറുകയും അത് മലങ്കര സഭയുടെ നിലനിൽപ്പിന്റെ മൂലക്കല്ലായി മാറുകയും ചെയ്തു എന്നത് ദൈവത്തിന്റെ വലിയ പദ്ധതിയായിരുന്നു.

സാമുദായിക ഐക്യത്തിലും സാഹോദര്യത്തിലും ശ്രേഷ്ഠമായ ബന്ധം നിലനിർത്തി പ്രവർത്തിക്കുവാൻ ഈ സഭയ്ക്ക് സാധ്യമാവുന്നുണ്ട്. ഇതര ക്രൈസ്തവ സഭകൾക്കിടയിൽ ഇടമുറിയാതെ ഊഷ്മള ബന്ധം നിലനിർത്തുന്നതിൽ ഈ സഭ എന്നും മുൻകൈ എടുത്തിട്ടുണ്ട്. വിദ്യഭ്യാസമേഖലയിലും, ആതുരസേവന രംഗത്തും ശക്തമായ ഇടപെടലുകളാണ് നൂറ്റാണ്ടുകളായി സഭ നടത്തിവരുന്നത്. ജാതിമത ഭേദങ്ങളില്ലാത്ത ഈ പ്രവർത്തനങ്ങൾ വലിയ സ്വീകാര്യതയാണ് സഭയ്ക്ക് നേടി തന്നിട്ടുള്ളത്. ഇടവകകളും സഭയുടെ ആത്മീയ സംഘടനകളും തങ്ങളാൽ കഴിയുന്ന സാമൂഹ്യ ഇടപെടലുകളിലൂടെ തങ്ങളുടെ ക്രിസ്തീയ സാക്ഷ്യം നിലനിർത്തുന്നതിൽ വ്യാപൃതരാകുന്നത് അനുഗ്രഹീതമാണ്. അംഗസംഖ്യയുടെ വലിപ്പം കൊണ്ടല്ല, പ്രവർത്തനങ്ങളുടെ മൂല്യമാണ് സഭയുടെ ശക്തി എന്ന് സഭാ വിശ്വാസികൾ ഉൾക്കൊള്ളുന്നു.

മലങ്കര വിശ്വാസത്തെയും പാരമ്പര്യത്തെയും മുറുകെപ്പിടിച്ച് മലബാർ ആസ്ഥാനമായി പ്രവർത്തിക്കുന്ന മലബാർ സ്വതന്ത്ര സുറിയാനി സഭ അശരണർക്കും, നിരാലംബർക്കും, പാർശ്വവൽക്കരിക്കപ്പെട്ടവർക്കും ആശ്വാസത്തിന്റെ പ്രകാശ ഗോപുരമായി നിലനിൽക്കുവാൻ കഴിയുമെന്ന വിശ്വാസത്തോടെ 250-ാം വാർഷികാഘോഷത്തിന്റെ ഭാഗമായി ഇറക്കുന്ന ഈ സ്മരണികയ്ക്ക് എല്ലാവിധ ഭാവുകങ്ങളും നേർന്നു കൊള്ളുന്നു.

ബിനോയ്. പി. മാത്യു
സഭ അൽമായ ട്രസ്റ്റി

ആശംസ

മലബാർ സ്വതന്ത്രസുറിയാനി സഭ ദൈവീകാനുഗ്രഹത്താൽ വിശ്വാസജീവിതത്തിന്റെ 250 വർഷങ്ങൾ പൂർത്തിയാക്കിയിരിക്കുകയാണല്ലോ. ഇത്രയും വർഷങ്ങളുടെ പൈതൃകവും പാരമ്പര്യവും പേറി സഹോദരി സഭകൾക്കു മുൻപിൽ ഐക്യവും സാഹോദര്യവും ഊട്ടിയുറപ്പിക്കുവാനും അവർക്കൊക്കെയും ഒരുമിച്ച് ശുശ്രൂഷകളിലും, കൂദാശകളിലും പങ്കെടുക്കുവാനുമായി തൊഴിയൂർ സഭ ഇന്നും വേദിയാകുന്നു എന്നത് സഭയ്ക്കും, സഭാവിശ്വാസികൾക്കും അഭിമാനവും സന്തോഷവുമാണ്. ഈ അനുഗ്രഹീത ചരിത്രമുഹൂർത്തങ്ങളോടനുബന്ധിച്ച് ഇറക്കുന്ന സ്മരണിക സഭയെ പരസ്പരം അറിയുവാനും അങ്ങനെ ക്രൈസ്തവ സാഹോദര്യത്തിൽ ജീവിക്കുവാനും സഹായിക്കും എന്ന് എനിക്ക് ഉറപ്പുണ്ട്.

250-ാം വാർഷികാഘോഷങ്ങൾ അതിന്റെ യഥാർത്ഥ പ്രൗഢിയിലും സൂക്ഷ്മതയിലും ചരിത്ര സത്യങ്ങളിലൂടെയും വിജയാത്മകമായി ഒരുക്കുവാൻ സഭാ നേതൃത്വത്തിനും വിശ്വാസികൾക്കും കഴിഞ്ഞത് ഏറെ അഭിമാനിക്കാൻ വക നൽകുന്നതാണ്. ആദരണീയരായ മഹത് വ്യക്തികളുടെ സാന്നിദ്ധ്യത്തിൽ കുന്നംകുളത്തെ സെന്റ് തോമസ് കുന്നത്തെ പള്ളിയങ്കണത്തിൽ വെച്ചു നടന്ന പ്രൗഢഗംഭീരമായ ഉദ്ഘാടനം നാട്ടിലാകെ അലയടിച്ചു. തുടർന്ന് ചാലിശ്ശേരി സെന്റ്.ഔഗേൻസ് ദൈവാലയത്തിൽ നടന്ന മതസൗഹാർദ്ദ സമ്മേളനത്തിലൂടെ ഇന്നിന്റെ കാലത്ത് ശക്തമായ മനുഷ്യത്വ സന്ദേശം പങ്കുവെക്കുവാൻ ഇടയായത് ഏറെ സന്തോഷകരമായി കാണുന്നു. തൊഴിയൂർ സഭാ ചരിത്രവും അമൂല്യ വസ്തുക്കളും പുതിയ തലമുറയ്ക്ക് വ്യക്തമായി പഠിക്കാനും മനസ്സിലാക്കുവാനും ആരംഭിച്ച ചരിത്ര മ്യൂസിയവും, ആർട്ട് ഗാലറിയും വളരെ പ്രാധാന്യം അർഹിക്കുന്നതാണ്. സഭയുടെ വിവിധ ഭക്ത സംഘടനകളുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച രക്തദാന ക്യാമ്പ്, മെഡിക്കൽ ക്യാമ്പ് തുടങ്ങിയ വിപുലമായ പരിപാടികൾ സഭയുടെ സാമൂഹ്യഇടപെടലുകളുടെ പങ്കു വിളിച്ചോതുന്നു. ആദരണീയനായ കേരള ഗവർണർ ശ്രീ.ആരിഫ് മുഹമ്മദ് ഖാൻ ഉദ്ഘാടനം ചെയ്ത സമാപന സമ്മേളനം ചരിത്ര താളുകളിൽ സുവർണ്ണ ലിപികളിൽ ആലേഖനം ചെയ്യപ്പെട്ടു കഴിഞ്ഞിരിക്കുന്നു. തൊഴിയൂർ നാടു മുഴുവനും ആഘോഷത്തിന്റെയും അനുഗ്രഹത്തിന്റെയും ദിവസങ്ങളായിരുന്നു അത്. എല്ലാ പ്രവർത്തനങ്ങൾക്കും ചുക്കാൻ പിടിച്ച മോ.റവ. സിറിൾ മാർ ബസേലിയോസ് തിരുമേനിയെ ഈ അവസരത്തിൽ കൃതജ്ഞതയോടെ ഓർക്കുന്നു.

സഭാംഗങ്ങൾ തമ്മിൽ അടുത്തറിഞ്ഞ് അന്യോന്യം സ്നേഹിച്ചും സഹകരിച്ചും പ്രവർത്തിക്കുന്നതിനും സഭയുടെ ആത്മീയ ഭൗതിക വളർച്ചയ്ക്കും കൂട്ടായ്മയ്ക്കും ഈ സ്മരണിക ഉപകാരപ്രദം ആകട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. സഭാ സേവകൻ എന്ന നിലയിൽ, സഭാ സെക്രട്ടറി എന്ന സ്ഥാനം വഹിക്കുവാൻ എല്ലാ പ്രവർത്തനങ്ങളിലും ഒരുമിച്ച് അധ്വാനിക്കുവാനും ദൈവത്തെ സ്തുതിക്കുവാനും കൂടുതൽ ശോഭയോടെ സഭയ്ക്ക് ഉയരുവാനും ഇടയാകട്ടെ എന്നു പ്രാർത്ഥിക്കുകയും, അതിനായി പ്രവർത്തിക്കുവാനുമുള്ള അനുഗ്രഹവും കൃപയും ദൈവം സമൃദ്ധമായി നല്കട്ടെ എന്ന് ആഗ്രഹിക്കുകയും ചെയ്യുന്നു. ഒരുമയിലും സ്നേഹത്തിലും വിശ്വാസത്തിലും കൂടുതൽ ശക്തമായി മുന്നോട്ട് പോകുവാൻ ഈ സ്മരണിക കാരണമാകട്ടെ എന്ന് ആത്മാർത്ഥമായി ആശംസിക്കുന്നു.

ഗീവർ മാണി പനക്കൽ
സഭാ സെക്രട്ടറി

പുണ്യശ്ലോകനായ ഗീവർഗ്ഗീസ് മാർ കൂറിലോസ് ബാവ

വിശുദ്ധ പദവിയിലേക്ക്

വിശുദ്ധ ഗീവർഗ്ഗീസ് മാർ കൂറിലോസ് ബാവ. കാട്ടുമങ്ങാട്ടു അബ്രഹാം മാർ കൂറിലോസ് ബാവായുടെ സഹോദരനാണ്. അബ്രഹാം മാർ കൂറിലോസ് ബാവ സഹിച്ച യാതനകളിലെല്ലാം നിഴലെന്ന പോലെ കൂടെയുണ്ടായിരുന്നു ഗീവർഗ്ഗീസ് മാർ കൂറിലോസും. എപ്പോഴും കണ്ണുനീരോടു കൂടിയ പ്രാർത്ഥന ബാവായുടെ പ്രത്യേകതയായിരുന്നു. സഭാ ചരിത്രക്കാരൻ പ. ബാവായെ ''തൊഴിയൂരെ യരമിയ'' എന്നാണ് വിശേഷിപ്പിച്ചിരുന്നത്. വിദേശത്ത് നിന്ന് 1751 ൽ മലങ്കരയിൽ വന്ന തിരുസംഘത്തിലെ ശക്രുള്ള മാർ ബസ്സേലിയോസിൽ നിന്ന് ശെമ്മാശ പട്ടവും മാർ ഈവാനിയോസിൽ നിന്നും വൈദിക പട്ടവും, റമ്പാൻ സ്ഥാനവും സ്വീകരിച്ചു. അന്നത്തെ മലങ്കരയിലെ ദിവന്നാസിയോസ് ഒന്നാമൻ പല തവണ റോമാ ബന്ധത്തിന് പരിശ്രമിച്ചതിനാൽ ജനങ്ങളിൽ അംഗീകരിക്കപ്പെടാതെയായി. ഈ സമയത്ത് മലങ്കരയിലുണ്ടായിരുന്ന മാർ ഈവാനിയോസ് 1794-ൽ കാലം ചെയ്തു. ചാഞ്ചാടി നില്ക്കുന്ന വലിയ മാർ ദിവന്നാസിയോസിന്റെ കരങ്ങളിൽ മലങ്കര സഭ സുരക്ഷിതമല്ലെന്ന് കനനായ ജനം നിരണത്ത് ഒത്തു ചേർന്ന് മറ്റൊരു മെത്രാനെ നമുക്ക് വേണം എന്ന് നിശ്ചയിക്കുന്നതും തൽഫലമായി 1794 ൽ ഗീവർഗ്ഗീസ് റമ്പാൻ അബ്രഹാം മാർ കൂറിലോസിനാൽ മെത്രാനായി വാഴിക്കപ്പെട്ടു. എന്നാൽ സംഗതികളുടെ ഗൗരവം മനസ്സിലാക്കിയ വലിയ മാർ ദിവന്നാസിയോസ് പ്രായശ്ചിത്തമെന്നോണം മലങ്കരയുടെ എല്ലാ പള്ളികളിലും സ്വന്തം ചിലവിൽ വി.കുർബ്ബാന ചൊല്ലുകയും, തെറ്റുകൾ ഏറ്റു പറയുകയും ചെയ്തതിനാൽ വൈമനസ്സോടെ മലങ്കര സഭ അദ്ദേഹത്തെ സ്വീകരിച്ചു. ഗീവർഗ്ഗീസ് മാർ കൂറിലോസ് അല്പകാലം തൊഴിയൂരിൽ ഭരണകാര്യങ്ങളിൽ സഹായിച്ച് തന്റെ സ്വന്തം നാട്ടിലേക്ക് തിരികെ ചെല്ലുമ്പോൾ വലിയ മാർ ദിവന്നാസിയോസ് ശക്തി ക്ഷയിച്ച അവസ്ഥയിൽ ആയിരുന്നു. അതിനാൽ പഠിത്ത വീടിന്റെ ഉത്തരവാദിത്വത്തിൽ മുളന്തുരുത്തിയിൽ ശെമ്മാശന്മാരെ പഠിപ്പിക്കുന്നതിൽ ശ്രദ്ധ ചെലുത്തി. വെട്ടിക്കൽ കുരിശുപള്ളിയിൽ ധ്യാന നിരതനായിരിക്കുക ദിനചര്യയാക്കിയ തിരുമേനി അനുദിനം പ്രാർത്ഥനയുടെ ചൈതന്യത്താൽ നിറയുകയായിരുന്നു. മുളന്തുരുത്തിയിൽ താമസിച്ചിരുന്ന ആദ്യകാലത്തും (ഒളിവിൽ) പിന്നീടും ഒട്ടേറെ അതിശയ പ്രവർത്തികൾ തന്റെ പ്രാർത്ഥനാ ശക്തിയാൽ തിരുമേനിക്ക് ചെയ്യുവാൻ കഴിഞ്ഞിരുന്നു. രോഗബാധിതർക്കും, പൈശാചിക ബന്ധനത്തിൽ ആയിരുന്നവർക്കും ശരണമായിരുന്നു തിരുമേനി.

തൊഴിയൂരിൽ അബ്രഹാം മാർ കൂറിലോസ് വാർദ്ധക്യ സഹജമായ രോഗാവസ്ഥയിൽ ആയിരിക്കുന്നുവെന്നും, തന്റെ സാന്നിദ്ധ്യം തൊഴിയൂരിൽ ആവശ്യമാണെന്നുമുള്ള ദൈവവിളിയാൽ തൊഴിയൂർ ആസ്ഥാനത്തേയ്ക്ക് എത്തി ചേരുകയും, അബ്രഹാം മാർ കൂറിലോസ് ബാവായുടെ അന്ത്യ നിമിഷങ്ങളിൽ കൂടെയുണ്ടായിരിക്കുകയും, ബാവായുടെ കാലശേഷം സഭയ്ക്ക് നേതൃത്വം കൊടുക്കുകയും ചെയ്തു. അല്പക്കാലം സഭയെ നയിച്ച് തന്റെ പിൻഗാമിയെ വാഴിക്കാമെന്ന് തീരുമാനിക്കുകയും

ആയതിൻപ്രകാരം പനവേലിൽ ജോസഫ് കശ്ശീശ്ശായെ മാർ ഈവാനിയോസ് എന്ന പേരിൽ മെത്രാനായി വാഴിക്കുകയും ചെയ്തു. എന്നാൽ മാർ ഈവാനിയോസ് മെത്രാപ്പോലീത്ത അധികകാലം കഴിയുന്നതിനു മുൻപേ കാലം ചെയ്യുകയും, വീണ്ടും സഭാ ഭരണത്തിലേർപ്പെടുകയും ചെയ്തു. ഭരണ കാര്യങ്ങളിൽ വളരെ താല്പര്യമില്ലാത്തതിനാലും, പ്രാർത്ഥനയാൽ മുന്നേറണമെന്നതിനാലും, വീണ്ടും തന്റെ പിൻഗാമിയെ വാഴിക്കുവാൻ തീരുമാനിച്ച്, ആർത്താറ്റ് സെന്റ് മേരീസ് പള്ളിയിലെ വികാരിയായിരുന്ന ചീരൻ സ്ക്കറിയ കശീശ്ശയെ മെത്രാപ്പോലീത്തയായി വാഴിക്കുകയായിരുന്നു. ഈ സമയം സ്ക്കറിയ കശ്ശീശ്ശ കൈ കാലുകൾ തളർന്ന് സ്വന്തം ഭവനത്തിൽ വിശ്രമിക്കുകയായിരുന്നു. ഗീവർഗ്ഗീസ് മാർ കൂറിലോസ് ബാവ മേനാവ് കൊടുത്തയച്ച് ബഹു. അച്ചനെ പള്ളിയിലേക്കെത്തിക്കുകയും, മേനാവിൽ നിന്ന് താഴെയിറങ്ങുവാൻ കല്പിക്കുകയും ചെയ്തു. ആ നിമിഷം കൈകാലുകൾ തളർന്ന സ്ക്കറിയ ചീരൻ കശീശ്ശ മേനാവിൽ നിന്നും ഇറങ്ങി വന്ന് ബാവായെ നമസ്ക്കരിച്ചു. പിന്നീട് സ്ക്കറിയ കത്തനാരെ മാർ പീലക്സിനോസ് എന്ന സ്ഥാന നാമത്തിൽ മെത്രാപ്പോലീത്തയായി വാഴിക്കുകയായിരുന്നു. തുടർന്ന് മുളന്തരുത്തിയിലേക്ക് തിരിച്ചു പോവുകയും, ശെമ്മാശന്മാരെ പഠിപ്പിക്കുന്നതിൽ വ്യാപൃതനായി തീരുകയും ചെയ്തു. ജീവിച്ചിരിക്കുമ്പോഴും, കാലം ചെയ്തതിനുശേഷവും പല അത്ഭുതങ്ങളും പ്രവർത്തിച്ച ബാവായെ വിശുദ്ധ പദവിയിലേക്ക് ഉയർത്തണമെന്ന ആവശ്യം വർഷങ്ങളായി സഭ ആലോചിക്കുകയായിരുന്നു. എന്നാൽ കഴിഞ്ഞ ഒരു വർഷക്കാലമായി അതിനു വേണ്ടുന്ന ആലോചനകൾ മെത്രാപ്പോലീത്ത നടത്തുകയും, സഭാ കൗൺസിലിൽ നിന്നും ബാവായുടെ ജീവിതാനുഭവങ്ങളെ പറ്റി പഠിക്കുന്നതിന് ഒരു സംഘത്തെ തിരഞ്ഞെടുക്കുകയുമായിരുന്നു.

സഭാ കൗൺസിലിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട സംഘത്തിന് സഭ കൗൺസിൽ വൈസ് പ്രസിഡണ്ട് ബഹു.വർഗ്ഗീസ് വാഴപ്പിള്ളി കശീശ്ശ നേതൃത്വം നല്കി. ഫാ.പ്രിൻസ്.ഐ.കോലാടി, ഫാ.ഗീവർഗ്ഗീസ് ചെമ്മണ്ണൂർ, ഫാ.തോമസ് കുരിയൻ, ഫാ.മൈക്കിൾ ഗീവർഗ്ഗീസ് സഭാ ആത്മായ ട്രസ്റ്റി ബിനോയ് മാത്യു, സഭാ സെക്രട്ടറി ഗീവർ മാണി പനയ്ക്കൽ എന്നിവരും സംഘത്തിൽ ഉണ്ടായിരുന്നു. പ്രസ്തുത സംഘം വിവിധ സ്ഥലങ്ങൾ സന്ദർശിച്ച് ബാവായുടെ ജീവിത ചരിത്രത്തെ കുറിച്ചും, ആത്മീയ പ്രവർത്തനങ്ങളെ പറ്റിയും വ്യക്തമായി പഠിച്ച് അഭിവന്ദ്യ സിറിൾ മാർ ബസ്സേലിയോസ് മെത്രാപ്പോലീത്തായ്ക്ക് റിപ്പോർട്ട് നല്കി. മെത്രാപ്പോലീത്ത സഭയിലെ എല്ലാ ഇടവകളിലേയ്ക്കും കല്പന മൂലം ബാവായെ കുറിച്ചുള്ള അനുഭവങ്ങൾ മെത്രാപ്പോലീത്തായെ അറിയിക്കണമെന്ന് അറിയിക്കുകയും, പലരിൽ നിന്നും ബാവായെ പറ്റിയുള്ള വസ്തുതകൾ മനസ്സിലാക്കുകയും ചെയ്തു. പ്രസ്തുത കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ഗീവർഗ്ഗീസ് മാർ കൂറിലോസ് ഇളയ ബാവ വിശുദ്ധ പദവിയിലേക്ക് ഉയർത്തപ്പെടുവാൻ യോഗ്യനെന്ന് തീരുമാനിക്കുകയായിരുന്നു.

- ✝ ഗീവർഗ്ഗീസ് മാർ കൂറിലോസ് ഇളയ ബാവ കണ്ണുനീരോടെ പ്രാർത്ഥിക്കുമായിരുന്നു.
- ✝ പ്രാർത്ഥനയുടെ ഫലമായി അനേക രോഗികൾക്ക് സൗഖ്യം ലഭിച്ചിരിക്കുന്നു.
- ✝ പ്രാർത്ഥനയുടെ ഫലമായി തേവനാൽ കാട്ടിൽ തപസ്സു ചെയ്യുമ്പോൾ ഭീകര രൂപിയായ സർപ്പം കത്തി കരിഞ്ഞു നശിക്കുന്നു.
- ✝ ബാവായുടെ തപസ്സു മൂലം തേവനിലെ യക്ഷിക്കാവ്, ഋഷിക്കാവ് എന്ന് മാറ്റപ്പെട്ടു.
- ✝ ബാവായുടെ സാന്നിദ്ധ്യവും, അനുഗ്രഹവും മൂലം കാട്ടകാമ്പാൽ പുഞ്ചപാടത്തുള്ള കീടം (നെല്ലിലെ പാൽ കുടിക്കണ ഒരു തരം ഈച്ച) എന്നന്നേയ്ക്കുമായി നശിക്കുന്നു.
- ✝ പ:കൂറിലോസ് വലിയ ബാവായുടേയും, ഗീവർഗ്ഗീസ് മാർ കൂറിലോസ് ബാവായുടേയും കഠിനമായ പ്രാർത്ഥനയാൽ പേപ്പട്ടി വിഷമിളകിയ ബാലന് പൂർണ്ണ സൗഖ്യം ലഭിക്കുന്നു.
- ✝ ഗീവർഗ്ഗീസ് മാർ കൂറിലോസ് ഇളയ ബാവായുടെ പ്രാർത്ഥനയോടെയുള്ള ആരണയാൽ ചീരൻ സ്ക്കറിയാ ചീരൻ കശീശ്ശായുടെ തളർന്ന കൈകാലുകൾക്ക് സൗഖ്യം ലഭിക്കുന്നു.
- ✝ ഇളയ ബാവായുടെ തപസു മൂലം വെട്ടിക്കൽ കുരിശുപള്ളി ദയറാ പള്ളിയായി മാറ്റപ്പെടുന്നു.
- ✝ ഇളയ ബാവായുടെ മരണശേഷം, ബാവായുടെ ആഗ്രഹ പ്രകാരം വെട്ടിക്കൽ കുരിശുപള്ളിയിൽ മൃതശരീരം കബറടക്കുന്നതിന് അതിശയകരമായി ശക്തമായ മഴ പെയ്യുകയും, ബാവായുടെ ഭൗതിക ശരീരത്തിലും, ചുമന്നവരുടെ ശരീരത്തിലും മഴ നനയാതിരിക്കുകയും ചെയ്യുന്നു.
- ✝ ഇളയ ബാവായുടെ കബറിടത്തിൽ തിരി കത്തിച്ച മദ്ധ്യസ്ഥതയാചിക്കുന്ന അനേകർക്ക് അവരുടെ പ്രാർത്ഥനാ വിഷയങ്ങൾ ദൈവം നടത്തി കൊടുക്കുന്നു.

കൂടാതെ ഒട്ടനവധി അതിശയങ്ങളാണ് പലരും വിവരിച്ചത്. ദൈവീക വിളിക്ക് അനുയോജ്യമായി ജീവിക്കുകയും, പ്രാർത്ഥ നയാൽ ജീവിതം ധന്യമാക്കുകയും, മറ്റനേകരുടെ ജീവിതം ധന്യമാ ക്കുവാൻ മുഖാന്തിരമായി തീർന്നതും ഗീവർഗ്ഗീസ് മാർ കൂറിലോസ് ഇളയ ബാവായെ വിശുദ്ധ പദവിയിലേക്ക് ദൈവം തമ്പുരാൻ വിളിച്ച് ചേർത്തിരിക്കുന്നു എന്നതാണ് സത്യം. 2022 മെയ് മാസം 29-ാം തിയ്യതി ഗീവർഗ്ഗീസ് മാർ കൂറിലോസ് ഇളയ ബാവായുടെ ഓർമ്മ ദിവസമാണ്. പുഞ്ചക്കാരുടെ പെരുന്നാൾ എന്ന് വിളിക്ക പ്പെടുന്ന ദിവസം. സഭയുടെ 25-ാം വാർഷികം ആഘോഷിക്കു ന്നതും ഈ ദിവസമായിരുന്നു. 27-ാം തിയ്യതി വെള്ളിയാഴ്ച്ച ബാവായുടെ വെട്ടിക്കൽ ദയറായിലെ കബറിടത്തിൽ നിന്നും പ കർന്നെടുത്ത ദീപശിഖ അഭിവന്ദ്യ സിറിൾ മാർ ബാസ്സേലിയോസ് മെത്രാപ്പോലീത്ത യൂത്ത് ലീഗ് ജനറൽ സെക്രട്ടറി ബഹു.ബെ ന്യാമിൻ ചിറ്റിലപ്പിള്ളി കശീശ്ശയ്ക്ക് കൈമാറി. എറണാകുളം മാർ കൂറിലോസ് ദൈവാലയത്തിലും യാത്രയിൽ വിവിധയിടങ്ങളിലും സ്വീകരണം ഏറ്റുവാങ്ങി വൈകീട്ട് 7 മണിയോടെ പഴഞ്ഞി സെന്റ് മേരീസ് ദൈവാലയത്തിൽ എത്തി ചേർന്നു. വാദ്യമേളങ്ങളോടെ ഗംഭീരമായ സ്വീകരണമായിരുന്നു പഴഞ്ഞി ജറുശ്ശലേം മുതൽ ഒരുക്കിയിരുന്നത്. പഴഞ്ഞി പള്ളിയിൽ രാത്രിയിൽ വിശ്രമിക്കു കയും ശനിയാഴ്ച്ച രാവിലെ മുതൽ സഭയിലെ എല്ലായിടവകക ളിലും ദീപശിഖാപ്രയാണം നടത്തി വൈകീട്ട് കുന്നംകുളം സെന്റ് തോമാസ് പള്ളിയിൽ എത്തി ചേർന്നു. അവിടെ നിന്നും വാഹന ങ്ങളുടെ അകമ്പടിയോടെ സഭാ ആസ്ഥാനത്ത് എത്തിചേർന്നു. ഭദ്രാസന ഇടവക വികാരി ബഹു.വർഗ്ഗീസ് വാഴപ്പിള്ളി കശീശ്ശ ദീപശിഖ ഏറ്റുവാങ്ങി അഭിവന്ദ്യ മെത്രാപ്പോലീത്തായെ ഏൽപ്പിച്ചു. ബാവായുടെ സ്മാരക കബറിങ്കൽ സ്ഥാപിക്കുകയും ചെയ്തു. തുടർന്ന് സന്ധ്യാ നമസ്ക്കാരം ആരംഭിക്കുകയും, സന്ധ്യാ നമസ്ക്കാരത്തിനു ശേഷം ഗീവർഗ്ഗീസ് മാർ കൂറിലോസ് ബാവാ യുടെ സ്മാരക കബറിന്റെ ശുദ്ധീകരണ ശുശ്രൂഷ അഭിവന്ദ്യ മെത്രാപ്പോലീത്ത പൂർത്തീകരിച്ചു.

29-ാം തിയ്യതി ഞായറാഴ്ച്ച സഭാ പരമാദ്ധ്യക്ഷൻ അഭി വന്ദ്യ സിറിൾ മാർ ബാസ്സേലിയോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിൽ വി.അഞ്ചിന്മേൽ കുർബ്ബാന ആരംഭി ച്ചു. വി.കുർബ്ബാന മദ്ധ്യേ സഭയിലെ വൈദികരുടേയും, ആയിര കണക്കിനുള്ള വിശ്വാസ സമൂഹത്തിന്റെയും സാന്നിദ്ധ്യത്തിൽ ഭക്തി നിർഭരമായ അന്തരീക്ഷത്തിൽ ഗീവർഗ്ഗീസ് മാർ കൂറിലോസ് ബാവായെ പരിശുദ്ധ പദവിയിലേക്കുയർത്തുവാനുള്ള മെത്രാപ്പോ ലീത്തായുടെ കല്പന വായിക്കുകയും തുടർന്ന് പ്രത്യേക ശുശ്രൂഷ മദ്ധ്യേ മെത്രാപ്പോലീത്താ അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ കൂറിലോസ് ഇളയ ബാവായെ പരിശുദ്ധ പദവിയിലേക്ക് ഉയർത്തുന്നതായി പ്രഖ്യാപിച്ചു. തുടർന്ന് സ്മാരക കബറിൽ തിരുശേഷിപ്പ് സ്ഥാപി ക്കുകയും, പ്രത്യേക ധൂപ പ്രാർത്ഥന നടത്തുകയും ചെയ്തു. പരിശുദ്ധ സഭയുടെ 200-ാം വാർഷീകത്തിനായിരുന്നു സഭ സ്ഥാപ ക പിതാവ് പരിശുദ്ധ അബ്രഹാം മാർ കൂറിലോസ് ബാവായെ പരിശുദ്ധനായി പ്രഖ്യാപിച്ചത്. മലങ്കരയിലെ പ്രഥമ പരിശുദ്ധനായ ബാവായ്ക്ക് ശേഷം 250-ാം വാർഷികത്തിലാണ് വീണ്ടും പരി ശുദ്ധ ഗീവർഗ്ഗീസ് മാർ കൂറിലോസ് ഇളയ ബാവായെ പരിശുദ്ധ നായി പ്രഖ്യാപിക്കുന്നത്.

Rt. Rev. John Fenwick Metropolitan

THE SIGNIFICANCE OF THE MALABAR INDEPENDENT SYRIAN CHURCH

It is one of the tragedies of Church History that what once was a single Christian community in South India is now divided into a number of jurisdictions: the Syro-Malabar, the Syro-Malankara, the Syrian Orthodox (Jacobite), the Indian Orthodox, the Mar Thoma and the Chaldean.

Inevitably, members of each of those jurisdictions defends their distinctiveness – what makes them different from the other groups. However, within the wider Syrian family of churches, the Malabar Independent Syrian Church (MISC) holds a unique place for it touches all the others.

The recent 250th anniversary celebrations are a reminder that the origins of the MISC lie in that period when the ecclesiastical identity of the Syrians was still fluid. Although West Syrian forms were gaining acceptance among the descendants of those who had broken from the authority of Rome and the Portuguese at Coonen Cross in 1653, it was still possible that this might be reversed. Twenty-seven years after Mar Koorilose I settled at Thozhiyur, Metropolitan Mar Dionysios I 'Bava' submitted to Rome and celebrated the Qurbana according to the latinised East Syrian rite in 1799. Although the majority of the Puthenkuttukar did not follow him, it is a reminder that the gap between the two communities was not as great as is nowadays assumed.

The MISC has even stronger links with the other East Syrian tradition in Kerala – the Chaldeans.[Known outside India as the Church of the East.] The desire for independence from Rome was particularly strong in the Thrissur area, not far from Thozhihur. Further research needs to be done in this area, but there is evidence that there was contact in the 19th century between the early generations of what became the Chaldean Church, who were seeking independence, and the bishops of the MISC, who had already won their independence. More recently, the relationship has been even closer. Photographic evidence shows Mar Thoma Darmo at the consecration of Mar Philoxenos III in 1967. Video evidence shows Mar Aprem and the late Paulose Mar Paulose actively participating in the episcopal ordination of

Mar Koorilose IX in 1986 – a rare act of sacramental collaboration between the two Syrian families which deserves greater prominence.[Mar Aprem also took part in some Mar Thoma episcopal ordinations.]

The MISC's bond with the Orthodox and Jacobite Churches is of course particularly strong. Not only is the faith the same, but the Kattumangat bishops seem to have been strongly attached to the West Syrian rites being brought to Kerala from Antioch, and to have held firm to them while Mar Dionysios I was wavering. The consecration of three Metropolitans (Dionysios II, III and IV) by Mar Philoxenos III of Thozhiyur without reference to Antioch is an important piece of evidence in the continuing controversy about how the Church in India should relate to the Patriarchate of Antioch.

With the Mar Thoma Church the MISC has a unique relationship, the two churches having consecrated bishops for each other for over 100 years. Without the consecration of Titus I Mar Thoma in 1894 by the Thozhiyur bishops, it is difficult to see how the Mar Thoma Church could exist in the form it does today.

The MISC also touches on the story of the CSI, for it was Philoxenos II and the first two bishops whom he consecrated who collaborated with the British Residents in the founding of the Syrian College in Kottayam (now the Old Seminary). From this came the relationship with the original CMS missionaries and ultimately the establishing of the congregations of Anglican tradition.

This remarkable network of relationships places the MISC in a unique situation. As a small church, it is detached from the inevitable controversies about identity and jurisdiction that have been so damaging over the years. Having something in common with all its larger neighbours, the MISC may yet have a part to play in bringing greater harmony among them.

Beyond the Christian community per se, the MISC story touches on other elements in the history of India. Evidence suggests that the Rajah of Cochin recognised Mar Koorilose I as Metropolitan by giving him a ring – the traditional sign of acceptance by the Rajah. This takes us into the whole area of the interaction with the princely families. Soon after, the fact that Thozhiyur lies in the former British Malabar, territory acquired by the British following the defeat of Tippu Sultan, adds a further dimension to the life of the MISC. There is still at Thozhiyur a Visitors' Book recording visits to the Metropolitans by several British Inspectors and officials. The entries show the cooperation with the Metropolitan on such issues as building roads and bridges for the benefit of the local community.

Here, then, is a Christian community whose story and life touches not simply on those of other Christian groups, but also on other players in the story of India.

It is, quite simply, impossible to tell the story of the St Thomas Christians without mentioning the Malabar Independent Syrian Church.

1. Known outside India as the Church of the East., 2. Mar Aprem also took part in some Mar Thoma episcopal ordinations.

വെട്ടിക്കൽ ദയറായും കാട്ടുമങ്ങാട്ട് ഇളയബാവയും

അഭിവന്ദ്യ യൂഹാനോൻ മാർ പോളികാർപ്പോസ്
മെത്രാപ്പോലീത്ത
മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

ഒമ്പതാം നൂറ്റാണ്ടിന്റെ പ്രാർത്ഥനാപുണ്യവുമായി വെട്ടിക്കൽ കുന്നിൽ തലയുയർത്തി ദേശത്തെ അനുഗ്രഹിക്കുന്ന, അനുഗ്രഹീത സ്ഥാപനമാണ് വെട്ടിക്കൽ ദയറാ. ആ പുണ്യസങ്കേതത്തിലൂടെ അനേകം പുണ്യാത്മാക്കൾ പ്രാർത്ഥനാനിർഭരമായ ജീവിതം നയിച്ച് അവരുടെ തീർത്ഥാടനം തുടർന്നിട്ടുണ്ട്. അതിൽ പ്പെട്ടതാണ് കല്ലടയിൽ കബറടങ്ങിയിരിക്കുന്ന അന്ത്രയോസ് ബാവ, പാമ്പാടിയിൽ കബറടങ്ങിയിരിക്കുന്ന മാർ കൂറിലോസ്, ജോസഫ് മാർ പാക്കോമിയോസ് തിരുമേനി എന്നിവർ. ശ്രേഷ്ഠമായ ദയറാ ജീവിതം കൊണ്ടും പ്രാർത്ഥന, ധ്യാനം, നോമ്പ്, ദണ്ഡനമസ്കാരം എന്നിവ കൊണ്ടും പുണ്യപ്പെട്ട വിശുദ്ധനായ പരുമല തിരുമേനി ഇവരിലെല്ലാം ശ്രേഷ്ഠനാകുന്നു. മുളന്തുരുത്തിക്കാരനായി ജനിച്ച് പ്രാർത്ഥനയുടെ പുണ്യവുമായി തേവനാൽ തടത്തിൽ താമസിച്ച രണ്ട് പുണ്യവാന്മാരാണ് കാട്ടുമങ്ങാട്ട് വലിയ ബാവായും ഇളയ ബാവായും. രണ്ടുപേരും മെത്രാപ്പോലീത്തന്മാരായി തൊഴിയൂർ സഭയെ മേയിച്ചു ഭരിച്ചു. ഭരണത്തിൽ തല്പരനല്ലായിരുന്ന ഗീവർഗീസ് മാർ കൂറിലോസ് സ്വദേശത്തേക്ക് മടങ്ങി. പ്രാർത്ഥനയാൽ പവിത്രമാക്കപ്പെട്ട ആത്മാവ് ദൈവസന്നിധിയിലേക്ക് എടുക്കപ്പെട്ടപ്പോൾ ആ പുണ്യശരീരം ഏറ്റുവാങ്ങാൻ അർഹത ലഭിച്ചത് വെട്ടിക്കൽ ദയറയ്ക്കാണ്. അന്നുകാലത്ത് ദേശത്തെ മുഖ്യ കുടുംബമായ ചാലിൽ കുടുംബത്തിന്റെ (പ. സഭക്കുവേണ്ടി) മേൽനോട്ടത്തിൽ ആയിരുന്നു ദയറാ. പരിശുദ്ധ പിതാവിന്റെ ശരീരം കുറിഞ്ഞിയിൽ അടക്കാൻ കൊണ്ടുപോയപ്പോൾ മഴ തിമിർത്തു പെയ്യുകയാൽ അന്ന് ചാലിൽ കുടുംബത്തിന്റെ മേൽ സ്ഥാനത്തിരുന്ന ആളിന്റെ നിർബന്ധപ്രകാരം വെട്ടിക്കൽ ദയറായിൽ അടക്കുകയായിരുന്നു. ആ പുണ്യ പിതാവിന്റെ മധ്യസ്ഥതയിൽ അഭയം പ്രാപിച്ച നാനാ ജാതി മതസ്ഥർ ദയറായിൽ നേർച്ച കാഴ്ചകൾ അർപ്പിക്കുന്നു. ആ പുണ്യ പിതാവിന്റെ പ്രാർത്ഥനാ നമുക്കേവർക്കും കൂട്ടും കോട്ടയും ആയിരിക്കട്ടെ.

ചരിത്രവഴികളിലൂടെ

ഫാ. വർഗ്ഗീസ് വാഴപ്പിള്ളി
(സഭാ കൗൺസിൽ വൈസ് പ്രസിഡന്റ്)

മലബാർ സ്വതന്ത്രസുറിയാനി സഭസ്ഥാപകൻ പരിശുദ്ധ കാട്ടുമങ്ങാട്ട് അബ്രഹാം മാർ കൂറിലോസ് ബാവായെക്കുറിച്ചും സഭയെക്കുറിച്ചും പഠിക്കുമ്പോൾ കുറഞ്ഞ വാക്കുകൾ കൊണ്ടു മതിവരില്ല. എങ്കിലും സ്ഥല പരിമിതിയാൽ സംക്ഷിപ്തമായി കുറിക്കുവാൻ മാത്രമേ ഇവിടെ കഴിയുകയുള്ളൂ.

കേരളത്തിലെ ക്രൈസ്തവ ദൈവാലയത്തിൽ തടവറവാസവും വനത്തിൽ അജ്ഞാത വാസവും, സ്വന്തം ജന്മദേശത്തുനിന്ന് നാടുകടത്തപ്പെടുകയും ചെയ്യുന്ന അനുഭവം നേരിടേണ്ടിവന്ന സ്വദേശീയനായ ആദ്യത്തെ ഒരു സഭാമേലദ്ധ്യക്ഷനായിരുന്നു പ.അബ്രഹാം മാർ കൂറിലോസ് ബാവ. സഭാസ്ഥാപകൻ എന്നതിലുപരി ബാവായെപറ്റി അധികം ആളുകൾ അറിഞ്ഞിരിക്കാൻ ഇടയില്ല. 1730 ൽ മുളംന്തുരുത്തിയിൽ ജനിച്ചു. ബാല്യം മുതൽ ആരാധനഗീതങ്ങളിലും, സഭാവിശ്വാസത്തിലും തീക്ഷ്ണത കാണിച്ചിരുന്ന ബാവായെ അക്കാലത്ത് മുളംന്തുരുത്തിയിൽ താമസിച്ചിരുന്ന മാർ ഈവാനിയോസ് തന്റെ ശിഷ്യഗണത്തിൽ ചേർത്ത് സുറിയാനിയും, സഭാവിശ്വാസസത്യങ്ങളും പഠിപ്പിച്ചു. ബാവായുടെ സ്വഭാവസവിശേഷതയും, ശ്ലാഘനീയമായ സുറിയാനി പാണ്ഡിത്യവും, സത്യസന്ധതയും, മനസ്സിലാക്കിയ മാർ ഇവാനിയോസ് കൂറിലോസ് ബാവാക്ക് ശെമ്മാശ്ശപട്ടവും കശീശപട്ടവും നൽകി. ശെമ്മാശ്ശന്മാരെ പഠിപ്പിക്കുവാനുള്ള ചുതലയും ബാവായെ ഏൽപ്പിച്ചു. മൽപ്പാനായി മാറിയ കൂറിലോസ് ബാവായെ മലങ്കരയിലെ ശക്രള്ള മാർ ബസ്സേലിയോസ് 1757 ൽ റമ്പാൻ സ്ഥാനത്തേക്ക് ഉയർത്തി. ഈ സന്ദർഭത്തിലായിരുന്നു മലങ്കര സഭയുടെ 6-ാം മാർത്തോമ കാത്തോലിക്ക വിശ്വാസത്തിലേക്ക് നീങ്ങുവാൻ ശ്രമിക്കുന്നതും. 1653-ലെ കൂനൻ കുരിശ്ശ് സത്യത്തിൽ നിന്നും വ്യതിചലിച്ച് കത്തോലിക്കാവിശ്വാസമനുസരിച്ചുള്ള ആരാധനാക്രമങ്ങളിലേക്ക് നീങ്ങുന്നതും, ഈ സംഭവം മലങ്കര സഭാവിശ്വാസികളെ വളരെയധികം വേദനിപ്പിക്കുകയുണ്ടായി.

മലങ്കരസഭയുടെ സനാതനമൂല്യങ്ങളായ ആരാധനക്രമങ്ങളും, വിശ്വാസാചാര്യങ്ങളും, കാത്തുസൂക്ഷിക്കുമെന്നും, കത്തോലിക്കാവിശ്വസവു

മായി ചേർന്നുപോകുവാൻ സാധ്യമല്ലെന്നും തീരുമാനിച്ച മലങ്കരസഭക്ക്, വിശ്വാസധീരനായ കൂറിലോസ് ബാവായിലാണ് ഒരു ആത്മീയനേതാവിനെ കാണുവാൻ കഴിഞ്ഞത്. തത്ഫലമായി 1766-ൽ മട്ടാഞ്ചേരി എലിശീലമ പള്ളിയിൽ വെച്ച് ജെറുശലേമിലെ മാർ ഗ്രീഗോറിയോസിൽ നിന്ന് മാർ കൂറിലോസ് ബാവ മെത്രാപ്പോലീത്താ സ്ഥാനം ഏറ്റു. മലങ്കരസഭയുടെ ഔദ്യോഗിക മെത്രാപ്പോലീത്ത മാർ കൂറിലോസ് ബാവ ആയി തീർന്നത് 6-ാം മാർത്തോമായുടെ കാലത്ത് തന്നെയാണെന്ന് ചരിത്രകാരന്മാർ വ്യക്തമാക്കുന്നു.

കൊച്ചി പെരുമ്പടപ്പ് സ്വരൂപത്തിന്റെയും ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ അധികാരപത്രവും അധികാരമോതിരവും, മാർ കൂറിലോസിനാണ് ലഭിച്ചിട്ടുണ്ടായിരുന്നത്. ചരിത്രകാരനായ പുത്തേഴത്ത് രാമൻമേനോൻ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

".....കൂറിലോസ് മെത്രാന് പട്ടവും സ്ഥാനവും, തികച്ചു കൊടുത്തു. പെരുമ്പടപ്പ് വലിയതമ്പുരാൻ തിരുമനസ്സ് കൽപ്പിച്ചനുവദിച്ച് മോതിരവും ഇടീച്ചു" ഇത് വ്യക്തമാക്കുന്നത് അഞ്ചാം മാർത്തോമ്മാക്ക് ശേഷം മലങ്കരസഭയുടെ ഔദ്യോഗിക മെത്രാപ്പോലീത്തയായത് മാർ കൂറിലോസ് ബാവ തന്നെയാണ്. അതു കൊണ്ട് തന്നെ അഞ്ചാം മാർത്തോമയുടെ പ്രവർത്തനങ്ങളിൽ മനംനൊന്ത മലങ്കരസഭക്ക് മാനസീക പീഠനത്തിൽ നിന്നുള്ള മോചനമായിരുന്നു മാർ കൂറിലോസ് ബാവായുടെ സ്ഥാനാഭിഷേകം. എന്നാൽ ഇതിൽ കുപിതനായ ആറാം മാർത്തോമ്മ തന്റെ സർവ്വസ്വാധീനവും, തന്ത്രവും ഉപയോഗിച്ച് മലങ്കര മെത്രാപ്പോലീത്താ പദവിയിലേക്ക് എത്തുവാൻ ശ്രമിച്ചതിന്റെ ഫലമായി മാർ കൂറിലോസ് ബാവാക്ക് വലിയമാർ ദിവന്നാസിയോസിൽ നിന്ന് പല പീഢനങ്ങളും സഹിക്കേണ്ടതായി വന്നു. അതിന്റെ ഭാഗമായി 1767 - മുതൽ 1771 വരെ തേവനാൽ വനത്തിൽ (ഇന്നത്തെ വെട്ടിക്കൽ) അജ്ഞാതവാസവും, കണ്ടനാടുപള്ളിയിൽ തടവറ വാസവും അനുഭവിക്കേണ്ടി വന്നു. മെത്രാൻ സ്ഥാനചിഹ്നങ്ങൾ വെപ്പിച്ച് വൈദീകപദവിയിലേക്ക് താഴ്ത്തി വി.കുർബ്ബാനചൊല്ലിക്കുവാനുള്ള നീചശ്രമവും അക്കാലത്ത് നടന്നിരുന്നു. ഈ സന്ദർഭത്തിലാണ് പ.കൂറിലോസ് ബാവായുടെ ശിഷ്യനും കുന്നംകുളത്തുകാരനുമായ പുലിക്കോട്ടിൽ ഉട്ടൂപ്പ് കത്തനാർ (പിന്നീട് തൊഴിയൂർ സഭയുടെ ഗീവർഗ്ഗീസ് മാർ പീലക്സിനോസിൽ നിന്നും പട്ടമേറ്റ പഴയസെമിനാരി സ്ഥാപകൻ ജോസഫ് മാർ ദിവന്നാസിയോസ് ഒന്നാമൻ) തന്റെ ഗുരുവിന്റെ സങ്കടാവസ്ഥയറിഞ്ഞ് ബാവായെ കുന്നംകുളത്തേക്ക് കൊണ്ടുവന്നത്. കുന്നംകുളത്ത് അന്നത്തെ പ്രശസ്തമായ പനക്കൽ വീട്ടിലാണ് ബാവ താമസിച്ചിരുന്നത്. പിന്നീട് പഴഞ്ഞി, കാട്ടകാമ്പാൽ വഴി മലബാറിന്റെ തെക്ക് കിഴക്കേ അതിർത്തിയായ അഞ്ഞൂരിലേക്ക് എത്തിച്ചേർന്നു. ഈ യാത്രയിൽ തന്നെയാണ് കാട്ടകാമ്പാൽ പുഞ്ചപാടത്ത് വിളയെ നശിപ്പിച്ചിരുന്ന ഈച്ചശല്ല്യത്തെ ബാവാമാർ ശാസിച്ചതും പൂർണ്ണമായും വിളയെ സംരക്ഷിക്കുകയും ചെയ്തതും. ഇന്നേവരെ ഈ ശല്യം ഉണ്ടായിട്ടില്ല എന്നതാണ് അത്ഭുതം. ഇതിന്റെ സ്മരണ നിലനിർത്തികൊണ്ട് കാട്ടകാമ്പാൽ ദേശക്കാർ ഇളയബാവായുടെ ഓർമ്മപെരുന്നാൾ ആഘോഷിച്ചുവരുന്നു. കൂറിലോസ് ബാവായുടെ യാത്രയിലെല്ലാം അനുജൻ ഗീവർഗ്ഗീസ് റമ്പാനും ബാവായെ അനുഗമിച്ചിരുന്നു.

അഞ്ഞൂരിലെത്തിയ ബാവമാർ ഒരു കുടിൽ കെട്ടി താമസമാക്കി. (ഇപ്പോഴത്തെ ബഹനാം ചാപ്പൽ അഞ്ഞൂർ) പ്രാർത്ഥനയും, ഉപവാസവുമായി, കഴിഞ്ഞുവരവെ, പുന്നത്തൂർ രാജാവിന്റെ സൈന്യാധിപനായിരുന്ന ഹൈദ്രോസ് കുട്ടി മൂപ്പന്റെ കുടുംബത്തിലെ കുഞ്ഞിപ്പോക്കർ എന്ന കുട്ടിയെ പേയിളകിയ അവസ്ഥയിൽ കൂട്ടിലാക്കി ബാവായുടെ മുന്നിൽ കൊണ്ടുവന്നത് (ഇന്നും പേയിളകിയാൽ മരണം നിശ്ചയമാണ്)

ബാവായെകുറിച്ച് കേട്ടറിഞ്ഞ ഹൈദ്രോസ് കുട്ടിമൂപ്പൻ കുഞ്ഞിന്റെ സൗഖ്യത്തിനായി ആവശ്യപ്പെട്ട വാക്കുകൾക്കു മുന്നിൽ ദയാലുവായ പ.കൂറിലോസ് ബാവ ദൈവസന്നിധിയിൽ മുട്ടുകുത്തി പ്രാർത്ഥനാനിരതനായികൊണ്ട് വിശുദ്ധ കുർബാനയുടെ അംശത്തെ വെള്ളത്തിൽ, എന്നാൽ കണ്ണുനീരിൽ തന്നെ എന്നു പറയാം, കലക്കി പേയിളകിയ കുഞ്ഞിന്റെ വായിൽ ഒഴിച്ചു കൊടുത്തു. അത്ഭുതാംവണ്ണം കുട്ടി ഒരുതുള്ളിപോലും കളയാതെ കുടിക്കുകയും ചെയ്തു. വീണ്ടും പ്രാർത്ഥിച്ചുകൊണ്ടിരുന്ന ബാവായെ കുട്ടിയുടെ കരച്ചിലാണ് ഉണർത്തിയത്. ബാവ ആ കുട്ടിയെ തലയിൽ കൈവെച്ച് അനുഗ്രഹിച്ചയച്ചു. ഇതിൽ സംപ്രീതനായ ഹൈദ്രോസ്കുട്ടി മൂപ്പൻ (ഇപ്പോൾ മണത്തല നേർച്ച നടത്തുന്നത് ഇദ്ദേഹത്തിന്റെ ഓർമ്മക്കാണ്) ബാവായെ ആദരിക്കുകയും, പുന്നത്തൂർ രാജാവിൽ നിന്നും വിസ്തൃതമായ തെങ്ങിൻതോപ്പ് (ഏകദേശം 99 ഏക്കർ) ബാവയ്ക്ക് നൽകി. 1772 ഇടവം 15-ാം തിയ്യതി മാർ ഗീവർഗ്ഗീസ് സഹദായുടെ നാമത്തിൽ ദൈവാലയം നിർമ്മിക്കാനായി അടിസ്ഥാനശിലയിട്ടു. പരിശുദ്ധ കൂറിലോസ് ബാവ 1802 ജൂലൈ മാസം 10-ാം തിയ്യതി കാലം ചെയ്യുകയും തൊഴിയൂർ ഭദ്രാസനപള്ളിയുടെ മദ്ബഹായിൽ വടക്കുവശത്ത് കബറടക്കുകയും ചെയ്തു.

മലങ്കരസഭയിൽ നിന്നും കാട്ടുമങ്ങാട്ട് ബാവമാർ വേർപ്പെട്ടുപോരേണ്ടിവന്ന അവസ്ഥ വളരെ വേദനാജനകമായിരുന്നുവെങ്കിലും, മാതൃസഭയോടുള്ള സ്നേഹാദരവുകൾക്ക് ഒരു കുറവും ഉണ്ടായിരുന്നില്ല എന്ന് പിന്നീടുള്ള ചരിത്രം പഠിക്കുമ്പോൾ മനസ്സിലാക്കാം. കാട്ടുമങ്ങാട്ട് ഇളയബാവ തന്റെ അന്ത്യകാലം കഴിച്ചു കൂട്ടിയത് മുളന്തുരുത്തി പള്ളിയിലും, കബറടങ്ങിയത് മലങ്കരസഭയുടെ വെട്ടിക്കൽ

സെന്റ് തോമസ് ദയറായിലുമായിരുന്നു. കാലങ്ങൾക്കു ശേഷം പ.പരുമലതിരുമേനിയും പലപ്പോഴും പ.കൂറിലോസ് ബാവ തപസ്സ് ചെയ്ത തേവനിലെ മാർ ബഹനാം ദയറായിൽ പോയി ഏകാന്തമായി ധ്യാനിക്കുക പതിവായിരുന്നു. ഉദയ സൂര്യനായ കർത്താവിൽ നിന്ന് സ്വർഗ്ഗീയകിരണങ്ങൾ ഏറ്റു വാങ്ങി മനുഷ്യമനസ്സുകളെ ദൈവത്തിലേയ്ക്ക് അടുപ്പി ക്കുന്ന സ്വർഗ്ഗീയ മദ്ധ്യസ്ഥനായി പ.കൂറിലോസ് ബാവ ഇന്നും നമുക്ക് വേണ്ടി മദ്ധ്യസ്ഥത യാചിച്ചു കൊണ്ടിരിക്കുന്നു. സാത്താന്റെ ബന്ധനത്തിൽപെട്ട് രോഗികളായവരേയും, ആലംബഹീനരേയും, ദുഃഖിതരേയും ഇന്നും അത്ഭുതമാം വണ്ണം രക്ഷിപ്പാൻ പരിശുദ്ധന്മാരുടെ മദ്ധ്യസ്ഥതയിൽ വരുന്നു. വലിയവനായ ദൈവത്തെ മാനിക്കുന്നവരെ ദൈവം മാനിക്കുന്നു.

****

കാട്ടുമങ്ങാട്ട് ഗീവർഗ്ഗീസ് മാർ കൂറിലോസ് II

1794 – 1809

കാട്ടുമങ്ങാട്ട് അബ്രഹാം മാർ കൂറിലോസിന്റെ സഹോദരനാണ് ഗീവർഗ്ഗീസ് മാർ കൂറിലോസ്. അബ്രഹാം മാർ കൂറിലോസ്നോട് കൂടി ഏത് ആപത്തിലും കൂടെയുണ്ടായിരുന്ന ഒരു പ്രാർത്ഥനാ പുരുഷനായിരുന്നു ഇദ്ദേഹം. മാർ ഗീവർഗ്ഗീസ് കൂറിലോസിനെ തൊഴിയൂർ സഭയുടെ ആദ്യ ചരിത്രകാരൻ ബഹു. കെ.സി. വർഗ്ഗീസച്ചൻ തൊഴിയൂരെ യറമിയാ എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത് 1751-ൽ മലങ്കരയിലെത്തിയ വിദേശമെത്രാന്മാരിൽ ശക്രള മാർ ബസ്സേലിയോസിന്റെ പക്കൽ നിന്ന് ശെമ്മാശപട്ടവും, മാർ ഈവാനിയോസിൽ നിന്നും വൈദികപട്ടവും റമ്പാൻ സ്ഥാനവും സ്വീകരിച്ച ഗീവർഗ്ഗീസ് മാർ കൂറിലോസ് തന്റെ സഹോദരൻ അബ്രഹാം മാർ കൂറിലോസിൽ നിന്ന് 1794-ൽ മെത്രാൻ സ്ഥാനം സ്വീകരിച്ചു. അബ്രഹാം മാർ കൂറിലോസ് 1802ൽ കാലം ചെയ്യുന്നതിനും 8 വർഷം മുൻപ് ഗീവർഗ്ഗീസ് മാർ കൂറിലോസിന് മെത്രാൻ സ്ഥാനം നല്കിയത് എന്ത് കൊണ്ട് എന്ന് ചോദിക്കയും, വ്യത്യസ്തമായ അഭിപ്രായങ്ങൾ പല ലേഖകരും രേഖപ്പെടുത്തിയതായും കാണുന്നുണ്ട്. മലങ്കര സഭയുടെ അക്കാലത്തെ സാഹചര്യങ്ങളിലേയ്ക്ക് ഒന്ന് കണ്ണോടിച്ചാൽ വ്യക്തമായും മനസ്സിലാക്കുവാൻ കഴിയുന്ന ഒന്നാണ് അതിന്റെ ഉത്തരം.

1794-ൽ മലങ്കരയിലുണ്ടായിരുന്ന മാർ ഈവാനിയോസ് കാലം ചെയ്തു. അപ്പോൾ മലങ്കരയിൽ ഉള്ളത് 3 തവണ റോമൻ സഭയുമായി കൂട്ടുകെട്ടുണ്ടാക്കുവാനും, മലങ്കരയെ വീണ്ടും പോപ്പിന്റെ കീഴിലാക്കുവാനും ശ്രമിച്ചു കൊണ്ടിരിക്കുന്ന ആറാം മാർത്തോമയാണ്. മൂന്ന് തവണ റോമിനോട് ചേരുവാൻ തുനിഞ്ഞ ആറാം മാർത്തോമായെ (വലിയ മാർ ദിവന്നാസിയോസ്) വിശ്വാസത്തിലെടുക്കാത്തതിനാലാണ് മാർ കൂറിലോസ്, മാർ ഈവാനിയോസിന്റെ കാല ശേഷം 1794- ൽ തന്നെ ഗീവർഗ്ഗീസ് മാർ കൂറിലോസിനെ മെത്രനായി സ്ഥാനം നല്കിയത്. 1771 ലും, 1772 ലും 1778 ലും മൂന്നു പ്രാവശ്യം റോമാ ബന്ധത്തിന് പരിശ്രമിച്ച ആറാം മാർത്തോമ്മ വീണ്ടും 1796-ൽ കൊല്ലത്ത് വെച്ച് ഒരു യോഗം ചേർന്ന് റോമായുമായി സഹകരിക്കുവാൻ ശ്രമിച്ചു. എന്നാൽ റോമൻ സഭാധികൃതർക്ക് പകലോമറ്റം തറവാടിന്റെ കുടുംബാവകാശവാദം സ്വീകരിക്കുവാൻ കഴിയാത്തതിനാൽ കൊല്ലത്ത് വെച്ച് നടന്ന നാലാം ശ്രമവും പരാജയപ്പെടുകയായിരുന്നു. എന്നിട്ടും റോമൻ ക്യാമ്പിൽ തന്നെ നിൽക്കുവാൻ ആഗ്രഹിച്ച ആറാം മാർത്തോമ 1799-ൽ വീണ്ടും തന്റെ പള്ളിയിൽ വെച്ച് റോമിന് കീഴ്പ്പെട്ടുകൊള്ളാം എന്നെഴുതികൊടുത്തു. അതു നിരസിക്കപ്പെട്ടപ്പോഴാണ് മനോവ്യസനത്തോടെ ആറാം മാർത്തോമ മലങ്കരയിൽ തന്നെ നിലകൊള്ളാം എന്ന് തീരുമാനിക്കുന്നത്. ഇപ്രകാരം ചാഞ്ചാടുന്ന ആറാം മാർത്തോമായുടെ അവസ്ഥ നിലനില്കുമ്പോഴാണ് 1794-ൽ മാർ ഈവാനിയോസ് കാലം ചെയ്യുന്നതും, ഗീവർഗ്ഗീസ് മാർ കൂറിലോസ് അബ്രഹാം മാർ കൂറിലോസിനാൽ മെത്രാനായി വാഴിക്കപ്പെടുന്നതും.

"രണ്ട് പതീറ്റാണ്ട് കഴിഞ്ഞപ്പോഴേയ്ക്കും സ്ഥിതിഗതികളാകെ മാറി. ആറാം മാർത്തോമാ സഭാ ചരിത്രത്തിൽ അസ്തമിക്കുകയായിരുന്നു. മാർ ദിവന്നാസിയോസിന്റെ (ആറാം മർത്തോമാ) കുതന്ത്രങ്ങളാൽ രാജ്യ ഭ്രഷ്ടനാക്കപ്പെട്ട മാർ കൂറിലോസിൽ നിന്നും മെത്രാൻ സ്ഥാനമേറ്റ കാട്ടുമങ്ങാട്ട് ഗീവർഗ്ഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത 1795-ൽ മുളന്തുരുത്തി, വെട്ടിക്കൽ എന്നീ പള്ളികളിൽ താമസിച്ച് ശെമ്മാശന്മാരെ അഭ്യസിപ്പിക്കുന്നുണ്ടായിരുന്നു. അന്നും ജീവിച്ചിരുന്ന ആറാം മാർത്തോമായ്ക്ക് ഈ അഭിനവ കൂറിലോസിനെ പുറന്തള്ളുവാൻ കഴിഞ്ഞില്ല.

ജനങ്ങളുടെ പ്രീതിയാലും സ്വീകാര്യതയാലും ഗീവർഗ്ഗീസ് മാർ കുറിലോസ് മെത്രാപ്പോലീത്ത മലങ്കരയിലെത്തുമ്പോൾ പരാജിതനായ ആറാം മാർത്തോമായെ പ്രായശ്ചിത്തതോടെ മലങ്കര സഭ സ്വീകരിച്ചിരുന്നു. ഭരണതാൽപര്യമില്ലാത്തതിനാലും ആറാം മാർത്തോമായെ അംഗീകരിക്കുന്നതിനാലും തന്റെ ഇഷ്ടപ്രവർത്തിയായ ശെമ്മാശന്മാരെ പഠിപ്പിക്കുന്ന കാര്യത്തിൽ തല്പരനായി തീരുകയായിരുന്നു ഗീവർഗ്ഗീസ് മാർ കൂറിലോസ്.

തന്റെ സഹോദരൻ, കാട്ടുമങ്ങാട്ട് അബ്രഹാം മാർ കൂറിലോസ് വാർദ്ധക്യ സഹജമായ അസ്വസ്തയിൽ ആയിരിക്കുന്നുവെന്നറിഞ്ഞപ്പോൾ തൊഴിയൂരിലേയ്ക്ക് തിരിച്ചുവരികയും 1802-ൽ അബ്രഹാം മാർകൂറിലോസിന്റെ കാലശേഷം ഭരണം ഏറ്റെടുക്കുകയും ചെയ്തു. മുൻപ് സൂചിപ്പിച്ചതുപോലെ സഭാ ഭരണത്തിൽ തല്പരനല്ലാതിരുന്ന മെത്രാപ്പോലീത്ത അടുത്ത പിൻഗാമിയായി കോട്ടയം പനവേലിൽ (കണിയാം

മ്പുള്ളി) ജോസഫ് കശീശ്ശായെ മാർ ഈവാനിയോസ് എന്ന സ്ഥാനപേരിൽ മെത്രാനായി വാഴിച്ചു, ഭരണമേല്പിച്ചു കൊടുത്തു. എന്നാൽ അതേ വർഷംതന്നെ മാർ ഈവാനിയോസ് മെത്രാപ്പോലീത്ത കാലം ചെയ്യുകയും ഭദ്രാസന പള്ളിയിൽ കബറടക്കുകയും ചെയ്തു. തുടർന്ന് 1807-ൽ അടുത്ത മെത്രാപ്പോലീത്തയായി പെങ്ങാമുക്ക് സ്വദേശിയും, ആർത്താറ്റ് പള്ളിയിലെ വൈദീകനുമായിരുന്ന ചീരൻ സ്ക്കറിയ, കത്തനാരെ മാർ പീലക്സിനോസ് എന്ന നാമധേയത്തിൽ മെത്രാനായി വാഴിച്ചു. തുടർന്ന് ഗീവർഗ്ഗീസ് മാർകൂറിലോസ് വീണ്ടും മലങ്കരയിലെ മുളന്തുരുത്തിയിലേയ്ക്ക് തിരിച്ചുപോകുകയും, ശെമ്മാശന്മാരെ പഠിപ്പിക്കുകയും, വെട്ടിക്കൽ കുരിശു പള്ളിയിൽ (പിന്നീട് വെട്ടിക്കൽ ദയറാ) ധ്യാന നിരതനായിരിക്കുകയും ചെയ്തു വന്നു. രണ്ടു വർഷക്കാലം മുളന്തുരുത്തിയിൽ താമസിക്കുകയും പ്രവർത്തിക്കുകയും, ജനങ്ങളുടെ മുഴുവൻ പ്രീതി സമ്പാദിക്കുകയും ചെയ്തു. ഗീവർഗ്ഗീസ് മാർ കൂറിലോസ് മെത്രപ്പോലീത്ത 1809-ൽ കന്തീല ശുശ്രൂഷ സ്വീകരിച്ച് മെയ്യ് 29-ാം തിയ്യതി ഈലോകവാസത്തിൽ നിന്നും മാറ്റപ്പെട്ടു.

****

ജോസഫ് മാർ ഈവാനിയോസ്

തൊഴിയൂർ സഭയിലെ സഫ്രഗൻ മെത്രാപ്പോലീത്ത 1806 – 1807

ഗീവർഗ്ഗീസ് മാർ കൂറിലോസ് ബാവ (കൂറിലോസ് രണ്ടാമൻ) ഭരണകാര്യങ്ങളിൽ താല്പര്യമില്ലാത്തതിനാലും, മുളത്തുരുത്തിയിലേയ്ക്ക് തിരികെ പോകേണ്ടതിനാലും തന്റെ പിൻഗാമിയായി കോട്ടയം പനവേലിൽ ജോസഫ് കശീശ്ശായെ ജോസഫ് മാർ ഈവാനിയോസ് എന്ന സ്ഥാനപേരിൽ സഫ്രഗനായി വാഴിച്ചു. (1806) 1807-ൽ കാലം ചെയ്കുയും തൊഴിയൂർ ഭദ്രാസന പള്ളിയിൽ അടക്കം ചെയ്യുകയുമുണ്ടായി. കാട്ടുമങ്ങാട്ടു അബ്രഹാം മാർ കൂറിലോസിന്റെയും, സഹോദരൻ ഗീവർഗ്ഗീസ് മാർ കൂറിലോസിന്റെയും ചെറുപ്പകാലത്ത് അവരോടൊപ്പം ഉണ്ടായിരുന്ന കണിയാം പള്ളിയിലെ ജോസഫാണ് ജോസഫ് മാർ ഈവാനിയോസ്. ഇദ്ദേഹം കോട്ടയത്ത് വെച്ച് വലിയ മാർ ദിവന്നാസിയോസിൽ നിന്ന് (6-ാം മാർത്തോമ) ശെമ്മാശപട്ടവും കശീശ്ശപട്ടവും സ്വീകരിച്ചതിനു ശേഷമാണ് തൊഴിയൂരിലെ തന്റെ സഹപാഠികളുടെ അടുക്കലേയ്ക്ക് എത്തിയത് എന്ന് ചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. എ.ഡി. 1775ൽ അബ്രഹാം മാർ കൂറിലോസ് ബാവ ശക്തൻ തമ്പുരാന് എഴുതിയ രണ്ടാമത്തെ ഹർജി എഴുതി തയ്യാറാക്കിയത് ജോസഫ് മാർ ഈവാനിയോസ് ആണ്. (കേരളത്തിലെ നാസ്രാണികൾ :- പി.വി. മാത്യു വാല്യം 2 പേജ് 514)

****

ചീരൻ സഖറിയ മാർ പീലിക്സിനോസ് I

തൊഴിയൂർ സഭയിലെ മൂന്നാമത്തെ മെത്രാപ്പോലീത്ത 1807 – 1811

ഗീവർഗ്ഗീസ് മാർ കുറിലോസ് (ഇളയബാവ) തന്റെ സ്വന്തം നാട്ടിലേയ്ക്ക് വീണ്ടും തിരികെ പോകണമെന്ന ഉദ്ദേശത്തോടുകൂടിയാണ് ജോസഫ് മാർ ഈവാനിയോസിന് മെത്രാൻ സ്ഥാനം നല്കിയതെങ്കിലും, ജോസഫ് മാർ ഈവാനിയോസ് അധികം താമസിയാതെ കാലം ചെയ്തതിനാൽ 1807-ൽ ചീരൻ സ്ക്കറിയ കത്തനാർക്ക് മെത്രാൻ പദവി നല്കി. തൊഴിയൂർ ഭദ്രാസനത്തിന്റെ ഭരണം ഏല്പിച്ചു കൊടുത്ത് ഗീവർഗ്ഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത സ്വദേശത്തേയ്ക്ക് മടങ്ങുകയും, ശെമ്മാശന്മാരെ പഠിപ്പിക്കുന്നതിൽ വ്യാപൃതനാകുകയും ചെയ്തു. ചീരൻ സ്കറിയാ കത്തനാർ പെങ്ങാമുക്ക് സ്വദേശിയും, ആർത്താറ്റ് സെന്റ്മേരീസ് പള്ളി വികാരിയുമായിരുന്നു. ഗീവർഗ്ഗീസ് മാർ കൂറിലോസിന് പിൻഗാമിയെ വാഴിക്കുവാൻ ആഗ്രഹിച്ചപ്പോൾ ചീരൻ സ്ക്കറിയാ കത്തനാരെ നിശ്ചയിച്ചുവെങ്കിലും അദ്ദേഹം ശരീരം തളർന്ന് തന്റെ ഭവനത്തിൽ വിശ്രമത്തിലായിരുന്നു. എന്നാൽ ഗീവർഗ്ഗീസ് മാർ കുറിലോസ് തൊഴിയൂരിൽ നിന്നും മേനാവ് കൊടുത്തയച്ച് അതിൽ സ്ക്കറിയ ചീരൻ കത്തനാരെ തൊഴിയൂരിലേയ്ക്ക് കൊണ്ടു വരികയായിരുന്നു. മേനാവിൽ നിന്നും സ്വയം താഴെയിറങ്ങുവാൻ കഴിയാതിരുന്ന കശീശ്ശയോട് ഗീവർഗ്ഗീസ് മാർ കൂറിലോസ് (ഇളയ ബാവ) പ്രാർത്ഥിച്ചു കൊണ്ട് പറഞ്ഞു. മേനാവിൽ നിന്നും താഴെയിറങ്ങുവാൻ, അത്ഭുതകരമായി സ്ക്കറിയാ കത്തനാർ താഴെയിറങ്ങുകയും, ഗീവർഗ്ഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായെ വന്നു കാണുകയും ആ കരങ്ങൾ ചേർത്ത് പിടിക്കുകയും ചെയ്തു. പൂർണ്ണ സൗഖ്യം പ്രാപിച്ച സ്ക്കറിയാ ചീരൻ കശീശ്ശായ്ക്ക് മെത്രാപ്പോലീത്ത സ്ഥാനം നല്കികൊണ്ട് തന്റെ പിൻഗാമിയായി വാഴിക്കുകയും ചെയ്തു (വാമൊഴി വഴക്കം) (ലേഖകന്റെ സഹോദരി ഭർത്താവ് ശ്രീ പൈലപ്പൻ ചീരൻ) പെങ്ങാമുക്ക് സ്ക്കറിയാ മാർ പീലക്സിനോസ് മെത്രാപ്പോലീത്താ നാല് വർഷം സഭയെ ഭരിക്കുകയും 1811-ൽ ഈ ലോകവാസം വെടിയുകയും തൊഴിയൂർ ഭദ്രാസന പള്ളിയുടെ മദ്ബഹായിലെ തെക്ക് ഭാഗത്ത് കബറടക്കുകയും ചെയ്തു.

സ്ക്കറിയാ ചീരൻ കശീശ്ശായ്ക്ക് തളർച്ച ബാധിച്ച അവസ്ഥയിൽ നിന്നും സൗഖ്യം പ്രാപിച്ചതിന്റെ ഓർമ്മയ്ക്കായി, സ്ക്കറിയാ മാർ പീലക്സിനോസ് മെത്രാപ്പോലീത്തായുടെ ഓർമ്മദിവസം പെങ്ങാമുക്ക് ദേശക്കാരും, കുടുംബാംഗങ്ങളും മഞ്ഞകളറിലുള്ള അപ്പവുമായി തൊഴിയൂരിലെ സഭാ ആസ്ഥാനത്ത് വന്ന് കബറിക്കൽ പ്രാർത്ഥന സമർപ്പിച്ചു മടങ്ങുന്നു.

****

കിടങ്ങൻ ഗീവറുഗ്ഗീസ് മാർ പീലക്സിനോസ് II

തൊഴിയൂർ സഭയിലെ നാലാമത്തെ മെത്രാപ്പോലീത്ത 1811– 1829

മലങ്കരയുടെ രക്ഷാദീപം

1807-ൽ സ്ക്കറിയാ മാർ പീലക്സിനോസും 1809-ൽ 8-ാം മാർത്തോമായും മലങ്കരയിൽ ഭരണകർത്താക്കളായിരുന്നു. എന്നാൽ 8-ാം മാർത്തോമായുടെ മെത്രാഭിഷേകം ചോദ്യം ചെയ്യപ്പെടുകയും മലങ്കര സഭ വലിയൊരു പ്രക്ഷോഭത്തിലേയ്ക്ക് നീങ്ങുന്ന സാഹചര്യം ഉടലെടുക്കുകയും ചെയ്തപ്പോൾ ഉട്ടൂപ്പ് മല്പാനും, കായംകുളം ഫിലിപ്പോസ് റമ്പാനും ഇടപ്പെടുകയും കണ്ടനാട്ടുവെച്ച് യോഗം ചേർന്ന് താല്ക്കാലികമായി സഭ ശാന്തതയിൽ എത്തുകയും ചെയ്തു. ഈ പ്രയാസ കാലഘട്ടത്തിലാണ് 1811-ൽ സഖറിയാ മാർ പീലക്സിനോസ് ഒന്നാമൻ ഗീവർഗ്ഗീസ് മാർ പീലക്സിനോസ് രണ്ടാമനെ മെത്രാപ്പോലീത്തയായി വാഴിക്കുന്നത്.

ഗീവർഗ്ഗീസ് മാർ പീലക്സിനോസ് രണ്ടാൻ കുന്നംകുളത്ത് പ്രസിദ്ധമായ കിടങ്ങൻ തറവാട്ടിൽ നിന്നായിരുന്നു. ആർത്താറ്റ് വിശുദ്ധ കന്യകാ മറിയാമ്മിന്റെ നാമത്തിലുള്ള പള്ളി വികാരിയായിരുന്നു അദ്ദേഹം. (കേരളത്തിലെ നസ്രാണി ക്രിസ്ത്യാനികൾ വാല്യം - 2 പേജ് 163 പി.വി. മാത്യു) ഇദ്ദേഹത്തിന്റെ ഭരണകാലഘട്ടത്തിലാണ് 8-ാം മാർത്തോമായുടെ ഉപദേശകരിൽ ഒരാളായ പുലിക്കോട്ടിൽ ഉട്ടൂപ്പ് റമ്പാൻ കൊല്ലത്ത് താമസമാക്കിയിരുന്ന കേണൽ മൺട്രോയെ സ്വാധീനിച്ച് വട്ടിപണത്തിന്റെ 4 കൊല്ലത്തെ പലിശയായ 3360/ രൂപ വാങ്ങിച്ചു കൊണ്ട് കോട്ടയത്ത് 1814-ൽ സർക്കാരിൽ നിന്നും (തിരുവിതാംകൂറിന്റെ റാണി ലക്ഷ്മിഭായിയിൽ നിന്നും) ദാനമായി കിട്ടിയ 16 ഏക്കർ സ്ഥലത്ത് സെമിനാരി പണിയുവാൻ ആരംഭിച്ചത്. (മലങ്കര നാസ്രാണികൾ പാറോട്ട് വാല്യം 3 പേജ് 124,125) എന്നാൽ ഇതിൽ കുപിതനായ 8-ാം മാർത്തോമ ഉട്ടൂപ്പ് റമ്പാനെ അവഗണിക്കുവാൻ തുടങ്ങി. അതേ സമയം ആർത്താറ്റ് പള്ളിയിലെ വികാരിയായിരുന്ന തൊഴിയൂരിൽ മെത്രാപ്പോലീത്തയായി അഭിഷേകം ചെയ്ത ഗീവർഗ്ഗീസു മാർ പീലക്സിനോസ്, മല്പാന്റെ ഉറ്റസുഹൃത്തും, സഹചാരിയുമായിരുന്നു. മലങ്കരസഭയുടെ നിലനില്പിന് ഉട്ടൂപ്പ് റമ്പാൻ മെത്രാൻ സ്ഥാനം സ്വീകരിക്കേണ്ടത് ആവശ്യമാണെന്നു മനസ്സിലാക്കിയ മെത്രാപ്പോലീത്ത ഗീവർഗ്ഗീസ് മാർ പീലക്സിനോസ് ഉട്ടൂപ്പ് റമ്പാനെ 1815 മാർച്ച് 21-ാം തിയ്യതി ജോസഫ് മാർ ദിവന്നാസിയോസ് എന്ന പേരിൽ മെത്രാനായി വാഴിച്ചു. ആർത്താറ്റ് പള്ളിയുടെ കീഴിൽ ഉണ്ടായിരുന്ന പഴഞ്ഞി സെന്റ് മേരിസ് പള്ളിയിൽ വെച്ചായിരുന്നു സ്ഥാനാഭിഷേകം. മെത്രാൻ സ്ഥാനലബ്ദിക്ക് ശേഷം ജോസഫ് മാർ ദിവന്നാസിയോസ് II കൊല്ലത്ത് താമസമാക്കിയിരുന്ന കേണൽ മൺട്രോ സായിപ്പിന്റെ അടുക്കൽ ചെല്ലുകയും അല്പകാലം അവിടെ താമസിക്കുകയും 8-ാം മാർത്തോമയെ പറ്റിയുള്ള പരാതികൾ ബോധിപ്പിക്കുകയും ചെയ്തു. തൽഫലമായി തിരുവിതാംകൂറ്, കൊച്ചി രാജാക്കന്മാരുടെ രാജകീയ വിളംബരവും, അംഗീകാരവും നേടിയെടുക്കാൻ മാർ ദിവന്നാസിയോസിന് സാധിക്കുകയും 8-ാം മാർത്തോമയ്ക്ക് ഭരണം നഷ്ടപ്പെടുകയും ചെയ്തു.

മാർ ദിവന്നാസിയോസ് II മലങ്കര സഭയുടെ ഭരണം ഏറ്റെടുത്തെങ്കിലും തൊഴിയൂർ ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തയും തനിക്ക് മെത്രാൻ സ്ഥാനം നല്കിയതുമായ ഗീവർഗ്ഗീസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്തായുടെ ആലോചനയോടെയും തീരുമാനങ്ങളോടെയുമായിരുന്നു ഭരണം നടത്തിയിരുന്നത്. 1815-ൽ തന്നെ സെമിനാരി കൂദാശ ചെയ്യുന്നതിലും ഗീവർഗ്ഗീസ് മാർ പീലക്സിനോസും ജോസഫ് മാർ ദിവന്നാസിയോസും ഒരുമിച്ചായിരുന്നു. തുടർന്നും സെമിനാരി നടത്തിപ്പിലും മറ്റും ഗീവർഗ്ഗീസ് മാർ പീലക്സീനോസിന്റെ സഹായം ഉണ്ടായിരുന്നു. മാർ പീലക്സീനോസ് ഇടയ്ക്കിടെ സെമിനാരി സന്ദർശിക്കുകയും, അവിടെ താമസിക്കുകയും ചെയ്യുക പതിവായിരുന്നു. കേരളത്തിൽ ആദ്യമായി ഇംഗ്ലീഷ് വിദ്യാഭ്യാസം ആരംഭിച്ചതും കോട്ടയം പഴയസെമിനാരിയിലാണ്. മാത്രമല്ല മലങ്കര സഭയുടെ ഭരണ സിരാകേന്ദ്രവും പഴയ സെമിനാരി തന്നെയായിരുന്നു.

പുലിക്കോട്ടിൽ മാർ ദിവന്നാസിയോസ് രണ്ടാമന്റെ കാലശേഷം തെക്ക് മലങ്കരയിൽ മെത്രാനില്ലാത്ത സാഹചര്യം ഉടലെടുത്തു. മാർദിവാന്നാസിയോസ് II ന്റെ കാലത്ത് തന്നെ കേണൽ മൺട്രോയുടെ താല്പര്യപ്രകാരം ചർച്ച് മിഷ്യൻ സൊസൈറ്റി (CMS) ആദ്യമായി ഒരു മിഷ്യനറിയെ കേരളത്തിലേയ്ക്ക് അയച്ചിരുന്നു. അദ്ദേഹമാണ് റവ:തോമസ്സ് നോർട്ടൻ. 1816-ൽ ആണ് റവ. നോർട്ടൻ മലങ്കരയിലെത്തി ആലപ്പുഴയിൽ താമസമാക്കുന്നത്. ഇദ്ദേഹം സെമിനാരിയുടെ കാര്യത്തിൽ സഹായകനായി പ്രവർത്തിച്ചിരുന്നു. മലങ്കരയുടെ ഈ അവസ്ഥയിൽ റവ.നോർട്ടൻ വളരെ താല്പര്യത്തോടെ തുടർന്നുള്ള കാര്യങ്ങൾക്ക് വേണ്ടി ഉൽസാഹിക്കുകയും, CMS സെക്രട്ടറിയ്ക്ക് കത്തയ്ക്കുകയും ചെയ്തു നോർട്ടൻ എഴുതിയ കത്ത് ഗീവർഗ്ഗീസ് മാർ പീലക്സിനോസ് (കിടങ്ങൻ) മെത്രാപ്പോലീത്തായെപറ്റി കൂടുതൽ മനസ്സിലാക്കുവാൻ വളരെ സഹായകമാണ്.

ഇപ്രകാരമമാണ് തൊഴിയൂരിലെ ഗീവർഗ്ഗീസ് മാർ പീലക്സിനോസ് മലങ്കര മെത്രാപ്പോലീത്ത പദവി വഹിക്കുന്നതും തുടർന്ന് രാജകീയ വിളംബരം പുറപ്പെടുവിക്കുന്നതും. രാജകീയ വിളംബരം”.... ഗീവർഗ്ഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായെ, മലങ്കര ഇടവകയിലെ പുത്തൻകൂർ നസ്രാണികൾ എല്ലാവരും പീലക്സിനോസ് മെത്രാന്റെ ആജ്ഞകൾ അനുസരിക്കേണ്ടതാണ് എന്ന് ഇതിനാൽ അറിയിച്ചിരിക്കുന്നു. (992 ധനു 26-ാനു)

ഇപ്രകാരം മലങ്കര മെത്രാപ്പോലിത്തയായ ഗീവർഗ്ഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്ത മലങ്കര സഭയക്ക് ശക്തമായ നേതൃത്വമാണ് നല്കിയത് എങ്കിലും തെക്ക് മലങ്കരയ്ക്ക് ഒരു മെത്രാപ്പോലീത്ത ആവശ്യമാണെന്ന് മാർ പീലക്സീനോസും, വിദേശ പാതിരിമാരും, കേണൽ മൺട്രോയും ആലോചിച്ചുറച്ചതിന്റെ വെളിച്ചത്തിൽ കാര്യപ്രാപ്തിയും, യോഗ്യതയും, ജനപ്രീതിയുള്ളവനുമായ കോട്ടയത്തുകാരൻ പുന്നത്ര കുര്യൻ കത്തനാരെ 1817 - ൽ അർക്കാംദിയാക്കോൻ ആയി (Arch Deacon) നിയമിച്ചു. ഏതാണ്ട് ഏട്ട് മാസത്തിനുശേഷം പുന്നത്ര കൂര്യൻ കത്തനാരെ പുന്നത്ര ഗീവർഗ്ഗീസ് മാർ ദിവന്നാസിയോസ് മൂന്നാമൻ എന്ന നാമത്തിൽ 1817 ഒക്ടോബറിൽ വാഴിക്കുകയും മാർ പീലക്സിനോസ് തന്റെ ആസ്ഥാനമായ തൊഴിയൂരിലേയ്ക്ക് മടങ്ങുകയും ചെയ്തു. പുന്നത്ര മാർ ദിവന്നാസിയോസും മാർ പീലക്സീനോസ് മെത്രാപ്പോലീത്തായുടെ സഫ്രഗൻ എന്ന നിലയിൽ പ്രവർത്തിക്കുകയായിരുന്നു. മാർ പിലക്സിനോസും മാർ ദിവന്നാസിയോസും വളരെ സൗഹാർദ പരമായും, ആദരവോടെയും സഭയെ ഭരിച്ചിരുന്ന കാലം. മിഷനറിമാരുടെ സേവനം സഭയുടെ പുരോഗതിക്ക് ആവശ്യമാണെന്ന് രണ്ടുപേരും വിശ്വസിച്ചു. അതിൻവണ്ണം സെമിനാരിയിൽ ഇംഗ്ലീഷ് പഠിപ്പിക്കുന്നതിനായി മിഷനറി സായിപ്പുമാർ വന്നിരുന്നു. സഭയുടെ യശ്ശസ്സുയർത്തുവാൻ പരിശ്രമിച്ചിരുന്ന വേളയിലാണ്, തന്റെ 40 - ാം മത്തെ വയസ്സിൽ കോളറ ബാധിച്ച് 1825 മേയ് മാസം 16 ന് പുന്നത്ര മാർ ഗീവർഗ്ഗീസ് മാർ ദിവന്നാസിയോസ് മൂന്നാമൻ ഇഹലോക വാസം വെടിഞ്ഞത്. തൊഴിയൂരിൽ തന്റെ ആസ്ഥാനത്ത് വസിച്ചിരുന്ന മലങ്കര മെത്രാപ്പോലീത്ത ഗീവർഗ്ഗീസ് മാർ പീലക്സിനോസ് വീണ്ടും മലങ്കരയിൽ എത്തുകയും തെക്ക് മലങ്കരയുടെ അഭിവൃദ്ധിക്കായി പ്രവർത്തിക്കുകയും ചെയ്തു. ഇക്കാലഘട്ടത്തിൽ മലങ്കരദേശത്തിന് പുന്നത്ര ഗീവർഗ്ഗീസ് മാർ ദിവന്നാസിയോസിന് പിൻഗാമിയായി ഒരു മെത്രാനെ വാഴിക്കണമെന്ന് നിശ്ചയിക്കുകയും അതിൻ വണ്ണം 4 വൈദീകരുടെ പേരുകൾ തിരഞ്ഞെടുക്കുകയും ചെയ്തു. തുടർന്ന് ആർക്കാണ് സ്ഥാനം നൽകേണ്ടതെന്ന് തീരുമാനിക്കുവാൻ 4 പേരുടേയും പേരുകൾ എഴുതി ചീട്ടിടുകയും അതിൽ ചേപ്പാട്ട് ഫിലിപ്പോസ് മൽപാന്റെ പേർ ലഭിക്കുകയും ചെയ്തു. അപ്രകാരം ചേപ്പാട്ട് ഫിലിപ്പോസ് മല്പാനെ കോട്ടയം ചെറിയ പള്ളിയിൽ വെച്ച് ഗീവർഗ്ഗീസ് മാർ ഫീലക്സിനോസ് മെത്രാപ്പോലീത്ത (കിടങ്ങൻ), ഫിലിപ്പോസ് മാർ ദിവന്നാസിയോസ് നാലാമൻ എന്ന പേരിൽ മെത്രാനായി വാഴിച്ചു. ഏകദേശം ഒന്നര വർഷക്കാലം മലങ്കര മെത്രാപ്പോലീത്ത പദവിയിൽ ഭരണം നിർവഹിച്ചശേഷം ഗീവർഗ്ഗീസ് മാർ ഫിലക്സിനോസ് തന്റെ ആസ്ഥനമായ തൊഴിയൂരിലേയ്ക്ക് മടങ്ങി. തൊഴിയൂരിലേയ്ക്ക് മടങ്ങിയ മാർ പീലക്സിനോസും, ചേപ്പാട് മാർ ദിവന്നാസിയോസും, വളരെ സ്നേഹത്തിൽ തന്നെ മലങ്കരയെ ഭരിക്കുകയും ചെയ്തു വന്നു. മാർ പീലക്സിനോസിന്റെ സഫ്രഗനായോ, സഹായകനായോ ആയിരുന്നു ചേപ്പാട് മാർ ദിവന്നാസിയോസിന്റെയും ഭരണം. "നസ്രാണികളും, ക്നാനായ തെക്കും ഭാഗക്കാരിലെ ഒരു വിഭാഗവും അടങ്ങുന്ന മലങ്കരസഭയെ, സീനിയർ മെത്രാപ്പോലിത്തയായി കിടങ്ങൻ ഗീവർഗ്ഗീസ് മാർ ഫീലക്സിനോസ് രണ്ടാമനും, സഫ്രഗനായി ചേപ്പാട് ഫിലിപ്പോസ് മാർ ദിവന്നസിയോസ് നാലമനും കൂടി രാജകീയ വിളംബരത്തിന്റെ പിൻബലത്തോടെ മലങ്കരയെ ഭരിച്ചു വരുമ്പോൾ പരദേശത്തു നിന്ന് മാർ അത്താനാസ്സിയോസ് എന്നൊരു മെത്രാനും, അബ്രഹാം എന്നൊരു റമ്പാനും കൂടി കൊച്ചിയിൽ വന്നു. 1825 ൽ അന്ത്യോഖ്യ പാത്രിയർക്കീസിന്റെ നിയോഗ പ്രകാരമാണ് ഇവർ മലങ്കരയിൽ എത്തിയത്". (കേരളത്തിലെ നസ്രാണി ക്രിസ്ത്യാനികൾ വാല്യം - 2 പി.വി. മാത്യു പേജ് 231)

എന്നാൽ മാർ അത്താനാസിയോസിന്റെ വരവ് മലങ്കരയിൽ അസ്വസ്തത ഉളവാക്കുവാനേ കാരണമായുള്ളു. സിറിയയിൽ നിന്നും വന്ന മാർ അത്താനാസിയോസിന്റെ സ്ഥാത്തിക്കോൻ വായിച്ചു കേൾപ്പിക്കുന്നതിനായി ഒരു യോഗം കൂടുവാൻ മലങ്കരയുടെ കിടങ്ങൻ മാർ പീലക്സിനോസ് കല്പന പുറപ്പെടുവിക്കുകയും ആയതനുസരിച്ച് കോട്ടയം ചെറിയ പള്ളിയിൽ വെച്ച് യോഗം ചേരുകയും സ്ഥാത്തിക്കോൻ കോണാട്ട് മല്പാൻ വായിക്കുകയും, പാലകുന്നത്ത് കത്തനാർ തർജ്ജമ ചെയ്യുകയും ചെയ്തു. തുടർന്നു പരദേശമെത്രാനെ ഓക്സിയോസ് ചൊല്ലി സ്വീകരിച്ചു. എന്നാൽ വിദേശ മെത്രാൻ നിലവിലുള്ള മാർ പീലക്സിനോസിന്റെയും, മാർ ദിവാന്നാസിയോസിന്റെയും, പട്ടത്വം ശരിയല്ലെന്ന് പറഞ്ഞ് ശത്രുതയുടെ വാളെടുത്തു മാർ പിലക്സിനോസിന്റെയും, മാർ ദിവന്നാസിയോസിന്റെയും, അംശവസ്ത്രങ്ങളും, വടി,മുടി, സ്ലീബയും ഏല്പിച്ച് മെത്രപ്പോലീത്ത സ്ഥാനത്തു നിന്നും നീക്കുവാൻ മാർ അത്താനാസിയോസ് ഒരുങ്ങുകയും ചെയ്തു. എന്നാൽ കിടങ്ങൻ മാർ പിലക്സിനോസിന്റെയും, സഫ്രഗൻ ചേപ്പാട്ട് ഫിലിപ്പോസ് മാർ ദിവന്നാസിയോസിന്റെയും ശക്തമായ ഇടപ്പെടലും, നേതൃത്വവും മലങ്കരയെ ഉലയുവാൻ അനുവദിച്ചില്ല. മലങ്കരയുടെ തലസ്ഥാനമായ പഴയ സെമിനാരിയിൽ വെച്ച് മാർ പീലക്സിനോസിനെ അപമാനിക്കാൻ ശ്രമിച്ച മാർ അത്താനാസിയോസിനെ സെമിനാരിയിലുണ്ടായിരുന്ന മിഷനറി മി. ഫെൻ തടയുകയായിരുന്നു. ജനസമ്മതരായിരുന്ന മെത്രാന്മാർക്കെതിരെ പ്രവർത്തിക്കുവാൻ മഹാ അഹങ്കാരിയായ അത്തനാസിയോസ് ശ്രമിച്ചപ്പോൾ അധികാരികൾ ഇടപ്പെടുകയും 1826 - ൽ ഒരു തുർക്കി കപ്പലിൽ മാർ അത്താനാസിയോസിനെ നാടുകടത്തുകയും ചെയ്തു.

(സഭാചരിത്രം ഫാദർ കെ.സി. വർഗ്ഗീസ് പേജ് 65)

1829-ൽ ഫെബ്രുവരി 7-ാം തിയ്യതി ഗീവർഗ്ഗീസ് മാർ പിലക്സിനോസ് കാലം ചെയ്യുന്നത് വരേയും അദ്ദേഹം മലങ്കര മെത്രാപ്പോലീത്തതന്നെയായിരുന്നു. ഇദ്ദേഹത്തിന്റെ മരണത്തിനുശേഷം സഫ്രഗനായ ചേപ്പാട് ഫിലിപ്പോസ് മാർ ദിവന്നാസിയോസിനെ മലങ്കര മെത്രാപ്പോലീത്തയായി രാജ വിളംബരം പുറപ്പെടുവിച്ചു. ഗീവർഗ്ഗീസ് മാർ പീലക്സി നോസ് രണ്ടാമൻ സഹിഷ്ണുതാപൂർവ്വമായ കാരുണ്യത്തി ന്റെയും ഭക്തിയുടേയും, സുഗന്ധം അവശേഷിപ്പിച്ചു കൊണ്ടാണ് കാലം ചെയ്തത്. മിഷനറിമാരുടേയും, മുഴുവൻ സുറിയാനി സമുദായത്തിന്റെയും ആദരവ് കിടങ്ങൻ ഗീവർഗ്ഗീസ് മാർ പീലക്സിനോസിനുണ്ടായിരുന്നു. (വിസ്മൃ തരായ പിതാക്കന്മാർ ഡോ.ജോൺഫെൻവിക് പേജ് 348) മലങ്കരയുടെ തെക്കും വടക്കും ഉള്ള രണ്ട് ഭരണകേന്ദ്രങ്ങ ളിലും, അതീവ സന്തുഷ്ടിയും സമാധാനവും ഉണ്ടായിരുന്ന കാലഘട്ടമായിരുന്നു അത്. മാർ പീലക്സിനോസിന്റെ കബ റടക്കം വമ്പിച്ച ജനാവലിയുടെ സാന്നിദ്ധ്യത്തിൽ തൊഴിയൂർ ഭദ്രാസന പള്ളിയുടെ മദ്ബഹായുടെ തെക്ക് വശത്ത് പിതാ ക്കൻന്മാരുടെ കല്ലറയിൽ ആയിരുന്നു.

****

ഗീവർഗ്ഗീസ് മാർ കൂറിലോസ് (കൂത്തൂരെ) മൂന്നാമൻ
തൊഴിയൂർ സഭയിലെ അഞ്ചാമത്തെ മെത്രാപ്പോലീത്ത 1829 – 1856

മലങ്കരയിലേയ്ക്ക് തിരിച്ചു പോയ ചേപ്പാട് മാർ ദിവന്നാ സിയോസും, തൊഴിയൂരെ ഗീവർഗ്ഗീസ് മാർകൂറിലോസും വളരെ അടുത്ത സാഹോദര്യ ബന്ധത്തിൽ ആയിരുന്നു. പരസ്പരം ആലോചിച്ചും, തീരുമാനിച്ചും സഭാ ഭരണം മുന്നോട്ടു പോയി. എന്നാൽ ഈ സമാധാനകാലഘട്ടത്തെ തകിടം മറിക്കുവാൻ മിഷനറിമാരുടെ പ്രവർത്തനങ്ങൾ ഇട യാക്കിത്തീർത്തു. നവീകരണ ശ്രമങ്ങളുമായി മിഷനറിമാർ ഇടവകകളിൽ സ്ഥാനം ഉറപ്പിക്കാൻ ശ്രമിച്ചതിന്റെ ഫലമായി 1836 ജനുവരി 16 ന് ചേപ്പാട് മാർ ദിവന്നാസിയോസ് മാവേ ലിക്കര പുതിയകാവ് പള്ളിയിൽ ഒരു സുന്നഹദോസ് ചേർന്നു. മുൻപ് മൺറോയും, സി.എം എസ് മിഷനറിമാരും വളരെ ഉയർന്ന് ചിന്തിക്കുകയും, പ്രവർത്തിക്കുകയും ചെയ്തത് മലങ്കരയുടെ ഉയർച്ചക്ക് കാരണമായെങ്കിൽ പിന്നീട് ഇവരുടെ പിൻഗാമികൾ നവീകരണങ്ങളുമായി മലങ്കരയുടെ വിശ്വാസ ആചാരങ്ങളെ ഉപേക്ഷിക്കാൻ നിർബ ന്ധിക്കുകയായിരുന്നു. എന്നാൽ മാവേലിക്കരയിൽ ചേർന്ന സുന്നഹദോസിൽ അദ്ധ്യക്ഷത വഹിച്ച ചേപ്പാട് മാർ ദിവന്നാ സിയോസും, അവിടെ സന്നിഹിതനായിരുന്ന ഗീവർഗ്ഗീസ് മാർ കൂറിലോസും നവീകരണക്കാരുടെ നിലപാടുകളെ യും, ശ്രമങ്ങളെയും പൂർണ്ണമായും എതിർക്കുകയും നിരാ കരിക്കുകയും ചെയ്തു. ബിഷപ്പ് വിൽസന്റെ പ്രസംഗം പരിഭാഷപ്പെടുത്തിയത് മാർ കൂറിലോസായിരുന്നു. മിഷന റിമാരോടൊപ്പം പ്രവർത്തിച്ചപ്പോൾ ഉണ്ടായ സ്വത്തുക്കൾ ഭാഗം വെയ്ക്കുകയുണ്ടായി. ഈ മിഷനറിമാരോടൊപ്പം പോയ ഒരു വിഭാഗമാണ് ആംഗ്ലീക്കൻ സഭ. ഈ യോഗതീരു മാനങ്ങളെയാണ് മാവേലിക്കര പടിയോല എന്ന് വിളിക്കപ്പെ ടുന്നത്. ഗീവർഗ്ഗീസ് മാർ കൂറിലോസിനെ ചേപ്പാട് മാർ ദിവന്നാസിയോസ് വാഴിച്ചതോട് കൂടി അതുവരേയും ഉള്ള തിന്റെ വ്യത്യസ്തയിലേയ്ക്ക് കാര്യങ്ങൾ നീങ്ങിയത് വ്യക്ത മാകുന്നു. കാരണം കിടങ്ങൻ മാർ പീലക്സിനോസിന്റെ ഒസ്യത്ത് പ്രകാരം വടക്ക് തൊഴിയൂരിലെ ഭദ്രാസനത്തിന് ഒരു സ്വതന്ത്രകാഴ്ചപാട് തന്നെ വന്നു ചേർന്നു. ഒരിക്കലും ഈ വിഭാഗം മറ്റൊന്നിലും ലയിക്കത്തക്കതല്ല എന്ന് വ്യക്ത മാക്കുന്നതാണ് ഈ നടപടികൾ എല്ലാം. പുത്തൻ കൂറ്റു ക്കാർക്കിടയിൽ ഒരു സ്വതന്ത്ര ഭദ്രാസനം അതുവരേയും ഉണ്ടായിരുന്നില്ല. ഒരു പ്രത്യേക വിഭാഗത്തിനു വേണ്ടി ഒരു മെത്രാനെ വാഴിക്കുന്നത് മലങ്കരയിലെ ആദ്യ നടപടിയായി രുന്നു. പിന്നീടുള്ള സഭയുടെ ചരിത്രഗതി നോക്കുമ്പോൾ ഈ നടപടി മലബാർ സ്വതന്ത്രസുറിയാനി സഭയുടെ അസ്തി ത്വത്തിലേയ്ക്ക് വിരൽ ചൂണ്ടുന്നതായി കാണുന്നു. സത്യ ത്തിൽ ഇന്ത്യൻ സഭകളിൽ വിദേശവും, തദ്ദേശവുമായ, ആശ്രി തത്വത്തെ ഇല്ലായ്മ ചെയ്യുവാൻ കാരണമാക്കുകയും എന്നും സ്വന്തമായ നിലപാടുകളിൽ ഇൻഡ്യയുടെ സ്വതന്ത്രസഭയായി നിലകൊള്ളുവാനുള്ള കാൽ വെയ്പായി തീരുവാനും ഇട വന്നു. സുപ്രസിദ്ധമായ പലവഴികളിലൂടെയും സഞ്ചരിച്ച് സഭയെ ശക്തമായ നേതൃത്വത്തിൽ മുന്നോട്ട് നയിച്ച ഗീവർഗ്ഗീസ് മാർ കൂറിലോസ് നാലാമൻ ആഡംബരമില്ലാതെ, വളരെ എളിമയോടെയാണ് ജീവിച്ചിരുന്നത്. സഭയ്ക്ക് മുൻപ് ലഭിച്ച തെങ്ങിൻ തോപ്പിനു പുറമെ ഭദ്രാസന പള്ളി യോടു ചേർന്ന് വടക്കും, പടിഞ്ഞാറും കിടക്കുന്ന തെങ്ങിൻ തോപ്പുകൾ സമ്പാദിക്കുവാനും മെത്രാപ്പോലീത്തയ്ക്ക് കഴി ഞ്ഞു. 27 വർഷകാലം സഭാ നൗകയെ മുന്നോട്ട് നയിച്ച ഗീവർഗ്ഗീസ് മാർ കൂറിലോസ് മൂന്നാമൻ മെത്രാപ്പോലീത്ത 1856 ജൂൺ 16-ാംൻ ഈ ലോകത്ത് നിന്നും ദൈവസന്നി ധിയലേയ്ക്ക് യാത്രയായി. തൊഴിയൂർ ഭദ്രാസനപള്ളിയുടെ മദ്ബഹായിൽ തെക്ക് വശത്തെ പിതാക്കന്മാരുടെ കബറിട ത്തിൽ കബറടക്കി.

****

ആലത്തൂര് യൗസേഫ് മാർ കൂറിലോസ് (നാലാമൻ)
തൊഴിയൂർ സഭയിലെ ആറാമത്തെ മെത്രാപ്പോലീത്ത

1856 ജൂൺ 16-ാം തിയ്യതി തൊഴിയൂരിൽ ഗീവർഗ്ഗീസ് മാർകൂറിലോസ് കാലം ചെയ്തു. തന്റെ പിൻഗാമിയെ വാഴി ക്കാതെയാണ് ഗീവർഗ്ഗീസ് മാർകൂറിലോസ് മെത്രാപ്പോലീത്ത കാലം ചെയ്തത്. മലങ്കരയുടെ തൊഴിയൂർ സിംഹാസന ത്തിലേയ്ക്ക് മെത്രപ്പോലീത്തായെ വാഴിക്കേണ്ടത് മലങ്കര യുടെ തന്നെ സിംഹാസനത്തിലെ ചേപ്പാട് മാർ ദിവന്നാസി യോസിന്റെ പിൻഗാമിയാണ്. എന്നാൽ മലങ്കരയിലെ സ്ഥിതി

വളരെ ദയനീയമായിരുന്നു. മലങ്കരയിലെ പ്രധാനിയായ പാലകുന്നത്ത് അബ്രഹാം മൽപാൻ സുറിയാനി സഭയിലെ നവീകരണത്തിന്റെ നേതാവായിരുന്നു. ഇദ്ദേഹത്തിന് 16-ാം വയസ്സിൽ 8-ാം മാർത്തോമയാണ് കശീശ പട്ടം കൊടുത്തത്. അബ്രഹാം മല്പാനും, പുന്നത്ര മാർ ദിവന്നാസിയോസ് മൂന്നാമനും തമ്മിലുള്ള കലഹം ശക്തമായിരുന്നു. ഈ കാലഘട്ടത്തിൽ അബ്രഹാം മൽപാൻ തന്റെ അനന്തിരവനായ മാത്യൂസ് ശെമ്മാശനെ പാത്രിയർക്കിസിന്റെ അടുക്കലേയ്ക്ക് പറഞ്ഞയക്കുകയും 1842-ൽ മാത്യൂസ് മാർ അത്താനാസിയോസ് എന്ന പേരിൽ മെത്രാനായി തിരികെ വരികയും ചെയ്തു. (ഒരു പാത്രികയർക്കിസ് നേരിട്ട് ഒരിന്ത്യക്കാരനെ വാഴിക്കുന്നത് ആദ്യമാണ്) മാത്യൂസ് മാർ അത്താനാസിയോസിനെ മലങ്കരയും, കത്തോലിക്കരും നിയമാനുസൃതമായ മെത്രാനായി അംഗീകരിക്കുന്നുണ്ട്. അബ്രഹാം മൽപ്പാന്റെ ഇംഗിതത്തിനു വഴങ്ങി നവീകരണത്തിനു കൂട്ടു നില്ക്കണമെന്നാണ് മല്പാൻ കരുതിയത്. എന്നാൽ മാർ അത്താനാസിയോസ് തന്റെ വിശ്വാസതീഷ്ണതയിൽ തന്നെ നിലകൊണ്ടു. ചേപ്പാട് മാർ ദിവാന്നാസിയോസ് 4-ാമനും മാത്യൂസ് മാർ അത്താനാസിയോസും തമ്മിൽ മലങ്കരയിൽ ഭരണ സംബന്ധമായ തർക്കം നിലനില്ക്കുമ്പോൾ, മാർ അത്താനാസിയോസ് പുത്തൻ കൂറുകാരുടെ തക്സ തന്നെ ഉപയോഗിച്ച് കുർബാന അർപ്പിക്കുകയും താൻ ഇപ്പോഴും നവീകരണക്കാരനല്ലെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തുകയും ചെയ്തിരുന്നു. ഇതിന്റെ ഫലമായി മാർ അത്താനാസിയോസിന് ജനങ്ങളുടേയും, ബ്രിട്ടീഷ് അധികാരികളുടേയും പിന്തുണ ഉള്ളതിനാൽ മലങ്കരയുടെ ഭരണം മാർ അത്തനാസിയോസിൽ തന്നെയായിരുന്നു. എന്നാൽ ഈ തർക്കങ്ങളുടെ ഇടയിൽ ചേപ്പാട് മാർ ദിവന്നാസിയോസ് നാലാമൻ അന്ത്യോഖ്യ പാത്രീയർക്കീസിനോട് തന്റെ അവസ്ഥയെ പറ്റി അറിയിക്കുകയും, മാർ അത്താനാസിയോസിനെതിരെ പരാതിപ്പെടുകയും ചെയ്തു. ഇതിന്റെ ഫലമായി പാത്രീയർക്കീസ് മാർ ദിവന്നാസിയോസിനെ സഹായിച്ച് അധികാരങ്ങൾ തന്റെ കൈക്കാലാക്കുകയും മാർ അത്താനസിയോസിനെ മുടക്കുകയും ചെയ്യുന്നു. മാത്രമല്ല തന്റെ പ്രതിനിധിയായി 1846-ൽ അന്തോക്യയിൽ നിന്നും യൂയാക്കീം മാർ കൂറിലോസിനെ മലങ്കരയിലേയ്ക്ക് അയക്കുകയും ചെയ്തു. മലങ്കര സഭയ്ക്ക് ഈ പ്രവൃത്തിമൂലം കൂടുതൽ പ്രശ്നങ്ങൾ ഉളവാകുകയാണുണ്ടായത്. തദ്ദേശീയരായ മെത്രപ്പോലീത്തമാർ മാത്രം മലങ്കരയിൽ വാഴുമ്പോൾ ആയിരുന്നു അന്ത്യോക്യൻ പ്രതിനിധി യൂയാക്കിം മാർകൂറിലോസ് മലങ്കരയിൽ എത്തുന്നത്. ചേപ്പാട് മാർ ദിവന്നാസിയോസ് നാലാമനും, അന്ത്യോക്യൻ പാത്രിയർക്കീസും തമ്മിലുള്ള ഉടമ്പടിയുടെ അടിസ്ഥാനത്തിൽ 1846-ൽ മലങ്കര മെത്രാപ്പോലീത്താ സ്ഥാനം യൂയാക്കീം മാർ കൂറിലോസിന്, ചേപ്പാട് മാർ ദിവന്നാസിയോസ് ഏല്പിച്ചു കൊടുക്കുകയും, പഴയ സെമിനാരിയിൽ നിന്നും അദ്ദേഹം ചേപ്പാട് മാറി താമസിക്കുകയും ചെയ്തു. (മലങ്കര ഓർത്തഡോക്സ് സഭ, വിശ്വാസ പാരമ്പര്യം പേജ് 61 തോമസ് പോൾ) എന്നാൽ ഇതേ സമയം പാത്രിയർക്കീസിന്റെ മുടക്കിനെതിരെ മാത്യൂസ് മാർ അത്തനാസിയോസ് ബ്രീട്ടീഷുകമ്പനിയുടെ പിന്തുണയോടെ കൊല്ലം കോടതിയെ സമീപിക്കുകയും ചെയ്തു.

1848-ലെ കോടതി വിധി മാർ അത്താനാസിയോസിനു അനുകൂലമായതിനാൽ മലങ്കര മെത്രാപ്പോലീത്താ സ്ഥാനം മാത്യൂസ് മാർ അത്താനാസിയോസിനു ലഭിക്കുകയും, മലങ്കരയുടെ ഔദ്യോഗിക മെത്രാപ്പോലീത്തയായി ഭരണം നടത്തുകയും ചെയ്തുവന്നു. ഈ കാലഘട്ടത്തിലാണ് തൊഴിയൂരിന്റെ ഗീവർഗ്ഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത കാലം ചെയ്യുന്നത്. അതുവരെയുള്ള സഭയുടെ നടപടി ക്രമമനുസരിച്ച് മലങ്കര മെത്രാപ്പോലീത്ത ആരാണോ അവർ തൊഴിയൂരിന് മെത്രപ്പോലീത്തായെ വാഴിക്കേണ്ടതാണ്. തൊഴിയൂർ സിംഹാസനത്തിലെ വിശ്വാസികളും, അതായത് ആർത്താറ്റ് പഴഞ്ഞി കുന്നംകുളം ഇടവകകളിലെ വൈദീകരും ജനങ്ങളും ആർത്താറ്റ് സെന്റ് മേരീസ് പള്ളി വികാരിയായിരുന്ന ആലത്തൂര് ജോസഫ് കത്തനാരെ തൊഴിയൂരിലെ മെത്രാപ്പോലീത്തയാക്കുവാൻ മലങ്കര മെത്രാപ്പോലീത്തയായിരുന്ന മാത്യൂസ് മാർ അത്താനാസിയോസിനോട് ആവശ്യപ്പെടുകയും ചെയ്തു. പക്ഷെ ഒരു വിഘടിത വിഭാഗം മറ്റൊരു കശീശായെ (കോലാടി ചാക്കൂണ്ണി കശീശ്ശ, ഫാദർ കെ. സി. വർഗ്ഗീസ് സഭാചരിത്രം പേജ് 74) മെത്രാനാക്കണമെന്ന് യൂയാക്കീം മാർ കൂറിലോസിനോടും ആവശ്യപ്പെട്ടു. മലങ്കരയുടെ ഭരണം നഷ്ടപ്പെട്ട യൂയാക്കീം മാർ കൂറിലോസിന്, മാർ അത്തനാസിയോസിനോട് ഏറ്റുമുട്ടുവാൻ ഇതൊരവസരമായി മാറി. എന്നാൽ തൊഴിയൂർ ആവശ്യപ്പെട്ടത് ഔദ്യോഗികമായി മലങ്കര മെത്രാപ്പോലീത്തയായി ആരെയാണൊ സർക്കാർ/ കോടതി അംഗീകരിക്കുന്നത് അവർ ആരായിരുന്നാലും അവർ മതി മെത്രാപ്പോലീത്തായെ വാഴിക്കുന്നത് എന്നായിരുന്നു. ഇതിനനുസരിച്ച് മലങ്കരയുടെ മാത്യൂസ് മാർ അത്തനാസിയോസ് തൊഴിയൂരിൽ എത്തുകയും വലിയൊരു കൂട്ടം വൈദികരുടേയും, ജനങ്ങളുടേയും സാന്നിദ്ധ്യത്തിൽ ആലത്തൂർ പനയ്ക്കൽ ജോസഫ് കശീശ്ശായെ, ജോസഫ് മാർ കൂറിലോസ് നാലാമൻ എന്ന സ്ഥാനനാമത്തിൽ മെത്രാപ്പോലീത്തയായി വാഴിക്കുകയും ചെയ്തു. ഇപ്രകാരം വാഴിക്കുവാൻ ഗീവർഗ്ഗീസ് മാർ കൂറിലോസിന്റെ ഒസ്യത്തും (വിൽപത്രം) ഒരു കാരണമായിരുന്നു. അതിന്റെ പരിഭാഷയിൽ അത് വ്യക്തമാക്കുന്നു.

താനാണ് മലങ്കര മെത്രാപ്പോലീത്ത എന്നും തൊഴിയൂരിലെ സകല സ്വത്തിനും അധികാരി താനാണെന്നും പറഞ്ഞ് യൂയാക്കിം മാർ കൂറിലോസ് കേസ് കൊടുത്തു. എന്നാൽ 1857ൽ ആരംഭിച്ച ഈ വ്യവഹാരം 1862-ൽ തൊഴിയൂരിലെ

ജോസഫ് മാർകൂറിലോസിന് അനുകൂലമായി വിധിക്കുകയായിരുന്നു. ഇതിൻ പ്രകാരം തൊഴിയൂരും അതിനു കീഴിലുള്ള സകല സ്വത്തുക്കളും തൊഴിയൂർ സിംഹാസനത്തിലിരിക്കുന്ന മെത്രാപ്പോലീത്താമാരുടെ അധികാരത്തിൽ പെടുന്നതാണെന്നും വ്യക്തമാക്കിയിരുന്നു. എന്നാൽ ഇത് കൊണ്ടൊന്നും യൂയാക്കിം മാർ കൂറിലോസിന് തൃപ്തി വരാത്തതിനാൽ അദ്ദേഹം മദ്രാസ് ഹൈക്കോടതിയിൽ വീണ്ടും അപ്പീൽ കൊടുത്തു. ബ്രീട്ടീഷ് കമ്പനിയുടെ ഇൻഡ്യയിലെ അവസാന വാക്കായ മദ്രാസ് ഹൈക്കോടതിയും, കോഴിക്കോട് മുൻസിഫ് കോടതിയുടെ വിധി ശരിവെയ്ക്കുകയാണുണ്ടായത് (കോടതി പറഞ്ഞു This is Malabar Independent Syrian Church) മാത്രമല്ല കേസിന്റെ ചിലവിലേയ്ക്കായി യൂയാക്കിം മാർ കൂറിലോസിന്റെ കീഴിലുള്ള 3 പള്ളികൾ ജോസഫ് മാർ കൂറിലോസിന് അതായത് തൊഴിയൂരിന് വിട്ടുകൊടുക്കുവാൻ വിധി കല്പിക്കുകയും ചെയ്തു. വിദേശത്തു നിന്നു അന്ത്യോഖ്യ പാത്രീയർക്കീസിന്റെ പ്രതിനിധിയായി വന്ന യൂയാക്കിം മാർ കൂറിലോസിനെ ഈ വ്യവഹാരങ്ങളിലെല്ലാം സഹായകനായിരുന്നത് കുന്നംകുളം പുലിക്കോട്ടിൽ യൗസേഫ് കത്തനാർ (പിന്നീട് പുലിക്കോട്ടിൽ യൗസേഫ് മാർ ദിവന്നാസിയോസ് അഞ്ചാമൻ) ആയിരുന്നു. പരദേശ മെത്രാൻ മാർ അത്തനാസിയോസ് സ്നേപ്പാനോസിൽ നിന്ന് ശെമ്മാശനായ പുലിക്കോട്ടിൽ യൗസേഫ് ശെമ്മാശൻ മാർ യൂയാക്കിമിന്റെ കൂടെ കൂടി ചാലിശ്ശേരി സെന്റ് ഔഗിൻസ് പള്ളിയിൽ വെച്ച് 1858 ചിങ്ങം 6 ന് കത്തനാരായി. കുന്നംകുളം ചിറളയം പള്ളിയിൽ പുത്തൻ കുർബാന അർപ്പിച്ചു. 19 വയസ്സുക്കാരനായ പുലിക്കോട്ടിൽ യൗസേഫ് കത്തനാരെയും ഏതാനും, വിഘടിത ഗ്രൂപ്പിനേയും മുന്നിൽ നിർത്തി യൂയാക്കിം മാർ കുറിലോസ് നടത്തിയ വ്യവഹാരം അതിദയനീയമായി പരാജയപ്പെടുകയായിരുന്നു.

ഇപ്രകാരം കേസുകൊടുത്ത് മലങ്കരയിൽ നിന്നും വേർപ്പെടുത്തുകയായിരുന്നു തൊഴിയൂർ സിംഹാസനത്തെ. മദ്രാസ് ഹൈക്കോടതിയാണ് പറഞ്ഞത് ഇത് "മലബാർ സ്വതന്ത്രസുറിയാനി സഭയാണ് എന്ന്." ഇവിടം മുതൽ മലബാർ സ്വതന്ത്രസുറിയാനി സഭ എന്ന പേരിൽ അറിയപ്പെടുവാൻ തുടങ്ങി. കാലം ചെയ്ത ഗീവർഗ്ഗീസ് മാർ കൂറിലോസ് മൂന്നാമൻ മെത്രാപ്പോലീത്ത ഭയപ്പെട്ടപ്പോലെ സംഭവിക്കുകയും, ഏതൊരു സഭയ്ക്കും (വിദേശമോ, സ്വദേശമോ) തൊഴിയൂർ മലബാർ സ്വതന്ത്രസുറിയാനി സഭയുടെ മേൽ ഒരധികാരവും ഇല്ല എന്നുള്ള ഒസ്യത്ത് (വിൽപത്രം) ഒന്നുകൂടി ഉറപ്പിക്കപ്പെടുകയും ചെയ്തു.

എന്ത് തന്നെയായാലും ഇന്ത്യയിലെ ആദ്യത്തെ ക്രൈസ്തവ സ്വതന്ത്ര എപ്പിസ്കോപ്പൽ സഭയായി മലബാർ സ്വതന്ത്ര സുറിയാനി സഭ മാറ്റപ്പെട്ടു. ഈ സഭയുടെ പരമാദ്ധ്യക്ഷൻ ജോസഫ് മാർ കൂറിലോസ് 4-ാം മനും.

ആലത്തൂരെ ജോസഫ് മാർ കൂറിലോസ് നാലാമൻ, ആർത്താറ്റ് സെന്റ് മേരീസ് പള്ളി വികാരിയായിരുന്ന ജോസഫ് കത്തനാരായിരുന്നു. ഇദ്ദേഹം കുന്നംകുളത്ത് നിന്ന് തൊഴിയൂരിലേക്ക് പോകുന്ന വഴിയിൽ (ചിറ്റഞ്ഞൂർ) ആലത്തുർ എന്ന സ്ഥലത്ത് താമസിച്ചിരുന്ന പനയ്ക്കൽ കുടുംബാംഗമായിരുന്നു. ജോസഫ് മാർ കൂറിലോസ് നാലാമനെ ആലത്തൂർ തിരുമേനിയെന്നും സ്നേഹപൂർവ്വം വിളിച്ചിരുന്നു. വളരെ ലളിതമായ ജീവിതരീതിയുടെ ഉടമയായിരുന്നു. യാമം തോറുമുള്ള പ്രാർത്ഥനകൾ മുടക്കാതെ പ്രാർത്ഥനാ നിരതനും, ദൈവ വിശ്വാസത്തിൽ അടിയുറച്ച ദൈവ ഭക്തനുമായിരുന്നു തിരുമേനി. പല അതിശയങ്ങളും തിരുമേനിയുടെ കാലത്ത് ഉണ്ടായി എന്നത് വളരെ പ്രസ്താവ്യമാണ്. തൊഴിയൂരെ ഭദ്രാസന പള്ളിയോട് ചേർന്ന് അരമനയും, വൈദീകർക്കുള്ള മുറികളും ചേർന്ന നാലുകെട്ട്, പണി കഴിപ്പിച്ചത് തിരുമേനിയുടെ വാസ്തു ശാസ്ത്രത്തിന്റെ പ്രാഗത്ഭ്യം വിളിച്ചോതുന്നു. നാലുകെട്ടിന്റെ വടക്കുവശത്തിന്റെ വരാന്തയുടെ ശീലാന്തി വെയ്ക്കുമ്പോൾ അല്പം നീളം കുറവാണെന്ന് ബോദ്ധ്യപ്പെട്ട തച്ചനോട് അത് അങ്ങ് വെക്കുക, ശരിയായിക്കൊള്ളും എന്നു പറയുകയും, തച്ചൻ അത് ഉയർത്തി വെയ്ക്കുകയും ചെയ്തു. ഒരു നീളം കുറവും ഇല്ലാതെതന്നെ ഇന്നും ആ ശീലാന്തി അവിടെ നില കൊള്ളുന്നു. മാത്രമല്ല അതിന്റെ മുകളിൽ രണ്ടു നിലകളിലായി അരമനയും നില നില്കുന്നു.

ഒരിക്കൽ അരമന മുറ്റത്തുണ്ടായിരുന്ന ഒരു പട്ടി ഒരു പട്ടക്കരനെ കടിച്ചു. പട്ടക്കാരൻ അത് കാര്യമാക്കിയില്ല. എന്നാൽ മൂന്ന് മാസം തികയുന്നതിന് മുൻപ് പട്ടക്കാരൻ പേയിളകി. പേയിളകിയ ബാലനെ സൗഖ്യമാക്കിയ പിതാക്കന്മാർ കബറടങ്ങിയ ദൈവാലയത്തിലെ പട്ടക്കാരൻ പേയിളകി മരിക്കുക എന്നത് തിരുമേനിക്ക് സഹിക്കാവുന്നതിലും വലിയ വേദനയായിരുന്നു. വിഷമിളകി മരണത്തിലേക്ക് നീങ്ങുന്ന പട്ടക്കാരനെകണ്ട് ഹൃദയം നുറുങ്ങിയ തിരുമേനി സർവ്വശക്തനായ ദൈവത്തിൽ മാത്രം ആശ്രയം വെച്ച് പള്ളിക്കകത്തേക്ക് പ്രവേശിക്കുകയും, രണ്ട് ദിവസം ജലപാനമില്ലാതെ പ്രാർത്ഥനാനിരതനാവുകയും ചെയ്തു. 3-ാം ദിവസം വിശുദ്ധ കുർബാനക്കായി ഒരുങ്ങുകയും വിശുദ്ധ കുർബാന സമയത്ത് കൈകാലുകൾ ബന്ധിച്ചിരുന്ന പട്ടക്കാരനെ പള്ളിക്കകത്തേക്ക് എത്തിക്കുവാൻ തിരുമേനി കൽപക്കുകയും ചെയ്തു. അത്ഭുതമെന്ന് പറയട്ടെ, വി. കുർബാന അനുഭവിക്കാനുള്ള സമയത്ത് പൂർണ്ണ സൗഖ്യത്തോടെ തന്നെ വിഷമിളകിയ പട്ടക്കാരൻ വി. കുർബാന അനുഭവിക്കുകയും ചെയ്തു.

ജോസഫ് മാർ കൂറിലോസിന് ശേഷം തൊഴിയൂർ സഭയെ നയിച്ച ധീരനായ യൗസേഫ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തയാണ് ആ വിഷമിളകിയ പട്ടക്കാരൻ.

ജോസഫ് മാർ കൂറിലോസ് നാലാമൻ മെത്രാപ്പോലീത്ത തനിക്ക് ഉണ്ടായിരുന്ന തൊഴിയൂർ ഭദ്രാസന പള്ളിയും, നാലുകെട്ടും സ്ഥലവും, ബഹനാം ചാപ്പലിനും പുറമെ, തനിക്ക് ലഭിച്ച ചാലിശ്ശേരി സെന്റ് ഔഗീൻ പള്ളിയും, പോർക്കുളം മാർ ആദ്ദായ് ശ്ലീഹാ പള്ളിയും അവിടെയുള്ള ജനങ്ങളേയും ചേർത്ത് സഭയെ അല്പം കൂടി വിസ്യതമാക്കി തീർത്തു.

****

മെത്രാപ്പോലീത്താമാരുടെ കബറിടം : ബെസ്കബറോനോ

പരിശുദ്ധ കൂറിലോസ് ബാവായെ കബറടക്കിയിട്ടുള്ളത് ഭദ്രാസന പള്ളിയിലെ മദ്ബഹായുടെ വടക്ക് വശത്താണ്. ഗീവർഗ്ഗീസ് മാർകൂറിലോസ് രണ്ടാമനെ കബറടക്കിയത് വെട്ടിക്കൽ ദയറായുടെ മദ്ബഹായുടെ തെക്ക് വശത്താണ്. പിന്നീട് ഭരിച്ച സഖറിയാ മാർ പീലക്സീനോസ് ഒന്നാമൻ, ഗീവർഗ്ഗീസ് മാർ പീലക്സീനോസ് രണ്ടാമൻ ഗീവർഗ്ഗീസ് മാർ കൂറിലോസ് മൂന്നാമൻ എന്നീ മെത്രാപ്പോലീത്താമാരെ ഭദ്രാസന പള്ളിയിൽ മദ്ബഹായുടെ തെക്ക് വശത്തും ആണ് കബറടക്കിയത്. എന്നാൽ ജോസഫ് മാർ കൂറിലോസ് നാലാമൻ മെത്രാപ്പോലീത്തയുടെ കാലത്ത് അദ്ദേഹത്തിന്റെ പ്രത്യക നിർദ്ദേശത്താൽ ഭദ്രാസന പള്ളിയുടെ തെക്ക് വശത്ത് വരാന്തയിൽ പിതാക്കന്മാർക്കായി പ്രത്യേക കബറിടം (ബെസ്കബറോനോ) നിർമ്മിക്കപ്പെട്ടു. ഈ കബറിടത്തിൽ ആദ്യമായി കബറടക്കിയത് ജോസഫ് മാർ കൂറിലോസ് നാലാമൻ മെത്രാപ്പോലീത്തായെ ആയിരുന്നു.

****

സെന്റ് ഔഗീൻസ് ദൈവാലയം, ചാലിശ്ശേരി

മാർ യൂയാക്കിം കൂറിലോസിൽ നിന്നും വ്യവഹാരത്തിന്റെ ചിലവിലേയ്ക്കായി ലഭിച്ചതാണ് ചാലിശ്ശേരി സെന്റ് ഔഗീൻസ് ദൈവാലയം. കേരളത്തിലും, ഇന്ത്യയിൽതന്നെയും വളരെ വിരളമാണ് സെന്റ് ഔഗീൻസിന്റെ ദൈവാലയങ്ങൾ. യൂജിനിയോസ് എന്ന് ഗ്രീക്കിലും, ഔഗീൻ എന്ന് അറബിയിലും പറയുന്നു. നാലാം നൂറ്റാണ്ടിൽ ചെങ്കടലിലെ മുത്ത് ശേഖരിച്ചിരുന്ന ഒരു മുക്കുവനായിരുന്നു വിശുദ്ധ ഔഗീൻ. 'ക്രിസ്തുമതത്തിന്റെ സുഗന്ധം ജനങ്ങൾക്കിടയിൽ പരത്തുവാൻ മാർ ഔഗീന് കഴിഞ്ഞു.' 'ജീവിതാന്ത്യക്കാലത്ത് സെന്റ് ഔഗീൻ നിസിബസ് സമതലത്തിന് മുകളിലുള്ള ഇസ്ലോ പർവ്വതത്തിന്റെ മുകളിലെ ആശ്രമത്തിലേക്ക് പോയി. 1504 വരെ ഈ ആശ്രമം പൗരസ്ത്യ സഭയുടെതായിരുന്നു. ആ സഭയുടെ സന്ന്യാസചര്യയുടെ പരമ്പരാഗത സ്ഥാപകനായി സെന്റ് ഔഗീൻ ആദരിക്കപ്പെടുന്നു. (വിസ്മൃതരായ സഭാപിതാക്കന്മാർ Dr. Femwick, Page 459) ചാലിശ്ശേരി ദൈവാലയത്തിന്റെ മദ്ബഹാ അർദ്ധവൃത്താകൃതിയിലും, മദ്ബഹായുടെ മുകൾ വശം ഗോളാകൃതിയിലുമാണ് നിർമ്മിച്ചിരിക്കുന്നത് മറ്റൊരു ദൈവാലയങ്ങൾക്കും ഇല്ലാത്ത ഒരു പ്രത്യകത ഇതിൽ കാണുന്നു. ഇതിന്റെ ചുമരുകളും വളരെ വീതികൂടിയ അളവിൽ പണി കഴിപ്പിച്ചിരിക്കുന്നതായി കാണാം. ദൈവാലയം പുതുക്കി പണിതപ്പോഴും പൂർവ്വീകമായ മദ്ബഹായ്ക്കോ, ചുമരുകൾക്കോ യാതൊരു മാറ്റവും വരുത്താതെയാണ് നിർമ്മക്കപ്പെട്ടത്. പരിശുദ്ധ പരുമല മാർ ഗ്രീഗോറിയോസ് തിരുമേനി, യരുശലേമിലേയ്ക്കുള്ള യാത്രാമദ്ധ്യേ വിശ്രമിച്ചത് ചാലിശ്ശേരി സെന്റ് ഔഗീൻ ദൈവാലയത്തിലാണ്. അക്കാലത്ത് ചാലിശ്ശേരിയിൽ മറ്റൊരു ക്രസ്ത്യൻ ദൈവാലയവുമുണ്ടായിരുന്നില്ല. ഇന്നും ഈ ദൈവാലയത്തെ പഴയ പള്ളി എന്നാണ് വിളിക്കപ്പെടുന്നത്.

****

മാർ ആദ്ദായ് ശ്ലീഹാ ദൈവാലയം, പോർക്കുളം

പോർക്കുളം മാർ ആദ്ദായ് ശ്ലീഹാ ദൈവാലയവും മാർ യൂയാക്കീം മാർ കൂറിലോസ് നിർമ്മിച്ചതാണ്. ബ്രിട്ടീഷ് അധികാരത്തിൽ ഉള്ളതായ പോർക്കുളത്ത്, കുന്നംകുളത്ത് നിന്ന് 3 കി.മീറ്റർ മാറി കുന്നിൻമുകളിലാണ് മാർ ആദ്ദായ് ശ്ലീഹാ ദൈവാലയം നിലകൊള്ളുന്നത്. 4-ാം നൂറ്റാണ്ടിൽ ക്രിസ്തീയ പ്രബോധനങ്ങളുടെ സുവിശേഷകനായി എഡേസായിൽ പ്രവർത്തിച്ച വിശുദ്ധനായിരുന്നു മാർ ആദായ്. മാർത്തോമാ ശ്ലീഹായുടെ സഹോദരനായ മാർ ആദായിയെ അബ്ഗർ രാജാവിന്റെ അടുക്കലേക്ക് ക്രിസ്തുവിന്റെ ഉയർപ്പിനു ശേഷം പറഞ്ഞയച്ചത് മാർ തോമാ ശ്ലീഹായാണ്. (Eusebious, Ecclesiastical History, I. XIII) 'എഡേസായക്കു ചുറ്റുമുള്ള സുറിയാനി സംസാരിക്കുന്ന പ്രദേശങ്ങളിൽ സുവിശേഷമെത്തിച്ചതിന്റെ പേരിൽ മാർ ആദ്ദായിയെ പൗരസ്ത്യ സുറിയാനിക്കാരും, പാശ്ചാത്യ സുറിയാനിക്കാരും ഒരുപോലെ ആദരിക്കുന്നു. (Hidden Pearl 11 - P 102-122) മാർ യൂയാക്കീം സ്ഥാപിച്ച പള്ളി കുന്നിൻ മുകളിലെ കീഴക്കെ ചെരിവിൽ ആയിരുന്നു എന്നും, ഇപ്പോൾ ആ സ്ഥലത്ത് സഭ വക സ്കൂൾ ആണെന്നും ഫാ. കെ. സി. വർഗ്ഗീസ് രേഖപ്പെടുത്തിയിരിക്കുന്നു. പിന്നീട് കുന്നിൻ മുകളിലേയ്ക്ക് ദൈവാലയം സ്ഥാപിച്ചത് ജോസഫ് മാർ കൂറിലോസ് 4-ാമനാണ്. എന്നാൽ പിന്നീടുണ്ടായ ഭൂമികുലുക്കത്താൽ പള്ളിയുടെ ചുമരിൽ വിള്ളലുണ്ടാകയും 1968-ൽ അത് പൊളിച്ച് വീണ്ടും പുതുക്കി പണിയുകയും ചെയ്തു. 1970 മാർച്ച് 2 ന് കൂദാശ നടത്തി. മനോഹരമായ കുന്നിൻ മുകളിൽ നിന്നാൽ ചുറ്റുമുള്ള എല്ലാ ദേശവും, ചാവക്കാട് കടൽ തിരപോലും കാണുവാൻ സാധിക്കുമായിരുന്നു. എത്ര കഷ്ടപ്പെട്ട് നടന്ന് ആദ്ദായ് ശ്ലീഹായുടെ അരികിൽ എത്തിയാൽ സകല ക്ഷീണവും മാറ്റുവാൻ തക്ക പ്രകൃതി ഭംഗി

യും, കാറ്റും ലഭിക്കുന്ന സ്വർഗ്ഗീയ സാന്നിധ്യം. ജാതിയും, മതവും, വർഗ്ഗവും,വർണ്ണവും നോക്കാതെ ഇവിടെ എത്തുന്ന ഏവർക്കും അനുഗ്രഹം ചൊരിയുന്ന ദൈവാലയമാണ് മാർ ആദ്ദായ് ശ്ലീഹ ദൈവാലയം. 2019-ൽ പള്ളി ആധുനിക രീതിയിൽ പുതുക്കി പണിയുവാൻ ആരംഭിച്ചിരിക്കുകയാണ്.

****

സെന്റ് തോമസ് പള്ളി, കുന്നംകുളം

ജോസഫ് മാർ കൂറിലോസ് നാലാമൻ കുന്നംകുളം സ്വദേശിയും, ആർത്താറ്റ് പള്ളി വികാരിയുമായിരുന്നുവല്ലോ. അദ്ദേഹത്തിന്റെ സ്വന്തം നാട്ടിൽ ഒരു പള്ളി വേണമെന്ന ആഗ്രഹ സഫലീകരണത്തിനായി കുന്നംകുളത്തിന്റെ ഹൃദയഭഗത്ത് വളരെ വിസ്തൃതമായ സ്ഥലം വാങ്ങി. വളരെ ഉയർന്ന കുന്നിൽ പ്രദേശമായിരുന്നു അത്. അതിനാൽതന്നെ ഈ പള്ളിയെ 'കുന്നത്തെ പള്ളി' എന്നാണ് വിളിച്ച് വരുന്നത്. കുന്നംകുളത്തുക്കാരായ എല്ലാ വിഭാഗം ജനങ്ങളുടെയും നിർലോഭമായ സഹായവും, സഹകരണവും ആ ദൈവാലയത്തിന് ലഭിച്ചിരുന്നു. മുൻക്കാലങ്ങളിൽ സെമിനാരി പള്ളിയെന്നും വിളിക്കപ്പെട്ടിരുന്നു. ചുറ്റും മനോഹരമായ കാഴ്ചകൾ ഉള്ള ഈ ദൈവാലയം 1940-ൽ പുനരുദ്ധാരണം നടത്തുകയുണ്ടായി. ഈ ദൈവാലയം ഒരു സെമിനാരി ആക്കണമെന്ന ആഗ്രഹം മെത്രാപ്പോലീത്ത്യ്ക്ക് ഉണ്ടായതായി രേഖകൾ വെളിപ്പെടുത്തുന്നു. 'മാർ കൂറിലോസ് നാലാമന് ഒരു സെമിനാരി സ്ഥാപിക്കണമെന്ന ആഗ്രഹം ഉണ്ടായതായി തോന്നുന്നു. അതിനു വേണ്ടി ധനസമാഹരണത്തിന് ഒരു ലോട്ടറി നടത്തുവാൻ അനുമതി തേടി മദ്രാസിലെ ബ്രിട്ടീഷ് ഗവർണർക്ക് 1871-ൽ അദ്ദേഹം നിവേദനം നല്കി. അനുമതി നല്കികൊണ്ടുള്ള ഗവർണറുടെ രേഖ ഇപ്പോഴും തൊഴിയൂരിലെ ലൈബ്രറിയിൽ ഉണ്ട്.

കുന്നംകുളത്ത് സ്ഥലം വാങ്ങാനാവശ്യമായ പണം ലോട്ടറിയിലൂടെ കിട്ടിയിരിക്കണം. അവിടെ പണിയാനുദ്ദേശിച്ചത് സെമിനാരിയായതുകൊണ്ടാവാം സെമിനാരി പള്ളിയെന്ന പേര് നിലവിൽ വന്നത്. അദ്ദേഹത്തിന്റെ സമകാലീനനായ മാത്യൂസ് മാർ അത്താനേഷ്യസ് അപ്പോൾ കോട്ടയത്ത് പഴയ സെമിനാരി വീണ്ടും തുറന്നിരുന്നതേയുള്ളൂ. ആ മാതൃക മുന്നിലുള്ളപ്പോൾ സ്വന്തം സഭയ്ക്കും ഒരു പഠന കേന്ദ്രം വേണമെന്നും, തനിക്കവിടേയും താമസിക്കാമെന്നും മാർ കൂറിലോസ് നാലാമൻ പ്രതീക്ഷിച്ചു. കുന്നംകുളത്തെ 'കുന്നത്തെ പള്ളി' ഇന്നും വളരെ വിലപ്പെട്ടതായി നിലകൊള്ളുന്നു. (വിസ്മൃതരായസഭാപിതാക്കന്മാർ Fr. Dr. Femwick, Page 462)

മെത്രാപ്പോലീത്തായ്ക്ക് വാർദ്ധക്യ സഹജമായ അസുഖങ്ങൾ വർദ്ധിക്കുകയും, എല്ലാ ആത്മീയ ശുശ്രൂഷകളും സ്വീകരിക്കുകയും ചെയ്ത് 1888 ഫെബ്രവരി 2-ാം നു സ്വർഗ്ഗീയ വാസം നേടി. താൻ പണി കഴിപ്പിച്ച കബറിൽ സംസ്ക്കരിച്ചു.

****

യൗസേഫ് മാർ അത്താനാസിയോസ് (ചൊവ്വല്ലൂർ)

തൊഴിയൂർ സഭയുടെ ഏഴാമത്തെ മെത്രാപ്പോലീത്ത 1888–1898

ജോസഫ് മാർകൂറിലോസ് നാലാമൻ (ആലത്തൂര്) 1888-ൽ കാലം ചെയ്തിനുശേഷം സഭാ ഭരണം പൂർണ്ണമായും യൗസേഫ് മാർ അത്താനാസിയോസ് ഒന്നാമൻ (മാളിയേക്കൽ) ഏറ്റെടുത്തു. തൊഴിയൂർ ഇടവകയിലെ, അതേ ദേശത്തു വസിച്ചിരുന്ന കത്തനാരായിരുന്ന യൗസേഫ് കത്തനാർ. പേപ്പട്ടി വിഷബാധയേറ്റ് വിഷമിളകി ജോസഫ് മാർ കൂറിലോസ് മെത്രാപ്പോലീത്ത സൗഖ്യമാക്കിയ വൈദികനായിരുന്നു ഇദ്ദേഹം. എന്നും ദൈവീകരുതലിൽ മാത്രം ആശ്രയം വെച്ചിരുന്ന തിരുമേനി സഭയെ അത്യധികം സ്നേഹിക്കുകയും, ഇതര സഭകളെ ബഹുമാനിക്കുകയും ചെയ്തിരുന്നു. തന്റെ മുൻഗാമിയായ കിടങ്ങൻ പീലക്സിനോസ് മെത്രാപ്പോലീത്ത ചെയ്തതുപോലെ വൈധവ്യം വന്ന മാർത്തോമ സഭയ്ക്ക് തീത്തൂസ് ഒന്നാമനെ വാഴിച്ചു കൊടുക്കുന്നതിൽ വളരെ ധീരമായ നടപടിയാണ് കൈകൊണ്ടത്. നവീകരണ പ്രസ്ഥാനത്തിനെതിരെ നില്ക്കുന്ന അനേകം പേരുടെ ഭീക്ഷണിയ്ക്ക് വഴങ്ങാതെയാണ് പ്രസ്തുത സ്ഥാനാഭിഷേകം നടത്തിയത്. കുന്നംകുളത്ത് മാർത്തോമ സഭയുടെ ആദ്യ ദൈവാലയം ക്രിസ്തോസ് പള്ളിയുടെ കൂദാശ കർമ്മത്തിൽ മുഖ്യപങ്ക് വഹിക്കുവാൻ ഇദ്ദേഹത്തിന് കഴിഞ്ഞു. ജോസഫ് മാർ അത്തനേഷ്യസിന്റെ കാലത്ത് തൊഴിയൂർ സന്ദർശിക്കുവാൻ ബ്രിട്ടീഷ് ഉദ്യോഗസ്ഥർ വന്നിരുന്നുവെന്നും നല്ല ബന്ധം സ്ഥാപിച്ചിരുന്നുവെന്നും സന്ദർശക പുസ്തകം രേഖപ്പെടുത്തുന്നു. "ബിഷപ്പ് ജോസഫ് മാർ അത്താനാസിയോസിനെ കാണുകയും, അദ്ദേഹത്തിന്റെ പള്ളി സന്ദർശിക്കുകയും ചെയ്യുകയെന്ന എന്റെ ഏറെ കാലത്തെ ആഗ്രഹം ഇന്നു നിറവേറ്റിയതിൽ എനിക്ക് സന്തോഷമുണ്ട്. ബിഷപ്പ് എന്നോട് വളരെ ദയയോടെ പെരുമാറി. സൽക്കാരത്തിന് എനിക്ക് തന്നവയോട് കൂടുതൽ നീതിപുലർത്തുവാൻ കഴിഞ്ഞിരുന്നുവെങ്കിൽ എന്നെനിക്ക് തോന്നുന്നു. എന്റെ അധികാര പരിധിയിലായതുകൊണ്ട് ഇവിടെ ക്യാമ്പ് ചെയ്യുമ്പോഴൊക്കെ എന്റെ സന്ദർശനം ഞാൻ ആവർത്തിക്കും" (സന്ദർശക പുസ്തകം 1872) ജോസഫ് മാർ അത്താനാനേഷ്യസ് തന്റെ മുൻഗാമികൾ നല്കിയ ഒസ്യത്ത് പ്രകാരംതന്നെ തന്റെ പിൻഗാമിയെ വാഴിക്കുവാൻ ആഗ്രഹിക്കുകയും 1892-ൽ പഴഞ്ഞിയിലെ പുലിക്കോട്ടിൽ തറവാട്ടിലെ ഗീവർഗ്ഗീസ് കത്തനാരെ ഗീവർഗ്ഗീസ് മാർ കൂറിലോസ് അഞ്ചാമൻ എന്ന പേരിൽ സഫ്രഗനായി വാഴിക്കുകയും ചെയ്തു. തുടർന്ന് 6 വർഷക്കാലം സഫ്രഗൻ മെത്രാപ്പോലീത്തായുമൊത്ത് സഭാ ഭരണം നിർവ്വിഹിക്കുകയും

1898-ൽ മാർച്ച് 4-ാം തിയ്യതി ഇഹലോകവാസം വെടിഞ്ഞ് പിതാക്കന്മാരുടെ കല്ലറയിൽ അടക്കം ചെയ്യുകയും ചെയ്തു.

****

ഗീവർഗ്ഗീസ് മാർ കൂറിലോസ് അഞ്ചാമൻ (കരുമാംകുഴി പുലിക്കോട്ടിൽ)

തൊഴിയൂർ സഭയുടെ എട്ടാം മെത്രാപ്പോലീത്ത 1892–1935

പഴഞ്ഞിയിലെ പുരാതനമായ പുലിക്കോട്ടിൽ കരുമാംകുഴി കുടുംബാഗമായ ഗീവർഗ്ഗീസ് കത്തനാർ 1892-ൽ മാർച്ച് 20-ാം തിയ്യതി ഗീവർഗ്ഗീസ് മാർ കൂറിലോസ് എന്ന നാമത്തിൽ മെത്രാപ്പോലീത്തയായി വാഴിക്കപ്പെട്ടുവെങ്കിലും 1898-ൽ യൗസേഫ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്തായുടെ കാലശേഷമാണ് പൂർണ്ണമായും ഭരണചുമതല ഏറ്റെടുത്തത്.

മലബാർ സ്വതന്ത്രസുറിയാനി സഭയുടെ ഒരു സുവർണ്ണ കാലഘട്ടമായിരുന്നു കരുമാംകുഴി തിരുമേനി എന്നറിയപ്പെട്ടിരുന്ന ഗീവർഗ്ഗീസ് മാർ കൂറിലോസ് അഞ്ചാമന്റെ ഭരണകാലഘട്ടം. പ്രാർത്ഥനാനിരതനായ, കൃത്യനിഷ്ഠയോടെയുള്ള ജീവിതം തിരുമേനിയെ കൂടുതൽ ശക്തനാക്കിത്തീർക്കുവാൻ കഴിഞ്ഞിരുന്നു. ചെറുപ്പത്തിൽ തന്റെ 11 സഹോദരന്മാരും, അമ്മയും നഷ്ടപ്പെട്ടിട്ടും പതറാതെ ദൈവത്തിന്റെ പരിലാളനയിൽ വൈദികനാവുകയും 26-ാം മത്തെ വയസ്സിൽ ശ്രേഷ്ഠാചാര്യ പദവിയിലേയ്ക്ക് ഉയർത്തപ്പെടുകയും ചെയ്ത സുറിയാനി പണ്ഡിതനായിരുന്നു കരുമാംകുഴി തിരുമേനി. ഇദ്ദേഹത്തിന്റെ ഗുരുനാഥനായ ആലത്തൂരെ ജോസഫ് മാർ കൂറിലോസ് നാലാമൻ മെത്രാപ്പോലീത്തയുടെ ശിഷ്യഗണങ്ങളിൽ പ്രധാനിയായിരുന്നു തിരുമേനി. വളരെ ഉദാരമതിയായ തിരുമേനി ശത്രുക്കളെന്ന് കരുതുന്നവരേപ്പോലും സ്നേഹിക്കുന്ന പ്രകൃതമായിരുന്നു. മഹാമനസ്കനായിരുന്ന തിരുമേനി തന്റെ സഭയുടെ മക്കൾ വിദ്യാസമ്പന്നരായിതീരണമെന്നും, തന്റെ വൈദീകർക്ക് ഉന്നത വിദ്യാഭ്യാസം ലഭിക്കണമെന്നും ആഗ്രഹിച്ചതിന്റെ പരിണിതഫലമാണ് പോർക്കുളം, ചാലിശ്ശേരി, തൊഴിയൂർ, പഴഞ്ഞി എന്നിവടങ്ങളിൽ സ്കൂളുകൾ സ്ഥാപിക്കുവാൻ ഇടയായത്. പഴഞ്ഞിയിലെ സ്കൂൾ മാർത്തോമാ സഭയ്ക്ക് വിട്ടുകൊടുത്തു. മാത്രമല്ല പള്ളിയോട് ചേർന്ന് നില്കുന്ന പലരേയും പഠിപ്പിച്ച് അദ്ധ്യാപകരാക്കുവാനും തിരുമേനിക്ക് സാധിച്ചിരുന്നു. വൈദീകരാകുവാനുള്ളവരെ സെറാംപൂരിലും, കോട്ടയത്തും സെമിനാരികളിൽ വിട്ടു പഠിപ്പിക്കുവാനും തിരുമേനി മുൻകൈയെടുത്തു. ഒരു സന്ദർഭത്തിൽ അരമനയുടെ മേശമുറിയിൽ ഭക്ഷണത്തിനുപോലും പ്രയാസമനുഭവിച്ചിട്ടും, പഠിക്കുന്നവരുടെ ഫീസുകൊടുക്കുന്നത് മുടങ്ങാതിരിപ്പാൻ തിരുമേനി ശ്രദ്ധിച്ചിരുന്നതായി, തിരുമേനിയിൽ നിന്നുള്ള സഹായത്താൽ പഠിച്ച് അദ്ധ്യാപകരായി തീർന്നവരിൽ നിന്ന് കേൾക്കുവാൻ ഇടയായി തീർന്നീട്ടുണ്ട്. ഹിന്ദുവെന്നൊ, മുസ്ലീമെന്നൊ വിത്യാസമില്ലാതെ നാനാജാതി മതസ്ഥരെ ഒരു പോലെ സ്നേഹിക്കുവാനും ദിനാനുകമ്പയൊടെ പ്രവർത്തിക്കുവാനും തിരുമേനിക്ക് കഴിയുമായിരുന്നു. വലിയ ഉന്നതവിദ്യാഭ്യാസമില്ലായെങ്കിലും, പ്രഗൽഭനും, ഭരണതന്ത്രജ്ഞനും ആയിരുന്നു തിരുമേനി. തന്റെ ഓഫീസ് വളരെ കൃത്യനിഷ്ഠയോടെ പരിപാലിച്ചിരുന്നു. മാത്രമല്ല ആ കാലങ്ങളിൽ ബ്രിട്ടീഷ് ഉദ്യോഗസ്ഥർക്കിടയിൽ മെത്രാപ്പോലീത്തായ്ക്ക് ഉന്നത സ്വാധീനമുണ്ടായിരുന്നു. തൊഴിയൂർ സ്കൂളിന് അംഗീകാരം ലഭിക്കാതെ പ്രയാസപ്പെടുന്ന സമയത്ത് തിരുമേനി മദ്രാസിൽ പോകുകയും മദ്രാസ് സംസ്ഥാന വിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും അനുമതി വാങ്ങിക്കുകയും ചെയ്തിരുന്നു. കൂടാതെ ബ്രിട്ടീഷ് വൈസ്രോയിയുടെ എക്സിക്യൂട്ടിവ് കൗൺസിൽ അംഗമായിരുന്ന സർ .സി. ശങ്കരൻ നായരും, മദ്രാസ് പൊതുവിദ്യാഭ്യാസ ഡയറക്ടർ സ്റ്റാത്തയും തൊഴിയൂർ അരമനയിൽ തീരുമേനിയെ സന്ദർശിച്ച് സ്നേഹ ബന്ധം സ്ഥാപിച്ചിരുന്ന പല പ്രമുഖരിൽ ചിലർ ആണെന്ന് സന്ദർശക പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മെത്രാപ്പോലീത്തായ്ക്ക് ജില്ലാ വിദ്യാഭ്യാസ ബോർഡിലേയ്ക്ക് ഒരംഗത്തെ നാമനിർദ്ദേശം ചെയ്യുവാനുള്ള അവകാശവും ഉണ്ടായിരുന്നു. ശ്രീ ആലിംമൂട്ടിൽ ജോർജ്ജ് ആയിരുന്നു ആദ്യത്തെ ബോർഡ് അംഗം.

ഗീവർഗ്ഗീസ് മാർ കൂറിലോസ് നാലാമൻ മെത്രാപ്പോലീത്തായുടെ ഭരണകാലത്താണ് സഭയക്ക് പഴഞ്ഞിയിലും, കല്ലുംപുറത്തും ദൈവാലയങ്ങൾ സ്ഥാപിക്കപ്പെട്ടത്. തന്റെ സ്വന്തം നാടായ പഴഞ്ഞിയിൽ സഭയ്ക്കുണ്ടായിരുന്ന സെന്റ് മേരീസ് ദൈവാലയം നഷ്ടമായപ്പോൾ, അതേ ദൈവ മാതാവിന്റെ നാമത്തിൽ ഒരു ദൈവാലയം പഴഞ്ഞിയിൽ സ്ഥാപിക്കണമെന്ന് അതിയായ ആഗ്രഹത്തിന്റെ സഫലീകരണമായിരുന്നു പഴഞ്ഞിയുടെ ഹൃദയഭാഗത്ത് നിലകൊള്ളുന്ന സെന്റെ മേരീസ് ദൈവാലയം. കവുങ്ങ് കൃഷിയ്ക്കും അടയ്ക്കയ്ക്കും പേരുകേട്ട പഴഞ്ഞിയിൽ 1811-ൽ പള്ളി.ക്ക് ആവശ്യമായ സ്ഥലം ശ്രീ മണ്ടുംമ്പാൽ ഉതുപ്പു കുഞ്ഞിക്കാക്കുവിൽ നിന്നും ലഭിക്കുകയും അധികം വൈകാതെ തന്നെ പള്ളിപണി പൂർത്തിയാക്കി മെത്രാപ്പലീത്ത കൂദാശ നടത്തുകയും ചെയ്തു. (ഫാദർ കെ. സി. വർഗ്ഗീസ് ചരിത്രം പേജ് 85)

****

കല്ലുംപുറം സെന്റ് ജോർജ്ജ് ദൈവാലയം

പഴയകൊച്ചി രാജ്യത്തിന്റെ വടക്ക് പടിഞ്ഞാറ് അറ്റത്തായി മലബാറിനോട് തൊട്ടുകിടക്കുന്നതാണ് കടവല്ലൂർ വില്ലേജ്. പണ്ടു കാലത്ത് അന്നത്തെ കൊച്ചി രാജാവ് കടവല്ലൂർ ക്ഷേത്രത്തിൽ ദർശനം നടത്തുവാൻ ആഗ്രഹിച്ചപ്പോൾ പെരുമ്പിലാവിൽ നിന്നും ക്ഷേത്രത്തിന്റെ കിഴക്കേനടവരെ

എത്തുന്ന മൺപാതയാണ് ഈ ഗ്രാമത്തിലേയക്കുള്ള ആദ്യത്തെ റോഡ്. തെക്ക് - വടക്കായി ഉണ്ടായിരുന്ന നാട്ടുവഴിയിൽ ഇരു ഭാഗത്തും താമസിക്കുന്നവർ ക്രിസ്ത്യൻ കുടുംബങ്ങൾ മാത്രമായിരുന്നു. ആദ്യകാലത്ത് ഇവിടെയുണ്ടായിരുന്ന ക്രിസ്ത്യൻ കുടുംബങ്ങൾ 6 കി.മീറ്റർ അകലെയുള്ള പഴഞ്ഞിയിലെ പള്ളിയിലേയ്ക്കായിരുന്നു വി. കുർബാനയ്ക്കായും, മറ്റു ആത്മീയ കാര്യങ്ങൾക്കായും പോയിരുന്നത്. വളരെ ദുർഘടം നിറഞ്ഞതായ നാട്ടുപാതയിലൂടെയുള്ള യാത്ര വളരെ ദുഷ്ക്കരമായിരുന്നു. മാത്രമല്ല ശവമഞ്ചവുമായി പോകുന്ന യാത്ര അതിലും ദുഃഷ്ക്കരമായിരുന്നു. ഗ്രാമത്തിൽ വസൂരിയും, നടപ്പുദീനവും വർദ്ധിച്ച 1919 - 20 കാലഘട്ടങ്ങളിൽ മരണസംഖ്യ ഉയരുകയും ഉണ്ടായി. ഈ സാഹചര്യത്തിലാണ് ഈ ദേശത്ത് ഒരു പള്ളിയും, സെമിത്തേരിയും വേണമെന്ന ചിന്തയ്ക്ക് ശക്തിയേറിയത്. തത്ഫലമായി ചെറുവത്തൂർ ഉക്രൂ പത്രോസ് പുലിക്കോട്ടിൽ ഉക്രൂ താവുണ്ണി എന്നിവരുടെ നേതൃത്വത്തിൽ കരുമാംകുഴി ഗീവർഗ്ഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായെ നേരിൽ കണ്ട് സങ്കടം ഉണർത്തിച്ചത്. മെത്രാപ്പോലീത്ത ഈ ദേശക്കാരുടെ സങ്കടം കേൾക്കുകയും സ്ഥലം ലഭിക്കുകയാണെങ്കിൽ, ആളുകളും തയ്യാറാകുന്നുവെങ്കിൽ പള്ളി സ്ഥാപിക്കാം എന്ന് സമ്മതിച്ചു. അതിന്റെ ഫലമായി 1920 - ൽ ചെറുവത്തൂർ വറീത് കൂരിയന്റെ കൈവശമായിരുന്ന 58 സെന്റ് ഭൂമി 160 - രൂപ വില നിശ്ചയിച്ച് തൊഴിയൂർ സഭയ്ക്ക് വേണ്ടി വാങ്ങി. തുടർന്ന് പള്ളി പണി ആരംഭിക്കുകയും 1921 മെയ്യ് മാസം 8 - ാം തിയ്യതി അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായും, അഭിവന്ദ്യ പൗലോസ് മാർ അത്താനാസിയോസ് സഫ്രഗൻ മെത്രാപ്പോലീത്തായും ചേർന്ന് കടവല്ലൂർ പഞ്ചായത്തിലെ ആദ്യത്തെ ക്രിസ്ത്യൻ ദൈവാലയമായ സെന്റ് ജോർജ്ജ് ദൈവാലയം കൂദാശ ചെയ്ത് ദേശത്തിന് സമർപ്പിച്ചു. ഓല മേഞ്ഞ പള്ളിയായിരുന്നു ആദ്യകാലത്ത് ഉണ്ടായിരുന്നത്. 1941 - ൽ പള്ളി അഗ്നിക്കിരയായിതീർന്നു. തുടർന്ന് അന്നത്തെ സഭാ മേലദ്ധ്യക്ഷൻ അഭിവന്ദ്യ കൂരിയാക്കോസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത കൊച്ചി ദിവാനെ കണ്ട് പള്ളി പണിക്കാവശ്യമായ മരം സർക്കാരിൽ നിന്നും ലഭ്യമാക്കുകയായിരുന്നു. ബ്രിട്ടീഷു ദിവാൻ വളരെ സൗഹൃദപരമായാണ് അന്ന് മെത്രാപ്പോലീത്തയോടു ഇടപ്പെട്ടത്. പിന്നീട് 30 വർഷങ്ങൾക്ക് ശേഷം 1950 - ൽ ഇപ്പോൾ സണ്ടേസ്കൂൾ നിൽകുന്ന സ്ഥലം പള്ളിക്കുവേണ്ടി വാങ്ങിക്കുകയും, 1956 - ൽ സണ്ടേസ്കൂൾ കെട്ടിടം നിർമ്മിക്കുകയും ചെയ്തു 1977 - ലും, 2014ലും പള്ളി പുതുക്കി പണിയുകയുണ്ടായി. ഒക്ടോബർ 24,25 തിയ്യതികളിൽ നടക്കുന്ന പെരുന്നാൾ വളരെ മികവുറ്റതാണ്.

പ്രഗ്ത്ഭനും, സഭയുടെ പുരോഗമന പ്രവർത്തനങ്ങളിൽ സദാവ്യാപൃതനുമായിരുന്നു കരുമാംകുഴി ഗീവർഗ്ഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത. തന്റെ പൂർവ്വീകർ ചെയ്തിരുന്നതുപോലെ തന്റെ പിൻഗാമിയെ വാഴിക്കുവാൻ തിരുമേനി തയ്യാറെടുക്കുകയും അതിനായി കുന്നംകുളം പനയ്ക്കൽ വറീതു മകൻ പൗലൂസ് കത്തനാരെ തിരഞ്ഞെടുക്കുകയും 1907 - ൽ ഇദ്ദേഹത്തിന് റമ്പാൻ സ്ഥാനം നൽകുകയും ചെയ്തു. തുടർന്ന് 1917 - ൽ പൗലൂസ് റമ്പാനെ പൗലൂസ് മാർ അത്താനാസിയോസ് എന്ന പേരിൽ സഫ്രഗനായി വാഴിക്കുകയും ചെയ്തു. ഇദ്ദേഹത്തിന്റെ പൂർവ്വീകനായിരുന്നു ആലത്തൂരെ ജോസഫ് മാർ കൂറിലോസ് നാലാമൻ. കരുമാംകുഴി ഗീവർഗ്ഗീസ് മാർ കൂറിലോസ് അഞ്ചാമൻ മാർത്തോമാ സഭയ്ക്ക് തീത്തൂസ് മാർത്തോമായെ വാഴിക്കുന്നതിൽ പങ്കെടുത്തിരുന്നു. മാത്രമല്ല 1929 - ൽ അക്കാലത്തെ തിരുവിതാം കൂർ വിദ്യാഭ്യാസ ഡയറക്ടർ മലങ്കര സഭയിലെ ഗീവർഗ്ഗീസ് മാർ ദിവന്നാസിയോസ്സിനെ ആക്ഷേപിച്ച് സംസാരിച്ചതിൽ പ്രതിഷേധിച്ച് കോട്ടയത്ത് ചേർന്ന പ്രതിഷേധ മഹായോഗത്തിൽ തിരുമേനി അദ്ധ്യക്ഷത വഹിച്ച് വിദ്യാഭ്യാസ ഡയ്റക്ടറുടെ ആക്ഷേപത്തെ ശക്തമായി അപലപിക്കുകയുണ്ടായി. മനുഷ്യ സ്നേഹിയും, ശക്തമായ നേതൃത്വ പാടവവുമുള്ള ഗീവർഗ്ഗീസ് മാർ കൂറിലോസ് അഞ്ചാമൻ മെത്രാപ്പോലീത്ത 1935 ഏപ്രിൽ 21 - ാം തിയ്യതി ഇഹലോക വാസം വെടിഞ്ഞ് ദൈവസന്നിധിയിൽ ചേർക്കപ്പെട്ടു. തൊഴിയൂരിൽ പിതാക്കന്മാരുടെ കല്ലറയിൽ അടക്കം ചെയ്തു.

****

പൗലൂസ് മാർ അത്താനാസിയോസ് സഫ്രഗൻ
1917 – 1927

ഗീവർഗ്ഗീസ് മാർ കൂറിലോസ് അഞ്ചാമൻ (കരുമാംകുഴി) തനിക്ക് പിൻഗാമിയെ വാഴിക്കുവാൻ തീരുമാനിക്കുകയും, തൽഫലമായി കോട്ടയം കേംബ്രിഡ്ജ് നേഷനൽ ഇൻസ്റ്റിട്യൂട്ടിൽ നിന്നും വേദശാസ്ത്ര പഠനം പൂർത്തിയാക്കിയ കുന്നംകുളം പനയ്ക്കൽ (ആലത്തൂർ) വറീത് മകൻ പൗലൂസ് കത്തനാരെ തിരഞ്ഞെടുക്കുയം ചെയ്തു. ഇദ്ദേഹം ജോസഫ് മാർ കൂറിലോസ് നാലാമന്റെ സഹോദര പുത്രനായിരുന്നു. പൗലൂസ് മാർ അത്താനാസിയോസിനെ കുറിച്ചുള്ള ചിലകാര്യങ്ങൾ സന്ദർശക പുസ്തകത്തിൽ കാണുന്നു. 1924 - ൽ ഒരു മജിസ്ട്രേട്ട് ഇപ്രകാരം എഴുതി: "അഞ്ഞൂരിലെ വളരെ പുരാതനമായ സുറിയാനി പള്ളി സന്ദർശിക്കാൻ അവസരം ലഭിച്ചതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. അഞ്ഞൂരിലെ സഹായ മെത്രാൻ അഭിവന്ദ്യനായ പോൾ മാർ അത്തനേഷ്യസ് കാരുണ്യപൂർവ്വം എന്നെ സ്വീകരീച്ചു. വലിയ മെത്രാപ്പോലീത്ത ഔദ്യോഗിക സന്ദർശനത്തിന് ചാലിശ്ശേരിയിലേയ്ക്ക് പോയിരിക്കയായിരുന്നു. സഫ്രഗൻ മെത്രാനായി ഞാൻ ദീർഘനേരം സംഭാഷണം നടത്തി. ഈ സഭയുടെ സ്ഥാപനത്തെ സംബന്ധിച്ച ഒരു ലഘുവിവരണം അദ്ദേഹം

എനിക്ക് നല്കി. സമയകുറവുമൂലം അധികനേരം തങ്ങാനും കൈയ്യെഴുത്ത് പ്രതികളും മറ്റു പുരാവസ്തുകളും കാണാനും കഴിയാത്തതിൽ എനിക്ക് അതിയായ ഖേദമുണ്ട്. സഫ്രഗൻ മെത്രാന്റെ കരുണാവായ്പിന് നന്ദി പറയുന്നതോടൊപ്പം സവിശേഷ പ്രാധാന്യമുള്ള ഈ പള്ളിയിൽ ഒരിക്കൽ കൂടി വരാൻ കഴിയുമെന്നും ഞാനാശിക്കുന്നു" ലക്നൗവിൽ മിഷണറിയായിരുന്ന ഹാർവികാൽക്കിൻസ് 1925-ൽ ഇവിടെ വരികയും, സന്ദർശക പുസ്തകത്തിൽ ഇപ്രകാരം എഴുതുകയും ചെയ്തതായി കാണുന്നു. "......ഞാൻ അതീവ സന്തുഷ്ടനാണ് മെത്രാപ്പോലീത്തയും സഫ്രഗൻ മെത്രാനും മാന്യരായ ക്രിസ്ത്യാനികളാണ്. അവരുമായി ഇടപ്പെടുന്നതുതന്നെ സന്തോഷകരമായ അനുഭവമാണ്." (വിസ്മൃതരായ പിതാക്കമാർ ഫെൻവിക് പേജ് 510) ദൈവത്തിലുള്ള അടിയുറച്ച വിശ്വാസവും, സഹജീവികളോടുള്ള സ്നേഹവാത്സല്യവും നിറഞ്ഞ സഫ്രഗൻ തിരുമേനിയുടെ സേവനം അധികകാലം സഭയക്ക് ലഭിച്ചില്ല. 1927 മെയ്യ് മാസം 7-ാം തിയ്യതി കരുമാകുഴി ഗീവർഗ്ഗീസ് മാർ കൂറിലോസ് അഞ്ചാമൻ മെത്രാപ്പോലീത്തായുടെ സാന്നിധ്യത്തിൽ വെച്ച് ദൈവസന്നിധിയിലേയ്ക്ക് എടുക്കപ്പെട്ടു. തൊഴിയൂരിലെ പിതാക്കന്മാരുടെ കല്ലറയിൽ അടക്കം ചെയ്തു.

****

കൂരിയാക്കോസ് മാർ കൂറിലോസ് ആറാമൻ

തൊഴിയൂർ സഭയിലെ ഒൻപതാമത്തെ മെത്രാപ്പോലീത്ത 1936 – 1947

മുൻഗാമികൾ ചെയ്തിരുന്നത് പോലെ ഒസ്യത്തിൽ പറയും പ്രകാരം.........നിങ്ങളുടെ ഭദ്രാസനത്തെ നയിക്കുന്നതിന്, തൊഴിയൂർ സഭയുടെ സ്ഥാപകനായ നമ്മുടെ പിതാവ് മാർ കൂറിലോസിന്റെയും, അവിടെയുള്ള എല്ലാ മഹത്തുക്കളായ മെത്രാപ്പോലീത്താമാരുടേയും പാരമ്പര്യത്തിനനുസ്യതമായി വാഴിക്കണം" എന്നാൽ കരുമാംകുഴി ഗീവർഗ്ഗീസ് മാർ കുറിലോസ് അഞ്ചാമൻ പിൻഗാമിയെ വാഴിക്കുകയും അദ്ദേഹം സഫ്രഗനായി തന്നെ കാലം ചെയ്തിനുശേഷം മറ്റൊരു പിൻഗാമിയെ വാഴിക്കുകയോ, തിരഞ്ഞെടുക്കുകയൊ ചെയ്തില്ല. 1935-ൽ മാർ കൂറിലോസ് അഞ്ചാമൻ കാലം ചെയ്തപ്പോൾ തൊഴിയൂർ സഭയ്ക്ക് ഒരു പിൻഗാമിയില്ലാതെ പോയി. എന്നാൽ തൊഴിയൂർ സഭയുടെ കൈവെപ്പിനാൽ അലംകൃതമായ മലങ്കര മാർത്തോമാ സഭയുമായി നല്ല സാഹോദര്യബന്ധം പുലർത്തിയതിനാലും, തന്റെ മുൻഗാമിയായ തീത്തൂസ് ഒന്നാമനെ മെത്രാനാക്കിയത് തൊഴിയൂർ സഭ എന്നതിനാലും തീത്തൂസ് രണ്ടാമൻ മാർത്തോമ മെത്രാപ്പോലീത്ത തൊഴിയൂരിൽ വരികയും ഗീവർഗ്ഗീസ് മാർ കൂറിലോസിന്റെ കബറടക്ക ശുശ്രൂഷ ഭംഗിയാക്കി നിർവ്വഹിക്കുകയും ചെയ്തു.

കൂടാതെ തൊഴിയൂർ സഭയുടെ താല്ക്കാലിക ഭരണത്തിന് അഡ്മിനിസ്ട്രേറ്ററായി സീനിയർ പട്ടക്കാരനായ കോട്ടപ്പടി കുരിയാക്കോസ് കശീശ്ശായെ ചുമതലപ്പെടുത്തുകയും ചെയ്തു. അധികം താമസിയാതെ തീത്തൂസ് രണ്ടാമൻ മാർത്തോമ മെത്രപ്പോലീത്ത തൊഴിയൂർ സഭ ആസ്ഥാനത്ത് എത്തുകയും അടുത്ത മെത്രാപ്പോലീത്തായെ വാഴിക്കുവാൻ ആവശ്യമായ നടപടികൾ എടുക്കുന്നതിന് സഹായിക്കുകയും, അദ്ദേഹത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പ്രതിപുരുഷയോഗം കോട്ടപ്പടി കെ.എം. കുരിയാക്കോസ് കത്തനാരെ അടുത്ത പിൻഗാമിയായി തിരഞ്ഞെടുക്കുകയും ചെയ്തു 1936 ജനുവരി 23-ാം തിയ്യതി ഫാ. കുരിയാക്കോസിനെ, കുരിയാക്കോസ് മാർ കൂറിലോസ് ആറാമനായി വാഴിച്ചു. തന്റെ പൂർവ്വികൻ ആലത്തൂർ ജോസഫ് മാർ കൂറിലോസ് നിർമ്മിച്ച കുന്നംകുളം സെന്റ് തോമാസ് പള്ളി പുതുക്കിപണികഴിപ്പിച്ചത് ഇദ്ദേഹമാണ്. കൂടാതെ അകതിയൂരിൽ മാർ ഗീവർഗ്ഗീസ് സഹദായുടെ നാമത്തിൽ ഒരു ചാപ്പൽ സ്ഥാപിച്ചതും കുരിയാക്കോസ് മാർ കൂറിലോസ് ആറാംമൻ മെത്രാപ്പോലീത്തയാണ്.

ആഡംബരമില്ലാതെ ഏറ്റവും ലളിതമായ രീതിയിൽ പ്രാർത്ഥനാ ജീവിതം നയിച്ചിരുന്ന മെത്രാപ്പോലീത്തായുടെ അവസാന രണ്ടു വർഷക്കാലം കാഴ്ച നഷ്ടപ്പെട്ടായിരുന്നു ജീവിതം. ഈ സന്ദർഭത്തിൽ സഭയുടെ പല മുതലുകളും അന്യാധീനപ്പെടുവാൻ ഇടയായി തീർന്നിട്ടുണ്ട്. കാഴ്ച്ചയില്ലാതെ എഴുതുന്ന കടപത്രകുറിപ്പടിയിൽ തിരിമറി നടത്തുന്നവരും കൂടെയുണ്ടായിരുന്നുവെന്ന് പഴമക്കാർ പറയുന്നു. കൂരിയാക്കോസ് മാർ കൂറിലോസ് ആറാമനും തനിക്ക് പിൻഗാമിയെ വാഴിക്കാതെ 1947 ഒക്ടോബർ 15-ാം തിയ്യതി കാലം ചെയ്തു. പിതാക്കൻമാരുടെ കല്ലറയിൽ അടക്കം ചെയ്തു.

****

ഗീവർഗ്ഗീസ് മാർ കൂറിലോസ് ഏഴാമൻ

തൊഴിയൂർ സഭയുടെ പത്താമത്തെ മെത്രാപ്പോലീത്ത 1948 – 1967

കുരിയാക്കോസ് മാർ കൂറിലോസ് ആറാമൻ ഒരു പിൻഗാമിയെ വാഴിക്കതെയാണ് കാലം ചെയ്തത്. അദ്ദേഹം തുടങ്ങിവെച്ച ഭരണഘടന രൂപീകരണം പൂർത്തീയാക്കുകയും 1948 മേയ് മാസത്തിൽ പാസ്സാക്കുയും ചെയ്തു. ഭരണക്രമം നിലവിൽ വന്നതിന് ശേഷം ആദ്യത്തെ മെത്രാപ്പോലീത്തയാണ് ചീരൻ ഗീവർഗ്ഗീസ് മാർ കൂറിലോസ് 7-മൻ മെത്രാപ്പോലീത്ത. തൊഴിയൂർ ഹയർ എലമെന്ററിസ്കൂളിൽ പ്രധാനദ്ധ്യാപകനായിരുന്നു. തൊഴിയൂർ ദേശക്കാരനും, ചീരൻ ഇയ്യോബ് കശീശ്ശയുടെ പുത്രനുമായിരുന്നു ദിവ്യശ്രി.സി.ജെ വർഗ്ഗീസ് കശീശ്ശ. മാർത്തോമാ സഭയിലെ യൂഹാന്നാൻ മാർത്തോമ മെത്രാപ്പോലീത്തായും മാത്യൂസ് മാർ അത്താനാ

സിയോസ് സഫ്രഗൻ മെത്രാപ്പോലീത്തയും ചേർന്ന് 1948 ജൂലൈ 25-ാം തിയ്യതി സി.ജെ വർഗ്ഗീസ് കശീശ്ശായെ ഗീവർഗ്ഗീസ് മാർ കൂറിലോസ് എന്ന നാമത്തിൽ മെത്രാപ്പോലീത്തയായി വാഴിച്ചു. മാർ കൂറിലോസ് ഏഴാമൻ മെത്രാപ്പോലീത്ത, സഭാ ഭരണത്തിലും, സാമൂഹിക വികസനകാര്യത്തിനും പ്രത്യേക ശ്രദ്ധ ചെലുത്തിയിരുന്നു.

ഇദ്ദേഹത്തിന്റെ ഭരണകാലഘട്ടത്തിലെ ശ്രദ്ധേയമായ ഒരു നേട്ടമാണ് തൊഴിയൂർ സെന്റ്ജോർജ്ജ് ഹൈസ്കൂൾ. കൂടാതെ പോർക്കുളം പ്രൈമറി സ്കൂൾ, അപ്പർ പ്രൈമറി സ്കൂളാക്കി മാറ്റുവാനും ഇക്കാലയളവിൽ തിരുമേനിയ്ക്കു സാധിച്ചു. ചാലിശ്ശേരി പഞ്ചായത്തിൽ പെരുമണ്ണൂർ എന്ന സ്ഥലത്ത് സഭയ്ക്ക് സ്ഥലം ലഭ്യമാക്കുകയും അവിടെ പ.ദൈവമാതാവിന്റെ നാമത്തിൽ ഒരു പള്ളി സ്ഥാപിക്കുകയും ചെയ്തു. സുവിശേഷം ജനങ്ങളിൽ എത്തിക്കണമെന്നും, അതിലൂടെ സഭാ മക്കളിൽ ദൈവീക ബോധം ഉളവാക്കണമെന്നും, മെത്രാപ്പോലീത്ത ആഗ്രഹിച്ചതിന്റെ ഫലമാണ് 1948-ൽ ക്രമീകൃമായ രീതിയിൽ സഭാ സുവിശേഷസംഘം സ്ഥാപിതമായത്. സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ടവരേയും, ദരിദ്രരേയും സഹായിക്കാനുള്ള ഉദാരമനസ്സും തിരുമേനിയ്ക്കുണ്ടായിരുന്നു. അതിന്റെ ഫലമായിട്ടാണ് പഴഞ്ഞി പ്രദേശത്ത് ഒരു അഗതി മന്ദിരം ആദ്യമായി സഭ ആരംഭിക്കുന്നത്. മറ്റു സഭകളുമായുള്ള ബന്ധത്തിലും മെത്രാപ്പോലീത്ത അതീവ ശ്രദ്ധാലുവായിരുന്നു. മാർത്തോമാ സഭയിലെ അലക്സാണ്ടർ മാർ തിയോഫിലോസ്, തോമാസ് മാർ അത്താനാസിയോസ്, ഫിലപ്പോസ് മാർ ക്രിസോസ്റ്റം എന്നീ മെത്രാപ്പോലീത്താമാരുടെ സ്ഥാനാരോഹണ ശുശ്രൂഷയിൽ പ്രധാനിയായിരുന്നു ഗീവർഗ്ഗീസ് മാർ കൂറിലോസ് ഏഴാമൻ

ഹൃദയസംബന്ധമായ അസുഖം ബാധിച്ച മെത്രാപ്പോലീത്താ വെല്ലൂർ മെഡിക്കൽ കോളേജിൽ ചികിത്സതേടിയിരുന്നു. എങ്കിലും അദ്ദഹത്തിന് വളരെ ആഗ്രഹമായിരുന്നു തനിക്ക് ഒരു പിൻഗാമിയെ വാഴിക്കണമെന്ന്. ഇതിന്റെ ആവശ്യത്തിലേയ്ക്കായി ഭരണഘടനാസ്യതമായി 1965 ൽ സഭാ മണ്ഡലം വിളിച്ചു ചേർക്കുകയും ചെയ്തു. എന്നാൽ വളരെ ചെറിയ ഇടവകയായ കുന്നംകുളം സെന്റ് തോമാസ് ഇടവകയക്ക് സഭാ മണ്ഡലത്തിൽ പ്രാധിനിധ്യം ഇല്ലാത്തതിനാൽ പ്രസ്തുത പള്ളി അംഗങ്ങൾ കേരള ഹൈക്കോടതിയിൽ നിന്ന് മണ്ഡലം നിർത്തി വെയ്ക്കുവാൻ സ്റ്റേ വാങ്ങിക്കുകയും ചെയ്തു. പിന്നീട് കോടതിയിൽ നടന്ന കേസിൽ അപ്പീൽ തള്ളുകയും, സ്റ്റേ പിൻവലിക്കപ്പെടുകയും ചെയ്തു. തുടർന്ന് 1967-ൽ മെയ് 19ന് വീണ്ടും സഭാ മണ്ഡലം വിളിച്ചു ചേർക്കപ്പെടുകയായിരുന്നു. ഈ സമയമാകുമ്പോഴേയ്ക്കും ഗീവർഗ്ഗീസ് മാർ കൂറിലോസ് ഏഴാമൻ വളരെ ക്ഷീണിതനായി തീർന്നു. സഭാമണ്ഡലത്തിൽ വെച്ച് ദിവ്യശ്രീ. പോൾ തോമാസ് കശീശ്ശായെ പിൻഗാമിയായി തിരഞ്ഞെടുക്കപ്പെട്ടു. എന്നാൽ തന്റെ പിൻഗാമിയായി തിരഞ്ഞെടുക്കപ്പെട്ട പോൾ തോമാസ് കശീശ്ശയെ അഭിഷേകം ചെയ്യുവാൻ കഴിയുന്നതിന് മുൻപേ (ഒരു മാസത്തിനുശേഷം) 1967 ജൂൺ 8-ാം തിയ്യതി ലോകത്തിലെ കഷ്ടതകളിൽ നിന്നും സ്വർഗ്ഗീയ സന്തോഷത്തിലേയ്ക്ക് മെത്രാപ്പോലീത്ത ചേർക്കപ്പെട്ടു. കബറടക്ക ശുശ്രൂഷയ്ക്ക് പ്രധാന കർമ്മികത്വം വഹിച്ചത് മാർത്തോമ സഭയിലെ തോമാസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തയാണ്. കൂടാതെ ഓർത്തഡോക്സ് സഭയിലെ മാത്യൂസ് മാർ അത്താനാസിയോസ് പങ്കെടുക്കയും, പ. കതോലിക്ക ബാവായുടെ അനുശോചനം അറിയിക്കുയും ചെയ്തു.

****

അഗതിമന്ദിരം

മെത്രാപ്പോലീത്ത ഗീവർഗ്ഗീസ് മാർ കൂറിലോസ് ഏഴാമന്റെ ആതുരസേവനങ്ങളുടെ മുഖമുദ്രയായിരുന്നു പഴഞ്ഞി പട്ടണത്തിന്റെ ഹൃദയഭാഗമായ യരുശേലേമിൽ സ്ഥാപിക്കപ്പെട്ട അഗതിമന്ദിരം. ക്രിസ്തീയ വിശ്വാസികൾ മാത്രം തിങ്ങി പാർത്തിരുന്ന പഴഞ്ഞി പ്രദേശം അടയ്ക്ക കൃഷിയ്ക്ക് പേരു കേട്ടതായിരുന്നു. ദേശക്കാരുടെ ആഗ്രഹവും, തിരുമേനിയുടെ ഉൽസാഹവും ചേർന്ന് 1950-ൽ പഴഞ്ഞിയിൽ സഭയ്ക്ക് അഗതിമന്ദിരത്തിനായി സ്ഥലം ലഭ്യമാക്കിതീർത്തു. തുടർന്ന് മൂന്ന് കുടുംബങ്ങൾക്ക് താമസിക്കുവാനുള്ള സൗകര്യത്തോടെ കെട്ടിടം പണിയുകയും 1951 സെപ്തംബറിൽ ഗീവർഗ്ഗീസ് മാർ കൂറിലോസ് ഏഴാമൻ അതിന്റെ ഉൽഘാടനം നിർവ്വഹിക്കുകയും ചെയ്തു. പഴഞ്ഞിയിലെ അനേകവ്യക്തികൾ ഈ നിർമ്മാണത്തിനായി ഉദാരസംഭാവനകൾ നല്കിയിരുന്നു. മാത്രമല്ല ഇതിന്റെ നടത്തിപ്പിനായി ഒരു ഉപദേശക സമിതിയും രൂപീകരിച്ചു." ഈ ഉപദേശക സമിതിയിലേയ്ക്ക് പഴഞ്ഞി സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ നിന്നും പഴഞ്ഞി മാർത്തോമ ഇടവകയിൽ നിന്നും ഓരോ അംഗത്തെ മെത്രാപ്പോലീത്ത നോമിനേറ്റ് ചെയ്തിരുന്നു. (ഫാദർ കെ. സി. വർഗ്ഗീസ് സഭാചരിത്രം പേജ് 106) ഇത് മെത്രാപ്പോലീത്തായുടെ സഹോദര്യബന്ധത്തെ ശക്തമാക്കുന്നതായി കാണുന്നു.

****

സെന്റ് ജോർജ്ജ് ഹൈസ്കൂൾ, തൊഴിയൂർ

1952-ൽ തൊഴിയൂരിൽ സഭയ്ക്ക് ആദ്യമായി ഒരു ഹൈസ്കൂൾ സ്ഥാപിക്കുവാൻ കഴിഞ്ഞു. തൊഴിയൂരിന്റെ ആറ് കി.മീറ്റർ ചുറ്റളവിൽ അക്കാലത്ത് ഒരു ഹൈസ്കൂൾ ഉണ്ടായിരുന്നില്ല. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം, സഭ

യുടെ ഏറ്റവും ആവശ്യമായ ഒന്ന് വിദ്യാഭ്യാസ സൗകര്യമാണെന്ന് മനസ്സിലാക്കിയ ഗീവർഗ്ഗീസ് മാർ കൂറിലോസ് ഏഴാമൻ സഭാ കൗൺസിലിൽ പ്രസ്തുത കാര്യം ഉണർത്തിക്കുയും, സഭാ കൗൺസിൽ പൂർണ്ണ പിന്തുണ നല്കുകയും ചെയ്തു. 1952 മേയ് 5-ാം തിയ്യതി ഹൈസ്കൂളിന് തറക്കല്ലിടുകയും, 1952ൽ തന്നെ താല്ക്കാലിക കെട്ടിടങ്ങളിൽ ക്ലാസുകൾ ആരംഭിക്കുകയും ചെയ്തു. പണി പൂർത്തികരിച്ച പുതിയ കെട്ടിടത്തിന്റെ ഉൽഘാടനം 1953 ഫെബ്രുവരിയിൽ അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ കൂറിലോസ് ഏഴാമൻ നിരവ്വഹിക്കുയും അവിടെ ക്ലാസ്സുകൾ ആരംഭിക്കുകയും ചെയ്തു. അന്ന് തൊഴിയൂർ മദ്രാസ് സംസ്ഥാനത്തിന്റെ മലബാർ ജില്ലയിലായിരുന്നു. മലബാറിന്റെ പടിഞ്ഞാറ് ഭാഗത്തെ ആദ്യത്തെ ഹൈസ്കൂൾ. സഭാ കൗൺസിൽ തിരഞ്ഞെടുക്കുന്ന വിദ്യഭ്യാസ സമിതിയാണ് വിദ്യാഭ്യാസസ്ഥാപനങ്ങളുടെ നടത്തിപ്പിൽ നേതൃത്വം നല്കുന്നത്.

****

പെരുമണ്ണൂർ സെന്റ് മേരീസ് ദൈവാലയം

ദീനാനുകമ്പയിൽ വളരെ മുന്നിലായിരുന്നു ഗീവർഗ്ഗീസ് മാർ കൂറിലോസ് ഏഴാമൻ മെത്രാപ്പോലീത്ത. പഴഞ്ഞിയിൽ ആരംഭിച്ചതായ അഗതിമന്ദിരത്തിനേക്കാൾ ഒരുപടി ഉയർന്ന് ചിന്തിക്കുകയും, നിർധനരായവർക്ക് വീടുവെച്ച് കൊടുക്കുവാൻ ആഗ്രഹിക്കുകയും പ്രസ്തുത ആഗ്രഹം സഭാ കൗൺസിൽ അംഗീകരിക്കുകയും ചെയ്തതിന്റെ വെളിച്ചത്തിൽ പെരുമണ്ണൂർ കുന്നിൽ മുകളിൽ സഭയ്ക്ക് ഒരേക്കർ ഭൂമി വിലക്ക് വാങ്ങുകയുണ്ടായി. വീടുവെയ്ക്കാനുള്ള അപേക്ഷകരിൽ നിന്നും രണ്ടുപേരെ തിരഞ്ഞെടുത്ത് 10 സെന്റെ വീതം ദാനം കൊടുക്കുകയും വീടുവെയ്ക്കുവാൻ സഹായിക്കുകയും ചെയ്തു. അല്പക്കാലത്തിനുശേഷം ഈ സ്ഥലത്തിന്റെ ചുറ്റുപാടിലായി അനേക കുടുംബങ്ങൾ താമസിക്കുകയും പ്രസ്തുത പ്രദേശം ഒരു കോളനിയായി മാറുകയും, അനേകം ക്രിസ്തീയ വിശ്വാസികളുടെ കുടുംബങ്ങൾ വളർന്നു വരികയും ചെയ്തു. സഭയുടെ ഒരേക്കർ സ്ഥലം ഉയർന്നതും വിശാലവുമായതിനാൽ അവിടെ ഒരു ദേവാലയം പണിയമെന്ന ആഗ്രഹം വളർന്നപ്പോൾ ആ സ്ഥലത്ത് 10 സെന്റ് വീതം കൊടുത്ത് താമസിച്ചിരുന്നവർക്ക് മറ്റൊരു സ്ഥലം വാങ്ങികൊടുക്കുയും, അവിടെ വീടുവെച്ച് കൊടുക്കയും ചെയ്തു, സഭയുടെ ഒരേക്കർ സ്ഥലത്ത് 1966- ആഗസ്റ്റ് 15 നു ഗീവർഗ്ഗീസ് മാർ കൂറിലോസ് ഏഴാമൻ മെത്രാപ്പോലീത്ത, പ.ദൈവമാതാവിന്റെ നാമത്തിൽ ദൈവാലയത്തിന് തറക്കല്ലിട്ടു പണിയാരഭിച്ചു. കുന്നിൻ മുകളിൽ ഉയർന്നുവന്ന മനോഹര ദൈവാലയം, രണ്ട് വർഷത്തിനു ശേഷം ഗീവർഗ്ഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ പിൻഗാമിയായി വന്ന പൗലൂസ് മാർ പീലക്സിനോസ് മൂന്നാമൻ മെത്രാപ്പോലീത്തയാണ് കൂദാശ നിർവ്വഹിച്ചത്.

സുവിശേഷസംഘം

ഗീവർഗ്ഗീസ് മാർ കൂറിലോസ് ഏഴാമൻ മെത്രാപ്പോലീത്തായുടെ വലിയൊരു ചിന്തയായിരുന്നു സഭയിലെ ജനങ്ങളുടെ ആത്മീയ വളർച്ച. ആത്മീയമായി ജനങ്ങളെ ബോധവല്ക്കരിക്കുന്നതിനും വളരുന്ന തലമുറയ്ക്ക് ക്രിസ്തുവിനെ കാണിച്ചു കൊടുക്കുന്നതിനു വേണ്ടിയും മറ്റുമാണ് മെത്രാപ്പോലീത്ത "മലബാർ സ്വതന്ത്രസുറിയാനി സഭാ സുവിശേഷ സംഘം" 1948-ൽ ആരംഭിച്ചത്. സണ്ടേസ്കൂളിന്റെ പ്രവർത്തനങ്ങൾ ക്രോഡീകരിക്കുകയും സ്ത്രീസമാജത്തിന്റെയും, മറ്റു സുവിശേഷപ്രവർത്തനങ്ങളുടേയും, പരിപാടികൾ ആസൂത്രണം ചെയ്യുന്നതും സുവിശേഷ സംഘമാണ്. മെത്രാപ്പോലീത്ത പ്രസിഡന്റായ ഒരു സമിതിയാണ് നേതൃത്വം നല്കുന്നത്. സമിതിയിൽ പട്ടക്കാരും, സഭയിലെ സുവിശേഷകരും സണ്ടേസ്കൂൾ പ്രതിനിധികളും അംഗങ്ങളാണ്.

****

പൗലൂസ് മാർ പീലക്സിനോസ് മൂന്നാമൻ

തൊഴിയൂർ സഭയുടെ പതിനൊന്നാമത്തെ മെത്രാപ്പോലീത്ത

1967 – 1977

മുൻ അദ്ധ്യായത്തിൽ പറഞ്ഞതുപോലെ ഗീവർഗ്ഗീസ് മാർ കൂറിലോസ് ഏഴാമൻ തിരഞ്ഞെടുക്കപ്പെടുകയും, എന്നാൽ സ്ഥാനാഭിഷേകം നടത്തുവാൻ കഴിയാതെവരികയും ചെയതതിനാൽ ദിവശ്രീ. പോൾ തോമാസ് കശീശ്ശായെ, മാർത്തോമ സഭയിലെ ഡോ.യൂഹാന്നോൻ മാർത്തോമ മെത്രാപ്പോലീത്തായും അലക്സാണ്ടർ മാർ തിയോഫിലോസ് എപ്പിസ്ക്കോപ്പയും തോമസ് മാർ അത്താനാസിയോസ് എപ്പിസ്ക്കോപ്പയും ചേർന്ന് 1967 ഡിസംബർ 16-ാം തിയ്യതി പൗലൂസ് മാർ പീലക്സിനോസ് മൂന്നാമൻ എന്ന നാമത്തിൽ മെത്രാപ്പോലീത്തയായി അഭിഷേകം ചെയ്തു. സ്ഥാനഭിഷേക ശുശ്രൂഷയിൽ പൗരസ്ത്യ സുറിയാനി സഭയുടെ തോമാ ധർമ്മോ മെത്രാപ്പോലീത്തായും, ഉത്തരകേരള മഹാഇടവകയുടെ ബിഷപ്പ് ബഞ്ചമിൻ തിരുമേനിയും പങ്കെടുത്തിരുന്നു. പോൾ കശീശ്ശായുടെ ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം ഉപരിപഠനം പൂന യൂണിവേഴ്സിറ്റിയിലെ വില്ലിങ്ടൻ കോളേജിലായിരുന്നു. സഭാ സെക്രട്ടറിയായും, സുവിശേഷ സംഘം സെക്രട്ടറിയായും ഇദ്ദേഹം സേവനം അനുഷ്ഠിച്ചു. മെത്രാൻ സ്ഥാനത്തേയ്ക്ക് തിരഞ്ഞെടുക്കുമ്പോൾ സഭയുടെ സെന്റ് ജോർജ്ജ് ഹൈസ്കൂളിലെ ക്ലാർക്കായി ജോലി ചെയ്ത് വരികയായിരുന്നു. പൗലൂസ് മാർ പിലക്സിനോസ് മെത്രാപ്പോലീത്തായുടെ ഭരണകാലത്ത് പല നൂതന പദ്ധതികളും നടപ്പിലാക്കുവാൻ ഊർജസ്വലനായ മെത്രാപ്പോലീത്തയ്ക്ക് കഴിഞ്ഞു. തന്റെ മുൻഗാമി ഗീവർഗ്ഗീസ് മാർ കൂറിലോസ് തുടങ്ങിവെച്ച പെരുമണ്ണൂർ സെന്റ് മേരിസ് ദൈവാലയം 1968-ൽ മെയ് 5 ന് കൂദാശ ചെയ്തു. 1968-ൽ

തന്നെ കാട്ടുമങ്ങാട്ട് കുറിലോസ് പിതാക്കന്മാർ ആദ്യം താമസിച്ച്, സ്ഥാപിച്ച മാർ ബഹനാം ചാപ്പൽ പുതുക്കി പണിത് 1970 ഫെബ്രുവരി 2 ന് കൂദാശ ചെയ്തു. പോർക്കുളം മാർ ആദ്ദായ് ശ്ലീഹാ ദൈവാലയത്തിന്റെ മദ്ബഹാ പുതുക്കി പണിത് 1970-ൽ കൂദാശ നടത്തുകയും ചെയ്തു. കൂടാതെ കരിക്കാട് പ്രദേശത്ത് സഭയ്ക്കായി സമ്പാദിച്ച സ്ഥലത്ത് പരിശുദ്ധ ഗീവർഗ്ഗീസ് സഹദായുടെ നാമത്തിൽ പള്ളി സ്ഥാപിക്കുകയും 1971 നവംബർ 24-ന് പൗലൂസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്ത കൂദാശ നടത്തി. സഭാ ആസ്ഥാനമായ തൊഴിയൂർ സെന്റ് ജോർജ്ജ് ദൈവാലയത്തിന് തുടക്കം കുറിച്ചതിന്റെയും, സഭാ സ്ഥാപനത്തിന്റെയും ഇരുന്നൂറാം വാർഷികമായ 1977 മെയ് 28 ന് വിപുലമായ പരിപാടികൾ ആസ്ത്രൂണം ചെയ്യുകയും സഭയുടെ ആദ്യ മെത്രാപ്പോലീത്തയായ കാട്ടുമങ്ങാട്ട് അബ്രഹാം മാർ കൂറിലോസ് ബാവായെ പരിശുദ്ധനായി പ്രഖ്യാപിക്കുകയും ചെയ്തു. പരിശുദ്ധ കുറിലോസ് ബാവായെ പരിശുദ്ധനായി പ്രഖ്യാപിച്ചതിന് ശേഷം പരിശുദ്ധന്റെ നാമധേയത്തിൽ ആദ്യമായി കൊരട്ടിക്കരയിൽ ഒരു ദൈവാലയം പണിയുവാൻ ശ്രമിക്കുകയും ആകെ ലഭിച്ച അല്പം സ്ഥലത്ത് പരിശുദ്ധ കുറിലോസ് ബാവായുടെ നാമത്തിൽ ദൈവാലയം പണികഴിപ്പിക്കുകയും ചെയ്തു. തുടർന്ന് പരിശുദ്ധബാവായുടെ മദ്ധ്യസ്ഥതയിൽ അനേകർക്ക് സൗഖ്യം ലഭിക്കുവാൻ ഇടയായതിന്റെ സ്മരണയ്ക്കായി പരിശുദ്ധന്റെ നാമത്തിൽ തൊഴിയൂരിലെ സഭവക സ്ഥലത്ത് " മാർ കുറിലോസ് " മിഷ്യൻ ആശുപത്രി സ്ഥാപിച്ചു. ആശുപത്രിയുടെ ഉൽഘാടനം കേരള മന്ത്രി ശ്രി. പോൾ.പി.മാണി നിർവ്വഹിച്ചു. മലങ്കര ഓർത്തഡോക്സ് സഭയുടെ നിയുക്ത കാതോലിക്ക മാത്യൂസ് മാർ അത്താനാസിയോസ് എക്സ് റേ യൂണിറ്റിന്റെ ശിലാസ്ഥാപനം നടത്തി. അന്നു നടന്ന സമ്മേളനത്തിൽ ബനഡിക്ട് മാർ ഗ്രീഗോറിയോസ്, കൽദായ സഭയുടെ മാർ അപ്രേം, ഉത്തരകേരള മഹായിടവകയുടെ ബിഷപ്പ് റൈറ്റ് റവ.ബഞ്ചമിൻ തിരുമേനി എന്നിവരും പങ്കെടുത്തു. ഈ സമ്മേളനത്തിൽ വെച്ചാണ് റവ.ഫാദർ കെ.സി. വർഗ്ഗീസ് എഴുതിയ ആദ്യ സഭാചരിത്രം പ്രകാശനം ചെയ്തത്.

****

ചാലിശ്ശേരി അഗതി മന്ദിരം

ദിനാനുകമ്പയുടെ മറ്റൊരു മാതൃകയായി പഴഞ്ഞിയിൽ ഗീവർഗ്ഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത ആരംഭിച്ചതുപോലെ ഒരു അഗതി മന്ദിരം ചാലിശ്ശേരിയിലും പണിയുവാൻ മെത്രാപ്പോലീത്ത പൗലൂസ് മാർ പീലക്സിനോസ് മുൻകൈയ്യെടുത്തു പ്രവർത്തിച്ചു. ആയതിന്റെ ഫലമായി ചാലിശ്ശേരി ഹെൽത്ത് സെന്ററിന് അടുത്തുള്ള സഭ വക സ്ഥലത്ത് ഒരു അഗതി മന്ദിരം 1976-ൽ ഉൽഘാടനം ചെയ്യുകയും നിർദ്ദനരായവർക്കും, അനാഥർക്കും, സഭാവ്യത്യാസമില്ലാതെ നല്കുവാൻ സഭാ സുവിശേഷ സംഘത്തിന്റെ നിയന്ത്രണത്തിൽ വിട്ടു കൊടുക്കയും ചെയ്തു. പാവപ്പെട്ടവർക്ക് ജോലി സാദ്ധ്യത മുന്നിൽ കണ്ട് ഒരു തയ്യൽ യൂണിറ്റും കൂടി ആരംഭിക്കുവാൻ തിരുമേനി ശ്രമിക്കുകയും അത് നടപ്പിലാക്കുകയും ചെയ്തു. സഭയുടെ ഉന്നമനത്തിന് വിശാലമായ കാഴ്ചപാടുകളോടെ പ്രവർത്തിക്കുകയും, അയൽ സംസ്ഥാനങ്ങളിലേയ്ക്ക് സഭയുടെ പേര് പ്രസിദ്ധമാക്കുകയും ചെയ്യുവാൻ തിരുമേനിക്ക് സാധിച്ചു. മദ്രാസിൽ സഭയ്ക്ക് ഒരു ദൈവാലയം പണിയുവാൻ ആവശ്യമായ സ്ഥലം സമ്പാദിക്കുവാനും പ. ഗീവർഗ്ഗീസ് സഹദായുടെ നാമത്തിൽ 1976 ഫെബ്രുവരി 24 ന് ദൈവാലയത്തിന് കല്ലിടുവാനും മെത്രപ്പോലീത്തായ്ക്ക് കഴിഞ്ഞിരുന്നു. വിവിധ തരത്തിലുള്ള വികസനങ്ങളിലൂടെ സഭയെ നയിക്കുകയായിരുന്ന പൗലൂസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്ത 1977 ആഗസ്റ്റ് 28-ാം തിയ്യതി മലബാർ സ്വതന്ത്രസുറിയാനി സഭയെ അതായത് തൊഴിയൂർ സിംഹാസനത്തെ വേദനയിലാഴ്ത്തി അനാഥമാക്കികൊണ്ട്, മലങ്കര കത്തോലിക്ക സഭയിലേയ്ക്ക് ചേർന്നു. എന്നിട്ടും മലബാർ സ്വതന്ത്രസുറിയാനി സഭ അതിന്റെ ശീർഷകത്വവും, പൗരാണികത്വവും നിലനിർത്തുവാൻ ആവശ്യമായ ആർജവം ഉൾകൊണ്ട് മുന്നേറുകായായിരുന്നു.

****

മാത്യൂസ് മാർ കൂറിലോസ് ഏട്ടാമൻ

മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ പന്ത്രണ്ടാമത്തെ മത്രാപ്പോലീത്ത 1978–1986

സഭയുടെ പൗലൂസ് മാർ പീലക്സിനേസ് സ്വന്ത സിംഹാസനം വിട്ട് മലങ്കര കത്തോലിക്കാ സഭയിലേയ്ക്ക് ചേക്കേറുകയും, അവിടെ നാമമാത്ര മെത്രാനായി മരിക്കുവരെ ജീവിക്കുകയും ചെയ്തു. എന്നാൽ മലബാർ സ്വതന്ത്രസുറിയാനി സഭയ്ക്ക് പുതിയ മെത്രാപ്പോലീത്തായെ ആവശ്യമായതിനാൽ 1977 ഡിസംബർ 11-ാം തിയ്യതി സഭാ മണ്ഡലം ചേരുകയും തിരഞ്ഞെടുപ്പിലൂടെ കെ.ഐ മാത്യൂ കശീശ്ശായെ സഭാ മേലദ്ധ്യക്ഷ സ്ഥാനത്തേയ്ക്ക് തിരഞ്ഞെടുക്കുകയും ചെയ്തു. ഇദ്ദേഹം കൂത്തൂർ ഗീവർഗ്ഗീസ് മാർ കുറിലോസ് മെത്രാപ്പോലീത്തായുടേയും കുറിയാക്കോസ് മാർ കുറിലോസ്മെത്രാപ്പോലീത്തായുടേയും കുടുംബാംഗവും, കോട്ടപ്പടി അച്ചൻ എന്നറിയപ്പെടുകയും ചെയ്തിരുന്നു. ഇദ്ദേഹം സഭയുടെ മാനേജ്മെന്റ് സ്കൂളിലെ അദ്ധ്യാപകനായും, വിവിധ ഇടവകയിലെ വികാരിയായും, സഭയുടെ ഔദ്യോഗിക ചുമതലകളിൽ ഭാഗഭാക്കായും പ്രവർത്തിച്ചീട്ടുണ്ട്. കൂത്തൂരെ ഇട്ട്യേശൻ മകൻ മാത്തു കശീശ്ശായെ, മാർത്തോമാ സഭയിലെ അഭിവന്ദ്യ ഡോ. അലക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്താ, എപ്പിസ്ക്കോപ്പമാരായ

തോമസ് മാർ അത്താനാസിയോസ്, ജോസഫ് മാർ ഐറേനിയോസ്, ഈശോ മാർ തിമൊഥിയോസ് എന്നിവരുടെ സഹകാർമ്മികത്വത്തിൽ മാത്യൂസ് മാർ കൂറിലോസ് 8-മൻ എന്ന പേരിൽ മെത്രാപ്പോലീത്തയായി അഭിഷേകം ചെയ്തു. തുടർന്ന് നടന്ന സമ്മേളനത്തിൽ മലങ്കര ഓർത്തോക്സ് സഭയുടെ പൗലൂസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായും, കൽദായ സഭയിലെ പൗലൂസ് മാർ പൗലൂസ് മെത്രാപ്പോലീത്തായും, പങ്കെടുത്തു. മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ കാലത്താണ് മദ്രാസ് സെന്റ് ജോർജ്ജ് പള്ളി പണി പൂർത്തീകരിച്ച് കൂദാശ ചെയ്യപ്പെട്ടത്.

****

സെന്റ് ജോർജ്ജ് പള്ളി– ചെന്നൈ

സഭയുടെ പൗലൂസ് മാർ പീല്കിനോസ് മെത്രാപ്പോലീത്ത മദ്രാസിലുള്ള തന്റെ സഭാമക്കളെ സന്ദർശിക്കുവാൻ മദ്രാസിൽ എത്തുകയും, സഭാ മക്കൾക്ക് ആരാധനായ്ക്കായി സ്വന്തം ദൈവാലയം ഇല്ലാത്തതിന്റെ പ്രയാസം മനസ്സിലാക്കുകയും ചെയ്തതിന്റ ഫലമായി, അവിടെയുള്ള പലരുടേയും ഉൽസാഹത്തിൽ പള്ളിയ്ക്കാവശ്യമായ ഒരു ചെറിയ സ്ഥലം വാങ്ങിക്കുകയും ചെയ്തു. പ്രസ്തുത സ്ഥലത്ത് 1976 ഫെബ്രുവരി 24-ാം തിയ്യതി അഭിവന്ദ്യ പൗലൂസ് മാർ പിലക്സിനോസ് മെത്രാപ്പോലീത്ത അടിസ്ഥാന ശിലയിടുകയായിരുന്നു. എന്നാൽ 4 വർഷമായിട്ടും ഒരു ദൈവാലയം പണിതുയർത്തുവാൻ കഴിയാതെ വന്നതിനാൽ അഭിവന്ദ്യ മാത്യൂസ് മാർ കുറിലോസ് മെത്രാപ്പോലീത്തായുടെ നിർദ്ദേശത്താലും, കല്പനയാലും മദ്രാസ് ഷീൻലേക്ക് കമ്പനി ഉടമസ്ഥൻ ശ്രീ ജോൺ പീറ്റർ പള്ളി പണി സ്വന്തം ചിലവിൽ പൂർത്തിയാക്കുവാൻ മുന്നോട്ടു വരികയും, പള്ളി പണി പൂർത്തിയാക്കി 1981 ജനുവരി 11-ാം തിയ്യതി അഭിവന്ദ്യ മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത കൂദാശചെയ്യപ്പെടുകയും ചെയ്തു. വളരെ ചെറുതായിരുന്ന ദൈവാലയം പിന്നീട് 2 തവണ അതിന്റെ രൂപഭംഗി വിപുലമാക്കി തീർക്കുകയും 1991-ൽ പള്ളിക്ക് തൊട്ടു കിടക്കുന്ന സ്ഥലം വാങ്ങിക്കുകയും, ഒരു കുരിശുപള്ളി റോഡിനോട് ചേർന്ന് പണി കഴിപ്പിക്കുകയും ചെയ്തു.

മാത്യൂസ് മാർ കുറിലോസ് മെത്രാപ്പോലീത്താ സഭയ്ക്ക് ശക്തമായ നേതൃത്വം കൊടുക്കുകയും തനിക്ക് ഒരു സഫ്രഗൻ മെത്രാപ്പോലീത്ത ആവശ്യമാണെന്ന് സഭയെ അറിയിക്കുകയും ചെയ്തു. തൽഫലമായി 1981 ഡിസംബർ 20-ാം തിയ്യതി സഭാ മണ്ഡലം യോഗം ചേർന്ന് 27 വയസുകാരനായ കുന്നംകുളം പനയ്ക്കൽ മാത്തുകുട്ടി മകൻ ജോസഫ് പനയ്ക്കൽ കശീശയെ സഫ്രഗൻ മെത്രാപ്പോലീത്താ പദവിയിലേയ്ക്ക് തിരഞ്ഞെടുക്കുകയും ചെയ്തു. നിർഭാഗ്യവശാൽ മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായ്ക്ക് സഫ്രഗൻ മെത്രാനെ വാഴിക്കുവാൻ കഴിഞ്ഞില്ല. 1986 ജൂൺ 19-ന് മാത്യൂസ് മാർ കൂറിലോസ് ഏട്ടാമൻ മെത്രാപ്പോലീത്ത കാലം ചെയ്തു പിതാക്കന്മാരുടെ കല്ലറയിൽ കബറടക്കി.

****

ആലത്തൂർ ജോസഫ് മാർ കുറിലോസ് ഒൻപതാമൻ

തൊഴിയൂർ സഭയുടെ പതിമൂന്നാമത്തെ മെത്രാപ്പോലീത്ത 1986 – 2001

1986 ജൂൺ 19-ാംനു മാത്യൂസ് മാർ കുറിലോസ് മെത്രാപ്പോലീത്ത കാലം ചെയ്തതിന് ശേഷം അദ്ദേഹത്തിന്റെ ഭരണകാലത്ത് തന്നെ സഫ്രഗനായി തിരഞ്ഞെടുത്തിരുന്ന കുന്നംകുളം പനയ്ക്കൽ ജോസഫ് കശീശ്ശായെ മാർത്തോമ്മ സഭയിലെ പിലിപ്പോസ് മാർ ക്രിസോസ്റ്റം എപ്പിസ്ക്കോപ്പറമ്പാൻ സ്ഥാനം നൽകുകയും ഒരാഴ്ച്ചയക്ക് ശേഷം 1986 ഓഗസ്റ്റ് 27-ാം തിയ്യതി മാർത്തോമാ സഭയിലെ ഡോ. അലക്സാണ്ടർ മാർത്തോമ്മ മെത്രാപ്പോലീത്തായുടെ പ്രധാന കർമ്മികത്വത്തിലും, ജോസഫ് മാർ ഐറേനിയോസ്, ഇശോ മാർ തിമൊത്തിയോസ്, സഖറിയാസ് മാർ തിയോഫിലോസ്, മാർ അപ്രേം, പൗലൂസ് മാർ പൗലൂസ്, മാർ ഓസ്താത്തിയോസ് ബെന്യാമിൻ ജോസഫ്, സി.എസ്സ്. ഐ സഭയിലെ ബിഷപ്പ് സേത്ത് എന്നീ തിരുമേനിമാരുടെ സഹകാർമ്മിത്വത്തിലും ജോസഫ് മാർ കുറിലോസ് 9-മൻ എന്ന പേരിൽ മെത്രാപ്പോലീത്തയായി അഭിഷേകം ചെയ്തു. യുവജനങ്ങളിൽ സഭാ സ്നേഹവും, ഐക്യവും സഭയെന്ത് എന്നുള്ള ബോധവും വളർത്തുന്നതിന്, ആലത്തൂരച്ചൻ മുന്നിട്ടറങ്ങി ആരംഭിച്ചതാണ് സഭയിലെ ഇന്നത്തെ യുവജന പ്രസ്ഥാനം. ആദ്യകാലത്ത് 3 സോണുകൾ ആയി തിരിച്ച് കൊണ്ടായിരുന്നു പ്രവർത്തനം. പിന്നീട് ഓരോ ഇടവകയിലും ഒരോ യൂണിറ്റുകളായി രൂപീകരിക്കുകയും, എല്ലായൂണിറ്റിനേയും നിയന്ത്രിക്കുവാൻ കേന്ദ്ര കമ്മറ്റിയും ഉൾപ്പെടുത്തിയിരുന്നു. ഇതിന്റെ ആദ്യ പ്രസിഡണ്ട് ഇദ്ദേഹമായി രുന്നു. പലജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുവാൻ ഈ പ്രസ്ഥാനത്തിനു കഴിഞ്ഞു. മെത്രാപ്പോലീത്തയായതിനുശേഷവും സംഘടനയുടെ പ്രസിഡണ്ട് മെത്രാപ്പോലീത്തയായിരുന്നു. കൂടാതെ സഭയ്ക്ക് ഒരു പ്രസിദ്ധീകരണം ആവശ്യമാണെന്ന് സംഘടനയ്ക്ക് ബോദ്ധ്യം വന്നപ്പോൾ ആയതിന് നേതൃത്വം നല്കുന്നതിലും വലിയ പങ്ക് വഹിച്ചത് ജോസഫ് അച്ചനാണ്. "കുഞ്ഞാടുകളുടെ വെളിച്ചം" എന്ന മാസിക ആരംഭിക്കുകയും ആദ്യ കാലത്ത് അതിന്റെ പത്രാധിപരും, പിന്നീട്ട് മെത്രാനായപ്പോൾ അതിന്റെ രക്ഷാധികാരിയും ആയിരുന്നു. സഭയിലെ യുവജനങ്ങളെ സഭാഭരണത്തിന്റെ മുഖ്യധാരയിലേയെത്തിക്കുന്നതിൽ മുഖ്യപങ്ക് വഹിച്ച വ്യക്തിത്വമായിരുന്നു ആലത്തൂരെ ജോസഫ് മാർ കുറിലോസ് മെത്രാപ്പോലീത്തായുടേത്. മെത്രാപ്പോലീത്ത

യായി ചുമതലയേറ്റ് അധികം താമസിയാതെ ഏറ്റെടുത്ത് നിറവേറ്റിയ ഒരു വലിയ ദൗത്യമായിരുന്നു തൊഴിയൂർ ഭദ്രാസനപള്ളിയുടെ പുനർനിർമ്മാണം. രണ്ടര ശതാബ്ദത്തോളം പഴമയുടെ പ്രൗഢിപേറികൊണ്ട് കാലങ്ങൾ കഴിഞ്ഞു പോയപ്പോൾ ഭദ്രാസനദേവാലയം അറ്റകുറ്റപണികൾക്ക് അതീതമായി ജീർണ്ണത ബാധിച്ചു. ആയതിന്റെ അനന്തരഫലമായാണ് പുനർ നിർമ്മാണത്തെപറ്റി സഭാ കൗൺസിൽ ചർച്ച ചെയ്തതും ആയതിൽ മെത്രാപ്പോലീത്തയുടെ നേതൃത്വത്തിൽ ഒരു കമ്മറ്റി രൂപീകരിക്കുകയും ചെയ്തത്. പഴമയുടെ വിശ്വാസത നിലനിറുത്തിയും, പുതുമയുടെ സാങ്കേതിക സൗന്ദര്യം സമന്വയിപ്പിച്ചും കൊണ്ട് ദൈവാലയം മനോഹരമാക്കേണ്ടതായ ഭാരിച്ച ഉത്തരവാദിത്വമായിരുന്നു മെത്രാപ്പോലീത്ത ഏറ്റെടുത്തത്. പിതാക്കന്മാരുടെ കല്ലറ സ്ഥിതി ചെയ്യുന്ന വരാന്തയും പള്ളിയ്ക്കകത്ത് വരുവാൻ തക്കവണ്ണം രൂപകല്പന ചെയ്യുകയും പരിശുദ്ധ കുറിലോസ് ബാവായാൽ സ്ഥാപിതമായ മദ്ബഹായ്ക്ക് യാതൊരു കോട്ടവും തട്ടാതെയും പള്ളി പണിപൂർത്തീകരിക്കയും, നാലുകെട്ടിന്റെ പടിഞ്ഞാറുവശം പൊളിച്ചുമാറ്റി പുതിയ രീതിയിൽ പണിയുകയും ചെയ്തു. പരിശുദ്ധ ദൈവാലയം 1989 ഏപ്രിൽ 16 ന് ജോസഫ് മാർ കൂറിലോസ് മെത്രാപ്പോലീത്ത കൂദാശ ചെയ്തു.

സിറിൽ മാർ ബാസ്സേലിയോസ് മെത്രാപ്പോലീത്താ

തൊഴിയൂർ സഭയുടെ പതിനാലാമത്തെ മെത്രാപ്പോലീത്ത

പോർക്കുളം മാർ ആദ്ദായ് ശ്ലീഹാ ഇടവകയിലെ കൂത്തൂർ ചൂമ്മാരു മകൻ സണ്ണി കശീശ്ശയാണ് പിന്നീട് സിറിൽ മാർ ബാസ്സേലിയോസ് മെത്രാപ്പോലീത്തയായി അഭിഷേകം ചെയ്യപ്പെട്ടത്. ആലത്തൂര് ജോസഫ് മാർ കൂറിലോസ് 9-ാമൻ മെത്രാപ്പോലീത്ത, ഭരണത്തിൽ നിന്നും വിരമിക്കുകയും, തനിക്ക് ഒരു പിൻഗാമിയെ വാഴിക്കുകയും ചെയ്യണമെന്ന തീവ്രമായ ആവശ്യം സഭ അംഗീകരിക്കുകയായിരുന്നു. ആയതിന്റെ ഫലമായി സഭാ മണ്ഡലം ചേർന്ന് ബഹു: സണ്ണികശിശ്ശായെ പിൻഗാമിയായി തിരഞ്ഞെടുക്കുകയായിരുന്നു. 2001 മാർച്ച് 3-ാം തിയ്യതി ജോസഫ് മാർ കൂറിലോസ് മെത്രാപ്പോലീത്തായിൽ നിന്നും റമ്പാൻ സ്ഥാനം സ്വീകരിച്ചു. ഈ ചടങ്ങിൽ മാർത്തോമ സഭയിലെ ജോസഫ് മാർ ഐറേനിയോസും, യൂയാക്കിം മാർ കൂറിലോസും, ജോസഫ് മാർ ബർണബാസ് എപ്പിസ്കോപ്പമാരും പങ്കെടുത്തിരുന്നു. തുടർന്ന് 2001 മാർച്ച് 10-ാം തിയ്യതി തൊഴിയൂർ ഭദ്രാസന പള്ളിയുടെ മദ്ബഹായിൽ വെച്ച് ജോസഫ് മാർ കുറിലോസ് 9-മൻ മെത്രാപ്പോലീത്ത ബഹു. വെരി. റമ്പാൻ സണ്ണിയെ എപ്പിസ്കോപ്പയായി വാഴിച്ചു. അഭിവന്ദ്യ സിറിൽ മാർ ബസ്സേലിയോസ് മെത്രാപ്പോലീത്തായുടെ സ്ഥാനാരോഹണം മലബാർ സ്വതന്ത്രസുറിയാനി സഭയുടെ ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം വീണ്ടും തുന്നിചേർക്കപ്പെടുകയായിരുന്നു. കാരണം മുൻപിതാക്കന്മാർ തങ്ങളുടെ ഒസ്യത്ത് പ്രകാരം വളരെ വ്യക്തമായി പ്രതിപാദിച്ചിരുന്ന ഒരു വിഷയമായിരുന്നു, സഭയ്ക്ക് ഒരു പിൻഗാമിയെ വാഴിക്കണമെന്നത്, എന്നാൽ കഴിഞ്ഞ 84 വർഷമായി അതിന് വിഘ്നം വന്നിരിക്കയായിരുന്നു. 84 വർഷത്തിനുശേഷം മലബാർ സ്വതന്ത്രസുറിയാനി സഭാ മെത്രാപ്പോലീത്ത തന്റെ സഭയ്ക്ക് പിൻഗാമിയെ വാഴിക്കുന്നത് ഇപ്പോഴാണ്. സഭയെ സംബന്ധിച്ച് ഇത് വളരെ പ്രാധാന്യം അർഹിക്കുന്ന ഒന്നായിരുന്നു.

2001 മേയ് 28-ാം തിയ്യതിയാണ് സഭയുടെ ആസ്ഥാനമായ തൊഴിയൂർ ഭദ്രാസന ദൈവാലയത്തിൽ വെച്ച് അഭിവന്ദ്യ സിറിൽ മാർ ബാസ്സേലിയോസ് എപ്പിസ്കോപ്പ സുന്ത്രോണീസോ ശുശ്രൂഷയിലൂടെ സഭയുടെ 14-മത്തെ മെത്രാപ്പോലീത്തയായി സ്ഥാനമേറ്റെടുത്തത്. സഭാ മെത്രാപ്പോലീത്തയായി സ്ഥാനമേറ്റെടുത്തതിനുശേഷം അഭിവന്ദ്യ ജോസഫ് മാർ കുറിലോസ് മെത്രാപ്പോലീത്തായെ സഭയുടെ വലിയ മെത്രാപ്പോലീത്താ സ്ഥാനം നല്കി ആദരിക്കുകയും ചെയ്തു. ജോസഫ് മാർ കുറിലോസ് മെത്രാപ്പോലീത്ത തന്റെ അധികാര ചിഹ്നങ്ങളായ മാലയും മോതിരവും, മുടിയും, സ്ലീബായും, മുദ്രയും അഭിവന്ദ്യ സിറിൽ മാർ ബാസ്സേലിയോസ് മെത്രാപ്പോലീത്തായ്ക്ക് ഈ ചടങ്ങിൽ വെച്ച് കൈമാറി. മലബാർ സ്വതന്ത്ര

സുറിയാനി സഭാ ചരിത്രത്തിൽ ഇപ്രകാരം വിരമിക്കുന്നത് ആദ്യമാണെന്ന് ചരിത്രകാരന്മാർ പറയുന്നുവെങ്കിലും ആദ്യമായല്ല, സഭയുടെ ചരിത്രത്തിൽ സംഭവിച്ചത് എന്നതാണ് സത്യം. കാട്ടുമങ്ങാട്ട് ഗീവർഗ്ഗീസ് മാർ കൂറിലോസ് രണ്ടാമൻ മെത്രാപ്പോലീത്ത രണ്ട് തവണ തന്റെ ഭരണം പിൻഗാമിയെ ഏല്പിച്ച് സ്വന്തം ദേശത്തേയ്ക്ക് മാറിപ്പോയത് സഭാ ചരിത്രതാളുകൾ നമ്മെ പഠിപ്പിക്കുന്നുണ്ട്.

സിറിൾ മാർ ബാസ്സേലിയോസ് മെത്രാപ്പോലീത്ത തന്റെ മുൻഗാമി ചെയ്തിരുന്നത് പോലെ സഭയുടെ എല്ലാ പോഷക സംഘടനകളുടേയും പ്രവർത്തനങ്ങളിൽ ഉൽസുകനാകുകയും, സ്വദേശത്തും, വിദേശത്തുമുള്ള സഭകളുമായി നല്ല ബന്ധം സ്ഥാപിക്കുവാൻ പരിശ്രമിക്കുകയും ചെയ്തു. വിദേശത്തുള്ള ആംഗ്ലിക്കൻ സഭയുടെ സപ്പോർട്ടിൻ ഗ്രൂപ്പി(കൂട്ടായ്മ) ന്റെ പ്രത്യേക ക്ഷണിതാവായി 2002-ൽ ഇംഗ്ലണ്ട് സന്ദർശിക്കുകയും, കാന്റർബറി ആർച്ച് ബിഷപ്പ് റവ.ഡോ റോവൻ വില്യംസിന്റെ സ്ഥാനാരോഹണത്തിൽ സംബന്ധിക്കുകയും രാജകീയ വിരുന്നിൽ പ്രത്യേക ക്ഷണിതാക്കളുടെ കൂട്ടത്തിൽ പങ്കെടുക്കുകയും ചെയ്തു. ഈ യാത്രയിൽ തിരുമേനിയോടുകൂടെ യാത്രചെയ്തത് ബഹു. ഗീവർഗ്ഗീസ് ചെമ്മണ്ണൂർ കശീശ്ശയായിരുന്നു. 2006-ലും, വലിയ മെത്രാപ്പോലീത്തായേയും കൂട്ടി ഇംഗ്ലണ്ട് സന്ദർശിക്കുകയും ഫ്രീ ചർച്ചിന് വേണ്ടി മെത്രാന്മാരെ അഭിഷേകം ചെയ്യുന്ന ചടങ്ങിൽ സംബന്ധിക്കുകയും ചെയ്തു. കൂടാതെ 2008 ലാംബത്ത് സമ്മേളനത്തിൽ പങ്കെടുക്കുവാൻ ഇംഗ്ലണ്ടിൽ പോകുകയും സഭകളുടെ എക്യുമെനിക്കൽ നിരീക്ഷകനായി സംബന്ധിക്കുകയും ചെയ്തു. അഭിവന്ദ്യ സിറിൾ മാർ ബാസ്സേലിയോസ് മെത്രാപ്പോലീത്തായുടെ വിദേശയാത്രകളും ബന്ധങ്ങളും സഭയുടെ വളർച്ചയ്ക്ക് ഇന്നും ഫലപ്രഥമായി തീർന്നുകൊണ്ടിരിക്കുന്നു. ഇടവകകളുടെ വികസനവും പുതിയ പള്ളികളുമായി സഭ അനുദിനം വളർച്ചയുടെ പാതയിൽതന്നെയാണ്. തമിഴ്നാട്ടിൽ ചെന്നൈയ്ക്ക് പുറമെ കോയമ്പത്തൂരിൽ സഭയ്ക്ക് സ്വന്തമായി ഒരു ദൈവാലയം പണിത് കൂദാശ ചെയ്യുവാനും, പാലക്കാട് ജില്ലയിൽ പെരിങ്ങോട് ദേശത്ത് ഒരു ദൈവാലയം പണിത് കൂദാശ ചെയ്യുവാനും ഒറ്റപ്പിലാവിലും, ഒറ്റപ്പിലാവിൽ തന്നെ മുട്ടിപ്പാലത്തും ഓരോ ചാപ്പൽ പണിയുവാനും കഴിഞ്ഞത് അഭിവന്ദ്യ സിറിൾ മാർ ബസ്സേലിയോസ് മെത്രാപ്പോലീത്തായുടെ ഭരണക്കാലത്താണ്. കല്ലുംപുറത്തും, കൊരട്ടിക്കരയിലും ദൈവാലയങ്ങൾ പുതുതായും പുതുക്കിയും പണിയുവാൻ ഇക്കാലത്ത് സാധിച്ചിരിക്കുന്നു തുടർന്നും സഭയുടെ അതിനൂതനമായ വളർച്ചക്കായി അഹോരാത്രം മെത്രാപ്പോലീത്ത പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

തൊഴിയൂർ മലബാർ സ്വതന്ത്ര സുറിയാനി സഭ, കേരളത്തിലെ പരമ്പരാഗത സുറിയാനി ക്രിസ്തീയ മേഖലയുടെ വടക്കേ അറ്റത്ത്, പാരമ്പര്യങ്ങളിലും, വിശ്വാസാചാരങ്ങളിലും, ആരാധനാ ക്രമങ്ങളിൽ പാശ്ചത്യ സുറിയാനി സ്വഭാവമുള്ളതും, മെത്രാപ്പോലീത്താമാരുടെ നേതൃത്വത്തിൽ നില നില്ക്കുന്നതുമായി നിലകൊള്ളുന്നു. മലങ്കര മെത്രാപ്പോലീത്തമാരുടേയും, അന്ത്യോക്യായുടേയും, റോമിന്റെയും അധികാരത്തിൽ നിന്നും പൂർണ്ണമായും സ്വതന്ത്യം പ്രാപിച്ചു മലബാർ സ്വതന്ത്യ സുറിയാനി സഭ.

ഇടവകകളിലൂടെ

പോർക്കുളം പള്ളി

A.D. 1846 -ൽ മലങ്കരയിൽ വന്ന യൂയാക്കീം മാർ കൂറിലോസ് മെത്രാപ്പോലീത്തയായിരുന്നു പോർക്കുളത്ത് ആദ്യമായി പള്ളി സ്ഥാപിച്ചത്. ഇതു പക്ഷെ ഇപ്പോഴത്തെ പള്ളി നില്ക്കുന്ന കുന്നിന് കിഴക്കെ ചരിവിലായിട്ടായിരുന്നു സ്ഥിതി ചെയ്തിരുന്നത്. എന്നാൽ ഇപ്പോൾ കുന്നിൻമുകളിൽ സ്ഥിതി ചെയ്യുന്ന പോർക്കുളം പള്ളി തൊഴിയൂരെ യൗസേഫ് മാർ കൂറിലോസ് (ആലത്തൂരെ വലിയ തിരുമേനി) സമ്പാദിച്ചതും പണി തീർത്തതുമാണ്. കൊല്ലവർഷം 1060 ചിങ്ങം 15-ാം തീയതി പണി ആരംഭിക്കുകയും 1062-ൽ പണികഴിച്ച് തുലാം 1-ാം തീയതി കൂദാശ നടത്തുകയും ചെയ്തു. എന്നാൽ മദ്ബഹ ഉയർത്തി ഓടു മേഞ്ഞത് ഏകദേശം 92 കൊല്ലങ്ങൾക്ക് മുമ്പാണ്. 24 അടി ഉയരമുള്ള മദ്ബഹായുടെ മുകളിൽ കല്ലുകൊണ്ട് കമാനാകൃതിയിലുള്ള തട്ടാണ് ഉണ്ടായിരുന്നത്. ഇതിന്റെ നിർമ്മാണത്തിനാവശ്യമായ ചിലവ് വഹിച്ചത് കുന്നംകുളത്തെ ശ്രീ.പാറമേൽ ചാക്കുണ്ണിയായിരുന്നു. പിന്നീടുണ്ടായ ഒരു ഭൂമികുലുക്കത്തിൽ ഈ മദ്ബഹായുടെ ഭിത്തിയിൽ ഒരു വിള്ളലുണ്ടാവുകയും കാലാന്തരത്തിൽ അത് വലുതായി അപായകരമായ നിലയിലെത്തുകയുമുണ്ടായി. തന്മൂലം A.D. 1968-ൽ അത് പൊളിക്കുകയും പുതുക്കിപ്പണിത് 1970 മാർച്ച് 2-ാം തീയതി പൗലോസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായാൽ കൂദാശ നടത്തപ്പെടുകയും ചെയ്തു. ഇപ്പോൾ പള്ളി വീണ്ടും പുതുക്കി പണിതു കൊണ്ടിരിക്കുകയാണ്.

ആദായ് ശ്ലീഹായുടെ നാമധേയത്തിലുള്ള ഈ ദേവാലയത്തിൽ സെപ്തംബർ 30, ഒക്ടോബർ1 എന്നീ തീയതികളിൽ പെരുന്നാൾ ആഘോഷിച്ചുവരുന്നു.

കുന്നംകുളം സെന്റ് തോമസ് പള്ളി (കുന്നത്തെ പള്ളി)

ആയിരത്തി എണ്ണൂറ്റി അറുപതുകളിൽ സഭാ നേതൃത്വം സഭാ വികസനത്തെ കുറിച്ച് ചിന്തിക്കുകയും കുന്നംകുളം പട്ടണത്തിൽ ഒരു പള്ളി സ്ഥാപിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. ഇങ്ങനെ ഒരു നടപടിക്ക് പ്രേരിപ്പിച്ചത് യുയാക്കീം മാർ കൂറിലോസ് തൊഴിയൂർ പള്ളിക്കും പള്ളിവക വസ്തുക്കൾക്കും വേണ്ടി വ്യവഹാരം ആരംഭിച്ച സാഹചര്യത്തിലാണ്. പട്ടണത്തിന്റെ എല്ലാ വിധ സൗകര്യങ്ങൾ ഒത്തിണങ്ങിയതും, എന്നാൽ പട്ടണത്തിന്റെ

തിരക്കിൽ നിന്ന് ഒഴിഞ്ഞു നില്ക്കുന്നതുമായ ഒരു ചെറിയ കുന്നിൻ മുകളിൽ യൗസേഫ് മാർ കൂറിലോസ് (ആലത്തൂരെ) ഈ പള്ളിക്ക് ശിലാസ്ഥാപനം നടത്തി.

വളരെ ചെറിയതോതിൽ പണിതീർത്ത് ഓലകൊണ്ടു മേൽകൂര തീർത്ത ഈ പള്ളി 1940 ൽ കുരിയാക്കോസ് മാർ കൂറിലോസിന്റെ കാലത്ത് പുതുക്കിപ്പണിതു. ഇതര സഭാംഗങ്ങളായ പലരും സംഭാവന നൽകി പള്ളിയുടെ പുനർ നിർമ്മാണത്തിൽ സഹകരിച്ചിട്ടുണ്ട്. പള്ളിപ്പണിയുടെ ചുമതല ഏറ്റെടുത്തത് കുന്നംകുളം സ്വദേശികളായ ചെറുവത്തൂർ മാത്തു കുരിയാക്കുവും (കൊട്ടിലിൽ) കോലാടി അയ്പു ഉക്രുവുമായിരുന്നുവെന്നത് പ്രസ്താവയോഗ്യമാണ്.

ഇടക്കാലത്തുവെച്ച് പള്ളിയ്ക്കുള്ളിൽ തെക്കുകിഴക്കു ഭാഗത്തായി പള്ളിസ്ഥാപകൻ യൗസേഫ് മാർ കൂറിലോസ് തിരുമേനിയുടെ ഒരു സ്മാരകം പണികഴിപ്പിച്ചു. ഭദ്രാസനപള്ളിയൊഴികെ മറ്റൊരു പള്ളികളിലും കാണാത്ത ഒരു പ്രത്യേകതയാണിത്. ഇടക്കാലത്തുവെച്ച് - മാത്യൂസ് മാർ കൂറിലോസ് തിരുമേനിയുടെ കാലം മുതൽക്ക് കുർബാനനന്തരം ഈ സ്മാരകം സ്ഥിതി ചെയ്യുന്നിടത്ത് ധൂപപ്രാർത്ഥന നടത്തി വരുന്നു. പള്ളിപ്പരിസരത്തു തന്നെ എല്ലാവിധ സൗകര്യങ്ങളോടും കൂടിയ ഒരു കെട്ടിടവും - തിരുമേനിമാർക്കും അച്ചൻമാർക്കും താമസിക്കുന്നതിന് - സ്ഥിതിചെയ്യുന്നു. നവമ്പർ മാസം 21-ാം തീയതിയാണ് ഇവിടെ പെരുന്നാൾ ആഘോഷിക്കുന്നത്.

പഴഞ്ഞി പള്ളി

A.D. 1892 മുതൽ 1935 വരെ നമ്മുടെ സഭയെ ഭരിച്ച ഗീവർഗ്ഗീസ് മാർ കൂറിലോസ് (കരുമാംകുഴി തിരുമേനി) മെത്രാപ്പോലീത്തായുടെ കാലത്താണ് പഴഞ്ഞി പള്ളി പണികഴിപ്പിച്ചത്. തിരുമേനിയുടെ സ്വദേശമായ പഴഞ്ഞിയിൽ ഒരു ദൈവാലയം സ്ഥാപിക്കുക എന്ന ദീർഘനാളുകളായുള്ള തന്റെ ആഗ്രഹസഫലീകരണമായിരുന്നു അത്. പള്ളിക്കും സെമിത്തേരിക്കും ഗവൺമെന്റിൽ നിന്നും അനുമതി ലഭിക്കുക വളരെ പ്രയാസമുള്ള കാര്യമായിരുന്നു. ഇനി അഥവാ ശ്രമിക്കണമെങ്കിൽ തന്നെ ഭൂമിയിന്മേൽ ജന്മാവകാശമുണ്ടായിരിക്കണമെന്നത് നിർബന്ധവുമായിരുന്നു. ഈ അവസ്ഥയിലാണ് കൊല്ലവർഷം 1087 ൽ പഴഞ്ഞി പട്ടണത്തിന്റെ ഹൃദയഭാഗത്ത് പള്ളിക്കും സെമിത്തേരിക്കും ആവശ്യമായ സ്ഥലം ശ്രീ.മണ്ടുമ്പാൽ ഉതുപ്പുകുഞ്ഞിക്കാക്കുവിന്റെ പക്കൽ നിന്നും ജന്മാവകാശത്തോടുകൂടി ലഭിച്ചത്. താമസിയാതെത്തന്നെ പരിശുദ്ധ കന്യകമറിയാമിന്റെ നാമത്തിൽ ഒരു പള്ളി പണിയുകയും കൂദാശ നടത്തുകയും ചെയ്തു. എന്നാൽ ഇന്നു കാണുന്ന രീതിയിൽ പുതുക്കിപ്പണിത് കൂദാശ നടത്തിയത് 1987 സെപ്തംബർ 7-ാം തീയതിയാണ്.

സെപ്തംബർ 7,8 തീയതികളിൽ ഈ ദേവാലയത്തിലെ പെരുന്നാൾ ആഘോഷിച്ചുവരുന്നു

കല്ലുംപുറം പള്ളി

തൃശ്ശൂർ ജില്ലയുടെ വടക്കേ അതിർത്തി എന്നു പറയാവുന്ന ഒരു ഗ്രാമമാണ് കല്ലുംപുറം. പഴയ കൊച്ചിരാജ്യത്തിന്റെ അതിർത്തിയും ഏകദേശം കല്ലുംപുറം തന്നെ. കുന്നംകുളത്തു നിന്ന് കോഴിക്കോട് ഹൈവേയിൽ കൂടി ഉദ്ദേശം പത്തു കിലോമീറ്റർ പിന്നിട്ടാൽ കല്ലുംപുറം എന്ന കൊച്ചു ഗ്രാമം കാണാം.

ഉദ്ദേശം എഴുപതു വർഷങ്ങൾക്കു മുമ്പു വരെ കല്ലുംപുറത്തുണ്ടായിരുന്ന ക്രിസ്തുമത വിശ്വാസികൾക്ക് ഒരു ദൈവാലയം അവിടെ ഉണ്ടായിരുന്നില്ല. ക്രിസ്ത്യാനികളിൽ പലരും വിശുദ്ധ കുർബാനയിലും മറ്റു ആരാധനകളിലും സംബന്ധിക്കുന്നതിനായി പഴഞ്ഞിയിലും മറ്റും പോകേണ്ട ഗതികേടിലായിരുന്നു ശരിയായ ഒരു റോഡുപോലുമില്ലാതെ മൂന്നു നാഴിക ദൂരം പാടങ്ങളും ഇട വഴികളും താണ്ടി പഴഞ്ഞിയിൽ ചെന്ന് വിശുദ്ധ ആരാധനകളിൽ സംബന്ധിക്കുകയെന്നത് അവരെ സംബന്ധിച്ചേടത്തോളം വളരെ പ്രയാസമായിരുന്നു. ആരെങ്കിലും മരിച്ചാൽ മൃതദേഹങ്ങൾ ചുമന്ന് പഴഞ്ഞിയിലെത്തിക്കുകയെന്നത് ഏറെ ദുഷ്കരം തന്നെയായിരുന്നുവെന്ന് പറയേണ്ടതില്ലല്ലോ.

എല്ലാ വർഷങ്ങളിലും ഒക്ടോബർ 24, 25 തിയ്യതികളിൽ പെരുന്നാൾ ആഘോഷിക്കുന്ന കല്ലുംപുറം സെന്റ് ജോർജ്ജ് ദേവാലയം ഭക്തിയുടെയും ചൈതന്യത്തിന്റേയും ഐക്യത്തിന്റേയും പ്രതീകമായി തല ഉയർത്തി നിൽക്കുന്നു.

സെന്റ് മേരീസ് പള്ളി, പെരുമണ്ണൂർ

ചാലിശ്ശേരി അങ്ങാടിയിൽ നിന്നും ഒന്നരമയിൽ വടക്കുകിഴക്കായി കിടക്കുന്ന ഒരു ചെറിയ കുന്നിൻപുറത്താണ് ഈ ദേവാലയം സ്ഥിതി ചെയ്യുന്നത്. 1966 ആഗസ്റ്റ് പതിനഞ്ചാം തിയ്യതി ഗീവർഗ്ഗീസ് മാർ കൂറിലോസ് (ചീരൻ) പള്ളിയുടെ ശിലാസ്ഥാപനം നിർവ്വഹിച്ചു. ദിവ്യശ്രീ.വി.വി.ജോസഫ് കശീശ്ശായുടെ അത്യുത്സാഹത്താൽ മനോഹരമായ ഒരു ദേവാലയം ആ കുന്നിൻ പുറത്ത് ഉയർന്നുവന്നു. അപ്പോഴേക്കും മെത്രാപ്പോലീത്ത രക്തസമ്മർദ്ദം മൂലമുള്ള അസുഖത്താൽ കാലം ചെയ്തു. 1968 മെയ് 5-ാം തീയതി പൗലൂസ് മാർ പീലക്സിനോസ് മെത്രാപോലീത്ത ഈ ദേവാലയം കൂദാശ ചെയ്തു. ഡിസംബർ 26-ാം തീയതി ഈ പള്ളിയുടെ പെരുന്നാൾ ആഘോഷിക്കുന്നു. പള്ളിവളപ്പിൽ തന്നെ പട്ടക്കാർക്ക് താമസിക്കുന്നതിന് എല്ലാവിധ സൗകര്യങ്ങളുമുള്ള ഒരു കെട്ടിടം പണിതീർത്തിട്ടുണ്ട്.

മാർ കൂറിലോസ് പള്ളി, കൊരട്ടിക്കര

കൊരട്ടിക്കര ഒരു ചെറിയ ഗ്രാമമാണ്. കുന്നംകുളത്തുനിന്ന് ഉദ്ദേശം എട്ടു കിലോ മീറ്റർ അകലെയാണ് ഈ ഗ്രാമം. കല്ലുംപുറം സെന്റ് ജോർജ്ജ് ദൈവാലയത്തിന്റെയും, ചാലിശ്ശേരി സെന്റ് ഔഗീൻ ദേവാലയത്തിന്റേയും ഇടവകക്കാരായിരുന്നു അവിടെ ഉണ്ടായിരുന്ന സഭാംഗങ്ങൾ.

തദ്ദേശവാസികളുടെ ആഗ്രഹ പ്രകാരം 1955-ൽ തെങ്ങിങ്ങൽ പൗലോസ് എന്നയാൾ നൽകിയ സ്ഥലത്ത് കാലംചെയ്ത അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത (ചീരൻ) തറക്കല്ലിട്ട് ഒരു കുരിശു തൊട്ടി നിർമ്മിച്ചു. ആ കുരിശും തൊട്ടി ഒരു ദൈവാലയമായി പണിതീർത്ത് 1972 ഒക്ടോബർ 15-ാം തിയതി അന്നത്തെ സഭാമേലദ്ധ്യക്ഷനായിരുന്ന പൗലൂസ് മാർ പീലക്സിനോസ് മൂന്നാമൻ മെത്രാപ്പോലീത്ത തിരുമേനി കൂദാശ നടത്തി. വളരെകുറച്ച് സഭാംഗങ്ങൾ മാത്രമെ കൊരട്ടിക്കരയിൽ ഉണ്ടായിരുന്നുള്ളൂ എന്നതുകൊണ്ട് കുറെക്കാലം ദൈവാലയം ഒരു ചാപ്പൽ ആയി നിലകൊണ്ടു. പിന്നീട് സഭാംഗങ്ങളുടെ എണ്ണം വർദ്ധിച്ചതോടെ കൊരട്ടിക്കര മാർ കൂറിലോസ് ചാപ്പൽ, മാർ കൂറിലോസ് ഇടവകപ്പള്ളിയായി ഉയർത്തപ്പെട്ടു. നമ്മുടെ സഭാസ്ഥാപകനായ പരിശുദ്ധ കാട്ടുമങ്ങാട്ട് കൂറിലോസ് ബാവായുടെ നാമധേയത്തിലുള്ള ആദ്യത്തെ ഇടവകപ്പള്ളിയാണ് കൊരട്ടിക്കര

പള്ളി. പിന്നീട് പള്ളിക്ക് മുൻഭാഗത്തെ വേറെ കുറച്ച് സ്ഥലം വാങ്ങി. അവിടെ മനോഹരമായ ഒരു പള്ളി പണിയുകയും ആയതിന്റെ കൂദാശ 2022 ജനുവരി 8-ാം തിയ്യതി അഭിവന്ദ്യ സിറിൽ മാർ ബസ്സേലിയോസ് മെത്രാപ്പോലീത്ത നിർവ്വഹിച്ചു. കൊരട്ടിക്കര മെയിൻ റോഡിൽ ഒരു കുരിശും തൊട്ടിയും കോടത്തും കുന്നിൽ ഒരു ചാപ്പലും സ്ഥാപിച്ചിട്ടുണ്ട്.

ഒക്ടോബർ 15-ാം തിയ്യതി പള്ളി പെരുന്നാൾ ആഘോഷിക്കുന്നു. കൂടാതെ കാട്ടുമങ്ങാട്ട് മാർ കൂറിലോസ് ബാവായുടെ ഓർമ്മപ്പെരുന്നാളായ ജൂലായ് പത്ത് കഴിഞ്ഞുവരുന്ന ഞായറാഴ്ച ഇടവകയുടെ മദ്ധ്യസ്ഥനായ കാട്ടുമങ്ങാട്ട് മാർ കൂറിലോസ് ബാവായുടെ ഓർമ്മദിനം വിപുലമായ പരിപാടികളോട് കൂടി ആഘോഷിച്ചു വരുന്നു.

മാർ ബഹനാം ചാപ്പൽ അഥവാ മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ "പിള്ളത്തൊട്ടിൽ"

കാട്ടുമങ്ങാട്ടെ പിതാക്കന്മാർക്ക് അഭയം നൽകിയ കുഗ്രാമമാണ് അഞ്ഞൂര്. കുന്നംകുളത്തു നിന്നും രണ്ടര മൈൽ തെക്കുപടിഞ്ഞാറായി പഴയ മലബാറിൽ പഴയ കൊച്ചി രാജ്യത്തിന്റെ അതിർത്തിയിലാണ് ഈ സ്ഥലം. നാട്ടുകാരുടെ സഹായത്തോടുകൂടി നിർമ്മിച്ച ഒരു കുടിലിനകത്ത് രണ്ടു വർഷത്തോളം ഈ പിതാക്കന്മാർ കഴിച്ചുകൂട്ടി. ഇവിടെവെച്ചാണ് പേയിളകിയ ഒരു മുസ്ലീം ബാലനെ പിതാക്കന്മാർ സൗഖ്യപ്പെടുത്തിയത്. പിന്നീട് അയൽഗ്രാമമായ തൊഴിയൂര് ഒരു ദൈവാലയവും പാർപ്പിട സൗകര്യവും ലഭിച്ചപ്പോൾ ഇത് ഒരു ചാപ്പലായി രൂപാന്തരപ്പെട്ടു. ഈ ചാപ്പലാണ് മലബാർ സ്വതന്ത്രസുറിയാനി സഭയുടെ "പിള്ളത്തൊട്ടിൽ". വളരെ ഭക്ത്യാദരവുകളോടെയാണ് ഈ ചാപ്പലിനെ മറ്റു പിൻഗാമികളായ പിതാക്കന്മാരും കരുതിയിരുന്നതെന്ന് അവരിൽ ചിലരെഴുതിയ മരണപത്രങ്ങളിൽ നിന്ന് കാണാവുന്നതാണ്. 1895-ൽ ഗീവർഗീസ് മാർ കൂറിലോസ് (കരുമാംകുഴി) പുതുക്കി പണിതു. അദ്ദേഹത്തിന്റെ ജന്മദിനമായ ചിങ്ങം 15ന് ആ പള്ളിയിൽ അദ്ദേഹം തന്നെ വി.കുർബാന അനുഷ്ഠിക്കുക പതിവായിരുന്നു. ഈ ചാപ്പൽ നവീന രീതിയിൽ പുതുക്കി പണിയണമെന്ന് ഗീവർഗീസ് മാർ കൂറിലോസ് (ചീരൻ) ആഗ്രഹം പ്രകടിപ്പിച്ചതനുസരിച്ച് 1967-ൽ സഭാ കൗൺസിൽ അതിന്റെ ആവശ്യാർത്ഥം ആദ്യഗഡുവായി പതിനായിരം രൂപ അനുവദിച്ചു. പക്ഷെ പണി ആരംഭിക്കുന്നതിന് മുമ്പ് 1967 ജൂൺ 8-ാം തിയതി മെത്രപ്പോലീത്ത കാലം ചെയ്തു. 1967 നവംബർ 22-ാം തിയതി പുതിയ ചാപ്പലിന്റെ ശിലാസ്ഥാപനം നടത്തി. 1970 ഫെബ്രുവരി 2-ാംനു പണി പൂർത്തിയാക്കിയ ചാപ്പൽ പൗലൂസ് മാർ പീലക്സിനോസ് മെത്രാപോലീത്ത അതിന്റെ കൂദാശ നടത്തുകയും ചെയ്തു. നവീന രീതിയിൽ പുതുക്കിപ്പണിത ഈ ചാപ്പലിന് മുപ്പതിനായിര ത്തിൽപരം രൂപ ചിലവായിട്ടുള്ളതിൽ നല്ലൊരു പങ്ക് സംഭാവനയായി ലഭിച്ചിട്ടുള്ളതാണ്. കാട്ടുമങ്ങാട്ടെ പിതാക്കന്മാർ ഭജനമിരുന്ന തേവനാൽ വനത്തിലെ "ദയറ" ബഹനാം സഹദായുടെ നാമത്തിലായിരുന്നുവെന്ന് അവരെഴുതിയ പുസ്തകങ്ങളിൽ നിന്നും കാണുന്നു. അതിനാലാണ് അവർക്ക് അഭയം നല്കിയ ഈ സ്ഥലത്ത് പണിചെയ്ത ചാപ്പൽ ബഹനാം സഹദായുടെ നാമത്തിൽ പ്രതിഷ്ഠിതമായത്. ഫെബ്രുവരി 2-ാംനു ഈ ചാപ്പലിൽ പെരുന്നാൾ ആഘോഷിക്കുന്നു. തദ്ദേശവാസികൾ നുയമ്പുകാലങ്ങളിൽ ഈ ചാപ്പലിൽ കൂട്ടായ്മ പ്രാർത്ഥന നടത്തുന്നു. ചാപ്പലിനോടനുബന്ധിച്ച കെട്ടിടത്തിൽ സണ്ടേസ്ക്കൂളും സുവിശേഷയോഗങ്ങളും കൺവെൻഷനും നടത്തിവരുന്നുണ്ട്.

ചാലിശ്ശേരി മാർ ഔഗേൻ സഹദാപള്ളി

ഈ പള്ളി പരിസരങ്ങളിലുള്ള മറ്റേതൊരു ദൈവാലയത്തിൽ നിന്നും വ്യത്യസ്തമായ രീതിയിലാണ് പണി തീർത്തിട്ടുള്ളത്. ഇതിന്റെ മദ്ബഹാ അർദ്ധ വൃത്താകൃതിയിലും മദ്ബഹായുടെ മേൽത്തട്ട് കല്ലുകൊണ്ടുതന്നെ അർദ്ധ ഗോളാകൃതിയിലുമാണ് നിർമ്മിച്ചിട്ടുള്ളത്. 41 വർഷങ്ങൾക്കു മുമ്പാണ് ഈ പള്ളി പുതുക്കിപ്പണിതത്. പുനർനിർമ്മാണത്തിന് മേൽ നോട്ടം വഹിച്ചത് അന്നത്തെ ഇടവക വികാരിയായിരുന്ന ദിവ്യ.ശ്രീ വി.വി.ജോസഫ് കശീശ്ശയായിരുന്നു. ട്രസ്റ്റിൽ നിന്ന് അനുവദിച്ച സംഖ്യക്ക് പുറമെ ഭീമമായ ഒരു സംഖ്യ ഉദാരമതികളായ പലരും സംഭാവന നൽകിയിട്ടുണ്ട്.പുനർനിർമ്മാമത്തിന് മുമ്പ് ഈ പള്ളിയുടെ മേൽപുര ഓടു മേഞ്ഞതും വാതായനങ്ങൾ പറയത്തക്ക വലുപ്പം ഇല്ലാത്തവയുമായിരുന്നു. പള്ളിയുടെ ജനലുകൾ തറയിൽനിന്നും അഞ്ചോ, ആറൊ അടി ഉയരത്തിലുമായിരുന്നു. തന്മൂലം ആരാധകരുടെ ശ്രദ്ധ ഒരുവിധത്തിലും പുറത്തേയ്ക്ക് ആകർഷിക്കുവാൻ ഇടയായിരുന്നില്ല. വായുവിന്റേയും വെളിച്ചത്തിന്റേയും കുറവ് അനുഭവപ്പെട്ടിരുന്നു എന്നുമാത്രം.

പഴയ മദ്ബഹാ അതേ നിലയിൽ നിലനിർത്തികൊണ്ടാണ് കോൺക്രീറ്റിൽ പള്ളി പുതുക്കിപ്പണിഞ്ഞത്. നവംബർ 6-നു ഈ പള്ളിയിൽ പെരുന്നാൾ ആഘോഷിക്കുന്നു.

ചെന്നൈ സെന്റ് ജോർജ്ജ് പള്ളി

സഭയുടെ പൗലൂസ് മാർ പീല്കിനോസ് മെത്രാപ്പോലീത്ത മദ്രാസിലുള്ള തന്റെ സഭാമക്കളെ സന്ദർശിക്കുവാൻ മദ്രാസിൽ എത്തുകയും, സഭാ മക്കൾക്ക് ആരാധനായ്ക്കായി സ്വന്തം ദൈവാലയം ഇല്ലാത്തതിന്റെ പ്രയാസം മനസ്സിലാക്കുകയും ചെയ്തതിന്റ ഫലമായി, അവിടെയുള്ള പലരുടേയും ഉൽസാഹത്തിൽ പള്ളിയ്ക്കാവശ്യമായ ഒരു ചെറിയ സ്ഥലം വാങ്ങിക്കുകയും ചെയ്തു. പ്രസ്തുത സ്ഥലത്ത് 1976 ഫെബ്രുവരി 24-ാം തിയ്യതി അഭിവന്ദ്യ പൗലൂസ് മാർ പിലക്സിനോസ് മെത്രാപ്പോലീത്ത അടിസ്ഥാന ശിലയിടുകയായിരുന്നു. എന്നാൽ 4 വർഷമായിട്ടും ഒരു ദൈവാലയം പണിതുയർത്തുവാൻ കഴിയാതെ വന്നതിനാൽ അഭിവന്ദ്യ മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ നിർദ്ദേശത്താലും, കല്പനയാലും മദ്രാസ് ഷീൻലേക്ക് കമ്പനി ഉടമസ്ഥൻ ശ്രീ ജോൺ പീറ്റർ പള്ളി പണി സ്വന്തം ചിലവിൽ പൂർത്തിയാക്കുവാൻ മുന്നോട്ടു വരികയും, പള്ളി പണി പൂർത്തിയാക്കി 1981 ജനുവരി 11-ാം തിയ്യതി അഭിവന്ദ്യ മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത കൂദാശചെയ്യപ്പെടുകയും ചെയ്തു. വളരെ ചെറുതായിരുന്ന ദൈവാലയം പിന്നീട് 2 തവണ അതിന്റെ രൂപഭംഗി വിപുലമാക്കി തീർക്കുകയും 1991-ൽ പള്ളിക്ക് തൊട്ടു കിടക്കുന്ന സ്ഥലം വാങ്ങിക്കുകയും, ഒരു കുരിശുപള്ളി റോഡിനോട് ചേർന്ന് പണി കഴിപ്പിക്കുകയും ചെയ്തു.

എറണാകുളം മാർ കൂറിലോസ് ബാവാ ദൈവാലയം

മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ സ്ഥാപന പിതാക്കന്മാരായ പരിശുദ്ധ കാട്ടുമങ്ങാട്ടെ ബാവാമാരുടെ പാദസ്പർശത്താൽ അനുഗ്രഹീതമായി തീർന്ന ഒട്ടേറെ പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന ജില്ലയാണ് എറണാകുളം. ആ ജില്ലയിൽ പരിശുദ്ധ പിതാവിന്റെ നാമത്തിൽ ഒരു പള്ളി പണിതുയർത്തുക എന്നത് വളരെ സന്തോഷകരമായിരുന്നു.

ദൈവാലയത്തിന്റെ ശിലാസ്ഥാപനം 1992 ഒക്ടോബർ 18-ാം തിയ്യതി അഭിവന്ദ്യ ജോസഫ് മാർ കൂറിലോസ് മെത്രാപ്പോലീത്ത നിർവ്വഹിച്ചു. തുടർന്ന് 1995 ആഗസ്റ്റ് മാസം 27-ാം തിയ്യതി എറണാകുളം മാർ കൂറിലോസ് ദൈവാലയത്തിന്റെ കൂദാശ നടത്തുക

യുണ്ടായി. അഭി. ജോസഫ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ പ്രധാനകാർമ്മികത്വത്തിൽ നടന്ന കൂദാശ ശുശ്രൂഷകളിൽ വിവിധ സഭാ മേലദ്ധ്യക്ഷനമാരും പങ്കുചേർന്നു.

പെരിങ്ങോട് സെന്റ് ജോർജ്ജ് ദൈവാലയം

പാലക്കാട് ജില്ലയിലെ പെരിങ്ങോട് ദേശത്ത് ക്രൈസ്തവർക്ക് ആരാധനാലയം ഒന്നുംതന്നെ ഇല്ലായിരുന്നു. അവിടെ മലബാർ സ്വതന്ത്ര സുറിയാനി സഭയ്ക്ക് ഒരു പുതിയ ദൈവാലയം പണിതുയർത്തുവാൻ കഴിഞ്ഞു. അഭി. സിറിൽ മാർ ബസ്സേലിയോസ് മെത്രാപ്പോലീത്തായും, അഭി. ജോസഫ് മാർ കൂറിലോസ് മെത്രാപ്പോലീത്തായും ചേർന്ന് 2013 ജൂൺ മാസം 29-ാം തിയ്യതി പള്ളിയുടെ കൂദാശകർമ്മം നിർവ്വഹിച്ചു. സഭാ അംഗങ്ങളേക്കാൾ അധികം സഭാ അഭ്യുദയകാംക്ഷികൾ ആണ് ഈ ഇടവകയുടെ പ്രവർത്തനങ്ങൾക്ക് താങ്ങായി നിൽക്കുന്നത് എന്നത് വളരെ വിലപ്പെട്ട ഒരു വസ്തുതയാണ്.

സെന്റ് ജോർജ്ജ് ദൈവാലയം കോയമ്പത്തൂർ

തമിഴ്നാട്ടിൽ മറ്റൊരു ദൈവാലയം അഭി. ജോസഫ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ കാലഘട്ടത്തിൽ കോയമ്പത്തൂരിന്റെ ഹൃദയഭാഗമായ റേസ് ഹോഴ്സ് റോഡിൽ സി.എസ്.ഐ.സഭാ കോമ്പൗണ്ടിലുള്ള ദൈവാലയത്തിലായിരുന്നു വി. കുർബ്ബാന അർപ്പിച്ചിരുന്നത്. വർഷങ്ങൾക്കുശേഷം സഭയ്ക്ക് കണുവായിൽ സ്ഥലം ലഭിക്കുവാനും അവിടെ ഒരു പുതിയ ദൈവാലയം പണിതുയർത്തുവാനും മലബാർ സ്വതന്ത്ര സുറിയാനി സഭയ്ക്ക് കഴിഞ്ഞു. കോയമ്പത്തൂരിലെ എല്ലാ വിഭാഗം ക്രിസ്ത്യാനികൾക്കും കടന്നുവരുവാനും ആരാധനയിൽ പങ്കുകൊള്ളുവാനുമായി അഭിവന്ദ്യ സിറിൽ മാർ ബസ്സേലിയോസ് മെത്രാപ്പോലീത്ത പ്രസ്തുത ദൈവാലയം കൂദാശ നിർവ്വഹിച്ചു ഇടവകയാക്കി ഉയർത്തി.

അകതിയൂർ ചാപ്പൽ

പരേതനായ കോലാടി ഇയ്യാവു വറിയതു ദാനമായി നൽകിയ സ്ഥലത്ത് 1935 ൽ കുരിയാക്കോസ് മാർ കൂറിലോസ് മെത്രാപ്പോലിത്തയുടെ കാലത്താണ് അകതിയൂരിൽ ഒരു കുരിശിൽ തൊട്ടി സ്ഥാപിച്ചത്. ആരാധന നടത്തുന്നതിനും മറ്റും മതിയായ സൗകര്യമില്ലാതിരുന്ന ഈ കുരിശുപള്ളി പിന്നീട് 1962-ൽ ഗീവർഗ്ഗീസ് മാർ കൂറിലോസ് തിരുമേനിയുടെ കാലത്താണ് ഒരു ചാപ്പലായി ഉയർത്തിയത്. ഗീവർഗ്ഗീസ് സഹദായുടെ നാമത്തിലുള്ള ഈ ചാപ്പൽ കൂദാശ നടത്തിയതും ഗീവർഗ്ഗീസ് മാർ കൂറിലോസ് തിരുമേനി തന്നെയായിരുന്നു. 1988-ൽ ചാപ്പലിന്റെ വടക്കു ഭാഗത്തായി 5 സെന്റ് സ്ഥലം ബഹുമാനപ്പെട്ട വി.വി.ജോസഫ് കശ്ശീശാ ദാനമായി നല്കുകയും അവിടെ പുരോഹിതന്മാർക്ക് താമസിക്കുന്നതിനായി ഒരു കെട്ടിടം നിർമ്മിക്കുകയും ചെയ്തു. 1987 മെയ്മാസത്തിൽ അഭിവന്ദ്യ ജോസഫ് മാർ കൂറിലോസ് തിരുമേനിയാണ് കെട്ടിടം കൂദാശ ചെയ്തത്. മെയ് 1, 2 തീയതികളിൽ ഈ ചാപ്പലിന്റെ പെരുന്നാളാഘോഷിക്കുന്നു.

ബാംഗ്ലൂരിൽ പുതിയ ദേവാലയ ശിലാസ്ഥാപന കർമ്മം നിർവ്വഹിച്ചു

മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ കീഴിൽ കേരളത്തിനു പുറത്ത് ബാംഗ്ലൂരിൽ ഹെസറാഘട്ട എന്ന സ്ഥലത്ത് നിർമ്മിക്കുന്ന പുതിയ ദൈവാലയത്തിന്റെ ശിലാസ്ഥാപന കർമ്മം 2021 ആഗസ്റ്റ് 15 ഞായറാഴ്ച പരിശുദ്ധ ദൈവമാതാവിന്റെ വാങ്ങിപ്പ് പെരുന്നാൾ ദിവസം സഭാ പരമാധ്യക്ഷൻ നി.വ.ദി.മ.ശ്രീ. സിറിൽ മാർ ബസ്സേലിയോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ മുഖ്യ കാർമികത്വത്തിൽ നടത്തപ്പെട്ടു.

പരിശുദ്ധനായ ഗീവർഗീസ് മാർ കൂറിലോസ് ഇളയ ഇളയ ബാവായുടെ നാമത്തിലുള്ള പ്രഥമ കുരിശുപള്ളിയ്ക്ക് ശിലാസ്ഥാപനം നടത്തി.

തൊഴിയൂർ മലബാർ സ്വതന്ത്ര സുറിയാനി സഭ പരിശുദ്ധനായി പ്രഖ്യാപിച്ച പരിശുദ്ധനായ കാട്ടുമങ്ങാട്ട് ഗീവർഗീസ് മാർ കൂറിലോസ് ഇളയ ബാവായുടെ നാമത്തിൽ നിർമ്മിക്കുന്ന പുതിയ കുരിശുപള്ളിയുടെ ശിലാസ്ഥാപന ശുശ്രൂഷ നിർവഹിച്ചു. സഭയുടെ ഇടവകയായ കുന്നംകുളം സെന്റ് തോമാസ് കുന്നത്തെ പള്ളിയുടെ കീഴിൽ കുന്നംകുളം തെക്കേപുറത്ത് നിർമ്മിക്കുന്ന പുതിയ കുരിശുപള്ളിയ്ക്ക് സഭയിലെ വന്ദ്യരായ വൈദീകശ്രേഷ്ഠരുടെ സാന്നിധ്യത്തിൽ സഭാ പരമാധ്യക്ഷൻ നി.വ.ദി.മ.ശ്രീ. സിറിൽ മാർ ബസ്സേലിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടാണ് ശിലാസ്ഥാപന കർമ്മം നടത്തിയത്. പരി.ഗീവർഗ്ഗീസ് മാർ കൂറിലോസ് ബാവായുടെ നാമത്തിലുള്ള ആദ്യ കുരിശുപള്ളിയാണ്.

മാർ ബഹനാൻ ചാപ്പൽ (തേവനാൽ)

പഴയ തൊഴിയൂർ ദൈവാലയം

എക്യുമെനിസം
സഭയുടെ പങ്കാളിത്തം

ഫാ. തോമസ് കുരിയൻ

ആധുനിക കാലഘട്ടത്തിൽ ക്രൈസ്തവ സഭകൾ ആകമാനം ചർച്ച ചെയ്യപ്പെടുന്ന ഒരു പദമാണ് എക്യുമെനിസം. എക്യുമെനിസം എന്ന വാക്ക് ഗ്രീക്ക് പദമായ 'ഒയ്ക്കുമെന്ന' - ജനവാസമുള്ള ലോകം, ഒയിക്കോസ് - വീട് എന്നവയിൽ നിന്ന് ഉരിത്തിരിഞ്ഞ് വന്നതാണ്. സഭകൾ തമ്മിലുള്ള ഐക്യം ഊട്ടിയുറപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേരളത്തിലേയും ഭാരതത്തിലേയും ലോകത്തിലെ തന്നെയും പല എക്യുമെനിക്കൽ സംഘടനകളും സെമിനാറുകളും സമ്മേളനങ്ങളും സംഘടിപ്പിച്ച് എക്യുമെനിസത്തെ പരിപോഷിപ്പിക്കുവാൻ ശ്രമിക്കുന്നുണ്ടെങ്കിലും സഭകൾ തമ്മിലുള്ള അധികാര - വിശ്വാസ - വലുപ്പ - ചെറുപ്പ ഭിന്നതകൾ സഭൈക്യത്തെ നിലനിർത്തുന്നതിൽ പരാജയപ്പെട്ടുപോകുന്നു.

എന്നാൽ ഇവിടെയാണ് മലബാർ സ്വതന്ത്ര സുറിയാനി സഭ എക്യുമെനിസത്തിന് കേരളത്തിലെ എപ്പിസ്കോപ്പൽ സഭകൾക്ക് നൽകിയിട്ടുള്ളതും നൽകി കൊണ്ടിരിക്കുന്നതുമായ സംഭാവനകൾക്ക് പ്രസക്തിയേറുന്നത്.

മലബാർ സ്വതന്ത്രസുറിയാനി സഭയുടെ സഹോദരി സഭ എന്നറിയപ്പെടുന്ന മലങ്കര മാർത്തോമ്മ സഭയുമായി ഊഷ്മളമായ സൗഹൃദം പുലർത്തുവാൻ നൂറ്റാണ്ടുകളായി കഴിയുന്നു എന്നുള്ളത് സന്തോഷകരമായ ഒരു അനുഭവമാണ്. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുമായും നല്ല സാഹോദര്യ ബന്ധം പുലർത്തുവാൻ സഭക്ക് കഴിഞ്ഞിരിക്കുന്നു. ഇപ്പോഴത്തെ പരിശുദ്ധ കാതോലിക്ക ബാവ ചുമതലയേറ്റ് കുന്നംകുളം പ്രദേശത്തേക്ക് പ്രഥമ സന്ദർശനം നടത്തിയപ്പോൾ മലബാർ സ്വതന്ത്രസുറിയാനി സഭയുടെ ആസ്ഥാനമായ തൊഴിയൂർ ഭദ്രാസന ദൈവാലയത്തിലേക്ക് ആദ്യം എഴുന്നെള്ളി വരികയും സഭ ഊഷ്മളമായ സ്വീകരണം നൽകുകയും ചെയ്തത് സഭകൾ തമ്മിലുള്ള ഐക്യത്തെ ദൃഢപ്പെടുത്തുവാൻ ഇടയായി തീരുകയുണ്ടായി. മലങ്കര മെത്രാപ്പോലീത്തമാരായും മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ സ്ഥാപക പിതാവ് പരിശുദ്ധ അബ്രഹാം മാർ കൂറിലോസ് ബാവായുടേയും കിടങ്ങൻ ഗീവർഗ്ഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായുടേയും കബറിങ്കൽ ധൂപ പ്രാർത്ഥന നടത്തിയെന്നുള്ളത് വിശ്വാസപരമായ ഐക്യത്തിന് മാറ്റു കൂട്ടുകയുണ്ടായി.

മലങ്കര യാക്കോബായ സുറിയാനി സഭയുടെ ശ്രേഷ്ഠ കാതോലിക്കായെ പലപ്പോഴും മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ പരമാദ്ധ്യക്ഷൻ അഭിവന്ദ്യ സിറിൽ മാർ ബസ്സേലിയോസ് മെത്രാപ്പോലീത്ത സന്ദർശിക്കുകയും സഭകൾ തമ്മിലുള്ള ഐക്യത്തെക്കുറിച്ച് പല ചർച്ചകൾ നടത്തുകയും ചെയ്തു കൊണ്ടിരിക്കുന്നു എന്നത് ശ്രദ്ധേയമാണ്. കൂടാതെ യാക്കോബായ സഭയുടെ പല മെത്രാപ്പോലീത്താമാരും സഭാ ആസ്ഥാനം സന്ദർശിക്കുകയും സഭയുടെ 250 - ാം വാർഷികാഘോഷത്തിൽ പങ്കെടുക്കുകയും ചെയ്തത് നന്ദിയോടെ ഓർക്കുന്നു. മലങ്കര യാക്കോബായ സുറിയാനി സഭയുടെ ആഗോള തലവനായ പരിശുദ്ധ ഇഗ്നാത്തിയോസ് സക്കാ പ്രഥമൻ കേരളം സന്ദർശിച്ചപ്പോൾ ഇപ്പോഴത്തെ തലവൻ കേരളം സന്ദർശിച്ചപ്പോഴും മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ പരമാദ്ധ്യക്ഷ്യനുമായി കൂടി കാഴ്ച നടത്തിയത് സഭകൾ പരസ്പരമുള്ള സ്നേഹബന്ധത്തെ നില നിർത്തുവാൻ ഉതകുന്നതായിരുന്നു.

സീറോ മലബാർ സഭയുമായും വളരെ നല്ല സൗഹൃദം കാഴ്ചവയ്ക്കുവാൻ സഭക്ക് കഴിഞ്ഞിട്ടുണ്ട്. തൃശ്ശൂർ അതിരൂപതയുടെ അധിപനായ ആർച്ച ബിഷപ്പ് മാർ ജോർജ്ജ് ആലഞ്ചേരി പിതാവുമായും വളരെ നല്ല സൗഹൃദമാണ്. സഭാ നേതൃത്വത്തിനുള്ളത്. സഭയുടെ 250 - ാം വാർഷികത്തിൽ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് പങ്കെടുത്ത് നടത്തിയ പ്രസംഗം സഭൈക്യത്തിന് ഊന്നൽ നൽകുന്നതായിരുന്നു എന്നുള്ളത് സന്തോഷത്തോടെ ഓർക്കുന്നു.

മലങ്കര കത്തോലിക്ക സഭയുടെ ബെനഡിക്ട് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ കാലഘട്ടം മുതൽ ഇന്ന് സഭയെ നയിക്കുന്ന ക്ലീമീസ് മാർ ബസ്സേലിയോസ് മെത്രാപ്പോലീത്താ വരെയുള്ള എല്ലാ പിതാക്കന്മാരുമായും വളരെ നല്ല സൗഹൃദമാണ് മലബാർ സ്വതന്ത്ര സുറിയാനി സഭയ്ക്കുള്ളത്.

കൽദായ സുറിയാനി സഭയുമായും അഭേദ്യമായ സൗഹൃദംവെച്ച് പുലർത്തുവാൻ സഭക്ക് കഴിഞ്ഞിട്ടുണ്ട്. സഭയുടെ 250 - ാം വാർഷികത്തിലും ഡോ.മാർ അപ്രേം മെത്രാപ്പോലീത്ത തിരുമേനി പങ്കെടുത്തു എന്നത് ദൈവനിയോഗമായി കണക്കാക്കുന്നു.

REPORT
INAUGURAL CEREMONY
27.03.2022

REPORTS

250 വർഷകാലം സഭയ്ക്ക് നേതൃത്വം കൊടുത്ത പിതാക്കന്മാരെ സ്മരിച്ചുകൊണ്ട് കേരളക്കരയിൽ വിശ്വാസ തീക്ഷണതയോടെ തലയുയർത്തി നിലക്കൊള്ളുകയാണ് മലബാർ സ്വതന്ത്ര സുറിയാനി സഭ.

മലങ്കരയിൽ ആദ്യമുദിച്ച പ്രകാശഗോളങ്ങളാണ് സഭാ ശില്പികളായ പരിശുദ്ധ കൂറിലോസ് ബാവാന്മാർ. സത്യവിശ്വാസസംരക്ഷണത്തിനു വേണ്ടി സ്വജനങ്ങളിൽ നിന്നും പീഢകളേറ്റ് സ്വദേശത്തുനിന്ന് ബഹിഷ് കൃതരാവുകയും തിരു-കൊച്ചി അതിർത്തിയായ വെട്ടിക്കലിനോട് ചേർന്നുള്ള നിബിഡ വനമായ തേവനാൽ താഴ്‌വരയിൽ മാർ ബഹനാൻ സഹദായുടെ നാമത്തിൽ ദയറാ സ്ഥാപിച്ച് ധ്യാനനിരതരാകുകയും ചെയ്തു. ഇവരുടെ പ്രാർഥനാ ജീവിതത്താൽ ഇവിടം ജനശ്രദ്ധ നേടിയതോടെ പിതാക്കന്മാർ ഈ ദേശം വിടുവാൻ നിർബന്ധിതരായി. അങ്ങനെ പുലിക്കോട്ടിൽ ഇട്ടൂപ്പ് ശെമ്മാശന്റ (പുലിക്കോട്ടിൽ ഒന്നാമൻ മലങ്കര മെത്രാപ്പോലീത്ത) സഹായത്തോടെ ഇവിടെ നിന്നും ബ്രിട്ടീഷ് മലബാറിലെ തൊഴിയൂരിൽ എത്തി അവിടം ആസ്ഥാനം ആക്കി 1772 ൽ മലബാർ സ്വതന്ത്ര സുറിയാനി സഭയ്ക്ക് രൂപം നൽകി. തുടർന്ന് 1794 ൽ മാർ കൂറിലോസ് തന്റെ പിൻഗാമിയായി സഹോദരൻ ഗീവർഗീസ് റമ്പാനെ ഗീവർഗീസ് മാർ കൂറിലോസ് എന്ന പേരിൽ മെത്രാനായി വഴിക്കുകയും ചെയ്തു. 1802 ജൂലൈ 10 നു പരിശുദ്ധ അബ്രഹാം മാർ കൂറിലോസ് ബാവ കാലം ചെയ്യുകയും, വിശുദ്ധ ശരീരത്തിന്റെ ശേഷിപ്പുകൾ ദൈവ ചൈതൃനത്തിന്റെ അഗ്നിയാളുന്ന തൊഴിയൂർ ഭദ്രാസന ദൈവാലയത്തിൽ പരിശുദ്ധ മദ്ബഹായുടെ വടക്കുഭാഗത്ത് കബറടക്കുകയും ചെയ്തു.

അഭിവന്ദ്യ ജോസഫ് മാർ കൂറിലോസ് പ്രഥമൻ മെത്രാപ്പോലീത്തയുടെ (പനയ്ക്കൽ) കാലത്ത് സ്ഥാപിതമായ സഭയുടെ പ്രസിദ്ധ ഇടവക ദൈവാലയമായ കുന്നംകുളം സെന്റ് തോമസ് സുറിയാനി പള്ളിയിൽ മാർച്ച് മാസം 27-ാം തിയ്യതി മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ 250-ാം വാർഷിക ആഘോഷ പരിപാടികളുടെ ഉദ്ഘാടനം നടത്തപ്പെട്ടു.

മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ 250–ാം വാർഷികാഘോഷങ്ങളുടെ ഉദ്ഘാടന സമ്മേളനത്തിനു സഭ വൈസ് പ്രസിഡന്റ് ഫാ. വർഗ്ഗീസ് വാഴപ്പിള്ളി കടന്നുവന്നിരുന്ന എല്ലാവരേയും ഉദ്ഘാടനസമ്മേളനത്തിലേക്ക് സ്വാഗതം ചെയ്യുകയും, സഭയുടെ പരമാധ്യക്ഷൻ അഭിവന്ദ്യ സിറിൽ മാർ ബസ്സേലിയോസ് മെത്രാപ്പോലിത്ത അദ്ധ്യക്ഷതവഹിച്ചുകൊണ്ട്, ഇന്ത്യയുടെ സംസ്കാരം പൂർണമായി ഉൾകൊണ്ട് ദേശസ്നേഹവും വിശ്വാസവം പാരമ്പര്യവും തലമുറകളിലേക്ക് പകരുവാൻ സഭയ്ക്കു കഴിഞ്ഞിട്ടുണ്ട് എന്നും ഒരു സ്വതന്ത്ര ഇന്ത്യൻ സഭ എന്നു പൂർണമായി അവകാശപ്പെട്ടുകൊണ്ട് സഭയുടെ പ്രവർത്തനങ്ങൾ തുടർന്നും ശക്തമാക്കും എന്നും ജീവിതദർശനവും ജീവിതസംസ്കാരവും അനേകരിലേക്ക് പകരുവാൻ നമ്മുടെ സഭ മുൻനിരയിലുണ്ടാകുമെന്നും ദൈവത്തിലാശ്രയിച്ച് അദ്ദേഹം പ്രഖ്യാപിച്ചു.

250–ാം വാർഷികാഘോഷങ്ങളുടെ ഉദ്ഘാടനം മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പരമാധ്യക്ഷൻ അഭിവന്ദ്യ ബസേലിയോസ് മാർത്തോമാ മാത്യൂസ് ത്രിതീയൻ കാതോലിക ബാവായാൽ നിർവ്വഹിക്കപ്പെട്ടു. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ എല്ലാവിധ ആശംസകളും അറിയിച്ചുകൊണ്ട് 250 വർഷം പിന്നിടുന്ന തൊഴിയൂർ സഭയുടെ ചരിത്രം എപ്പോഴും ഓർത്തഡോക്സ് സഭയ്ക്ക് കടപ്പാടിന്റെ സന്ദർഭങ്ങൾ ഓർമിപ്പിക്കുന്നതാണെന്നും സഭയുടെ നിർണായക ഘട്ടങ്ങളിൽ പൌരോഹിത്യ തുടർച്ചക്ക് ഭാഗം വന്നപ്പോൾ രക്ഷാകരം നീട്ടി സഹായിച്ചതിനു തൊഴിയൂർ സഭയോടു മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ കടപ്പെട്ടിരിക്കുന്നു എന്നും ഓർത്തഡോക്സ് സഭയ്ക്ക് മുമ്പായി സ്വാതന്ത്ര്യത്തിന്റെ വലിയ വിളക്കുമായി ഓടിയ മലബാർ സ്വതന്ത്ര സുറിയാനി സഭ, മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയ്ക്ക് നല്ലൊരു മാർഗ്ഗദർശിയാണെന്നും പ്രൗഢമായ സദസിനെ സാക്ഷിയാക്കി അദ്ദേഹം വ്യക്തമാക്കി. ഓരോ സഭയുടെയും ദൗത്യം കൂട്ടായി ഒരുമിച്ചുപ്രവർത്തിക്കുക എന്നതാണെന്നും ഒരുമിച്ചു നിന്നു പ്രവർത്തിക്കുമ്പോഴാണ് അവരുടെ അസ്ഥിത്വവും ദൗത്യവും അറിയപ്പെടാത്ത ഐക്യവും പല തെറ്റുദ്ധാരണകളും മാറാനും ഇടയാക്കുന്നതു എന്നും അഭിപ്രായപ്പെട്ടു. സ്നേഹം, കരുതൽ, കാരുണ്യം എന്നിവയാണ് എല്ലാമതങ്ങളുടേയും ആശയം. മത ങ്ങൾക്കതീതമായി ആശയങ്ങളെ മുന്നോട്ടു കൊണ്ടുപോകുമ്പോഴാണ് മാനുഷികമായ ദൗത്യം നിർവഹിക്കാൻ കഴിയുന്നതെന്നും അതിനായി ദൈവസ്വഭാവത്തിൽ ഉണർന്നിരുന്ന് പ്രവർത്തനക്ഷമതയോടെ ലോകത്തിനെ മഹത്വത്തിലേക്ക് ഉയർത്തപ്പെടുമ്പോൾ ദൈവരാജ്യം നമ്മുടെ ഇടയിൽ യാഥാർത്ഥ്യമായിത്തീരും എന്നും ഉദ്ഘാടന പ്രസംഗത്തിലൂടെ ബാവ സമൂഹത്തെ പ്രബോധിപ്പിച്ചു.

അനുഗ്രഹപ്രഭാഷണം നടത്തുന്നതിനായി കടന്നുവന്നിരുന്ന സീറോ മലബാർ തൃശൂർ അതിരൂപത ബിഷപ്പ് അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് സഭയുടെ ആശംസകൾ അറിയിക്കുകയും ഓരോ വാർഷികാഘോഷങ്ങളും തിരിച്ചറിവ് നേടാനുള്ള തിരിഞ്ഞുനോട്ടമാണെന്നും സഭ യേശു എന്ന മൂലക്കല്ലിൽ പണിയപ്പെടുകയും ഒരു കൂട്ടായ്മയായി വളർന്ന് സമൂഹ നന്മ ലക്ഷ്യമാക്കി ദൈവഹിതമനുസരിച്ച് മുന്നോട്ടുപോകാൻ ഇടയാകണമെന്നും പ്രഭാഷണത്തിലൂടെ അഭിപ്രായപ്പെട്ടു.

ആശംസകൾ അറിയിക്കുന്നതിനായി ബിലിവേഴ്സ് ഈസ്റ്റേൺ ചർച്ച് പ്രതിനിധി അഭിവന്ദ്യ മാത്യൂസ് മോർ സിൽവാനസ് എപ്പിസ്കോപ്പ കടന്നുവരികയും പ്രതിസന്ധികളുടെ മദ്ധ്യേ ഫീനിക്സ് പക്ഷിയെപോലെ പറന്നുയരുവാൻ മലബാർ സ്വതന്ത്ര സുറിയാനി സഭയ്ക്ക് സാധിച്ചു എന്നും പുതിയ ദർശനങ്ങളും കാഴ്ചപ്പാടുകളും നൽകികൊണ്ട് മുന്നോടുപോകാൻ സഭയ്ക്ക് സാധിക്കട്ടെ എന്നു അദ്ദേഹം പറഞ്ഞു. തുടർന്ന് കുന്നംകുളം നിയോജക മണ്ഡലത്തിന്റെ പ്രതിനിധി ശ്രീ. എ. സി. മൊയ്തീൻ അവറുകൾ സന്നിഹിതനാകുകയും മതങ്ങൾക്ക് സമൂഹത്തിൽ മാനവികതയിലൂടെ മനുഷ്യപുരോഗതിയുടെ നാളത്തെ പ്രയാണത്തിൽ നല്ല ഇടമുള്ളവയാണ് എന്ന് ആശംസിച്ചു. കുന്നംകുളം നഗരസഭ ചെയർപേഴ്സൺ ശ്രീമതി. സീത രവീന്ദ്രൻ, കുന്നംകുളം നഗരസഭ വാർഡ് കൗൺസിലർ ശ്രീ. ലബീബ് ഹസ്സൻ എന്നിവർ സമ്മേളനത്തിനു ആശംസകൾ നേർന്നു.

മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ 250–ാാ വാർഷികാഘോഷങ്ങളുടെ തുടർന്നു നടക്കാനിരിക്കുന്ന പരിപാടികൾ സഭ അൽമായ ട്രസ്റ്റി ശ്രീ. ബിനോയ്.പി. മാത്യു വിവരിച്ചു. സഭയുടെ ക്ഷണം സ്വീകരിച്ച് 250–ാം വാർഷികാഘോഷ ഉദ്ഘാടന സമ്മേളനത്തിൽ പങ്കുചേർന്ന വിശിഷ്ടാതിഥികൾക്ക് സഭയുടെ വൈദീക ട്രസ്റ്റി ഫാ. പ്രിൻസ് ഐ. കോലാടി സ്നേഹോപഹാരം നൽകി ആദരിച്ചു. പ്രൗഢമായ സദസിനും വിശ്വാസ സമൂഹത്തോടുമുള്ള നന്ദി സഭയ്കുവേണ്ടി സഭ സെക്രട്ടറി ശ്രീ. ഗീവർ മാണി പനയ്കൽ രേഖപ്പെടുത്തി.

പരിശുദ്ധ പിതാക്കന്മാരുടെ മദ്ധ്യസ്ഥത നമുക്ക് കോട്ടയും കാവലും ആകട്ടെ......!

കുന്നംകുളം സെന്റ് തോമസ് പള്ളി

REPORT
RELIGIOUS HARMONY MEETING
01.05.2022

REPORTS

സ്വാതന്ത്ര്യത്തിന്റെയും, സ്വയം ശീർഷകത്വത്തിന്റെയും പ്രതീകമായി നിലകൊണ്ട് മലബാർ സ്വതന്ത്ര സുറിയാനി സഭ 250 വർഷം പൂർത്തീകരിച്ചിരിക്കുന്നു. ഭാരതത്തിലെ ആദ്യത്തെ ക്രൈസ്തവ മഹർഷിമാരെന്നു വിശേഷിപ്പിക്കപ്പെടുന്ന സഭാ പിതാക്കന്മാരായ പരിശുദ്ധ കാട്ടുമങ്ങാട്ടു ബാവാമാരാൽ ബ്രിട്ടീഷ് മലബാറിലെ തൊഴിയൂരിൽ എത്തി അവിടം ആസ്ഥാനം ആക്കി 1772-ൽ സ്ഥാപിതമായ മലങ്കരസഭ. നാനാ ജാതി മതസ്ഥർക്ക് അഭയമായ മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ 250 വർഷം പൂർത്തിയാക്കുന്നതിന്റെ വാർഷികാഘോഷ ഉദ്ഘാടനം മാർച്ച് മാസം 27-ാം തിയ്യതി സഭയുടെ കുന്നംകുളം സെന്റ് തോമസ് ദേവാലയ അങ്കണത്തിൽ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പരമാദ്ധ്യക്ഷൻ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ത്രിതീയൻ കാതോലിക ബാവായാൽ നിർവ്വഹിക്കപ്പെട്ടു.

പരിശുദ്ധ പരുമല തിരുമേനിയുടെ പാദമുദ്രകൾ കൊണ്ട് പരിപാവനമായ ചരിത്രം ഉറങ്ങുന്ന സഭയുടെ ആദ്യ ഇടവക ദൈവാലയമായ ചാലിശ്ശേരി സെന്റ് ഔഗേൻസ് പള്ളി അങ്കണമാണ് മെയ് മാസം 1-ാം തിയ്യതി 250-ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി നടത്തപ്പെട്ട മതസൗഹാർദ്ദ സമ്മേളനത്തിനു സാക്ഷ്യം വഹിച്ചത്. സഭയുടെ ചരിത്രതാളുകൾ പുറകിലോട്ടു മറിക്കുമ്പോൾ കാട്ടുമങ്ങാട്ടു ബാവാമാരോടുള്ള നന്ദി സൂചകമായി മുസ്ലിം സഹോദരങ്ങൾ (നാറാണത്ത് തറവാട്) സ്നേഹസമ്മാനമായി പതിച്ചുനൽകിയ ദേശത്ത് കെട്ടിപ്പടുത്ത തൊഴിയൂർ സഭ എക്കാലവും മത സൗഹാർദ്ദത്തിന്റെ മകുടോദാഹരണമായി നിലകൊള്ളുന്നു. മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ 250-ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി നടത്തപ്പെട്ട മതസൗഹാർദ്ദ സമ്മേളനത്തിനു

സഭ വൈസ് പ്രസിഡണ്ടും ജനറൽ കൺവീനറുമായ വർഗ്ഗീസ് വാഴപ്പിള്ളി അച്ചൻ കടന്നുവന്നിരുന്ന എല്ലാവരേയും മഹാസമ്മേളനത്തിലേക്ക് സ്വാഗതം ചെയ്യുകയും, സഭയുടെ പരമാദ്ധ്യക്ഷൻ അഭിവന്ദ്യ സിറിൾ മാർ ബസ്സേലിയോസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷതവഹിച്ച മതസൗഹാർദ്ദ സമ്മേളനത്തിൽ ശാന്തിയും സ്നേഹവും അനുകമ്പയും സമാധാനവുമാണ് എല്ലാ മതങ്ങളുടെയും മുഖമുദ്ര എന്നു അദ്ദേഹം വ്യക്തമാക്കുകയുണ്ടായി.

മതസൗഹാർദ്ദ സമ്മേളനത്തിന്റെ ഉദ്ഘാടന കർമ്മം കേരള നിയമസഭ സ്പീക്കർ ബഹുമാനപ്പെട്ട ശ്രീ.എം.ബി.രാജേഷ് നിർവ്വഹിച്ചു. മഹാത്മഗാന്ധിയുടെയും ശ്രീനാരായണഗുരുവിന്റെയും സ്വാമി വിവേകാനന്ദന്റെയും വാക്കുകൾ ഉദ്ദരിച്ചുകൊണ്ട് മതനിരപേക്ഷതയുടെ ഉറച്ച അടിത്തറയിൽ മാത്രമേ മതസൗഹാർദ്ദം പുലരുകയുള്ളു എന്ന് അദ്ദേഹം ഉദ്ഘാടനപ്രസംഗത്തിൽ വ്യക്തമാക്കി. എല്ലാ മതത്തിന്റെയും മൂല്യം ഒന്നു തന്നെയാണ്. സ്നേഹം, സാഹോദര്യം, കരുണ, സമത്വം, നീതി, സമഭാവന. ഇവ ഉയർത്തിപ്പിടിച്ചു കൊണ്ട് നന്മയുള്ള സമൂഹത്തിനു രൂപം നൽകുകയാണ് നമ്മുടെ കടമ എന്നും അദ്ദേഹം കൂട്ടിച്ചേർത്തു. നാടിനോടും സമൂഹത്തോടും ഉത്തരവാദിത്വമുള്ള മതനേതൃത്വത്തിനാണ് ഇത്തരത്തിലുള്ള സമയോജിതമായ ഇടപെടലുകൾക്ക് നേതൃത്വം കൊടുക്കാനാവുക എന്നും അദ്ദേഹം വിലയിരുത്തി. മാർട്ടിൻ നീമോളറുടെ വാക്കുകൾ ഓർമ്മിപ്പിച്ചു കൊണ്ട് ജാതി മത കക്ഷി രാഷ്ട്രീയ ഭേദമെന്യ മതനിരപേക്ഷ രാഷ്ട്രത്തിനായി ഒരുമിച്ച് മുന്നോട്ടു പോകുവാൻ ആഹ്വാനം നൽകുകയും ചെയ്തു.

മതസൗഹാർദ്ദ സമ്മേളനത്തിൽ അനുഗ്രഹ പ്രഭാഷണം നടത്തുന്നതിനായി കടന്നു വന്നിരുന്ന മലങ്കര യാക്കോബായ സുറിയാനി ഓർത്തഡോക്സ് സഭയുടെ തൃശ്ശൂർ രൂപത മെത്രാൻ അഭിവന്ദ്യ കുര്യാക്കോസ് മാർ ക്ലീമീസ് തിരുമനസ്സു കൊണ്ട് മതം മനുഷ്യനെ ദൈവോന്മുകമാകേണ്ട ഒന്നാണെന്നും മൂല്യാതിഷ്ടിതമായ അനുഭവങ്ങൾ ഈ സഭയെ തുടർന്നും ഉജ്വലിപ്പിക്കട്ടെയെന്നും പ്രഭാഷണത്തിലൂടെ സമൂഹത്തെ പ്രബോധിപ്പിച്ചു. അനുഗ്രഹപ്രഭാഷണം നടത്തുന്നതിനായി കക്കാട്ടിരി ഇമാം അബ്ബാസ് മളാഹിരി കൈപ്പുറം കടന്നുവരികയും ഖുറാനിലെ കന്യാമറിയത്തിന്റെ ചരിത്രം പ്രതിപാദിക്കുന്ന സൂക്തങ്ങൾ ആലപിച്ചും കൊണ്ട് മതസൗഹാർദ്ദത്തിന്റെ പ്രൗഢമായ സദസ്സിനെ ധന്യമാക്കിത്തീർക്കുകയും ചെയ്തു. മാനവിക മൂല്യങ്ങളെ ഉയർത്തിപ്പിടിച്ചു കൊണ്ട് സൗഹാർദ്ദത്തിന്റെയും സ്നേഹത്തിന്റെയും നല്ലയൊരു കേരളം വാർത്തെടുക്കാൻ മതസൗഹാർദ്ദ സമ്മേളനങ്ങൾ നൽകുന്ന പങ്ക് വളരെ വലുതാണെന്നു അദ്ദേഹം അഭിപ്രായപ്പെട്ടു. തുടർന്നും അനുഗ്രഹപ്രഭാഷണം നടത്തുന്നതിനായി പുറനാട്ടുകര ശ്രീരാമകൃഷ്ണ മഠം സ്വാമി സദ്ഭവാനന്ദ കടന്നുവരികയും ശ്രീരാമകൃഷ്ണന്റെ വാക്കുകൾ സർവ്വമത സമന്വയത്തിന്റെ സന്ദേശമാണ് ലോകത്തിനു നൽകുന്നത് എന്നും മറ്റുള്ളവർക്കു നന്മ ചെയ്യുവാനും ഈശ്വരനോടു നിഷ്കാമ ഭക്തി പുലർത്തി ജീവിക്കാനുമാണ് എല്ലാമതങ്ങളും പറയുന്നത് എന്നും പ്രഭാഷണത്തിലൂടെ വ്യക്തമാക്കി.

സഭയുടെ വൈദീക ട്രസ്റ്റി പ്രിൻസ്.ഐ.കോലീടി അച്ചൻ നടത്തിയ പ്രഭാഷണം മതസൗഹാർദ്ദത്തിന്റെയും സഭാ സൗഹാർദ്ദത്തിന്റെയും സമൂഹത്തിലുള്ള പ്രസക്തി വ്യക്തമാക്കുന്നതായിരുന്നു.

ചാലിശ്ശേരി പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. എ.വി.സന്ധ്യയും, വാർഡ് മെമ്പർ ശ്രീമതി. ആനി വിനുവും മഹാസമ്മേളനത്തിനു ആശംസകൾ നേർന്നു. മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ 250-ാം വാർഷികാഘോഷങ്ങളുടെ തുടർന്നു നടക്കാനിരിക്കുന്ന പരിപാടികളുടെ സഭ അൽമായ ട്രസ്റ്റി ശ്രീ. ബിനോയ് പി.മാത്യു അവതരിപ്പിച്ചു.

പ്രൗഢമായ മതസൗഹാർദ്ദ സദസിനും വിശ്വാസ സമൂഹത്തിനും ഈ മഹാസമ്മേളനം വിജയകരമായി തീർക്കുവാൻ അക്ഷീണം പ്രവർത്തിച്ച സഭയുടെ അഭ്യുദയ കാംക്ഷികളോടുള്ള കൃതജ്ഞത സഭയ്ക്കുവേണ്ടി സഭ സെക്രട്ടറി ശ്രീ.ഗീവർ മാണി പനയ്ക്കൽ രേഖപ്പെടുത്തി. സഭയുടെ ചരിത്രത്തിൽ നാഴികകല്ലായിത്തീർന്ന മതസൗഹാർദ്ദ സമ്മേളനത്തിലേക്ക് കടന്നുവന്ന എല്ലാവർക്കും ചാലിശ്ശേരി സെന്റ് ഔഗേൻസ് ദേവാലയം സ്നേഹവിരുന്നും സ്നേഹോപഹാരവും നൽകി ഇടവകയുടെ നന്ദി അറിയിക്കുകയും ചെയ്തു. പരിശുദ്ധ പിതാക്കന്മാരുടെ മദ്ധ്യസ്ഥത നമുക്ക് കോട്ടയും കാവലും ആകട്ടെ...!

മലബാർ സ്വതന്ത്ര സുറിയാനി സഭ
മതസൗഹാർദ്ദ സമ്മേളനം
ARENA
EVENTS & MEDIA

REPORT

HISTORICAL MUSEUM INAUGURATION

14.05.2022

ആകമാന മലങ്കര സുറിയാനി ക്രിസ്ത്യാനികൾക്ക് അവഗണിക്കാൻ സാധിക്കാത്തതും ആഴമേറിയ ചരിത്ര പൗരാണികതയും കൊണ്ട് സമ്പുഷ്ടമാണ് മലബാർ സ്വതന്ത്ര സുറിയാനി സഭ. സത്യവിശ്വാസം നിലനിർത്താൻ പീഢകളേൽക്കേണ്ടി വന്ന സഭാപിതാക്കന്മാർ മുറുകെ പിടിച്ചു സംരക്ഷിച്ചു വന്ന അമൂല്യവസ്തുക്കളും ചരിത്രരേഖകളും പരമപവിത്രവും സുരക്ഷിതമായും സഭ ആസ്ഥാനത്ത് സൂക്ഷിച്ചു വന്നിരുന്നു. ലോകമെമ്പാടുമുള്ള സഭകൾക്കു മാതൃകയായ സാഹോദര്യത്വം പ്രവർത്തിയിലും ഇടപെടലിലും പുലർത്തിയിരുന്ന തൊഴിയൂർ സഭ ചരിത്ര മൂല്യങ്ങളെ യഥാർത്ഥ വസ്തുതകളും പഠനകുറിപ്പുകളുമായി പൊതു സമൂഹത്തിനും ഗവേഷകർക്കും ചരിത്രാന്വേഷികൾക്കുമായി 2022 മെയ് 14 നു ഒരു ചരിത്ര മ്യൂസിയം തുറന്നു കൊടുത്തു. 1772 ൽ സ്ഥാപിതമായ മലബാർ സ്വതന്ത്രസുറിയാനി സഭക്ക് 250 വർഷ പാരമ്പര്യവും ചരിത്രവും ചെറിയൊരു മ്യൂസിയത്തിലൂടെ മാത്രം ഒതുങ്ങുന്നതല്ലെങ്കിലും സഭയുടെ പ്രധാനപ്പെട്ട നാഴിക കല്ലുകളും, സഭാപിതാക്കൻമാരുടെ പ്രത്യേകിച്ച് പരിശുദ്ധ കാട്ടുമങ്ങാട്ടു അബ്രഹാം മാർ കൂറിലോസ് ബാവായും പരിശുദ്ധ ഗീവർഗ്ഗീസ് മാർ കൂറിലോസ് ബാവായും ഉപയോഗിച്ചിരുന്ന അംശവസ്ത്രങ്ങൾ, ബാവമാർക്ക് ശീമയിൽ നിന്നും വന്ന പിതാക്കൻമാർ നൽകിയ അമൂല്യവസ്തുക്കൾ, ചരിത്ര രേഖകൾ, താളിയോല ഗ്രന്ഥങ്ങൾ, സഭയെ നയിച്ച പിതാക്കൻമാരുടെ സ്ഥാത്തികോനുകൾ, ബ്രിട്ടീഷ് ഗവൺമെന്റ്, പഴയ നാട്ടു രാജാക്കൻമാർ നൽകിയ മുദ്രകൾ, പിതാക്കൻമാരുടെ കൈപ്പടയിൽ എഴുതിയ പ്രാർത്ഥന പുസ്തകങ്ങൾ, നൂറ്റാണ്ടുകൾ പഴക്കമുള്ള ഗ്രന്ഥങ്ങൾ, ആദ്യകാലങ്ങളിൽ ഉപയോഗിച്ചിരുന്ന മൂറോൻ ഭരണികൾ, പല്ലക്കുകൾ തുടങ്ങി ചരിത്ര പ്രാധാന്യം വിളിച്ചോതുന്ന നിരവധി അമൂല്യങ്ങളായ വസ്തുക്കൾ ഉൾപ്പെടുത്തിയുള്ള ചരിത്രമ്യൂസിയമാണ് സഭ ആസ്ഥാനത്ത് തുറന്നിരിക്കുന്നത്.

സഭാ പരമാദ്ധ്യക്ഷൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ മലങ്കര ഓർത്തഡോക്സ് സഭ അഹമ്മദാബാദ് ഭദ്രാസനാധിപനും കുന്നംകുളം സ്വദേശിയുമായ അഭിവന്ദ്യ ഡോ.ഗീവർഗ്ഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത ചരിത്ര മ്യൂസിയത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. സഭകൾ തമ്മിലുള്ള അകലങ്ങളെ ഒഴിവാക്കുവാനും മലബാർ സ്വതന്ത്രസുറിയാനി സഭയോടുള്ള അഭിവന്ദ്യ യൂലിയോസ് തിരുമേനിയുടെ സ്നേഹവും കരുതലുമാണ് ഏറെ ആദരവോടെ ചരിത്ര മ്യൂസിയം ഉദ്ഘാടനം നിർവ്വഹിക്കുവാൻ യൂലിയോസ് തിരുമേനിയെ നിയോഗിക്കപ്പെട്ടത് എന്ന അഭിവന്ദ്യ സിറിൾ മാർ ബസ്സേലിയോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷപ്രസംഗ വാക്കുകൾ സഭയുടെ ഒന്നടങ്കമുള്ള സ്നേഹമാണ് യൂലിയോസ് തിരുമേനിക്ക് നൽകിയത്. തന്റെ ബാല്യകാലം മുഴുവൻ തൊഴിയൂർ സഭയുടെ കീഴിലുള്ള സെന്റ് തോമാസ് കുന്നത്തെ പള്ളി അങ്കണത്തിലായിരുന്നെന്നും മാതൃക ഇടവകയായി കരുതിയ ആ പള്ളിയുടെ സഭ 250 വർഷചരിത്രം പേറുന്ന വളരെ പ്രാധാന്യം നിറഞ്ഞ ചരിത്ര വസ്തുതകളും പരിശുദ്ധ പിതാക്കൻമാർ ഉപയോഗിച്ചിരുന്ന മ്യൂസിയത്തിന്റെ ഉദ്ഘാടനം നിർവ്വഹിക്കുവാൻ താൻ തിരഞ്ഞെടുക്കപ്പെട്ടത് ദൈവനിയോഗമായി കരുതുന്നെന്നും യൂലിയോസ് തിരുമേനി ഹൃദയം നിറഞ്ഞ് പ്രസ്താവിച്ചു. ശ്ലൈഹീക കൈവെപ്പ് അന്യം നിന്ന് പോകാമായിരുന്ന മലങ്കരസഭക്ക് തൊഴിയൂർ സഭയുടെ കിടങ്ങൻ ഗീവർഗ്ഗീസ് മാർ പീലക്സിനോസ് തിരുമേനി നൽകിയ കൈവെപ്പ് ഒരു കാലവും മലങ്കര സഭകൾക്ക് മറക്കാനാകില്ല. ആ പിതാക്കൻമാരുടെ മുൻപിൽ സഭയുടെയും തന്റെയും സ്നേഹസ്മരണ സമർപ്പിക്കുന്നു എന്നും അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ യൂലിയോസ് തിരുമേനി എടുത്തു പറയുകയുണ്ടായി.

മലങ്കര സഭകൾക്കൊന്നും ഇതുവരെ സാധിക്കാത്തതും ഇത്ര മനോഹരവും യാഥാർത്ഥ്യത്തെ അടുക്കും ചിട്ടയുമായി ഒരു മ്യൂസിയമായി വരുമാനമാർഗ്ഗോദ്ദേശമില്ലാതെ പ്രദർശിപ്പിക്കാനായി ഒരുക്കിയ തൊഴിയൂർ സഭയെ തിരുമേനി അഭിനന്ദിച്ചു കൊണ്ടുള്ള വാക്കുകളിൽ സഭ ഏറെ സന്തോഷിക്കുന്നു. ചടങ്ങിനു മലങ്കര മാർത്തോമ സഭ വികാരി ജനറൽ വെരി.റവ.സ്കറിയ അബ്രഹാം; മലങ്കര കത്തോലിക്ക സഭയുടെ അഞ്ഞൂർ സെന്റ് ജോർജ്ജ് ഇടവക വികാരി ബഹു.ഫാ.റോബിൻ പുത്തൻപുരക്കൽ എന്നിവർ സഭയുടെ ചരിത്രത്തെ പ്രകീർത്തിച്ചും, മാതൃകാപരമായി പുതിയ തലമുറകൾക്ക് പ്രാപ്യമായ വിധത്തിൽ ഇത്തരം മ്യൂസിയത്തെ നീതിപൂർവ്വം ഒരുക്കിയതിൽ അഭിനന്ദിച്ചുകൊണ്ട് ആശംസകൾ അർപ്പിച്ചു. 250-ാം വാർഷീകാഘോഷങ്ങളുടെ സമാപന സമ്മേളനത്തിന്റെയും മറ്റു പരിപാടിയുടേയും അവലോകനം സഭാ വൈസ് പ്രസിഡന്റ് ഫാ.വർഗീസ് വാഴപ്പള്ളി അവതരിപ്പിക്കുകയുണ്ടായി. സഭാ വൈദീക ട്രസ്റ്റി ഫാ.പ്രിൻസ്. ഐ. കോലാടി, സഭാ സെക്രട്ടറി. ശ്രീ ഗീവർ മാണി പനക്കൽ, ആത്മായ ട്രസ്റ്റി ശ്രീ. ബിനോയ് പി. മാത്യു, തൊഴിയൂർ സെന്റ് ജോർജ്ജ് ഭദ്രാസന ഇടവക സെക്രട്ടറി ശ്രീ. വിവേക് വടക്കൻ എന്നിവർ മ്യൂസിയത്തിന്റെ പ്രവർത്തനങ്ങളെയും, ചരിത്രത്തെ മുൻനിർത്തിയും സംസാരിച്ചു. പരിശുദ്ധ പിതാക്കൻമാർ അന്ത്യവിശ്രമം കൊള്ളുന്ന ചരിത്രപ്രസിദ്ധമായ തൊഴിയൂർ സഭാ ആസ്ഥാനത്തു സഭാ വിശ്വാസികൾക്കും പൊതുജനങ്ങൾക്കും വിശേഷ ദിവസങ്ങളിലും മറ്റും നിശ്ചിത ദിവസങ്ങളിലും ചരിത്ര മ്യൂസിയം കാണുവാൻ സാധിക്കുന്ന വിധത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്.

REPORT

GOSPEL ASSOCIATION – BLOOD DONATION CAMP

15.05.2022

മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ 250 -ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി സഭാ സുവിശേഷ സംഘത്തിന്റെ ആഭിമുഖ്യത്തിൽ സഭയുടെ കുന്നംകുളം MISC Arcadeൽ രക്തദാനക്യാമ്പ് നടത്തപ്പെട്ടു. മലബാർ സ്വതന്ത്ര സുറിയാനി സഭാ പരമാധ്യക്ഷൻ അഭിവന്ദ്യ സിറിൾ മാർ ബസ്സേലിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുക്കൊണ്ട് രക്തം ദാനം ചെയ്തവർക്ക് സർട്ടിഫിക്കേറ്റുകൾ വിതരണം ചെയ്തു. സഭയിലെ വൈദീകരും സഭാ ഭാരവാഹികളും ഭക്ത സംഘടനാ പ്രവർത്തകരും ക്യാമ്പിൽ പങ്കെടുത്തു. തൃശ്ശൂർ അമല മെഡിക്കൽ കോളേജിലെ ഡോക്ടർമാർ, നഴ്സുമാർ, ജനകീയ രക്തദാന സംഘടനായ PDBA പ്രവർത്തകർ എന്നിവരുടെ നേതൃത്വത്തിലാണ് ക്യാമ്പ് നടന്നത്. സഭാ സുവിശേഷ സംഘം സെക്രട്ടറി ഫാ. സ്ക്കറിയാ ചീരൻ, ട്രഷറർ ഡീ. സ്റ്റെഫാനോ പുലിക്കോട്ടിൽ, ക്യാമ്പ് കോർഡിനേറ്റർ സ്റ്റെഫാനോ കോലാടി എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

REPORT

VANITHA SAMAJAM - MEDICAL CAMP

22.05.2022

മലബാർ സ്വതന്ത്ര സുറിയാനി സഭാ വനിതാ സമാജത്തിന്റെ ആഭിമുഖ്യത്തിൽ സഭയുടെ 250-ാം വാർഷികത്തോടനുബന്ധിച്ച് പെരുമണ്ണൂർ സെന്റ് മേരീസ് സുറിയാനി പള്ളിയിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. സഭാ പരമാധ്യക്ഷൻ അഭിവന്ദ്യ സിറിൾ മാർ ബസ്സേലിയോസ് മെത്രാപ്പോലീത്താ മെഡിക്കൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. പെരുമണ്ണൂർ ഇടവക വികാരി ഫാ. ബെന്യാമിൻ ചിറ്റിലപ്പിള്ളി അധ്യക്ഷനായിരുന്നു. സഭാ വനിതാ സമാജം ജനറൽ സെക്രട്ടറി ശ്രീമതി ബീന ഡേവിസ്, പെരുമണ്ണൂർ യൂണിറ്റ് സെക്രട്ടറി ശ്രീമതി സിജിലി ജൻസൻ എന്നിവർ പ്രസംഗിച്ചു. കുന്നംകുളം സൈമൺസ് ഐ ഹോസ്പിറ്റൽ, അക്കിക്കാവ് PSM ഡെന്റൽ കോളേജ്, ചങ്ങരംകുളം സൺറൈസ് ഹോസ്പിറ്റൽ എന്നീ സ്ഥാപനങ്ങളിലെ ഡോക്ടർമാരുടെ നേതൃത്വത്തിലാണ് ക്യാമ്പ് നടന്നത്.

സഭാ വനിതാ സമാജം ജനറൽ സെക്രട്ടറി ശ്രീമതി ബീന ഡേവിസ്, ട്രഷറർ ശ്രീമതി ജെയ്സി ബിജു എന്നിവരടങ്ങുന്ന കമ്മിറ്റി ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

PSM COLLEGE OF DENTAL SCIENCE & RESEARCH
സൗജന്യ
ദന്തപരിശോധന ക്യാമ്പ്

REPORT

YOUTH LEAGUE - DEEPASHIKA PRAYANAM

27.05.2022

മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ 250-ാം വാർഷിക ആഘോഷങ്ങളോനുടനുബന്ധിച്ച് സഭാ സ്ഥാപക പിതാവായ പുണ്യശ്ലോകനായ കാട്ടുമങ്ങാട്ട് ഗീവർഗീസ് മാർ കൂറിലോസ് ഇളയ ബാവ കബറടങ്ങിയ വെട്ടിക്കൽ സെന്റ് തോമസ് ദയറായിൽ നിന്ന് മലബാർ സ്വതന്ത്ര സുറിയാനി സഭ യൂത്ത് ലീഗിന്റെ നേതൃത്വത്തിലുള്ള ദീപശിഖാപ്രയാണം വെള്ളിയാഴ്ച ഉച്ചയ്ക്ക് 1.30 മണിക്ക് സഭാ പരമാധ്യക്ഷൻ അഭിവന്ദ്യ സിറിൾ മാർ ബസ്സേലിയോസ് മെത്രാപ്പോലീത്താ തിരുമനസ്സിന്റെ ആശീർവാദത്തോടെ ആരംഭിച്ചു. സഭാ യൂത്ത് ലീഗ് ജനറൽ സെക്രട്ടറി ഫാ. ബെന്യാമിൻ ചിറ്റിലപ്പിള്ളി, ട്രഷറർ റൈഫിസൺ ബാബു എന്നിവർ ചേർന്ന് അഭിവന്ദ്യ മെത്രാപ്പോലീത്തായിൽ നിന്ന് ദീപശിഖ ഏറ്റുവാങ്ങി. സഭയിലെ വൈദിക ശ്രേഷ്ഠർ, മലങ്കര ഓർത്തഡോക്സ് സഭയിലെ വൈദീകർ, തൊഴിയൂർ സഭാ ഭാരവാഹികൾ, വെട്ടിക്കൽ ദയറാ മാനേജിങ് കമ്മിറ്റി അംഗങ്ങൾ എന്നിവർ സന്നിഹിതരായിരുന്നു.

വെട്ടിക്കൽ ദയറായിൽ നിന്ന് ആരംഭിച്ച ദീപശിഖാ പ്രയാണം പരിശുദ്ധ കാട്ടുമങ്ങാട്ട് ബാവമാർ തപസ്സനുഷ്ഠിച്ച തേവനാൽ മാർ ബഹനാം കുരിശുപള്ളി, മുളന്തുരുത്തി മാർത്തോമൻ കത്തീഡ്രൽ എന്നീ ദൈവാലയങ്ങൾ സന്ദർശിച്ച് സഭയുടെ ഇടവകയായ എറണാകുളം മാർ കുറിലോസ് ബാവ പള്ളിയിൽ വൻ സ്വീകരണം ഏറ്റുവാങ്ങി. തുടർന്ന് തൃശ്ശൂർ പേരാമംഗലം, കുന്നംകുളം ബഥനി സ്കൂൾ എന്നീ സ്ഥലങ്ങളിൽ സ്വീകരണം ഏറ്റുവാങ്ങി സഭയുടെ പഴഞ്ഞി സെന്റ്. മേരീസ് സുറിയാനി പള്ളിയിലെ വൻ സ്വീകരണത്തിന് ശേഷം സമാപിച്ചു. മെയ് 29 ശനിയാഴ്ച രാവിലെ 10.00 മണിക്ക് പഴഞ്ഞി പള്ളിയിൽ സുവിശേഷ സംഘം സെക്രട്ടറി ഫാ. സ്കറിയാ ചീരൻ വിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് പഴഞ്ഞി പള്ളിയിൽ നിന്ന് ആരംഭിച്ച ദീപശിഖ പ്രയാണം ഇരുചക്രവഹന ങ്ങളുടെ അകമ്പടിയോടെ സഭയുടെ കീഴിലുള്ള കരിക്കാട്, കൊരട്ടിക്കര, കല്ലുംപുറം, ചാലിശ്ശേരി, പെരുമണ്ണൂർ, പെരിങ്ങോട്, ഒറ്റപ്പിലാവ്, പോർക്കുളം, കുന്നംകുളം എന്നീ ഇടവക പള്ളികൾ സന്ദർശിച്ചു. അതാത് ഇടവക യൂത്ത്ലീഗ് യൂണിറ്റ് സെക്രട്ടറിമാർ ദീപശിഖ ഏറ്റുവാങ്ങി. വൈകീട്ട് 6.30 മണിക്ക് പരിശുദ്ധ ബാവമാർ അഞ്ഞൂരിൽ സ്ഥാപിച്ച മാർ ബഹനാം ചാപ്പലിൽ എത്തുകയും തുടർന്ന് കാൽനട ഘോഷയാത്രയായി സഭാ ആസ്ഥാനമായ തൊഴിയൂർ ഭദ്രാസന പള്ളിയിൽ പ്രയാണം എത്തിച്ചേരു കയും കബറിങ്കൽ മെത്രാപ്പോലീത്ത ദീപം കൊളുത്തുകയും ചെയ്തു.

KL07.CH 4001

REPORT

PHOTO GALLERY INAUGURATION

28.05.2022

REPORTS

മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ 250-ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി സഭാ പിതാക്കന്മാരുടെ ഛായചിത്ര അനാച്ഛാദനം മെയ് മാസം 28-ാം തിയതി സഭാ ആസ്ഥാനമായ തൊഴിയൂർ ഭദ്രാസന ദൈവാലയത്തിൽ നടത്തപ്പെട്ടു.

250 വർഷകാലം സഭയെ ഭരിച്ച പിതാക്കന്മാരെ സ്മരിച്ചുകൊണ്ട് പുതുതലമുറയ്ക്ക് പരിചയപ്പെടുത്തുവാനും, പിതാക്കന്മാരോടുള്ള സ്നേഹവും ബഹുമാനവും പ്രകടിപ്പിക്കുവാനും, അവരെ കുറിച്ചുള്ള യഥാർത്ഥ കാഴ്ചപ്പാടുകൾ ദർശിക്കുവാനും ഛായചിത്രങ്ങൾ സഹായകരമാണ്.

സഭാ പിതാക്കന്മാരുടെ ഛായചിത്ര അനാച്ഛാദനകർമ്മം ബിലിവേഴ്സ് ഈസ്റ്റേൺ ചർച്ച് മെത്രാപ്പോലീത്ത അഭിവന്ദ്യ മോറാൻ മോർ അത്തനേഷ്യസ് യോഹാൻ മെത്രാപ്പോലീത്തായാൽ നിർവഹിക്കപ്പെട്ടു. പിതാക്കന്മാരുടെ ഛായചിത്രങ്ങളിലൂടെ കൂടുതലായി സഭയെ അറിയുവാനും അവരുടെ ജിവിതം വരും തലമുറയ്ക്ക് മാതൃകയാക്കുവാനും സാധിക്കുമെന്ന് മെത്രാപ്പോലീത്ത ഓർമപ്പെടുത്തി.

© JOJIN PHOTOGRAPHY

© JOJIN PHOTOGRAPHY

© JOJIN PHOTOGRAPHY

REPORT

250TH ANNIVERSARY CONCLUDING CEREMONY

29.05.2022

മലബാർ സ്വതന്ത്ര സഭയുടെ 250-ാം വാർഷികാഘോഷ സമാപന സമ്മേളനത്തിന് സാക്ഷ്യം വഹിച്ചത് പരിശുദ്ധ കാട്ടുമങ്ങാട്ട് ബാവാന്മാരുടെ കർമ്മഭൂമിയും സഭയെ ഭരിച്ചിരുന്ന പിതാക്കന്മാർ അന്ത്യവിശ്രമം കൊള്ളുന്ന കബറിടങ്ങൾ കൊണ്ട് പുണ്യഭൂമിയായിത്തീർന്ന തൊഴിയൂർ സെന്റ് ജോർജ് ഭദ്രാസന ഇടവക ദേവാലയമായിരുന്നു.

മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ 250-ാം വാർഷികാഘോഷ സമാപന സമ്മേളനം ബഹു. കേരള ഗവർണർ ഡോ. ആരിഫ് മുഹമ്മദ് ഖാൻ ഉദ്ഘാടനം ചെയ്തു. കേരള സഭാ ചരിത്രത്തിൽ തൊഴിയൂർ സഭയ്ക്ക് സ്വന്തമായൊരു വ്യക്തിത്വം പടുത്തുയർത്താൻ കഴിഞ്ഞിട്ടുണ്ടെന്നും സാമൂഹ്യപ്രവർത്തനങ്ങൾ പ്രശംസനീയവും മാതൃകാപരമാണെന്നും ലോകത്തിന്റെ പലഭാഗങ്ങളിലേക്കുള്ള സഭയുടെ വളർച്ച അഭിമാനകരമാണെന്നും പ്രസംഗത്തിൽ വ്യക്തമാക്കി. സ്വാമി വിവേകാനന്ദന്റെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് മതങ്ങൾ മനുഷ്യനു ദൈവത്തെ തിരിച്ചറിയുവാനും സഹജീവികളെ സ്നേഹിക്കുവാനും ഇടയാക്കുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ പരമാധ്യക്ഷൻ അഭിവന്ദ്യ സിറിൽ മാർ ബസ്സേലിയോസ് മെത്രാപ്പോലിത്ത അദ്ധ്യക്ഷത വഹിച്ച സമാപന സമ്മേളനത്തിൽ പരിശുദ്ധ കാട്ടുമങ്ങാട്ട് ബാവാന്മാരുടെ ജീവിതം ഭാരതീയ സംസ്കാരത്തിനു വിലപ്പെട്ടതാണെന്നും 250 വർഷത്തെ ചരിത്രം രേഖപ്പെടുത്തുന്നത് സഭയ്ക്ക് സമൂഹത്തോടുള്ള കരുതലാണെന്നും ഇതുപോലുള്ള കരുതലുകളാണ് മനുഷ്യജീവിതത്തിനു അർത്ഥവും വ്യാപ്തിയും നൽകുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

മലങ്കര മാർത്തോമ സുറിയാനി സഭാ പരമാധ്യക്ഷൻ അഭിവന്ദ്യ ഡോ. തിയഡോഷ്യസ് മാർത്തോമ മെത്രാപ്പോലീത്ത മുഖ്യ പ്രഭാഷണം നടത്തുകയും ആശംസകളറിയിക്കുകയും മലങ്കര സഭകളുടെ ചരിത്രത്തിൽ മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ പ്രാധാന്യം വളരെ വലുതാണെന്നും മാർത്തോമ സഭയ്ക്കു തൊഴിയൂർ സഭയുമായുള്ള സഹോദരബന്ധം ഇന്നും ശക്തമായി മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. ആചാരങ്ങളിലും വിശ്വാസങ്ങളിലും ഇരുസഭകളും സ്വതന്ത്രമായി നിലക്കൊണ്ടു തന്നെ മർത്തോമ്മ സഭയുടെ പ്രതിസന്ധി ഘട്ടങ്ങളിലെല്ലാം തൊഴിയൂർ സഭ കൂടെ നിന്നിരുന്നതു അദ്ദേഹം ഓർത്തെടുത്തു. മലബാർ സ്വതന്ത്ര സുറിയാനി സഭ ലോകത്തിനു മാതൃകയാണെന്നും കൂട്ടിച്ചേർത്തു.

സഭയുടെ 200-ാം വാർഷികാഘോഷങ്ങളുടെ ഭാഗമായിരുന്ന ഒരേ ഒരു മെത്രാപ്പോലീത്തയാണ് കൽദായ സുറിയാനി സഭാ പരമാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. മാർ അപ്രേം മെത്രാപ്പോലീത്ത, ഗുരുവായൂർ നഗരസഭ ചെയർമാൻ ശ്രീ. എം. കൃഷ്ണദാസ് എന്നിവർ സമാപന സമ്മേളനത്തിനു ആശംസകൾ നേർന്നു. സഭയുടെ 250-ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി സഭ വൈസ്പ്രസിഡന്റ് ഫാ. വർഗ്ഗീസ് വാഴപ്പിള്ളി രചിച്ച ''മലബാർ സ്വതന്ത്ര സുറിയാനി സഭ ചരിത്രം, വിശ്വാസം, പാരമ്പര്യം'' പുസ്തകപ്രകാശനം കൽദായ സുറിയാനി സഭാ പരമാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. മാർ അപ്രേം മെത്രാപ്പോലീത്തായ്ക്കു നൽകികൊണ്ട് ബഹു. കേരള ഗവർണർ ഡോ. ആരിഫ് മുഹമ്മദ് ഖാൻ നിർവഹിച്ചു.

ക്ഷണം സ്വീകരിച്ച് 250-ാം വാർഷികാഘോഷ സമാപന സമ്മേളനത്തിൽ പങ്കുചേർന്ന വിശിഷ്ടാതിഥികൾക്ക് സ്നേഹോപഹാരം നൽകി സഭയുടെ നന്ദി അറിയിക്കുകയും ഒപ്പം 250-ാം വാർഷികാ ഘോഷങ്ങൾ വിജയകരമായി തീർക്കുവാൻ അക്ഷീണം പ്രവർത്തിച്ച വൈദീകരെയും, കൗൺസിൽ അംഗങ്ങളെയും സമാപന സദസിൽ ഉപഹാരം നൽകി ആദരിക്കുകയും ചെയ്തു.

MALABAR INDEPENDENT SYRIAN CHURCH
THOZHIYUR
CELEBRATING
250TH ANNIVERSARY
© Jojin Photography
May 29 Sunday St. George Cathedral Thozhiyur, 11.00 AM
© Jojin Photography
Kunnamkulam

© JOJIN PHOTOGRAPHY



MALABAR INDEPENDENT SYRIAN CHURCH

250th ANNIVERSARY PHOTO Gallery

250th ANNIVERSARY PHOTO Gallery

250th ANNIVERSARY PHOTO Gallery

MISC ARCADE INAUGURATION



VARIOUS PROGRAMMES

കൃതജ്ഞതയോടെ....

മലബാർ സ്വതന്ത്ര സുറിയാനി സഭ അതിന്റെ 250-ാം വാർഷികം ആഘോഷിക്കുന്ന ഈ നാളുകളിൽ പരിശുദ്ധ സഭയുടെ ഭിത്തികൾ ബലവത്തായി തീരുവാൻ ദൈവം ശക്തമായി ഇടപെടുന്നു എന്നതിൽ സർവ്വശക്തനായ ദൈവത്തെ മഹത്വപ്പെടുത്തുന്നു. കേരള ക്രൈസ്തവ സഭാ ചരിത്രത്തിൽ പരിശുദ്ധ തോമാശ്ലീഹാ തുടങ്ങിവെച്ച സ്വർഗ്ഗീയ പ്രകാശം ഒട്ടും നഷ്ടപ്പെടുത്താതെ കൂടുതൽ പാരമ്പര്യശോഭയോടെ തിളങ്ങുവാൻ മൺമറഞ്ഞു പോയ പുണ്യപിതാക്കന്മാർ സഹിച്ച സഹനവും, ത്യാഗവും വളരെ ശ്രേഷ്ഠമാണ്.

1772-ൽ മലങ്കരയുടെ താപസ ശ്രേഷ്ഠൻ പരിശുദ്ധ അബ്രഹാം മാർ കൂറിലോസ് ബാവായാൽ സ്ഥാപിതമായതാണ് മലബാർ സ്വതന്ത്ര സുറിയാനി സഭ. ചരിത്രപരമായും, വിശ്വാസപരമായും, പാരമ്പര്യമായും മലങ്കര സഭയുടെ തനിമ നിലനിർത്തിക്കൊണ്ട് മറ്റു എപ്പിസ്കോപ്പൽ സഭകളുമായി സാഹോദര്യബന്ധത്തിൽ നിലനില്ക്കുന്ന മലബാർ സ്വതന്ത്ര സുറിയാനി അതിന്റെ 250-ാം വാർഷികം ആഘോഷിക്കുന്നതിനോടനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന ഈ സ്മരണിക എക്കാലവും സഭയുടെ പൂർവ്വകാലത്തെ മനസിലാക്കുവാൻ കഴിയുന്നതായി തീരട്ടെ. പരിശുദ്ധ അബ്രഹാം മാർ കൂറിലോസ് ബാവായുടേയും, പരിശുദ്ധ ഗീവർഗ്ഗീസ് മാർ കൂറിലോസ് ബാവായുടേയും ത്യാഗപൂർണ്ണമായ ജീവിതവും, പ്രാർത്ഥനയുമാണ് ഈ സഭയുടെ വളർച്ചയുടെ പ്രധാന ഘടകം.

200-ാം വാർഷീകത്തിന് പരിശുദ്ധ അബ്രഹാം മാർ കൂറിലോസ് ബാവായെ പരിശുദ്ധ പദവിയിലേക്ക് ഉയർത്തുവാൻ സഭയ്ക്ക് കഴിയണം. ഇപ്പോൾ 250-ാം വാർഷികം ആഘോഷിക്കുമ്പോൾ പരിശുദ്ധ ഗീവർഗ്ഗീസ് മാർ കൂറിലോസ് ബാവായെ പരിശുദ്ധ പദവിയിലേയ്ക്ക് ഉയർത്തുവാൻ സഭയ്ക്ക് കഴിയുന്നത് ദൈവ നിയോഗമാണ്. എത്ര മാത്രം അന്ധകാരം മൂടിയാലും മറഞ്ഞു കിടക്കുന്ന പ്രകാശത്തെ തടുത്തു നിർത്തുവാൻ എന്നന്നേയ്ക്കുമായി കഴിയുകയില്ല. മലബാർ സ്വതന്ത്ര സുറിയാനി സഭ വിശ്വാസ തീഷ്ണതയിലും, സ്വാതന്ത്ര്യത്തിന്റെ സന്തോഷത്തിലും അനേക വർഷം ഇനിയും പ്രവർത്തന സജ്ജമാക്കുവാൻ ഏവരുടേയും പ്രാർത്ഥന അനിവാര്യമാണ്.

പല മഹാ മാരികളേയും അതിജീവിച്ച് ഇന്ന് നാം ജീവിക്കുന്ന നാളുകൽ ദൈവനിയോഗമാണെന്ന് തിരിച്ചറിഞ്ഞ് ദൈവ കരങ്ങളിൽ അഭയപ്പെടുവാൻ നമുക്ക് കഴിയട്ടെ. 250-ാം വാർഷികത്തോടനുബന്ധിച്ച് കുന്നംകളം സെന്റ് തോമാസ് ദൈവാലയത്തിൽ നടത്തിയ ഉൽഘാടന സമ്മേളനം പ്രൗഢ ഗംഭീരമാക്കുവാൻ പ്രയത്നിച്ച ഏവരേയും, ചാലിശ്ശേരി സെന്റ് ഔഗേൻ പള്ളിയിൽ നടന്ന മതസൗഹാർദ്ദ സമ്മേളനം വളരെ അർത്ഥവത്താക്കി തീർക്കുവാൻ പ്രവർത്തിച്ചവരേയും, രക്തദാന ക്യാമ്പ് നടത്തിയും, മെഡിക്കൽ ക്യാമ്പ് നടത്തിയും വാർഷികാഘോഷത്തിന്റെ സാമൂഹിക പ്രതിബദ്ധത (Social Commitment) ശക്തമാക്കി തീർത്ത യുവജന പ്രസ്ഥാനത്തേയും, വനിതാ സമാജത്തേയും പ്രത്യേകം അഭിനന്ദിക്കുന്നു. 250-ാം വാർഷീകാഘോഷത്തിന്റെ സമാപന സമ്മേളനം അതിവിപുലമായ രീതിയിൽ സഭാ ആസ്ഥാനമായ തൊഴിയൂർ സെന്റ് ജോർജ്ജ് ദൈവാലയത്തിൽ നടത്തുകയുണ്ടായി, ഭദ്രാസന ഇടവക അംഗങ്ങൾ വളരെയധികം പ്രയത്നിച്ചതിന്റെയും സഭാ നേതൃത്വം കാര്യമായി ശക്തി പകർന്നതിന്റേയും വിജയമായിരുന്നു, പ്രവർത്തിച്ച എല്ലാവരേയും അഭിനന്ദിക്കുന്നു. കൂടാതെ സഭയുടെ ചരിത്ര മ്യൂസിയവും, അഭിവന്ദ്യ പിതാക്കന്മാരുടെ ഛായാ ചിത്ര ഗാലറിയും മനോഹരമായി സജ്ജീകരിക്കാൻ സഹായിച്ചവരേയും പ്രത്യേകം അഭിനന്ദിക്കുകയാണ്. പരിശുദ്ധ സഭയുടെ 250-ാം വാർഷികാഘോഷങ്ങൾ പൂർണ്ണമായ രീതിയിൽ മനോഹരമാക്കി തീർക്കുവാൻ കടന്നു വന്ന ബഹു. കേരള ഗവർണർ ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ എന്നവരേയും, കേരള ക്രൈസ്തവ അപ്പോസ്തോലിക സഭകളുടെ വന്ദ്യ പരമാദ്ധ്യക്ഷന്മാരേയും, മെത്രാപ്പോലീത്താമാരേയും നന്ദി പുരസരം സ്മരിക്കുന്നു. കൂടാതെ സഭയുടെ കൗൺസിലിൽ നിന്നും തിരഞ്ഞെടുത്ത പ്രത്യേക കൺവീനർമാരുടെ കൂട്ടായ പ്രവർത്തനവും സഭയുടെ പരമാദ്ധ്യക്ഷൻ അഭിവന്ദ്യ സിറിൾ മാർ ബാസ്സേലിയോസ് മെത്രാപ്പോലീത്തായുടേയും, വൈദീക ട്രസ്റ്റി, ആത്മായ ട്രസ്റ്റി, സഭാ സെക്രട്ടറി എന്നിവരുടേയും ശക്തമായ നേതൃത്വം വളരെ വിലപ്പെട്ടതായിരുന്നു. എന്റെ സഹപ്രവർത്തകരായ വൈദീക ശ്രേഷ്ഠരും വളരെ തീക്ഷണതയോടെ പ്രവർത്തിച്ചു എന്നതിലും സന്തോഷിക്കുന്നു.

സഭയുടെ തുടർന്നുള്ള പ്രവർത്തന പാതയിൽ എല്ലാ സഭാ മക്കളും, അഭ്യുദയകാംക്ഷികളും വളരെ തീക്ഷണതയോടെയും വിശ്വാസത്തോടെയും പ്രവർത്തിക്കാൻ ആഹ്വാനം ചെയ്തു കൊണ്ട്....

ഫാ.വർഗ്ഗീസ് വാഴപ്പിള്ളി
ജനറൽ കൺവീനർ & സഭാ വൈസ് പ്രസിഡണ്ട്


ജോസഫ് മാർ കൂറിലോസ്
മെത്രാപ്പോലീത്ത
(1856-1888)
പൗലോസ് മാർ
അത്താനാസിയോസ് സഫ്രഗൻ
മെത്രാപ്പോലീത്ത
(1917-1927)
ജോസഫ് മാർ കൂറിലോസ്
വലിയ മെത്രാപ്പോലീത്ത
(1986-2014)
പ്രാർത്ഥനാശംസകളോടെ....
പനയ്ക്കൽ കുടുംബം

ആശംസകളോടെ ..
മലബാർ സ്വതന്ത്ര സുറിയാനി സഭ
സെൻറ് കൂറിലോസ് ഫെല്ലോഷിപ്പ് - ഷാർജ
പരിശുദ്ധനായ അബ്രഹാം മാർ കൂറിലോസ് ബാവാ
പരിശുദ്ധനായ ഗീവർഗീസ് മാർ കൂറിലോസ് ബാവാ

MISC GOSPEL ASSOCIATION

കർത്താവിൽ പ്രിയരെ,

സഭയുടെ ആത്മീയവളർച്ചയിൽ സുവിശേഷീകരണം വളരെ പ്രാധാന്യം അർഹിക്കുന്നു. ലോകരക്ഷകനായ യേശു ക്രിസ്തുവിനെ കുറിച്ച് സുവിശേഷിക്കുക എന്ന ദർശനത്തോടുള്ള അഭിവാഞ്ഛയാണ് മലബാർ സ്വതന്ത്രസുറിയാനി സഭയിൽ 1948-ൽ സുവിശേഷ സംഘം ആരംഭിക്കുന്നത്. ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ .ഗീവർഗ്ഗീസ്സ് മാർകൂറിലോസ് മെത്രാപ്പോലീത്തയ്ക്ക് ലഭിച്ച ദീർഘവീക്ഷണം സുവിശേഷ പരമായി ഒട്ടേറെ മുന്നേറാൻ സാധിച്ചു.

വി.പൗലോസ് ശ്ലീഹായുടെ വാക്കുകൾ ശ്രദ്ധേയമാണ് ഞാൻ സുവിശേഷം അറിയിക്കുന്നില്ലെങ്കിൽ എനിക്ക് പ്രശംസിപ്പാൻ ഒന്നുമില്ല. ദൈവവചന ശുശ്രൂഷയിൽ വളരുകയും സുവിശേഷതൽപരരായ നിരവധി വ്യക്തികളുടെ വളർച്ചക്ക് മുഖ്യ പങ്കുവഹിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ദൈവരാജ്യത്തിന്റെ മർമ്മങ്ങളെ പങ്കിടുവാനും മാനസാന്തരത്തിലൂടെ പുതിയ സൃഷ്ടികളായി രൂപാന്തരപ്പെടുവാനും വേണ്ടി സുവിശേഷമഹായോഗം എല്ലാവർഷവും നടത്തിവരുന്നു. ബൈബിൾ പഠനം എല്ലാവർക്കും സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ 'മെൽത്തോ' ബൈബിൾ ഹൃസ്വകാലപഠനം നടക്കുന്നു. കോവിഡ് മഹാമാരിമൂലം കൂട്ടായ്മ ആചരിക്കാൻ കഴിയാത്ത ഈ സാഹചര്യത്തിൽ 'ജീവധാര' എന്ന എമരല യീീസ പ്രോഗ്രാമിലൂടെ വചന ശുശ്രൂഷ നടത്തിവന്നിരുന്നു. ഇത് അനേകർക്ക് സമാധാനം നൽകുന്നു. കൂദശ്ഇത്തോ ഞായറാഴ്ച്ച സഭാസുവിശേഷ സംഘദിനമായി സഭ ആചരിക്കുന്നു.

പ്രാർത്ഥനാപൂർവ്വം,

ഫാ. സ്ക്കറിയാ ചീരൻ

സുവിശേഷസംഘം സെക്രട്ടറി

MISC GOSPEL ASSOCIATION

MISC YOUTH LEAGUE

ത്രിയേക ദൈവത്തിന് സ്തുതി

1984 ൽ സഭയുടെ മേലധ്യക്ഷനായിരുന്ന അഭിവന്ദ്യ കൂത്തൂരെ മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ ഭരണകാലത്ത് മലബാർ സ്വതന്ത്ര സുറിയാനി സഭയിലെ യുവജനങ്ങളെ സംഘടിപ്പിച്ചുകൊണ്ട് യേശു ക്രിസ്തുവിന്റെ സുവിശേഷം സമൂഹത്തിൽ പ്രചരിപ്പിക്കുന്നതിനും സഭയുടെ ഉന്നമനത്തിനുമായി പ്രവർത്തിക്കുന്നതിനും സമൂഹത്തിലെ അനാഥരെയും അവശരെയും സംരക്ഷിക്കുന്നതിന് കഴിയാവുന്ന സഹായങ്ങൾ, ജീവകാരുണ്യ പ്രവർത്തനങ്ങൾ എന്നിവ ചെയ്യുന്നതിനും മറ്റുമായി സഭയിലെ വൈദീകനായ ഫാ. ജോസഫ് പനയ്ക്കലിന്റെയും (പിൽക്കാലത്ത് അഭിവന്ദ്യ ആലത്തൂർ പനക്കൽ ജോസഫ് മാർ കൂറിലോസ് വലിയ മെത്രാപ്പോലീത്ത), വർഗ്ഗീസ് വാഴപ്പിള്ളി അച്ചന്റെയും നേതൃത്വത്തിൽ ആരംഭിച്ച യുവജന സംഘടനയാണ് മലബാർ സ്വതന്ത്ര സുറിയാനി സഭാ യൂത്ത് ലീഗ്.

യൂത്ത് ലീഗിന്റെ പ്രാരംഭഘട്ടത്തിൽ അനേകം പ്രയാസങ്ങളെ തരണം ചെയ്തുകൊണ്ട് അന്നത്തെ നേതൃത്വം വിവിധ തരത്തിലുള്ള പരിപാടികൾ നടത്തി പോന്നിരുന്നു. പരിശുദ്ധ സഭയുടെ കീഴിലുള്ള ഇടവകകളിൽ സഭാ യൂത്ത് ലീഗിന്റെ കീഴിൽ ഇടവക യൂത്ത് ലീഗ് യൂണിറ്റുകൾ രൂപീകരിച്ചു. പ്രാരംഭഘട്ടത്തിൽ രക്തദാനക്യാമ്പ്, ഭവന നിർമ്മാണ പദ്ധതി തുടങ്ങിയ അനേകം പ്രവർത്തനങ്ങൾ സമൂഹത്തിലും സഭയിലുമായി സംഘടന നടത്തിവന്നിരുന്നു. സംഘടനയുടെ പ്രാരംഭ വർഷം തന്നെ ആരംഭിച്ച 'കുഞ്ഞാടുകളുടെ വെളിച്ചം' മാസിക സഭയിലെ ജനങ്ങൾക്ക് ആത്മീയവും ഭൗതീകവുമായ രംഗങ്ങളിൽ വളരെയധികം സഹായകമായി തീർന്നിട്ടുണ്ട്.

എന്നാൽ 2005 മുതൽ ഉള്ള കാലങ്ങളിൽ സഭാ വ്യവഹാരങ്ങൾ നേരിട്ട പ്രതിസന്ധി കാലഘട്ടത്തിൽ സഭാ യൂത്ത് ലീഗ് എന്ന സംഘടനയുടെ പ്രവർത്തനങ്ങൾ മങ്ങിപോവുകയും സംഘടന പേരിൽ മാത്രമായി ചുരുങ്ങുകയും ചെയ്തു. 2015 – 2016 കാലഘട്ടങ്ങളിൽ സഭ അതിന്റെ പൂർണ്ണ പ്രൗഢിയോടെ സഭാ യൂത്ത് ലീഗ് എന്ന സംഘടനയെ പുനരുജ്ജീവിപ്പിക്കുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചു. 2016 ൽ സഭയിൽ വൈദീകനായ ഫാ. തോമസ് കുരിയൻ ജനറൽ സെക്രട്ടറിയായി സഭാ യൂത്ത് ലീഗ് അതിന്റെ പ്രവർത്തനങ്ങൾ പുനരാരംഭിച്ചു. പ്രസിദ്ധീകരണം നിലച്ചുപോയ 'കുഞ്ഞാടുകളുടെ വെളിച്ചം' മാസിക വീണ്ടും പ്രസിദ്ധീകരണം ആരംഭിച്ചത് ഈ കാലത്തിലെ ഏറ്റവും അഭിമാനകരമായ നേട്ടമാണ്. തുടർന്ന് 2017– 18 കാലഘട്ടങ്ങളിൽ ഫാ. തോമസ് ചീരൻ, ഫാ. ബെന്യാമിൻ ചിറ്റിലപ്പിള്ളി എന്നിവർ ജനറൽ സെക്രട്ടറി സ്ഥാനം ഏറ്റെടുക്കുകയും സഭാ യൂത്ത് ലീഗിന്റെ പ്രവർത്തനങ്ങൾ നാളിതുവരെ തടസ്സം കൂടാതെ നടത്തി പോവുകയും ചെയ്തു. 'കുഞ്ഞാടുകളുടെ വെളിച്ചം' മാസികയുടെ വരിക്കാർ ആയിരത്തിൽ കവിഞ്ഞതും ഈ കാലഘട്ടത്തിലെ നേട്ടമാണ്. സഭയിലെ യുവജനങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് വിവിധ തരത്തിലുള്ള പരിപാടികൾ സംഘടിപ്പിക്കുന്നതിനും സംഘടനയ്ക്ക് സാധിച്ചു. വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള പഠന കിറ്റ് വിതരണം, വിവിധ ഇടവക യൂത്ത് ലീഗ് യൂണിറ്റുകളെ ഉൾകൊള്ളിച്ചു നടത്തിയ കരോൾ ഫെസ്റ്റ്,

പൂക്കള മത്സരം, ആരാധനാ ഗീതാലാപന മത്സരം തുടങ്ങി വിവിധ മത്സരങ്ങൾ, കോവിഡ് 19 മഹാമാരിയുടെ കാലത്ത് യൂത്ത് ലീഗിന്റെ നേതൃത്വത്തിൽ നടന്ന കോവിഡ് എമർജൻസി കിറ്റ് വിതരണം തുടങ്ങിയ ജീവകാരുണ്യ പ്രവർത്തനങ്ങൾ എന്നിവ യൂത്ത് ലീഗിന്റെ പ്രവർത്തനങ്ങളിൽ എടുത്തുപറയേണ്ടവയാണ്. പരിശുദ്ധ സഭ, സഭാദിനം ആഘോഷിക്കുന്ന വേളകളിൽ സഭയിലെ യുവജനങ്ങളെ പങ്കെടുപ്പിച്ചു നടത്തുന്ന ഇരുചക്ര വാഹന റാലിയും, സഭയുടെ 250 -മത് വാർഷിക ആഘോഷത്തോടനുബന്ധിച്ച് യൂത്ത് ലീഗിന്റെ നേതൃത്വത്തിൽ നടന്ന ദീപശിഖാ പ്രയാണവും സഭാ യൂത്ത് ലീഗ് എന്ന സംഘടനയെ സഭയിലെ ഏറ്റവും ശക്തിയേറിയ സംഘടനയാക്കി തീർത്തു.

സഭാ യൂത്ത് ലീഗിന്റെ പ്രവർത്തനങ്ങൾക്ക് വേണ്ടി ഫണ്ട് രൂപീകരിക്കുന്നതിനായി നടത്തിയ 'ബിരിയാണി ചലഞ്ച്' എന്ന പ്രോഗ്രാമിലൂടെ സഭയിലെ എല്ലാ ഇടവകകളിലേയും യുവജനങ്ങളെ ഏകോപിപ്പിക്കുന്നതിന് യൂത്ത് ലീഗിന് സാധിച്ചു. സഭയിൽ ആദ്യമായി ഒരു സംഘടന അതിന്റെ ഫണ്ട് ഉപയോഗിച്ച് സ്വന്തമായി ഒരു ഓഫീസ് കെട്ടിടം നിർമ്മിച്ചതും മലബാർ സ്വതന്ത്ര സുറിയാനി സഭ യൂത്ത് ലീഗ് തന്നെയാണ് എന്നുള്ളത് യൂത്ത് ലീഗിന്റെ മറ്റൊരു അഭിനന്ദനാർഹമായ നേട്ടമായിരുന്നു. യൂത്ത് ലീഗിന്റെ ജീവകാരുണ്യ പദ്ധതികൾക്ക് ഊന്നൽ നൽകിക്കൊണ്ട് ആരംഭിച്ച 'ആശ്രയ' എന്ന ജീവകാരുണ്യ പദ്ധതിയുടെ പ്രവർത്തനം എടുത്തുപറയേണ്ട ഒന്നാണ്. പരിശുദ്ധ സഭയുടെ ഇടവകകളിൽ നിന്ന് നിർധനരായ കുടുംബങ്ങളെ കണ്ടെത്തി അവർക്ക് മാസംതോറും നിശ്ചിത തുക ധനസഹായം നൽകുന്ന പദ്ധതിയാണ് 'ആശ്രയ'. നാളിതുവരെ മുടക്കം കൂടാതെ ഈ പദ്ധതിയും യൂത്ത് ലീഗിന്റെ നേതൃത്വത്തിൽ നടത്തിവരുന്നു.

ഇത്തരത്തിൽ മലബാർ സ്വതന്ത്ര സുറിയാനി സഭയ്ക്ക് സമൂഹത്തിലുള്ള അടിത്തറ ഭദ്രമായി ഉറപ്പിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിൽ മലബാർ സ്വതന്ത്ര സുറിയാനി സഭ എന്ന സംഘടനയ്ക്ക് ചാരിതാർത്ഥ്യമുണ്ട്. നിലവിൽ സഭാ പരമാധ്യക്ഷൻ അഭിവന്ദ്യ സിറിൾ മാർ ബസ്സേലിയോസ് മെത്രാപോലീത്ത പ്രസിഡന്റായും ഫാ.ബെന്യാമിൻ ചിറ്റിലപ്പള്ളി ജനറൽ സെക്രട്ടറിയായും റൈഫിസൺ ബാബു ട്രഷററായും നേതൃത്വം നൽകുന്ന യൂത്ത് ലീഗ് കേന്ദ്ര കമ്മിറ്റിയാണ് യൂത്ത് ലീഗിന്റെ ഭരണനിർവ്വഹണം നടത്തിവരുന്നത്.

സ്നേഹത്തോടെ,
ഫാ. ബെന്ന്യാമിൻ ചിറ്റിലപ്പിള്ളി

യൂത്ത്‌ലീഗ് സെക്രട്ടറി

MISC YOUTH LEAGUE

MISC SUNDAY SCHOOL SAMAJAM

കർത്താവിൽ പ്രിയ സഹോദരങ്ങളെ,

ഇളം തലമുറയെ ക്രിസ്തീയ വിശ്വാസത്തിലും നീതിബോധത്തിലും വളർത്തുന്നതിനു വേണ്ടി ആരംഭിച്ച ഒരു പ്രസ്ഥാനമാണ് സൺഡേ സ്കൂൾ സമാജം. സത്യവിശ്വാസത്തിൽ ഉറച്ചു നിന്നുകൊണ്ട് ദൈവാശ്രയ ബോധത്തിലും കാരുണ്യവും സ്നേഹമുള്ള ഒരു തലമുറയെ സൃഷ്ടിക്കുകയാണ് ഈ പ്ര സ്ഥാനത്തിന്റെ പ്രധാന ലക്ഷ്യം. ധാർമിക മൂല്യങ്ങൾ കൈമോശം വന്നുകൊണ്ടിരിക്കുന്ന ഈ കാലഘട്ടങ്ങളിൽ സൺഡേ സ്കൂൾ പ്രസ്ഥാനത്തിന്റെ പങ്ക് വളരെ വലുതാണ്. കുഞ്ഞുങ്ങളുടെ നിഷ്കളങ്കത കണ്ടെത്തിയ യേശുനാഥൻ സ്വർഗ്ഗരാജ്യം ഇവർക്കുള്ളത് എന്ന് അരുളി ചെയ്തു. ക്രിസ്തുവിന്റെ സ്നേഹം, കരുണ, ആർദ്രത, സാരോപദേശം എന്നിവ സംബന്ധിച്ച് ആഴമായി മനസ്സിലാക്കുവാൻ സൺഡേ സ്കൂൾ പഠനം അനിവാര്യമാണ്.

കുഞ്ഞുങ്ങൾ ഉന്നതരായി തീരാൻ വേണ്ടിയുള്ള വ്യഗ്രതയിൽ സൺഡേസ്കൂൾ പഠനത്തോടു മുഖം തിരിക്കുന്ന പ്രവണത വളരെയധികം ഇന്ന് വർദ്ധിച്ചിട്ടുണ്ട്. തന്മൂലം സ്വഭാവ വൈകൃത്യങ്ങൾ ഉള്ളവ രുടെ എണ്ണവും വൃദ്ധമന്ദിരങ്ങളുടെ എണ്ണവും ഗണ്യമായി വർദ്ധിച്ചു. ഞായറാഴ്ചകളിലെ ആരാധനയ്ക്കും സൺഡേസ്കൂൾ പഠനത്തിനും പ്രഥമ സ്ഥാനം നൽകിയിരുന്നു. ആ പ്രഥമസ്ഥാനം ആഘോഷങ്ങൾക്കും ഭൗതിക പഠനത്തിനുമായി വഴിമാറി. തന്മൂലം വളർന്നുവരുന്ന തലമുറ പ്രതിസന്ധികളെ തരണം ചെയ്യാന ാകാതെ ജീവിത സരണിയിൽ അടിപതറി കൊണ്ടിരിക്കുന്നു. മദ്യത്തിലും, മയക്കുമരുന്നിലും ലോക ഇമ്പങ്ങളിലും പെടുന്നവരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ട്. വളർന്നുവരുന്ന തലമുറയെ ന ീതിബോധത്തിലും വചനാടിസ്ഥാനത്തിലും വളർത്തുവാനുള്ള ഉത്തരവാദിത്വം നാമോരോരുത്തർക്കും ഉണ്ട്. അതുകൊണ്ടുതന്നെ സൺഡേ സ്കൂൾ വിദ്യാഭ്യാസത്തിന് പ്രഥമസ്ഥാനംനൽകണം.

കുട്ടികളുടെ ആത്മീയ വളർച്ചയ്ക്ക് വേണ്ടി സഭാ സൺഡേ സ്കൂൾ സമാജം വിവിധ ക്യാമ്പുകൾ, പഠന മികവിനുള്ള നിരവധി സമ്മാനങ്ങൾ, കലാസന്ധ്യ, പ്രത്യേക ദിനാചരണങ്ങൾ,ബൈബിൾ ക്വിസ്, ബാലസഖ്യം, വിവിധ ഗെയിമുകൾ പഠനയാത്രകൾ എന്നിവ നടത്തിവരുന്നു. കോവിഡ് കാലത്ത് പോലും സൺഡേ സ്കൂൾ പഠനം മുടങ്ങാതിരിക്കാൻ ഓൺലൈൻ വഴി ക്ലാസുകൾ നൽകുകയുണ്ടായി. അർപ്പണബോധമുള്ള അധ്യാപകരുടെ പ്രവർത്തനങ്ങൾ വിസ്മരിക്കാവുന്നതല്ല. അധ്യാപകർക്ക് വേണ്ടിയും പ്രത്യേകം പരിശീലന ക്ലാസുകൾ നടത്തിക്കൊണ്ടിരിക്കുന്നു. കർതൃദിവസം വിശുദ്ധിയോടെ മാറ്റിവെച്ച് ആത്മീയ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് യഹോവ ഭക്തിയിൽ കുഞ്ഞുങ്ങളെ വളർത്തുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. സഭയുടെ 250മത് വാർഷിക സുദിനത്തിൽ സഭാ സൺഡേ സ്കൂൾ സമാജത്തിന്റെ എല്ലാ ആശംസകളും നേരുന്നു.

സ്നേഹത്തോടെ,
ഫാ. ഗീവർഗ്ഗീസ് ചെമ്മണ്ണൂർ
സൺഡേ സ്കൂൾ സമാജം സെക്രട്ടറി

MISC SUNDAY SCHOOL SAMAJAM

MISC VANITHA SAMAJAM

ത്രിയേക ദൈവത്തിന് സ്തുതി

പരിശുദ്ധ കാട്ടുമങ്ങാട്ട് ബാവമാരാൽ സ്ഥാപിതമായ മലബാർ സ്വതന്ത്ര സുറിയാനി സഭ അതിന്റെ 250-ാം വാർഷികം ആഘോഷിക്കുന്ന ഈ വേളയിൽ സഭയുടെ വനിതാ സമാജം പ്രവർത്തനങ്ങളെ കുറിച്ച് എഴുതുവാൻ വളരെ ചാരിതാർത്ഥ്യമുണ്ട്. ഇപ്രകാരം ഒരവസരം തന്ന സർവ്വശക്തനെ കൃതജ്ഞതാ പൂർവ്വം സ്മരിക്കുന്നു.

മലബാർ സ്വതന്ത്ര സുറിയാനി സഭയിൽ അതിന്റെ പ്രാരംഭകാലം തൊട്ടേ സ്ത്രീകളുടെ കൂട്ടായ്മയും പ്രവർത്തനങ്ങളും ഒക്കെ ഉണ്ടായിരുന്നുവെങ്കിലും, കേന്ദ്രീകൃതമായ ഒരു വനിതാ സാമജവും, അതിന് ഭാരവാഹികളും ഇല്ലായിരുന്നു. തദവസരത്തിലാണ് സഭയുടെ പരമാദ്ധ്യക്ഷൻ നിതാന്ത ദിവ്യമഹിമശ്രീ സിറിൽ മാർ ബസേലിയോസ് തിരുമേനിയുടെ ഉള്ളത്തിൽ അങ്ങനെ ഒരു ആശയം വരികയും അദ്ദേഹം അതിന് വണ്ട എല്ലാ പ്രോത്സാഹനവും നൽകി. സഭാസുവിശേഷ സംഘത്തിന്റെ കീഴിൽ കേന്ദ്രീകൃതമായ ഒരു വനിതാ സമാജം 2016 മാർച്ച് 2-ാം തിയ്യതി രൂപവൽക്കരിക്കുകയും ചെയ്തു. തിരുമേനിയെ നന്ദിപൂർവ്വം സ്മരിക്കുന്നു. തുടർന്നുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാ ഇടവകകളിലും വനിതാ സമാജം യൂണിറ്റ് രൂപവൽക്കരിക്കുകയും, അതിന്റെ പ്രവർത്തനങ്ങളെ യഥാസമയം വിലയിരുത്തുകയും ചെയ്യുന്നു.

ഒരുവിധം എല്ലാ പള്ളികളിലും വെള്ളിയാഴ്ച കാലത്തും, ചില സ്ഥലങ്ങളിൽ ഞായറാഴ്ച, ശനിയാഴ്ച അങ്ങനെ കൂട്ടായ്മകൾ നടന്നു വരുന്നു. അതതു സ്ഥലങ്ങളിലെ വനിതാ സമാജങ്ങൾ ആ ഇടവകയ്ക്ക് മാത്രമല്ല, ആ ദേശത്തിനു തന്നെ ഒരു അനുഗ്രഹമാണെന്നുള്ളത് തർക്കമറ്റ സംഗതിയാണ്. അതതു ഇടവകകളിലെ ഒരുവിധം എല്ലാ സ്ത്രീ ജനങ്ങളും കൂടിവന്ന് ആ ഇടവകക്കു വേണ്ടി ദേശത്തിനു വേണ്ടി സഭക്കുവേണ്ടി, അതിന്റെ പ്രവർത്തനങ്ങൾക്കുവേണ്ടി, അതുപോലെ തന്നെ വിവിധ വിഷയങ്ങൾക്കുവേണ്ടി ഇടിവിൽ നിന്ന് പ്രാർത്ഥിക്കുകയും, പ്രാർത്ഥിക്കുക മാത്രമല്ല യാക്കോബ് ശ്ലീഹാ തന്റെ ലേഖനത്തിൽ പറഞ്ഞതുപോലെ ''പ്രവർത്തിയില്ലാത്ത വിശ്വാസം നിർജ്ജീവമാണ് എന്ന വചനത്തെ അടിസ്ഥാനമാക്കി ഒത്തിരി കാരുണ്യപ്രവർത്തനങ്ങളും ചെയ്തു വരുന്നു എന്നത് വളരെ അഭിമാനർഹമായ സംഗതിയാണ്. കഴിഞ്ഞ വർഷം വനിതാ സമാജം സ്വതന്ത്രമായ ഒരു സംഘടനയാക്കി തിരുമേനി ഉയർത്തി.

സംഘടനയുടെ ആത്യന്തിക ലക്ഷ്യം സ്ത്രീകൾ അബലകളല്ല, അവർ ശാക്തികരണത്തിന്റെ സ്രോതസ്സുകളാണ് എന്ന ഒരു തിരിച്ചറിവിലൂടെ സമൂഹത്തിന്, സഭക്ക് നല്ല വിളക്കുകളായി, മഹിളാരത്നങ്ങളായി തന്നെ തീർന്നു കൊണ്ട് നല്ല പ്രവർത്തനങ്ങളെ കാഴ്ചവയ്ക്കുക എന്നതാണ്. ഇതിന് ഇപ്രകാരം ഒരവസരം തന്ന സിറിൽ മാർ ബസേലിയോസ് തിരുമേനിക്ക് ഹൃദയത്തിന്റെ ഭാഷയിൽ നന്ദി പറഞ്ഞു കൊണ്ട് നിർത്തുന്നു.

എന്ന്,
ശ്രീമതി. ബീന ഡേവിസ്
വനിതാസമാജം സെക്രട്ടറി

MISC VANITHA SAMAJAM

MISC MEDIA WING

ത്രിയേക ദൈവത്തിന് സ്തുതി

സമകാലിക സമൂഹത്തിൽ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ സമൂഹത്തിൽ വഹിക്കുന്ന പങ്ക് വളരെ വലുതാണെന്നും സമൂഹത്തിൽ സഭയ്ക്ക് സജീവമാകുന്നതിന് അവ സ്വാധീനിക്കുമെന്നും മനസ്സിലാക്കി 2020 ൽ സഭാ പരമാധ്യക്ഷൻ അഭിവന്ദ്യ സിറിൽ മാർ ബസ്സേലിയോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ നിർദ്ദേശാനുസരണം സഭയിലെ വൈദീകനായ ഫാ.ബെന്യാമിൻ ചിറ്റിലപ്പള്ളി, റൈഫിസൺ കെ ബാബു എന്നിവരുടെ ശ്രമഫലമായി ആരംഭിച്ച സംഘടനയാണ് മലബാർ സ്വതന്ത്ര സുറിയാനി സഭ മീഡിയ വിംഗ് അഥവാ എം.ഐ.എസ്.സി മീഡിയാ വിംഗ്.

ഫെയ്സ്ബുക്ക്, ഇൻസ്റ്റാഗ്രാം, ടിറ്റർ, യുട്യൂബ് തുടങ്ങിയ സമൂഹ മാധ്യമങ്ങളിൽ മലബാർ സ്വതന്ത്ര സുറിയാനി സഭ സജീവമാകുന്നതും 2020 -2021 കാലഘട്ടങ്ങളിലാണ്. സഭയെ സംബന്ധിച്ച ഔദ്യോഗിക വാർത്താ കുറിപ്പുകൾ, ഔദ്യോഗിക വിവരങ്ങൾ, കല്പനകൾ, സഭയിൽ നടക്കുന്ന പരിപാടികളുടെ ചിത്രങ്ങൾ,ന്യൂസ് റിപ്പോർട്ട് എന്നിവ വളരെ വിശദമായി ജനങ്ങളിലേക്ക് എത്തിക്കുന്നതിന് മീഡിയാ വിംഗ് എന്ന സംഘടനയ്ക്ക് സാധിച്ചു. 2020 ലെ കോവിഡ് പ്രതിസന്ധി കാലഘട്ടത്തിൽ ആരാധനയ്ക്ക് വേണ്ടി പള്ളികൾ തുറക്കുന്നതിനും പൊതുജനങ്ങൾക്ക് പ്രവേശിക്കുന്നതിനും അനുമതി ഇല്ലാതിരുന്ന സമയത്ത്, നമ്മുടെ സഭാ ആസ്ഥാനമായ തൊഴിയൂർ ഭദ്രാസന പള്ളിയിൽ നടക്കുന്ന വിശുദ്ധ കുർബാന ഉൾപ്പെടെയുള്ള ശുശ്രൂഷകളും, ആരാധനകളും തൽസമയം സംപ്രേഷണം ചെയ്യുക എന്നത് സംഘടനയുടെ പ്രധാന ദൗത്യം ആയി മാറി. വളരെ മികവാർന്ന രീതിയിൽ തന്നെ തൽസമയം സംപ്രേഷണം ക്രമീകരിക്കുന്നതിനും സംഘടനയ്ക്ക് സാധിച്ചു. കൂടാതെ സഭയിൽ നടക്കുന്ന മോറാനായ പെരുന്നാളുകൾ, ഇടവക പെരുന്നാളുകൾ, പള്ളി കൂദാശകൾ, പട്ടംകൊട ശുശ്രൂഷകൾ തുടങ്ങിയ വിവിധ തരത്തിലുള്ള ശുശ്രൂഷകൾ, സഭയിലും വിവിധ ഇടവകകളിലും ആയി പൊതുവായി നടക്കുന്ന മറ്റു പരിപാടികൾ എന്നിവയുടെ തത്സമയ സംപ്രേഷണവും മീഡിയാ വിംഗ് ചെയ്തു വരുന്നു.

സഭയുടെ 250-മത് വാർഷികാഘോഷത്തോടനുബന്ധിച്ച് നടന്ന എല്ലാ പ്രധാന പരിപാടികളും കൂടാതെ സഭയിൽ നടക്കുന്ന എല്ലാ പൊതുവായ പ്രധാന പരിപാടികളും തൽസമയം സംപ്രേക്ഷണം ചെയ്ത് സഭയുടെ ഇടവകകൾ ഉള്ള ചെന്നൈ, കോയമ്പത്തൂർ, ബാംഗ്ലൂർ എന്നീ സ്ഥലങ്ങൾ ഇന്ത്യയ്ക്ക് പുറത്ത്, യു.എ.ഇ, ബഹ്റൈൻ, സൗദി അറേബ്യ, അമേരിക്ക, യൂറോപ്യൻ രാജ്യങ്ങൾ എന്നീ സ്ഥലങ്ങളിൽ താമസിക്കുന്ന നമ്മുടെ സഭാ അംഗങ്ങളും അഭ്യുദയകാംക്ഷികളും ആയ എല്ലാവരിലേക്കും എത്തിക്കുന്നതിന് മീഡിയാ വിംഗിന് സാധിച്ചു എന്നുള്ളത് സംഘടനയുടെ അഭിമാനകരയ നേട്ടമാണ്. പരിപാടിയുടെ തത്സമയ സംപ്രേഷണം ക്രമീകരിക്കുന്നതിന് വേണ്ടി അക്ഷീണം പ്രവർത്തിക്കുന്ന മീഡിയാ വിംഗ് ലൈവ് ടെക്നീഷ്യനായ മെവിൻ രാജുവിന്റെ സേവനം എടുത്തുപറയേണ്ടതാണ്. നിലവിൽ അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമനസ്സിലെ നേരിട്ടുള്ള നിയന്ത്രണത്തിൽ മീഡിയാ വിംഗ് ഇൻ ചാർജ് ആയി ഫാ. ബെന്യാമിൻ ചിറ്റിലപ്പിള്ളി, ചീഫ് കോ-ഓർഡിനേറ്ററായി റൈഫിസൺ കെ ബാബു എന്നിവർ പ്രവർത്തിച്ചുവരുന്നു.

എന്ന്,
റൈഫിസൺ ബാബു
ചീഫ് കോർഡിനേറ്റർ

MISC MEDIA WING

അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത
മലങ്കര യാക്കോബായ സുറിയാനി ഓർത്തഡോക്സ് സഭ
നിരണം ഭദ്രാസനം,

എക്യുമെനിസം പുതിയ വെല്ലുവിളികൾ

ആധുനിക എക്യുമെനിക്കൽ പ്രസ്ഥാനവും ചിന്തയും പ്രധാനമായും ഏകത്വം എന്ന മുദ്രാവാക്യത്തിന്മേലാണ് പണിയപ്പെട്ടിരിക്കുന്നത്. എഡിൻബറോ (1910) മുതൽ ഹരാരേ (1998) വരെ; രണ്ടാം വത്തിക്കാൻ സുന്നഹദോസ് മുതൽ ആധുനിക കാലഘട്ടം വരെ, സഭാ കേന്ദ്രീകൃത ചിന്ത മുതൽ ലോക കേന്ദ്രീകൃത ചിന്തകൾ വരെ, എക്യൂമെനിക്കൽ പ്രസ്ഥാനം വളരെയധികം മുന്നോട്ട് ഗമിച്ചിരിക്കുന്നു. ഈ പുരോഗതിയുടെ സ്പന്ദനങ്ങൾ അഖില ലോക സഭാ കൗൺസിലിന്റെ കാൻബറാ അസംബ്ലിയിൽ പാസ്സാക്കിയ ഈ ഉദ്ധരണിയിൽ കേൾക്കാം:

അനുരഞ്ജിക്കപ്പെട്ടതും പുതുതാക്കപ്പെട്ടതുമായ സൃഷ്ടിയാണ് സഭാ ദൗത്യത്തിന്റെ ലക്ഷ്യം. സഭയുടെ ജീവിതപങ്കാളിത്വത്തിന്റെ പ്രധാന പ്രേരകം എല്ലാത്തിനെയും ക്രിസ്തുവിൽ രമ്യമാക്കുന്ന ദൈവത്തെക്കുറിച്ചുള്ള ദർശനമാണ്. വർഗ്ഗങ്ങളും, ജാതികളും, വംശങ്ങളും, ലിംഗങ്ങളും, സംസ്ക്കാരങ്ങളും തമ്മിൽ നിലവിലിരിക്കുന്ന സാമൂഹികവും സാമ്പത്തികവുമായ സ്പർദ്ധകളും വിവേചനങ്ങളും കീഴടക്കുവാനുള്ള നമ്മുടെ കൂട്ടായ പ്രവർത്തനം ഈ ജീവിതപങ്കാളിത്വം അർത്ഥമാക്കുന്നു.

എന്നാൽ നമുക്കു ചുറ്റുമുള്ള ചില യാഥാർത്ഥ്യങ്ങൾ ഇപ്പോഴും നമ്മുടെ കൺപുരികങ്ങൾ ചുളിപ്പിക്കുന്നു. സഭാ ഐക്യശ്രമങ്ങളിൽ പല പുരോഗതികളും ഉണ്ടായിട്ടുണ്ടെങ്കിലും, ഇടുങ്ങിയ ചിന്താഗതികളും ''ആടുമോഷണങ്ങളും'' (Proselyhim) ഇപ്പോഴും നടക്കുന്നു. സോവിയറ്റ് യൂണിയന്റെയും കമ്മ്യൂണിസത്തിന്റെയും തിരോധാനം മുതലെടുത്ത് അവിടുത്തെ ഓർത്തഡോക്സ് സഭകളുടെ മേൽ റോമൻ കത്തോലിക്ക സഭയും പെന്തക്കോസ്തു സഭാവിഭാഗങ്ങളും നടത്തിവരുന്ന കടന്നുകയറ്റങ്ങൾ ഒരു ഉദാഹരണം മാത്രം. സമീപകാലത്ത് ഏറെ വിവാദം സൃഷ്ടിച്ച വത്തിക്കാന്റെ ഏറ്റവും ഒടുവിലത്തെ ചാക്രിക ലേഖനം മറ്റൊരു ഉദാഹരണം. ''യേശു പ്രഭു: യേശു ക്രിസ്തുവിന്റെയും സഭയുടെയും രക്ഷാകരമായ സാർവ്വത്രികതയും ഒന്നിപ്പും'' എന്ന തലക്കെട്ടിൽ ഇറങ്ങിയ പ്രസ്തുത ചാക്രിക ലേഖനത്തിലെ ഈ വാക്കുകൾ ശ്രദ്ധിക്കുക.

''യേശുക്രിസ്തുവിന്റെ ഒരു സഭ മാത്രമേ നിലവിലുള്ളൂ. അതാകട്ടെ വി.പത്രോസിന്റെ പിൻഗാമിയാലും (മാർപ്പാപ്പ) അദ്ദേഹത്തോടു സംസർഗ്ഗമുള്ള ബിഷപ്പുമാരാലും ഭരിക്കപ്പെടുന്ന കത്തോലിക്ക സഭയിലടങ്ങിയിരിക്കുന്നു''.

മറ്റ് സഭകളെക്കുറിച്ച് ചാക്രിക ലേഖനം തുടർന്നു പറയുന്നു. ''ഇതര സഭകൾ അവയുടെ സാഫല്യം (efficacy) നേടുന്നത് റോമൻ കാത്തോലിക്ക സഭയ്ക്കു നൽകപ്പെട്ടിരിക്കുന്ന സത്യത്തിൽ നിന്നും കൃപയുടെ നിറവിൽ നിന്നുമാണ്''.

ചെറിയ സഭാവിഭാഗങ്ങളെ ഒരു ''മാതൃസഭ''യിലേക്ക് ലയിപ്പിക്കുന്ന ഒരുതരം കൊളോണിയൽ എക്യുമിനിസത്തിന്റെ ഭൂതകാലത്തേയ്ക്കാണ് ഇത്തരം പ്രസ്താവനകൾ നമ്മെ വീണ്ടും നയിക്കുന്നത്. ദേശീയ തലത്തിലും പ്രാദേശിക തലത്തിലും വ്യവസ്ഥാപിത സഭകളുടെ നിക്ഷിപ്ത താൽപര്യങ്ങൾ ഭീഷണി നേരിടുമ്പോൾ മാത്രമാണ് സഭകൾ ഒന്നിച്ച് വരുന്നത്. അടുത്ത കാലത്ത് ക്രിസ്തീയ ദേവാലയങ്ങളുടെ മേൽ ഉണ്ടായ ആക്രമണങ്ങളുടെ പശ്ചാത്തലത്തിൽ ക്രൈസ്തവ സഭകൾ കാണിച്ച അസാധാരണ ഐക്യബോധം ഇത്തരം ''രക്ഷ പെടൽ കേന്ദ്രീകൃത സംവിധാന എക്യുമെനിസ''ത്തിന് (Defensive ecumenism)നല്ല ഉദാഹരണമാണ്.

മതങ്ങൾ തമ്മിലുള്ള സംവാദങ്ങൾ പ്രോത്സാഹിപ്പിക്കാൻ ആത്മാർത്ഥ ശ്രമങ്ങൾ നടക്കുമ്പോഴും, മറുവശത്ത് മതവൈരവും മതമൗലികതയും വളർന്നു വരികയാണ്. ഇത് മതസൗഹാർദ്ദരംഗത്ത് കൈവരിച്ച നേട്ടങ്ങളെയും കൂടി ഇല്ലാതാക്കുന്നു. 'പ്രപഞ്ചകേന്ദ്രീകൃത' എക്യുമെനിസത്തെ കുറിച്ചുള്ള വാക്ധോരണികൾ ഇപ്പോഴും ശ്രവ്യമാണെങ്കിലും എക്യുമെനിക്കൽ പ്രസ്ഥാനങ്ങൾ മിക്കവയും ഇപ്പോഴും 'മനുഷ്യ കേന്ദ്രീകൃത' ചട്ടകൂടിൽ തന്നെ നിൽക്കുകയാണ്. എവിടെയെങ്കിലും ഒരു പുതിയ വഴിത്തിരിവ് ഉണ്ടായാൽ, അവിടെ തിരിച്ചടികളും പൊടുന്നനെ ഉണ്ടാകുന്നു. എന്തായിരിക്കാം ഇതിന് കാരണങ്ങൾ? 'ഏകത്വം' (Oneness) എന്ന പരിപ്രേക്ഷ്യം തന്നെ പ്രശ്നസമ്പൂർണ്ണമാണോ?

>പ്രശ്നം കണ്ടുപിടിക്കപ്പെടുന്നു.

എക്യുമെനിസം നേരിടുന്ന പ്രശ്നങ്ങളിൽ ഒന്ന് അതിപ്പോഴും സഭകളുടെ ഒരു ഏകോന്മുഖ യോജിപ്പ് ലക്ഷ്യമാക്കുന്നു എന്നതാണ്. 'ഏകത്വം' എന്ന ചിന്ത പ്രശ്നസമ്പൂർണ്ണമാണ്. എന്നാലും, എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ അടിത്തറ തന്നെ അത്തരം ഒരു ചിന്തയിൽ അധിഷ്ഠിതമാണ്. ''എല്ലാവരും ഒന്നാകേണ്ടതിന്....'' എന്ന മഹാപുരോഹിത പ്രാർത്ഥനയിൽ (യോഹ.17:21) ആണല്ലോ അതിന്റെ അടിസ്ഥാനം.

''ഏകത'' എന്നതിനെക്കുറിച്ച് കാല്പ്പനികമായും ''മൂല്യ നിഷ്പക്ഷത''യിലും ചിന്തിക്കുക എന്നത് വ്യർത്ഥവും അപകടകരവുമായ ഒരു പ്രക്രിയയാണ്. എങ്കിലും, ഈ രീതിയിലാണ് പലപ്പോഴും ഏകത്വത്തെക്കുറിച്ചുള്ള നമ്മുടെ ചിന്തകൾ. ''ഏകത്വം'' എന്ന ആശയം മിക്കവാറും എല്ലാ മതങ്ങളുടെയും കാതലാണ്. അധീശനായ ഏക ദൈവത്തിലുള്ള വിശ്വാസം, ഏക ദൈവ വിശ്വാസമതങ്ങളുടെ മാത്രം വൈശിഷ്ട്യം അല്ല. പ്രത്യുത, ബഹുദൈവവിശ്വാസം പുലർത്തുന്ന ഹിന്ദു മതം പോലും ''ഒന്നും അനേകവും'' എന്ന ചിന്തയും പഠിപ്പിക്കുന്നു. ഈ ചിന്താസരണിയിൽ, ഏക ബ്രഹ്മാവ് അത്രേ ആത്യന്തിക ദൈവം. ഈ ചിന്തയുടെ വിവക്ഷ, ഒരു ദൈവമേ ഉള്ളൂ എന്നും ഈ ദൈവം പല വെളിപാടുകളിൽ കൂടി അനുഭവവേദ്യമാകുന്നു എന്നുമാണ്. എന്നിരുന്നാലും, ഹിന്ദുമതത്തിലെ ചില വിഭാഗങ്ങളിൽ സമീപകാലത്ത് കാണുന്ന പ്രവണതകൾ ഈ ആത്യന്തിക ഏകദൈവത്തെ ഹൈന്ദവ ബ്രഹ്മനുമായി പൂർണ്ണമായും ഏകീകരിക്കുന്നു എന്നതാണ്. ഇതേ ശക്തികൾ തന്നെ എല്ലാ സംസ്ക്കാരങ്ങളും ലയിച്ചു ചേർന്ന് ഉൾചേരൽ പ്രാപിക്കേണ്ട ''ഏക ആര്യ ബ്രാഹ്മണ ഹിന്ദു സംസ്ക്കാരം എന്നർത്ഥമാക്കുന്ന'' ഏക രാഷ്ട്രം, ഏക സംസ്ക്കാരം'' എന്ന മുദ്രാവാക്യം മുഴക്കുമ്പോൾ,ഒരിക്കൽ കൂടി, ''ഏകത്വം'' എന്ന ആശയത്തിന്റെ ''പുറന്തള്ളൽ'' സ്വഭാവം പുറത്തു വരുന്നു. ഇവിടെ എല്ലാത്തിനെയും ആശ്ലേഷിക്കുന്ന ബ്രാഹ്മണിക ഹിന്ദുമതം എന്ന ''മാതൃസംസ്ക്കാര''ത്തിൽ നിന്ന് പ്രാപിക്കുന്ന മൂല്യവും അസ്തിത്വവും മാത്രമേ ഇതര സംസ്ക്കാരങ്ങൾക്കുള്ളൂ. വളരെ പ്രഘോഷിക്കപ്പെട്ട ''അദ്വൈതം'' എന്ന സിദ്ധാന്തം ഇതിന് നല്ല ദൃഷ്ടാന്തമാണ്. വിശ്വവിഖ്യാതനായ ശ്രീ.ശങ്കരാചാര്യൻ അദ്ദേഹത്തിന്റെ ഏകതയുടെ തത്വശാസ്ത്രം 'അദ്വൈതം' എന്ന പേരിൽ അവതരിപ്പിച്ചു. എന്നാൽ ഇതേ 'ആത്മാവ്' തന്നെ ഒരു മിഷനറി തീർത്ഥയാത്ര നടത്തി ഈ രാജ്യത്തിലെ മിക്കവാറും എല്ലാ അബ്രാഹ്മണിക അമ്പലങ്ങളും തകർക്കുമെന്ന് ആര് കണ്ടു?

ഇതുപോലെ തന്നെ ക്രൈസ്തവ ദൈവശാസ്ത്രങ്ങളും, മിക്കവാറും തന്നെ, ഇതര ആശയങ്ങളെ പുറന്തള്ളുന്ന ബഹിഷ്കൃത മനോഭാവം പുലർത്തുന്നു. സകലേശ്വ

രനായ ഏകദൈവത്തെ ഇത് വളരെ ഇടുങ്ങിയ ഒരു യേശു ക്രിസ്തു വിജ്ഞാനീയത്തിൽ ചുരുക്കുന്നു. ''യേശു മാത്രം'' എന്നിങ്ങനെയുള്ള അവകാശവാദങ്ങൾ. എത്ര പുരോഗമനപരമായി അവയെ വ്യാഖ്യാനിച്ചാലും, തെറ്റിദ്ധാരണകൾക്ക് വഴിവെക്കുന്നു. ക്രിസ്ത്യാനികളിലെ ഒരു ചെറിയ ന്യൂനപക്ഷത്തിന് മാത്രമേ ഇത്തരം അത്യന്തവും ബഹിഷ്കൃതവുമായ അവകാശമുഖങ്ങളെ അതിശയിക്കുവാനും, മറികടക്കുവാനും കഴിയുന്നുള്ളൂ.

''യേശുക്രിസ്തുവിനുവേണ്ടി ക്രിസ്തുവിനെ അപകടപ്പെടുത്തി (Risking Christ for christs sake) എന്ന് അവകാശപ്പെടുന്നവരു പോലും വാസ്തവത്തിൽ ഒരു നവ കൊളോണിയൽ കാഴ്ചപ്പാടിലാണ് അപ്രകാരം പറയുന്നത്. ഇവിടെ ക്രിസ്തുവിനെ ''അജ്ഞാത രൂപത്തിലോ'', ''അറിയപ്പെടാത്ത രീതിയിലോ'' മറ്റു മതങ്ങളുടെയും രക്ഷകനായി അവതരിപ്പിക്കുവാനാണ് ഇക്കൂട്ടരുടെ വ്യഗ്രത. പോപ്പിന്റെ ചാക്രിക ലേഖനം വീണ്ടും പറയുന്നു: ''ഒരു മതം പോലെ തന്നെ ഇതര മതങ്ങളും നല്ലത് എന്നു പറയുന്നത് മിഷനറി സന്ദേശത്തെ അപകടപ്പെടുത്തും. മറ്റു മതങ്ങൾ പിന്തുടരുന്നവർക്കും ദൈവീക കൃപ പ്രാപിക്കുവാൻ കഴിയും എന്നത് ശരിയാണ്. എന്നാൽ സഭയിൽ രക്ഷാമാർഗ്ഗത്തിന്റെ പൂർണ്ണത കൈമുതലായവരെ അപേക്ഷിച്ച് ഇക്കൂട്ടരുടെ സ്ഥിതി വളരെ പരിമിതമാണ് എന്നത് തീർച്ചയാണ്''.

ഇതെല്ലാം സൂചിപ്പിക്കുന്നത് 'ഏകത്വം' എന്ന ആശയം ആന്തരിക വൈരുദ്ധ്യങ്ങൾ നിറഞ്ഞ ഒന്നാണ് എന്നാണ്. ശ്രേണിബദ്ധ ഘടനയിലൂന്നിയ ഒരു സാഹചര്യത്തിൽ ആരാണ് ''ഏകത്വ'' മുന്നോട്ടുവയ്ക്കുന്നത് എന്നത് പ്രധാനമാണ്. മേൽകൈ ഉള്ള സമൂഹങ്ങളും സമുദായങ്ങളും 'ഏകത' വാദിക്കുമ്പോൾ, അവരുടെ ചിന്തയിലും കാഴ്ചപ്പാടിലും ഈ ആശയം അവതരിപ്പിക്കുക സ്വാഭാവികമാണ്. അധീശത്വ സമൂഹങ്ങളുടെ ചിന്തയിലുള്ള ഏകത്വം ''ഒന്ന്'' എന്ന ആശയവും, 'സമന്വയത്തിന്റെ പേരിൽ ഇതര ആശയങ്ങളെയും പരിപ്രേഷ്യങ്ങളെയും വിഴുങ്ങികളയുന്ന പ്രവണത കാണിക്കുന്നു. പോപ്പിന്റെ ഏറ്റവും ഒടുവിലത്തെ ചാക്രിക ലേഖനത്തിന്റെയും,

''ഒന്നും അനേകവും'' എന്ന ആശയത്തിന്റെ ബ്രാഹ്മണിക വ്യാഖ്യാനങ്ങളുടെയും, യേശു ക്രിസ്തുവിലുള്ള രക്ഷയെക്കുറിച്ചുള്ള ക്രൈസ്തവരുടെ ആത്യന്തങ്ങളായ അവകാശവാദങ്ങളുടെയും പ്രധാന പോരായ്മ ഇതാണ്.

എല്ലാത്തിനെയും ഉൾക്കൊള്ളുന്ന വലിയ കുടയായ ''ഏകത്വം'' എന്ന ബൃഹത് സിദ്ധാന്ത (Meta-theory) ത്തിൽ ഇതര ചിന്താപദ്ധതികളെയും ആശയസംഹിതകളെയും ഒതുക്കി അവയ്ക്ക് അസ്തിത്വനിഷേധം കല്പിക്കുന്ന പ്രവണത ദൈവശാസ്ത്രമേഖലയിൽ മാത്രമല്ല പ്രകടമാകുന്നത്. ഒരു പക്ഷേ നമ്മെ വിസ്മയിപ്പിച്ചേക്കാം-ആഗോളവത്ക്കരണത്തിന്റെ സുവിശേഷകരും 'ഏകത്വ'ത്തിന്റെ ഭാഷയാണ് സംസാരിക്കുന്നത് ഇന്ന്-ഏകലോകക്രമം-അമേരിക്ക കേന്ദ്രീകൃതമായ പാശ്ചാത്യ മുതലാളിത്ത ലോക ക്രമത്തിന്റെ അപരനാമം!

ഈ പുതിയ ''ഏകലോകം'' മൂന്നാം ലോകരാജ്യങ്ങളിൽ നിലവിലിരിക്കുന്ന ബഹുമുഖ സംസ്ക്കാരത്തെ വലിച്ചെറിഞ്ഞ് തൽസ്ഥാനത്ത് ഏകോന്മുഖ പാശ്ചാത്യ സംസ്ക്കാരത്തെ പ്രതിഷ്ഠിക്കുവാൻ കിണഞ്ഞ് പരിശ്രമിക്കുകയാണ്. ഈ ആശയം സൃഷ്ടിക്കുന്ന ഭീഷണിയെക്കുറിച്ച് എം.പി.ജോസഫ് നമുക്ക് മുന്നറിയിപ്പ് നൽകുന്നു. 'കോടിക്കണക്കിന് ആളുകളുടെയും ജീവികളുടെയും സ്ഥിതി വഷളാക്കുകയും, അവരുടെ സ്വത്വത്തിനും അതിജീവനത്തിനും ഭീഷണി സൃഷ്ടിക്കുന്നതുമായ 'ഏകലോകം' എന്ന സംവർഗ്ഗം ചരിത്രത്തിലെ അത്യന്തം അപകടകരമായ ഒരു സാധ്യതയാണ്'. ഇതെല്ലാം സൂചിപ്പിക്കുന്നത് ''ഏകത്വം''എന്ന ആശയത്തെ സമഗ്രമായും എല്ലാത്തിനെയും ഉൾക്കൊള്ളുന്ന അർത്ഥത്തിലും വിഭാവനം ചെയ്യുന്നതിനുള്ള ബുദ്ധിമുട്ടുകളെയാണ്.

''ഏകം-ഒന്ന്'' എന്നതിനെ നമ്മുടെ ചിന്തയിലുള്ള ദൈവസങ്കല്പവുമായോ, സ്വത്വദർശനവുമായോ, സാംസ്കാരിക പരികല്പനയുമായോ, ദേശീയത സങ്കല്പവുമായോ മാത്രം ഏകീകരിക്കുകയും, അതിനെ എല്ലാവരും അംഗീകരിക്കേണ്ട

ആദർശമായി കരുതുകയും ചെയ്യുമ്പോൾ അത് ബഹിഷ്കൃതവും ഇതര സങ്കല്പങ്ങളെയും ദർശനങ്ങളെയും നിർഭയം നിരാകരിക്കുകയും ചെയ്യുന്ന അത്യന്ത കാഴ്ചപ്പാടായി പരിണമിക്കുകയും ചെയ്യും. ഏകത്വം-ഏകലോകം എന്നീ ആശയങ്ങൾ മുന്നോട്ടുവയ്ക്കുന്ന ശക്തികളെ പ്രത്യയശാസ്ത്രപരമായും വിമർശനപരമായും പരിഗണിക്കാതെ അന്ധമായി ഉൾക്കൊണ്ട് അംഗീകരിച്ചാൽ ഇത് യഥാർത്ഥ ഐക്യത്തിന് വഴിതെളിക്കുകയില്ല.

> വൈവിദ്ധ്യപൂർണ്ണമായ എക്യുമെനിസത്തിലേക്ക്

ഏകരൂപവൽക്കരണം വൈവിദ്ധ്യത്തെ ഇല്ലാതാക്കുന്ന ഒരു പശ്ചാത്തലത്തിൽ ഐക്യത്തിനായുള്ള പുതിയ അന്വേഷണങ്ങൾക്ക് പ്രസക്തി ഉണ്ട്. ഇവിടെ ഐക്യത്തിന്റെ അടിത്തറ ആകേണ്ടത് ഏകതയോ ഐക്യരൂപമോ അല്ല. മറിച്ച് വിവിധങ്ങളായ സ്വത്വങ്ങളുടെ ഉറപ്പിക്കലും, ഈ വ്യതിരിക്തസ്വത്വങ്ങളുടെ തുല്യതയിലുള്ള വിശ്വാസവുമാണ്. കോൺറാസ് റൈസർ ഈ ആശയം പ്രഘോഷിക്കുന്നതിൽ ശ്രദ്ധിക്കുന്നത്:

''എക്യുമെനിസം'' എന്നതിനെക്കുറിച്ചുള്ള മനസ്സിലാക്കലിൽ വന്നിരിക്കുന്ന സാരമായ ഒരു വ്യതിയാനം, ക്രൈസ്തവമേലാധിപത്യം എന്ന സ്വപ്നത്തിന് ഏറ്റിരിക്കുന്ന ക്ഷതമായും, മനുഷ്യസമൂഹത്തിന്റെ ശാശ്വത സ്വഭാവമായ സാംസ്കാരികവും മതപരവുമായ വൈവിദ്ധ്യങ്ങൾ അംഗീകരിക്കപ്പെടുകയും ചെയ്തിരിക്കുന്നു എന്ന യാഥാർത്ഥ്യമായും ബന്ധപ്പെട്ടിരിക്കുന്നു എന്നാണ്. റൈസർ തുടർന്നു പറയുന്നു: ''ലോകത്തിന്റെ എല്ലാ ഭാഗത്തേയ്ക്കുമുള്ള പാശ്ചാത്യ സംസ്കാരത്തിന്റെ വ്യാപനം ജീവിതരീതികളുടെയും സാംസ്കാരിക രൂപങ്ങളുടെയും ഒരു ഏകീകരണത്തിൽ കലാശിച്ചു എന്നത് വസ്തുതയാണ്. എന്നാൽ ഇക്കാലത്ത് ആദിവാസി സംസ്കാരങ്ങളും മത, വംശീയ, ദേശീയ സ്വത്വങ്ങളും ഉറപ്പിക്കുവാനുള്ള ശ്രമങ്ങൾ ശക്തി ആർജ്ജിച്ചിട്ടുണ്ട്''.

ഇതുതന്നെയാണ് എക്യുമെനിസത്തിന്റെ ഭാവി സംബന്ധിച്ചുള്ള വെല്ലുവിളിയും പ്രതീക്ഷയും. കീഴാള സമൂഹങ്ങളുടെ വ്യതിരക്തസ്വത്വങ്ങളുടെ ആവിഷ്കാരങ്ങളോട് സൃഷ്ടിപരമായി പ്രതികരിക്കുക എന്നതാണ് എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ പ്രധാന ദൗത്യം ഇന്ന്.

കെ.സി.എബ്രഹാം ഇത് അടിവരയിട്ടു പറയുന്നു: ''വിവിധങ്ങളായ സ്വത്വങ്ങൾക്ക് സൈ്വര്യമായി വളരുവാൻ ഇടം ലഭിക്കുന്ന നവീകരിക്കപ്പെട്ട ഒരു സമൂഹമായിരിക്കണം, നമ്മുടെ പൊതുവായ ലക്ഷ്യം''.

ത്രിത്വദൈവസങ്കല്പത്തിലും വി.കുർബ്ബാനയുടെ ദൈവശാസ്ത്രത്തിലും അധിഷ്ഠിതമായ ഒരു എക്യുമെനിസം, 'ഏകത' ലക്ഷ്യമാക്കുന്ന എക്യുമെനിസത്തിന്റെ സ്ഥാനത്ത്, സമൂഹങ്ങളുടെ സമൂഹം സൃഷ്ടിക്കാൻ പോന്ന എക്യുമെനിസം വികസിപ്പിക്കുവാൻ സഹായിക്കും. വി.ത്രിത്വമാണ് വൈവിദ്ധ്യത്തിലൂന്നിയ എക്യുമെനിസത്തിലേയ്ക്കുള്ള താക്കോൽ. വി.ത്രിത്വം ''ഐക്യരൂപ''ത്തിന് പകരം വൈവിദ്ധ്യം പ്രോത്സാഹിപ്പിക്കുന്നു. പരിശുദ്ധാത്മാവിനും സവിശേഷ വ്യക്തിത്വങ്ങൾ ഉണ്ട്. വിവിധ സ്വത്വങ്ങളുടെ ഈ കുടുംബം ശ്രേണീബദ്ധമല്ല മറിച്ച് തുല്യതയുടെ സമൂഹമാണ്. നാം എല്ലാം ഒന്നാകേണ്ടതിന്'' എന്ന യേശുക്രിസ്തുവിന്റെ മഹാപുരോഹിത പ്രാർത്ഥനയെ സമീപിക്കേണ്ടത് ഈ വി.ത്രിത്വചിന്തയുടെ വെളിച്ചത്തിലാവണം. എബ്രാഹാം അത്യാൽ നമ്മെ ഓർമ്മിപ്പിക്കുന്നതും ഇതുതന്നെ. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഘടനാപരമായ ഒരു ഒന്നാകൽ അല്ല ക്രിസ്തു ഈ പ്രാർത്ഥനയിൽ ഉദ്ദേശിക്കുന്നത്, മറിച്ച് ഐക്യത്തിന്റെ നൈതിക മാനങ്ങളാണ് ക്രിസ്തുവിന്റെ കരുതൽ. ഈ ഉദ്ധരണി ശ്രദ്ധിക്കുക:

''യേശുക്രിസ്തു ആഗ്രഹിച്ച ഏകത സ്നേഹത്തിന്റെ ഏകതയാണ് ബന്ധങ്ങളാണ് ഇവിടെ വിവക്ഷ. നാം വിചാരിക്കുന്ന തരത്തിലുള്ള വ്യവസ്ഥാപിത ഐക്യം ആണ് യേശു വിചാരിച്ചത് എന്ന് ചിന്തിക്കുക പ്രയാസമാണ്....ക്രിസ്തുവിന്റെ മഹാപുരോഹിത പ്രാർത്ഥനയിൽ നിരവധി പ്രാവശ്യം പ്രത്യക്ഷപ്പെടുന്ന സ്നേഹം എന്ന ആശയത്തെ കാണാതിരിക്കരുത്''

എല്ലാവരുടേയും സവിശേഷ ഉണ്മ ആദരിക്കപ്പെടുന്ന ഐക്യമാണിവിടെ പ്രതിപാദ്യം. താനും പിതാവും തമ്മിലുള്ള ഐക്യത്തിന്റെ മാതൃകയിലാണ് ക്രിസ്തു ഐക്യം വിഭാവനം ചെയ്യുന്നത്. ഈ ഐക്യത്തിൽ ഇരുവരും തങ്ങളുടെ സ്വത്വങ്ങൾ സൂക്ഷിക്കുന്നു. പുത്രന്റെ സ്വത്വം പിതാവിന്റെ സ്വത്വത്തിൽ ലയിച്ചില്ലാതാവുന്നില്ല. നിഖ്യാ വിശ്വാസപ്രമാണത്തിൽ പിന്നീട് ചേർക്കപ്പെട്ട ''ഫിലയോക്കേ'' (Filioque) എന്ന പ്രയോഗം ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ നിരാകരിച്ച

തിന്റെ പ്രധാന കാരണം, പിതാവിൽ നിന്നും പുത്രനിൽ നിന്നും പരിശുദ്ധ റൂഹാ പുറപ്പെടുന്നു എന്നു പറയുമ്പോൾ പരിശുദ്ധ റൂഹായുടെ സ്വത്വത്തിന് സ്ഥാനം നഷ്ടപ്പെടുന്നു എന്നുള്ളതുകൊണ്ടാണ്. പ്രോട്ടസ്റ്റന്റ് വേദശാസ്ത്രജ്ഞൻ വി.ത്രിത്വം എന്ന ചിന്തയ്ക്ക് വളരെ പ്രാധാന്യം കൊടുത്തു തുടങ്ങിയിരിക്കുന്നു എന്നത് പ്രതീക്ഷാ നിർഭരമാണ്. ആനന്ദ് സ്പെൻസറിന്റെ വാക്കുകൾ ഇവിടെ ഉദ്ധരിക്കട്ടെ'':

''വിശാല എക്യുമെനിസത്തിനായുള്ള നമ്മുടെ വിളിയും ഉത്തരവാദിത്വങ്ങളും നാം മനസ്സിലാക്കുന്നത്, പരസ്പരശ്രീത്വത്തിന്റെയും സംസർഗ്ഗത്തിന്റെയുമായ ദൈവജീവിതമാകുന്ന ത്രീയേക രഹസ്യത്തിലുള്ള നമ്മുടെ വിശ്വാസത്തിൽ നിന്നാണ്....''

''നാം എല്ലാവരും ഒന്നാകേണ്ടതിന് തന്നെ'' എന്ന് യേശു പ്രാർത്ഥിച്ചത്. ''ദൈവം യേശുക്രിസ്തുവിനെ ഈ ലോകത്തിലേക്ക് അയച്ചു'' എന്ന് ലോകം വിശ്വസിക്കുന്നതിനാണ്. അതിന്റെ അർത്ഥം ദൗത്യത്തിനു വേണ്ടിയുള്ള ഐക്യം ആണിവിടെ യേശു ഉദ്ദേശിക്കുന്നത്. അതിനാൽ ''വിഭജിതസഭ''യ്ക്ക് ഒരിക്കലും ഒരു ''മിഷനറിസഭ'' യാകാൻ കഴിയില്ല. കാരണം തന്നിൽ തന്നെ ഛിദ്രിച്ച ഒരു വീടിന് നില നില്പില്ല.'' (മത്തായി 12:25).ഭിന്നതയും വൈവിധ്യവും ഒന്നല്ല. സഭകളുടെ ഐക്യം എന്നതുകൊണ്ട് സഭാ ദൗത്യത്തിലുള്ള സഭകളുടെ ഐക്യം എന്നർത്ഥമാക്കണം. ഓർത്തഡോക്സ് ദൈവശാസ്ത്രജ്ഞൻ ഇയോൺ ബ്രയാ പറയുന്നതുപോലെ:

''സഭാ ഐക്യം യാഥാർത്ഥ്യമാകേണ്ടത് യേശുക്രിസ്തുവിൽ നിന്ന് പ്രത്യക്ഷമായും ഗോചരമായും വെളിവാക്കപ്പെടുന്ന ഐക്യത്തിന്റെ അടയാളങ്ങളാകുവാൻ ഉള്ള ധൈര്യത്തിൽ കൂടിയാകണം''.

ഹിംസയുടെയും അനീതിയുടെയും ഘടനകളെ ചെറുക്കുവാനുള്ള പൊതുവായ ശ്രമങ്ങൾ വഴിയാവണം സഭകൾ അവയുടെ ഐക്യം പ്രദർശിപ്പിക്കുവാൻ. ഈ ഐക്യം സത്താപരമായി ഒരു മിഷനറി ഐക്യമായിരിക്കും. ഭാരതത്തിലെ ക്രൈസ്തവസഭകളുടെ ഐക്യവേദി സംഘടിപ്പിച്ച ഒരു മിഷൻ സമ്മേളനത്തിന്റെ പ്രസ്താവന ഇക്കാര്യം രേഖപ്പെടുത്തിയിരിക്കുന്നത് ഇങ്ങിനെ:

''നമ്മുടെ ഐക്യത്തിനായുള്ള പരിശ്രമങ്ങൾ സഭാ ദൗത്യത്തിനു വേണ്ടി ആയിരിക്കണം എന്ന് ഞങ്ങൾ ആഹ്വാനം ചെയ്യുന്നു. വ്യവസ്ഥാപിതവും വർഗ്ഗീയവുമായ താൽപര്യങ്ങൾക്കുവേണ്ടിയായിരിക്കരുത് ഐക്യ ശ്രമങ്ങൾ. ഇന്ത്യയിലെ സഭകളോട് ഞങ്ങൾക്ക് ആവശ്യപ്പെടുവാനുള്ളത് ക്രിസ്തുവന്റെ സുവിശേഷത്തിനു വേണ്ടിയുള്ള ഐക്യത്തിൽ ഏർപ്പെടണം എന്നാണ്''.

വി.ത്രിത്വം വൈവിദ്ധ്യത്തിലൂന്നിയ ഐക്യത്തിന് അടിത്തറ പാകുമ്പോൾ, വി.കുർബ്ബാന ഏകതയിൽ കേന്ദ്രീകരിക്കുന്ന ശ്രേണീബദ്ധമായ ഐക്യത്തെ വെല്ലുവിളിക്കുവാനുതകുന്ന ഒരു പരിപ്രേഷ്യം നൽകുന്നു. ഐക്യത്തിന്റെ പ്രതീകമാകേണ്ട വി.കുർബ്ബാന എന്ന കൂദാശ തന്നെ സഭകളുടെ ഐക്യത്തിന് ഇന്ന് വിഘാതമാകുന്നു എന്നത് വിരോധാഭാസമാണ്. ഇതിന് കാരണം വി.കുർബ്ബാന എന്ന കൂദാശയുടെ ''സ്വഭാവ''ത്തിന്റെ ദൈവശാസ്ത്രത്തിൽ നാം പലപ്പോഴും കുടുങ്ങിപ്പോകുന്നതുകൊണ്ടാണ്.

വി.കുർബ്ബാന ഐക്യത്തിന്റെ ലക്ഷ്യമാണോ മാർഗ്ഗമാണോ എന്നതാണ് ചർച്ചാവിഷയം. ഈ ചർച്ച വെറും ഒരു ബൗദ്ധിക വ്യായാമം മാത്രമാണ്. കൂടുതൽ പ്രാധാന്യമർഹിക്കുന്ന കാര്യം വി. കുർബ്ബാന എന്ന സംഭവത്തിന്റെ (Event) ദൈവശാസ്ത്രത്തിലേക്ക് കടക്കുക എന്നതാണ്. യേശുക്രിസ്തുവിന്റെ (ഏക) ശരീരം പലതായി വിഭജിക്കപ്പെട്ടതിന്റെ അനുഷ്ഠാനവും ഓർമ്മയുമാണ്

വി.കുർബ്ബാന. ഇങ്ങനെ പല ശരീരമായി വിഭജിക്കപ്പെടുന്നതുവഴിയാണ് സഭ യഥാർത്ഥ സഭയായി തീരുന്നത്. യേശുക്രിസ്തുവിന്റെ ഗാത്രമായി ഭവിക്കുന്നത്. അതായത് മുറിക്കപ്പെടാത്ത ക്രിസ്തുശരീരം (സഭ) ക്രിസ്തുസഭ ആകുന്നില്ല. ഉണ്മയിൽ 'ഏക'മാകുന്നതിലല്ല സഭ നിലകൊള്ളുന്നത്. പ്രത്യുത, ചുറ്റുമുള്ള "മുറിക്കപ്പെട്ട ശരീരങ്ങളുടെ മധ്യേ സഭയും മുറിക്കപ്പെടുന്നതിലത്രേ. അപ്പോൾ സഭ മുറിക്കപ്പെട്ട ജനങ്ങളുടെ ഇടയിൽ വസിക്കും. വിഭജിക്കപ്പെടാതെയുള്ള സഭ ഒരു ആലയം (സ്ഥാപനം) മാത്രമായിരിക്കും. എന്നാൽ മുറിക്കപ്പെട്ട, വി.ബലിയായ സഭ, മുറിക്കപ്പെട്ട ജനങ്ങളുടെ ഒരു കൂട്ടായ്മയായി തീരും. നിർഭാഗ്യകരമായ വസ്തുത, ഇന്ന് സഭ ഒരു സ്ഥാപനമായി നിലനിൽക്കുന്നു. അതിന്റെ ഘടനകൾ പരിരക്ഷിച്ചുകൊണ്ട് അവിഭക്ത ഗാത്രമായി യുഗാന്ത്യദർശനത്തിൽ 'ആലയം' (സ്ഥാപനം) കാണുന്നില്ല. (വെളിപാട് 21:21) എന്ന വസ്തുത സഭ വിസ്മരിക്കുന്നു. ആത്യന്തിക സഭ കൂട്ടായ്മകളുടെ സമൂഹം അത്രേ (യെശ.11) എന്ന ദർശനം സഭ വീണ്ടെടുക്കേണ്ടിയിരിക്കുന്നു. ഇവിടെ സൃഷ്ടി മുഴുവനും രമ്യതയിൽ കഴിയും. ഇത്തരം ഒരു എക്യുമെനിക്കൽ ദർശനം നടപ്പിൽ വരുത്തുക എളുപ്പമല്ല. കാരണം പ്രൊഫ.ടി.എം.യേശുദാസൻ ഉന്നയിക്കുന്നതുപോലെ "ഇത് അസുഖകരമായ ഒരു സമസ്യ ഉയർത്തുന്നു". ആരാണ് Ecumenismse Cu MEN ? നിലവിലിരിക്കുന്ന എക്യുമെനിക്കൽ പ്രസ്ഥാനങ്ങളുടെ നേതാക്കൾ സവർണ്ണ സിറിയൻ, പാശ്ചാത്യ, പുരുഷവർഗ്ഗം തന്നെ. സംഗതമായ ഒരു എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ നേതൃത്വം വഹിക്കേണ്ടവർ യഥാർത്ഥത്തിൽ അധികാരഘടനകളിൽ നിന്ന് മാറ്റി നിർത്തപ്പെട്ടിരിക്കുന്ന സ്ത്രീകളും, ദളിതരും, ആദിവാസികളും ഒക്കെയാണ്. ഇത് പക്ഷേ ഇന്ന് യാഥാർത്ഥ്യമാകപ്പെടേണ്ട ഒരു ദർശനമായി മാത്രം നിലനില്ക്കുന്നു. ഈ ദർശന സാക്ഷാത്കാരത്തിനു വേണ്ടിയായിരിക്കണം എക്യുമെനിസം ഇനി പ്രവർത്തിക്കേണ്ടത്.

Phone : 0484 238 0449
Mobile : 960 5999 824, 903 7398 805

UNION
Selection Centre
Mather Bazar, Broadway Lane
Ernakulam, Cochin - 682035

Wholesale Dealers in : Fancy, Imitation Jewelleries, Bangles etc.

A.I. Rajan
Mob : 9847 840 002

Mob :9447 091 938
Ph: 0484 2363196, 2355656

GARDEN CROCKERY
Mather Bazar, Broadway Lane, Kochi - 682031
GSTIN : 32AAFFG1590C1ZX

Glassware, Crockeryware, Presentation Articles
Plastic Goods, Crockery Stand, Mope & Brooms etc.

പിൽജോ
പുലിക്കോട്ടിൽ പോൾ
കാട്ടകാമ്പാൽ

കാട്ടകാമ്പാൽ ദേശക്കാരുടെ

അഞ്ഞൂർ പുഞ്ചചാത്തം

കാട്ടാമ്പക്കാർ നടത്തുന്ന പുഞ്ച ചാത്തം. കാട്ടകാമ്പാൽ ദേശവാസികൾ അഞ്ഞൂർ സെന്റ് ജോർജ് പള്ളിയിൽ ഇടവം പതിനാറിനു വർഷതോറും നടത്തിവരാറുള്ള പുഞ്ചചാത്തം... വിളവെടുപ്പിലെ നേട്ടത്തിന്റെ നന്ദി സൂചകമായി നടത്തി വരാറുള്ളതാണ് ഈ ഊട്ട്..

കാട്ടുമങ്ങാട്ട് ഗീവർഗീസ് മാർ കൂറിലോസ് ഇളയബാവായുടെ ഓർമ്മപ്പെരുനാളിനോട് അനുബന്ധിച്ചാണ് ഇത് നടത്തുന്നത്. ക്രൈസ്തവർ മാത്രമല്ല ഈ പുഞ്ച ചാത്തത്തിൽ പങ്കെടുക്കുന്നതും സഹകരിക്കുന്നതും എന്നതാണ് ശ്രദ്ധേയവും സവിശേഷവുമായ കാര്യം. മലബാർ സ്വതന്ത്ര സുറിയാനി സഭാ സ്ഥാപക പിതാവായ പരിശുദ്ധ കാട്ടുമങ്ങാട്ട് അബ്രഹാം മാർ കൂറിലോസ് ബാവായുടെ സഹോദരനും സഭാ സ്ഥാപ ക പിതാവുമാണ് കാട്ട്മങ്ങാട്ട് ഇളയ ബാവ. 1802 മുതൽ 1807 വരെ സഭയെ ഭരിച്ചു. സ്വസഹോദരനായ വലിയ ബാവായിൽ നിന്നാണ് ഇദ്ദേഹം മെത്രാൻ പട്ടം സ്വീകരിച്ചത്. 1807 മെയ് 29 ന് കാലം ചെയ്ത ഇളയ ബാവായെ വെട്ടിക്കൽ സെന്റ് തോമസ് ദയറായിലാണ് അടക്കം ചെയ്തിരിക്കുന്നത്.

കാട്ടകാമ്പാൽ പെങ്ങാമുക്ക് പ്രദേശങ്ങളിൽ ഒരിക്കൽ നെല്ലിന് പുഴുക്കേട് വന്നു, കാർഷിക വിളകളിൽ ജീവിതം കഴിഞ്ഞിരുന്ന നെൽ കർഷകർക്ക് അതൊരു കനത്ത പ്രഹരമായിരുന്നു.സങ്കടത്തിലായ കർഷകർ ആ സമയത്ത് കാട്ടകാമ്പാൽ മേഖലയിലൂടെ അഞ്ഞൂർക്കുള്ള യാത്രയിലായിരുന്ന കാട്ടുമാങ്ങാട്ട് ഇളയ ബാവയോട് സങ്കടം പറയുന്നു. പരിശുദ്ധ ഇളയ ബാവായുടെ പ്രാർത്ഥന മൂലം ഒരിക്കൽ നെല്ലിന് വന്ന പുഴുക്കേട് മാറ്റി നെൽ കർഷകർക്ക് നൂറുമേനി കൊയ്യുവാൻ ദൈവം വഴിയൊരുക്കി. ആ അത്ഭുത സംഭവത്തെ ഓർമിച്ചും പരിശുദ്ധ ഇളയ ബാവായോടുള്ള ആദരസൂചകമായും കാട്ടകാമ്പാലിലെ ആ കർഷകർ ബാവായുടെ ഓർമ്മപ്പെരുന്നാൾ ദിവസം തൊഴിയൂർ സെന്റ് ജോർജ്ജ് ഭദ്രാസന ഇടവക പള്ളിയിൽ നേർച്ച സദ്യ നടത്തി പോരുന്നു. ഇളയബാവയുടെ കബർ സ്ഥിതി ചെയ്യുന്നത് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ സെന്റ് തോമസ് വെട്ടിക്കൽ ദയറായിൽ ആണ്. പുണ്യാവാന്റെ ഓർമ്മപെരുനാൾ എല്ലാ വർഷവും മെയ് 28 29 തീയതികളിൽ ദയറായിൽ കൊണ്ടാടുന്നു. ഇരുനൂറ്റി അമ്പതാം വാർഷികം ആഘോഷിക്കുന്ന മലബാർ സ്വതന്ത്ര സുറിയാനി (തൊഴിയൂർ) സഭ ഈ വർഷം ഇതേ ദയറയിൽ നിന്നാണ് ദീപശഖ പ്രയാണം ആരംഭിച്ചത്. ഓരോ പെരുന്നാൾക്കാലവും ഓരോ ഓർമ്മപ്പെടുത്തലാണ്...

മണ്മറഞ്ഞുപോയ ഗതകാലസ്മരണകളുടെ, ഇന്നും അവശേഷിക്കുന്ന തുടിപ്പുകളിലൂടെ ഉള്ള സ്മൃതിയാത്ര..ഒരു ദേശത്തിന്റെ സാംസ്‌കാരിക പൈതൃകത്തെ രൂപപ്പെടുത്തുന്നതിൽ വലിയ സ്ഥാനം ഉള്ള രണ്ട് പുണ്യദേവാലയങ്ങൾ...വെട്ടിക്കൽ ദയറായും തേവനാൽ പള്ളിയും...

ചരിത്രപരമായി ഏറെ പ്രാധാന്യം അർഹിക്കുന്ന സ്ഥലം ആണ് വെട്ടിക്കൽ. കൊച്ചി- തിരുവിതാംകൂർ രാജ്യങ്ങളുടെ അതിർത്തി , മൂന്നു താലൂക്കുകളുടെ സംഗമസ്ഥാനം എന്നിങ്ങനെ പോകുന്നു വിശേഷണങ്ങൾ...ക്രൈസ്തവ വിശ്വാസം ദേശത്ത് പ്രബലം ആകുന്നത് പതിനൊന്നാം നൂറ്റാണ്ടിൽ ആണ്... ഏ. ഡി.1125 ൽ വെട്ടിക്കൽ അങ്ങാടിയിൽ സ്ഥാപിതമായ ചെങ്കൽ കുരിശ് ഇന്നും ചരിത്ര സ്മാരകമായി നിലകൊള്ളുന്നു..വെട്ടിക്കൽ ദേശത്തെ ആദ്യ ദേവാലയം അങ്ങനെ സ്ഥാപിതമായി...സഭാചരിത്രത്തിൽ പിൽക്കാലത്തു ദേശം ശ്രദ്ധിക്കപ്പെടുന്നത് പുണ്യപ്പെട്ട കാട്ടുമങ്ങാട്ട് ബാവാമാരുടെ വരവോടെയാണ്..ഏ. ഡി.1767 തേവനാൽ താഴ്‌വരയിൽ കാട്ടുകല്ലുകൾ കൊണ്ട് ദയറാ ചാപ്പൽ സ്ഥാപിച്ചു... കൊടും വനത്തിൽ പിതാക്കന്മാർക്ക് ദൈവം തുറന്നു നൽകിയ നീരുറവ ഇന്നും അനുഗ്രഹത്തിന്റെ ഉറവിടമായി നിലകൊള്ളുന്നു..ഏ. ഡി 1809 ഇടവം 16 ന് വെട്ടിക്കൽ ദയറായുടെ പരിശുദ്ധ മദ്ബഹായിൽ ഒരു സ്വർഗീയ നിക്ഷേപം സ്ഥാപിക്കപ്പെട്ടു...പുണ്യപ്പെട്ട ഇളയ ബാവാ ദയറായിൽ കബറടങ്ങി...ഇന്നും ദേശത്തിന്റെ പരിശുദ്ധിക്ക് നിദാനമായി വിശുദ്ധന്റെ കബറിടം സ്ഥിതി ചെയ്യുന്നു..പിൽക്കാലത്ത് ദേശം ലോകത്തിന്റെ ശ്രദ്ധ നേടുന്നത് ഒരു മഹാ പരിശുദ്ധന്റെ വരവോടെയാണ്..മലങ്കര സഭ ലോകത്തിന് സമ്മാനിച്ച വില തീരാത്ത രത്നം...പരിശുദ്ധ പരുമല തിരുമേനിയെ തപ:ശക്തിയാൽ മെനഞ്ഞെടുത്ത മൂശയായി വെട്ടിക്കൽ ദയറാ.....പുണ്യപ്പെട്ട കാട്ടുമങ്ങാട്ട് ബാവാമരുടെയും പരിശുദ്ധ പരുമല തിരുമേനിയുടെയും പ്രാർഥനകളും, യാചനകളും , കണ്ണുനീരും വിലയം പ്രാപിച്ച പുണ്യ ഭൂമി...വെട്ടിക്കലും തേവനാലും... ഭൗതീകമായി രണ്ടെങ്കിലും ദൈവീകമായി ഒന്നുതന്നെ.

പുണ്യപ്പെട്ട കാട്ടുമങ്ങാട്ട് ഇളയ ബാവാ തിരുമേനിയുടെ ഓർമ്മ ഇടവം 15,16 പെരുന്നാൾ എന്നാണ് പാരമ്പര്യമായി അറിയപ്പെടുന്നത്...ഇടവം 14,15 (മേയ് 27,28) തീയതികളിൽ തേവനാൽ പള്ളിയിലും , ഇടവം 15,16 (മേയ് 28,29) തീയതികളിൽ വെട്ടിക്കൽ ദയറായിലും സമുചിതമായി ദേശം ഒന്നാകെ പങ്കുകൊണ്ട് ആചരിക്കുന്നു. ശ്രാദ്ധപ്പെരുന്നാളിന്റെ ഏറ്റവും വലിയ പ്രത്യേകത ആണ് ഇടവം 15 ന് നടക്കുന്ന നേർച്ചസദ്യ... മലങ്കര സഭയുടെ ദേവാലയങ്ങളിൽ ആദ്യമായി വിശ്വാസികൾക്ക് നേർച്ചയായി ചോറ് നൽകുന്ന പാരമ്പര്യം തുടങ്ങുന്നത് ഇവിടെയാണ്..200 വർഷങ്ങൾക്ക് മുൻപ് പൂർവികർ തുടങ്ങി വച്ച പാരമ്പര്യം മുറതെറ്റാതെ ഇന്നും കാത്തുസൂക്ഷിക്കുന്നു..ഇടവമാസത്തിൽ സുലഭമായ ചക്ക കൊണ്ടു തയ്യാറാക്കുന്ന ചക്ക എരിശ്ശേരിയാണ് ആദ്യ കാലം മുതൽക്കേ നേർച്ചസദ്യയുടെ പ്രധാന വിഭവം...ഇടവം 15ന് ഉച്ചയൂട്ട് തേവനാൽ പള്ളിയിലും അത്താഴം ഊട്ട് വെട്ടിക്കൽ ദയറായിലുമാണ്..പഴയ കാലങ്ങളിൽ അന്നേദിവസം വീടുകളിൽ ഭക്ഷണം പാകം ചെയ്തിരുന്നില്ല എന്നത് ഇന്നും പൂർവികർ സാക്ഷിക്കുന്നു... കാർഷിക ഗ്രാമത്തിന്റെ സമൃദ്ധിയുടെ ചിത്രങ്ങൾ ആണ് പെരുന്നാൾ ദിനങ്ങളിൽ അങ്ങാടിയിൽ നടന്നു വന്നിരുന്ന വെട്ടിക്കൽ മാറ്റച്ചന്ത..ദൂരദേശങ്ങളിൽ നിന്നും ഇതിൽ പങ്കെടുക്കുന്നതിനായി ആളുകൾ എത്തിയിരുന്നു..

രണ്ടിടങ്ങളിലെയും പെരുന്നാളിൽ സംബന്ധിച്ചാൽ ആണ് ബാവായുടെ പെരുന്നാൾ പൂർണം ആകയുള്ളൂ എന്നാണ് ദേശക്കാരുടെ വിശ്വാസം. കാരണം തേവനാൽ താഴ്‌വാരവും കുന്നും എല്ലാം പരിശുദ്ധന്റെ പ്രാർത്ഥനകൾ ഉറങ്ങുന്ന ഇടം ആണെങ്കിൽ , അവിടുത്തെ അസ്ഥികൾ കുടികൊള്ളുന്നത് വെട്ടിക്കൽ ദയറായുടെ പരിശുദ്ധ മദ്ബഹായിൽ ആകുന്നു....ജീവിച്ചിരിക്കുമ്പോൾ ' കരയുന്ന തിരുമേനി' എന്നാണ് പുണ്യപ്പെട്ട ബാവ അറിയപ്പെട്ടിരുന്നത്. സദാസമയവും കരഞ്ഞു പ്രാർത്ഥിച്ചിരുന്ന ബാവാ, കണ്ണുനീർ വീണ് കുപ്പായം നനയുവാൻ ഇടയാകാതെ ഇരിക്കാനായി തോണിയുടെ ആകൃതിയിൽ ഒരു പാത്രം കഴുത്തിൽ തൂക്കിയിരുന്നു എന്നു പറയപ്പെടുന്നു..പേവിഷബാധ ഏറ്റ മുസ്ലീം ബാലന് പൂർണ സൗഖ്യം നൽകിയത് അനേകം അത്ഭുതങ്ങളിൽ ഒന്നു മാത്രം..തേവനാൽ ദേശത്തെ പേടിസ്വപ്നം ആയിരുന്ന പാലമരത്തിന്റെ പോതിൽ വസിച്ചിരുന്ന സർപ്പത്തെ പ്രാർത്ഥനയാലും ഉപവസത്താലും ഉന്മൂലനം ചെയ്തതും ചരിത്ര സത്യമായി പഴമക്കാർ സാക്ഷിക്കുന്നു... പരിശുദ്ധന്റെ മധ്യസ്ഥത ഇന്ന് അനേകർക്ക് കോട്ടയാണ്. അവിടുത്തെ അസ്ഥികളിൽ നിന്നു മാറാ രോഗങ്ങൾക്ക് വിടുതലും സൗഖ്യവും പ്രവഹിക്കുന്നു.



from THEVANEL FOREST to ANJOOR THOZHIYUR

Mar Koorilose was becoming more and more popular day by day and in around of Mulanthuruthy. Understanding this Mar Dionysius I questioned the authority of Mar Koorilose before the Dutch with the help of Karavattu Aippora Tharakan, a local chieftain of Kandanadu. The decision of the Panchayathu was a humiliating one for Mar Koorilise who was further victimised by Mar Dionysius in collaboration with the Maharaja's of Travancore and Cochin. As the Dioceses was powerless and poor against such heavy odds Mar Koorilose was obliged to pull on humbly in Karingachira Church. Being not satisfied with this cruelties. Mar Dionysius attempted to dethrone Mar Koorilose and was successful. Some how or other Mar Dionysius managed to influence the Maharaja of Cochin and get the Royal proclamation issued at the time of consecration of Mar Koorilose get withdrawn. Besides Mar Koorilose was summoned to Kandanadu head quarters of Mar Dionysius where he was treated more or less like a prisoner. Mar Dionysius wanted Mar Koorilose to strip of his Episcopal robe and staff and celebrate the hold qurbana as a priest. An attempt was made to eliminate him. Giving his valuable possessions to the guards he escaped from Kandanadu along with his brother and sought shelter in the Thevanal forest in his native village and spend nearly five years there in the service of the Lord. But when the news of their life at Thevanal began to spread Fr. Joseph Pulikkottil of Kunnamkulam came for their help. He was a beloved disciple and student of Mar Koorilose and invited them to Kunnamkulam. The hold fathers readily accepted the invitations and accompanied by Fr. Joseph Pulikkottil, they came to Kunnamkulam. Here they stayed in a building belonging to the Panakkal family. The building is still kept intact and the rooms used by the Holy Fathers are looked upon with great reverence even today. During their stay at Kunnamkulam Mar Koorilose made

efforts by requesting the Raja at Cochin to assign the Chattukulangara Church to him. But the Raja of Cochin did not respond favourably. Then they crossed the border of Cochin and came to Anjoor, a little village in South Malabar under British rule. A temporary shed was build up there dedicated to Mar Bahanam. Soon the arrival of the two Sanyasins was carried from ear to ear. One day one Muslim boy suffering from rabies was brought to them. Mar Koorilose prayed with tears and gave the boy a pill soaked in tears. The boy was miraculously saved. The boy's parents who were immensely rich felt blessed and they greatfully gave away a generous gift of land - a vast plot of coconut grove at 'Thozhiyur', an adjacent village. It is here Mar Koorilose laid the foundation for a cathedral in 1772 and the same stands there beautifully renovated recently as a lasting monument following this the small congregation later came to be known as Thozhiyur Church.

Mar Koorilose Ist was the head of this church till 1802 and on 10th July he passed away. His death anniversary is celebrated every year with great pomp and reverence by people of all creed and faith.

In 1794 Mar Koorilose Ist consecrated his Brother Geeverghese Ramban as Koorilose II. He was a man of prayer and seldom moved out of church so he is rightly called as "the Jeremiah of Thozhiyur". He consecrated Fr.Joseph Kaniyaparambil as his successor under the title Mar Evanious who has Premature death. So Geeverghese Mar Koorilose again consecrated Fr. Skariah Cheeran as Mar Philexinose I in 1807. Due to ill health Geeverghese Mar Koorilose left for Mulanthuruthy, his native place where he passed away on 29th May 1808. His mortal remains were laid to rest in the monastery at Vettikkal where he had his temporary sojourn following the interment at Kandanadu. His death anniversary is celebrated there by the Malankara Church as well here.

Skariah Mar Philexinose I, the 4th Metropolitan was succeeded by Geeverghese Mar Philexinose II; in 1811. He held office till 1830 and this period is considered to be a Golden Age in the history of Thozhiyur Church. Before he was called to be the Bishop of Thozhiyur he was the Vicar of St.Mary's Church at Chattukulangara where he was held in high esteem by a larger congregation. Yet he was humble and magnanimous enough to go and serve a smaller congregation at Thozhiyur.

THE THROWN - AWAY STONE BECOMES THE CAP STONE

Since Kattumangattu Abraham Mar Koorilose left for Anjoor Malankara Church and the Thozhiyur Church continued their existence independent of each other. But in 1816 Mar Philixinose II of Thozhiyur was called upon to consecrate Pulikkottil Ittoop (Joseph) Ramban for the Malankara Church under the title Joseph Mar Dionysius. This consecration was held at St.Mary's Church Pahanji. The sequential concidence of the dethronement of Mar Koorilose I by the Malankara Church and the later enthronement of Joseph Mar

Dionysius for the Malankara Church by the successors of Mar Koorilose I may seem to be a heavenly decree conferred on for their seltless service for the cause of Christianity in Kerala.

Joseph Mar Dionysius did not live long but his fond memory prevades in the atmosphere of the educational institutions at Kottayam, Kunnamkulam and Pazhanji. It was he who founded the Theological seminary at Kottayam (old Seminary).

Once again the followers of the Malankara Church sought the help of Mar Philixinose II of Thozhiyur. So he concsecrated Fr.Geeverghese Punnathara as Mar Dionysius III. After a short rule of eight years Mar Dionysius III too passed away. Thus for a third time Mar Philixinose II of Thozhiyur had to consecrate Cheppattu Mar Dionysius IV. It is said that they were so intimate that Mar Dionysius to Mar Dionysius was a kind of assistant to Mar Philixinose. It is significant that the Royal proclamation approving Cheppattu Mar Dionysius IV as the Malankara Metropolitan was issued only after the death of Mar Philixinose II of Thozhiyur. This shows that Mar Philixinose II of Thozhiyur had to act as Malankara Metropolitan twice during the period from 1817 to 1829.

GEEVERGHESE MAR KOORILOSE III - THE 6th METROPOLITAN OF THOZHIYUR

In 1829 Philixinose II demised without consecrating a successor. So Cheppattu Mar Dionysius IV of the Malankara Church came over to Thozhiyur and consecrated Fr. Geeverghese Koothor under the title Geeverghese Mar Koorilose III. A memorable event of this period was the historical synod of Mavelikkara held in 1836. Since Col. Munroe, a well wisher of Syrian Christians of Malankara became the British resident of Travancore and Cochin. Anglican missionaries could work in the Syrian Church in healthy co-operation with the clergy and the people. Many a reform that took place in this period especially in the field of education and gospel work may be attributed to the selfless and earnest endeavour of these missionaries. But lamentable, in course of time differences between the missionaries and the church authorities crept in and eventually the Gulf widened. So in 1836 a synod was held in Mavellikkara where the suggestions of the missionaries were discussed in detail and some of the reforms proposed by the Anglican missionaries were rejected as they touched the basic structure of faith. The decisions of this synod known as Mavelikkara Padiyola led to the cessation of missionary activities of the Church Mission Society in the Malankara Syrian Church. Geeverghese Mar Koorilose III had been invited to this synod and had attended. In 1856 he passed away before consecrating a successor.

ELEMENTS LEADING TO THE TITLE OF THE MALABAR INDEPENDENT SYRIAN CHURCH

In 1813 Mathews Mar Athanasius of Palakkunnathu family who had been consecrated by the Patriarch of Antioch was the head of the Malankara Church. Now those who favoured the reforms of the Abraham Malppan under the influence of the Church Mission Society adhered to Mathews Mar Athanasius while the anti reformists supported Chapat Mar Dionysius. Dispute ensued between these two sections and those who disliked the reforms sent protests to the Patriarch of Antioch who sent his delegate Yuyakim Mar Koorilose to study the situation. But this mission failed miserably, for he too claimed the position of Malankara Metropolitan. So the Government intervened and issued proclamation declaring Mathews Mar Athanasius as the Malankara Metropolitan. It was this time that the seat of Thozhiyur fell vacant. Now the question was who should be called

into consecrate a Bishop, Mathews Mar Athansius or Yuyakim Mar Koorilose the later who had by this time being banished from Travancore and Cochin took advantage of this opportunity to challenge his opponent Mathews Mar Athanasius once again, as Thozhiyur lay in the British territory and the power of Malankara Metropolitan was restricted only in Travancore and Cochin. But the consecration at Thozhiyur favoured Mathews Mar Athanasius. So he was called in and consecrated Father Joseph Panakkal under the title Joseph Mar Koorilose in 1856. Yuyakim was infuriated at this and he approached the Judiciary. The trial court in 1862 dismissed the petition Yuyakim Mar Koorilose went on appeal in the Madras High Court. The High Court also approved the decision of the trial court stating that the Thozhiyur Church is an Independent one, neither the Patriarch of Antioch nor his delegate has any authority over it. This decree put an end to all the cordial relations of the Thozhiyur Church with that of the Malankara Jacobite Church and thereon Thozhiyur Church came to be recognised as the MALABAR INDEPENDENT SYRIAN CHURCH.

It is to be noted here the Cathedral Church at Thozhiyur established in 1772 by His Grace Kattumangattu Abraham Mar Koorilose is the first Christian Church in the erstwhile Malabar.

HELPING HAND TO THE MARTHOMA CHURCH

It was during a crisis in the Mar Thoma Church that during step taken by the Metropolitan of M.I.S. Church, Thozhiyur, In 1893 Thomas Mar Athanasius of Mar Thoma Church passed away without consecrating a successor. So the Marthomites elected Rev DETHOS (Titus) as bishop designate. They also decided to seek the help of M.I.S.C. Metropolitan at THOZHIYUR for his consecration. Then the VIIIth Metropolitan of M.I.S Church Joseph Mar Athanasius with his saffragan Metropolitan Geeverghese Mar Koorilose, was only, too glad to help an episcopal church as his ancestors had done to the Malankara Church earlier. So in 1894 Mar Thoma Titus I was consecrated by THOZHIYUR Metropolitans. Now if M.I.S. Church needs the Metropolitans, Mar Thoma Church extends its helping hand to M.I.S. Church for the consecration of Bishops without continuing in the faiths and Creeds.

ഫാ. സെറാഫിം മണ്ടുംപാൽ
യൂത്ത്ലീഗ് വൈസ് പ്രസിഡന്റ്

തൊഴിയൂർ സഭ
പാരമ്പര്യങ്ങളും അനുഷ്ഠാനങ്ങളും

> "
> കാലാനുസൃതമായിട്ടോ അല്ലെങ്കിൽ തങ്ങളുടെ അസ്ഥിത്വത്തെ നിലനിർത്തുന്നതിനോ അതുമല്ലെങ്കിൽ കാലാകാലങ്ങളിൽ മാറിവരുന്ന നേതൃത്വനിരകളുടെ പ്രേരണ മൂലമോ സഭകൾ അവരവരുടെതായ ക്രമങ്ങൾ ചിട്ടപ്പെടുത്തുവാൻ തുടങ്ങി.
> "

തൊഴിയൂർ സഭ മലങ്കര സഭയുടെ വിശ്വാസാചാരങ്ങളിൽ തന്നെ അടിയുറച്ച് നിലനിൽക്കുന്നതും ഇന്നും ആ ആചാരാനുഷ്ഠാനങ്ങളിൽ നിന്ന് അണുവിട മാറ്റപ്പെടാതെ നിൽക്കുന്നതുമാണ്. 1856-വരെ മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ മെത്രാപ്പോലീത്തമാർ തൊഴിയൂരിൽ നിന്ന് അല്പം അകലെയുള്ള കൊച്ചി രാജ്യാതിർത്തിക്കുള്ളിലെ ആർത്താറ്റ് പള്ളിയിലെ വികാരിമാരായിരുന്നു. എന്നാൽ 1862-ൽ സഭയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചുവെങ്കിലും ആർത്താറ്റ് സുറിയാനി പള്ളിയുമായി തൊഴിയൂർ സഭ നല്ല ബന്ധം പുലർത്തിയിരുന്നു. ആർത്താറ്റ് പള്ളിയിലേയും തൊഴിയൂരെ പള്ളിയിലേയും വൈദികർ ആരാധനകളിൽ ഒരുമിച്ച് പങ്കെടുത്തിരുന്നുവെന്നും അവരുപയോഗിച്ചിരുന്ന ആരാധനാക്രമം മറ്റു യാക്കോബായക്കാരിൽ നിന്ന് വ്യത്യസ്തമായിരുന്നുവെന്നും ആർത്താറ്റ് പള്ളിയുടെ ചരിത്രകാരൻ പി.സി കുഞ്ഞാത്തു രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കാലാനുസൃതമായിട്ടോ അല്ലെങ്കിൽ തങ്ങളുടെ അസ്ഥിത്വത്തെ നിലനിർത്തുന്നതിനോ അതുമല്ലെങ്കിൽ കാലാകാലങ്ങളിൽ മാറിവരുന്ന നേതൃത്വനിരകളുടെ പ്രേരണ മൂലമോ സഭകൾ അവരവരുടെതായ ക്രമങ്ങൾ ചിട്ടപ്പെടുത്തുവാൻ തുടങ്ങി. ഈ സാഹചര്യത്തിൽ ഈ ആരാധന ക്രമങ്ങളിലെല്ലാം ചെറിയ തോതിലുള്ള മാറ്റങ്ങൾ സംഭവിച്ചു തുടങ്ങി. തൊഴിയൂർ സഭയെ സംബന്ധിച്ചിടത്തോളം ഈ പാരമ്പര്യങ്ങളും ആചാരനുഷ്ഠാനങ്ങളും ഇന്നും നിലനിർത്തി കൊണ്ടുപോകാൻ സാധിക്കുന്നു

എന്നത് സഭയെ നയിക്കുന്ന പിതാക്കന്മാരുടെ സഭ യോടുള്ള ഉത്തരവാദിത്വത്തെയും വിശ്വാസതീക്ഷ്ണതയെയും ആണ് സ്പഷ്ടമാക്കുന്നത്. പ്രധാനമായും തൊഴിയൂരെ ആണ്ടുതക്സായിലെ ക്രമങ്ങളിലെ ആചാരനുഷ്ഠാനങ്ങളാണ് പ്രതിപാദിക്കുന്നത്.

ജനനപെരുന്നാൾ

തൊഴിയൂർ സഭയെ സംബന്ധിച്ചിടത്തോളം ആണ്ടുതക്സായിലെ ക്രമങ്ങൾ എല്ലാം തന്നെ കയ്യെഴുത്തു പ്രതികളാണുള്ളത്. പട്ടമേൽക്കാൻ പോകുന്ന ശെമ്മാശന്മാർ ഈ ക്രമങ്ങൾ തെറ്റ് കൂടാതെ എഴുതി ചിട്ടപ്പെടുത്തി അഭിവന്ദ്യ പിതാക്കന്മാരെ കാണിച്ചാൽ മാത്രമേ പിതാക്കന്മാർ കശ്ശീശ പട്ടം നൽകിയിരുന്നുള്ളൂ. ഇന്നും ആ ചിട്ട തന്നെയാണ് തൊഴിയൂരിൽ നില നിൽക്കുന്നത്. പിന്നീട് ആ കയ്യെഴുത്തു പ്രതികളാണ് അവർ ശുശ്രൂഷയ്ക്കായി ഉപയോഗിച്ചുവരുന്നത്. അഭിവന്ദ്യ പിതാക്കന്മാരുടെ കണിശ സ്വഭാവത്തെയും ചിട്ടയെയുമാണ് ഇത് വ്യക്തമാകുന്നത്. തൊഴിയൂർ സഭയുടെ ജനനപെരുന്നാൾ ക്രമത്തിന്റെ കയ്യെഴുത്തു പ്രതികൾ പരിശോധിച്ചാൽ ആദ്യം സുറിയാനി ഗീതവും ശേഷം അതിന്റെ മലയാള ഗദ്യവും എന്ന രീതിയിലാണ് കാണാൻ കഴിയുക. എന്നാൽ ഇടക്കാലത്ത് ഈ ആരാധനക്രമത്തിൽ അല്പം മാറ്റം സംഭവിച്ചിട്ടുണ്ട്.

പള്ളിയുടെ മുൻവശത്ത് പടിഞ്ഞാറ് മണ്ണിൽ കുരിശാകൃതിയിൽ ഒരു കുഴിയുണ്ടാക്കുകയും ആ കുഴിയിൽ തീജ്വാലയ്ക്കുള്ള ഒരുക്കങ്ങൾ ഒരുക്കുന്ന പാരമ്പര്യമാണ് തൊഴിയൂർ സഭയിലുള്ളത്. ഓശാന ഞായറാഴ്ചയുടെ ഉണങ്ങിയ കുരുത്തോലകൾ ആയിരിക്കും തീജ്വാലയ്ക്ക് ഉപയോഗിക്കുന്ന ഓലകൾ.

കത്താൻ ആവശ്യമെങ്കിൽ ഉണങ്ങിയ നല്ല ഓലകൾ ചെറുതായി കീറി കുഴിയിൽ അടുക്കി ചേർത്തു വയ്ക്കാറുമുണ്ട്. നാല് ദിക്കിലും കത്തിക്കു ന്നതിന് നാല് പന്തങ്ങളും ക്രമീകരിച്ച് വെക്കാറുണ്ട്. പ്രഭാത നമസ്കാരം ആരംഭിച്ച് പട്ടക്കാരൻ വിശുദ്ധ കുർബാനയുടെ ഒരുക്ക ശുശ്രൂഷ നടത്തുവാൻ മദ്ബഹായിൽ പ്രവേശിക്കുകയും താഴെയുള്ളവർ മൂന്നാം മണി നമസ്കാരവും ആറാം മണി നമസ്കാരവും നടത്തുന്നു. അംശവസ്ത്രങ്ങൾ ധരിച്ച് ഒരുക്ക ശുശ്രൂഷ കഴിഞ്ഞ് പട്ടക്കാരൻ തീജ്വാലയിൽ നിക്ഷേപിക്കാൻ വെച്ചിരിക്കുന്ന കുന്തിരുക്കം വാഴ്ത്തി എല്ലാവർക്കും വിതരണം ചെയ്യും. ശേഷം എല്ലാവരും പ്രദക്ഷിണമായി പടിഞ്ഞാറേ വാതിലിൽക്കൂടി പുറപ്പെട്ട് തീജ്വാലയുടെ പടിഞ്ഞാറു ഭാഗത്തു ചെന്ന് നിൽക്കുന്നു. (The circum-ambulation descends through the western side) അവിടെ കിഴക്കോട്ടഭിമുഖമായി ഒരുക്കിയിരിക്കുന്ന മേശമേൽ ആണ് ജനനപ്പെരുന്നാളിന്റെ ക്രമങ്ങൾ ആരംഭിക്കുന്നത്. ക്രമത്തിലെ സ്ലൂസോ, മസുമൂർ, ഗീതങ്ങൾ, പ്രുമിയോൻ, സെദറാ, കോലോകൾ, എത്രോ, എനിയോനൊ, എന്നിവ കഴിഞ്ഞ് തീജ്വാലയുടെ തെക്കു കിഴക്കു ഭാഗത്തു നിന്നു ലേഖനം വായിക്കുന്നു. അനന്തരം പട്ടക്കാരൻ തീജ്വാലയുടെ നേരെ കിഴക്കുഭാഗത്തു ചെന്ന് പടിഞ്ഞാറോട്ടു തിരിഞ്ഞ് ഏവൻഗേലിയോൻ വായിക്കുന്നു. പിന്നീടു പട്ടക്കാരൻ മാലാഖമാരുടെ സ്തുതിപ്പ് ചൊല്ലി വെളിവുനിറഞ്ഞോരീശോ ഗീതം ആരംഭിക്കും. ഈ സമയം കുഴിയുടെ കിഴക്കും പടിഞ്ഞാറും വടക്കും തെക്കുമായി പട്ടക്കാരൻ നേരത്തെ ക്രമീകരിച്ച പന്തങ്ങൾ ഉപയോഗിച്ച് തീ കത്തിക്കുന്നു. തുടർന്ന് മൂന്നു വട്ടം തീജ്വാലയെ പ്രദക്ഷിണം വച്ചശേഷം ലഭിച്ച കുന്തിരുക്കം തീജ്വാലയിൽ നിക്ഷേപിച്ച് പള്ളിയ്ക്കകത്തേക്കു പ്രവേശിച്ച് പതിവുപോലെ വിശുദ്ധ കുർബ്ബാന ആരംഭിക്കുന്നു.

കത്തിത്തീർന്ന തീജ്വാലയുടെ വെണ്ണീർ വിളവുകളുടെ അനുഗ്രഹത്തിനായി കൊണ്ടുപോകുന്ന പതിവുണ്ട്. ലിഖിതമായോ ആധികാരികമായോ അടിസ്ഥാനം അവകാശപ്പെടാൻ കഴിയാത്ത ഒരു വാമൊഴി പാരമ്പര്യം മുൻകാലങ്ങളിൽ പഴമക്കാർ പറഞ്ഞിരുന്നു. തീജ്വാലയുടെ ഓലക്കെട്ട് കത്തിപടർന്ന് കിഴക്കോട്ടാണ് വീഴുന്നത് എങ്കിൽ സഭയ്ക്കും ഇടവകയ്ക്കും അനുഗ്രഹമാണ് എന്നും പടിഞ്ഞാറോട്ടാണ് വീഴുന്നതെങ്കിൽ ദോഷമാണ് അതായത് ഇടവകയിൽ മരണം കൂടും എന്നും തെക്കോട്ടാണ് എങ്കിൽ മാമോദീസ കൂടുമെന്നും വടക്കോട്ടാണ് എങ്കിൽ കല്യാണങ്ങൾ ഉണ്ടാകുമെന്നുമുള്ള പഴമക്കാരുടെ വാമൊഴി പാരമ്പര്യം കേട്ടിട്ടുണ്ട്. ഇത് ഓരോ ഇടവകകളിലും അവരവരുടെ യുക്തിക്കനുസരിച്ച് ദിക്കുകൾ മാറ്റി പറയുന്നതും കേട്ടിട്ടുണ്ട്. എന്നാൽ ഈ വസ്തുതയ്ക്ക് സഭാപരമയോ മറ്റോ ആധികാരിക തെളിവുകളൊന്നുമില്ല. പഴയ തലമുറയിൽ ഇത്തരത്തിൽ ഒരു വാമൊഴി പാരമ്പര്യം നില നിന്നിരുന്നു എന്നുള്ളത് രേഖപ്പെടുത്തുന്നു എന്നു മാത്രം.

ദനഹാ പെരുന്നാൾ

വെള്ളം വാഴ്വ് ദനഹായുടെ ശുശ്രൂഷയിലെ ഏറ്റവും പ്രധാനപ്പെട്ട ശുശ്രൂഷയാണ്. ഒരു നല്ല സ്ഫടികപാത്രവും, ഒപ്പം അതിനെ മൂടുവാൻ ഒരു കുരിശടയാളമുള്ള ഒരു ശോശപ്പായും ആണ് ഈ ശുശ്രൂഷയിലെ പ്രധാന ഘടകങ്ങൾ. കഴിഞ്ഞ വർഷത്തെ ദനഹായുടെ വെള്ളം ബാക്കി ഉണ്ടെങ്കിൽ അത് തലേദിവസം തന്നെ കുടിച്ചു തീർക്കുകയോ അല്ലെങ്കിൽ മാമോദീസാ തൊട്ടിയിൽ ഒഴിയ്ക്കുകയോ ചെയ്ത ശേഷം പാത്രം വൃത്തിയായി കഴുകി ശുശ്രൂഷയുടെ ദിവസത്തേയ്ക്ക് ശുദ്ധജലം മാത്രം ഒഴിച്ച് കുരിശു മൂടിക്കൊണ്ട് അടച്ച് ത്രോണോസിൽ വെച്ചിരിക്കും. രാവിലെ പ്രഭാത നമസ്കാരം, തൂയോബൊ എന്നിവ പതിവിൻ പ്രകാരം കഴിച്ച് പട്ടക്കാരൻ അംശവസ്ത്രങ്ങൾ ധരിച്ച് ഒരുങ്ങുന്നു. തുടർന്ന് മദ്ബഹായിൽ നിന്ന് എല്ലാവരും താഴെ ഇറങ്ങി നമസ്കാര മേശമേൽ വെള്ളം നിറച്ച പാത്രം ശോശപ്പ കൊണ്ട് മൂടിവെച്ച ശേഷം ശുശ്രൂഷ ആരംഭിക്കുന്നു. സ്ലൂസോ, മസുമൂർ, എനിയോനൊ, സെദറാ, പ്രൊമിയോൻ, കോലോകൾ, എത്രോ, വായനകൾ, ഏവൻഗേലിയോൻ, ലുത്തിനിയ ഇവയ്ക്കുശേഷം കുർബാനയിലെപ്പോലെ ശോശപ്പാ ആഘോഷിച്ചു ഒരുവശത്തേക്ക് മാറ്റിവെയ്ക്കുകയും ശേഷം പട്ടക്കാരൻ വിശ്വാസ സമൂഹത്തിന് റൂശ്മാ കൊടുക്കുന്നു. തുടർന്ന് വാഴ്വിന്റെ പ്രാർത്ഥന മ്ബർക്കീൻ ഏനൂൻ മായാ ഹോലെൻ എന്നതു ത്രിത്വനാമത്തിൽ ചൊല്ലി വെള്ളം വാഴ്ത്തി ലുത്തിനിയായും പ്രാർത്ഥനകളും ചൊല്ലി ഈ വെള്ളം നിറച്ച പാത്രത്തെ ശോശപ്പാകൊണ്ട് പൊതിഞ്ഞ് വിശുദ്ധ മദ്ബഹായിൽ കയറി കിഴക്ക്, പടിഞ്ഞാറ്, വടക്ക്, തെക്ക്, എന്നീ ദിക്കുകളിൽ കൗമാ ചൊല്ലി ആഘോഷിക്കുകയാണ് ചെയ്യുക. ഈ ആഘോഷണശേഷം വെള്ളം നിറച്ച പാത്രം ത്രോണോസിൽ വെച്ചശേഷം മോറാൻ യേശു മിശിഹാ, മാലാഖമാരുടെ സ്തുതിപ്പ്, എന്നിവ ചൊല്ലി പതിവുപോലെ വിശുദ്ധ കുർബാന ആരംഭിക്കുന്നു.

ഊശാന പെരുന്നാൾ

ഊശാന പെരുന്നാൾ ദിവസത്തിൽ സാധാരണയായി കുരുത്തോലകളാണ് ഉപയോഗിക്കുന്നത്. അതിനായി നല്ല കുരുത്തോലകൾ ഭംഗിയായി മുറിച്ച് നേരത്തെ തന്നെ കെട്ടുകളായി തയ്യാറാക്കി വെയ്ക്കും. പട്ടക്കാരനു ആഘോഷത്തിന് കൈയിൽ പിടിക്കുവാനുള്ള കുരുത്തോല കുരിശാകൃതിയിൽ നിർമ്മിക്കുന്ന പതിവാണ് ഉള്ളത്. ഊശാനയുടെ ശുശ്രൂഷ താഴെ നമസ്കാര മേശയുടെ മുകളിൽ നടത്തുന്ന പാരമ്പര്യമാണുള്ളത്. പട്ടക്കാരൻ പതിവിൻ പ്രകാരം നമസ്കാരം തുടങ്ങി തൂയോബൊ നടത്തുന്നതിനായി മദ്ബഹായിൽ പ്രവേശിക്കുന്നു. തൂയോബോ കഴിഞ്ഞ് എല്ലാ സ്ഥാനികളും അവരവരുടെ സ്ഥാന വസ്ത്രങ്ങൾ ധരിച്ച ശേഷം താഴെയിറങ്ങി നമസ്കാരമേശമേൽ ശുശ്രൂഷ ആരംഭിക്കും. വാഴ്വിന്റെ പ്രാർത്ഥന മ്ബർക്കിൻ ഏനൂൻ സൗകെ ഹോലെൻ ചൊല്ലി കുരുത്തോലകളെ വാഴ്ത്തുന്നു. ഇതിനു ശേഷം വിശുദ്ധ മദ്ബഹായിലേക്ക് ഊശാന അത്യുന്നതത്തിൽ....... എന്ന ഈരടി പാടിക്കൊണ്ട് കയറുകയും തുടർന്ന് ഒന്നാം പ്രാവശ്യം കുരുത്തോലകൊണ്ടുണ്ടാക്കിയ കുരിശ് ബോവൂസൊകൾ ചൊല്ലി കിഴക്ക്, പടിഞ്ഞാറ്, വടക്ക്, തെക്ക്, എന്നീ നാല് ദിക്കിലും ശേഷം രണ്ടാം പ്രാവശ്യം ഹൗദ് മാലാഖ എന്ന കൗമ ചൊല്ലി കിഴക്ക്, പടിഞ്ഞാറ്, വടക്ക്, തെക്ക്, എന്നീ നാല് ദിക്കിലും ആഘോഷിക്കുന്നു. ആഘോഷം കഴിഞ്ഞ ശേഷം പ്രധാന കാർമികൻ എല്ലാവർക്കും കുരുത്തോല വിതരണം ചെയ്യും. ഇതിന്റെ ശേഷം പ്രദക്ഷിണം ഇറങ്ങുകയായി. ഈ സമയം പട്ടക്കാരൻ കുരിശാകൃതിയിലുള്ള കുരുത്തോലയും വഹിച്ച് മദ്ബഹായിൽ നിന്നും വടക്കേ വാതിൽ വഴി പുറത്തേക്കിറങ്ങുന്നു. പള്ളിയുടെ പടിഞ്ഞാറെ വാതിൽക്കൽ എത്തി ക്രമത്തിലുള്ള ബസ്ലീബോ ന്ഹർവോ ബെറിയോസൊ...എന്ന ഗീതം ചൊല്ലിയ ശേഷം ആറിൻ തറഏ റീശൈഹൂൻ... എന്നതും ചൊല്ലി കൊണ്ട് അടഞ്ഞിരിക്കുന്ന വാതിൽ തുറക്കുന്നു. ആ വാതിൽ കൂടി തന്നെ പട്ടക്കാരനോട് കൂടെ എല്ലാവരും അകത്ത് പ്രവേശിക്കുന്നു. തുടർന്ന് പതിവു പോലെ വിശുദ്ധ കുർബ്ബാന ആരംഭിക്കുന്നു. വിശുദ്ധ കുർബ്ബാനയിൽ പ്രാരംഭ കൗമായും ധൂപവാഴ്വിന്റെ സമയത്തും ധൂപപ്രാർത്ഥനയുടെ സമയത്തും ഓശാനയുടെ കൗമ ഉപയോഗിക്കുന്ന പാരമ്പര്യമാണുള്ളത്.

ഇതിനോട് ചേർന്ന് ഒരു വസ്തുത കൂടിയുണ്ട്. മലങ്കര സഭയുടെ പാരമ്പര്യത്തിൽ വലിയ നോമ്പിന്റെ പാതിയിൽ ഗോഗുൽഥാ നാട്ടുന്ന പതിവുണ്ട്. അതിന് പ്രത്യേക ക്രമവും ഉണ്ട് മലങ്കര സഭയിൽ. എന്നാൽ തൊഴിയൂർ സഭയിൽ ഈ പാരമ്പര്യം ഉണ്ട് എങ്കിലും അതിന് പ്രത്യേക ക്രമങ്ങൾ ഒന്നും ഇന്നുവരെ ഇല്ല. മാത്രമല്ല ഓശാനയുടെ ക്രമങ്ങളിൽ പറയുന്നതുപോലെ കുരിശാണ് വെക്കുന്നത്. ഇങ്ങനെ നാട്ടിയ കുരിശാണ് ഓശാന

യുടെ പ്രദക്ഷിണ സമയത്ത് മുമ്പിൽ എടുത്ത് നടക്കുന്നത്. അതോടെ കുരിശ് മാറ്റപ്പെടുകയും ചെയ്യും.

കാൽകഴുകൽ ശുശ്രൂഷ

സഭയുടെ പാരമ്പര്യത്തിൽ ഹാശാ ആഴ്ചയിലേക്ക് പ്രവേശിച്ചാൽ മേലട്ടക്കാർ സാധാരണയായി നീലകുപ്പായമാണ് ധരിക്കുന്നത്. കഷ്ടതയുടെ പ്രതീകം എന്ന നിലയിലാണ് ഈ നീലകുപ്പായം ധരിക്കുന്നത്. സഭയിൽ കാൽ കഴുകൽ ശുശ്രൂഷ നടത്തുന്നത് മേല്പട്ടക്കാരാണ്. കർത്താവ് പെസഹാ അത്താഴത്തിനു മുമ്പ് തന്റെ പന്ത്രണ്ടു ശ്ലീഹന്മാരുടെ കാൽ കഴുകുകയും വിനയത്തിന്റെയും ശുശ്രൂഷ ജീവിതത്തിന്റെയും ദൃഷ്ടാന്തം അവരെ പഠിപ്പിക്കുകയും ചെയ്ത സംഭവത്തിന്റെ ഓർമ്മയെ മുൻനിർത്തിയാണ് പരിശുദ്ധ സഭ ഈ ശുശ്രൂഷ നടത്തിവരാറുള്ളത്. പള്ളിയ്ക്കകത്തു വെച്ച് നടത്തുന്നതിനു അസൗകര്യങ്ങൾ ഉണ്ടെങ്കിൽ ശുശ്രൂഷ പള്ളിയ്ക്കു വെളിയിൽ വെച്ചും നടത്തുന്ന പതിവുമുണ്ട്. കർത്താവിന്റെ പന്ത്രണ്ട് ശ്ലീഹന്മാരെ പ്രതിനിധീകരിച്ച് പന്ത്രണ്ട് പേരെയാണ് കാൽകഴുകൽ ശുശ്രൂഷയ്ക്കായി ഒരുക്കുന്നത്. വൈദീകരാണ് സാധാരണ ഇതിൽ ഉൾപ്പെടുന്നത്. എന്നാൽ വൈദീകർ ഇല്ലാത്ത മുറയ്ക്ക് അഭിവന്ദ്യ പിതാവിന്റെ അനുവാദത്തോടെ ശുശ്രൂഷക്കാരെയും ഉൾപ്പെടുത്താറുണ്ട്. വിശുദ്ധ മദ്ബഹായിലോ അല്ലെങ്കിൽ ക്രമീകരിച്ചിരിക്കുന്ന താത്കാലിക മദ്ബഹായിലോ രണ്ടു പന്തിയി ലായി കാൽ കഴുകപ്പെടാനുള്ളവർ ഇരിക്കുന്നു. വടക്കേ പന്തിയിൽ പടിഞ്ഞാറെ അറ്റത്ത് ഏറ്റവും ഇളയ ആളായിരിക്കും ഇരിക്കുന്നത്. അങ്ങനെ മൂപ്പ മുറയ്ക്ക് കിഴക്കെ അറ്റം വരെയും തെക്കെ പന്തിയിൽ കിഴക്കെ അറ്റത്ത് നിന്ന് ഇതിന്റെ തുടർച്ചയായി മൂപ്പുമുറയിൽ തുടങ്ങി പടിഞ്ഞാറെ അറ്റത്ത് ഏറ്റവും മുതിർന്നയാളായിരിക്കും പത്രോസിന്റെ സ്ഥാനത്തു ഇരിക്കുന്നത്. ഒമ്പതാം മണിയുടെ നമസ്കാരം ചൊല്ലിയാണ് സാധാരണ ശുശ്രൂഷ ആരംഭിക്കുന്നത്. കാൽകഴുകൽ ശുശ്രൂഷയുടെ പ്രാർത്ഥനകൾക്ക് ശേഷം അഭിവന്ദ്യ പിതാവ് വിശുദ്ധ ഏവൻഗേലിയോൻ വായന സമയത്ത് തന്റെ പുറംകുപ്പായം മാറ്റി വെള്ളയങ്കി അരയിൽ ചുറ്റുന്നു. അത്താഴത്തിൽ നിന്നു എഴുന്നേറ്റു വസ്ത്രം ഊരി വെച്ചു ഒരു തുവർത്തു എടുത്തു അരയിൽ ചുറ്റി. ഒരു പാത്രത്തിൽ വെള്ളം പകർന്നു ശിഷ്യന്മാരുടെ കാൽ കഴുകുവാനും അരയിൽ ചുറ്റിയിരുന്ന തുണി കൊണ്ടു തുവർത്തുവാനും തുടങ്ങി. (യോഹന്നാൻ 13: 4,5) ഈ വേദഭാഗമാണ് ദൈവശാസ്ത്രപരമായി ഇതിന്റെ ആധാരം. ശേഷം വചന ശുശ്രൂഷ ഉണ്ടായിരിക്കും. മേൽപട്ടക്കാരാണ് ഇത് നടത്തുന്നത് എങ്കിലും അഭിവന്ദ്യ പിതാവിന് എന്തെങ്കിലും അസൗകര്യങ്ങളുണ്ടെങ്കിൽ പിതാവിന്റെ അനുവാദത്തോടെ നിശ്ചയിക്കുന്ന വൈദീകൻ കാൽകഴുകലിന്റെ രഹസ്യത്തെക്കുറിച്ചും വിനയം, സ്നേഹം, സേവനജീവിതത്തെക്കുറിച്ചും വചനശുശ്രൂഷ നടത്തും. വചനശുശ്രൂഷ കഴിഞ്ഞാൽ ശുശ്രൂഷ പുനരാരംഭിക്കുകയായി. നേരത്തെ പറഞ്ഞ ക്രമത്തിൽ കഴുകപ്പെടുവാനുള്ളവർ പന്തിയിൽ ഇരിക്കുകയും മേല്പട്ടക്കാരൻ പുകദോൻ ഹാദെസ് യൊഹെബ്... എന്ന സുറിയാനി ഗീതം ചൊല്ലി വടക്കെ പന്തിയിൽ പടിഞ്ഞാറെ അറ്റത്തിരിക്കുന്ന ഏറ്റവും ഇളയവന്റെ മുമ്പിൽ കുനിഞ്ഞ് അവന്റെ കാൽ കഴുകുവാൻ തുടങ്ങുന്നു. മേല്പട്ടക്കാരൻ ഓരോരുത്തരുടെ കാൽ കഴുകുന്നതിനു മുമ്പ് പുത്തൻ പ്രമാണം ഞാൻ നിങ്ങൾക്ക് തരുന്നു. എന്ന ഈരടികൾ ചൊല്ലികൊണ്ടാണ് കാലുകൾ കഴുകാൻ ആരംഭിക്കുന്നത്. ഓരോ രുത്തരുടെ കാലും കഴുകി തുടച്ചു കഴിഞ്ഞ് കാർമ്മികൻ ചുംബിക്കുന്നു. ഒടുവിൽ പത്രോസിന്റെ സ്ഥാനത്തി രിക്കുന്ന മൂപ്പച്ചന്റെ അടുക്കൽ വരുന്നു. മൂപ്പച്ചൻ ആയിരിക്കും പത്രോസിനെ പ്രതിനിധീകരിച്ച് ഇരിക്കുന്നത്. ശുശ്രൂഷയിലെ ഭാഗങ്ങൾ ചൊല്ലിയ ശേഷം അദ്ദേഹ ത്തിന്റെ കാലുകളും കഴുകി ചുംബിക്കുന്നു. അതിനു ശേഷം അഭിവന്ദ്യ പിതാവ് സിംഹാസനത്തിൽ ഇരിക്കുകയും മൂപ്പുമുറയനുസരിച്ച് പിതാവിന്റെ കാലുകൾ പന്തിരുവരും കഴുകുന്നു. ഇതിന് ശേഷം അംശവസ്ത്രം ധരിച്ച അഭിവന്ദ്യ പിതാവിനെ ഓക്സിയോസ് ചൊല്ലി ദൈവാലയത്തിനകത്ത് നാല് ദിക്കിലും ഉയർത്തുന്ന പതിവുണ്ട്. സഭയുടെ ആട്ടിൻകൂട്ടത്തിന്റെ രാജാവേ ഞങ്ങൾ അങ്ങയെ അംഗീകരിക്കുന്നു എന്നതാണ് ഇതിന്റെ ആധാരം. ശേഷം മദ്ബഹായുടെ മുമ്പിൽ താഴെ ഉയർത്തി പിടിച്ച സിംഹാസനത്തിൽ ഇരുന്ന് വിശുദ്ധ ഏവൻഗേലിയോൻ വായിക്കുകുകയും ചെയ്യുന്നു. തൊഴിയൂർ സഭയുടെ മാത്രം പാരമ്പര്യങ്ങളിൽ ഒന്നാണ്.

പന്തിരുവർ ഒന്നിച്ച് അത്താഴം കഴിക്കുന്നതിനെ പ്രതിനിധീകരിക്കുന്ന ഊട്ട് ഇതിന്റെ ശേഷമാണ് ഉണ്ടായിരിക്കുക. എന്നാൽ ഊട്ടിന് മുമ്പ് പെസഹാ അപ്പം വാഴ്ത്തി മുറിക്കുകയും അവ പങ്കിടുന്ന പാരമ്പര്യവുമുണ്ട്. കർത്താവ്

അത്താഴത്തിന് മുമ്പ് അപ്പം എടുത്ത് വാഴ്ത്തി നുറുക്കി തന്റെ ശിഷ്യന്മാർക്ക് നൽകിയതിന്റെ പ്രതീകാത്മകമായാണ് ഈ അനുഷ്ഠാനം. അപ്പം ഭക്ഷിച്ച് കഴിഞ്ഞാൽ ഇലയിൽ പന്തിരുവർക്ക് ഊട്ട് വിളമ്പുകയായി. ശേഷിച്ച ഭക്ഷണം കപ്പ്യാരച്ചനാണ് അവകാശം. അനേകർ ഇതിന്റെ അംശത്തിൽ നിന്ന് നേർച്ച വാങ്ങി പോകുന്നവരുണ്ട്. ഇതും തൊഴിയൂർ സഭയുടെ പാരമ്പര്യത്തിൽ മാത്രം ഉൾപ്പെടുന്ന ഒന്നാണ്.

ദു:ഖവെള്ളി

വിവിധ സഭകൾ കർത്താവിന്റെ പീഡാനുഭവത്തിനെ അനുസ്മരിച്ചു ശുശ്രൂഷകൾ നടത്തുന്നതു പോലെ തൊഴിയൂർ സഭയും ദു:ഖവെള്ളിയാഴ്ച ആചരിക്കുന്നുണ്ട്. ഓരോ ശുശ്രൂഷകൾക്കും അതിന്റേതായ അർത്ഥങ്ങൾ ഉള്ളതു പോലെ തൊഴിയൂർ സഭയിലെ ദു:ഖവെള്ളിയാഴ്ചയിലെ ശുശ്രൂഷകൾക്കും ഒരുപാട് അർത്ഥതലങ്ങൾ ഉണ്ട്. പൂർവ്വപിതാക്കന്മാർ പഠിപ്പിച്ചതായ അവരുടെ കയ്യെഴുത്ത് പ്രതികളാണ് സഭ ഉപയോഗിച്ചുവരുന്നത്.

ദു:ഖവെള്ളിയാഴ്ച രാവിലെ ദൈവാലയത്തിലെ ചെറുതു മുതൽ വലുതുവരെയുള്ള എല്ലാ കുരിശുകളും മെഴുകുതിരികാലുകളും കിടത്തിയിടുന്ന ഒരു പാരമ്പര്യം തൊഴിയൂരുണ്ട്. ഇങ്ങനെ കിടത്തി വെച്ച കുരിശുകൾ ഉയർപ്പ് ശുശ്രൂഷ കഴിഞ്ഞാൽ മാത്രമേ നിവർത്തി വയ്ക്കുകയുള്ളൂ. രാവിലെ പ്രഭാത നമസ്കാരത്തോടെ ശുശ്രൂഷകൾ ആരംഭിക്കും. പ്രഭാതവും മൂന്നാം മണിയും നമസ്കാരമേശയുടെ മുകളിൽ വച്ച് നടത്തിയ ശേഷം ആറാം മണി നമസ്കാരം വടക്ക് ഭാഗത്ത് വച്ചും ഒമ്പതാം മണി നമസ്കാരം തെക്ക് ഭാഗത്തും വെച്ചും ആണ് നടത്തുന്നത്. ഈ സയത്ത് നമസ്കാരമേശ വടക്ക് ഭാഗത്തോട്ടും തെക്ക് ഭാഗത്തോട്ടും നീക്കിയിടും അല്ലെങ്കിൽ മറ്റൊരു മേശ ഇതിനായി ഒരുക്കും. നമ്മുടെ കർത്താവിനെ പടയാളികൾ ന്യായാധിപന്മാരുടെ അടുക്കൽ ന്യായവിധിക്കായി കൊണ്ട് പോയതിനെ പ്രതിനിധീകരിച്ചാണ് ഇത്തരത്തിൽ യാമനമസ്കാരങ്ങളെ രണ്ട് ഭാഗങ്ങളിലായി പരിശുദ്ധ പിതാക്കന്മാർ ക്രമീകരിച്ചിരിക്കുന്നത്. ആറാം മണി നമസ്കാരത്തോടെ കുരിശിനെ വിശുദ്ധ മാമോദീസ തൊട്ടിയിൽ വെച്ച് കഴുകി വൃത്തിയാക്കിയ ശേഷം വിശുദ്ധ മദ്ബഹായുടെ മുമ്പിൽ ഒരു മേശയുടെ മുകളിൽ നാട്ടുന്നു. വൈദീകർ അല്ലെങ്കിൽ ശെമ്മാശന്മാരാണ് കുരിശിനെ കഴുകി വൃത്തിയാക്കുക. ഗോൽഗോഥായിൽ നഗ്നനായി തൂക്കപ്പെട്ടു എന്നതിനെ അനുസ്മരിച്ച് സാധാരണ മേശയുടെ മുകളിൽ വിരികൾ ഇടാറില്ല. ഇരുവശങ്ങളിലായി രണ്ട് വളഞ്ഞ തിരികളാണ് വയ്ക്കുന്നത്. കള്ളന്മാരുടെ കാൽ മുട്ടുകൾ ഒടിഞ്ഞതിനെയാണ് ഇത് സൂചിപ്പിക്കുന്നത്. അന്തോക്ക്യ ശ്ഹീമ പാരാമ്പര്യത്തിലും ഇങ്ങനെ മെഴുകുതിരികൾ വളയ്ക്കുന്ന രീതി കണ്ടുവരുന്നുണ്ട്. വിശുദ്ധ ഏവൻഗേലിയോൻ വായന സമയത്ത് കള്ളന്മാരുടെ കാലുകൾ പടയാളികൾ ഒടിച്ചു എന്ന് വായിക്കുന്ന സമയത്ത് ഇങ്ങനെ മെഴുകുതിരികൾ വളച്ച് വയ്ക്കുന്ന രീതിയാണ് കണ്ടിട്ടുള്ളത്. അതു കൊണ്ട് തന്നെ പാരമ്പര്യങ്ങളെ കാത്തുസൂക്ഷിക്കുന്നതിൽ സഭയുടെ പിതാക്കന്മാർ കാണിച്ചിരുന്ന കാർക്കശ്യത്തെയാണ് കാണാൻ കഴിയുക. കൂടാതെ വലതു ഭാഗത്തെ കള്ളനെ സൂചിപ്പിച്ച് രണ്ട് തിരികളിൽ ഒന്നിൽ ഒരു ചെറിയ കുരിശ് കൂടി വയ്ക്കുന്നു.

ഒമ്പതാം മണി നമസ്കാരം കഴിഞ്ഞാൽ സ്ലീബാ വന്ദനവിന്റെ ശുശ്രൂഷ ആരംഭിക്കും. രണ്ട് രീതിയിലാണ് ചെയ്തു വരുന്നത്. താഴെ നമസ്കാരമേശമേൽ ആരംഭിച്ച് സ്ലൂസോ, മസുമൂർ, പ്രൊമിയോൻ, സെദറ, എത്രോ എന്നിവ കഴിഞ്ഞ് വിശുദ്ധ മദ്ബഹായിലേക്ക് പ്രവേശിച്ച് അംശവസ്ത്രം ധരിച്ച് പ്രദക്ഷിണം ഇറങ്ങുന്ന രീതിയുണ്ട് അല്ലെങ്കിൽ ആദ്യമെ തന്നെ മദ്ബഹായിൽ പ്രവേശിച്ച് അംശവസ്ത്രം ധരിച്ച ശേഷം ശുശ്രൂഷകൾ ആരംഭിക്കുന്ന രീതിയും ഉണ്ട്. വിശുദ്ധ മദ്ബഹായിലേക്ക് പ്രവേശിക്കുന്നതോടുകൂടി പടവിൽ വച്ചിരിക്കുന്ന മേശയും കുരിശും മെഴുകുതിരിയും മദ്ബഹായുടെ അകത്ത് നടുവിൽ ക്രമീകരിയ്ക്കും.

ദുഃഖവെള്ളിയാഴ്ചയുടെ ശുശ്രൂഷയിൽ ദൈവാലയത്തിനകത്തുള്ള ഒരു പ്രദക്ഷിണം മാത്രമാണ് ക്രമത്തിൽ ഉള്ളത്. പ്രദക്ഷിണ സമയത്ത് സ്ലീബായെ ചുവപ്പ് നിറത്തിലുള്ള തുണി ഉപയോഗിച്ചാണ് മൂടുന്നത്, കാരണം കർത്താവിനെ ചുവപ്പു അങ്കി ധരിപ്പിച്ചു (രക്താംബരം) എന്നുള്ളതിനെ പ്രതിനിധീകരിച്ചാണ്. ''അവന്റെ വസ്ത്രം അഴിച്ചു ഒരു ചുവന്ന മേലങ്കി ധരിപ്പിച്ചു:'' മത്തായി 27:28; ''അവനെ രക്താംബരം ധരിപ്പിച്ചു, മുള്ളുകൊണ്ടു ഒരു കിരീടം മെടഞ്ഞു അവനെ ചൂടിച്ചു:'' മർക്കൊസ് 15:17; പ്രദക്ഷിണം കഴിഞ്ഞ് തിരിച്ച് മദ്ബഹായിൽ കയറി ശുശ്രൂഷകൾ തുടരും. ശേഷം നാലു ദിക്കിലും ബോവൂസോയും കൗമായും ചൊല്ലി സ്ലീബാ ആഘോഷം നടത്തിയ ശേഷം താഴെ വിശുദ്ധ സ്ഥലത്ത് വടക്ക് ഭാഗത്ത് ക്രമീകരിച്ചിട്ടുള്ള പായയിൽ ആദ്യം വെള്ളതുണിയും മുകളിൽ കറുപ്പ് തുണിയും. (ആനീദെ ദിവസം ഉപയോഗിക്കുന്നത്) വിരിച്ച ശേഷം അതിൽ സ്ലീബായെ കിടത്തുന്നു. തൊഴിയൂർ പാരമ്പര്യത്തിൽ കബറടക്കത്തിന്റെ എല്ലാ ശുശ്രൂഷകളും താഴെ വിശുദ്ധ സ്ഥലത്ത് തന്നെയാണ് നടത്തി വരാറുള്ളത്. സ്ലീബായെ കിടത്തിയ ശേഷം മുള്ളുകൊണ്ടുള്ള കിരീടത്തിനെ പ്രതിനിധീകരിച്ച് എലഞ്ഞിപൂവിന്റെ മാലയും, (ദുഃഖവെള്ളിയാഴ്ച ശുശ്രൂഷയിൽ ഉപയോഗിച്ചിട്ടുള്ള ഈ പൂവ് പിതാക്കന്മാർ ചില വിഷവൈദ്യത്തിന്റെ കൂട്ടുകളിൽ ഉപയോഗിച്ചിരുന്നതായി വാമൊഴിയായി കേട്ടിട്ടുണ്ട്). കാടിവെള്ളത്തെ സൂചിപ്പിച്ച് കയ്പുനീരും, സുഗന്ധക്കൂട്ടായി കുന്തിരുക്കവും, ഇട്ടതിന് ശേഷം ദു:ഖവെള്ളിയുടെ കൗമ ചൊല്ലി ധൂപം വെയ്ക്കും. അതിനു ശേഷം സോഗദീനാൻ എന്ന ഗീതം ചൊല്ലി വൈദീകനും. ഒന്നിൽ കൂടുതൽ വൈദീകർ ഉണ്ടെങ്കിൽ മൂപ്പു മുറയനുസരിച്ച് കുമ്പിടുന്നതായിരിക്കും. ശേഷം ശുശ്രൂഷക്കാരും അതിനു ശേഷം എല്ലാ വിശ്വാസികളും നിലത്ത് പായയിൽ കിടത്തിയിരിക്കുന്ന കുരിശിനെ കുമ്പിട്ട് വന്ദിച്ചെഴുന്നേൽക്കും. കുമ്പിടൽ കഴിഞ്ഞാൽ നീക്കിയിരിപ്പുള്ള കുന്തിരുക്കം ഇട്ട് കുരിശിനെ കിടത്തിയിരിയ്ക്കുന്ന വെള്ളതുണിയോടു കൂടി പൊതിഞ്ഞ് അരിമത്യാ നാട്ടിൽ..... എന്ന ഗീതം ചൊല്ലി പട്ടക്കാരൻ മദ്ബഹായിലെ ത്രോണോസിലെ കബറിൽ അടക്കാൻ കൊണ്ടുപോകുന്നു. അടക്കിയ ശേഷം കബറിന്റെ കവാടത്തിൽ ഉപയോഗിച്ചിരുന്നതായ രണ്ട് വളഞ്ഞ തിരികൾ അവിടെ സ്ഥാപിയ്ക്കുകയും, ശേഷം ധൂപം വെച്ച് കവാടത്തിൽ തന്നെ ആ ധുപകുറ്റിയും വച്ചതിന് ശേഷം വിശ്വാസപ്രമാണം ചൊല്ലി ശുശ്രൂഷ പൂർത്തീകരിക്കുന്നു.

ഉയർപ്പ്

വെളുപ്പിനെ പ്രഭാത നമസ്ക്കാരം ആരംഭിച്ച് പട്ടക്കാരൻ തൂയോബൊ നടത്തുന്നതിന് വിശുദ്ധ മദ്ബഹായിൽ പ്രവേശിക്കുകയും ശേഷം സ്ഥാനവസ്ത്രങ്ങൾ ധരിച്ച് സ്ലീബായെ അടക്കിയിരുന്ന അറയുടെ വാതിൽ തുറന്ന് അറയ്ക്കുള്ളിൽ നിന്ന് സ്ലീബാ പുറത്തെടുക്കുന്നു. കബറടക്കത്തിന്റെ വസ്ത്രങ്ങൾ മാറ്റി പഞ്ഞിയോ തുണിയോ കൊണ്ട് കുന്തിരുക്കവും മറ്റും തുടച്ച് വൃത്തിയാക്കിയ ശേഷം സ്ലീബായെ പുറത്തേക്കെടുത്ത് ശോശപ്പാ കൊണ്ട് മൂടി മദ്ബഹായുടെ നടുവിൽ ക്രമീകരിച്ച ഒരു മേശയുടെ മുകളിൽ വെയ്ക്കും. സ്ലീബായുടെ ഇരുവശങ്ങളിലും പുതിയ തിരികൾ കത്തിച്ചുവെച്ച ശേഷം മറ നീക്കി ശുശ്രൂഷകൾ ആരംഭിയ്ക്കുകയായി. പട്ടക്കാരൻ സ്ലൂസോ, എനിയോനൊ, പ്രൊമിയോൻ, സെദറാ, കോലോകൾ, എത്രോ, ബോവൂസോ, വായനകൾ, ഏവൻഗേലിയോൻ, ഇവയ്ക്കു ശേഷം ഒന്നാം പ്രാവശ്യം ബോവൂസോകൾ ചൊല്ലിയും ശേഷം രണ്ടാം പ്രാവശ്യം ഹൗദ് മാലാഖൈ എന്ന കൗമ ചൊല്ലിയും കിഴക്ക് പടിഞ്ഞാറ് വടക്ക് തെക്ക് എന്നീ നാല് ദിക്കുകളിൽ ആഘോഷിക്കുന്നു. സ്ലീബാ ആഘോഷത്തിന് ശേഷം സ്വത്വം സ്വത്വം അടുത്തവർക്കും ദൂരസ്ഥർക്കും..... എന്ന ഗീതം ചൊല്ലി മദ്ബഹായിൽ ഉള്ള ശുശ്രൂഷകർ സ്ലീബായെ മുത്തുകയും തുടർന്ന് പതിവു പോലെ വിശുദ്ധ കുർബ്ബാന ആരംഭിയ്ക്കുകയും ചെയ്യും. വിശുദ്ധ കുർബ്ബാനയ്ക്ക് ശേഷം ദൈവാലയത്തിനു ചുറ്റും സ്വത്വം സ്വത്വം അടുത്തവർക്കും ദൂരസ്ഥർക്കും എന്ന ഗീതം ചൊല്ലി മൂന്ന് പ്രാവശ്യം പ്രദക്ഷിണവും ശേഷം ദൈവാലയത്തിൽ പ്രവേശിച്ച് കൗമാ ചൊല്ലി ധൂപം വച്ച് അവസാനിപ്പിക്കുകയും ശേഷം എല്ലാവരും കാപ്പാ മുത്തുന്നതിന് പകരം പട്ടക്കാരൻ കാപ്പാകൊണ്ട് പൊതിഞ്ഞ സ്ലീബായെ മുത്തി പിരിയുന്നതാണ് പതിവ്.

മഴയ്ക്കും പകർച്ചവ്യാധികളുടെ ശമനത്തിനും വേണ്ടിയുള്ള പ്രാർത്ഥന.

മുൻ കാലങ്ങളിൽ തൊഴിയൂരും സമീപപ്രദേശത്തും പകർച്ച വ്യാധികൾ പടർന്നു പിടിച്ചിരുന്നു.

> **പേവിഷബാധയേറ്റവരെ സൗഖ്യമാക്കിയിരുന്ന പള്ളിയായിരുന്നു തൊഴിയൂർ പള്ളി. ഇടക്കാലങ്ങളിൽ ഇത് നിർത്തിയെങ്കിലും വിശ്വവിഖ്യാതമായി ഇന്നും പാരമ്പര്യം നിലനില്ക്കുന്നു എന്നതിൽ അതിയായ സന്തോഷമുണ്ട്.**

തൊഴിയൂർ ദേശവാസികളുടെ അഭയസ്ഥാനമായ തൊഴിയൂർ പള്ളിയിൽ എത്തിയ അവരുടെ സങ്കടനിവർത്തിക്കാണ് പരിശുദ്ധ പിതാക്കന്മാർ ഇത്തരത്തിൽ പ്രാർത്ഥന ചിട്ടപ്പെടുത്തിയത്. അതേ തുടർന്ന് ഇന്നും തൊഴിയൂർ സെന്റ് ജോർജ്ജ് ഭദ്രാസന ഇടവക ദൈവാലയത്തിൽ പരിശുദ്ധ ഗീവർഗീസ്സ് സഹദായുടെ പെരുന്നാൾ ദിവസങ്ങളിൽ മഴയ്ക്കു വേണ്ടിയും പകർച്ചവ്യാധികൾ മാറുന്നതിനു വേണ്ടിയുള്ള മദ്ധ്യസ്ഥ പ്രാർത്ഥന സുറിയാനിയിൽ ചൊല്ലുന്ന പതിവുണ്ട്. സന്ധ്യ നമസ്ക്കാരത്തിനു ശേഷവും, പിറ്റേന്ന് വിശുദ്ധ കുർബാനയിലു മാണ് അഭിവന്ദ്യ മെത്രാപ്പോലീത്ത യും വൈദീകരും ചേർന്ന് ഈ പ്രാർത്ഥന ചൊല്ലാറുള്ളത്. മാത്രമല്ല പെരുന്നാളിന്റെ റാസ ഇറങ്ങി അങ്ങാടിയിൽ എത്തി ദൈവാല യത്തിലേക്ക് മടങ്ങുന്നതിന് മുമ്പ് അവിടെ ചൊല്ലുന്ന പ്രാർത്ഥന യും ഈ ദേശത്തെ പകർച്ചവ്യാധി കളും അസുഖങ്ങളും നിങ്ങിപ്പോക ണമെ എന്ന മദ്ധ്യസ്ഥ പ്രാർത്ഥന യാണ് നടത്തുന്നത്.

ചികിത്സയും പാരമ്പര്യവും

തൊഴിയൂർ പള്ളിയുടെ അടിസ്ഥാന ശിലയിടുന്നത് തന്നെ പേവിഷമേറ്റ ബാലന്റെ സൗഖ്യദായക ശുശ്രൂ ഷയിലൂടെയാണ്. ഇന്നും ജനം തൊഴിയൂർ പള്ളിയെ അന്വേഷിച്ച് വരുന്നതിന്റെ കാരണം മഹത്തായ ഈ പരമ്പര്യമാണ്. സഭയുടെ സ്ഥാപകരും വൈദ്യന്മാരുമായിരുന്ന ആ ദിവ്യാത്മാക്കൾ തലമുകൾക്ക് കൈമറഞ്ഞുതന്ന ഔഷധക്കൂട്ടുകൾ തൊഴിയൂർ സഭയെ സംബന്ധിച്ചി ടത്തോളം അമൂല്യമായ ഒന്നാണ്. അതുകൊണ്ട് തന്നെ പേവിഷബാധ യേറ്റവരെ തൊഴിയൂർ പള്ളിയിൽ കൊണ്ടുവരികയും പിന്നീട് സുഖം പ്രാപിച്ചിട്ടുമാണ് അവർ പള്ളി പരിസരം വിട്ടിരുന്നത്. എന്നാൽ ഇടക്കാലങ്ങളിൽ ഇത് നിർത്തി യെങ്കിലും വിശ്വവിഖ്യാതമായി ഇന്നും ഈ പാരമ്പര്യത്തിന്റെ ഓളങ്ങൾ അലയടിക്കുന്നുണ്ട് എന്നതിൽ അതിയായ സന്തോ ഷമുണ്ട്. അതുപോലെ തന്നെ മാനസികമായ വിഭ്രാന്തിയുള്ളവ രും സൗഖ്യത്തിനായി തൊഴിയൂർ പള്ളിയെ സമീപിച്ചിരുന്നു. ഊഴത്തിൽ ഇരിക്കുന്ന വൈദീകരോ അല്ലെങ്കിൽ അതിന് നിയോഗിച്ച വൈദീകരോ (തൊഴിയൂരെ പള്ളിയിൽ താമസി ക്കുന്ന ദയറാ പട്ടക്കാരെയാണ് സാധാരണ നിയോഗിക്കാറുള്ളത്.) നാൽപത്തിയൊന്ന് ദിനം വ്രത മെടുത്ത് പള്ളിയിൽ താമസിച്ച് യാമനമസ്ക്കാരങ്ങൾ ചൊല്ലി ചില പ്രത്യേക വൈദ്യകൂട്ടുകളിൽ പാകപ്പെടുത്തിയെടുത്ത അഞ്ഞൂർ പള്ളിയുടെ നെയ്യ് ഈ ചികിത്സ യുടെയെല്ലാം അടിസ്ഥാന ഘടക മാണ്. മാത്രമല്ല ഇവിടെ ചികിത്സ യ്ക്കായി വരുന്നവർ ദൈവാല യത്തിൽ പ്രാർത്ഥനയ്ക്ക് ഇരിക്കുന്ന പതിവുണ്ടായിരുന്നു. പള്ളിയെ തേടി വേദനയോടെ വരുന്നവരാരും നിരാശരായി മടങ്ങി പോയിട്ടില്ല. ദൈവത്തിന്റെ കരുതലും പരിശുദ്ധ പിതാക്കന്മാരുടെ അനുഗ്രഹവും വന്ദ്യ വൈദീകശ്രേഷ്ഠരുടെ നിഷ്ഠ യോടെയുള്ള വ്രതാനുഷ്ഠാനങ്ങ ളുമാണ് ഈ അനുഗ്രത്തിന്റെ കാരണം.

തൊഴിയൂർ പള്ളിയിൽ എല്ലാ സമയങ്ങളിലും ഒരു വൈദികന്റെ സാന്നിധ്യം ഉണ്ടായിരിക്കും. അഭിവന്ദ്യ മെത്രാപ്പോലീത്ത നിയോഗിക്കുന്ന പട്ടക്കാരാണ് ഇവർ. പാരമ്പര്യ ചികിത്സാമുറ കളിലും മനശാസ്ത്രത്തിലും പക്വത ഉള്ളവരാണ് എന്ന് അഭിവന്ദ്യ മെത്രാപ്പോലീത്തയ്ക്ക് ബോധ്യ പ്പെട്ടവരെയാണ് ഇങ്ങനെ നിയോ ഗിക്കുന്നത്. കുടുംബജീവിതം വിട്ട് തന്റെ ഊഴത്തിന്റെ ആഴ്ചയിൽ ദൈവാലയത്തിൽ വ്രതാനിഷ്ഠ യോടെ താമസിക്കുക പതിവായിരു ന്നു. ഞായർ സന്ധ്യ മുതൽ അടുത്ത ഞായർ സന്ധ്യ വരെ. ഇവരെയാണ് ഊഴവികാരിമാർ എന്ന് വിളിച്ചി രുന്നത്. കൂട് നിറച്ച് കൊടുക്കുന്ന ഒരു പാരമ്പര്യം തൊഴിയൂർ പള്ളിയിൽ ഉണ്ടായിരുന്നു. സമീപ പ്രദേശങ്ങളിൽ താമസിക്കുന്ന അക്രൈസ്തവരായവർ ആയിരുന്നു ഇങ്ങനെ കൂട് നിറച്ച് വാങ്ങിയിരുന്നത്. എന്നാൽ പിന്നീട് സഭാ ഭേദമെന്യേ എല്ലാ ക്രിസ്ത്യാനികളും ഈ പ്ര ക്രിയ ആരംഭിച്ചതോടെ സഭ തന്നെ ഇതിന് വിരാമമിട്ടു. ഇന്നും അഞ്ഞൂർ പള്ളിയിൽ വരുന്നവർ അനുഗ്രഹ ങ്ങളോടെ തന്നെയാണ് മടങ്ങുന്നത്. സഭയുടെ പാരമ്പര്യങ്ങളും അനുഷ്ഠാനങ്ങളും ചിട്ടയോടെ പാലിച്ച് ഇന്നും മുന്നോട്ട് ചലിക്കുന്നു.

റൈഫിസൺ ബാബു
സഭാ യൂത്ത്ലീഗ് ട്രഷറർ

സഭയുടെ തൊട്ടിൽ

Mar Behanam Chapel

"The Cradle of Malabar Independent Syrian Church"

പരിശുദ്ധ കാട്ടുമങ്ങാട്ട് ബാവാമാരാൽ സ്ഥാപിതമായ അഞ്ഞൂർ മാർ ബഹനാം ചാപ്പൽ മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ പ്രഥമ ദൈവാലയം.

പലരും വിസ്മരിക്കുന്ന തർക്കമറ്റ ഒരു സഭാ ചരിത്രം ഉണ്ട്. 1772-ൽ യരുശലേമിന്റെ യൂഹന്നാൻ മാർ ഗ്രീഗോറിയോസ് കാലം ചെയ്യുമ്പോൾ മലങ്കരയിൽ പൂർണ്ണ അഭിഷിക്തരായ രണ്ട് മെത്രാപ്പോലീത്തമാർ ഉണ്ടായിരുന്നു. മുളന്തുരുത്തിയിൽ ജനിച്ച അബ്രാഹം മാർ കൂറിലോസും പുനരഭിഷേകം ചെയ്യപ്പെട്ട വലിയ മാർ ദിവന്നാസിയോസും. പക്ഷേ ഇവരിൽ ആരാണ് ഔദ്യോഗികമായി 6-ാം മാർത്തോമ്മ എന്ന തീരുമാനത്തിലേക്കെത്താൻ ചരിത്രം ഒരുപാട് പിന്നിടേണ്ടിവരും. ജനങ്ങളുടെ പ്രീതി നേടി അവരുടെ സംഖ്യാബലത്തിൽ തന്നെ പീഡിപ്പിച്ചവർക്കു നേരെ പടയോട്ടം നടത്താതെ, അധികാരം ഉറപ്പിക്കാൻ ശ്രമിക്കാതെ, തനിക്കു ലഭിച്ച വൈദീക താലന്ത് നഷ്ടപ്പെടുത്താതെ, ഏകാന്തതയിലേക്ക് സഞ്ചരിച്ച പിതാക്കന്മാരിൽ പ്രഥമ ഗണനീയനാണ് പരിശുദ്ധ അബ്രഹാം മാർ കൂറിലോസ് ബാവ.

ജനങ്ങളുടെ പ്രീതി നേടി അവരുടെ സംഖ്യാബലത്തിൽ തന്നെ പീഡിപ്പിച്ചവർക്കു നേരെ പടയോട്ടം നടത്താതെ, അധികാരം ഉറപ്പിക്കാൻ ശ്രമിക്കാതെ, തനിക്കു ലഭിച്ച വൈദീക താലന്ത് നഷ്ടപ്പെടുത്താതെ, ഏകാന്തതയിലേക്ക് സഞ്ചരിച്ച പിതാക്കന്മാരിൽ പ്രഥമ ഗണനീയനാണ് പരിശുദ്ധ അബ്രഹാം മാർ കൂറിലോസ് ബാവ

1772 – കാലഘട്ടങ്ങളിലാണ് പരിശുദ്ധ അബ്രഹാം മാർ കൂറിലോസ് ബാവായും സ്വസ ഹോദരൻ ഗീവർഗ്ഗീസ് റമ്പാനും കൊച്ചിയും, തിരുവിതാംകൂറും പിന്നിട്ട് ബ്രിട്ടീഷ് മലബാറിന്റെ തെക്കുകിഴക്കുഭാഗമായ "അഞ്ഞൂർ" എന്ന ഗ്രാമത്തിൽ എത്തുന്നത്. ക്രൈസ്തവരല്ലാത്ത അഞ്ഞൂർ ഗ്രാമനിവാസികളുടെ സഹായത്തോടെ ബാവമാർ ഈ ഗ്രാമത്തിൽ ഒരു കുടിൽ കെട്ടി താമസം ആരംഭിച്ചു. ബാവമാർ പ്രാർത്ഥനയോടും ഉപവാസത്തോടും കൂടെ താമസിച്ചിരുന്ന ഈ കുടിലാണ് പരിശുദ്ധ ബഹനാം സഹദായുടെ നാമത്തിൽ സഭയുടെ പ്രഥമ ദേവാലയമാകുന്നത്. പരിശുദ്ധ ബഹനാം സഹദായുടെ മധ്യസ്ഥതയിൽ അഭയപ്പെട്ട് ബാവമാർ പ്രാർത്ഥന ജീവിതം നയിക്കുന്ന ഈ ചാപ്പലിൽ ആ കാലത്ത് പുന്നത്തൂർ

അന്യരുടെ കൈകളാൽ മർദ്ദനമേൽക്കുന്നതിനേക്കാൾ നല്ലത് പേവിഷബാധ യേറ്റ കുഞ്ഞിന്റെ നഖക്ഷതങ്ങൾ കൊണ്ട് മരിക്കുന്നതാണ് എന്ന് പരിശുദ്ധ വലിയ ബാവ മനസ്സിൽ കണ്ടിരിക്കണം. അതു കൊണ്ടുതന്നെ ആ ബാലനെ സ്വന്തം മടിയിൽ കിടത്തി പരിശുദ്ധ ബഹനാം സഹദായോടു കരഞ്ഞ് പ്രാർത്ഥിച്ചു.

രാജാവിന്റെ സൈന്യാധിപനായിരുന്ന ഹൈദ്രോസ് കുട്ടി മൂപ്പന്റെ "കുഞ്ഞിപ്പോക്കർ" എന്ന ബാലനെ പേവിഷ ബാധയേറ്റ് അബോധാവസ്ഥയിൽ വായിൽ നിന്നും, നുരയും, പതയും വന്ന് മരണാസന്നമായ നിലയിൽ കൊണ്ടുവരാൻ ഇടയായി. അന്യരുടെ കൈകളാൽ മർദ്ദനമേൽക്കുന്നതിനേക്കാൾ നല്ലത് പേവിഷബാധ യേറ്റ കുഞ്ഞിന്റെ നഖക്ഷതങ്ങൾ കൊണ്ട് മരിക്കുന്നതാണ് എന്ന് പരിശുദ്ധ വലിയ ബാവ മനസ്സിൽ കണ്ടിരിക്കണം. അതു കൊണ്ടുതന്നെ ആ ബാലനെ സ്വന്തം മടിയിൽ കിടത്തി പരിശുദ്ധ ബഹനാം സഹദായോടു കരഞ്ഞ് പ്രാർത്ഥിച്ചു. ആ കണ്ണുനീരിൽ കുതിർന്ന ഒരു ഗുളിക ആ കുഞ്ഞിന്റെ വായിൽ വെച്ചു കൊടുത്തപ്പോൾ കണ്ണുനീരിൽ മനസലിയുന്ന ദൈവം ആ കുഞ്ഞിനെ പൂർണ്ണസൗഖ്യത്തിന്റെ പാതയിലേക്ക് വഴി നടത്തി.

തന്റെ കുഞ്ഞിന്റെ ജീവൻ രക്ഷിച്ച ബാവമാർക്ക് പാരിതോഷികമായി ഹൈദ്രോസ് കുട്ടി മൂപ്പൻ പുന്നത്തൂർ രാജാവിൽ നിന്ന് അഞ്ഞൂർ ഗ്രാമത്തോട് ചേർന്ന് കിടക്കുന്ന തൊഴിയൂർ എന്ന ഗ്രാമത്തിൽ നൂറോളം ഏക്കർ തെങ്ങിൻതോപ്പ് നൽകി. പിന്നീട് ശക്രുള്ള മാർ ബസ്സേലിയോസിൽ നിന്ന് ലഭിച്ച വി.ഗീവർഗ്ഗീസ് സഹദായുടെ അസ്ഥിയാൽ പരിശുദ്ധ അബ്രഹാം മാർ കൂറിലോസ് ബാവ ഈ സ്ഥലത്ത് ഒരു ദേവാലയം പണിതീർത്തു. ഇവിടെ "മലബാർ സ്വതന്ത്ര സുറിയാനി സഭ" എന്ന ഒരു സ്വതന്ത്ര സഭാ വിഭാഗം ജീവൻ പ്രാപിക്കുകയും ചെയ്തു. പരിശുദ്ധ ബാവമാർക്ക് അഞ്ഞൂർ എന്ന ഗ്രാമത്തിൽ പ്രഥമ തണലായി തീർന്ന മാർ ബഹനാം ചാപ്പൽ ഈ ഗ്രാമനിവാസികൾക്ക് എന്നും പ്രിയപ്പെട്ടതാണ്. ഇന്നും ജാതി മതഭേദമെന്യ വിശ്വാസികൾ തങ്ങളുടെ മനപ്രയാസങ്ങൾ ഇറക്കിവെയ്ക്കുന്നതിനും, സങ്കട നിവർത്തിക്കുമായി മാർ ബഹനാം സഹദായുടെയും പരിശുദ്ധ കൂറിലോസ് പിതാക്കന്മാരുടേയും മധ്യസ്ഥതയിൽ അഭയപ്പെടുന്നു.

നോമ്പു കാലങ്ങളിൽ വിശ്വാസികൾ ഒത്തുകൂടി ഈ ചാപ്പലിൽ മുടങ്ങാതെ പ്രാർത്ഥനകൾ നടത്തിപോരുന്നു. 1895–ൽ സഭയുടെ കരുമാം കുഴി ഗീവർഗ്ഗീസ് മാർ കൂറിലോസ് തിരുമേനിയും, 1970–ൽ സഭയുടെ അയ്യംകുളങ്ങര പൗലോസ് മാർ പീലക്സിനോസ് തിരുമേനിയും ഈ ചാപ്പൽ പുതുക്കി പണിതിട്ടുണ്ട്.

മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ ആവിർഭാവത്തിന് അടിസ്ഥാനമായ മാർ ബഹനാം ചാപ്പൽ "സഭയുടെ തൊട്ടിൽ" എന്ന് അറിയപ്പെടുന്നു.

മോളു വർഗ്ഗീസ്

പരിശുദ്ധ ഗീവർഗ്ഗീസ് ബാവായെ

പരിശുദ്ധ കാട്ടുമങ്ങാട്ട് ഗീവർഗ്ഗീസ് ബാവായെ
നിൻ മക്കൾ ഞങ്ങൾക്കായ് പ്രാർത്ഥിക്കണേ!
മലബാർ സ്വതന്ത്ര സഭ തന്നുടെ ഭാഗ്യതാര
പുണ്യ സുരഭില ശുഭ്ര സൂനം
കാട്ടുമങ്ങാട്ട് ഗീവർഗ്ഗീസ് ബാവായെ
നിന്നോർമ്മ വാഴ്‌വിനായ് തീർന്നിടട്ടേ

വിശ്വാസ തീഷ്ണത ജീവിതവ്രതമാക്കി
പ്രാർത്ഥന ഉപവാസ നിഷ്ഠകളാലെന്നും
സ്വാത്മത്തെ സർവ്വദാ പ്രോജ്ജ്വലിച്ചോന്നും
പരിശുദ്ധി തന്നുടെ കേദാരമായുള്ള
വനാന്തരേ പാർത്തൊരു ക്രൈസ്തവ മാമ്മുനേ
പരിശുദ്ധ ബാവായെ നമിക്കുന്നെങ്ങൾ.
(പരിശുദ്ധ കാട്ടുമങ്ങാട്ട്.....)

നിറകണ്ണുമായ് വന്നു തന്നോടിരന്നൊരാ
താന്തരാം കർഷകവൃന്ദത്തിന്മേൽ
താവക മാധ്യസ്ഥ മാരി ചൊരിഞ്ഞങ്ങു
ഊർവ്വിയെ ഫല സാന്ദ്രമാക്കിയോനെ
ജീവിത വൃത്തിയിൽ താളടിയാകുമ്പോൾ
പുതുനാമ്പായ് കിളിർക്കാൻ വരമേകണേ
(പരിശുദ്ധ കാട്ടുമങ്ങാട്ട്.....)

അനപത്യദുഃഖത്തിൻ തേങ്ങലുമായ് വന്ന
താവക മാധ്യസ്ഥം തേടിയണഞ്ഞൊരാ
അർത്ഥിക്കു സന്താനലബ്ധിയാം സ്വാന്തനം
ദാമ്പത്യവല്ലരി പുഷ്പ്പിക്കാൻ യാചിക്കും
മക്കൾ തൻ അർത്ഥന കേട്ടിടണേ
(പരിശുദ്ധ കാട്ടുമങ്ങാട്ട്.....)

ഭാഗ്യ സ്മരണാർഹനാകും പരിശുദ്ധ
താവക മാധ്യസ്ഥ തേടിടുവാൻ
നിന്നപദാനങ്ങൾ ആലപിക്കാൻ
വേദപ്പൊരുൾ തേടി ശുദ്ധരാക്കാൻ
വിശ്വാസ ജീവിതം പിൻപറ്റുവാൻ
സ്വർഗ്ഗസ്ഥ താതനോടർത്ഥിക്കണേ....
(പരിശുദ്ധ കാട്ടുമങ്ങാട്ട്.....)

സ്മരണാഞ്ജലി

ജോൺ പീറ്റർ

ഷീൻലാക് പെയിന്റ്സ്, ചെന്നൈ

12.09.1932 - 15.04.2010

Guru
CANDLES
കപ്പ് തിരി, പള്ളിതിരി
വഴിപാട് തിരി, ബർത്ത്ഡേ തിരി
എല്ലാവിധ മെഴുകുതിരി
ഉത്പന്നങ്ങളും ലഭ്യമാണ്
GURU CANDLE WORKS
Kattakampal - Thrissur Dt.
PIN - 680544
GSTIN : 32ARXPR0069E1ZK
Office : 9745210776
email : gurucandles1@gmail.com
Guru
RUBBER PRODUCTS
WHOLESALE & RETAILS
RUBBER BAND
FINGER CAP

JIJU
9746407487
VIVEK
9946945977
Royal Beauty Centre
1ST FLOOR, MANAF BUILDING, CLOTH BAZHAR, BROADWAY
DOOR DELIVERY
WHOLESALE DEALERS IN BEAUTY PARLOUR ITEMS & MAKEUP ITEMS

With best complimens from

St.Kurilose Prayer Fellowship-Kingdom Of Bahrain

ഫോൺ: 04885 224509, 9847157218

പി.വി.സി. ട്രേഡേഴ്സ്

അരിമാർക്കറ്റ്

വടക്കാഞ്ചേരി റോഡ്, കുന്നംകുളം – 680 503

ബിരിയാണി, ബേക്കറി, പലചരക്ക് & ഡിസ്പോസബിൾ ഐറ്റംസ്

WITH BEST COMPLIMENTS FROM :

BENOYI CHEERAN & FAMILY

CHALISSERY

Yesbe Group - UAE & India

ഫാ. മൈക്കിൾ ഗീവർഗ്ഗീസ്
കൊരട്ടിക്കര - കോയമ്പത്തൂർ വികാരി

ചുഴി

കോവിഡ് കാലഘട്ടം എന്നത് നമുക്ക് നൽകിയ ദുരനുഭവങ്ങളിൽ ഒന്നാണ് വെർചൽ ലോകത്തിൽ ഒതുങ്ങി കൂടെണ്ടിവന്ന ഒരു തലമുറ. പാട വരമ്പത്തുകൂടി നടന്നു കളിക്കേണ്ട പ്രായത്തിൽ തന്നെ മൊബൈൽ ഫോണിന്റെ അടിമകളായി മാറുന്നു. ഒരു ദിവസം 18 മുതൽ 20 മണിക്കൂർ വരെ മൊബൈൽ ഉപയോഗിക്കുന്നവർ നമുക്കിടയിലുണ്ട്. ഈ ശീലം അവരുടെ ശീലങ്ങളെയും പെരുമാറ്റത്തെയും മാറ്റി എന്നത് സത്യമാണ്. രോഗബാധിതരായി എന്നു പോലും മനസ്സിലാക്കാത്ത ഈ അടിമത്ത്വം നമ്മെ നടത്തുന്നത് ഗുരുതരമായ മാനസിക നിലയിലേക്കാണ്. ഓൺലൈൻ ഗെയിം അടിമകളുടെ എണ്ണം ദിനം തോറും കൂടികൊണ്ടിരിക്കുകയാണ് അതിരുകടക്കുന്ന ഈ അടിമത്വം ശരീരത്തിനും മനസ്സിനും താളം തെറ്റിക്കും എന്നതിനു സംശയമില്ല. ലോക്ഡൗൺ കാലത്ത് പഠനം വീടുകൾക്കുള്ളിലായപ്പോൾ കുട്ടികളുടെ നിയന്ത്രണത്തിലായി സ്മാർട്ട് ഫോണുകൾ. ഗുണങ്ങളോടൊപ്പം തന്നെ സ്വാഭാവികമായും ദോഷങ്ങളും ഉണ്ടായി. ഗെയിം അഡിക്ഷൻ, സ്ക്രീൻ അഡിക്ഷൻ ഡിസോർഡറുകൾ എന്നിവ രക്ഷിതാക്കൾക്ക് മാത്രമല്ല, കുട്ടികളുടെ ഭാവിക്കും വെല്ലുവിളിയായി മാറുന്ന കാഴ്ചയാണ്. ഗെയിമുകൾക്ക് അടിമപ്പെട്ട് പണം നഷ്ടപ്പെട്ട, മാനസിക പ്രശ്നങ്ങളുണ്ടായ, പഠനത്തിൽ പിന്നാക്കം പോയ ഒട്ടേറെ കുട്ടികളും അതോർത്തു വിഷമിക്കുന്ന മാതാപിതാക്കളും. വെറുതെ നേരമ്പോക്കിനാവും ആദ്യം ഇത്തരത്തിലുള്ള ഗെയിം കളിച്ചു തുടങ്ങുക. പിന്നെ പണംവച്ചു കളിക്കും. ഒടുവിൽ കരകയറാനാവാത്ത വിധം അഡിക്ഷനിലേക്ക് കുട്ടികൾ വഴുതി വീഴുന്നു.ഗെയിമുകളിൽ പലതിലും എന്തിനെയെങ്കിലുമൊക്കെ നശിപ്പിക്കുന്ന തരത്തിലുള്ള ആശയങ്ങളായതിനാൽ കുട്ടികളിൽ അക്രമവാസനയുണ്ടാക്കാൻ ഇവ ഇടയാകുന്നു. കുട്ടികളുടെ മാനസികനിലയുടെ താളം തെറ്റിക്കാനും ഇത്തരം അഡിക്ഷൻ കാരണമാകുന്നു. കുട്ടികളുടെ ചിന്തകളെ ഇവ സ്വാധീനിക്കുക മാത്രമല്ല, കുട്ടികളിൽ ദേഷ്യവും വാശിയും കൂട്ടുകയും ചെയ്യുന്നു. പഠനത്തിലുള്ള ശ്രദ്ധ കുറയുന്നു. തലവേദന, കഴുത്തുവേദന, കണ്ണിനുണ്ടാകുന്ന കുഴപ്പങ്ങൾ തുടങ്ങിയ ആരോഗ്യ പ്രശ്നങ്ങളും. ചുറ്റുമുള്ളവരുമായി അടുപ്പം കുറയുന്നു. ക്രമേണ കുട്ടികൾ വിഷാദത്തിലേക്ക് വഴുതി വീഴുന്നു.2022 ജൂൺ26 നു കല്ലമ്പലം നാവായിക്കുളത്ത് +2 വിദ്യാർത്ഥിനി ആയിരുന്ന ജീവമോഹൻ എന്ന പെൺകുട്ടിയുടെ മരണം ഇതിനു ഉദാഹരണമാണ്. പഠനത്തിലെ മികവുപുലർത്തിയിരുന്ന ജീവ പിന്നീട് മൊബൈയിലിനു അടിമയായി മാറി. മൊബൈൽ ഉപയോഗം തന്റെ പഠനത്തിന്റെ നിലവാരം കുറച്ചു എന്ന തിരിച്ചറിവാണ് തന്റെ മരണത്തിനുകാരണമായെന്ന് മരണകുറിപ്പിൽ പറയുന്നു. ലഹരിക്ക് അടിമയായിമാറുന്നവരിൽ ഉള്ളതുപോലെയുള്ള ചിന്തയ്ക്കതീനമായ ആവേശമാണ് ഇത്തരം വിനോദങ്ങളോടു ചില ആളുകൾക്കുണ്ടാകുന്നത്. കലഹവും വെടിവയ്പും നിറഞ്ഞ കളികൾ വ്യത്യാസമില്ലാതെ പടർന്നുപന്തലിക്കുന്നതു ലോകത്തിന്റെ ആശങ്കയായി മാറി

യിരിക്കുന്നു. കുടുംബബന്ധങ്ങളിൽ പോലും വലിയ സംഘർഷങ്ങൾക്കു വഴിയൊരുക്കുന്നുണ്ട്. ചിലരുടെ പ്രാർത്ഥനാവശ്യങ്ങൾ ഇത് വ്യക്തമാക്കുന്നുണ്ട്. മാനസിക ഉല്ലാസത്തിനു മറ്റെല്ലാ കളികളെയുംപോലെ, ഈ “ജീ” കളികളിലും തെറ്റുപറയാനാകില്ല; നമ്മുടെ നാട് സമ്പൂർണ ഡിജിറ്റൽ സാക്ഷരതയിലേക്കു സഞ്ചരിക്കുന്ന ഇക്കാലത്തു അതിന്റെ പ്രാധാന്യം വലുതാണ്. എന്നാൽ, മനുഷ്യരെ മാനസികമായും ശാരീരികമായും തളർത്തുന്നതും മനോനില താളംതെറ്റിക്കുന്നതുമായ കളികളും ഉപയോഗങ്ങളും ഒഴിവാക്കുകതന്നെ വേണം. ‘ജീ‘ എന്ന ചുഴിയിൽ പതിയിരിക്കുന്ന അപകടങ്ങളെക്കുറിച്ചു നാം ബോധവാന്മാരാവണമെന്നു വിദഗ്ധർ പറയുമ്പോൾ അതിന് നാം അങ്ങേയറ്റം ഗൗരവം കൊടുക്കേണ്ടതുണ്ട്. തിരക്കുകൂടിയപാതയിൽ ഇറങ്ങുന്ന നാം എങ്ങനെ സുരക്ഷാനിർദേശങ്ങൾ ശ്രദ്ധിക്കുന്നതുപോലെതന്നെ വേണം ഇവിടെയും. ചതിക്കുഴികളിൽ പതിക്കുന്നവരുടെ എണ്ണം ദിനം തോറും കൂടിവരുന്നത് കാണാം. ഓൺലൈൻ കളികളെയും അവയുടെ സ്വഭാവത്തെയും നിയന്ത്രിക്കാൻ നമ്മുടെ നാട്ടിൽ ഒരു പരിധിവരെ ഫലപ്രദമായ നിയമമില്ലാത്തതും ആപൽസാധ്യതകൾ വർധിപ്പിക്കുന്നു. ചില ആപ്പുകൾ നിരോധിച്ചത് മാത്രം പോര.

നവലോകത്ത് അനന്തമായ ഗുണസാധ്യതകളുള്ള ഗാഡ്ജറ്റുകളുടെ ദുരുപയോഗം സ്വയംവിനാശത്തിലേക്കു മാറാതിരിക്കാൻ അതീവ ജാഗ്രത ഉണ്ടായേതീരൂ. എല്ലാവരും ഇവ ദുരുപയോഗം ചെയ്യുന്നുവെന്നല്ല. അതേസമയം, അറിവില്ലായ്മകൊണ്ടും സാഹസികതാൽപര്യം കൊണ്ടും വഴിതെറ്റലുകൾ ഉണ്ടാകുന്നു. അതുകൊണ്ടുതന്നെ, ഗാഡ്ജറ്റ് ഉപയോഗത്തിലെ ഗുണങ്ങളും ദോഷങ്ങളും ബോധ്യപ്പെടുത്താൻ രക്ഷിതാക്കളും അധ്യാപകരും മുൻകയ്യെടുക്കണം. സ്കൂൾ അധ്യയനമില്ലാതെ വീട്ടിലിരിക്കുന്ന കുട്ടികളുടെ കാര്യത്തിൽ രക്ഷിതാക്കളുടെ ശ്രദ്ധ പരമപ്രധാനംതന്നെ. പുറത്തെ സൗഹൃദങ്ങളും കളിനേരങ്ങളുമൊക്കെ നഷ്ടപ്പെട്ട കുട്ടികൾ അപകടകരമായ ഓൺലൈൻ കളികളിലേക്ക് എത്തിപ്പെടാനുള്ള സാധ്യത കൂടുതലാണ്. കുടുംബാന്തരീക്ഷം കൂടുതൽ ഊഷ്മളമാക്കിയും വീട്ടകങ്ങളിൽ കൂടുതൽ സന്തോഷം നിറച്ചും വീട്ടിലുള്ളവർ ഒന്നിച്ചിരിക്കുന്ന നേരങ്ങളുടെ ദൈർഘ്യം കൂട്ടിയുമൊക്കെ കുട്ടികളുടെ മടുപ്പും ഏകാന്തതയും മാറ്റാനാകും. നമ്മുടെ കുട്ടികൾ സൈബർ ചതിക്കുഴികളിലെ അപകടത്തിൽപ്പെട്ടാൽ രക്ഷപ്പെടാനുള്ള വഴി അവർക്കു പറഞ്ഞുകൊടുക്കുകയും വേണം

‘ജീ‘ എന്ന ചുഴിയിൽ വിഴുമ്പോൾ ഉണ്ടാകുന്ന പ്രധാന പ്രശ്നങ്ങൾ

1) തലചോറിന്റെ വളർച്ച കുറയുന്നു.

തലചോറിന്റെ വികാസം സംഭവിക്കുന്ന കാലഘട്ടമാണ് ബാല്യം. ഈ കാലത്താണ് ഒരു മനുഷ്യന്റെ എല്ലാത്തരത്തിലുമുള്ള വികാസങ്ങളും സംഭവിക്കുന്നത് എന്നാൽ ചെറിയ കുട്ടികൾ വെർച്വൽ ലോകത്തിൽ കൂടുതൽ ആയിരിക്കുമ്പോൾ ധാരണാശേഷി (ചിന്തിക്കുക, സന്ദർഭോചിതമായും ബുദ്ധിപരവുമായ ഇടപെടൽ), സാമൂഹ്യ ഇടപെടൽ ശേഷി (സമൂഹവുമായുള്ള ഇടപെടലും സഹകരണ മനോഭാവത്തോടെയുള്ള പെരുമാറ്റവും), ഭാഷാപ്രയോഗ ശേഷി (മറ്റുള്ളവർ പറയുന്നത് മനസ്സിലാക്കുകയും സംസാരിക്കാൻ പഠിക്കുകയും) എന്നീ മേഖലകളിൽ കാല താമസം സംഭവിക്കുന്നു. സാധാരണ യിലും താഴ്ന്ന നിലയിലുള്ള മാന സിക വളർച്ചയും ബുദ്ധിപരമായ വളർച്ചക്കുറവും മാനസിക വൈകല്യമായാണ് വിവക്ഷിക്കപ്പെടുന്നത്.

ചതിക്കുഴി കളിൽ പതിക്കുന്നവരുടെ എണ്ണം ദിനം തോറും കൂടിവരുന്നത് കാണാം. ഓൺലൈൻ കളികളെയും അവയുടെ സ്വഭാവത്തെയും നിയന്ത്രിക്കാൻ നമ്മുടെ നാട്ടിൽ ഒരു പരിധിവരെ ഫലപ്രദമായ നിയമമില്ലാത്തതും ആപൽസാധ്യതകൾ വർധിപ്പിക്കുന്നു.

ഒരു മനുഷ്യനെ സംബന്ധിച്ചിടത്തോളം ജനിച്ച് 18 വയസ്സിനിടയ്ക്കുള്ള കാലയളവിലാണ് അവൻ ശാരീരികവും മാനസികവുമായി പൂർണ്ണ വളർച്ച കൈവരിക്കുന്നത്. ഈ കാലയളവിനെയാണ് വളർച്ചാ കാലഘട്ടം എന്ന് വിശേഷിപ്പിക്കപ്പെടുന്നതും. ക്രമാനുഗതമായും കൃത്യതയോടെയും നടന്നുവരുന്ന ഒന്നാണ് മാനസിക വളർച്ച.

2) ഉറക്ക കുറവ്

മൊബൈൽ ഫോണും, ടാബും ഉപയോഗിക്കുന്ന കുട്ടികളിൽ ഉറക്കസംബന്ധമായ രോഗങ്ങളുണ്ടാകാൻ സാദ്ധ്യത കൂടുതലാണ്. ഉറക്കക്കുറവ്, പൊണ്ണത്തടി, വിശപ്പില്ലായ്മ തുടങ്ങി നിരവധി ആരോഗ്യ പ്രശ്നങ്ങൾക്കുള്ള സാദ്ധ്യത ഈ ശീലം മൂലം ഇരട്ടിയാകാമെന്നാണ് പഠനം. ഉറക്കത്തിന്റെ നിലവാരത്തെ ദോഷകരമായി ബാധിക്കുന്നതു കൂടാതെ പകൽ സമയം ഉറക്കം തൂങ്ങുന്നതിനും ഇതു വഴി വയ്ക്കുമെന്നും പഠനം ചൂണ്ടിക്കാട്ടുന്നു. പ്രത്യേകിച്ചും കുട്ടികളുടെ ശാരീരികവും, മാനസികവുമായ വളർച്ചയിൽ ഉറക്കത്തിന് വളരെയധികം പ്രാധാന്യമുണ്ട്. സ്മാർട്ട് ഫോൺ അടക്കമുള്ള ആധുനിക ഉപകരണങ്ങൾ കുട്ടികളുടെ ഉറക്കത്തെയും ആരോഗ്യത്തെയും ഗുരുതരമായി ബാധിക്കു ന്നുവെന്ന വസ്തുതയാണ് പുതിയ പഠനത്തിലൂടെ പുറത്തു വന്നിരിക്കുന്നത്. ഉറക്കകുറവ് ബുദ്ധിവികാസത്തെ ബാധിക്കുന്നു പോഷകാഹാരം കുട്ടികളുടെ ബുദ്ധിവികാസത്തെ സ്വാധീനിക്കുന്നതുപോലെതന്നെ ഉറക്കവും സ്വാധീനിക്കുന്നുണ്ടെന്ന് കണ്ടെത്തൽ. ഭക്ഷണകാര്യത്തിൽ ശ്രദ്ധിക്കുന്നതുപോലെതന്നെ ഉറക്കത്തിലും ശ്രദ്ധിക്കേണ്ടതുണ്ടെന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്. മുതിർന്നവരിൽപോലും ഉറക്കക്കുറവ് തലച്ചോറിന്റെ പ്രവർത്തനക്ഷമതയെ സാരമായി ബാധിക്കുന്നുണ്ടെന്നാണ് ശരിയായ വസ്തുത. മനുഷ്യന്റെ ഓർമ്മശക്തിയെയാണ് ഉറക്കക്കുറവ് ബാധിക്കുക.

എന്നാൽ വളർച്ചയുടെ പ്രധാന കാലമായ ബാല്യത്തിലും കൗമാരത്തിലും ഉണ്ടാകുന്ന ഉറക്കക്കുറവ് ഓർമ്മശക്തിയെ മാത്രമല്ല ബുദ്ധിവികാസത്തെത്തന്നെ സാരമായി ബാധിക്കുമെന്നാണ് കണ്ടെത്തിയിട്ടുള്ളത്. ആറ് വയസ്സുമുതൽ പതിമൂന്നുവയസ്സുവരെയുള്ള കുട്ടികൾ എറ്റവുംകുറഞ്ഞത് ഒമ്പതു മണിക്കൂർവരെ ഉറങ്ങണം. ഉറക്കമില്ലായ്മ കൗമാരക്കാരുടെ ജീവിതത്തിന്റെ വ്യത്യസ്ത ഘട്ടങ്ങളെ ദോഷകരമായി ബാധിച്ചേക്കാം. ഇതിൽ ഇനി പറയുന്നവയും ഉൾപ്പെടുന്നു ശ്രദ്ധക്കുറവു മൂലം പഠനത്തിൽ മോശം പ്രകടനം, ഓർമ്മക്കുറവ്, എല്ലാ ദിവസവും ക്ലാസിൽ പോകാൻ കഴിയാതെവരിക. വിഷണ്ണത, ആക്രമണ മനോഭാവം, അസ്വസ്ഥത, അപകട സാഹചര്യങ്ങളിൽ നിന്ന് ഒഴിഞ്ഞു മാറാൻ കൂട്ടാക്കാത്ത സ്വഭാവം തുടങ്ങിയ സ്വഭാവപരമായ വ്യത്യാസങ്ങൾ. ഉത്സാഹമില്ലായ്മയും ക്ഷീണവും കാരണം കായിക ഇനങ്ങളിൽ താല്പര്യം കുറയുക. ശരിയായ ഉറക്കമില്ലാത്തതു കാരണം മയക്കം വരുന്നത് അപകടങ്ങൾക്ക് കാരണമായേക്കാം.

3) തകരുന്ന കുടുംബഭദ്രത

മൊബൈൽ ഫോണും, ടാബും ഉപയോഗിക്കുന്നതു മൂലം തെറ്റായ ലൈംഗീക ചിന്തകൾ രൂപം കൊള്ളുന്നതിനുള്ള സാദ്ധ്യത കൂടുതലാണ്. ഇത് കുടുംബത്തിന്റെ ഭദ്രതയ്ക്ക് തന്നെ കോട്ടം വരുത്തുന്നു.പല കുടുംബബന്ധങ്ങളും തകരുന്നതിനുള്ള പ്രധാനപ്രശ്നം ഇതു തന്നെയാണ്. അടുത്തുനിൽക്കുന്നവരെ മറന്നു അകലെയുള്ളവരെ ഓൺലൈനിലൂടെ ബന്ധപ്പെടുന്നതും കുടുംബത്തിന്റെ വികലതയ്ക്ക് കാരണമാകുന്നു.

ഉപസംഹാരം

വിരൽ തുമ്പിൽ ലോകത്തെ കാണാവുന്ന ഈ കാലത്ത് അതിലെ അപകടങ്ങളും ചതി കുഴികളും നാം മനസ്സിലാക്കണം.മനുഷ്യനു വളരാനും തളരാനുമുള്ള മാർമാണ് ഇന്റർനെറ്റ് .ചുഴിയിൽ വീണാൽ മരണം സംഭവിക്കും.അതുകൊണ്ട് ശ്രദ്ധയോടെ ആയിരിക്കാം.

C.V. WILSON

Mob : 9447 47 46 22
Shop : 9995 72 68 82
Office : 8136 92 68 81
Resi : 9446 71 72 18

Lovely Rose

Broadway Lane, Mather Bazar, Near Apsara Agencies
1st Floor, Ernakulam, Kochi - 682 031

Dealers in : Christmas, New Year Cards, Birthday Cards, Stickers, Posters, Photos etc.

റവ.രാജു ചീരൻ
Bishop's Chaplain -
CSI Diocese of Malabar

ദൈവജനം ക്രിസ്തുവിന്റെ കൂട്ടം

'ഞങ്ങളുടെ അച്ഛനും ഞങ്ങളും' ഇത് ഒരു മറാത്തി പുസ്തകത്തിന്റെ പേരാണ്. 1993ൽ പ്രസിദ്ധീകരിച്ച ഈ കൃതിയുടെ 10,000-ലധികം കോപ്പികൾ രണ്ട് വർഷത്തിനുള്ളിൽ വിൽക്കപ്പെട്ടു. ക്രമേണ ചില ഇന്ത്യൻ ഭാഷകളിലേയ്ക്കും വിദേശ ഭാഷകളിലേയ്ക്കും ഈ പുസ്തകം വിവർത്തനം ചെയ്തു. ഒരു ഫീച്ചർ ഫിലിം നിർമ്മിതമായി. ഈ കൃതി അനേകർക്ക് പ്രചോദനമായി മാറി.

എന്തുകൊണ്ട് ഈ കൃതി ഇത്രയേറെ പ്രചാരം നേടി?

ഉത്തരേന്ത്യയിൽ നാസിക്കിന് സമീപമുള്ള ഒജ്ജാർ ഗ്രാമത്തിൽ ജനിച്ച ദലിത് വിഭാഗത്തിലെ ദാമോദർ യാദവാണ് കഥാപുരുഷൻ. പാദുകങ്ങൾ പോലും ഇടാൻ അനുവാദമില്ലാതെ, അടിമപ്പണി ചെയ്യേണ്ടി വന്ന ആ മനുഷ്യൻ, കുടുംബമായി മുംബൈ നഗരത്തിലേയ്ക്ക് താമസം മാറ്റി. ചുമട്ടു തൊഴിൽ, പത്ര വില്പന, മരപ്പണി തുടങ്ങിയ തൊഴിലുകളിൽ ഏർപ്പെട്ടു. ഒടുവിൽ മുംബൈ പോർട്ട് ട്രസ്റ്റിൽ നാലാം ഗ്രേഡ് ജീവനക്കാരനായി.

ദലിതൻ ആയി ജനിച്ചതു കൊണ്ട് തനിക്ക് നേരിടേണ്ടി വന്ന ദുരിതം നിറഞ്ഞ അനുഭവങ്ങൾ അദ്ദേഹത്തെ ഒരു പുതിയ ദർശനത്തിലേയ്ക്ക് നയിച്ചു. 'നാലു മക്കളേയും പഠിപ്പിച്ച് വലിയവരാക്കുക' ആ മനുഷ്യൻ കഠിനാദ്ധ്വാനം ചെയ്ത്, അവർക്ക് പഠനം നൽകി. ആ പിതാവ് മക്കൾക്ക് നൽകിയ ഉപദേശം ശ്രദ്ധേയമാണ്.

'നിങ്ങൾ ഏർപ്പെടുന്ന ഏത് രംഗത്തായാലും, അതിന്റെ ഉച്ചകോടിയിലെത്താൻ ഉത്സാഹിക്കുക.' ഈ ഉപദേശത്തിന്റെ അനന്തരഫലം നോക്കുക; മൂത്തമകൻ ജെ.ഡി.യാദവ് ഐ.എ.എസ്.പാസ്സായി, മുംബൈ മുനിസിപ്പൽ കമ്മീഷണറായി. രണ്ടാമൻ ഡപ്യൂട്ടി കമ്മീഷണറായി. മൂന്നാമത്തെ മകൻ അമേരിക്കയിൽ നിന്നും പി.എച്ച്.ഡി. കരസ്ഥമാക്കി റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ സാമ്പത്തിക ഉപദേഷ്ടാവായി. നാലാമത്തെ മകനും ബിരുദധാരിയായി.

ഇത്തരത്തിൽ ജനമല്ലാത്തവർ ജനമായിത്തീരാൻ നടത്തുന്ന പോരാട്ടങ്ങളുടെ ചരിത്രാനുഭവങ്ങൾ പ്രസിദ്ധീകരിക്കപ്പെടുന്ന ഇക്കാലത്ത് ദൈവജനം എന്ന സങ്കല്പവും അതിന് പുതിയ നിയമം നൽകുന്ന മാനങ്ങളും മനസ്സിലാക്കാൻ ശ്രമിക്കുന്നത് തികച്ചും അർത്ഥവത്താണ്.

'ദൈവജനം ക്രിസ്തുവിന്റെ കൂട്ടം' എന്ന ചിന്താവിഷയത്തിൽ, ദൈവ ജനം, ക്രിസ്തുവിന്റെ കൂട്ടം, എന്നിവയെക്കുറിച്ച് മനസ്സിലാക്കേണ്ടിയിരിക്കുന്നു. വളരെ പുരാതന കാലം മുതൽ നിലവിലിരുന്ന സംജ്ഞയാണ്, ദൈവജനം എന്നത്. ദൈവത്തിന്റെ മക്കൾ എന്ന അർത്ഥത്തിലാണ് ദൈവജനം എന്ന് ഉപയോഗിച്ചിരുന്നത്.

അബ്രാഹാമിന്റെ പാരമ്പര്യത്തിൽ ഉടലെടുത്ത യെഹൂദാജനവും ഇസ്ലാം സമൂഹവും ദൈവജനം എന്ന വിശേഷണം സ്വീകരിച്ചു. കൂശ്യരും ഫെലിസ്ത്യരുമെല്ലാം ദൈവജനമാണെന്ന് ആമോസ് പ്രവാചകൻ വ്യക്തമാക്കുന്നു. (9.7). തങ്ങളുടെ ദൈവത്തെ വിളിക്കാൻ യിസ്രായേൽ ജനത യഹോവ എന്നർത്ഥം വരുന്ന 'അം യാഹ്വെ' എന്ന എബ്രായ പദവും ദൈവജനം എന്ന് സൂചിപ്പിക്കാൻ 'അം ഏലോഹിം' എന്ന പദവും ഉപയോഗിച്ചു.

ദൈവം യിസ്രായേല്യരെ മോശെ മുഖാന്തരം മിസ്രയീമിൽ നിന്നും വിമോചിപ്പിച്ച് ദൈവജനം എന്ന പേരിന് യോഗ്യരാക്കി. എന്നാൽ തങ്ങളുടെ കഷ്ടതയിൽ നിന്നും വിടുവിച്ച ദൈവത്തെ അവർ സ്വകാര്യവത്കരിക്കാൻ ശ്രമിച്ചു. പഴയനിയമ സമൂഹത്തിന്റെ 'ദൈവജനം' എന്ന വിശേഷണം പുതിയ ശൈലിയിൽ അർത്ഥ വ്യാപ്തിയോടെ, ക്രൈസ്തവ സഭയെ വിശേഷിപ്പിക്കാൻ സുവിശേഷകന്മാരും ഉപയോഗിക്കുന്നു. അതിന്റെ ഭാഗമാണ് യോഹന്നാൻ സുവിശേഷത്തിൽ കാണുന്ന 'ആട്ടിൻകൂട്ടം' എന്ന വിശേഷണം. പ്രസ്തുത ഭാഗത്തു നിന്നും രണ്ട് ചിന്തകൾ;

1. ക്രിസ്തുവിന്റെ കൂട്ടം : സ്വഭാവബോധമുള്ള സമൂഹം

പഴയനിയമ രചയിതാക്കൾ ദൈവത്തെ Kurios എന്ന് വിശേഷിപ്പിച്ചിരുന്ന സ്ഥാനം പുതിയ നിയമ രചയിതാക്കൾ, യേശുവിന് നൽകുന്നു. Isous Christos ho kurios യേശുക്രിസ്തുവിനെ കർത്താവ് എന്ന് അവർ പ്രഖ്യാപിക്കുന്നു. ക്രിസ്തു സമൂഹത്തെ ദൈവജനമായി അവതരിപ്പിക്കുന്നു.

ക്രിസ്തുവിലൂടെ ദൈവം വിളിച്ചു ചേർത്ത പുതിയ സമൂഹത്തിന് ഏകദേശം നൂറിലധികം പേരുകൾ ഉള്ളതായി പോൾ എസ്സ്. മിനിയർ അഭിപ്രായപ്പെടുന്നു. അദ്ദേഹം അതിനെ 4 വിഭാഗങ്ങളിലായി ചുരുക്കി. ദൈവജനം, പുതുസൃഷ്ടി, വിശ്വാസ സമൂഹം, ക്രിസ്തുവിന്റെ ശരീരം എന്നിവയാണവ. പുതിയ നിയമങ്ങളിൽ ഉപയോഗിച്ചിരിക്കുന്ന ദൈവജനം എന്ന വാക്കിന് ഗ്രീക്ക് ഭാഷയിൽ ഉപയോഗിച്ചിരിക്കുന്ന പദം, ലാവോസ് ടു തെയോ എന്നാണ്. ഒരു പ്രത്യേക വർഗ്ഗ, വർണ്ണ, ലിംഗ വിഭാഗമല്ല പുതിയ നിയമത്തിൽ കാണുന്ന ദൈവജനം. ക്രിസ്തുവിനെ അംഗീകരിക്കുന്നവർ എല്ലാവരും ദൈവജനമാണ്. ക്രിസ്തു വിജ്ഞാനീയത്തിന്റെ ശ്രേഷ്ഠത വെളിപ്പെടുത്തുന്ന, സുവിശേഷമാണ് വിശുദ്ധ യോഹന്നാൻ എഴുതിയ സുവിശേഷം. വി.യോഹന്നാൻ 10-ാം അദ്ധ്യായം യേശുവും യേശുവിന്റെ കൂട്ടവും തമ്മിലുള്ള ബന്ധം വ്യക്തമാക്കുന്നു. ഈ ആശയം ലളിതമായി വ്യക്തമാക്കുന്നതിനു വേണ്ടി ഇടയനും ആടും തമ്മിലുള്ള ബന്ധമായി രേഖപ്പെടുത്തിയിരിക്കുന്നു.

സഭ സുനഗോഗിൽ നിന്നും പുറത്താക്കപ്പെട്ട സാഹചര്യത്തിൽ, വിശ്വാസികളെ ഐക്യതയിൽ നിലനിർത്തുന്നതിനും, തന്റെ ഉള്ളിലുള്ള സംഘർഷങ്ങൾ പ്രകടിപ്പിക്കുന്നതിനും ഗ്രന്ഥകർത്താവ് ശ്രമിക്കുന്നു. അതിന്റെ ഫലമായി യേശുവിനെ ഇടയനായും ക്രിസ്തു സമൂഹത്തെ ആട്ടിൻകൂട്ടമായും അവതരിപ്പിക്കുന്നു.

ആട്ടിൻ കൂട്ടത്തെ സൂചിപ്പിക്കാൻ പാഠഭാഗത്ത് ഉപയോഗിക്കുന്ന ഗ്രീക്ക് പദം പൊയ്മെനോസ് ആണ്. ക്രിസ്തുവിന്റെ കൂട്ടം, ആത്മീയ സമൂഹം, ക്രിസ്തുവിന്റെ ശിഷ്യർ,എന്നെല്ലാം ഈ വാക്കിന് അർത്ഥമുണ്ട്. പൊയ്മെൻ എന്ന ഗ്രീക്ക് പദത്തിന് ആടുകളെ പാലിക്കുന്നവൻ, ഇടയൻ തുടങ്ങിയ അർത്ഥങ്ങളാണ് ഉള്ളത്.

പേര് ഒരു വ്യക്തിയുടെ അവകാശമാണ്. അത് അവന്റെ സ്വഭാവ ബോധത്തെ വെളിപ്പെടുത്തുന്നു. പേര് പറഞ്ഞ് വിളിക്കുന്നതിലൂടെ ഇടയൻ ആടുകളോട് തനിക്കുള്ള സ്നേഹത്തെ പ്രകടിപ്പിക്കുന്നു.

”

പുരാതന കാലം മുതൽ തന്നെ മനുഷ്യൻ ഇണക്കി വളർത്തിയ മൃഗമാണ് ആട്. ഇന്ത്യയിലും, ഏൻഷ്യന്റ്നിയർ ഈസ്റ്റിലുമൊക്കെ ആടുകളെ ഇണക്കി വളർത്തിയിരുന്നു. പാലസ്തീൻ ജനതയുടെ ജീവനോപാധിയായിരുന്നു ആട്. യെഹൂദാ ജനത്തിന്റെ ജീവിതത്തിന്റെ ഭാഗമായിരുന്നു ആട് വളർത്തൽ. സാമൂഹ്യമായും സാമ്പത്തികമായും അവരുടെ സ്ഥാനം നിർണയിച്ചിരുന്നത് ഇതു തന്നെയാണ്. വേദപുസ്തകത്തിലുടനീളം ഇടയന്മാരെക്കുറിച്ചും, ആടുകളെക്കുറിച്ചും രേഖപ്പെടുത്തിയിരിക്കുന്നു. ആദി മാതാപിതാക്കളായ ആദാം-ഹവ്വ ദമ്പതികളുടെ മകനായ ഹാബേൽ ആട്ടിടയനായിരുന്നു. ഗോത്രപിതാക്കന്മാർ, മോശെ, പിൽക്കാലത്ത് രാജാവായിത്തീർന്ന ദാവീദ് ഇവരെല്ലാം ആട്ടിടയന്മാരായിരുന്നു.

ലോകത്തിലെ വിവിധ മതങ്ങൾ ഇടയൻ എന്ന ആശയം സ്വീകരിച്ചിട്ടുണ്ട്. സിഖ് മതം, പരമേശ്വരനെ ഇടയനായി കാണുന്നു, ഇസ്ലാം മതം പറയുന്നത് ദൈവത്തിന്റെ ഓരോ ദൂതനും അവരുടെ ജീവിതത്തിന്റെ ഒരു ഭാഗത്ത് ഇടയ

ജോലിയുണ്ട് എന്നാണ്. എന്നാൽ ദൈവത്തെ ആദ്യമായി ഇടയൻ എന്ന് വിളിച്ചത് മെസപ്പൊത്തോമിയക്കാരാണെന്ന് കരുതപ്പെടുന്നു, ഈജിപ്റ്റുകാർ, തങ്ങളുടെ ദൈവത്തെയും ഇടയൻ എന്ന് വിളിച്ചു. മനുഷ്യന്റെ ദൈവ സങ്കല്പവും, മതബോധവും അവന്റെ സാമൂഹ്യ ജീവിതവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന് ഇത് വ്യക്തമാക്കുന്നു.

പഴയനിയമ രചയിതാക്കൾ തങ്ങളുടെ ദൈവത്തെ ഇടയൻ എന്ന് വിളിക്കുന്നു. (യെശ.53:1, യെഹ.34:30-31, സങ്കീ.23:1) ഈ സാഹചര്യത്തിൽ പുതിയ നിയമ രചയിതാക്കൾ യേശുവിന് നല്ല ഇടയൻ (എബ്രാ.13:20) ശ്രേഷ്ഠ ഇടയൻ (1 പത്രൊ.5:4), വലിയ ഇടയൻ (എബ്രാ.13:20) തുടങ്ങിയ വിശേഷണങ്ങൾ നൽകുന്നു. എല്ലാ സമൂഹങ്ങളെക്കാളും താണ വിഭാഗമാണ് ഇടയന്മാർ എന്നിരിക്കെ ദൈവം ഇടയനാണ് എന്ന് പ്രഖ്യാപിക്കുന്ന ക്രൈസ്തവ ചിന്ത വിപ്ലവാത്മകമാണെന്ന് കാഞ്ചയ് ഇളയ അഭിപ്രായപ്പെടുന്നു.

പാഠഭാഗത്ത് ഇടയൻ ആടുകളെ പേര് ചൊല്ലി വിളിക്കുന്നതിനെക്കുറിച്ചുള്ള പരാമർശം ദൈവശാസ്ത്രപരമായ പ്രാധാന്യം ഉൾക്കൊള്ളുന്നതാണ്. ഇടയൻ ആടുകളെ പേര് ചൊല്ലി വിളിക്കുന്നത് പാലസ്തീനിൽ സർവ്വസാധാരണമാണ്. വെള്ളമൂക്കൻ, നീളൻ ചെവിയൻ എന്നിങ്ങനെ ആടിന്റെ സവിശേഷതകൾ വ്യക്തമാക്കുന്ന പേരുകളാണ് ആടുകളെ വിളിക്കാൻ ഇടയൻ ഉപയോഗിക്കുന്നത്. പേര് ഒരു വ്യക്തിയുടെ അവകാശമാണ്. അത് അവന്റെ സ്വത്വാവബോധത്തെ വെളിപ്പെടുത്തുന്നു. പേര് പറഞ്ഞ് വിളിക്കുന്നതിലൂടെ ഇടയൻ ആടുകളോട് തനിക്കുള്ള സ്നേഹത്തെ പ്രകടിപ്പിക്കുന്നു. ആടുകൾ ഇടയന്റെ ശബ്ദം തിരിച്ചറിയുന്നതിന് കാരണവും മറ്റൊന്നല്ല. രാപ്പകലില്ലാതെ ആടുകളോടൊപ്പം വസിക്കുകയും അവയുടെ ക്ഷേമത്തിനു വേണ്ടി പ്രവർത്തിക്കുകയും ചെയ്യുന്ന ഇടയന്റെ ശബ്ദം ആടുകൾക്ക് സുപരിചിതമാണ്.

പഴയനിയമ പാഠഭാഗം, ഇടയജോലി ചെയ്തിരുന്ന യാക്കോബിനെ ദൈവം പേര് ചൊല്ലി വിളിക്കുന്ന സംഭവം വിവരിക്കുന്നു. ദൈവം യാക്കോബിന് പുതിയ പേര് നൽകുന്നു. ഇനി നിനക്ക് യാക്കോബ് എന്നല്ല യിസ്രായേൽ എന്ന് പേരാകും. തന്നെ ദൈവം പേര് ചൊല്ലി വിളിച്ചതിലൂടെ അന്യദേവന്മാർ, ആഭരണം, തന്റെ വ്യക്തിത്വത്തെ നിയന്ത്രിച്ചിരുന്ന ചില മൂല്യങ്ങൾ, ചില സ്ഥാനങ്ങൾ എന്നിവ യാക്കോബ് ഉപേക്ഷിക്കുന്നു. പുതിയ പേര്, പുതിയ ജീവിത വീക്ഷണം, പുതിയ ജീവിത മൂല്യങ്ങൾ തുടങ്ങിയവയെ സ്വീകരിക്കുന്നു. അങ്ങനെ ദൈവം യാക്കോബിനെ വിളിച്ച പേര് ക്രമേണ ഒരു സമൂഹത്തിന്റെ പേരായി മാറുന്നു ക്രിസ്തുവിന്റെ കൂട്ടത്തിലെ അംഗങ്ങളുടെ തനിമ എന്നത് ക്രിസ്തു തന്നെ പേര് ചൊല്ലി വിളിച്ചു എന്നതാണ്. ക്രിസ്തു തന്നെ അറിയുന്നു എന്നതാണ് ഒരു വ്യക്തിയുടെ ഗുണം. ഒരു വ്യക്തിയെ പേര് ചൊല്ലി വിളിക്കുന്നത് ആ വ്യക്തിയിൽ ആത്മ വിശ്വാസം വർദ്ധിപ്പിക്കും. സ്വത്വാവബോധം നൽകുന്നതിന് തുല്യമാണ് പേര് നഷ്ടപ്പെട്ട സമൂഹത്തിന് പേര് നൽകുന്നത്.

വേദപുസ്തകം വിവരിക്കുന്ന മൃഗങ്ങളിൽ ബലഹീനരുടെ പ്രതീകമായാണ് ആട് പ്രത്യക്ഷപ്പെടുന്നത്. ആടുകളുടെ രീതി തന്നെ അതിന്റെ ബലഹീനത വ്യക്തമാക്കുന്നു. ആടുകൾക്ക് കാഴ്ച ശക്തി കുറവാണ്. അതിനാൽ പരിശീലനം നൽകാനും പ്രയാസം. ശാരീരികമായും ബലഹീനമായ അവ പൂർണ്ണമായും ഇടയനെ ആശ്രയിച്ചാണ് കഴിയുന്നത്. ശത്രുക്കളിൽ നിന്നും സംരക്ഷണം, ഭക്ഷണം, വാസസ്ഥലം, രോഗശമനം തുടങ്ങി എല്ലാത്തരം സംരക്ഷണവും അവയ്ക്ക് ആവശ്യമായി വരുന്നു. ആവശ്യമായ സംരക്ഷണം ലഭിച്ചില്ലെങ്കിൽ ദീർഘകാലം ജീവിക്കാൻ അവയ്ക്ക് കഴിയില്ല.

മതപരമായും സാംസ്കാരികമായും സാമൂഹ്യമായും ബഹിഷ്കരിക്കപ്പെട്ടവരുടെ ഇടയിൽ യേശു പ്രവർത്തിച്ചു. അവരെ പേര് ചൊല്ലി വിളിച്ചു. ഗലീലിയൻ ജനതയേയും ശമര്യരേയും ദൈവജനമായി പുന:നിർവ്വഹിച്ചു. കഷ്ടതയും വേദനയും തിരസ്കരണവും അടിമത്തവും പീഢനവും അനുഭവിക്കുന്നവരും അദ്ധ്വാനിക്കുന്നവരും തന്റെ കൂട്ടത്തിലെ അംഗങ്ങളാണെന്ന് യേശു പ്രഖ്യാപിക്കുന്നു.

ഉത്തരാധുനിക കാലത്തും ചൂഷണം ചെയ്യപ്പെടുന്ന സ്ത്രീത്വം സമൂഹത്തിൽ വലിയൊരു ചോദ്യ ചിഹ്നമായി നിലകൊള്ളുന്നു. ദേവതയായും അമ്മയായും സഹോദരിയുമായൊക്കെ അംഗീകരിക്കപ്പെടുന്നു എന്ന് പറയുമ്പോൾ തന്നെയും സ്ത്രീത്വം അതി നിഷ്ഠൂരമായി ആക്രമിക്കപ്പെടുന്നു.

തെരുവുതോറും അലയേണ്ടി വരുന്ന കുഞ്ഞുങ്ങൾ ബാലവേലയ്ക്ക് വിധേയരാക്കപ്പെട്ടവർ, കുടുംബങ്ങൾ ശിഥിലമാക്കപ്പെടുന്നതിലൂടെ സ്നേഹം നിഷേധിക്കപ്പെടുന്ന കുഞ്ഞുങ്ങൾ, മദ്യത്തിനും മയക്കു മരുന്നിനും അടിമകളായവർ, ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെ വിളമ്പുന്ന വിഭവങ്ങൾ നന്മ–തിന്മ മനസ്സിലാക്കാതെ സ്വീകരിക്കുന്ന യുവതലമുറ, എച്ച്.ഐ.വി. ബാധിതരായി ഒറ്റപ്പെട്ട് കഴിയേണ്ടി വരുന്നവർ ഇവരെല്ലാം സംരക്ഷിക്കപ്പെടേണ്ടവരാണ്. ഈ സാഹചര്യത്തിൽ ബലഹീനമായതിനെ

ശക്തീകരിക്കുക എന്നത് ഇടയന്റെ ചുമതലയാണ്.

2. *ക്രിസ്തുവിന്റെ കൂട്ടം : സൃഷ്ടിപരമായ അച്ചടക്കമുള്ള സമൂഹം*

ക്രിസ്തുവിൽ ക്രമപ്പെട്ട സമൂഹമാണ് ക്രിസ്തു സമൂഹം. ദൈവത്തിന്റെ സൃഷ്ടികർമ്മം തന്നെ ക്രമപ്പെടുത്തലായിരിന്നുവെന്ന് കാണാം. ദൈവം സൃഷ്ടി നടത്തിയപ്പോൾ ചെയ്ത ക്രമപ്പെടുത്തലിൽ അധി:ഷ്ഠിതമാണ് ക്രിസ്തുവിന്റെ ക്രമപ്പെടുത്തൽ.

ദൈവത്തിന്റെ സൃഷ്ടിയിൽ വൈവിദ്ധ്യങ്ങളും ബഹുലതകളും ഉണ്ടായിരുന്നു. എങ്കിലും, സൃഷ്ടികൾ തമ്മിൽ ഒരു ഏകത്വ സമീപനം നിലനിന്നിരുന്നു. ശബ്ദത്തിനു പോലും ഐക്യതയായിരുന്നു എന്നാൽ മനുഷ്യൻ അതിനെ വികലമാക്കി. സൃഷ്ടികൾ തമ്മിൽ വേർതിരിവുകൾ സംഭവിച്ചു. നിലനിന്നിരുന്ന ക്രമം നഷ്ടമായി. ഐക്യത നഷ്ടപ്പെട്ടു.

ഞങ്ങൾ മാത്രം ദൈവജനം, ഞങ്ങൾ മാത്രം മനുഷ്യർ തുടങ്ങിയ ചിന്തകളും ജാതി-വർഗ്ഗ-വർഗ്ഗ-ലിംഗപരമായ വേർതിരിവുകളും മനുഷ്യരിലുണ്ടായി.

ഈ വൈവിദ്ധ്യങ്ങളെല്ലാം അംഗീകരിക്കുന്ന ദൈവത്തെയാണ് യേശുവിൽ ദർശിക്കാൻ കഴിയുന്നത്. സൃഷ്ടിയിലെ ബഹുലതകൾ അംഗീകരിക്കുകയും, അതിനെ പുതിയ സൃഷ്ടിയായി ക്രമപ്പെടുത്താനും യേശു ശ്രമിക്കുന്നു. ഈ തൊഴുത്തിൽ ഉൾപ്പെടാത്ത വേറെയും ആടുകൾ എനി ക്കുണ്ട് അവയേയും ഞാൻ നടത്തേണ്ടതാകുന്നു. ഒരു ഇടയനും ഒരു ആട്ടിൻ കൂട്ടവും ആകും എന്ന് യേശു പ്രഖ്യാപിക്കുന്നു.

(യോഹ.10:6) യേശുവിന്റെ ഈ പ്രഖ്യാപനം ക്രമപ്പെടുത്തലിനെ വ്യക്തമാക്കുന്നു. ഇതിന്റെ പ്രതിഫലനമാണ് ശബ്ദം കേട്ട് ഇടയനെ അനുഗമിക്കുന്ന ആട്ടിൻകൂട്ടം.

ദിവസവും നാം പലതരത്തിലുള്ള ശബ്ദം ശ്രവിക്കുന്നു. പക്ഷികളുടെ കലപില ശബ്ദം, വൃക്ഷങ്ങളുടെ മർമ്മര ശബ്ദം, മനുഷ്യ ശബ്ദം, വാഹനങ്ങളുടെ ശബ്ദം, നീരൊഴുക്കുകളുടെ കളകള ശബ്ദം തുടങ്ങിയവ അതിൽ പ്രധാനപ്പെട്ടതാണ്. ശബ്ദം ആശയ സംവേദനത്തെ തടസ്സപ്പെടുത്തുകയോ പരിപോഷിപ്പിക്കുകയോ ചെയ്യുന്നു.

ശബ്ദത്തെക്കുറിച്ച് പ്ലൂട്ടാർട്ട് പറയുന്നത് 'മനസ്സിലെ ചിന്തകളെ ഉണർത്തുന്നതാണ് ശബ്ദം'. സൗണ്ട് എന്നർത്ഥം വരുന്ന സോഫ്രോണിസോ എന്ന ഗ്രീക്ക് വാക്കിന് മലയാള അർത്ഥം ആത്മ നിയന്ത്രണത്തോടും കരുതലോടും മിതമായും ചിന്തിക്കാനും പ്രവർത്തിക്കാനും അഭ്യസിപ്പിക്കുക എന്നാണ്.

പാഠഭാഗത്ത് അന്യന്റെ ശബ്ദം ആടുകൾക്ക് അപരിചിതമാണ്. കാരണം ആത്മ നിയന്ത്രണവും ആടുകളെക്കുറിച്ച് കരുതലും ഇല്ലാത്തവനാണ് അന്യൻ. ബലഹീനമായതിനെ ശക്തീകരിക്കുകയോ ദീനം പിടിച്ചതിനെ ചികിത്സിക്കുകയോ ചെയ്യാതെയും ചിതറിപ്പോയതിനെ മടക്കി വരുത്തുക, ഒടിഞ്ഞതിനെ മുറിവുണക്കുക, കാണാതെ പോയതിനെ കണ്ടെത്തുക, ഇവ നിർവ്വഹിക്കാതെ തങ്ങളെ തന്നെ മേയിക്കുന്നവരെ കള്ളന്മാർ എന്നും കവർച്ചക്കാർ എന്നും യേശു വിളിക്കുന്നു.

പുതിയ പരിഭാഷയിൽ കൊള്ളക്കാർ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ കരുതലിന്റേയും സ്നേഹത്തിന്റേയും സത്യത്തിന്റേയും ശബ്ദമാണ് ഇടയന്റേത്. ഇടയന്റെ ശബ്ദം തിരിച്ചറിഞ്ഞ ആട്ടിൻകൂട്ടം ഇടയനെ അനുഗമിക്കുന്നു. അനുഗമനം ക്രമപ്പെടുത്തലിന്റെ അച്ചടക്കത്തിന്റെ ഭാഗമാണ്. യേശുവിന്റെ കൂടെ യേശു സഞ്ചരിച്ച വഴികളിലൂടെ യേശു സഞ്ചരിച്ച ഇടങ്ങളിലേയ്ക്ക് സഞ്ചരിക്കുന്നവരാണ് ക്രിസ്തുവിന്റെ കൂട്ടം. യേശു സഞ്ചരിച്ചത് ഗലീലയിലേയും ശമര്യയിലേയും ജനങ്ങളുടെ ഇടയിലാണ്.

സ്വന്തമായി ഭൂമിയില്ലാത്തവർ, അഭയാർത്ഥികൾ, വിധവകൾ, മതത്തിൽ നിന്നും ഭവനങ്ങളിൽ നിന്നും പുറത്താക്കപ്പെട്ടവർ, ലൈംഗിക തൊഴിലാളികൾ, ഇവരൊക്കെ അധിവസിച്ചിരുന്ന ഇടത്തേക്കാണ്, യേശു സഞ്ചരിച്ചത്. പുല്പ്പുറങ്ങളിലേയ്ക്കുള്ള സഞ്ചാരമല്ലായിരുന്നു അത്. പ്രത്യുത; പുൽപ്പുറങ്ങളാകാനുള്ള സഞ്ചാരമായിരുന്നു. ഇടയനോടൊപ്പം വസിച്ചാൽ മതി വിശപ്പും ദാഹവും മാറുന്ന അവസ്ഥ.

അസ്പർശ്യർ എന്ന് യെഹൂദജനം വിളിച്ച സമൂഹത്തിന് യേശു സ്വത്വാവബോധം നൽകിയത് അവരെ സൃഷ്ടികരമായ അച്ചടക്കത്തിലേയ്ക്ക് നയിക്കുന്നതിന് കാരണമായി.

ക്രിസ്തുവിനോടുള്ള ഐക്യദാർഢ്യം കറുത്ത വർഗ്ഗക്കാർ പ്രഖ്യാപിക്കുന്നത് ശ്രദ്ധിക്കുക. "ഞങ്ങൾ ഞങ്ങളെപ്പോലെ ഇരിക്കുന്ന ദൈവത്തെ ആരാധിക്കും." "കറുത്ത ക്രിസ്തു" എന്ന പ്രയോഗത്തെ എതിർക്കുന്നവരോട് ജയിംസ് കോണിന്റെ മറുപടി ഇതാണ്, ഇത് തൊലിയുടെ നിറത്തിന്റെ കാര്യമല്ല, പ്രത്യുത ദൈവം മർദ്ദിതരെ തങ്ങളുടെ സമരത്തിൽ തനിയെ വിടുന്നില്ല എന്നതിന്റെ പ്രഖ്യാപനമാണ്.

ദൈവത്തേയോ ക്രിസ്തുവിനെയോ കൂടാതെ തങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയില്ല എന്ന അവരുടെ പ്രഖ്യാപനം ക്രിസ്തുവിനോട് ചേർന്നാൽ ചില കാര്യങ്ങൾ സാധ്യമാണെന്ന പ്രഖ്യാപിക്കലാണ്.

വനിതാ വിമോചന ദൈവശാസ്ത്രജ്ഞയായ പ്രൊഫ.സാറാ തോമസിന്റെ വാക്കുകൾ ഇപ്രകാരമാണ്. സാമ്പത്തികമായും ജനാധിപത്യപരമായും തുല്യത നിഷേധിക്കപ്പെട്ടിട്ടുള്ള സ്ത്രീകൾ, തുല്യതയ്ക്കു വേണ്ടി നടത്തുന്ന സമരങ്ങളുടെ ഭാഗമായിട്ടാണ് സ്ത്രീ വിമോചനമെന്ന ആശയവും അതിന്റെ സമര രൂപങ്ങളും ഉണ്ടാകുന്നത്. ഭാരത പശ്ചാത്തലം നാം ശ്രദ്ധിച്ചാൽ ജനസംഖ്യയുടെ 70 ശതമാനത്തോളം ആളുകൾ ദളിത് സമൂഹത്തിൽപ്പെടുന്നു. ദലിത് ചിന്തകനായ യു.റ്റി. രാജശേഖരൻ അഭിപ്രായപ്പെടുന്നത് ദളിതർ ഒരു കാലത്ത് ദാസന്മാർ (ദസ്യൂക്കൾ) മ്ലേച്ഛർ, പഞ്ചമർ, ചണ്ഡാലൻ തുടങ്ങിയ പേരുകളിൽ അറിയപ്പെട്ടിരുന്നു എന്നാണ്.

'ദൽ' എന്ന എബ്രായ പദത്തിന് വിഭജിക്കപ്പെട്ട, തകർക്കപ്പെട്ട തുടങ്ങിയ അർത്ഥങ്ങളാണുള്ളത്. ദളിതർ കോട്ടക്കുള്ളിൽ സുരക്ഷിതരായി കഴിഞ്ഞിരുന്നവരാണെന്ന് ഋഗ്വേദത്തിൽ തെളിവുകളുണ്ടെന്ന് ഡോ.എം.സ്റ്റീഫൻ അഭിപ്രായപ്പെടുന്നു. മദ്ധ്യേഷ്യയിൽ നിന്ന് ഇന്ത്യയിലെത്തിയ ആര്യന്മാർ ക്രമേണ ശുദ്ധ വംശ വാദത്തിന്റെ പേരിൽ ദളിതരെ അടിച്ചമർത്തുകയായിരുന്നു. ഇപ്പോൾ ഇന്ത്യയിൽ 11 ശതമാനത്തോളം വരുന്ന യാദവ സമൂഹം ഇടയ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നു. കറുത്ത നിറമുള്ള ഇവർക്ക് തിന്മ പ്രവർത്തിക്കുന്നവർ എന്ന് മുദ്ര കുത്തി വളരെ താണസ്ഥാനം മാത്രമേ സവർണ്ണ മേധാവിത്വം നൽകുന്നുള്ളൂ. മാത്രമല്ല, പോത്തിന്റെ സംസ്കാരമുള്ളവർ, ആടിന്റെ ദുർഗന്ധം ഉള്ളവർ എന്നൊക്കെ വിളിച്ച് ആക്ഷേപിച്ചിരുന്നു എന്ന് കാഞ്ചയ് ഇളയ്യ അഭിപ്രായപ്പെടുന്നു.

ഞാൻ നല്ല ഇടയനെന്ന് യേശു പ്രഖ്യാപിക്കുമ്പോൾ അധഃകൃതന്റെ സ്ഥാനം യേശു സ്വയം സ്വീകരിക്കയായിരുന്നു. ക്രിസ്തുവിന്റെ താഴ്മപ്പെടൽ താണവരെ ഉന്നതിയിലേയ്ക്ക് നയിക്കുന്നതിനുവേണ്ടിയായിരുന്നു. സ്വത്വാവബോധത്തിലേയ്ക്കും സൃഷ്ടിപരമായ അച്ചടക്കത്തിലേയ്ക്കും നയിക്കുന്നതിനു വേണ്ടിയായിരുന്നു.

വേദപുസ്തകത്തിൽ കാണുന്ന ഇടയൻ, ആട്ടിൻ കൂട്ടം ഇവ ആലങ്കാരിക പദങ്ങളാണ്. ഇടയൻ സഭാ ശുശ്രൂഷകനും ആട്ടിൻ കൂട്ടം ക്രിസ്തുവിന്റെ കൂട്ടവുമാണ്. ഇടയന്റെ ദൗത്യം വിശാലമാണ്. ദൈവജനമായ ക്രിസ്തുവിന്റെ കൂട്ടത്തെ പരിപോഷിപ്പിക്കുകയാണ് ഇടയന്റെ ദൗത്യം. മുടന്തുള്ളതിനെ കൈപിടിച്ചു നടത്തുന്നതും രോഗീ പരിചരണവും കാണാതെ പോയതിനെ കണ്ടെത്തുന്നതുമെല്ലാം ഇടയന്റെ ദൗത്യമാണ്. ജനങ്ങൾക്കു മനസ്സിലാകുന്ന ശബ്ദം പുറപ്പെടുവിക്കാൻ ഇടയൻ ബാദ്ധ്യസ്ഥനാണ്.

വർഗ്ഗ-വർണ്ണ-ലിംഗ വേർതിരിവുകളുടെ പേരിൽ ഇപ്പോൾ രൂപം കൊള്ളുന്ന ദൈവ ശാസ്ത്രങ്ങളെല്ലാം തങ്ങൾ ദൈവജനമാണെന്നതിന്റെ പ്രഖ്യാപനമാണ്. ശുദ്ധ വംശ വാദത്തിൽ നിന്നും വ്യത്യസ്തമായി സ്വാതന്ത്ര്യത്തിലും സമത്വത്തിലും നീതിയിലും അധിഃഷ്ഠിതമായ ഒരു ലോകം അവർ ലക്ഷ്യം വയ്ക്കുന്നു. അതെ, അവരും ദൈവജനമാണ്. ദൈവത്തിന്റെ സൃഷ്ടിയാണ്.

ഞങ്ങളുടെ അച്ഛനും ഞങ്ങളും എന്ന കൃതിയിൽ നാല് മക്കളും ഉന്നത വിദ്യാഭ്യാസം നേടിയാണ് വ്യത്യസ്ത തൊഴിൽ മേഖലകളിൽ പ്രവേശിച്ചത്. അവർ വ്യത്യസ്ത മേഖലകളിലാണ് പ്രവർത്തിക്കുന്നതെങ്കിലും ആ പിതാവിന് മക്കളോടുള്ള സ്നേഹവും വാത്സല്യവും കുറയുന്നില്ല. യിസ്രായേൽ സെൽവനായകം എന്ന വേദപണ്ഡിതൻ 'ദൈവജനം (People of God) എന്നതിന് 'ദൈവത്തിന്റെ ജനതകൾ' (Peoples of God) എന്ന് നിർവ്വചിക്കുന്നു. ദൈവത്തിന്റെ ജനതകളിൽ ഒന്ന് മാത്രമാണ് ദൈവജനം. ക്രിസ്തുവിലൂടെ സ്വത്വാവബോധം കണ്ടെത്തുന്ന സൃഷ്ടിപരമായ അച്ചടക്കമുള്ള സമൂഹമാണ് ദൈവത്തിന്റെ ജനതകൾ. ദൈവത്തിന്റെ ജനതകളെ ക്രിസ്തുവിൽ ഒന്നായി കണ്ട് സൃഷ്ടിയെ മുഴുവൻ ക്രമപ്പെടുത്തുന്ന ദൈവീക പ്രവർത്തനങ്ങളോടു ചേർന്ന് പ്രവർത്തിക്കാം. നമ്മിലുള്ള വലിയ ഇടയന്റെ ശ്രേഷ്ഠ ഗുണങ്ങൾ അതിന് നമ്മെ സഹായിക്കട്ടെ.

*'ലോകാഃ സമസ്തഃ
സുഖിനോ ഭവന്തുഃ'*



സുറിയാനി ഭാഷാ, സംസ്കാരം, പൊതുവിവരങ്ങൾ

ഫാ. ഡോ. രാജു പറക്കോട്ട് (അസ്സിസ്റ്റന്റ് ഡയറക്ടർ, Seeri)

1. ഉത്ഭവം

ഏഴാം നൂറ്റാണ്ടിൽ ഇസ്ലാം മതവും അറബി ഭാഷയും ഉത്ഭവിക്കുന്നതിനു മുമ്പ് മദ്ധ്യ പൂർവ്വദേശത്ത് (Middle East) അതായത് ഇന്നത്തെ ഗൾഫ് രാജ്യങ്ങളിൽ പൊതുവായി പ്രാചരത്തിലിരുന്ന ഭാഷയായിരുന്നു സുറിയാനി. സെമിറ്റിക് ഭാഷാ കുടുംബത്തിൽപ്പെട്ട അറമായ ഭാഷയുടെ എഡേസ്സയിലെ ഭാഷാഭേദ (Dialect) മാണ് കാലക്രമത്തിൽ സ്വതന്ത്ര സുറിയാനി ഭാഷയായി ഉത്ഭവിച്ചത്. കണ്ടെടുക്കപ്പെട്ടിട്ടുള്ളതിൽ വെച്ച് ഏറ്റവും പുരാതനമായ സുറിയാനി ശിലാലിഖിതം (Inscription) എ.ഡി.ആറാം ആണ്ടിലുള്ളതും, തോൽലിഖിതം (Parchment) എ.ഡി. 243 ലെ ഒരു വിൽപ്പന കരാറും (Deed of Sale) തീയതി രേഖപ്പെടുത്തിയ ആദ്യത്തെ ഹസ്തലിഖിതം (Manuscript) എ.ഡി. 411 നവംബറിൽ എഴുതപ്പെട്ടതുമാണ്. നിലവിലുള്ള ലോകത്തിലെ ഏറ്റവും പുരാതനമായ ഹസ്തലിഖിതവും ഇതു തന്നെയാണ്.

2. സുറിയാനി ലിപികൾ

2.1 എ.ഡി. 431 ലെ എഫേസോസ് സുന്നഹദോസോടു കൂടി സുറിയാനി സഭയിലെ ഒരു വിഭാഗം നെസ്തോറിയൻ (അസ്സീറിയൻ) ക്രിസ്ത്യാനികളെന്നും, 451 ലെ കൽക്കദൂനിയ സുന്നഹദോസോടു കൂടി സുറിയാനി സഭയിലെ ശേഷിച്ച വിഭാഗം യാക്കോബായ (സിറിയൻ ഓർത്തഡോക്സ്) ക്രിസ്ത്യാനികളെന്നും അറിയപ്പെടാൻ തുടങ്ങി. സുറിയാനി സഭ രണ്ടാകുന്നതിന് മുൻപ് ഉപയോഗിച്ചിരുന്ന സുറിയാനി ലിപി 'എസ്ത്രംഗേലോ' (Estrangelo) യാണ്. ഇതിന് സ്വരങ്ങൾ ഉണ്ടായിരുന്നില്ല. ഇപ്പോഴും ഈ ലിപി ഉപയോഗിക്കപ്പെടുന്നുണ്ട്.

2.2 നെസ്തോറിയൻ ക്രിസ്ത്യാനികൾ പിന്നീട് ലിപികൾ വ്യത്യാസപ്പെടുത്തുവാനും ബിന്ദുക്കൾ സ്വരങ്ങളായി ഉപയോഗിക്കാനും തുടങ്ങി. ഏതാണ്ട് ആറാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ഇത് പൂർണ്ണ രൂപം പ്രാപിക്കുകയും പൗരസ്ത്യ സുറിയാനി (കൽദായ, നെസ്തോറിയൻ) എന്നറിയപ്പെടുകയും ചെയ്തു.

2.3 യാക്കോബായ ക്രിസ്ത്യാനികളും ലിപികൾ വ്യത്യാസപ്പെടുത്തി. ഗ്രീക്ക് അക്ഷരങ്ങളാണ് സ്വരങ്ങളായി ഉപയോഗിച്ചത്. ഏതാണ്ട് എട്ടാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ഇത് പൂർണ്ണരൂപം പ്രാപിച്ച് പാശ്ചാത്യ സുറിയാനി എന്നറിയപ്പെടുകയും ചെയ്തു. പാശ്ചാത്യ സുറിയാനി ലിപികൾ സെർത്തോ (Serto) എന്നും അറിയപ്പെടുന്നു.

2.4 എസ്ത്രംഗേലോ സുറിയാനി, പൗരസ്ത്യ സുറിയാനി, പാശ്ചാത്യ സുറിയാനി എന്നിവ മൂന്ന് വ്യത്യസ്ത ഭാഷകളല്ല. ഒരേ വാക്കുകളും, ഒരേ വ്യാകരണവും ഉപയോഗിക്കുന്ന എന്നാൽ വ്യത്യസ്ത ലിപികളും, സ്വരങ്ങളും, ഉച്ചാരണങ്ങളും പിന്തുടരുന്ന ഏക ഭാഷയാണ്. അതായത് ഒരു ഭാഷ തന്നെ വ്യത്യസ്ത രൂപത്തിൽ എഴുതുകയും ഉച്ചരിക്കുകയും ചെയ്യുന്നു.

3. സുറിയാനി സാഹിത്യ ചരിത്രം

3.1 എ.ഡി. രണ്ടും മൂന്നും നൂറ്റാണ്ടുകളാണ് സുറിയാനി സാഹിത്യ ചരിത്രത്തിലെ ആദ്യ ഘട്ടം. പുരാതന മെസോപ്പോട്ടോമിയൻ. യഹൂദ, ബൈബിൾ സാഹിത്യ രചനകളുടെ സ്വാധീനത്തിൽ രചിക്കപ്പെട്ടതായിരുന്നു ഈ കാലഘട്ടത്തിലെ ഭൂരിഭാഗം കൃതികളും. ഈ കാലഘട്ടത്തിലെ പ്രധാന എഴുത്തുകാരനായിരുന്നു ബർദൈസാൻ (154-222).

3.2 ഗ്രീക്ക് ഭാഷയുടെ സ്വാധീനം പ്രകടമായിരുന്നുവെങ്കിലും, അതിപ്രസരമാകാതിരന്ന നാലു മുതൽ ഏഴു വരെയുള്ള നൂറ്റാണ്ടുകാലഘട്ടം എന്നറിയപ്പെടുന്നത്. സുറിയാനി സാഹിത്യ ചരിത്രത്തിലെ ഏറ്റവും മഹാനായ എഴുത്തുകാരൻ നിസിബിസിലെ മോർ അപ്രേമിന്റെയും (306-373), മോർ നർസായ് (392-502), സാറൂഗിലെ മോർ യാക്കോബ് (451-520) എന്നിവരുടേയും രചനകൾ ഈ കാലഘട്ടത്തിലുള്ളതാണ്. റോമാ സാമ്രാജ്യത്തിലെ എഡേസ്സ, സാറൂഗ്, ആമീദ്, മാബൂഗ്, പേർഷ്യാ സാമ്രാജ്യത്തിലെ സെലൂഷ്യ സ്റ്റെസിഫോൻ, നിസിബിസ്, അർബേല തുടങ്ങിയ പട്ടണങ്ങളും, കെന്നശ്രീൻ, കർക്കഫ്ത്ത, മർദ്ദീനിലെ ദയിറുൾസഫ്രാൻ, തുർഅബ്ദീനിലെ മോർ ഗബ്രിയേൽ, ജറുസലേമിലെ മോർ മർക്കോസ്, മോസൂളിലെ മോർ മത്തായ് തുടങ്ങിയ ദയറാകളും സാഹിത്യ രചനകളുടെ ഈറ്റില്ലങ്ങളായിരുന്നു.

3.3 ഏഴാം നൂറ്റാണ്ടു മുതൽ ഖലീഫമാരുടെയും (632-661), ഉമവിയ (661-750), അബ്ബാസിയ (750-1258) തുടങ്ങിയ വംശങ്ങളിലെ ഇസ്ലാമീക ഭരണാധികാരികളുടെയും രാഷ്ട്രീയ ആധിപത്യത്തിൽ മദ്ധ്യപൂർവ്വദേശത്ത് അറബി ഔദ്യോഗിക ഭാഷയും, ഇസ്ലാം ഔദ്യോഗിക മതവും ആയിത്തീർന്നു. ഏഴാം നൂറ്റാണ്ടിന്റെ അവസാനകാലത്ത് ജീവിച്ചിരുന്ന വിഖ്യാത സന്ന്യാസ രചനകളുടെ കർത്താവായിരുന്ന നിനുവെയിലെ ഇസഹാക്ക്, ബഹുമുഖ പ്രതിഭ (ജീഹ്യാമവേ) എന്നറിയപ്പെട്ടിരുന്ന എഡേസ്സയിലെ യാക്കോബ് (604-708) എന്നിവർ ഈ കാലഘട്ടത്തിലെ പ്രശസ്തരായിരുന്നു.

3.4 പതിമൂന്നാം നൂറ്റാണ്ടു മുതൽ പ്രാദേശിക ഭരണകർത്താക്കളുടെയും മംഗോളിയർ, മംലൂക്ക് വംശജരുടെയും ഭരണത്തിലായിരന്നു മദ്ധ്യപൂർവ്വദേശം. ഈ കാലഘട്ടത്തിലെ പ്രധാനപ്പെട്ട എഴുത്തുകാർ പൗരസ്ത്യ തോമസ് അക്വീനാസ് എന്ന് വിശേഷിപ്പിക്കപ്പെടുന്ന ബാർ ഹെബ്രായാ (1225-1286), അബ്ദീശോ ബാർ ബ്രീക്കോ (+1318) എന്നിവരാണ്.

3.5 പതിനഞ്ചാം നൂറ്റാണ്ടു മുതൽ ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കം വരെ ഓട്ടോമാൻ സാമ്രാജ്യത്തിന്റെ ഭാഗമായിരുന്നു മദ്ധ്യപൂർവ്വദേശം. പതിനാറാം നൂറ്റാണ്ട് മുതലാരംഭിച്ച പാശ്ചാത്യ ക്രിസ്ത്യൻ മിഷനറിമാരുടെ മദ്ധ്യപൂർവ്വദേശത്തെ പ്രവർത്തനങ്ങൾ സുറിയാനി പ്രിന്റിങ്ങ് പ്രസ്സുകളുടെ ഉത്ഭവത്തിനും, യൂറോപ്യൻ സർവ്വകലാശാലകളിലെ ഗ്രന്ഥശാലകളിൽ സുറിയാനി ഹസ്തലിഖിതങ്ങൾ ശേഖരിക്കപ്പെടുന്നതിനും, സുറിയാനി ഗ്രന്ഥങ്ങൾ ആധുനിക യൂറോപ്യൻ ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെടുന്നതിനും ഇടയാക്കി.

3.6 ഇരുപതാം നൂറ്റാണ്ടിന്റെ മദ്ധ്യത്തോടെയാണ് ആധുനിക അറബി രാഷ്ട്രങ്ങളുടെ ഉത്ഭവം. ഇക്കാലയളവിൽ മതപരമായ വിവേചനം, മതപീഢനം, യുദ്ധം



എന്നിവയിൽ നിന്ന് രക്ഷ തേടി മദ്ധ്യപൂർവ്വ ദേശത്തു നിന്നുള്ള സുറിയാനി ക്രൈസ്തവരുടെ ലോകവ്യാപക കുടിയേറ്റത്തിന് തുടക്കം കുറിച്ചു ഇത് ഇവർ ചേക്കേറിയ സ്ഥലങ്ങളിൽ സുറിയാനി പഠനകേന്ദ്രങ്ങഹൽ ആരംഭിക്കുവാൻ ഇടയാക്കി. ഇവയിൽ ഹോളണ്ടിലെ പ്ശീത്ത ഇൻസ്റ്റിറ്റ്യൂട്ട്, അമേരിക്കയിലെ ഗോർജിയാസ് പ്രസ്സ് എന്നിവ പ്രശസ്തങ്ങളാണ്.

3.7 ഇന്ന് യൂറോപ്പ്, അമേരിക്ക, ഓസ്ട്രേലിയ, ഏഷ്യ എന്നീ ഭൂഖണ്ഡങ്ങളിലെ വിവിധ സർവ്വകലാശാലകളിൽ സുറിയാനി പഠനത്തിനുള്ള സൗകര്യങ്ങളുണ്ട്. സുറിയാനി അതിന്റെ ജന്മനാടായ മദ്ധ്യപൂർവ്വദേശത്ത്, സിറിയ, ലെബനോൻ,

തുർക്കി, ഇറാക്ക്, ഇറാൻ എന്നീ രാജ്യങ്ങളിലെ ചില ഗ്രാമങ്ങളിൽ തൂറോയോ, സൂറത്ത് തുടങ്ങിയ പേരുകളിൽ ഇപ്പോഴും സംസാരഭാഷയായി നിലനില്ക്കുന്നതോടൊപ്പം തന്നെ, ആധുനിക സമ്പർക്ക മാധ്യമങ്ങളുടെ സകല സാദ്ധ്യതകളും പ്രയോജനപ്പെടുത്തി സജീവഭാഷയായി ഇന്നും തുടരുന്നു.

4. *സുറിയാനി വിവർത്തന സാഹിത്യം*

4.1 സംസ്കൃതത്തിൽ രചിക്കപ്പെട്ട പഞ്ചതന്ത്രകഥകൾ (ബി.സി. 200), ആരാമ്യ ഭാഷയിൽ രചിക്കപ്പെട്ട അഹീക്കാറിന്റെ കഥ (ബി.സി. അഞ്ചാം നൂറ്റാണ്ട്), ഗ്രീക്കിൽ രചിക്കപ്പെട്ട ഈസോപ്പ് കഥകൾ (620-564 ബി.സി), അലക്സാണ്ടറിന്റെ ജീവചരിത്രം (ബി.സി.നാലാം നൂറ്റാണ്ട്), ഗ്രീക്ക് ദാർശനികൻമാരായിരന്ന അരിസ്റ്റോട്ടിൽ (365-323 ബി.സി), പ്ലേറ്റോ (429-327 ബി.സി) എന്നിവരുടെ കൃതികൾ തുടങ്ങിയവ സുറിയാനിയിലേക്ക് വിവർത്തനം ചെയ്യപ്പെട്ട ചില പുരാതന കൃതികൾക്ക് ഉദാഹരണങ്ങളാണ്.

4.2 അഞ്ചു മുതൽ ഒൻപത് വരെയുള്ള നൂറ്റാണ്ടുകളിലായി ഗ്രീക്ക് വൈജ്ഞാനിക മേഖലയിലെ കൃതികളെല്ലാം തന്നെ സുറിയാനിയിലേക്കും പിന്നീട് സുറിയാനിയിൽ നിന്ന് അറബിയിലേക്കും വിവർത്തനം ചെയ്യപ്പെടുകയുണ്ടായി. അതായത് ഗ്രീക്ക് കൃതികളുടെ അറബി വിവർത്തനങ്ങൾ ഉണ്ടായത് ഗ്രീക്കിൽ നിന്ന് അറബിയിലേക്ക് നേരിട്ടല്ല. ഗ്രീക്ക് കൃതികളുടെ സുറിയാനി വിവർത്തനങ്ങളിൽ നിന്നാണ്. പന്ത്രണ്ടാം നൂറ്റാണ്ടിൽ സ്പെയിനിൽ വെച്ച് മേല്പറഞ്ഞ ഗ്രീക്ക് കൃതികളുടെ സുറിയാനിയിൽ നിന്നുള്ള അറബി വിവർത്തനങ്ങൾ ലത്തീനിലേക്ക് വിവർത്തനം ചെയ്യപ്പെടുകയും യൂറോപ്പിലേക്ക് ഗ്രീക്ക് കൃതികൾ തിരിച്ചെത്തുന്നതിനുള്ള പാലമായി സുറിയാനി ഭാഷ വർത്തിക്കുകയും ചെയ്തു.

4.3 വില്യം ഷേക്സ്പിയറിന്റെ Merchant of Venice, ചാൾസ് ഡിക്കൻസിന്റെ Tale of two cities തുടങ്ങിയവയുടെ സുറിയാനി വിവർത്തനങ്ങൾ, ആധുനിക കാലഘട്ടത്തിലും വിശ്വസാഹിത്യത്തിലെ മഹത് കൃതികൾ സുറിയാനിയിലേക്ക് വിവർത്തനം ചെയ്യപ്പെടുന്നുവെന്നതിന് ഉദാഹരണങ്ങളാണ്.

5. *മദ്ധ്യപൂർവ്വദേശത്തെ സുറിയാനി സഭകൾ*

5.1 ലോകത്തിലെ ക്രിസ്ത്യൻ സമൂഹങ്ങൾ ലത്തീൻ, ഗ്രീക്ക്, സുറിയാനി എന്നിങ്ങനെ മൂന്ന് പാരമ്പര്യങ്ങളിലായാണ് വളർന്നത്. പാശ്ചാത്യ സാമ്രാജ്യത്തിൽ ലത്തീൻ പാരമ്പര്യത്തിലുള്ള ക്രൈസ്തവ സമൂഹം റോമൻ കത്തോലിക്കാ സഭ എന്നും, പൗരസ്ത്യ റോമാ സാമ്രാജ്യത്തിലെ ഗ്രീക്ക് പാരമ്പര്യത്തിലുള്ള ക്രൈസ്തവ സമൂഹങ്ങൾ ബൈസന്റയിൻ സഭകൾ എന്നും അറിയപ്പെട്ടു. പേർഷ്യൻ സാമ്രാജ്യത്തിലും, പൗരസ്ത്യ റോമാ സാമ്രാജ്യത്തിലുമായി സുറിയാനി പാരമ്പര്യത്തിലുള്ള ക്രൈസ്തവ സമൂഹത്തിലെ ഒരു വിഭാഗം നെസ്തോറിയൻ (അസ്സീറിയൻ സഭ) ക്രിസ്ത്യാനികളെന്നും, 451 ലെ കൽക്കദൂനിയ സുന്നഹദോസോടു കൂടി മറ്റേ വിഭാഗം യാക്കോബായ (സിറിയൻ ഓർത്തഡോക്സ്) ക്രിസ്ത്യാനികളെന്നും അറിയപ്പെടാൻ തുടങ്ങി. എ.ഡി. 380 ലെ തെസ്‌ലോനിക്ക വിളംബരത്തോടെ ക്രിസ്തുമതം സാമ്രാജ്യത്തിലെ ഔദ്യോഗിക മതമായിത്തീരുകയും, റോമാ ചക്രവർത്തിമാർ ക്രിസ്ത്യാനികളാവുകയും ചെയ്തതോടെ റോമാ-സാമ്രാജ്യത്തിലെ ക്രൈസ്തവസഭകൾ തഴച്ചു വളർന്നു. എന്നാൽ പേർഷ്യാ സാമ്രാജ്യത്തിലെ സുറിയാനി ക്രിസ്ത്യാനികൾക്ക് ഒരിക്കൽ പോലും ക്രൈസ്തവ ചക്രവർത്തിമാരെ ലഭിച്ചിട്ടില്ലെന്നു മാത്രമല്ല, പൗരസ്ത്യ റോമാ സാമ്രാജ്യത്തിലെ സുറിയാനി ക്രിസ്ത്യാനികൾ ബൈസന്റയിൻ ക്രിസ്ത്യാനികളാൽ പാഷണ്ഡികളെന്ന പേരിൽ പലപ്പോഴും പീഡിപ്പിക്കപ്പെടുകയും ചെയ്തിരുന്നു.

5.2 പേർഷ്യൻ സാമ്രാജ്യത്തിലെ ആദ്യകാല ഭരണാധികാരികൾ വളരെയധികം സഹിഷ്ണതയുള്ള പാർത്ഥിയൻമാരായിരുന്നു. ഇവരിൽ നിന്ന് എ.ഡി.224 ൽ അധികാരം കയ്യടക്കിയ സസ്സാനിദുകൾ സൊറാഷ്ട്രിയൻ മതത്തെ ഔദ്യോഗിക മതമാക്കുകയും ക്രൈസ്തവ പീഢനം ആരംഭിക്കുകയും ചെയ്തു. 661 വരെയായിരുന്നു സസ്സാനിദുകളുടെ ഭരണം. മുസ്ലിം മതവിഭാഗക്കാരായ അറബികൾ ഇവരെ കീഴടക്കിയതോടെ പിന്നീടുള്ള ക്രൈസ്തവരുടെ ജീവിതം മുസ്ലീം ഭരണാധികാരികളായ ഖലീഫമാർ (632-661), ഉമവിയർ (661-750), അബ്ബാസിയർ (750-1258), മംഗോളിയർ, മംലൂക്കർ 91250-1517), ഓട്ടോ

മാൻ തുർക്കികൾ (1922 വരെ) എന്നിവരുടെ കീഴിലായി. ക്രിസ്ത്യാനികൾ ജീവിക്കാൻ മാത്രം അനുവാദമുള്ള, അവകാശങ്ങളില്ലാത്ത സംരക്ഷിതർ (ദിമ്മി) എന്നി അറിയപ്പെട്ടു. പ്രത്യേക വസ്ത്രം, ഇടക്കെട്ട് എന്നിവ ധരിക്കണം. മുടി പ്രത്യേക രീതിയിൽ വെട്ടണം. മുസ്ലീങ്ങളെക്കാൾ കൂടുതൽ നികുതിയും, സൈനിക സേവനം നിഷിധമായിരുന്നതിനാൽ അതിനു പകരം വേറെ നികുതിയും നല്കേണ്ടിയിരുന്നു. ഇസ്ലാം മതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടവർ സൈന്യത്തിലെടുക്കപ്പെടുകയും എല്ലാവിധ ആനുകൂല്യങ്ങൾക്കും അർഹരാവുകയും ചെയ്തിരുന്നു. ഇസ്ലാം മതത്തെ വിമർശിക്കുക, മുസ്ലീം സ്ത്രീയെ വിവാഹം കഴിക്കുക, മുസ്ലീമിനോട് സുവിശേഷം പറയുക. മുസ്ലീമിന്റെ ശത്രുവിനെ സഹായിക്കുക എന്നിവയെല്ലാം ഗൗരവമായ കുറ്റകൃത്യങ്ങളായി പരിഗണിച്ച് കൊല്ലുകയും പിന്നീട് സ്വത്ത് കണ്ടു കെട്ടുകയുമാണ് ചെയ്തിരുന്നത്. ഒമർ രണ്ടാമൻ (634-644) എന്ന ഇസ്ലാമിക ഭരണാധികാരി ഏർപ്പെടുത്തിയ ഉടമ്പടിയുടെ ഭാഗമായി ക്രിസ്ത്യാനികൾക്കു നേരിടേണ്ടിവന്ന പീഢനങ്ങളാണ് മേല്പറഞ്ഞവയെല്ലാം. അബ്ദ് അൽ മാലിക്ക് (685-705) അറബി ഒഴിച്ചുള്ള ഭാഷകൾ നിരോധിച്ചു. വാലിദ് (705-715), മഹ്ദി (775-785) എന്നിവർ പള്ളികൾ മോസ്കുകളാക്കുകയും, പള്ളി മണി, ശവസംസ്കാരം, പ്രദക്ഷിണം തുടങ്ങിയവയ്ക്ക് നിയന്ത്രണം ഏർപ്പെടുത്തി. ഓട്ടോമാൻ സുൽത്താൻ ഒർക്കൻ (1326-1359) 14നും 20നും ഇടയ്ക്കുള്ള ക്രിസ്ത്യൻ കുട്ടികളെ മുസ്ലീങ്ങളാക്കി ജാനറികൾ എന്ന ക്രൂര സൈന്യവിഭാഗത്തിൽ ചേർക്കുന്നത് ആരംഭിച്ചു. അൽ മഹ്ദി (775-785), ഹറൂൺ അൽ റഷീദ് (785-809), മുതവക്കീൽ (846-861), അബുസൈദ് (1316 -1335), ടർക്കിഷ് മംഗോളിയൻ വംശജനായ ടിമൂർ (1336-1405), തുടങ്ങിയ ഭരണാധികാരികൾ സുറിയാനി ക്രിസ്ത്യാനികളുടെ വലിയ കൂട്ടക്കൊലകൾ നടത്തിയവരാണ്. ഇരുപതാം നൂറ്റാണ്ടിൽ 1914 ലെ കൂട്ടക്കൊലയിൽ ഓട്ടോമാൻ തുർക്കികൾ കൊന്നത് 15 ലക്ഷത്തോളം അർമേനിയൻ ക്രൈസ്തവരെയും 3 ലക്ഷത്തോളം അസ്സീറിയൻ ക്രൈസ്തവരെയും, ഒരു ലക്ഷത്തോളം സിറിയൻ ഓർത്തഡോക്സ് ക്രൈസ്തവരെയുമാണ്.

5.3 ഈവിധ നിഷ്ഠൂര പീഢനങ്ങൾക്കിടയിലും അസ്സീറിയൻ സഭയിലെ മിഷനറിമാർ ഇന്ത്യയിലും, ശ്രീലങ്കയിലും, ചൈനയിലും എത്തി ക്രൈസ്തവ വിശ്വാസം പ്രചരിപ്പിച്ചിരുന്നു. ചൈനയിൽ അസ്സീറിയൻ സഭയ്ക്ക് മുന്നൂറിലധികം ദേവാലയങ്ങൾ ഉണ്ടായിരുന്നതായി 781 ൽ ചൈനീസിലും സുറിയാനിയിലുമായി എഴുതപ്പെട്ട ശിലാഫലകം സാക്ഷിക്കുന്നു. മെസപ്പൊട്ടാമയിൽ നിന്ന് ചൈനയിലേക്ക് നീണ്ടു കിടക്കുന്ന പട്ടുപാതയ്ക്ക് വടക്ക് കാസ്പിയൻ കടലിനും ബേയ്ക്കൽ തടാകത്തിനും മദ്ധ്യേയുള്ള വിശാലമായ ഭൂപ്രദേശത്തെ അനേകം മംഗോളിയൻ ഗോത്ര വംശജരെ ക്രിസ്തു മതത്തിലേക്ക് കൊണ്ടു വരുവാൻ സുറിയാനി സഭയിലെ മിഷനറിമാർക്ക് സാധിച്ചു. ഒരു മംഗോളിയൻ വംശജൻ അസ്സീറിയൻ സഭയുടെ പാത്രിയർക്കീസ് പദവി വരെ എത്തി (യാബാലാഹ മൂന്നാമൻ 1281-1317) എന്നതും ശ്രദ്ധേയമാണ്. ഏഴാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഇറാനിലെ ആകെ ജനസംഖ്യയുടെ പകുതിയോളം ആളുകൾ ക്രിസ്ത്യാനികളായിരുന്നു. എ.ഡി.1000 ത്തിൽ ലോകത്താകമാനമായി ഒരു കോടി ഇരുപതു ലക്ഷം (12 മില്യൻ) സുറിയാനി ക്രൈസ്തവരുണ്ടായിരുന്നു. 10 മുതൽ 12 വരെ നൂറ്റാണ്ടുകളിൽ അബ്ബാസിയരുടെ നിർബന്ധിത മതപരിവർത്തന-മതപീഢനകാലത്ത് ഗണ്യമായി കുറയാനാരംഭിച്ച ക്രൈസ്തവ ജനസംഖ്യ ടിമൂറിന്റെ (1336-1405) കൂട്ടക്കൊലകളോടെ പരിതാപകരമായ അവസ്ഥയിലെത്തിച്ചേർന്നു.

5.4 ഇന്ന് അസ്സീറിയൻ സഭ, അസ്സീറിയൻ സഭയിൽ നിന്ന് 1551 മുതൽ റോമാ മാർപാപ്പയെ തലവനായി സ്വീകരിച്ച കൽദായ കത്തോലിക്കാ സഭ, സിറിയൻ ഓർത്തഡോക്സ് സഭ, സിറിയൻ ഓർത്തഡോക്സ് സഭയിൽ നിന്ന് 1662 മുതൽ റോമാ മാർപാപ്പയെ തലവനായി സ്വീകരിച്ച സിറിയൻ കത്തോലിക്കാ സഭ, പാശ്ചാത്യ സുറിയാനി ആരാധനക്രമം പിന്തുടരുന്ന ലബനോനിലെ മാറോനീത്താ കത്തോലിക്കാ സഭ എന്നിങ്ങനെ അഞ്ച് സുറിയാനി സഭകളാണ് മദ്ധ്യപൂർവ്വദേശത്തുള്ളത്.

6. സുറിയാനി ഭാഷയും കേരളവും

6.1 കേരളത്തിലെ പൗരസ്ത്യ കൽദായ സുറിയാനി സഭ സീറോ മലബാർ സഭ എന്നീ രണ്ട് സഭകളുടെ ആരാധനക്രമത്തിന്റെ മൂലം പൗരസ്ത്യ സുറിയാനിയും മലങ്കര യാക്കോബായ സുറിയാനി സഭ, മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ, മലങ്കര മാർത്തോമാ സുറിയാനി സഭ, മലബാർ സ്വതന്ത്ര സുറിയാനി സഭ, മലങ്കര സുറിയാനി

കത്തോലിക്കാ സഭ എന്നീ അഞ്ച് സഭകളുടെ ആരാധന ക്രമത്തിന്റെ മൂലം പാശ്ചാത്യ സുറിയാനിയുമാണ്.

6.2 1653 ലെ കൂനൻ കുരിശു സത്യത്തിനു ശേഷം 1665 ൽജറുസലെമിൽ നിന്നുള്ള മോർ ഗ്രിഗോറിയോസ് എന്ന യാക്കോബായ മെത്രാന്റെ ആഗമനത്തോടെയാണ് കേരളത്തിൽ പാശ്ചാത്യ സുറിയാനി ആരാധനക്രമത്തിന്റെ ഉപയോഗത്തിനും വ്യാപനത്തിനും തുടക്കമാവുന്നത്. അതുവരെയും കേരളത്തിലെ അവിഭക്ത സുറിയാനി ക്രൈസ്തവ സമൂഹം പൗരസ്ത്യ സുറിയാനി ആരാധനക്രമമാണ് ഉപയോഗിച്ചിരുന്നത്. ആരാധനാഭാഷ എന്ന നിലയിൽ മാത്രമാണ് കേരളത്തിൽ സുറിയാനി ഭാഷ പ്രചാരത്തിലിരുന്നത്. ഇതോടൊപ്പം ''കർശൂനി''യും പ്രചാരത്തിലിരുന്നു. കേരളത്തിൽ പൊതുവെ സുറിയാനി പഠിച്ചിരുന്നത് പുരോഹിത പദവികളിലുള്ളവർ മാത്രമായിരുന്നു. ഭാരതത്തിലെ പുരാതന ഗുരുകുല സമ്പ്രദായം പോലെ, മൽപാൻമാരിൽ (ആശാൻ) നിന്നാണ് ഭാഷ അഭ്യസിച്ചിരുന്നത്. ഇത്തരം കേന്ദ്രങ്ങൾ മൽപാൻ വീടുകൾ എന്നാണറിയപ്പെട്ടിരുന്നത്.

6.3 ആധുനിക കാലഘട്ടത്തിൽ, മലങ്കര സുറിയാനി കത്തോലിക്കാ സഭാ സ്ഥാപകൻ ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് (1882-1955) തിരുമേനിയുടെ ശ്രമഫലമായി സെറാംപൂർ യൂണിവേഴ്സിറ്റിയിലും (കൽക്കട്ട), മദ്രാസ് യൂണിവേഴ്സിറ്റിയിലും, കേരളത്തിലെ സ്കൂളുകളിലും സുറിയാനി പഠനം ആരംഭിച്ചു. ഇപ്പോൾ കേരളത്തിലെ ഹയർ സെക്കൻഡറി സ്കൂളുകളിലും, വിവിധ സർവ്വകലാശാലകളിൽ ബിരുദ തലത്തിലും രണ്ടാം ഭാഷയായി സുറിയാനി പഠിപ്പിക്കപ്പെടുന്നു. മലങ്കര സുറിയാനി കത്തോലിക്കാ സഭാ തിരുവല്ല അതിഭദ്രാസനത്തിനു കീഴിലുള്ള സെന്റ് എഫ്രേം എക്യുമെനിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ (സീരി) സുറിയാനിയിൽ ഗവേഷണ, ബിരുദാനന്തര ബിരുദ കോഴ്സുകൾ നടന്നു വരുന്നു. ഒപ്പം എല്ലാ ഭൂഖണ്ഡങ്ങളിൽ നിന്നുമുള്ള സുറിയാനി വിദഗ്ധരെ പങ്കെടുപ്പിച്ചു കൊണ്ട് നാലുവർഷത്തിലൊരിക്കൽ അന്താരാഷ്ട്ര സുറിയാനി സമ്മേളനവും നടത്തി വരുന്നു. ഈ സമ്മേളനങ്ങളിൽ അവതരിപ്പിക്കപ്പെടുന്ന പേപ്പറുകളുടെ സമാഹാരമായ The Harp എന്ന പ്രസിദ്ധീകരണവും അന്താരാഷ്ട്ര തലത്തിൽ ശ്രദ്ധേയമാണ്.

7. സുറിയാനി ഭാഷാ പഠനത്തിന്റെ പ്രസക്തി

7.1 സെമിറ്റിക് മതമായ ക്രിസ്തുമതത്തിന്റെ വൈദേശിക ഭാവങ്ങളായ ഗ്രീക്ക്-ലത്തീൻ ക്രൈസ്തവ പാരമ്പര്യങ്ങളിൽ നിന്ന് വിഭിന്നമാണ് സെമിറ്റിക് പാരമ്പര്യത്തിൽ തന്നെയുള്ള സുറിയാനി ക്രൈസ്തവീകത. ഈ അനന്യത തിരിച്ചറിയുവാൻ സുറിയാനിയിലുള്ള ബൈബിൾ വിവർത്തന ങ്ങൾ, ബൈബിൾ വ്യാഖ്യാനങ്ങൾ, സഭാപിതാക്കൻമാരുടെ രചനകൾ, ആരാധനക്രമങ്ങൾ തുടങ്ങിയവയെല്ലാം മൂലഭാഷയായ സുറിയാനിയിൽ തന്നെ വായിച്ചു ഗ്രഹിക്കേണ്ടിയിരിക്കുന്നു. ആധുനിക ഭാഷകളിലേക്ക് വിവർത്തിതമാകാത്ത മേല്പറഞ്ഞ വിഷയങ്ങളിലെ അനേകം രചനകൾ സുറിയാനിയിലുണ്ടെന്നുള്ളത് ദൈവശാസ്ത്ര വിഷയങ്ങളിൽ ഉപരിപഠനം നടത്തുന്നവർക്കുള്ള സാധ്യതകൾ കൂടിയാണ്.

7.2 സുറിയാനി ആരാധനാക്രമത്തിന്റെ പ്രത്യേകിച്ച് പദ്യരൂപത്തിലുള്ള പ്രാർത്ഥനകളുടെ മലയാള വിവർത്തനങ്ങളിൽ സുറിയാനി ഈണം അതേ പടി നിലനിർത്തുവാനായി ഒത്തുതീർപ്പുകളും നീക്കുപോക്കുകളും ഉണ്ടായിട്ടുണ്ട്. ഇപ്രകാരമുള്ള മലയാള വിവർത്തനങ്ങളിൽ നിന്നുള്ള, മറ്റ് ഭാഷാ വിവർത്തനങ്ങൾ സുറിയാനി ഭാഷയോട് നീതി പുലർത്താത്തവയായിരിക്കും. ഇതൊഴിവാക്കാനുള്ള പോംവഴി മൂലഭാഷയായ സുറിയാനിയിൽ നിന്നുള്ള വിവർത്തനമാണ്. തമിഴ്, ഹിന്ദി, കന്നഡ തുടങ്ങിയവ മാതൃഭാഷയായുള്ള സുറിയാനി ക്രൈസ്തവർക്ക് ഇക്കാര്യങ്ങൾ കൂടുതൽ പ്രസക്തമാണ്.

7.3 തിരുനാളുകളിലെയും ഞായറാഴ്ചകളിലേയും യാമപ്രാർത്ഥന കളുടെ സമാഹാരമായ പെങ്കീസാ നമസ്കാര പ്പുസ്തകത്തിലെ 113 ദിവസത്തെ പ്രാർത്ഥനകൾ ഇനിയും മലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടില്ല. സുറിയാനി ക്രൈസ്തവ ആദ്ധ്യാത്മികത ആരാധനാക്രമാധിഷ്ഠിത ആദ്ധ്യാത്മികതയാണെന്ന സത്യം കേവലം മേനി പറച്ചിലല്ല, യാഥാർത്ഥ്യമാണെന്ന്, യാമപ്രാർത്ഥനകൾ മുടക്കം കൂടാതെ നടത്തുന്ന വൈദീക സന്യസ്ത അർത്ഥികൾക്ക് ബോദ്ധ്യപ്പെടുവാൻ ഇവ അർത്ഥം മനസിലാക്കി ചൊല്ലേണ്ടിയിരിക്കുന്നു. സുറിയാനിയിൽ അവഗാഹം നേടി പെങ്കീസായിലെ പ്രാർത്ഥനകളുടെ വിവർത്തനം നിർവ്വഹിച്ചെങ്കിൽ മാത്രമെ ഇതു സാദ്ധ്യമാവുകയുള്ളൂ.

കുടുംബചിന്തകൾ

Rev. Mathew.P.
Mar Thoma Hospital
Guidance and
Councelling Centre,
Thiruvananthapuram

കുടുംബങ്ങൾ ഇക്കാലത്ത് ബന്ധങ്ങളിലും ഘടനയിലും ചിതറിപ്പോകുന്നു. ആശയപരമായും അനുഭവപരമായും കുടുംബം എന്ന വിഷയത്തിൽ മാറ്റങ്ങളും ചിന്താകുഴപ്പങ്ങളും സംഭവിച്ചു കൊണ്ടിരിക്കുന്നു. സ്വലിംഗവിവാഹം (Same sex marriage), സഹവാസസംബന്ധം (Living together relationship), സന്തതരഹിത കുടുംബം ഇത്യാദി ഭാവങ്ങളിലേക്കും കുടുംബവ്യവസ്ഥിതി മാറി കൊണ്ടിരിക്കുന്നു. ഇത്തരം കുറ്റങ്ങളുടെ മുമ്പിൽ പകച്ചു നിൽക്കുന്ന അനേക യുവാക്കളുണ്ട്. മൂല്യങ്ങളിലും സങ്കല്പങ്ങളിലും ഉണ്ടാകുന്ന മാറ്റങ്ങൾ മനസിലാക്കാതെ ചെറിയ ചുഴികളിൽപോലും മുങ്ങിപ്പോകുന്ന കുടുംബ നൗകകളുണ്ട്. ബന്ധങ്ങൾക്ക് ദൃഢതയില്ലാതെ ചെറിയ കാറ്റിലും തിരയിലുംപെട്ട് ഉടഞ്ഞു പോകുന്ന കാഴ്ചയിൽ സുന്ദരമായ House Boat കളാണ് ചില കുടുംബങ്ങൾ. അകമേ നിർജീവമായ അസ്ഥിക്കഷ്ണങ്ങളെ മൂടി വെക്കുന്ന മാർബിൾ കല്ലറകളാണ് ചില കുടുംബങ്ങൾ. എന്താണ് നമ്മുടെ കുടുംബങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത് എന്ന് അവധാനതയോടെ നാം ചിന്തിക്കണം.

- **വിവാഹത്തിനും കുടുംബത്തിനും വേണ്ടി ഒരുക്കം അത്യാവശ്യം**

ഏതൊരു പ്രധാന കർമ്മത്തിനും തയ്യാറെടുപ്പ് അത്യാവശ്യം. കർമ്മവും കർമ്മത്തിന്റെ പ്രകടനവും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കിവേണം ഒരുങ്ങുവാൻ. മനുഷ്യജീവിതത്തിന്റെ ഒരു പ്രധാന ഘട്ടത്തിലേക്കുള്ള പ്രവേശനമാണ് വിവാഹം. അത് ഭാര്യയും ഭർത്താവും തമ്മിലുള്ള ബന്ധത്തെയും സൂചിപ്പിക്കുന്നു. എന്നാൽ പലരും ഒരുങ്ങുന്നത് വിവാഹത്തിന്റെ വേഷവിധാനം, വിവാഹസ്ഥലങ്ങളുടെ മോടിപ്പിടിപ്പിക്കൽ, ചിത്രീകരണം, സദ്യവട്ടങ്ങളുടെ പെരുമ, ഇത്യാദി കാര്യങ്ങൾക്കാണ്. വിവാഹ ജീവിതത്തിനായി ഒരുങ്ങുവാൻ കൃത്യമായി ശ്രദ്ധിക്കാറില്ല. വിവാഹത്തിലൂടെ രണ്ടു വ്യക്തികൾ കൂട്ടായി ജീവിതം നയിക്കുന്നതിന് പരസ്പരം സമർപ്പിച്ച് പങ്കാളിത്തം ഏറ്റെടുക്കുകയും കുടുംബം കെട്ടുപണിചെയ്യുന്നതിന് കൂട്ടുത്തരവാദിത്വം സ്വീകരിക്കുകയും ചെയ്യുന്നു.

പരസ്പരം സ്വീകരിക്കുന്നതിനും മനസിലാക്കുന്നതിനും ദമ്പതികൾ ആകുന്നതിനും, ആളത്വം, സംവേദനം, ബന്ധങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ പക്വമായ അറിവും വ്യക്തിത്വ വികാസവും വളർച്ചയും ആവശ്യമാണ്. സ്ത്രീ പുരുഷ വ്യത്യാസങ്ങൾ, ലൈംഗികത, കുടുംബസംവിധാനം, രക്ഷാകർത്തൃത്വം, സംഘർഷസാദ്ധ്യതകളും പരിഹാരവും തുടങ്ങിയ കാര്യങ്ങളിലും പ്രാഥമിക ഒരുക്കം ആവശ്യമാണ്. അതിനാൽ വിവാഹത്തിന് മുമ്പുള്ള ഒരുക്കം ഒരു പരിധിവരെ കുടുംബജീവിതത്തിന്റെ പ്രതിസന്ധികൾ ലഘൂകരിക്കാൻ സഹായകമാണ്. ആകയാൽ വിവാഹപ്രായമാകുമ്പോൾ അതിനുള്ള ഒരുക്കത്തിന്റെ പഠനസമ്മേളനങ്ങളിൽ പങ്കെടുത്ത് അറിവ് നേടണം. ജീവിത പങ്കാളിയെ തെരഞ്ഞെടുക്കുന്നതിനും ഈ ഒരുക്കം ആവശ്യമാണ്. വിവാഹ നിശ്ചയത്തിലേക്കു പ്രവേശിക്കുമ്പോൾ ദമ്പതികളാകേണ്ടവരും അവരുടെ മാതാപിതാക്കളും കൂട്ടായും വെവേറെയും വിവാഹപൂർവ കൗൺസിലിംഗിന് സമയം വേർതിരിക്കേണ്ടത് അത്യാവശ്യം ആണ്. ദമ്പതികളെക്കാൾ അവരുടെ കുടംബാംഗങ്ങളാണ് ബന്ധം തകർക്കുന്നത് എന്ന് ചിലരുടെ കാര്യങ്ങളിൽ യാഥാർത്ഥ്യമാണ്.

- **കുടുംബസങ്കല്പത്തിന്റെ അടിസ്ഥാനം - ദൈവികത**

കുടുംബത്തിന്റെ ദൈവീകതക്ക് പലമാനങ്ങൾ ഉണ്ട്. ദൈവത്താലാണ് സൃഷ്ടി ഉടലെടുക്കുന്നത്. ദൈവത്തെ പുറത്താക്കി മനുഷ്യൻ തന്നെ സൃഷ്ടികർത്താവും, പരിപാലകനും, നിയന്ത്രകനും, അന്തകനും ഒക്കെ ആകുന്നതാണ് പാപം. കുടുംബത്തിന്റെ സൃഷ്ടികർത്താവും ദൈവമാണ്. അത് നാം തത്വത്തിൽ അംഗീകരിക്കുമെങ്കിലും അനുഭവത്തിൽ അംഗീക്കുന്നില്ല എന്നത് തകർച്ചക്ക് കാരണമാകുന്നു. നമ്മുടെ സ്വാർത്ഥ താത്പര്യങ്ങൾക്കനുസരിച്ച് തീരുമാനങ്ങൾ എടുത്ത ശേഷം ദൈവത്തെ കൊണ്ട് അംഗീകരിപ്പിക്കുവാൻ ശ്രമിക്കുന്നു. ഇത് മനുഷ്യന്റെ പരാജയം. ദൈവമാണ് കുടുംബത്തിന്റെ രൂപകല്പനയും കെട്ടുപണിയും നിർവ്വഹിക്കുന്നത് എന്നു മനസ്സിലാക്കി ദൈവീക താത്പര്യങ്ങൾക്ക് പ്രഥമസ്ഥാനം കൊടുത്തു വേണം വിവാഹവും കുടുംബകാര്യങ്ങളും തീരുമാനിക്കുവാൻ. കുടംബപരിപാലനവും സ്വന്ത ഇച്ഛക്കനുസരിച്ചല്ല, ദൈവഹിതത്തിനു വിധേയപ്പെട്ടു വേണം നിർവഹിക്കുവാൻ.

എന്നാൽ പലരും ഒരുങ്ങുന്നത് വിവാഹത്തിന്റെ വേഷവിധാനം, വിവാഹസ്ഥലങ്ങളുടെ മോടിപ്പിടിപ്പിക്കൽ, ചിത്രീകരണം, സദ്യവട്ടങ്ങളുടെ പെരുമ, ഇത്യാദി കാര്യങ്ങൾക്കാണ്. വിവാഹ ജീവിതത്തിനായി ഒരുങ്ങുവാൻ കൃത്യമായി ശ്രദ്ധിക്കാറില്ല.

• ലക്ഷ്യത്തിലേക്ക് യാത്ര ചെയ്യുന്ന കുടുംബം സജീവവും സുസ്ഥിരവും

ദൈവികത ജീവിത ലക്ഷ്യത്തിലും വെളിപ്പെടണം. കുടുംബസൃഷ്ടിയിൽ ദൈവത്തിന് ചില താത്പര്യങ്ങൾ ഉണ്ട്.

(a) മനുഷ്യനെ സൃഷ്ടിച്ചത് ദൈവസ്വരൂപത്തിൽ ആണ്. അത് ആണും പെണ്ണും ആയിട്ടാണ്. ഭാര്യാഭർത്തൃബന്ധത്തിലൂടെ ദൈവസ്വരൂപം മറ്റുള്ളവർക്ക് ദൃശ്യമാകണം. ദമ്പതികൾ ഇത് മനസ്സിലാക്കി അവരുടെ ബന്ധത്തെ പരിപോഷിപ്പിക്കണം. ത്രിതൈ്വദൈവത്തിന്റെ ഏകതയും സ്നേഹവും കുടുംബത്തിൽ വെളിപ്പെടണം.

(b) ദൈവം മനുഷ്യനെ സൃഷ്ടിച്ച് അവരെ അനുഗ്രഹിച്ചു. അനുഗ്രഹം മറ്റുള്ളവരിലേക്ക് പ്രവഹിക്കുവാനാണ്. അല്ലായെങ്കിൽ അത് മലീമസമായും അനുഗ്രഹനദി ഒഴുകിയെങ്കിലേ ജീവദായകമാകൂ. അത് സ്വാർത്ഥപരമായി കേന്ദ്രീകരിക്കപ്പെടുമ്പോൾ ചാവുകടലായി മാറുന്നു. മറിച്ച് സ്വീകരിച്ച് പുറത്തേക്ക് പ്രവഹിക്കുമ്പോൾ ഗലീല തടാകം പോലെ ആകുന്നു. അവിടെയാണ് ജീവന്റെ ചൈതന്യം നിലനിൽകുന്നത് അബ്രഹാമിനെ അനുഗ്രഹിച്ചത് അനുഗ്രഹം ആകാനാണ്.

(c) അബ്രഹാം സന്താനപുഷ്ടിയുള്ളവരാകുന്നതിന് മക്കൾ ദൈവത്തിന്റെ ദാനമാണെന്ന് മിക്കവരും വിശ്വസിക്കുന്നു. എന്നാൽ അത് അനുഭവതലത്തിൽ അല്ല. മക്കൾ സാഹോദര്യത്തിൽ ഒരുമിച്ച് വസിച്ച് നല്ല വ്യക്തിത്വങ്ങൾ രൂപപ്പെടണം മക്കളുടെ എണ്ണം സംബന്ധിച്ച് ഏറ്റവും അരിഷ്ടത കാട്ടുന്നതിനാൽ പക്വതയുള്ള വ്യക്തിത്വ രൂപീകരണത്തിന് സാഹചര്യം പരിമിതപ്പെടുത്തുന്നു. അനുഗ്രഹിക്കപ്പെട്ട തലമുറകളാണ് നല്ല സമൂഹങ്ങളെ സൃഷ്ടിക്കുന്നത്. തലമുറകൾ കയീന്റെ വംശക്കാരോ രാക്ഷസീയരോ ആകരുത്. സർവോന്മുഖമായി പക്വതയുള്ള മറ്റുള്ളവർക്ക് അനുഗ്രഹമുണ്ടാക്കുന്ന മക്കളാണ് കുടുംബങ്ങളിൽ രൂപപ്പെടേണ്ടത്. അവരാണ് ഭൂമിയിൽ നിറയേണ്ടത്.

(d) അവരിലൂടെ ഭൂമി നിറവ് അനുഭവിക്കണം. സകല ജീവജാലങ്ങളുടെയും പരിപോഷണം മനുഷ്യനു നൽകുന്ന നിയോഗം ആണ്. സകല ചരാചരങ്ങളെയും അടക്കി വാഴും. അടക്കി വാഴുക ചൂഷണത്തിനല്ല. ദൈവത്തിന്റെ ജനതക്ക് അജപാലനം ചെയ്യുവാൻ നിയോഗിക്കപ്പെടുന്ന രാജാവിന്റെ ശുശ്രൂഷയാണ്. 'ശാലോ' നടപ്പാക്കുകയാണ് അത്. അധീശത്വം അല്ല. കുടുംബത്തിനുള്ള നിയോഗം സ്വന്തക്കാരോടു മാത്രമല്ല, സർവസൃഷ്ടിക്കും വേണ്ടി ആണ്. മനുഷ്യന് ഏദൻ തോട്ടത്തിലെ നിയോഗവും അതാണ്: ''തോട്ടത്തിൽ വേല ചെയ്യുക, കാത്തു സൂക്ഷിക്കുക''. തോട്ടത്തെ വളർത്തിയെടുത്ത് സകല സൃഷ്ടിക്കും പറുദീസ അനുഭവമാക്കണം. കുടുംബം പറുദീസ ആയും രൂപപ്പെടണം ''നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകേണമേ'' എന്ന പ്രാർത്ഥനയിലൂടെ കുടുംബത്തിന്റെ പങ്കാളിത്തം ആണ് മനസിലാക്കേണ്ടത്. ഈ ലക്ഷ്യങ്ങൾ ദൈവീകം ആണ്. സ്വാർത്ഥപരമായ താത്ക്കാലിക ലക്ഷ്യങ്ങൾക്കു വേണ്ടി ജീവിക്കുന്നതാണ് കുടുംബത്തിന്റെ പരാജയകാരണം. സ്ഥായിയായ ലക്ഷ്യങ്ങളില്ലെങ്കിൽ ജീവിതം അർത്ഥശൂന്യമാകും. ജീവിതവും കുടുംബവും ശരിയായ ലക്ഷ്യം മനസിലാക്കി അതിലേക്ക് യാത്ര ചെയ്യണം.

• ദൈവസ്നേഹത്തിൽ അധിഷ്ടിതമായ ബന്ധം സന്തോഷദായകം

സ്വാർത്ഥ താത്പര്യങ്ങൾവെച്ചുകൊണ്ട് വിവാഹ ജീവിതത്തിൽ പ്രവേശിക്കുന്നവരുണ്ട്. സ്വന്ത ഇഷ്ടങ്ങളുടെ പൂരണത്തിനായി അവർ ജീവിത പങ്കാളിയെയും അവരുടെ കുടുംബങ്ങളെയും ഉപയോഗിക്കും. അത്തരം ചൂഷണങ്ങൾ വിനാശകരമാകും. അവിടെ സംഘർഷങ്ങൾ വളരും. അതിനാൽ ബന്ധങ്ങളുടെ അടിസ്ഥാനം സ്നേഹം ആകണം. കുരിശിലെ സ്നേഹമാണ് ഇതിൽ അനുഭവിക്കേണ്ടത്. 1 കൊരി.13-ലെ വിവരണം കുടുംബബന്ധത്തിലും യാഥാർത്ഥ്യമാകണം. സഭയെ ക്രിസ്തു സ്നേഹിക്കുന്നതുപോലെ സ്വാർത്ഥത

ഇല്ലാത്ത, സ്വയം ത്യജിച്ച് സ്വയം ദാനം ആക്കുന്ന വ്യവസ്ഥ ഇല്ലാത്ത സ്നേഹമാണ് ഭാര്യാഭർത്തൃ ബന്ധത്തിൽ ആവശ്യം. മക്കൾ അനുഭവിച്ചു വളരേണ്ടതും അതാണ്. എന്നാൽ ഇന്നു കാണുന്ന മിക്ക ബന്ധങ്ങളും സ്നേഹത്തിനു പകരം വ്യവസ്ഥകളിൽ അധിഷ്ടിതവും സ്വാർത്ഥപരവും ബഹുമാനരഹിതവും ദുരഭിമാന നിയന്ത്രിതവും ആണെന്നു കാണാം. ഉച്ചനീചത്വവും സ്വാർത്ഥതയും ഇല്ലാത്ത സ്നേഹവും ഐക്യവും നിറഞ്ഞ ത്രിത്വബന്ധമാണ് കുടുംബത്തിന് മാതൃക ആകേണ്ടത്.

• ബഹുമാനവും അംഗീകാരവും ഉള്ള കുടുംബങ്ങളിൽ വളർച്ച ഉണ്ട്

കുടുംബങ്ങളിൽ വ്യക്തിത്വങ്ങൾ വളരുന്നതും വളർത്തുന്നതും ആകണം. എന്നാൽ ചില കുടുംബങ്ങൾ തളരുകയും തകരുകയും ചെയ്യുന്നു. അവിടെ വ്യക്തിത്വങ്ങളും തളരുന്നു. ഓരോ വ്യക്തികൾക്കും പ്രാധാന്യം ഉണ്ട്. ഓരോരുത്തരും ദൈവത്തിന്റെ കരവിരുതിന്റെ ദൃഷ്ടാന്തം ആണ്. അതിൽ ദൈവത്തെ കാണുവാൻ കഴിയുമോ എന്നാണ് ചോദ്യം. അപരനിൽ ദൈവമുഖം കാണുന്നവർക്ക് അയാളിനെ ബഹുമാനിക്കുവാൻ കഴിയും. സ്വയം അംഗീകരിക്കുന്ന വർക്കാണ് മറ്റുള്ളവരെ അംഗീകരിക്കുവാൻ കഴിയുന്നത്. ജീവിത പങ്കാളിയെ ആദരിക്കുവാൻ കഴിയാത്ത ധാരാളം സ്ത്രീപുരുഷന്മാർ നമ്മുടെ ഇടയിൽ ഉണ്ട്. പരുഷന്മാരാണ് അധികവും. അവരുടെ മക്കളുടെ വ്യക്തിത്വ വികാസവും വിളറിയതായിരിക്കും. മാതാപിതാക്കളെ ബഹുമനിക്കണം എന്നത് തത്വത്തിലെങ്കിലും അംഗീകരിക്കപ്പെട്ട പ്രമാണം ആണ്. അതുപോലെ തന്നെ മക്കളുടെ വ്യക്തിത്വങ്ങളെ അവർ ഏതു തരക്കാർ ആയാലും അംഗീകരിക്കുവാനും മാനിക്കുവാനും മാതാപിതാക്കൾക്കും കഴിയണം. ശാരീരികമായും ബുദ്ധിപരമായും മാനസികമായും സാമൂഹികമായും ആത്മീകമായും പക്വതയിൽ വളരുമ്പോഴാണ് ശരിയായ ആളത്വങ്ങൾ രൂപപ്പെടുന്നത്. അതിനുള്ള വെള്ളവും വളവും ഊർജ്ജവും ആണ് സ്നേഹം. ബഹുമാനം, അംഗീകാരം, കരുതൽ ഒക്കെ. കുടുംബത്തിൽ കാണുന്നതിനും അനുഭവിക്കുന്നതിനും ഓരോ വ്യക്തികൾക്കും കഴിയണം. അത്തരം കുടുംബങ്ങളിലാണ് പക്വമായി വ്യക്തിത്വങ്ങൾ വളരുന്നത്.

• ബന്ധങ്ങളിൽ പാരസ്പര്യം അനിവാര്യം

ബന്ധങ്ങളുടെ നിലനിൽപ്പിനും കുടുംബത്തിന്റെ വികാസത്തിനും ഓരോ അംഗങ്ങൾക്കും അവരവരുടെ ഉത്തരവാദിത്തവും കൂട്ടുത്തരവാദിത്തവും ഉണ്ട്. ഭാര്യ ഭർത്താക്കന്മാർ തമ്മിൽ ദൃഢമായ ബന്ധം ദൃശ്യമാകണം. ഈ ബന്ധം പരസ്പര പൂരകം ആണ്. ''ഇരുവരും ഒരു ദേഹമായിത്തീരും'' എന്നത് പരസ്പരപൂരകമായി ഒത്തുചേരുന്ന ഒരു സമഗ്രത ആണ്. ഒന്നില്ലാതെ മറ്റത് അപൂർണ്ണമാണെന്ന് അംഗീകരിക്കണം. തുടർച്ചയായ ഒരു പ്രക്രിയയിലൂടെയാണ് അത് യാഥാർത്ഥ്യം ആകുന്നത്. ''പുരുഷന്മാർ തന്റെ അപ്പനെയും അമ്മയെയും വിട്ടുപിരിഞ്ഞ് ഭാര്യയോടുപറ്റിച്ചേരും'' എന്ന ദൈവിക രൂപകല്പന അത് സാദ്ധ്യമാകുന്നു. മാതാപിതാക്കളോടുള്ള ആശ്രയത്വം വിട്ടുമാറുവാൻ സ്വയം പരുവപ്പെടുത്തണം. പുതിയതിനെ സ്വീകരിച്ച് അതിനോടു പറ്റിച്ചേരുവാൻ സ്വയം ചിട്ടപ്പെടുത്തണം. അങ്ങനെയുള്ള ഈ ഒന്നാകൽ ഞൊടിയിടയിൽ സംഭവിക്കുന്നതല്ല. വിവാഹത്തോടെ ആരംഭിച്ച് സ്വയം മിനുസപ്പെടുത്തിയും പങ്കാളിത്തത്തിലൂടെയും ഉത്തരവാദിത്തങ്ങളിലൂടെയും സുഖദുഃഖങ്ങളിൽ പങ്കുചേർന്നും ദൈവീക പദ്ധതിയിൽ പങ്കുചേർന്നും ജീവിതാന്ത്യം വരെയുള്ള ഒരു വളർച്ചയാണ് നടക്കുന്നത്. ഈ മാറ്റം രണ്ടുപേരിലും ഉണ്ടാകണം. മാതാപിതാക്കളും അതു മനസിലാക്കി പെരുമാറണം. മാതാപിതാക്കളെ ഉപേക്ഷിക്കുന്നതിനുള്ള ഉപദേശമല്ല ഇത്. മാതാപി താക്കളോടുള്ള കടമയും ഭാര്യാഭർത്താക്കന്മാർക്ക് അന്യോന്യമുള്ള കടമയും വ്യത്യസ്ഥമാണ്. മാതാപിതാക്കളോടുള്ള ഉത്തരവാദിത്വം ഭാര്യാഭർത്താക്കന്മാരായ മക്കൾ കടപ്പെട്ടിരിക്കുന്നതാണ്. ഭാര്യാ ഭർത്താക്കന്മാർ തമ്മിലുള്ള കടപ്പാടിന് മാതാപിതാക്കൾ തടസ്സം നിൽക്കുവാനും പാടില്ല. ദമ്പതികൾ രണ്ടുപേരുടെയും കുടുംബങ്ങളെ അപ്രകാരം സ്വീകരിച്ച് ഉൾക്കൊള്ളുവാനുള്ള മാനസികാവസ്ഥ രൂപപ്പെടുത്തണം. അതേ സമയം ദമ്പതികൾ പരസ്പരപൂരകമായി പുതിയ കുടുംബം കെട്ടുപണി ചെയ്യുവാനുള്ള നിയോഗം ദൈവത്തിൽ നിന്നു ലഭിച്ചവരാണ്. ആ ഉത്തരവാദിത്തം അവർ നിർവഹിക്കുകയും അവരുടെ മാതാപിതാക്കൾ അതിന് സഹായിക്കുകയുമാണ് ആവശ്യം. മക്കളെ

പിടിച്ചുവക്കുകയല്ല, മക്കളെ പക്വതയിലേക്ക് വളർത്തി അവരുടെ കുടുംബം അവർ സൃഷ്ടിക്കുവാനുള്ള എല്ലാ പ്രാപ്തിയും സ്വാതന്ത്ര്യവും നൽകുകയാണ് മാതാപിതാക്കൾ ചെയ്യേണ്ടത്. അത് മക്കളോടുള്ള സ്നേഹവും കരുതലും ബഹുമാനവും ആണ്. ആ മക്കൾ മാതാപിതാക്കൾക്ക് അവ തിരിച്ചും നൽകും. കുടുംബത്തിൽ അധീശത്വത്തിനും ചൂഷണത്തിനും സ്ഥാനമില്ല. ഭാര്യാഭർത്തൃബന്ധത്തിൽ പാരസ്പര്യം ഇല്ലെങ്കിൽ അവിടെ വീർപ്പുമുട്ടൽ ആണ്. രണ്ടു പേരും ഒരേ ദേഹത്തിന്റെ രണ്ടു ഭാഗങ്ങൾ എന്ന നിലയിൽ പരസ്പരം ആശ്രയിക്കണം. ഒരാൾ യജമാനനും മറ്റെയാൾ ആശ്രിതനും അല്ല. രണ്ടു പേരും പോരായ്മകൾ അംഗീകരിച്ച് കഴിവുകളെ കുടുംബനന്മക്കായി വളർത്തുമ്പോൾ ബന്ധം പരസ്പരപൂരകം ആണ്. അതിൽ ഏതെങ്കിലും ഒരാൾക്ക് നേട്ടമോ നഷ്ടമോ ജയമോ പരാജയമോ ഇല്ല. എല്ലാം കുടുംബത്തിനാണ്. ഇത് മക്കൾക്കും നല്ല മാതൃക ആകും. ഇവിടെ ബന്ധങ്ങൾ ബന്ധനമല്ല, ഊരാക്കുടുക്കല്ല. ഓരോരുത്തരും കുടുംബത്തിലെ പ്രധാന കണ്ണികൾ ആണ്. നമ്മുടെ സംസാരത്തിൽ ബന്ധങ്ങൾക്ക് മറ്റുള്ളവരുടെ മേൽ ഒരുതരം അധികാര ഭാവം ഉണ്ട്. ആ മനോഭാവം മറ്റുള്ളവരുടെ മേൽ അനാവശ്യമായ കൈകടത്തൽ ആകും. അത് മറ്റുള്ളവർ അംഗീകരിക്കില്ല. എന്നാൽ വ്യക്തികളുടെ ഉത്തരവാദിത്വവും സ്വാതന്ത്ര്യവും അംഗീകരിക്കണം. കുട്ടിക്കാലം മുതലേ പ്രായത്തിനനുസരിച്ച് കുടുംബത്തിലെ പങ്കാളിത്തം, ഉത്തരവാദിത്തം ഒക്കെ മക്കൾക്കും ലഭ്യമാക്കണം.

- **സംവേദനത്തിലെ വ്യക്തത അത്യാവശ്യം**

കുടുംബത്തിനുള്ളിൽ ആശയവിനിമയത്തിലെ അവ്യക്തത ഇക്കാലത്തും നിലനിൽക്കുന്നു എന്നത് ഒരു പ്രധാന പ്രശ്നം ആണ്. ആശയവിനിമയത്തിൽ തുറന്ന മനസ്സും വ്യക്തതയും മുതിർന്നവർ അംഗീകരിക്കുകയും പരിശീലിക്കുകയും ചെയ്യുമ്പോൾ കുടുംബത്തിനുള്ളിൽ ആശയക്കുഴപ്പങ്ങളും ഇല്ലാതാക്കുകയും സ്വസ്ഥത വർദ്ധിക്കുകയും ബന്ധങ്ങൾ മെച്ചപ്പെടുകയും ചെയ്യും. ഓരോരുത്തരുടെയും പങ്കും സ്ഥാനവും ഉത്തരവാദിത്തങ്ങളും വ്യക്തമായി നിർവചിക്കപ്പെടുകയും അത് എല്ലാവരും അറിഞ്ഞിരിക്കുകയും അംഗീകരിക്കുകയും വേണം.

എന്നാൽ പല കുടുംബങ്ങളിലും സംവേദന ക്ഷമത ഇല്ല. ഊഹാപോഹങ്ങളിലും സ്വന്ത ധാരണകളിൽ അധിഷ്ടിതമായ കാര്യങ്ങൾ നിവർത്തിക്കപ്പെടുമ്പോൾ അസ്വസ്ഥതയും പിരിമുറുക്കവും ഉണ്ടാകുന്നു. അത്, സംശയങ്ങൾക്കും, അതൃപ്തിക്കും, അനീതിക്കും സംഘർഷത്തിനും കാരണമാകും. ആളുകളുടെ വ്യക്തിത്വത്തിനും തടസ്സങ്ങൾ ഉണ്ടാക്കുന്നു. ആശയങ്ങളും അഭിപ്രായങ്ങളും വികാരങ്ങളും തുറന്നു പ്രകടിപ്പിക്കുവാനും അത് ശ്രദ്ധിക്കപ്പെടുവാനും ഉള്ള സ്വാതന്ത്ര്യവും അവകാശവും ഉള്ളിടത്ത് സംഘർഷങ്ങൾ കുറയുന്നു. വ്യക്തിത്വങ്ങൾ വളരുന്നു. പരസ്പര അംഗീകാരവും ബഹുമാനവും വർദ്ധിക്കുന്നു. തുറന്നു പറയുക, നേരിട്ടു പറയുക, വ്യക്തമാക്കുക തുടങ്ങിയവക്കു സ്ഥാനം ഇല്ലാതെ ഉള്ളിൽ ഒതുക്കുന്ന രീതിയിലും, മദ്ധ്യസ്ഥർ വഴിയും, ഒളിച്ചും ആശയ വിനിമയം നടത്തുമ്പോൾ കുടുംബത്തിനുള്ളിലെ ബന്ധങ്ങളുടെ പ്രാണവായു ആണ് കുറയുന്നത്. അതുകൊണ്ട് ആശയവിനിമയ നിർവഹണത്തിൽ വ്യക്തത വരുത്തുന്നതിനും, അത് മുഖാമുഖം നിർവഹിക്കുന്നതിനും, മുറിവുണ്ടാക്കാതെ വികാരം പ്രകടിപ്പിക്കുന്നതിനും ഉള്ള അനുവാദവും സ്വാതന്ത്ര്യവും അതു ശ്രദ്ധിക്കുന്നതിനുള്ള മനസ്സും അത്യാവശ്യമാണ്. അത്തരം കുടുംബങ്ങളിൽ ബന്ധങ്ങൾ ശക്തിപ്പെടും, വ്യക്തിത്വവികാസം മെച്ചപ്പെടും.

കൗൺസിലിംഗിനെപ്പറ്റി തെറ്റിദ്ധാരണകളും അജ്ഞതയും വിദ്യാസമ്പന്നർക്കുപോലും ഉണ്ട്. അതോടൊപ്പം അഭിമാനവും ഉള്ളപ്പോൾ പ്രശ്നം വഷളായും പരിഹാരമില്ലാതെ കൂടുതൽ കുഴയും. **''സൂചി കൊണ്ട് എടുക്കേണ്ടത് കോടാലികൊണ്ട്''**എടുക്കേണ്ടി വരും.

- **കുടുംബത്തിന്റെ സംപുഷ്ടമായ വളർച്ചക്ക് മാർഗ്ഗനിർദ്ദേശനം (Counseling) ഉപയോഗപ്പെടുത്തണം**

വ്യക്തികൾ വ്യത്യസ്ഥരാണ്. ഇരട്ടകൾ പോലും. വ്യത്യസ്ഥമായ വ്യക്തികൾ വിവാഹത്തിലൂടെ ഒന്നായിത്തീരുന്ന പ്രക്രിയയിൽ പ്രശ്നസാധ്യതകളും പ്രതിസന്ധികളും വളരെയാണ്. അതിനനുള്ള കാരണങ്ങൾ പലതാണ്. എന്നാൽ തക്കസമയത്ത് ഇടപെടലും സഹായവും ലഭിക്കുമ്പോൾ കുടുംബ ബന്ധം കൂടുതൽ മെച്ചപ്പെട്ട് മുന്നോട്ടുപോകും. മക്കളുടെ വളർച്ചാ ഘട്ടങ്ങളിലും കുടുംബത്തിനുള്ളിലെ സങ്കീർണ്ണതകൾ വർദ്ധിക്കും. സാധാരണയായി, കുടുംബത്തിനുള്ളിലെ പ്രശ്നങ്ങൾ മനസിലാക്കി ദൈവത്തോടുകൂടെ പരിഹാരം കണ്ടെത്തി മുന്നോട്ടുപോകും. എന്നാൽ പല കാരണങ്ങളാൽ സ്വന്ത പരിശ്രമങ്ങൾ വിജയിക്കാതെ വരുന്ന സാഹചര്യങ്ങൾ ഉണ്ട്. അവിടെ കൗൺസലിംഗ് അത്യാവശ്യമാണ്. എന്നാൽ കൗൺസിലിംഗിനെപ്പറ്റി തെറ്റിദ്ധാരണകളും അജ്ഞതയും വിദ്യാസമ്പന്നർക്കുപോലും ഉണ്ട്. അതോടൊപ്പം അഭിമാനവും ഉള്ളപ്പോൾ പ്രശ്നം വഷളായും പരിഹാരമില്ലാതെ കൂടുതൽ കുഴയും. ''സൂചി കൊണ്ട് എടുക്കേണ്ടത് കോടാലി കൊണ്ട്''എടുക്കേണ്ടി വരും. തക്കസമയത്ത് സഹായം സ്വീകരിച്ച് തളർച്ചയിൽ നിന്ന് വളർച്ചയിലേക്ക് ചുവടുവയ്ക്കുന്നവരാണ് ബുദ്ധിയുള്ളവർ. ജീവിതത്തിൽ പ്രതിസന്ധികളും സംഘർഷങ്ങളും സ്വാഭാവികം മാത്രമാണ്. എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം സ്വന്തകൈകളിൽ ഉണ്ടാകുകയില്ല. പക്വത ഉള്ളവരാണ് സഹായം തേടുന്നത്. അപക്വമായ മാനസികാവസ്ഥ ഉള്ളവർക്ക് സഹായം സ്വീകരിക്കുവാൻ കഴിയുകയില്ല. ഏതു ജീവിതവും മെച്ചപ്പെടുത്തുവാൻ മറ്റുള്ളവരുടെ സഹായം അത്യന്താപേക്ഷിതം ആണ്. കുടുംബത്തിന്റെ സ്വസ്ഥതയ്ക്കും ബന്ധങ്ങളുടെ ഊഷ്മളതക്കും അങ്ങനെ തന്നെ.

എന്റെ കർത്താവും എന്റെ ദൈവവുമേ

ഫാ. അഫ്രേം അന്തിക്കാട്
കുന്നംകുളം, എറണാകുളം
ഇടവക വികാരി



> തോമാശ്ലീഹായോട് ക്രിസ്തു പറയുന്നു "നിന്റെ കൈ നീട്ടി എന്റെ വിലാപുറത്ത് ഇടുക." തോമാശ്ലീഹായുടെ മരണം കുന്തത്താൽ കുത്തപ്പെട്ടാണ്. കുന്തത്താൽ തുളക്കപ്പെട്ട ക്രിസ്തുവിന്റെ വിലാപുറം എന്നും തോമാശ്ലീഹ തന്റെ ഹൃദയത്തിൽ കൊണ്ടുനടന്നിരുന്നു. ഒരുപക്ഷെ തന്റെ മരണം ഇങ്ങനെ ആകണമെന്ന് ആ ക്രിസ്തു ശിഷ്യൻ യഥാർത്ഥമായി ആഗ്രഹിച്ചിട്ടുണ്ടാവാം.

ജൂലൈ 3 ഭാരതത്തിലെ എല്ലാ സഭകളും മാർത്തോമ്മ ശ്ലീഹായുടെ ഓർമ്മദിനമായി കൊണ്ടാടുകയാണ്. **AD 52** മാർത്തോമ്മ ശ്ലീഹാ കേരളത്തിൽ വന്നു എന്ന് വിശ്വസിച്ചു പോരുന്നു. 1950–ാം ജൂബിലി വർഷമായി കൊണ്ടാടുന്ന ഈ വേളയിൽ തോമാശ്ലീഹായുടെ പാരമ്പര്യക്കാർ എന്ന് പറയുന്ന നാം തോമാശ്ലീഹായുടെ പ്രേഷിത പ്രവർത്തനത്തിന്റെ ജൂബിലി വർഷ മായി ചിന്തിക്കേണ്ടിയിരിക്കുന്നു. ഇന്ത്യയുടെ ആദ്യത്തെ പ്രധാനമന്ത്രിയായിരുന്ന ജഹർലാൽ നെഹറു പറയുന്നത് ഏത് രാജ്യക്കാർ തോമാശ്ലീഹായെ അറിയുന്നതിനു മുമ്പ് ഭാരതം തോമാശ്ലീഹായെ അറിഞ്ഞിരിക്കുന്നു എന്നാണ്. സുവിശേഷ പ്രവർത്തനമായി ഭാരതത്തിലേക്ക് തോമാശ്ലീഹാ കടന്നു വരുമ്പോൾ സാമ്പത്തികമായും സാമൂഹികമായും പ്രതിസന്ധികൾ ഒട്ടേറെ അദ്ദേഹത്തിന്റെ മുമ്പിലുണ്ടായിരുന്നു. പ്രാകൃതമായ ആചാരാനുഷ്ഠാനങ്ങൾ നിലനിന്നിരുന്ന സാഹചര്യത്തിൽ ക്രിസ്തുവിനെ എങ്ങിനെ പങ്കുവെക്കും. സുവിശേഷവേലക്കായി ഒരുങ്ങുന്ന, ആഗ്രഹിക്കുന്നവർക്ക് തോമാശ്ലീഹായുടെ പ്രേഷിതപ്രവർത്തനം ഉൾക്കാഴ്ചകൾ നല്കുന്നതായിരിക്കും.

ക്രിസ്തുവിന്റെ ക്രൂശ്മരണത്തേയോ പ്രവർത്തനത്തേയോ അറിയാത്ത പ്രദേശത്ത് അത് എങ്ങിനെ സാധ്യമായി തീർന്നുവെന്ന് വ്യക്തമാക്കുകയാണ് തന്റെ ജീവിതം കൊണ്ട് തോമാശ്ലീഹാ. ശാസ്ത്രീയ ലോകവും വിദ്യാഭ്യാസവും വളർന്നുവരുന്ന സാഹചര്യത്തിൽ ഒരുപാട് വാദങ്ങൾ ഉയർന്നുവന്നിരുന്നു. തോമാശ്ലീഹാ ഭാരതത്തിൽ വന്നില്ല ബ്രാഹ്മണന്മാരെ മാനസാന്തരപ്പെടുത്തീട്ടില്ല എന്നെല്ലാം. 1950 വർഷം പിന്നിടുമ്പോൾ ഭാരത ജനത ഇന്നും ആ പരിശുദ്ധ ശ്ലീഹായുടെ ഓർമ്മ ആഘോഷിച്ചു വരുന്നു.

ചരിത്ര കണ്ടെത്തലുകളും പാരമ്പര്യവും

രണ്ട് പാരമ്പര്യവാദങ്ങളാണ് തോമാശ്ലീഹാ ഭാരതത്തിൽ വന്നുവെന്നുള്ളതിന് ചരിത്രകാരന്മാർ സാക്ഷ്യപ്പെടുത്തുന്നത്. 1. ഭാരത്തിന്റെ ഉത്തരഭാഗത്ത് ഗുണ്ടഫർ എന്ന പാർത്ഥികൻ രാജാവിന്റെ പ്രദേശത്ത് വന്നുവെന്നുള്ളതും, 2. ഭാരതത്തിന്റെ ദക്ഷിണഭാഗമായ മലബാറിൽ പ്രധാന തുറമുഖപട്ടണമായ മുസരീസിൽ (കൊടുങ്ങല്ലരിൽ) വന്നുവെന്നുള്ളതും. മാർഗ്ഗംകളി പാട്ടിലൂടേയും റമ്പാൻ പാട്ടിലൂടേയും പാരമ്പര്യമായി ഇവ കൈമാറിയിരുന്നു.

1. ഭാരതത്തിന്റെ ഉത്തരഭാഗത്ത് വന്നുവെന്നുള്ളതിന് Act of Thoma എന്ന പുസ്തകത്തെ ആധാരമാക്കിയാണ് പറയുന്നത്. അന്ന് AD 20 മുതൽ 50 വരെ ഗുണ്ടഫർ എന്ന പാർത്ഥികൻ രാജാവ് വാഴ്ച നടത്തിയിരുന്നുവെന്ന് ഗവേഷകർ അഭിപ്രായപ്പെടുന്നു. പേഷ്വാറിനടുത്ത് തക്ത് - ഐ - ബഹി എന്ന സ്ഥലത്ത് ഗുണ്ടഫറസിന്റെയും സഹോദരൻ ഗാദിന്റെയും ശിലായുഗങ്ങളും നാണയങ്ങളും കണ്ടെടുത്തിട്ടുണ്ട്. യെരുശലേമിലേയും മറ്റും മനോഹരങ്ങളായ കൊട്ടാരങ്ങളുടെ സാദൃശ്യത്തിൽ ഗുണ്ടഫറസ് കൊട്ടാരം പണിയുവാൻ ആഗ്രഹിച്ചു. അതിനായി കാര്യസ്ഥൻ ഹാബാനെ ഏൽപ്പിക്കുകയും, ഹാബാൻ യെരുശ്ശലേമിലെ പ്രദേശങ്ങളിൽ തോമാശ്ലീഹായെ കണ്ടുമുട്ടുകയും ഭാരതത്തിലേക്ക് ദൈവനിയോഗമെന്ന പോലെ കൊണ്ടുവരികയും ചെയ്തു. ഗുണ്ടഫറസ് തോമായെ ഏൽപിച്ച ദ്രവ്യം തോമ സുവിശേഷപ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചു. ഒരു രാജ്യത്തിന്റെ രാജാവ് ഏൽപിച്ച ദൗത്യം ചെയ്യാതെ വന്നാൽ ജീവഹാനി സംഭവിക്കും എന്നറിഞ്ഞിട്ടും തോമാശ്ലീഹാ സുവിശേഷപ്രവർത്തനത്തിൽ ഏർപ്പെട്ടു. താമസിയാതെ തോമ തടവിലാക്കപ്പെടുകയും ചെയ്തു. ഈ അവസരത്തിൽ ഗുണ്ടഫർ സഹോദരൻ ഗാദ് അസുഖം നിമിത്തം മരണപ്പെടുകയും അതിവേദനയിലായിരുന്ന ഗുണ്ടഫർ രാജാവിന് ഗാദ് സ്വപ്നത്തിൽ പ്രത്യക്ഷനായി താൻ സ്വർഗ്ഗത്തിൽ മനോഹരമായ ഒരു കൊട്ടാരം കണ്ടു ഭൂമിയിൽ ഗുണ്ടഫർ രാജാവിനു വേണ്ടി തോമാശ്ലീഹാ സ്വർഗ്ഗത്തിൽ പണികഴിപ്പിച്ച കൊട്ടാരമാണ് എന്ന് പറഞ്ഞു. ഗുണ്ടഫർ തോമായെ മോചിതനാക്കി ഭാരതത്തിന്റെ പ്രേഷിതപ്രവർത്തനങ്ങൾക്ക് അനുകൂലനാവുകയും ചെയ്തു എന്നാണത്.

മലബാർ പാരമ്പര്യം

തോമാശ്ലീഹാ അന്നത്തെ പ്രധാന വ്യാപാര തുറമുഖമായ മുസ്സരീസിൽ (കൊടുങ്ങല്ലൂരിൽ) കപ്പലിറങ്ങുകയും പാലയൂർ പ്രദേശത്ത് കുളക്കരയിൽ സൂര്യനമസ്ക്കാരം ചെയ്തിരുന്ന ബ്രാഹ്മണരെ മാനസാന്തരപ്പെടുത്തുകയും ബ്രാഹ്മണകുടുംബങ്ങളെ സത്യവിശ്വാസത്തിന്റെ അനുഭവത്തിലേക്ക് കൊണ്ടുവരികയും ചെയ്തു. തുടർന്ന് തെക്കോട്ട് സഞ്ചരിച്ച് ഏഴരപള്ളികൾ സ്ഥാപിച്ചുവെന്ന് വിശ്വസിച്ചു പോരുന്നു. വില്യം ലോഗന്റെ മാനുവൽ ഓഫ് മലബാർ എന്ന ഗ്രന്ഥത്തിൽ ആ നാളുകളിൽ ബ്രാഹ്മണർ കേരളത്തിൽ ഉണ്ടായിരുന്നില്ല എന്ന് ഹുവയാൻസാങ്ങിന്റെ യാത്രവിവരണത്തെ അടിസ്ഥാനമാക്കി പറയുകയുണ്ടായി. എന്നാൽ ലോഗന് തെറ്റുപറ്റിയെന്ന് പ്രശസ്ത ചരിത്ര പണ്ഡിതനായിരുന്ന കെ.പി. പത്മനാഭ മേനോൻ തന്റെ 'കേരള ചരിത്ര'മെന്ന പുസ്തകത്തിൽ തിരുത്തി. ഒന്നാം നൂറ്റാണ്ടിനു മുമ്പ് തന്നെ ബ്രാഹ്മണ കുടിയേറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ആരംഭത്തിൽ തന്നെ പ്രബലമായ സംഘടിത ശക്തിയായി ബ്രാഹ്മണർ ഇല്ലായെങ്കിലും ബ്രാഹ്മണർ ഉണ്ടായിരുന്നു. ഏഴാം നൂറ്റാണ്ടോടെയാണ് പ്രബലരായി ബ്രാഹ്മണ കുടംബങ്ങൾ ആയി തീരുന്നത്. തോമാ കേരളത്തിൽ വരുമ്പോൾ ബ്രാഹ്മണ കുടുംബം ഇല്ലായെന്ന വാദങ്ങളെ തിരുത്തുന്നതാണ് ഈ തെളിവുകൾ. ജാതി ബോധത്തെ ചോദ്യം ചെയ്തു കൊണ്ട് വേണമെങ്കിൽ ഉന്നതകുലരായ ബ്രാഹ്മണർ എന്ന് പറയുവാൻ സാധിക്കാത്ത അവസ്ഥ അന്നുണ്ടായിരിക്കാം. എന്നാൽ തോമാശ്ലീഹ ഭാരതത്തിൽ വരുമ്പോൾ ബ്രാഹ്മണർ കേരളത്തിന്റെ ഭാഗങ്ങളിൽ ഒറ്റപ്പെട്ടവരായി ഉണ്ടായിരുന്നുവെന്നും അവർ സംഘടിത ശക്തികളല്ലാതെ ആയി വർത്തിച്ചിരുന്നുവെന്ന് വ്യക്തമാണ്.

തോമാശ്ലീഹായുടെ ജീവിതസാക്ഷ്യം

യോഹന്നാന്റെ സുവിശേഷം 11-ാം അദ്ധ്യായം 16-ാം വാക്യത്തിൽ അവനോടുകൂടെ മരിക്കേണ്ടതിന് നമുക്കും പോകാം എന്ന് പറയുന്ന തോമായെ കാണുന്നുണ്ട്. അതു പോലെ തന്നെ യോഹന്നാൻ സുവിശേഷം 20-ാം അദ്ധ്യായം 24-29 വരെയുള്ള വാക്യങ്ങളിൽ ദിദിമോസ് എന്ന് പേരുള്ള തോമസ് (ഇരട്ട എന്ന അർത്ഥമുള്ള തോമ).

വേദപുസ്തക ദൈവശാസ്ത്രപഠിതാക്കൾ തോമസ്സിന്റെ വ്യക്തിത്വത്തെ വ്യക്തമായി പഠിപ്പി

ക്കുവാൻ ശ്രമിക്കുന്നുണ്ട്. ഒരുപോലെ വിളങ്ങുന്ന ധൈര്യത്തേയും നിഷ്കളങ്കതയേയും വ്യക്തമാക്കുവാൻ കാരണം എല്ലാ ശിഷ്യന്മാരും യഹൂദന്മാരെ പേടിച്ച് മുറിയിൽ ഇരിക്കുമ്പോൾ ക്രൂശിതനായ ക്രിസ്തുവിനു ശേഷം എന്താണ് ലോകം ചിന്തിക്കുന്നതെന്ന് അറിയാൻ ധൈര്യസമേതം പുറത്ത് പോകുന്ന തോമായെ അവിടെ കാണുവാനായിട്ട് സാധിക്കും.

ലോകം അവിടെ റോമൻ ഭരണാധികാരിയെ എന്റെ കർത്താവും എന്റെ ദൈവവുമേ എന്ന് പാടി പുകഴ്ത്തുന്നതായിട്ട് തോമസ് തിരിച്ചറിയുകയാണ്. തിരിച്ചു വന്ന തോമസിനോട് ശിഷ്യർ പറയുന്നു കർത്താവ് വീണ്ടും വന്നുവെന്ന് തോമശ്ലീഹാ അവിടെ വളരെ ശക്തമായ വിശ്വാസത്തോടെ പറയുന്നുണ്ട്. അവന്റെ ആണിപാടുകളിൽ കൈനീട്ടി അല്ലാതെ വിലാപുറത്ത് തൊട്ടല്ലാതെ ഞാൻ വിശ്വസിക്കയില്ല. ദൈവശാസ്ത്രപഠിതാക്കൾ പറയുന്നത് ആ തോമസ്സിന്റെ ശക്തമായ വിശ്വാസത്തേയാണ്. വീണ്ടും 8 ദിവസങ്ങൾക്കു ശേഷം തോമാശ്ലീഹാ ശിഷ്യന്മാരോടു കൂടെ ഇരിക്കുമ്പോൾ കർത്താവ് കടന്നു വരികയും തോമസ്സിനോട് നിന്റെ കൈ നീട്ടി എന്റെ ആണിപാടുകളെ സ്പർശിക്കുക, വിലാപുറത്ത് കൈയിടുക എന്ന് പറയുന്നുണ്ട്. അവിടെ തോമസ്സ് പറയുന്നുണ്ട് എന്റെ കർത്താവും എന്റെ ദൈവവുമേ. കാരണം ലോകം മുഴുവൻ ലൗകീക പരമായ ജയത്തിന്റെമേൽ വിജയം വരിച്ച റോമൻ എംപറർമാരെ എന്റെ കർത്താവും എന്റെ ദൈവവുമേ എന്ന് വിളിക്കുമ്പോൾ യഥാർത്ഥമായ മരണത്തിന്റെ മേൽ ജയം വരിച്ചവനായ ക്രിസ്തുവിനെയാണ് എന്റെ കർത്താവും എന്റെ ദൈവവുമെ എന്ന് പറയേണ്ടത് എന്ന്. നിഷ്കളങ്കമായ ഒരു ഹൃദയത്തിൽ നിന്ന് ഉയർന്നതായ, ഒരു കുഞ്ഞിനുതുല്യമായ സാക്ഷ്യമാണ് തോമാശ്ലീഹായിൽ നിന്ന് ലഭിക്കുന്നത്. യേശു ക്രിസ്തുവിന്റെ ചോദ്യങ്ങളും ഉത്തരങ്ങളും ഏതൊരു വ്യക്തിത്വത്തിന്റെയും ഹൃദയത്തേയും ചിന്തയേയും കീറിമുറിക്കുന്നതായിരുന്നു. നിത്യജീവന്റെ അനുഭവത്തിലേക്ക് നോക്കുവാൻ പ്രേരിപ്പിക്കുന്നതാണ് ക്രിസ്തുവിന്റെ വാക്കുകൾ. തോമായോട് ക്രിസ്തു പറയുന്നു നിന്റെ വിരൽ ഇങ്ങോട്ട് നീട്ടി എന്റെ കൈകൾ കാണുക നിന്റെ കൈ നീട്ടി എന്റെ വിലാപുറത്ത് ഇടുക. തോമാശ്ലീഹായുടെ മരണം തമിഴ്നാട്ടിലെ ചിന്നമലയിൽവെച്ച് കുന്തത്താൽ കുത്തപ്പെട്ടാണ്. കുന്തത്താൽ തുളക്കപ്പെട്ട ക്രിസ്തുവിന്റെ വിലാപുറം എന്നും തോമ തന്റെ ഹൃദയത്തിൽ കൊണ്ടുനടന്നിരുന്നു. ഒരുപക്ഷെ തന്റെ മരണം ഇങ്ങനെ ആകണമെന്ന് ആ ക്രിസ്തു ശിഷ്യൻ യഥാർത്ഥമായി ആഗ്രഹിച്ചിട്ടുണ്ടാവാം. വന്യമൃഗങ്ങളിൽ നിന്ന് രക്ഷക്കായി ഉപയോഗിച്ച കുന്തം തന്റെ മേൽ പ്രയോഗിക്കുമ്പോൾ ഭാരതത്തിന്റെ സംസ്കാരത്തിൽ ഏകലവ്യൻ തന്റെ ഗുരുവിന് ദക്ഷിണയായി നല്കിയ പെരുവിരലിനേക്കാൾ മഹത്തായി ആ ക്രിസ്തു ശിഷ്യൻ തന്റെ ഗുരുവായ ക്രിസ്തുവിന് വേണ്ടി സമർപ്പിച്ചതാവാം ഈ മരണം. തോമാശ്ലീഹായുടെ ജീവിത സാക്ഷ്യം കർത്താവിനോട് അനുരൂപപ്പെടുക എന്നുള്ളതാണ്. 1950-ാം വർഷവും തോമാശ്ലീഹായുടെ ഓർമ്മ ആഘോഷിക്കുമ്പോൾ തോമാശ്ലീഹായുടെ വാക്കുകൾ നമ്മെ ഊർജ്ജ്വസ്വലരാക്കുന്നതാണ് അവനോടുകൂടെ മരിക്കേണ്ടതിന് നമുക്കും പോകാം. യഥാർത്ഥ ക്രിസ്തു സാക്ഷ്യം നമുക്ക് മുന്നിൽ വരച്ച് കാട്ടുകയാണ് തോമാശ്ലീഹാ. ഭാരതത്തില്ലാതെ വേറെ എവിടെ എത്തിയതായും രക്ത സാക്ഷ്യത്വം വരിച്ചതായും കബറടങ്ങിയതായും ചരിത്രത്തിൽ ഇല്ല. മൈലാപൂരിലുള്ള പള്ളിയിൽ കബറടക്കി 3-ാം നൂറ്റാണ്ടിൽ മൈലാപൂർ പ്രദേശത്ത് സമുദായ സംഘർഷങ്ങൾ ഉണ്ടായതിനെ തുടർന്ന് തോമാശ്ലീഹായുടെ ഭൗതീകാ അവിഷിഷ്ടങ്ങൾ ഉറഹായിലേക്ക് എഡേസയിലേക്ക് മാറ്റി സ്ഥാപിച്ചു. നാം ശ്ലീഹായുടെ ഓർമ്മ ആഘോഷിക്കുമ്പോൾ ശ്ലീഹാ ക്രിസ്തുവിനോട് നമ്മുക്ക് വേണ്ടി ഇന്നും പ്രാർത്ഥിക്കുന്നു അനുഗ്രഹങ്ങൾ ചൊരിയുന്നു എന്നുള്ളത് സത്യമായിട്ടുള്ള കാര്യമാണ്.

2022-ാം വർഷത്തിൽ മാർത്തോമാ ശ്ലീഹായുടെ 1950-ാം ഓർമ്മദിനം നമ്മെ വെല്ലുവിളിക്കുന്നു. സ്വാർത്ഥപരമായ ലോകത്തിൽ ക്രിസ്തുവിൽ നിന്ന് അനുഗ്രഹങ്ങൾ പ്രാപിക്കുമ്പോൾ ആ ക്രിസ്തു നമുക്ക് മുമ്പിൽ കാണിച്ചുതന്ന ദൈവരാജ്യത്തിന്റെ അനുഭവത്തിൽ ആയിത്തീരുവാൻ സാധിക്കുന്നുണ്ടോ? ഭൂമിയിലെ പ്രവർത്തനംകൊണ്ട് നമുക്ക് നിത്യമായ വാസസ്ഥലത്തിൽ ഇടം ഒരുക്കുവാൻ സാധ്യമായിട്ടുണ്ടോ? തോമാശ്ലീഹാ തന്റെ ജീവിതം കൊണ്ട് ക്രിസ്തു മാർഗത്തെ നമുക്ക് മുമ്പിൽ സാക്ഷിച്ചിരിക്കുന്നു. ആധുനിക ശാസ്ത്രവും, വിദ്യാഭ്യാസവും ക്രിസ്തുവിനെ കണ്ടെത്തുവാൻ ദൈവരാജ്യത്തിന്റെ കെട്ടുപ്പണിക്കാരാകാൻ ഉതകുമാറാകട്ടെ. എതിർ വാദങ്ങൾ ഉയർന്നുവരുമ്പോഴും അതിലെ സത്യത്തെ കണ്ടെത്തുവാൻ പുതിയ തലമുറയ്ക്ക് സാധ്യമായി തീരട്ടെ. സഭയും അതിലെ പ്രവർത്തനവും ദൈവത്തെ മഹത്വപ്പെടുത്തുവാനായി തീരട്ടെ

അജഗണം

ഫാ. ബോബി ജോസ്
കട്ടികാട്

ഒരു ചെറിയ അജഗണത്തെ ക്രിസ്തു രൂപപ്പെടുത്തുന്നുണ്ട്. സുവിശേഷങ്ങളുടെ വായനയിൽ ഇടയ്ക്ക് അങ്ങനെയൊരു പരാമർശം നാം കേൾക്കുന്നു. എന്റെ ചെറിയ അജഗണമേ...

വളരെയേറെപ്പേർ ക്രിസ്തുവിനെ കേട്ടിരുന്നു. അയ്യായിരം പുരുഷന്മാർ ഭക്ഷിച്ചു തൃപ്തരായി എന്നു പറയുന്നതിന്റെ അർത്ഥം എന്താണ്? പിന്നെയും പലമടങ്ങ് കുഞ്ഞുങ്ങളും സ്ത്രീകളും. എല്ലാ അർത്ഥത്തിലും ആൾക്കൂട്ടം എന്നു വിളിക്കപ്പെടുവാൻ പറ്റുന്നൊരു സമൂഹം അവനെ കേട്ടുകൊണ്ടിരുന്നു. എന്നിട്ടും കൂട്ടിക്കുറച്ച് ഹരിച്ചുകഴിയുമ്പോൾ എത്രപേർ അവനോടൊപ്പമുണ്ടായിരുന്നു? അവരെത്രകാലം അവനോടൊപ്പമുണ്ടായിരുന്നു? ആ ചെറിയ സമൂഹത്തെ അവിടുന്ന് വിളിച്ചിരുന്ന പേരാണ് എന്റെ ചെറിയ അജഗണമേ എന്നത്.

എല്ലാ കാലങ്ങളിലുമുണ്ട് ആ ചെറിയ അജഗണം. ഗുരുക്കന്മാരുടെ സങ്കടംതന്നെ ആ ചെറിയ അജഗണം കാണെക്കാണെ ഇല്ലാതെ പോകുന്നു എന്നതാണ്. ഒപ്പം വലിയ അജഗണം പെരുകുന്നു എന്നൊരു പ്രശ്നവുമുണ്ട്. അത് എല്ലാ ഗുരുക്കന്മാരുടെയും പ്രതിസന്ധിയാണ്. ബുദ്ധന് ഏറ്റവും പ്രിയപ്പെട്ട ശിഷ്യനായിരുന്നു ആനന്ദ. ക്രിസ്തുവിന് യോഹന്നാൻ എന്നപോലെ. ബുദ്ധൻ മടങ്ങിപ്പോകുമ്പോൾ ആനന്ദ അദ്ദേഹത്തോടു പറഞ്ഞു:

''അങ്ങെന്താണ് എനിക്കുവേണ്ടി മാറ്റിവച്ചിട്ടുള്ളത്?''

ബുദ്ധൻ പറഞ്ഞു: ''ആനന്ദാ, എല്ലാവർക്കും ആവശ്യം എന്റെ അങ്കിയായിരുന്നു. നിനക്കു ഞാനെന്റെ മജ്ജ മാറ്റിവച്ചിട്ടുണ്ട്.''

എല്ലാ കാലങ്ങളിലും എല്ലാവർക്കും താത്പര്യം ഗുരുക്കന്മാരുടെ അങ്കിയോടാണ്. അങ്കി അത്ര മോശം കാര്യമൊന്നുമല്ല. അതിന്റെ വിളുമ്പിൽ തൊട്ട് മനുഷ്യർ സൗഖ്യം പ്രാപിക്കുന്ന കഥകളൊക്കെ നമ്മൾ വായിച്ചിട്ടുള്ളതല്ലേ? ഐശ്വര്യം ലഭിക്കുന്ന കഥകളൊക്കെ നമുക്ക് അറിയാവുന്നതല്ലേ? പക്ഷേ, കുറേക്കൂടി മുന്നോട്ടുപോകാൻ തയ്യാറുള്ളവരിൽനിന്ന് അവൻ അങ്കിയുടെ സമാശ്വാസം എടുത്തു മാറ്റിയിട്ട് മജ്ജ കൊടുക്കാൻ മനസ്സാവുന്നു.

ജീവിതത്തിന്റെയും ശിഷ്യത്വത്തിന്റെയുമൊക്കെ ഗതി നിർണ്ണയിക്കാൻ പോകുന്ന ഒരു ചോദ്യമിതാണ്: നിനക്കെന്തു വേണം? ഗുരുവിന്റെ അങ്കി വേണോ, അതോ മജ്ജ വേണോ? ആ വലിയ അജഗണത്തിന്റെ ഭാഗമായി നില്ക്കണമോ? അതോ അവിടുന്ന് ചങ്കോടു ചേർത്തു നിർത്തുന്ന ചെറിയ അജഗണത്തിന്റെ ഭാഗമായി നില്ക്കണമോ?

ആരോടാണോ നിങ്ങൾ നിങ്ങളുടെ ഹൃദയരഹസ്യങ്ങൾ പങ്കിടാൻ തയ്യാറാകുന്നത്, ആരോടാണോ നിങ്ങൾ നിങ്ങളുടെ നിഗൂഢതകൾ പറഞ്ഞുകൊടുക്കുന്നത്, അവരെ വിളിക്കുന്ന വാക്കാണ് സ്നേഹിതർ.

എന്നും അവിടുന്ന് അങ്ങനെയൊരു ചെറിയ സമൂഹത്തെ കണ്ടെത്തുന്നുണ്ട്.

നെഞ്ചോടു ചേർന്നിരിക്കാനൊരു യോഹന്നാനെയും പാദപദ്മങ്ങളിൽ ഭജനയിരിക്കാനൊരു മേരിയെയും അവിടുന്ന് കണ്ടെത്തുന്നുണ്ട്. കർത്താവായ ഈശോയുടെ ചങ്കോടു ചേർന്നിരിക്കാൻ താത്പര്യമുള്ള യോഹന്നാനോടൊപ്പം പാദപദ്മങ്ങളിൽ ഭജനയിരിക്കാൻ ആഗ്രഹിക്കുന്ന മേരിയോടൊപ്പം ഞങ്ങളെയും നീ കണ്ടെത്തണമേ എന്നായിരിക്കട്ടെ നമ്മുടെ പ്രാർത്ഥന.

എന്തിനുവേണ്ടിയാണ് ഈ ചെറിയ അജഗണം? അവിടുന്ന് അവരിൽനിന്ന് എന്താണു രൂപപ്പെടുത്താൻ ആഗ്രഹിക്കുന്നത്? മടങ്ങിപ്പോകുമ്പോൾ അവിടുന്ന് ഇങ്ങനെ പറഞ്ഞു: ''ഇനി മുതൽ ഞാൻ നിങ്ങളെ ശിഷ്യരെന്നു വിളിക്കില്ല, സ്നേഹിതരെന്നു മാത്രം. നമുക്ക് സ്നേഹിതന്മാർ ആവശ്യമുള്ളതുപോലെ, നാം സ്നേഹിതകളെയും സ്നേഹിതന്മാരെയും കാംക്ഷിക്കുന്നതു പോലെ, അവിടുന്നും സ്നേഹിതന്മാരെ തിരയുന്നുണ്ട്. ഈ ചെറിയ അജഗണം വാസ്തവത്തിൽ അവിടുത്തെ സ്നേഹിതരാണ്. ആരാണ് സ്നേഹിതർ? ആരോടാണോ നിങ്ങൾ നിങ്ങളുടെ ഹൃദയരഹസ്യങ്ങൾ പങ്കിടാൻ തയ്യാറാകുന്നത്, ആരോടാണോ നിങ്ങൾ നിങ്ങളുടെ നിഗൂഢതകൾ പറഞ്ഞുകൊടുക്കുന്നത്, അവരെ വിളിക്കുന്ന വാക്കാണ് സ്നേഹിതർ. അങ്ങനെയെങ്കിൽ ഈ ചെറിയ അജഗണത്തോ ടാണ് അവിടുന്ന് പലതിന്റെയും രഹസ്യം പറഞ്ഞുകൊടുക്കുക. ജീവന്റെ രഹസ്യം, മരണത്തിന്റെ രഹസ്യം, മരണത്തിനപ്പുറത്തേക്കു നീളുന്ന പ്രാണന്റെ രഹസ്യം... ഈ ചെറിയ അജഗണത്തിന്റെ നേട്ടമെന്താണ്? ദൈവരാജ്യ അനുഭവത്തിലേക്ക് അവർക്കൊരു കിളിവാതിൽ എപ്പോഴും തുറന്നുകിട്ടുന്നു. ജീവിതത്തിന്റെ നിഗൂഢതകൾ അവരോടു മാത്രം അവിടുന്ന് മന്ത്രിക്കുന്നു. അതുകൊണ്ടാണല്ലോ അവിടുന്ന് ഇങ്ങനെ പറയുന്നത്- 'വിജ്ഞാനികളിൽനിന്നും വിവേകികളിൽനിന്നും മറച്ചുവച്ച ചില അറിവുകൾ തന്റെ കുഞ്ഞുമക്കൾക്കു വെളിപ്പെടുത്തിക്കൊടുക്കുന്ന തമ്പുരാനേ, നിനക്കു സ്തോത്രം' എന്ന്. ആ ചെറിയ അജഗണത്തിന്റെ ഏറ്റവും വലിയ പ്രയോജനം അതാണ്. അവർക്കു പലതിന്റെയും നിഗൂഢതകൾ കൃത്യമായി വെളിപ്പെട്ടു കിട്ടും.

എന്തിനുവേണ്ടിയാണീ ചെറിയ അജഗണം? ഒന്ന്, തന്നോടൊപ്പം ആയിരിക്കുക. രണ്ട്, തനിക്കുവേണ്ടി ആയിരിക്കുക. എന്തുമാത്രം ഈ ചെറിയ അജഗണത്തിന്റെ ഭാഗമാണെന്ന് ഒരുവൻ സ്വയം ഉരച്ചുനോക്കേണ്ടത് ഈ രണ്ടു ഘടകങ്ങൾ കൊണ്ടാണ്. അവനോടൊപ്പം ആണോ? എല്ലായ്പോഴും അവന്റെ സാന്നിധ്യത്തിൽ ആയിരിക്കുക.

റാബിയ എന്ന ഒരു ഇസ്‌ലാം മിസ്റ്റിക്ക് ഉണ്ട്. വളരെ പ്രകാശമുള്ളൊരു സ്ത്രീയാണവർ. പക്ഷേ, എന്തോ ചില കാരണങ്ങളാൽ കുറേ അധികം കാലം ഗണികാലയത്തിൽ ചിലവഴിക്കേണ്ടി വന്നു അവൾക്ക്. ആരോ അവളെ അവിടെ വിറ്റതാണ്. നമുക്കറിയാം, സ്വാഭാവികമായി അതിനകത്ത് അവൾ കടന്നുപോകേണ്ടിവരുന്ന ആന്തരിക വ്യഥ എത്രമാത്രമാണെന്ന്. എന്നിട്ടും അവൾ അവളുടെ മിസ്റ്റിക്കൽ എന്നു വിശേഷിപ്പിക്കപ്പെടുന്ന അനുഭവത്തെ ഇങ്ങനെയാണ് രേഖപ്പെടുത്തുന്നത്: ''ഇന്നലെ പുലരിയിൽ എന്നെ ചുംബിച്ചയാൾ പിന്നീടൊരിക്കലും എന്നെ വിട്ടുപോയിട്ടില്ല.'' ബാക്കിയുള്ളവരൊക്കെ അവളെ വിട്ടുപോയിക്കൊണ്ടിരുന്നു. ഓരോ ദിവസവും ഓരോരുത്തർ അവളുടെ ജീവിതത്തിലേക്ക് കടന്നുവന്നു. പക്ഷേ, ഇന്നലെ ചുംബിച്ചയാൾ പിന്നീടൊരിക്കലും എന്നെ വിട്ടുപോയിട്ടില്ല.

അങ്ങനെ ഉടനീളമൊരു സാന്നിധ്യം എന്റെ കൂടെ നടക്കുന്നു. പഴയനിയമത്തിന്റെ ഭാഷ ഉപയോഗിക്കുകയാണെങ്കിൽ പകൽ മേഘമായും രാത്രി അഗ്നിയായും കർത്താവു കൂട്ടു പോകുന്നു. ഇരുപത്തിനാലു മണിക്കൂറും നമ്മൾ അവിടുത്തെ സാന്നിധ്യത്താൽ പൊതിയപ്പെട്ടിരിക്കുകയാണ്, മേഘം കണക്കെയും തീ കണക്കെയും. മേഘം രാത്രിയിൽ തീയായി ആളുകയാണ്. കാരണം പകൽ നിങ്ങൾക്ക് മേഘത്തെ കാണാം. രാത്രി മേഘത്തെ കാണാനാവില്ല. അങ്ങനെ ആരോ ഒരാൾ നമ്മുടെ കൂടെ വരുന്നുണ്ട്. ജോസഫ് എന്ന ഒരു ചെറുപ്പക്കാരനെക്കുറിച്ച് ബൈബിൾ ഇങ്ങനെയല്ലേ, അയാളുടെ ജീവിതം സംഗ്രഹിക്കുന്നത്- യഹോവയുടെ കരങ്ങൾ അവനോടൊപ്പം എപ്പോഴുമുണ്ടായിരുന്നു. അങ്ങനെ ചില മനുഷ്യരുണ്ട്. തമ്പുരാന്റെ കരങ്ങൾക്കു മീതെ സഞ്ചരിക്കുന്ന ചില മനുഷ്യർ!

അങ്ങനെ തന്നോടൊപ്പമായിരിക്കുവാൻ ക്ഷണം കിട്ടിയ മനുഷ്യർ. ഇടറിപ്പോകുമ്പോഴും അവർക്കറിയാം, ആരോ ഒരാൾ കൂടെ വരുന്നുണ്ട്. കായീന്റെ കാര്യത്തിൽ സംഭവിക്കുന്നത് അതല്ലേ? ജീവിതത്തിൽ സംഭവിക്കാവുന്നതിൽ ഏറ്റവും വലിയ കൈപ്പിഴ പറ്റി. ആ മനുഷ്യൻ ഇങ്ങനെ വിവശനാകുകയാണ്: ''ഇനിയെനിക്ക് രക്ഷയില്ല, ഇനിയെന്നെ കണ്ടുമുട്ടുന്നവർ എന്നെ കൊല്ലാൻ ആയും.'' അപ്പോൾ ദൈവം കായീനോടു പറഞ്ഞു: ''നിന്നെയാരും കൊല്ലില്ല. നിന്നെയാരും കൊല്ലാതിരിക്കാൻ ഞാൻ നിന്റെ കൂടെ വരാം.'' അവന്റ നെറ്റിത്തടത്തിൽ മുദ്ര പതിപ്പിക്കുന്നതിന്റെ അർത്ഥമെന്താണ്? ഒരു എസ്കോർട്ട് പോകുകയാണ്. പാളുമ്പോഴും ഇങ്ങനെ കൂടെ വരുന്നു അയാൾ. ഒന്നതാണ്. അയാളോടൊപ്പമായിരിക്കുക.

വർഷങ്ങൾക്കു ശേഷം സ്വന്തം ജീവിതം സംഗ്രഹിക്കുമ്പോൾ നിനക്കിങ്ങനെ നിന്റെ ജീവിതത്തെ സംഗ്രഹിക്കാൻ സാധിക്കുമോ? യഹോവയുടെ കരം എന്നോടൊപ്പം എപ്പോഴുമുണ്ടായിരുന്നു. ജോസഫിനെക്കുറിച്ചാണ് ഈ പരാമർശം എന്നു ഞാൻ സൂചിപ്പിച്ചു. ഒന്നോർത്താൽ ജോസഫിനെപ്പോലെ കഷ്ടകാണ്ഡങ്ങളിലൂടെ ഇടറിനടന്ന മനുഷ്യൻ വേറെയില്ല. ഒരു പ്രത്യേക കാലഘട്ടം വരെ അയാൾ ആരായിരുന്നു? ഇത്രയും ഒറ്റുകൊടുക്കപ്പെട്ടവൻ, ഇത്രയും തിരസ്കൃതനായ ഒരു മനുഷ്യൻ ഒരുപക്ഷേ പഴയനിയമത്തിൽ വേറെ ഉണ്ടാവില്ല. സ്വന്തം സഹോദരങ്ങൾ തന്നെയാണ് അയാളെ തിരസ്കരിച്ചത്. എന്നിട്ടും അയാളെക്കുറിച്ചാണ് ബൈബിൾ പറയുന്നത്, യഹോവയുടെ കരങ്ങൾ അവനോടൊപ്പം ഉണ്ടായിരുന്നു.

രണ്ടാമതായി അവനുവേണ്ടി ആയിരിക്കുക.

ശ്രീരാമകൃഷ്ണ പരമഹംസന്റെ അവസാനദിനങ്ങളിൽ ഇങ്ങനെ വായിക്കുന്നു: തൊണ്ടയിൽ അർബുദം ബാധിച്ച് വെള്ളം ഇറങ്ങുന്നില്ല. അദ്ദേഹം വേദനകൊണ്ടു പ്രയാസപ്പെടുമ്പോൾ അദ്ദേഹത്തിന്റെ ഉപാസകൻ അദ്ദേഹത്തോടു ചെന്നു പറഞ്ഞു:

''ഗുരുജീ, ഒന്നു പ്രാർത്ഥിക്കുക. മറ്റൊന്നിനുംവേണ്ടിയല്ല, വെള്ളമിറക്കാനുള്ള സ്വസ്ഥതയ്ക്കുവേണ്ടി പ്രാർത്ഥിക്കുക.''

അദ്ദേഹം പറഞ്ഞു:

''ഇന്നോളം എനിക്കുവേണ്ടി പ്രാർത്ഥിച്ചിട്ടില്ല. ഇനി നിങ്ങളൊക്കെ പറഞ്ഞ സ്ഥിതിക്ക് ഞാൻ പ്രാർത്ഥിക്കാം.''

എന്നിട്ട് കണ്ണുപൂട്ടി ധ്യാനത്തിലേക്ക് വഴുതിപ്പോയി. അവിടുന്നു



ഞെട്ടിയെഴുന്നേൽക്കുന്നത് വാവിട്ടു കരഞ്ഞുകൊണ്ടാണ്. അദ്ഭുതകരമായ എന്തോ ഒന്ന് സംഭവിച്ചതായി അദ്ദേഹത്തിന്റെ ഉപാസകർക്കു തോന്നി. അവർ പറഞ്ഞു:

''ഗുരുജീ അങ്ങേയ്ക്കു സൗഖ്യം കിട്ടി എന്നു ഞങ്ങൾ കരുതിക്കോട്ടെ?''

അദ്ദേഹം പറഞ്ഞു:

''ഇല്ല, സൗഖ്യമൊന്നും കിട്ടിയില്ല. ഞാൻ ഭഗവാനോടു പ്രാർത്ഥിക്കുകയായിരുന്നു, ഭഗവാനേ, ഒരിറ്റു വെള്ളമിറക്കാനുള്ള സ്വാസ്ഥ്യം തരൂ... അപ്പോൾ ഭഗവാൻ എന്നോടു പറഞ്ഞു: രാമകൃഷ്ണാ, ആരാണു നിന്റെ ചുറ്റിലും നിൽക്കുന്നത്? എന്റെ ഉപാസകർ. രാമകൃഷ്ണാ, അവർ ഭക്ഷിക്കുന്നുണ്ടോ? ഉണ്ട്. രാമകൃഷ്ണാ, അവർ പാനം ചെയ്യുന്നുണ്ടോ? ഉണ്ട്. രാമകൃഷ്ണാ, അവർ നടക്കുന്നുണ്ടോ? ഉണ്ട്. രാമകൃഷ്ണാ, അവർ ശ്വസിക്കുന്നുണ്ടോ? ഉണ്ട്. രാമകൃഷ്ണാ, അവരിലൂടെ ഭക്ഷണം കഴിക്കുകയും പാനംചെയ്യുകയും ശ്വസിക്കുകയും സഞ്ചരി

ക്കുകയുമൊക്കെ ചെയ്യുന്നത് നീ തന്നെയാണല്ലോ.'' പിന്നെ നമുക്ക് വായന മുന്നോട്ടു പോകുന്നില്ല. കണ്ണു നനഞ്ഞുപോയതുകൊണ്ട് അക്ഷരം പിടുത്തംകിട്ടുന്നില്ല. ജീവിതത്തിന്റെ ഏതെങ്കിലുമൊരു ഘട്ടത്തിൽ നിങ്ങൾ എന്തിനെ നമസ്കരിച്ചു ജീവിക്കുന്നു അതിനു പകരക്കാരനാകേണ്ട ബാധ്യത നിങ്ങൾക്കുണ്ട്. അത്രയും പകരക്കാരായ ചില മനുഷ്യർ വേദപുസ്തകത്തിന്റെ താളുകളിൽനിന്ന് ഇങ്ങനെ വിളിച്ചു പറയുന്നത് നിങ്ങൾ കേൾക്കുന്നില്ലേ? 'ഞാനല്ല ജീവിക്കുന്നത്. എന്റെ ക്രിസ്തുവാണ്.' എന്തൊരു ആത്മവിശ്വാസമായിരിക്കും ആ മനുഷ്യന്! ഞാനല്ല ജീവിക്കുന്നത്, എന്നിൽ ക്രിസ്തുവാണ്. ജീവിതത്തിന്റെ ഏതെങ്കിലുമൊരു ഘട്ടത്തിൽ നമ്മൾ അയാൾക്ക് പകരക്കാരനാകേണ്ട ബാധ്യതയുള്ള മനുഷ്യരാണ്.

ആശ്രമത്തിൽ ഒരു സ്ത്രീ വന്നു. കുറേയധികം സാധ്യതയും അനുഭവവുമുള്ള സ്ത്രീയാണ്. അത്രയും സഞ്ചരിച്ചിട്ടുള്ള പുരുഷന്മാരെപ്പോലും ഞങ്ങൾ കണ്ടിട്ടില്ല. ആ സ്ത്രീയുടെ പാണ്ഡിത്യത്തിന് ഉതകുന്ന വിധത്തിൽ അവർക്ക് അംഗീകരിക്കത്തക്ക ചില ഉത്തരങ്ങൾ നല്കാൻ ഞാൻ ശ്രമിക്കുമ്പോൾ പെട്ടെന്ന് അവർ വളരെ ഷാർപ്പായി പറഞ്ഞു:

''അച്ചനെന്തു പറയുന്നു എന്നതു കേൾക്കാനെനിക്കു താത്പര്യമില്ല.''

ഞാൻ വളരെ ബുദ്ധിമുട്ടിലായി. പിന്നെ അവർ പറഞ്ഞു:

''അച്ചനു പകരം ക്രിസ്തു ആയിരുന്നുവെങ്കിൽ എന്തു പറയുമായിരുന്നു? അതു പറയുക.'' അതെന്റെ ചെറിയ ബോധത്തിൽ ഇപ്പോഴും മൊട്ടുസൂചി പോലെ കുത്തുന്നുണ്ട്. എന്റെ മാത്രം പ്രശ്നമല്ല. ഏതൊരു മനുഷ്യനെയും ഭാരപ്പെടുത്തുവാൻ പോകുന്ന വിചാരമാണത്. ജീവിതത്തിലെ ഒരു ഘട്ടത്തിൽവച്ച് നിങ്ങളുടെ കുഞ്ഞുങ്ങളോ ജീവിതപങ്കാളിയോ സ്നേഹിതരോ ഒക്കെ നിങ്ങളിൽനിന്ന് നിശ്ശബ്ദമായി ആഗ്രഹിക്കുന്നത് അതാവാം- നിങ്ങളെന്തു പറയുന്നു എന്നു കേൾക്കുവാൻ ഞങ്ങൾക്കു താത്പര്യമില്ല. നിങ്ങളെന്തു ചെയ്യുന്നു എന്നും ഞങ്ങൾക്ക് അറിയേണ്ട കാര്യമില്ല. നിങ്ങൾക്കു പകരം അയാളായിരുന്നു എങ്കിൽ എന്തു പറയുമായിരുന്നു? എന്തു ചെയ്യുമായിരുന്നു?

കാര്യങ്ങൾ ഇങ്ങനെ നമുക്കൊന്ന് ക്രോഡീകരിക്കാവുന്നതേയുള്ളൂ. ഒരു ചെറിയ അജഗണത്തെ അയാൾ തിരയുന്നുണ്ട്. എല്ലാക്കാലങ്ങളിലും. ആ ചെറിയ അജഗണം തങ്ങളെത്തന്നെ കണ്ടെത്തേണ്ടത് രണ്ടേ രണ്ടു മാനദണ്ഡങ്ങളുപയോഗിച്ചുകൊണ്ടായിരിക്കണം. ഒന്ന് അവനോടൊപ്പമാണോ? രണ്ട് അവനുവേണ്ടിയാണോ?

എന്റെ ചെറിയ അജഗണമേ എന്ന അവന്റെ അനുഭവമുള്ള വിളിയുടെ ആനുകൂല്യം ലഭിച്ച സഹോദരസഭയിലെ പ്രിയരെ മനസ്സുകൊണ്ടു ആലിംഗനം ചെയ്ത്....

ഫാ. ബെന്ന്യാമിൻ ചിറ്റിലപ്പിള്ളി
സോവനീയർ സബ് എഡിറ്റർ,
യൂത്ത്ലീഗ് ജനറൽ സെക്രട്ടറി,
മലബാർ സ്വതന്ത്ര സുറിയാനി സഭ



ശലമോൻ ഈ കാലഘട്ടത്തിന്റെ അടയാളം

മുറിവേറ്റ ലോകത്തിനു ദൈവം നൽകുന്ന സമ്മാനമാണ് അവന്റെ സ്നേഹം. പരിശുദ്ധതയിൽ വസിക്കുന്ന ദൈവം ലോകത്തിനു സ്നേഹമായി പരിണമിച്ചു. ആ സ്നേഹത്തെ തിരിച്ചറിയേണ്ടുന്ന ഈ ലോകത്തിൽ ശലമോൻ എന്നത് ഈ കാലഘട്ടത്തിലുള്ള ഏറ്റവും വലിയ അടയാളമാണ്. ശലമോൻ രാജഭരണം ആരംഭിച്ചിരിക്കുന്നത് ദൈവാശ്രയത്തിലായിരുന്നു. യരുശലേം ദേവാലയം പണിയുന്നതും അതിലെ ആരാധനയ്ക്ക് നേതൃത്വം നൽകിയതും നമുക്ക് വേദപുസ്തകത്തിൽ കാണാൻ സാധിക്കും. (രാജാക്കൻമാർ 9-ാം അദ്ധ്യായം; 12 ദിനവൃത്താന്തം 4-ാം അദ്ധ്യായം, 2 രാജാക്കന്മാർ 7-1 മുതലുള്ള വാക്യങ്ങൾ) എന്നാൽ പിന്നീട് രാജാവിന്റെ ജീവിതം ദൈവാശ്രയത്തിൽ നിന്ന് അകന്നു പോയതും നമുക്ക് കാണാം. തനിക്ക് രണ്ടു പ്രാവശ്യം പ്രത്യക്ഷനായും, അന്യദേവൻമാരെ ചെന്ന് സേവിക്കരുതെന്ന കാര്യത്തെ കുറിച്ച് തന്നോട് കൽപിക്കുകയും ചെയ്തിരുന്ന യിസ്രായേലിന്റെ ദൈവമായ യഹോവയെ വിട്ടു ശലമോൻ തന്റെ ഹൃദയം തിരിക്കുകയും ചെയ്തു. അത് കൊണ്ട് തന്നെ തന്റെ രാജത്വം യഹോവ മാറ്റി (രാജാക്കൻമാർ 11-9, 2 ദിനവൃത്താന്തം 9-ാം അദ്ധ്യാ

> **വി.പൗലോസ് ശ്ലീഹാ നമ്മെ ഓർമ്മപ്പെടുത്തുന്നത് എഴുതപ്പെട്ട വിശുദ്ധ ലിഖിതം പ്രബോധനത്തിനും, ശാസനത്തിനും, തെറ്റുതിരുത്തലിലും നീതിയിലുള്ള പരിശീലനത്തിനും ഉപകരിക്കുന്നു.**

യം) പിന്നീടുള്ള രാജാവിന്റെ ജീവിതം ആത്മികമായി പരാജയപ്പെട്ടു എന്നതും ചരിത്രം സാക്ഷിയാണ്. ശലമോന്റെ മരണം രേഖപ്പെടുത്തുന്നത് പരാജയമാണ് ശലമോൻ തന്റെ ജീവിതാവസാനത്തിൽ പറഞ്ഞുവെച്ച നല്ല വാക്യമാണ്. നിന്റെ ജീവിതകാലത്ത് സൃഷ്ടാവിനെ ഓർത്തുകൊൾക.

യൗവനം മനുഷ്യജീവിതത്തിന്റെ സമ്പന്നമായ കാലഘട്ടമാണ്. ജീവിതത്തിലെ പരമമായ സമ്പന്നമായ പ്രതികരിക്കുന്ന കാലഘട്ടമാണ് യൗവനം. പുത്തൻ ദർശനങ്ങളെ ആർജ്ജിക്കുന്ന സമയം. ഈ കാലഘട്ടത്തിൽ യുവതലമുറ ക്രൈസ്തവ ദർശനങ്ങളിൽ നിന്ന് വ്യതിചലിക്കുന്നത് സങ്കടകരമാണ്. കേരളം ഇപ്പോൾ മയക്കുമരുന്നിന്റെ വിപണിയിൽ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളെ കടത്തിവെട്ടുകയാണ്. വാർത്താമാധ്യമങ്ങളിൽ വരുന്ന വാർത്തകളിലെ പോലീസ് റിപ്പോർട്ടുകൾ മാത്രം നോക്കിയാൽ കോടിക്കണക്കിന് രൂപയുടെ ലഹരി വസ്തുക്കളാണ് സംസ്ഥാനത്ത് നിന്ന് പിടികൂടുന്നത്. പിടിക്കപ്പെടുന്നവരിൽ വലിയൊരുപക്ഷം മലയാളികളാണെന്നതും അതിൽ ക്രൈസ്തവരുണ്ടെന്നുള്ളതും ശ്രദ്ധേയമാണ്. ജീവിതത്തിന്റെ ആരംഭ പ്രായത്തിൽ കഞ്ചാവിൽ ഉരുകിത്തീരുന്ന ബാല്യ-യൗവനങ്ങൾ. അതാണ് കേരളത്തിൻ ഇന്നത്തെ സ്ഥിതി. ഒന്നോ രണ്ടോ തവണ ഉപയോഗിച്ചിട്ടുള്ളവർ കൂടുതൽ ഉപയോഗിക്കാനുള്ള ആർത്തിയുണ്ടാകുന്നു. പടിപടിയായി അയാൾ ഇതിനടിമയാകുന്നു. ശലോമോന്റെ ജിജ്ഞാസയുണർത്തിയ മനസ്സിനെ തൃപ്തിപ്പെടുത്താൻ ദൈവിക ലക്ഷ്യമില്ലാതെ ലോക സുഖാനുഭൂതിയിലേക്ക് തിരിഞ്ഞു. അവൻ സകല വസ്തുക്കളുടെയും സമ്പത്തു ശേഖരിച്ചു. ദൈവത്തോടുള്ള അനുസരണത്തിനു പകരം അവൻ അവന്റെ ഹൃദയത്തെ ഭോഗാസക്തിയാക്കി.

ശലോമോൻ രാജാവിന്റെ പാപങ്ങൾ നമ്മുടെ ഇന്നത്തെ ഭൗതിക സംസ്കാരത്തിൽ നമ്മോട് ഉച്ചത്തിൽ സംസാരിക്കുന്നു. നാം ദൈവത്തെകൂടാതെ ആസ്തികളും പ്രശസ്തിയും പൂജിക്കുമ്പോഴാണ് വീഴ്ച വരുത്തുന്നത്. ദൈവം നമ്മുടെ ആദ്യസ്നേഹമായിരിക്കണം, നാം അവന്റെ മുമ്പാകെ വന്ന് ഒന്നും പറയരുത്. പരാജയം എന്നൊന്നില്ല. മറിച്ച് പരാജയങ്ങൾ അനുഭവപാഠങ്ങളാണ് എന്നാണ് എഡിസന്റെ അഭിപ്രായം. അത് ശരിയുമാണ്. വിജയത്തേക്കാൾ പലപ്പോഴും നമ്മെ പാഠങ്ങൾ പഠിപ്പിക്കുന്നത് പരാജയങ്ങളാണ്. സാമൂഹ്യ മനഃശാസ്ത്രജ്ഞനായ ഡാനിയൽ ഐസൺബർഗ് പറയുന്നു, കൗമാരക്കാരുടെ മസ്തിഷ്ക വികസനം ഒരു നിശ്ചിത കാലയളവിൽ വലിയ അളവിൽ മദ്യം കഴിക്കുന്നത് മനുഷ്യരുടെ സാധാരണ മസ്തിഷ്ക വളർച്ചയെ തടസ്സപ്പെടുത്തും. കൗമാരത്തിന്റെ തുടക്കത്തിലും മധ്യത്തിലും അമിതമായ മദ്യപാനത്തിന്റെ ചരിത്രമുള്ള യുവാക്കളിൽ വാക്കാലുള്ളതും അല്ലാത്തതുമായ വിവരങ്ങൾ വീണ്ടെടുക്കുന്നതിലും പ്രവർത്തനത്തിലും കുറവുകൾ പ്രകടമാണ്. കൗമാരത്തിൽ, നാഡീവികസനത്തിന്റെ നിർണായക ഘട്ടങ്ങൾ സംഭവിക്കുന്നു, സിനാപ്റ്റിക് പ്ലാസ്റ്റിറ്റിയിലെ പുനർനിർമ്മാണവും പ്രവർത്തനപരമായ മാറ്റങ്ങളും വിവിധ മസ്തിഷ്ക മേഖലകളിലെ ന്യൂറോണൽ കണക്റ്റിവിറ്റിയും ഉൾപ്പെടുന്നു. ഈ മാറ്റങ്ങൾ കൗമാരക്കാരെ പ്രത്യേകിച്ച് ലഹരി ദൂഷ്യഫലങ്ങൾക്ക് അടിമപ്പെട്ടേക്കും.

മുതിർന്നവരുമായി താരതമ്യപ്പെടുത്തുമ്പോൾ, മദ്യപാനത്തിന് വിധേയരായ കൗമാരക്കാർ വൈജ്ഞാനിക കുറവുകൾ (പഠനവും ഓർമ്മക്കുറവും ഉൾപ്പെടെ) പ്രകടിപ്പിക്കാനുള്ള സാധ്യത കൂടുതലാണ്. പഠന വൈകല്യങ്ങൾ പോലുള്ള ഈ വൈജ്ഞാനിക ഇഫക്റ്റുകളിൽ ചിലത് പ്രായപൂർത്തിയാകുന്നതുവരെ നിലനിന്നേക്കാം സ്വന്ത കാര്യതൽപരതയും, യുവതലമുറയെ സമൂഹത്തിന് മതത്തിന്റെ അന്തസത്ത മനസ്സിലാക്കാത്ത മതഭ്രാന്തും ഇന്ന് യുവജനതയെ ചോദ്യചിഹ്നമായി മാറ്റുന്നു. മാമോദിസയുടെ മുദ്ര ഏറ്റ അനുഗ്രഹത്തിന്റെ പാത്രമായ ക്രൈസ്തവ സമൂഹവും ഇതിൽ നിന്ന് വിഭിന്നമല്ല എന്നത് ദൗർഭാഗ്യകരമാണ്. യുവജനങ്ങൾ സാധാരണയായി ഊർജ്ജസ്വലരായിരിക്കും അവർ മാറ്റങ്ങൾക്ക് ഇഷ്ടപ്പെടുന്നവരുമാണ്. 50% ത്തിൽ അധികം യുവജനങ്ങളുള്ള നമ്മുടെ നാട്ടിൽ ദിശാബോധ്യമില്ലാതെ യാതൊരു പരിശീലനവുമില്ലാത്ത യുവജനങ്ങൾ, ലക്ഷ്യബോധ്യമില്ലാത്ത സമൂഹമായി മാറുന്നു. മലബാർ സ്വതന്ത്ര സുറിയാനി സഭയെ സംബന്ധിച്ച് യൂത്ത് ലീഗ് എന്നത് ആത്മികവും, ധാർമ്മികവും നിറഞ്ഞ ഒരു പ്രസ്ഥാനമാണ്. വി.

പൗലോസ് ശ്ലീഹാ നമ്മെ ഓർമ്മപ്പെടുത്തുന്നത് എഴുതപ്പെട്ട വിശുദ്ധ ലിഖിതം പ്രബോധനത്തിനും, ശാസനത്തിനും, തെറ്റു തിരുത്തലിലും നീതിയിലുള്ള പരിശീലനത്തിനും ഉപകരിക്കുന്നു.

വചനത്തിലൂടെ ആകുമ്പോൾ നമ്മുടെ യുവജനത്തിന്റെ ജീവിതം വചനത്തിൽ അധിഷ്ഠിതമാകണം. വചനാതിഷ്ഠിതമായ ഒരു യുവതലമുറ ഈ കാലഘട്ടത്തിൽ വളർന്നു വരണം. യുവാക്കളെ നിങ്ങൾ ദൈവത്താൽ നിയമിക്കപ്പെട്ടവരാണ്. അമ്മയുടെ ഉദരത്തിൽ ഉരുവായതിനു മുമ്പേ ഞാൻ നിന്നെ തിരഞ്ഞെടുത്തു എന്ന് (യിരമ്യാവ് 1-5) നമ്മെ ഓർമ്മപ്പെടുത്തുന്നു. ഞാൻ നിന്നെ അയച്ചത് എല്ലാവരുടെ അടുക്കൽ പോകുവാനും ഞാൻ നിന്നോട് സംസാരിച്ചത് അവരോട് പറയുകയും വേണം എന്നതാണ് നമ്മുടെ നിയോഗം.

സഭ സുവിശേഷഘോഷത്തിന്റെ തുടക്കം ഈ ഇടത്തിൽ സഭയുടെ നട്ടെല്ല് ആയ യുവജനം കൂടുതൽ ശക്തിയോടെ സുവിശേഷഘോഷണത്തിന്റെ പാത്രമാവണം. ശലമോൻ ഈ കാലഘട്ടത്തിൽ യുവജനത്തിന്റെ അടയാളമാണ്. ദൈവാശ്രയത്തിൽ ആരംഭിച്ച നാം എവിടെയാണ് നിൽക്കുന്നത് എന്നത് വിശകലനം ചെയ്യുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

എൻ.ഐ. മോഹൻ

പരിശുദ്ധ ഇളയ ബാവാ
സഹനത്തിൻ ദീപം

പരിശുദ്ധ കൂറിലോസ് ബാവായെ സഹനത്തിൻ ദീപമെ
കാത്തീടണെ കരുതീടണെ...
എന്നെന്നും ഞങ്ങളെ ഓർത്തീടണെ.

കഷ്ടവും നഷ്ടവും ലാഭമെന്നെണ്ണിയ
പരിശുദ്ധ ഗീവർഗ്ഗീസ് ബാവായെ
അഴലിന്റെ മൺകുടിലിൽ കുടികൊള്ളും തേജസ്സേ
അവിടുന്ന് സാന്ത്വനം തീർക്കുകില്ലേ.

പൂപോലെ മൃദുലമാം ഭാഷ തൻ ഭംഗിയിൽ
നൊമ്പരം പുഞ്ചിരിയാക്കിയില്ലേ.
വൃതമണിയും പ്രാർത്ഥനയാൽ മിഴി നിറയും കണ്ണീരാൽ
ദുരിതങ്ങളെത്രയോ തള്ളിനീക്കി.

അലയുന്ന ഹൃദയമായ് അവിടുത്തെ തിരുമുമ്പിൽ
ഉരുകുന്ന മെഴുകുപോൽ ഞാനായിടുന്നു.

പതിയെ പറയാം ഞാനെന്റെ രോദനം
ഒരുവട്ടമെങ്കിലും കേൾക്കുകില്ലേ.
പലനാൾ പറയാറുണ്ടെൻ വിഷമങ്ങളോരോന്നും
പലതിനേം ഞാനോർത്തു കേണിരുന്നു.

ഒരുപാടു മുറിവേറ്റ മനമോടെ തിരുമുമ്പിൽ
എരിയുവാൻ കൊതിക്കുന്ന കരിന്തിരി ഞാൻ
മിഴിരണ്ടും കണ്ണീരാൽ കുതിർന്നു കുളിർപ്പിച്ച്
തൃത്വത്തിൽ മുമ്പിലായ് വന്നീടുമ്പോൾ
മുറജപമോരോന്നും ചൊല്ലുമ്പോഴവിടെന്നെ
ഒരു നേരമെങ്കിലും ഓർക്കുകില്ലേ.

ശാന്തമാം ലോകം വിടപറഞ്ഞീകാലത്ത്
ഏകനായിന്നെന്നെ കൈവിടല്ലെ.
അവിടുത്തെ കാലൊച്ച കേൾക്കുവാൻ ഞാനിന്നൊ
രുങ്ങുന്നു നിർഭയം പാതാന്തികെ.

തിരുബലിയുടെ വസ്ത്രത്തിൽ ദു:ഖാശ്രുവീഴ്ത്താതെ
കാലങ്ങളേറെ കാത്തതില്ലേ
അവിടുത്തെ കണ്ഠത്തിലണിഞ്ഞുള്ള നൗകയിൽ
ദുഃഖാശ്രുമധികവും ചേർത്തതില്ലേ.

കതിരണിയും പാടത്ത് കതിർ കവരും കീടത്തെ
രക്ഷയിൽ സ്ലീബായിൽ നീക്കിയില്ലേ.

ഒ.....എന്റെ ബാവായെ കാത്തീടണെ
ഒ.....എന്റെ ബാവായെ കരുതീടണെ

വി.പൗലോസിന്റെ ദൗത്യശൈലി

ഡീക്കൺ
സ്റ്റെഫാനോ പുലിക്കോട്ടിൽ
സുവിശേഷസംഘം ട്രഷറർ

ക്രൈസ്തവ സഭ ദർശിച്ചിട്ടുള്ള മിഷനറിമാരിൽ എല്ലാംകൊണ്ടും നേതൃത്വസ്ഥാനത്തിനർഹനാണ് പൗലോസ് ശ്ലീഹാ. അദ്ദേഹത്തിന്റെ മിഷനറി യാത്രകൾ പ്രസിദ്ധമാണ്. അതിനെല്ലാം പുറമേ പൌലോസിന്റെ തൂലികയിൽ നിന്നു ലഭിച്ചിട്ടുള്ള ലേഖനങ്ങൾ അന്നും എന്നും ക്രൈസ്തവ സഭയ്ക്ക് മുതൽക്കൂട്ടാണ്. ഒരുവന്റെ ചിന്താഗതികളെയും വ്യക്തിത്വത്തെയും വ്യക്തമാക്കുന്നതാണ് എഴുത്തുകൾ. ഹൃദയവും മനസും തുറന്നാണ് പൗലോസ് എഴുതുന്നത്. പുതിയ നിയമപുസ്തകങ്ങളിൽ പതിമൂന്ന് ലേഖനവും പൗലോസിന്റേതാണ്. ഇവയെ നാലായി തിരിക്കാവുന്നതാണ്.

യുഗാന്ത്യലേഖനങ്ങൾ, രക്ഷാകര ലേഖനങ്ങൾ, കാരാഗൃഹ ലേഖനങ്ങൾ, ഇടയലേഖനങ്ങൾ.

> **ഒരുവന്റെ ചിന്താഗതികളെയും വ്യക്തിത്വത്തെയും വ്യക്തമാക്കുന്നതാണ് എഴുത്തുകൾ. ഹൃദയവും മനസും തുറന്നാണ് പൗലോസ് എഴുതുന്നത്.**

പൗലോസിന്റെ മാനസാന്തരം

പൌലോസിന് ദമസ്കോസിലുണ്ടായ ദർശനത്തിന് അ. പ്രവൃത്തികളിൽ ഗ്രന്ഥകർത്താവ് വലിയ പ്രാധാന്യം നൽകുന്നുണ്ട് (അ.പ്ര.9:1-19, 22:1-15, 26:4-20) പൗലോസിനുണ്ടായ രൂപാന്തരം അവന്റെ ജീവിതത്തിൽ വിദൂര വ്യാപകമായ ഫലങ്ങളുണ്ടാക്കി. ക്രിസ്ത്യാനികളുടെ നേർക്കുണ്ടായ വിദ്വേഷവും പരീശ മനോഭാവത്തോടുള്ള കൂറും പെട്ടെന്ന് അവസാനിച്ചുവെന്ന് മാത്രമല്ല, ജാതികളോട് പ്രസംഗിക്കുകയെന്ന നിയോഗം സ്വയം ഏറ്റെടുക്കുവാൻ നിയുക്തനാവുകയും ചെയ്തു.



പ്രാദേശിക സംസ്കാരങ്ങളിൽ പൗലോസിന്റെ ഇടപെടലുകൾ

പൗലോസ് മിഷൻ പ്രവർത്തനത്തിനായി തിരഞ്ഞെടുത്ത പ്രവിശ്യകളിലെ സംസ്കാരങ്ങൾ പൗലോസ് സൂക്ഷമമായി നിരീക്ഷിച്ചു. ബഹുദൈവാരാധന അന്നുണ്ടായിരുന്നു. ഇവയ്ക്ക് റോമാനാമങ്ങളും യവനനാമങ്ങളും ഉണ്ടായിരുന്നു. നിഗൂഢ മതങ്ങൾ ഉണ്ടായിരുന്നു.

ചക്രവർത്തിയാരാധനയും നിലനിന്നിരുന്നു. ഇത്തരത്തിലുള്ള ആചാരനുഷ്ഠാനങ്ങളെ പൗലോസ് സൂക്ഷ്മമായി നിരീക്ഷിച്ചു വിലയിരുത്തിയിരുന്നു.

പൗലോസ്, യഹൂദന്മാരുടെ സൂനഗോഗ് സന്ദർശിക്കുന്നു.

യഹൂദന്മാർ ആരാധനയ്ക്കായ് സമ്മേളിക്കുന്ന ഇടമാണ് സൂനഗോഗ്. യഹൂദന്മാരുടെ ന്യായാധിപസഭ സൂനഗോഗുകളിലാണ് കൂടിവന്നിരുന്നതും ശിക്ഷകൾ കല്പിക്കുന്നതും ഇവിടെവെച്ചാണ്. എല്ലാ സൂനഗോഗിനും സ്വയംഭരണഘടനയായിരുന്നു ഉണ്ടായിരുന്നത്. യഹൂദർ പ്രഭാതത്തിലും സന്ധ്യയിലും സൂനഗോഗിൽ പ്രാർത്ഥനയ്ക്കായി പോകുമായിരുന്നു. എല്ലാ നഗരങ്ങളിലും ഒന്നോ, രണ്ടോ സൂനഗോഗുകൾ ഉണ്ടായിരുന്നു. പള്ളി പ്രമാണികളാണ് ഇവിടെ നേതൃത്വം വഹിക്കുന്നത്.

സൂനഗോഗുകളിൽ പൗലോസ് സന്ദർശിച്ചത് യഹൂദരോട് സംസാരിക്കുവാനും ബന്ധം സ്ഥാപിക്കുന്നതിനും വേണ്ടിയായിരുന്നു. തനിക്ക് എതിർപ്പ് നേരിടേണ്ടിവരും എന്നറിഞ്ഞിട്ടും താൻ സന്ദർശിച്ച സൂനഗോഗുകളിൽ പോകുകയും പ്രസംഗിക്കുകയും ചെയ്തു.

പൗലോസിന്റെ ദൗത്യത്തിന്റെ ഉദ്ദേശ്യം

ദൈവത്തോടും മനുഷ്യർ തമ്മിലുമുള്ള അനുരഞ്ജനത്തി ന്റെ സന്ദേശം പ്രഘോഷിക്കാനാണ് പൗലോസ് വിളിക്കപ്പെട്ടതെന്ന് തിരിച്ചറിഞ്ഞു. കാലം ചുരുക്കമാണെന്നും, തന്റെ മുമ്പിലുള്ള ദൗത്യം അടിയന്തരമായി ചെയ്യേണ്ടതാണെന്നുമുള്ള തിരിച്ചറിവിന്റെ ഭാഗമായിട്ടാണ് താൻ എത്തിയിടത്തെല്ലാം സഭകൾ സ്ഥാപിച്ചത്. പുതിയ സൃഷ്ടികളുടെ അടയാളങ്ങളായിട്ടാണ് ഈ സഭകളെ പൗലോസ് കണ്ടത്. ക്രിസ്തുവിൽ ദൈവം സഭയെ

ദൈവത്തോടും മനുഷ്യർ തമ്മിലുമുള്ള അനുരഞ്ജനത്തി ന്റെ സന്ദേശം പ്രഘോഷിക്കാനാണ് പൗലോസ് വിളിക്കപ്പെട്ടതെന്ന് തിരിച്ചറിഞ്ഞു. കാലം ചുരുക്കമാണെന്നും, തന്റെ മുമ്പിലുള്ള ദൗത്യം അടിയന്തരമായി ചെയ്യേണ്ടതാണെന്നുമുള്ള തിരിച്ചറിവിന്റെ ഭാഗമായിട്ടാണ് താൻ എത്തിയിടത്തെല്ലാം സഭകൾ സ്ഥാപിച്ചത്.

മാത്രമല്ല തന്നോട് നിരപ്പിച്ചത്, ലോകത്തെ ക്രിസ്തുവിൽ തന്നോടുകൂടെ നിരപ്പിച്ചു. ലോകത്തിന്റെ രക്ഷകനായ് വന്ന് ക്രൂശിക്കപ്പെട്ട് ഉയർത്തെഴുന്നേറ്റ യേശുക്രിസ്തുവിലുള്ള വ്യക്തിഗതമായ വിശ്വാസമാണ് പൗലോസിന്റെ സാർവ്വത്രിക മിഷനറി ദർശനത്തിന്റെ നാരായവേർ. പൗലോസിന്റെ മിഷനറി പ്രവർത്തനം വാഗ്ദാനങ്ങളുടെ പ്രവർത്തനമല്ല. പരിഹാരത്തിന്റെ പ്രവർത്തനമാണ് വ്യവസ്ഥയില്ലാത്ത സ്നേഹവും അർഹിക്കാത്ത കൃപയും നൽകുന്ന സുവിശേഷമാണ് പൗലോസ് പ്രഘോഷിച്ചത്. അതുകൊണ്ട് പൗലോസിന്റെ ദൗത്യത്തിന്റെ സുവിശേഷം ക്രിയാത്മകതയുടെയായിരുന്നു.

സുവിശേഷ വേലയോടൊപ്പം തൊഴിൽ ചെയ്യുന്ന പൗലോസ്

ഗമാലിയേലിന്റെ കീഴിലെ പഠനം കഴിഞ്ഞ് പൗലോസ് തർസോസിലേക്ക് തിരിച്ചു ചെന്നു. പിതാവിൽ നിന്ന് കൂടാരപണി എന്ന കൈതൊഴിൽ പഠിക്കുകയും ചെയ്തു. പഠനത്തോടൊപ്പം ഒരു തൊഴിലും പരിശീലിക്കണം എന്ന ഒരു നിയമം അന്നുണ്ടായിരുന്നു. റബ്ബിമാർ മറ്റുള്ളവരെ ആശ്രയിക്കാതെ സ്വയം തൊഴിൽ ചെയ്യണമെന്നുണ്ട്. ഈ പരിശീലനം പിൽക്കാലത്ത് തന്റെ പ്രവർത്തിന് സഹായകരമായി തീരുകയും ചെയ്തു. സുവിശേഷ പ്രവർത്തനത്തിലൂടെ ആരോടും പ്രതിഫലം വാങ്ങാത്തവനാണ് പൗലോസ്.

പൗലോസ് സഭയിൽ മൂപ്പന്മാരെ നിയമിക്കുന്നു.

വിശ്വാസികൾക്ക് ഇടയപരിപാലനവും, ഉപദേശങ്ങളും ലഭിക്കുന്നതിനു പൗലോസ് സഭയിൽ മൂപ്പന്മാരെ നിയമിച്ചു. സുവിശേഷത്തിൽ തന്റെ പങ്കാളികളായി പ്രാദേശിക സഭയിലെ അംഗങ്ങളെ പൗലോസ് തിരഞ്ഞെടുത്തു. അതിനു ഫിലിപ്പിലെ സഭയിലെ അംഗങ്ങൾ നന്ദി കരേറ്റുന്നുമുണ്ട്. ഇത് തദ്ദേശിയ സഭയുടെ സ്ഥാപനത്തിനു വഴി തെളിയിച്ചു. സഭയിൽ അവർക്ക് പങ്കാളിത്തം നൽകി. തന്റെ സഭയിൽ ശുശ്രൂഷകൾ ചെയ്യുവാനും ഉപദേശങ്ങൾ നൽകുന്നതിനും സഭയിൽ തദ്ദേശീയരായ മൂപ്പന്മാരെ നിയമിക്കുന്നു.

വാണിജ്യ പ്രാധാന്യമുള്ള പ്രവിശ്യകൾ സന്ദർശിക്കുന്നു

പൗലോസിനു ശരിയായ ഒരു പ്രവൃത്തി മാർഗം ഉണ്ടായിരുന്നതിനാൽ പ്രവർത്തിക്കാൻ അനുയോജ്യമായ കേന്ദ്രങ്ങൾ കണ്ടുപിടിച്ചു. പ്രധാനമായും റോമൻ ഭരണത്തിന്റെ കീഴിലുള്ളതോ, യവന സംസ്കാരത്തിന്റെ കീഴിലുള്ളതോ യഹൂദ സ്വാധീന വലയത്തിലുള്ളതോ, വ്യവസായ പ്രാധാന്യമുള്ളതോ ആയ സ്ഥലങ്ങൾ കണ്ടുപിടിച്ചു. തന്റെ പ്രവർത്തനമണ്ഡലം ഒരു പട്ടണം

അല്ലായിരുന്നു, മറിച്ച് ഒരു പ്രവിശ്യയായിരുന്നു. ഇങ്ങനെയുള്ളിടത്ത് പൗലോസ് രണ്ട് രീതിയിൽ തന്റെ ശുശ്രൂഷ നടത്തി. പൗലോസ് നഗര ഭാഗങ്ങളിൽ ശുശ്രൂഷ നിവർത്തിക്കുമ്പോൾ തന്റെ സഹപ്രവർത്തകരെ അടുത്തുള്ള ഗ്രാമങ്ങളിലേക്ക് അയക്കുന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ളവർ വാണിജ്യ നഗരങ്ങളിൽ സന്ദർശിക്കുമ്പോൾ അവരോട് സുവിശേഷം അറിയിക്കുന്നതിന് വാണിജ്യ പ്രാധാന്യമുള്ള പ്രവിശ്യകൾ സന്ദർശിക്കുന്നതുകൊണ്ട് സാധിച്ചു.

സാമൂഹ്യ പ്രശ്നങ്ങളോടുള്ള പ്രതികരണം

അപ്പൊസ്തലന്റെ പ്രവർത്തനങ്ങൾ ഗ്രീക്ക്, റോമ, സംസ്കാരത്തിൽ പെട്ടവരുടെ ഇടയിൽ ആയിരുന്നു. പട്ടണങ്ങളിൽ ഒരു പ്രത്യേക സംസ്കാരം ഇല്ലായിരുന്നു. സങ്കര മതവിശ്വാസമായിരുന്നു അവിടെയുണ്ടായിരുന്നത്. സംസ്കാരത്തിന്റെ ഉച്ചകോടി മുതൽ മൃഗീയ ജീവിതം വരെ ഉന്നത നിലവാരം പുലർത്തിയ തത്വജ്ഞാനികളും ശ്രോതാക്കളുടെ കൂട്ടത്തിൽ ഉണ്ടായിരുന്നു. പൗലോസ് അന്നത്തെ കാലഘട്ടത്തിൽ നിലനിന്നിരുന്ന സാമൂഹ്യപ്രശ്നങ്ങളോടു കാണിച്ച പ്രതികരണം ശക്തമായിരുന്നു. എല്ലാവർക്കും തുല്യത പൗലോസ് ആഗ്രഹിച്ചു.

<u>പൗലോസിന്റെ മനോഭാവങ്ങൾ</u>

1. **<u>സ്ത്രീകളോടുള്ള</u> മനോഭാവം**

പൗലോസിന് സ്ത്രീകളോടുള്ള മനോഭാവം വിലയിരുത്തുമ്പോൾ രണ്ട് കാര്യങ്ങൾ ശ്രദ്ധിക്കണം. ഒന്നാമത് പൗലോസിന്റെ മതപരവും സാംസ്കാരികവുമായ പശ്ചാത്തലം നോക്കുമ്പോൾ പുരുഷമേധാവിത്വം നില നിൽക്കുന്ന കാലമായിരുന്നു. വിവാഹ ശേഷം ഭർത്താവിന്റെ ആധിപത്യത്തിൻ കീഴിലാണ് സ്ത്രീ മാറുന്നത്. രണ്ട് കൊരിന്ത്യർ, എഫെസ്യർ, ഇടയലേഖനങ്ങൾ എന്നിങ്ങനെയുള്ള അവസാനകാല കത്തുകൾ സ്ത്രീകളെ അടക്കിവാഴുകയെന്ന പുരുഷ മേധാവിത്വ പാരമ്പര്യത്തെ പിൻതാങ്ങുന്നതിനാൽ ഒഴിവാക്കണം അതുപോലെ സ്ത്രീകളുടെ തരംതാഴ്ത്തൽ സുശക്തമായി ചൂണ്ടിക്കാണിക്കുന്നത് പൗലോസിന്റെ പ്രസ്താവനകളല്ലെന്നും പിൽക്കാലത്ത് സഭയിൽ ഉണ്ടായ നിയമമോ ഇടയലേഖനകാലത്തെ ചിന്താഗതിയോ കൂട്ടിചേർത്തതാണെന്ന് പൊതുവേ വിശ്വസിക്കുന്നു.

2. **<u>അടിമത്തത്തോടുള്ള</u> മനോഭാവം**

ഗ്രീക്ക്, റോമൻ സമൂഹത്തിൽ അടിമത്തം അംഗീകൃതവും ജനസമ്മതിയുള്ളതുമായ ആചാരമായിരുന്നു. ഒന്നാം നൂറ്റാണ്ടായപ്പോഴേക്കും റോമിൽ ജനസംഖ്യയിൽ 6ൽ 5 ഭാഗവും അടിമകളോ, അടിമ പശ്ചാത്തലത്തിൽ നിന്നുള്ളവരോ ആയിരുന്നുവെന്ന് കണക്കാക്കുന്നു. ആ നിലയ്ക്ക് അടിമത്തം പുതിയ നിയമത്തിൽ അംഗീകൃതമായ ഒന്നു തന്നെയായി കാണാം. ഫിലേമോനുള്ള ലേഖനത്തിലും പൗലോസ് അടിമത്തവ്യവസ്ഥിതിയെ തകിടം മറിക്കുന്നില്ല. സ്വന്തം അടിമയെ സ്വീകരിക്കുവാനും, ഒരുപക്ഷേ വിട്ടയ്ക്കുവാനും വേണ്ടി വന്നാൽ തിരിച്ചയ്ക്കുവാനുമാണ് പൗലോസ് ഫിലേമോനോട് അഭ്യർത്ഥിക്കുന്നത്.

3. <u>രാഷ്ട്രത്തോടുള്ള</u> മനോഭാവം

രാഷ്ട്രത്തോടുള്ള പൗലോസിന്റെ മനോഭാവം റോമ.13: 1-7ൽ വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. ക്രിസ്തുമത ചരിത്രത്തിൽ സഭയും രാഷ്ട്രവും തമ്മിലുള്ള ബന്ധം പരിഗണിക്കുമ്പോഴെല്ലാം ഇത് കാര്യമായി പ്രതിപാദിക്കുന്നു. ഭരണാധികാരികളെ ദൈവം നിയോഗിച്ചുവെന്നും എല്ലാ മനുഷ്യരും അവർക്കു വിധേയരാകണമെന്നുള്ള വിധത്തിലാണ് ഈ ഭാഗം മിക്കവാറും വ്യാഖ്യാനിക്കാറുള്ളത്. മനസാക്ഷിയനുസരിച്ചും ഒരാൾ വിധേയനായിരിക്കണമെന്നു പറയുമ്പോൾ ഇതു വ്യക്തമാണ്.

ഭാരത സുവിശേഷീകരണത്തിന് പൗലോസിന്റെ മാതൃക

ഭാരത സുവിശേഷീകരണത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് പൗലോസിന്റെ മിഷൻ പ്രവർത്തനം എക്കാലത്തും മാതൃകയാണ്.

* ഏതു ന്യായാധിപന്റെയും മുമ്പാകെ പൗലോസ് കൂസൽ കൂടാതെ ന്യായവാദം നടത്തുന്നു. നമ്മുടെ രാജ്യത്തിൽ ഭരണത്തിലിരിക്കുന്നവരുടെ അനീതികളെയും അഴിമതി നിറഞ്ഞ തെറ്റായ ഭരണത്തെയും ചൂണ്ടിക്കാണിക്കുവാൻ പൗലോസിനെ പോലെ കഴിയണം.

* ജീവിതത്തിന്റെ എല്ലാ ഘട്ടങ്ങളിലും സാഹസികനായിരുന്ന

പൗലോസിന് യൂവാക്കളുടെ മേൽ വലിയ ആകർഷണമുണ്ടായിരുന്നു. പൗലോസിന്റെ ആദർശധീരതയും ആഴമേറിയ സ്നേഹവുമായിരിക്കാം ഇത്രമാത്രം യുവാക്കളെ പൗലോസിലേക്ക് ആകർഷിച്ചത്. ഇന്ന് യുവാക്കൾ ലോകമോഹങ്ങൾക്കടിമപ്പെട്ട് ജീവിതം നയിക്കുമ്പോൾ പൗലോസ് യുവാക്കളെ തന്റെ ശുശ്രൂഷക്കായി നേടിയതു പോലെ ഇന്നത്തെ ഭാരതത്തിലെ സഭകൾക്ക് യുവാക്കളെ നേതൃത്വനിരയിലേക്ക് കൊണ്ടുവരുവാൻ കഴിയണം.

* പൗലോസ് സ്ഥാപിച്ച സഭയിലുണ്ടാകുന്ന പ്രശ്നങ്ങൾക്ക് സഭയെ സന്ദർശിക്കുകയും അവർക്ക് വേണ്ടുന്ന ഉപദേശങ്ങൾ കൊടുക്കുകയും പരിഹാരം കണ്ടെത്തിക്കൊടുക്കുകയും ചെയ്തു. ഇന്ത്യയിൽ അനേകം സഭകൾ ഇന്നുണ്ട്. സഭകൾ നേരിടുന്ന പ്രതിസന്ധികൾ, പ്രശ്നങ്ങൾ കണ്ടെത്തി, പരിഹാരം നൽകി സഭയെ നേർവഴിക്ക് നടത്തുവാൻ ക്രിസ്തീയ ശുശ്രൂഷകന്മാർക്ക് കഴിയണം.

* പൗലോസ് ചെല്ലുന്ന സ്ഥലങ്ങളിൽ തദ്ദേശീയ നേതൃത്വം നൽകുവാൻ ശ്രമിച്ചു. അതുപോലെ ഭാരതത്തിൽ തദ്ദേശീയ ഇടങ്ങളിലെ ഭാഷാ സംസ്കാരം തുടങ്ങിയവയ്ക്ക് ഊന്നൽ കൊടുത്ത് തദ്ദേശീയ സഭയെ വളർത്തുവാൻ മിഷനറിമാർക്ക് സാധിക്കണം.

* മിഷൻ പ്രവർത്തനങ്ങളിൽ എപ്പോഴും ഒരു സംഘമായി പ്രവർത്തിക്കണമെന്ന് പൗലോസിന്റെ ജീവിതം നമുക്ക് നൽകുന്ന ഒരു ഉൾക്കാഴ്ചയാണ്. പുരുഷനും സ്ത്രീക്കും പ്രാധാന്യം നൽകി. ഇന്ത്യയിൽ ശുശ്രൂഷ ചെയ്യുന്നവർക്ക് ഈ കൂട്ടായ പ്രവർത്തനം ഒരു മാതൃകയാണ്.

ഉപസംഹാരം

ലോകം എങ്ങും സുവിശേഷം അറിയിക്കുന്നതിനായി പല വ്യക്തികളേയും ദൈവം തിരഞ്ഞെടുത്തു. അതിൽ പ്രധാനിയാണ് പൗലോസ് ശ്ലീഹാ. പൗലോസിന്റെ

മാനസാന്തരം മുതൽ രക്തസാക്ഷിത്വം വരെ പഠിക്കുമ്പോഴാണ് സുവിശേഷ പ്രവർത്തനത്തിന് ആഗ്രഹിക്കുന്ന ഏതൊരു വ്യക്തിയിലും വെല്ലുവിളികൾ ഉണർത്തുന്നത്. തന്നെ ഏല്പിച്ച ദൗത്യം മായം ചേർക്കാതെ പൗലോസ് ലോകത്തിന്റെ വിവിധ ഭാഗങ്ങൾ സന്ദർശിച്ച് സഭകൾ സ്ഥാപിച്ചു ചെയ്തുതീർക്കുന്നു. തന്റെ ദൗത്യത്തിന് അതിൽ തന്നെ വളരെ വ്യക്തമായ ധാരണ ചെയ്യുന്നതിന് ഉണ്ടായിരുന്നു. ഏതൊരു ന്യായാധിപന്റെയും മുമ്പാകെ പൗലോസ് കൂസൽ കൂടാതെ ന്യായവാദം നടത്തുന്നു. ജീവിതത്തിൽ എല്ലാഘട്ടങ്ങളിലും സാഹസികനായിരുന്ന പൗലോസിന് യുവാക്കളുടെ മേൽ വലിയ ആകർഷണം ഉണ്ടായിരുന്നു. തന്റെ സഭയിലെ പ്രശ്നങ്ങൾക്ക് വേണ്ടുന്ന ഉപദേശങ്ങൾ കൊടുക്കുവാൻ അദ്ദേഹത്തിന് സാധിച്ചു. ഭാരത സുവിശേഷീകരണത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് പൗലോസിന്റെ മിഷൻ പ്രവർത്തനം ഒരു മാതൃകയാണ്. വൈവിധ്യമാർന്ന ലോകത്തിൽ ഇന്നും മനുഷ്യ ഹൃദയങ്ങൾക്കിടയിൽ വളരെ ഉത്തമ ജീവിതം നയിക്കുവാൻ കഴിയുമെന്ന് പൗലോസ് തന്റെ ജീവിത സാക്ഷ്യത്തിലൂടെ വെളിപ്പെടുത്തുന്നു.

ഗ്രന്ഥസൂചിക

മിഷനറി വീരനായ വി.പൗലോസ് - റവ.റ്റി.യേശുദാസൻ

ലേഖകനായ പൗലോസ് - പ്രൊഫ. കെ.സി.ദാനിയേൽ

വി.പൗലോസിന്റെ ദൈവശാസ്ത്ര ചിന്തകൾ - റവ.ഡോ.എം.വി.എബ്രഹാം.

പുതിയ നിയമ പ്രവേശിക - റവ.വി.തോമസ്

വിജ്ഞാനകോശം

വേദപുസ്തകം ഭാഷ്യം

Peter M.V.
9946 029 879
Jupiter
TAILORING
Chalissery Road
PERINGODE

ആമുഖം

കൊരിന്ത് റോമൻ പ്രവിശ്യയായ ആഖായയുടെ തലസ്ഥാനനഗരിയായിരുന്നു. BCE 44 ലാണ് കൊരിന്ത് റോമൻ കോളനിയായി മാറുന്നത്. തുറമുഖപട്ടണം എന്ന നിലയിൽ വ്യാവസായിക വാണിജ്യ പ്രാധാന്യമുള്ള പട്ടണമായിരിക്കെ ലേഖകൻ തന്നെ അധാർമ്മിക പ്രവർത്തനങ്ങൾക്കു പേരുകേട്ട പട്ടണം കൂടിയായിരുന്നു കൊരിന്ത്. അഫ്രോഡൈറ്റ് ദേവതയുടെ പേരിലുള്ള വലിയ ദേവാലയം ഈ പട്ടണത്തിൽ ഉണ്ടായിരന്നു. രണ്ടാം മിഷനറിയാത്രയിലാണ് പൗലോസ് കൊരിന്തിൽ എത്തുന്നതും സഭ സ്ഥാപിക്കുന്നതും. കൊരിന്ത്യ സഭയിൽ രൂപപ്പെട്ട നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിച്ചു കൊണ്ട് പൗലോസ് എഴുതിയ ലേഖനമാണ് ഇത്. CE 54-55 കാലഘട്ടത്തിൽ ഈ ലേഖനം എഴുതി എന്ന് വിശ്വസിക്കുന്നു.

സഭ ക്രിസ്തുവിന്റെ ശരീരം



Rev. Bobby Mathew
TMAM Research and Orientation Centre, Kottayam

കൊരിന്ത്യസഭയിലെ പ്രശ്നങ്ങൾ :

(Divisions in the Church at Corinth)

സഭയ്ക്കുള്ളിലെ വിഭാഗീയത (1 കൊരി. 1:10-13), സഭാംഗങ്ങളുടെ ലൈംഗിക അധാർമ്മികത (1 കൊരി. 5:1-8), സഭാംഗങ്ങൾ തമ്മിലുള്ള കേസുകൾ (1 കൊരി. 6:1-11), വിവാഹം, വിവാഹമോചനം, ബ്രഹ്മചര്യം എന്നീ വിഷയങ്ങളെക്കുറിച്ചുള്ള ചോദ്യങ്ങളും അനുബന്ധ പ്രശ്നങ്ങളും (1 കൊരി.7:1-40), വിഗ്രഹാർപ്പിതം കഴിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ (1 കൊരി. 8:1-13), പൗലോസിന്റെ അപ്പോസ്തോലിക ആധികാരികതയെ ചോദ്യം ചെയ്തു കൊണ്ട് സഭാംഗങ്ങൾ ഉന്നയിച്ച സംശയങ്ങൾ (1 കൊരി. 9;1-14), കർത്തൃമേശയിലെ സമ്പന്ന-ദരിദ്ര വേർതിരിവ് (1 കൊരി. 10, 11), ആത്മീകവരങ്ങളെക്കുറിച്ചുള്ള തർക്കങ്ങൾ (1 കൊരി.12), കർത്താവിന്റെ വീണ്ടും വരവിനെക്കുറിച്ചുള്ള തെറ്റായ ഉപദേശങ്ങൾ (1 കൊരി. 15) എന്നീ പ്രശ്നങ്ങൾ കൊരിന്ത്യസഭ അഭിമുഖീകരിച്ചിരുന്നു. ഈ പ്രശ്നങ്ങൾ സഭയ്ക്കുള്ളിലെ ഐക്യവും അനുരഞ്ജനവും നഷ്ടപ്പെടുത്തി. ഈ സാഹചര്യത്തിൽ സഭയ്ക്കുള്ളിൽ ഐക്യവും അനുരഞ്ജനവും നിലനിർത്തുവാനായാണ് സഭ ക്രിസ്തുവിന്റെ ശരീരം എന്ന പ്രതീകത്തെക്കുറിച്ച് പൗലോസ് പഠിപ്പിക്കുവാൻ ശ്രമിക്കുന്നത്.

സഭ: ക്രിസ്തുവിന്റെ ശരീരം

സഭയെ പ്രതിനിധാനം ചെയ്യുവാൻ പൗലോസ് പല പ്രതീകങ്ങളും ഉപയോഗിക്കുന്നുണ്ട്. അതിൽ ഒന്നാണ് സഭ ക്രിസ്തുവിന്റെ ശരീരം എന്നത്. സഭകളിൽ അനൈക്യം (Disunity) നിലനില്ക്കുന്ന പശ്ചാത്തലത്തിലാണ് ഈ പ്രതീകം സാധാരണയായി പൗലോസ് ഉപയോഗിക്കുന്നത്. ശരീരം എന്നതിന് 'സോമ' എന്ന ഗ്രീക്കു പദമാണ് പൗലോസ് ഉപയോഗിക്കുന്നത്. എബ്രായ ചിന്താധാരയിൽ ശരീരം എന്നതുകൊണ്ട് ശരീരം, മനസ്സ്, ആത്മാവ് (Basar, nephes and rush) എന്നിവയുടെ സമന്വയവും അതുവഴി പൂർണ്ണതയുടെ ദർശനവുമാണ് ലഭിക്കുന്നത്. എന്നാൽ യവനായചിന്ത ശരീരം - ആത്മാവ് എന്നീ ദ്വന്ദ്വത്തിൽ അടിസ്ഥാനപ്പെട്ടതാണ്. According to Platonic dualism the pre existant and immortal soul is imprisoned in the body and it is through complete escape from bodily bondage that the soul realise itself. യവനായ ദ്വന്ദ്വദർശനത്തിനു ബദലായി പൂർണ്ണതയുടെ ദർശനം വെളിപ്പെടുത്തുന്ന പദമായിട്ടാണ് ശരീരം (Soma) എന്ന പദത്തെ പൗലോസ് തന്റെ ലേഖനങ്ങളിൽ ഉപയോഗിക്കുന്നത്. ആത്മാവിന്റെ വരങ്ങളെ ചൊല്ലിയുള്ള തർക്കങ്ങളുടെ പശ്ചാത്തലത്തിലാണ് ഐക്യത്തെയും അനുരഞ്ജനത്തെയും കുറിച്ച് വ്യക്തമാക്കുവാൻ സഭ ക്രിസ്തുവിന്റെ ശരീരം എന്ന പ്രതീകത്തെ പൗലോസ് അവതരിപ്പിക്കുന്നത്. 1 കൊരി. 12:12-27 എന്ന വേദഭാഗത്തെ ആസ്പദമാക്കി 'സഭ ഐക്യത്തിനും അനുരഞ്ജനത്തിനു' (Church for unity and reconciliation) എന്ന വിഷയാസ്പദ പഠനത്തിനാണ് നാം ശ്രമിക്കുന്നത്.

ഐക്യത്തിന്റെയും അനുരഞ്ജനത്തിന്റെയും മാതൃകകൾ
Paradigms of unity and reconciliation

1. ഐക്യത്തിനും അനുരഞ്ജനത്തിനുമായുള്ള ദൈവീക ഇടപെടൽ
(Divine initiative for unity and reconciliation)

''ദൈവമോ തന്റെ ഇഷ്ടപ്രകാരം അവയവങ്ങളെ ശരീരത്തിൽ വെവ്വേറെയായി വച്ചിരിക്കുന്നു. സകലവും ഒരു അവയവം എങ്കിൽ ശരീരം എവിടെ?'' (1 കൊരി. 12:18) എന്നാണ് പൗലോസ് രേഖപ്പെടുത്തിയിരിക്കുന്നത്. വൈവിധ്യം ദൈവത്തിന്റെ ദാനമാണ്. ഒരു ശരീരത്തിൽ വ്യത്യസ്ത അവയവങ്ങൾ ചേർത്തുവച്ചിരിക്കുന്നത് ദൈവേഷ്ടപ്രകാരവും അവയവങ്ങൾ ഒത്തുചേർന്നു പ്രവർത്തിക്കേണ്ടതിനുമാണ്. വൈവിധ്യം ദൈവത്തിന്റെ ദാനമാണെങ്കിലും വൈവിധ്യത്തിന്റെ മദ്ധ്യത്തിലെ ഐക്യവും അനുരഞ്ജനവും ദൈവത്തിന്റെ ആഗ്രഹമാണ്. ആയതിനാൽ ദൈവത്തിന്റെ പദ്ധതിയായി ഐക്യത്തിന്റെയും അനുരഞ്ജനത്തിന്റെയും ശുശ്രൂഷയെ കാണുവാൻ നമുക്ക് സാധിക്കേണം. മഹാപുരോഹിത പ്രാർത്ഥനയിൽ കർത്താവ് ഇപ്രകാരമാണ് പ്രാർത്ഥിക്കുന്നത്: ''നീ എന്നെ അയച്ചിരിക്കുന്നു എന്നു ലോകം വിശ്വസിപ്പാൻ അവർ എല്ലാവരും ഒന്നാകേണ്ടതിനു പിതാവേ നീ എന്നിലും ഞാൻ നിന്നിലും ആകേണ്ടതുപോലെ അവരും നമ്മിൽ ആകേണ്ടതിനു തന്നെ'' (യോഹ.17:21).

2. സ്നാപനം ക്രിസ്തുശരീരത്തോടുള്ള സംയോജനം
(Baptism as a mark for unity with Christ)

''യെഹൂദന്മാരോ യവനന്മാരോ ദാസരോ സ്വതന്ത്രരോ നാം എല്ലാവരും ഏക ശരീരമാകുമാറ് ഒരേ ആത്മാവിൽ സ്നാനം ഏറ്റും എല്ലാവരും ഒരേ ആത്മാവിനെ പാനം ചെയ്തുമിരിക്കുന്നു'' (1 കൊരി. 12:13) എന്നതിലൂടെ കൊരിന്ത്യസഭയിലെ എല്ലാ അംഗങ്ങളും സ്നാപനത്തിലൂടെ ക്രിസ്തു ശരീരത്തിന്റെ ഭാഗമായി തീർന്നിരിക്കുന്നു എന്ന് പൗലോസ് ഓർമ്മപ്പെടുത്തുന്നു. ''ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റിരിക്കുന്ന നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു. അതിൽ യെഹൂദനും യവനനും എന്നില്ല, ദാസനും സ്വതന്ത്രനും എന്നില്ല. ആണും, പെണ്ണും എന്നില്ല. നിങ്ങൾ എല്ലാവരും ക്രിസ്തുയേശുവിൽ ഒന്നത്രേ'' എന്നാണ് ഗലാത്യർ 3:27.28 ൽ രേഖപ്പെടുത്തിയിരിക്കുന്നത്. സഭ ക്രിസ്തുവിന്റെ ശരീരമെങ്കിൽ സഭയിൽ യെഹൂദൻ, യവനൻ എന്ന ജാതീയ വേർതിരിവോ (Caste discrimination) ദാസൻ, സ്വതന്ത്രൻ എന്ന സാമൂഹിക വേർതിരിവോ (Social discrimination) ആൺ, പെൺ എന്ന ലിംഗ വേർതിരിവോ (Gender discrimination) പാടില്ല എന്നാണ് പൗലോസ് പഠിപ്പിക്കുന്നത്. ''ജാതികൾ സുവിശേഷത്താൽ ക്രിസ്തുയേശുവിൽ കൂട്ടവകാശികളും ഏക ശരീരസ്ഥരും വാഗ്ദത്തത്തിൽ പങ്കാളികളും ആകേണം'' (എഫെ.3:6) എന്നാണ് പൗലോസ് പഠിപ്പിക്കുന്നത്. ആയതിനാൽ ക്രിസ്തുവിനോടു ചേർന്നവരിൽ വേർതിരിവുകൾക്ക് സ്ഥാനമില്ലെന്നും അവർ ഐക്യത്തിലും അനുരഞ്ജനത്തിലും നിലനില്ക്കണമെന്നുമാണ് പൗലോസ് പഠിപ്പിക്കുന്നത്.

സഭ ക്രിസ്തുവിന്റെ ശരീരമെങ്കിൽ സഭയിൽ യെഹൂദൻ, യവനൻ എന്ന ജാതീയ വേർതിരിവോ, ദാസൻ, സ്വതന്ത്രൻ എന്ന സാമൂഹിക വേർതിരിവോ, ആൺ, പെൺ എന്ന ലിംഗ വേർതിരിവോ പാടില്ല എന്നാണ് പൗലോസ് പഠിപ്പിക്കുന്നത്.



3. ഒരുമയും പാരസ്പര്യതയും
(Mutuality and togetherness)

കൊരിന്ത്യസഭയിൽ സമ്പന്ന, ദരിദ്ര വേർതിരിവ് (Rich and Poor stratification) ശക്തമായിരുന്നു. കർത്തൃമേശയിൽ പോലും അവർ ആ വേർതിരിവ് പ്രകടിപ്പിച്ചിരുന്നു. ഈ പശ്ചാത്തലത്തിൽ ഒരു ശരീരത്തിലെ എല്ലാ അവയവങ്ങളും പരസ്പരം ബന്ധിതമായിരിക്കുന്നതുപോലെയാണ് സഭയിലെ അംഗങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ എന്ന് വ്യക്തമാക്കുവാനാണ് പൗലോസ് ശ്രമിക്കുന്നത്. അധീശത്വ-വിധേയത്വ മനോഭാവങ്ങൾക്ക് സഭയിൽ സ്ഥാനമില്ല. സഭ തുല്യരുടെ സംഘം (Community of equals) എന്ന നിലയിൽ സഭയ്ക്കുള്ളിൽ ശ്രേണീകരണത്തിനോ ചൂഷണത്തിനോ സ്ഥാനമില്ല. ഏതെങ്കിലും ഒരു അവയവം സ്വയം വില കുറച്ചു കാണേണ്ടതിന്റെയോ ഒരു അവയവം അപ്രമാദിത്വം പ്രകടിപ്പിക്കേണ്ടതിന്റെയോ ആവശ്യമില്ല. അതുകൊണ്ട് സഭ ക്രിസ്തുവിന്റെ ശരീരം എന്ന നിലയിൽ അടിമത്തശീലങ്ങളെ അപനിർമ്മിക്കണം, ആധിപത്യശ്രമങ്ങളെ ചെറുത്തു തോൽപ്പിക്കണം. സാഹോദര്യത്തിന്റെയും സമഭാവനയുടെയും സംഘബോധത്തിന്റെയും പുതു പാഠങ്ങൾ ഉൾക്കൊള്ളുവാനും സഭാ-സാമൂഹിക ജീവിതത്തിൽ ആവിഷ്ക്കരിക്കുവാനും സാധിക്കണം. വിധേയത്വ ആളത്വ നിർമ്മിതി കർത്തൃശരിരമായ സഭയിൽ സാദ്ധ്യമല്ലെന്നുള്ള തിരിച്ചറിവിൽ അതിർത്തികളെയും വേർതിരിവുകളെയും അപനിർമ്മിക്കുവാനും ഐക്യ-അനുരഞ്ജന മനോഭാവം ദൃഢീകരിക്കുവാനും സാധിക്കണം.

4. വിനയം, ആദരവ്, ആതിഥേയത്വം
(Humility, Honour, Hospitality)

''കണ്ണിനു കയ്യോടു, നിന്നെക്കൊണ്ട് എനിക്ക് ആവശ്യമില്ലായെന്നും തലെക്കു കാലുകളോട് നിങ്ങളെക്കൊണ്ട് എനിക്ക് ആവശ്യമില്ല എന്നും പറഞ്ഞുകൂടാ. ശരീരത്തിൽ ബലം കുറഞ്ഞവ എന്നു തോന്നുന്ന അവയവങ്ങൾ തന്നേ ആവശ്യമുള്ളവയാകുന്നു. ശരീരത്തിൽ മാനം കുറഞ്ഞവ എന്നു തോന്നുന്നവയ്ക്കു നാം അധികം മാനം അണിയിക്കുന്നു'' (1 കൊരി.12:21-23) എന്ന വേദഭാഗം എത്രയോ അർത്ഥസമ്പുഷ്ടമാണ്. ഒരു ശരീരത്തിൽ എല്ലാ അവയവങ്ങളും ഒരുപോലെയോ അവ നിർവഹിക്കുന്ന ഉത്തരവാദിത്തങ്ങൾ സമാനമോ അല്ല. ഒരു അവയവത്തിന് മറ്റൊരവയവത്തെ നിഷേധിക്കുവാനോ പ്രവർത്തനങ്ങളെ വിലകുറച്ചു കാണുവാനോ സാധിക്കുകയില്ല. പകരം പരസ്പരം ആദരിക്കുവാനും കരുതുവാനും ബഹുമാനിക്കുവാനും കഴിയണം. ബലം കുറഞ്ഞവയ്ക്കും, മാനം കുറഞ്ഞവയ്ക്കും, അഴകുകുറഞ്ഞവയ്ക്കും സവിശേഷപരിഗണന കൊടുക്കണമെന്ന ആഹ്വാനമാണ് പൗലോസ് നൽകുന്നത്. സഭയ്ക്കുള്ളിലും സഭകൾ തമ്മിലും ഐക്യവും അനുരഞ്ജനവു സാദ്ധ്യമാകണമെങ്കിൽ ഏവർക്കും ഈ മനോഭാവം ഉണ്ടായിരിക്കണം.

5. ആഴവും ഊഷ്മളവും ഇഴ പിരിയാൻ പറ്റാത്തതുമായ ബന്ധം
(Intimate, Intergral and Intrinsic Relationship)

''ശരീരത്തിൽ ഭിന്നത വരുത്താതെ അവയവങ്ങൾ അന്യോന്യം ഒരു പോലെ കരുതണം. അതുകൊണ്ട് കുറവുള്ളതിന് അധികം മാനം കൊടുത്തുകൊണ്ട് ശരീരത്തെ കൂട്ടി ചേർത്തിരിക്കുന്നു'' (1 കൊരി.12:25) എന്ന വാക്യം സഭാംഗങ്ങൾ തമ്മിലുള്ള ഊഷ്മളമായ ബന്ധത്തിന്റെ അനിവാര്യതയാണ് വെളിപ്പെടുത്തുന്നത്. ഭിന്നത വരുത്താത്ത ബന്ധവും തുല്യതയെ മാനിക്കുന്ന ബന്ധവും കുറവുള്ളതിനെ കരുതുന്ന ബന്ധവും സഭയുടെ പ്രവർത്തനത്തിലും സാക്ഷ്യത്തിലും നിലനില്ക്കണം എന്ന ആഗ്രഹമാണ് പൗലോസ് ഇവിടെ പ്രകടിപ്പിക്കുന്നത്. കുറവുള്ളതിന് അധികം മാനം കൊടുക്കണം എന്ന ദർശനം സഭാ വിജ്ഞാനീയ ദർശനങ്ങൾക്ക് മാതൃകയാണ്. ബലഹീനർക്ക്, ഇടം നഷ്ടപ്പെട്ടവർക്ക്, പീഡിതരും ചൂഷിതരുമായ സമൂഹത്തിന് മാന്യതയും അംഗീകാരവും സവിശേഷമായി ലഭിക്കുന്ന ഇടമായി സഭ മാറുമ്പോഴാണ് സഭ ക്രിസ്തുവിന്റെ ശരീരമാണ് എന്ന ദർശനം സഫലമാകുന്നത്.

6. വേദനയും ദുഃഖവും സന്തോഷവും സഞ്ചാരപഥങ്ങളും പങ്കുവയ്ക്കുക
(Sharing of pain, pathos, pleasure and paths)

''ഒരു അവയവം കഷ്ടം അനുഭവിക്കുന്നെങ്കിൽ അവയവങ്ങൾ ഒക്കെയും കൂടെ കഷ്ടം അനുഭവിക്കുന്നു. ഒരു അവയവത്തിനു മാനം വന്നാൽ അവയവങ്ങൾ ഒക്കെയും കൂടെ സന്തോഷിക്കുന്നു'' (1 കൊരി. 12:26) എന്ന വാക്യം സഭാംഗങ്ങൾ അവരുടെ ജീവിതാനുഭവങ്ങൾ പങ്കുവയ്ക്കണം എന്ന ആഹ്വാനമാണ് നൽകുന്നത്. ഒരു അംഗത്തിന്റെ അനുഭവം പൊതു അനുഭവമായി മാറുന്ന അവസ്ഥയാണ് പൗലോസ് ഈ വാക്യത്തിലൂടെ വിവക്ഷിക്കുന്നത്. പരസ്പര പങ്കാളിത്തത്തിലൂടെയും ഉൾക്കൊള്ളലിലൂടെയും പങ്കുവയ്ക്കലിലുടെയും ഐക്യത്തിന്റെയും അനുരഞ്ജനത്തിന്റെയും ആഴം ആസ്വദിക്കുവാൻ സഭകൾക്ക് സാധിക്കണം.

Rev.Dr C P Mathew
Chekkulathu Achan

ഐക്യവും അനുരഞ്ജനവും
സഭയുടെ പ്രായോഗിക ജീവിതത്തിൽ

(Praxis of a unfified and reconciled Church)

1. സഭയുടെ സ്വത്വം ക്രിസ്തുവിൽ അടിസ്ഥാനപ്പെട്ടത്

(Church: Subjectivity rooted in Christ)

സഭ ക്രിസ്തുവിന്റെ ശരീരവും ക്രിസ്തു സഭയുടെ തലയുമാണ്. ക്രിസ്തു കേന്ദ്രീകൃതമായി സഭയുടെ സ്വത്വത്തെ പുനർനനിർവചിക്കുവാനും വ്യാഖ്യാനിക്കാനും സാധിക്കണം. സഭയുടെ പ്രവർത്തനങ്ങളെ നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യേണ്ടത് ക്രിസ്തുവാണ്. ക്രിസ്തു കേന്ദ്രീകൃത മൂല്യബോധത്തിൽ നിന്നും ദർശനങ്ങളിൽ നിന്നും അകലുമ്പോൾ സഭയുടെ ഉണ്മ തന്നെയാണ് ചോദ്യം ചെയ്യപ്പെടുന്നത്. സഭകൾ തമ്മിൽ അധികാരത്തിനും സ്വത്തിനും വേണ്ടി പോർവിളികളും ഭീഷണികളും മുഴക്കുമ്പോൾ ക്രിസ്തു അപഹസിക്കപ്പെടുകയും ക്രിസ്തു ശരീരം തെരുവിൽ തകർക്കപ്പെടുകയും ചെയ്യും. ആയതിനാൽ സഭയുടെ സ്വത്വം ക്രിസ്തുവിൽ അടിസ്ഥാനപ്പെട്ടതാണ് എന്ന സ്വയാവബോധം നഷ്ടപ്പെട്ടുപോകുവാനോ ഒളിമങ്ങിപ്പോകുവാനോ ഇടയാകരുത്.



2. സഭ ചൂഷണോപാധികളായ പ്രബലധാരകളെ പ്രതിരോധിക്കേണ്ട സമൂഹം

(Church: A community resisting dominant hegemonic structure)

സഭയ്ക്ക് എപ്പോഴും ബാഹ്യശക്തികളിൽ നിന്ന് നേരിടേണ്ടിവരുന്ന പ്രലോഭനങ്ങളെയും ഭീഷണികളെയും പ്രതിരോധിക്കേണ്ടതിന്റെ ആവശ്യകതയുണ്ട്. സഭാംഗങ്ങൾ തമ്മിലും സഭകൾ തമ്മിലുമുള്ള ബന്ധം ശക്തിപ്പെട്ടെങ്കിൽ മാത്രമേ പ്രശ്നപരിഹാരത്തിനു മാത്രമാണാ പ്രതിരോധ ശേഷി ഉള്ളത് എന്നു പറയുന്നതു പോലെ സഭ ഐക്യത്തിലും അനുരഞ്ജനത്തിലും മുന്നേറുമ്പോൾ മാത്രമാണ് തിന്മ ശക്തികളെ പ്രതിരോധിക്കുവാനുള്ള കരുത്തും ഊർജ്ജവും ലഭിക്കുന്നത്.

3. സഭ : അടയാളപ്പെടുത്തപ്പെട്ട സമൂഹം

(Church: A marked community)

ക്രിസ്തു ശരീരം മുറിവേറ്റ ശരീരമാണ്. നീതിക്കുവേണ്ടിയുള്ള പോരാട്ടത്തിൽ മുറിവേറ്റ ശരീരം, നിലപാടുകളിൽ അടിയുറച്ചു നിന്നതിന്റെ പേരിൽ മുറിവേറ്റ ശരീരം, സത്യത്തിന്റെയും വെളിച്ചത്തിന്റെയും ദൈവരാജ്യമൂല്യങ്ങളുടെയും ശീലങ്ങളുടെയും പ്രചാരകനും പ്രയോക്താവുമായി നിലകൊണ്ടതിന്റെ പേരിൽ മുറിവേറ്റ ശരീരം, ആധിപത്യ ഘടനകളോടുള്ള പ്രതിഷേധത്തിന്റെ ഭാഗമായി മുറിവേറ്റ ശരീരമാണ് ക്രിസ്തുവിന്റേത്. ക്രിസ്തു സ്വന്ത ശരീരത്തിൽ പേറിയ എല്ലാ മുറിവുകളും ക്രിസ്തു ശരീരമായ സഭയുടെ അടയാളമായി മാറണം. ഒരു മുറിവും പറ്റാതെ സുരക്ഷിതമായ ഒളിത്താവളങ്ങളിൽ ഓടി ഒളിക്കാനല്ല സഭയെ ഈ ലോകത്തിൽ നിയോഗിച്ചിരിക്കുന്നത്. നിശബ്ദരാകാനും നിഷ്ക്രിയരാകാനും സഭയ്ക്ക് എന്താണ് അവകാശമുള്ളത്? ആയതിനാൽ ക്രിസ്തുവിന്റെ മുറിവുകളുടെ

ചൂടടയാളം വഹിക്കുവാൻ സഭ വിളിക്കപ്പെട്ടിരിക്കുന്നു.

4. സഭ : അധികാരത്തെക്കുറിച്ചുള്ള ബദൽ ദർശനം രൂപപ്പെടുത്തേണ്ട സമൂഹം

(Church: A Community with counter imagination of power)

ശരീരം എപ്പോഴും അധികാരത്തിന്റെ ചേഷ്ടകൾ പ്രകടിപ്പിക്കുന്ന ഇടമാണ്. ശരീരഭാഷകളിലൂടെ അധികാരവും ശക്തിയും വെളിപ്പെടുത്തുവാനും നാം ശ്രമിക്കാറുണ്ട്. ക്രിസ്തു ശരീരമായ സഭ അതിന്റെ അധികാരവും ശക്തിയും വെളിപ്പെടുത്തേണ്ടത് ക്രിസ്തുവിന്റെ ശൈലിയിലാണ്. ക്രിസ്തു തന്റെ പരസ്യശുശ്രൂഷയിൽ വെളിപ്പെടുത്തിയ അധികാരത്തിന്റെയും ശക്തിയുടെയും ബദൽ ആവിഷ്ക്കാരമാകണം സഭയുടേയും. ക്രിസ്തുവിന്റെ ശരീരഭാഷ സഭയുടെയും ശരീരഭാഷയായി മാറണം. അതുകൊണ്ട് ഐക്യവും അനുരഞ്ജനവും ശക്തിപ്രകടനത്തിനു വേണ്ടിയോ ഒരുമിച്ച് നിന്ന് അവകാശങ്ങൾ നേടിയെടുക്കുന്നതിനോ അല്ല, ക്രിസ്തുവിന്റെ ഭാവമുള്ളവരായി തീരുന്നതിനുവേണ്ടിയാണ്.

5. സഭ: ജീർണ്ണത വെടിഞ്ഞ് ജീവൻ ആഘോഷിക്കുന്ന സംഘം

(Not a disabled church but a dynamic church, Not a dying church but a church celebrating resurrection life)

എല്ലാ അവയവങ്ങളും ആരോഗ്യത്തോടെ ഒത്തു ചേർന്നു പ്രവർത്തിച്ചാൽ അത് പൂർണ്ണ ആരോഗ്യമുള്ള ശരീരമായിരിക്കും. എവിടെയെങ്കിലും ബലഹീനതയുണ്ടെങ്കിൽ പരസ്പര പങ്കാളിത്തത്തിലൂടെ ബലം നൽകണം. ബലഹീനമെന്നു തോന്നുന്നതിനെ ശക്തിപ്പെടുത്തി സംഘബോധത്തോടെ മുന്നേറുവാൻ സഭയ്ക്ക് സാധിക്കണം. അവയവങ്ങൾ തമ്മിലുള്ള പാരസ്പര്യത നഷ്ടപ്പെട്ടാലോ ഏതെങ്കിലും അവയവം പ്രവർത്തിക്കാതിരുന്നാലോ ശരീരത്തിന്റെ മുഴുവൻ ജീവനാണ് നഷ്ടപ്പെടുക. അതുകൊണ്ട് ജീവൻ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന, ജീർണ്ണത ബാധിച്ചിരിക്കുന്ന, ഊർദ്ധശ്വാസം വലിക്കുന്ന, നിർജ്ജീവമായിരിക്കുന്ന അവസ്ഥകളെ ജീവൻ നൽകി സജീവമാക്കി തീർക്കുവാനുള്ള വലിയ ഉത്തരവാദിത്തമാണ് സഭയ്ക്കുള്ളത്. ക്രിസ്തു ശരീരം ഉയിർത്തെഴുന്നേറ്റ ശരീരമാണ്. ജീവന്റെ തുടിപ്പാണ് ആ ശരീരത്തിന്റെ സവിശേഷത. ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ ശരീരമാണ് സഭയെന്ന ബോദ്ധ്യത്തിൽ ജീവന്റെ ആഘോഷം സാദ്ധ്യമാക്കി തീർക്കുവാൻ വിളിക്കപ്പെട്ടവരാണ് നാം. ആയതിനാൽ ഉയിർപ്പിന്റെ കരുത്തോടും ശക്തിയോടും തിന്മയുടെയും പാപത്തിന്റെയും ഘടനകളോട് പോരാടുവാനുള്ള ആർജ്ജവത്വം സഭ വീണ്ടെടുക്കേണം.

6. സഭ അപരിചിതത്വത്തെ അപനിർമ്മിക്കുന്ന സമൂഹം

(Not estrangement but embracement, Not hostility but hospitality)

ക്രിസ്തു ശരീരത്തിലെ അംഗങ്ങൾ എന്ന നിലയിൽ അപരത്വവും (Otherness) അന്യത്വവും (Strangeness) അപനിർമ്മിക്കുവാനുള്ള നിയോഗമാണ് നമുക്കുള്ളത്. ഒരു ശരീരത്തിൽ അവയവങ്ങൾ പരസ്പരം ബന്ധപ്പെട്ടും ആലിംഗനം (embracing) ചെയ്തുമാണ് കിടക്കുന്നത്. അതുകൊണ്ട് സഭാംഗങ്ങൾ അന്യരും പരിചതരുമല്ല. സഹവിശ്വാസികളും സഹോദരരുമാണ് എന്ന ബോധ്യത്തിൽ നിലനിൽക്കാൻ സാധിക്കണം. ധാർഷ്ട്യത്തിന്റെ ഭാഷ വെടിഞ്ഞ് സ്നേഹത്തിന്റെയും ആദരവിന്റെയും കരുതലിന്റെയും ഭാഷ സംസാരിക്കുവാൻ സഭാംഗങ്ങൾക്ക് സാധിക്കേണം. സഭ ക്രിസ്തുവിന്റെ ശരീരമെന്ന നിലയിൽ പുതു സൃഷ്ടിയാണ്. ക്രിസ്തുവിന്റെ മൂല്യങ്ങളും ശീലങ്ങളുമാണ് നമ്മുടെ മാതൃക. അതുകൊണ്ട് ശത്രുതയല്ല, ആതിഥേയത്തിന്റെ മനോഭാവമാണ് സഭയ്ക്ക് എപ്പോഴും ഉണ്ടായിരിക്കേണ്ടത്.

ഉപസംഹാരം:

ഐക്യത്തെയും അനുരഞ്ജനത്തെയും കുറിച്ച് പഠിപ്പിക്കുവാൻ പൗലോസ് പങ്കുവയ്ക്കുന്ന 'സഭ ക്രിസ്തുവിന്റെ ശരീരം' എന്ന പ്രതീകം ഏറെ അർത്ഥതലങ്ങൾ ഉള്ളതാണ്. വൈവിദ്ധ്യങ്ങളുടെയും ബഹുതലതകളുടെയും മദ്ധ്യത്തിൽ ഐക്യത്തിനും അനരഞ്ജനത്തിനും ഉള്ള അനന്തമായ സാധ്യതകളാണ് ഈ പ്രതീകം നമ്മുടെ മുമ്പിൽ അനാവരണം ചെയ്യുന്നത്. വൈവിദ്ധ്യത്തെ ക്രിയാത്മകമായി വിലയിരുത്തിക്കൊണ്ട് ചലനാത്മകമായ ബന്ധങ്ങളുടെ പുനഃസ്ഥാപനത്തിനായി നാം പരിശ്രമിക്കേണ്ടിയിരിക്കുന്നു. ക്രിസ്തു ശരീരത്തിലെ അവയവങ്ങൾ എന്ന നിലയിൽ ഓരോ സഭാംഗവും തുല്യരും സവിശേഷമായ ഉത്തരവാദിത്തങ്ങൾ നിർവഹിക്കേണ്ടവരുമാണ്. ഓരോ അംഗത്തിനും ദൈവം ദാനമായി നൽകിയ കൃപാവരങ്ങളെ പൊതുപ്രയോജനത്തിനും സഭയുടെ ആദ്ധ്യാത്മിക വളർച്ചയ്ക്കും ഉപയുക്തമാക്കി തീർക്കുമ്പോൾ മാത്രമാണ് സഭ വളരുന്നതും ദൈവ നാമം മഹത്വപ്പെടുന്നതും. അതു കൊണ്ട് ശിഥിലീകരണ പ്രവണതകൾ ഒഴിവാക്കി നവ സാഹോദര്യനിർമ്മിതി സാദ്ധ്യമാക്കി തീർക്കുകയും സംഘബോധത്തോടെ സാക്ഷ്യത്തിൽ മുന്നേറുകയും ചെയ്യാം.

വിസ്മൃതരായ കശീശ്ശമാർ

ദിവ്യശ്രീ കോലാടി വർഗ്ഗീസ് കശീശ്ശ

പോർക്കുളം കോലാടി വടക്കൂട്ട് വീട്ടിൽ 1909 ഓഗസ്റ്റ് മാസം 18-ാം തിയ്യതി ജനിച്ചു. പോർക്കുളം മാർ ആദ്ദായ് ശ്ലീഹാ ഇടവകയിൽ അംഗമായിരുന്നു. മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ ഗീവർഗ്ഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ യുടെ ഭരണകാലഘട്ടത്തിൽ ശെമ്മാശനായി പഠിക്കുവാൻ തിരഞ്ഞെടുക്കുകയും 17-ാമത്തെ വയസ്സിൽ പോർക്കുളം മാർ ആദ്ദായ് ശ്ലീഹാ പള്ളിയിൽ വെച്ച് അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിലും, അഭിവന്ദ്യ പൗലൂസ് മാർ അത്താനാസ്യോസ് സഫ്രഗൻ മെത്രാപ്പോലീത്താ യുടെ സഹകാർമ്മികത്വത്തിലും ശെമ്മാശനായി 10 വർഷങ്ങൾക്ക് ശേഷം 1926 മാർച്ച് മാസം 14-ാം തിയ്യതി പരിശുദ്ധ സഭയുടെ വൈദികനായി പോർക്കുളം മാർ ആദ്ദായ് ശ്ലീഹാ പള്ളിയിൽ വെച്ച് സഭയുടെ അഭിവന്ദ്യ കുരിയാക്കോസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായാൽ അഭിഷിക്തനായി. സഭയുടെ എല്ലാ ഇടവകകളിലും വികാരിയായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. സഭയുടെ വൈസ് പ്രസിഡണ്ട്, ട്രസ്റ്റി, സെക്രട്ടറി എന്നീ സ്ഥാപനങ്ങളിലൂടെയും തന്റെ വ്യക്തി മുദ്ര പതിപ്പിക്കാൻ അച്ചന് കഴിഞ്ഞു. കൂടാതെ സഭയുടെ തൊഴിയൂരിലെ സെന്റ് ജോർജ്ജ് ഹൈസ്കൂൾ അദ്ധ്യാപകനായും, പ്രധാനദ്ധ്യാപ കനായും പ്രവർത്തിച്ചു. സഭയുടെ അക്കാല ത്തുണ്ടായ വളർച്ചയിൽ മുൻനിരയിൽ നിന്നു പ്രവർത്തിക്കുകയും ചെയ്ത് സ്തുത്യർഹമായ സേവനം ചെയ്ത കോലാടി വടക്കൂട്ട് വർഗ്ഗീസ് കശീശ്ശ.

ഈ ലോകത്തോട് യാത്ര പറഞ്ഞ് സ്വർഗ്ഗ സന്നിധിയിൽ ചേർക്കപ്പെട്ടു. പോർക്കുളം മാർ ആദ്ദായ് ശ്ലീഹാ പള്ളിയിൽ കബറടക്കി.

ദിവ്യശ്രീ മണ്ടുമ്പാൽ ഉട്ടൂപ്പ് കശീശ്ശ

തൊഴിയൂർ അഞ്ഞൂരിൽ മണ്ടുംമ്പാൽ തറവാട്ടിൽ 1930 മെയ് 15 നു ജനിച്ചു. ചെറുപ്പം മുതലെ തൊഴിയൂർ ഭദ്രാസന പള്ളികളിലെ ആരാധന കളിൽ പങ്കെടുത്ത് വന്നിരുന്ന ബാലനായിരുന്നു അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ കൂറിലോസ് (ചീരൻ) മെത്രാപ്പോലീത്തായുടെ ഭരണ കാലത്ത് ശെമ്മാശപട്ടത്തിനായി തിരഞ്ഞെടുക്കുകയും, 25-ാമത്തെ വയസ്സിൽ ചീരൻ ഗീവർഗ്ഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ കരങ്ങളാൽ തൊഴിയൂർ സെന്റ് ജോർജ്ജ് ഭദ്രാസന പ ള്ളിയിൽവെച്ച് ശെമ്മാശനായി ഉയർത്തപ്പെടുകയും ചെയ്തു. അടുത്ത വർഷം 1955 ഏപ്രിൽ 23-ാം തിയ്യതി അഭിവന്ദ്യ ചീരൻ ഗീവർഗ്ഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായിൽ നിന്നു തന്നെ വൈദികപട്ടം സ്വീകരിക്കുകയും ചെയ്തു. സഭ വക തൊഴിയൂർ സി.എം.യു.പി. സ്കൂളിൽ അദ്ധ്യാപകനായും, പ്രധാനദ്ധ്യാപകനായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. സഭയുടെ ഏതാനും ചില പള്ളികളിൽ വികാരിയായി പ്രവർത്തിച്ചിരുന്നു. സഭയുടെ പ്രസിദ്ധീകരണങ്ങളിൽ കവിതെ യഴുതുകയും നല്ലൊരു വാഗ്മിയായും, കവിയായും ബഹു. അച്ചൻ അറിയപ്പെട്ടിരുന്നു.

ഈ ലോകവാസം വെടിഞ്ഞ് കർത്തൃ സന്നിധിയിലേയ്ക്ക് എടുക്കപ്പെട്ടു. തൊഴിയൂർ സെന്റ് ജോർജ്ജ് ഭദ്രാസന പള്ളിയിൽ അടക്കം ചെയ്തു.

ദിവ്യശ്രീ പുലിക്കോട്ടിൽ ബാബു വർഗ്ഗീസ് കശീശ്ശ

മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ പഴഞ്ഞി സെന്റ് മേരീസ് ഇടവകയിലെ പുലിക്കോട്ടിൽ കുടുംബത്തിലാണ് 1939 ഫെബ്രുവരി 21 ന് ബഹു.അച്ചൻ ജനിച്ചത്. തന്റെ 19-ാമത്തെ വയസ്സിൽ അഭിവന്ദ്യ ഗീവർഗ്ഗീസ്

മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ കാലത്ത് പഴഞ്ഞി സെന്റ് മേരീസ് ദൈവാലയത്തിൽ വെച്ച് ശെമ്മാശനായി തീർന്നു. തുടർന്ന് 1961-ൽ തൊഴിയൂർ ഭദ്രാസന ദൈവാലയത്തിൽ വെച്ച് അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായിൽ നിന്നു തന്നെ വൈദിക പട്ടം സ്വീകരിക്കുകയും സഭയുടെ വിവിധ ഇടവകകളിൽ വികാരിയായി സേവനം അനുഷ്ഠിക്കുകയും ചെയ്തു. സഭാ വൈദീക ട്രസ്റ്റി, സഭാ സെക്രട്ടരി, സഭാ വൈസ് പ്രസിഡണ്ട് എന്നീ നിലകളിലും സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ബഹു.അച്ചൻ ഇഹലോകവാസം വെടിഞ്ഞ് ദൈവ സന്നിധിയിലേയ്ക്ക് എടുക്കപ്പെട്ടു. പഴഞ്ഞി സെന്റ് മേരീസ് ദൈവാലയത്തിൽ കബറടക്കി.

ദിവ്യശ്രീ ചീരൻ ജോബ് കശീശ്ശ

തൊഴിയൂരിൽ ചീരൻ കുടുംബത്തിൽ 1952 ആഗസ്റ്റ് 20-ാം തിയ്യതി ജനിച്ച ചീരൻ ജോബ് കശീശ്ശ, ചെറുപ്രായം മുതൽ തന്നെ തൊഴിയൂർ പള്ളിയിൽ ശുശ്രൂഷകളിൽ പങ്കുചേരുകയും, ശുശ്രൂഷകളുടെ ആദ്യപാഠങ്ങൾ മനസ്സിലാക്കുകയും ചെയ്തിരുന്നു. തന്റെ 26-ാമത്തെ വയസ്സിൽ 1978 മാർച്ച് മാസം 1-ാം തിയ്യതി തൊഴിയൂർ ഭദ്രാസന പള്ളിയിൽ വെച്ച് അഭിവന്ദ്യ മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായിൽ നിന്നു ശെമ്മാശപ്പട്ടം സ്വീകരിക്കുകയും, 1981 ഓഗസ്റ്റ് മാസം 15-ാം തിയ്യതി അഭിവന്ദ്യ മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായിൽ നിന്ന് തന്നെ തൊഴിയൂർ സെന്റ് ജോർജ്ജ് ഭദ്രാസന പള്ളിയിൽ വെച്ച് വൈദികനായി ഉയർത്തപ്പെടുകയും ചെയ്തു. സഭയുടെ വിവിധ ഇടവകകളിൽ വികാരിയായി പ്രവർത്തിച്ചു. കൂടാതെ സഭയുടെ സ്കൂളുകളുടെ കോർപ്പറേറ്റ് മാനേജരായും, കൗൺസിൽ വൈസ് പ്രസിഡണ്ടായും, സെക്രട്ടറിയായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. മാത്രമല്ല പൊതുസേവന രംഗത്ത് വളരെയധികം പ്രവർത്തനം കാഴ്ചവെച്ച ബഹു. അച്ചൻ സ്തുത്യർഹമായ സേവനം ചെയ്ത് -ൽ ഈലോകത്തിൽ നിന്നും യാത്രയായി. തൊഴിയൂർ ഭദ്രാസന പള്ളിയിൽ കബറടക്കി.

ദിവ്യശ്രീ വാലിക്കോടത്ത് ചാക്കോ കശീശ്ശ

തൊഴിയൂരിലെ വാലിക്കോടത്ത് കുടുംബത്തിൽ 1933 ഫെബ്രുവരി 6-ാം തിയ്യതിയാണ് ബഹു.അച്ചന്റെ ജനനം. തന്റെ ചെറുപ്രായം മുതൽ തൊഴിയൂർ പള്ളിയിൽ സ്ഥിരമായി വരികയും വന്ദ്യ തിരുമേനിമാരുടെ സ്നേഹത്തിന് ഇടയായി തീരുകയും ചെയ്തു. നല്ലൊരു വിദ്യാഭ്യാസം ലഭിക്കട്ടെ എന്ന് കരുതി ചീരൻ ഗീവർഗ്ഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത 1950 ജൂൺ 4-ാം തിയ്യതി തൊഴിയൂർ ഭദ്രാസന പള്ളിയിൽവെച്ച് ശെമ്മാശനാകുകയും അമേരിക്കയിലേയ്ക്ക് വിദ്യാഭ്യാസത്തിനായി അയക്കുകയും ചെയ്തു. അമേരിക്കയിൽ നിന്നും ഡോക്ടറേറ്റ് എടുത്തു. നാട്ടിൽ തിരിച്ചെത്തിയ ശെമ്മാശന്റെ സേവനം സഭയ്ക്ക് ലഭിക്കാതെ ഗോവയിൽ ജോലി ചെയ്യുവാനായി പോകുകയായിരുന്നു. അനേകവർഷങ്ങൾക്ക് ശേഷം 1988 -ൽ നാട്ടിൽ തിരിച്ചെത്തിയ ശേഷം അഭിവന്ദ്യ ജോസഫ് മാർ കൂറിലോസ് മെത്രാപ്പോലീത്തായിൽ നിന്നും വൈദിക പട്ടം സ്വീകരിക്കുകയും സഭയുടെ വിവിധ ഇടവകകളിൽ വി.കുർബ്ബാന അർപ്പിക്കുകയും ചെയ്തു. ഈ ലോകത്തിൽ നിന്ന് മാറ്റപ്പെട്ട് തൊഴിയൂർ ഭദ്രാസന പള്ളിയിൽ അടക്കം ചെയ്തു.

ഫാ. റീജൻ ചീരൻ

തൊഴിയൂർ ഇടവകാംഗമായ ചീരൻ വർഗ്ഗീസ് - ചിന്നമ്മ ദമ്പതികളുടെ മകൻ ഫാ. റീജൻ ചീരൻ 6-11-1970 നാണ് ജനിച്ചത്. ങകടഇ യൂത്ത്‌ലീഗ് ജനറൽ സെക്രട്ടറിയായി ദീർഘകാലം സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1988 മെയ് 6-ാം തിയ്യതി ശെമ്മാശപട്ടവും 1993 മെയ് 20-ാം തിയ്യതി വൈദീക പട്ടവും അഭിവന്ദ്യ ജോസഫ് മാർ കൂറിലോസ് മെത്രാപ്പോലീത്തായിൽ നിന്നും സ്വീകരിക്കുകയും 1993 ജൂൺ 22-ാം തിയ്യതി ദൈവസന്നിധിയിലേക്ക് എടുക്കപ്പെട്ടു.

ഫാ. മത്തായി കശ്ശീശ (കൊളരി അച്ചൻ)

പോർക്കുളം ഇടവകാംഗമായ ചെറുവത്തൂർ താരു മകൻ മത്തായി കശ്ശീശ സഭയുടെ ഭരണകാര്യങ്ങളിൽ സഭയ്ക്ക് വലിയ കൈതാങ്ങലുകൾ നൽകിയ വ്യക്തിത്വങ്ങളിൽ ഒരാളായിരുന്നു. പല പള്ളി കേസുകളും മേൽനോട്ടം നടത്തിയിരുന്നതായും സഭാ ചരിത്രങ്ങളിൽ അടയാളപ്പെടുത്തിയിട്ടുണ്ട്. കുന്നംകുളത്ത് താമസിച്ചിരുന്ന മത്തയി കശ്ശീശ 1960 സെപ്തംബർ 15-ാം തിയ്യതി ദൈവസന്നിധിയിലേക്ക് എടുക്കപ്പെട്ടു. പോർക്കുളം മാർ ആദ്ദായ് ശ്ലീഹാ പള്ളിയിലാണ് കബറടങ്ങിയിരിക്കുന്നത്.

Best wishes from :

M.A. ANTONY
&
A. LALACHAN
FAMILY

GWE

GREAT WIN EXPORTS PVT. LTD.

Reg.off : No. 4/234D, MGR Salai 7th Street
Palavakkam, Chennai - 600 041
Tamil Nadu, India
Mobile : +91-9003195509, Tel : 044 4852 4555
E-mail : greatwinexportspvtltd.@gmail.com

പാവനസ്മരണയ്ക്ക്

കുണ്ടുകുളങ്ങര ചുമ്മാർ
വർഗ്ഗീസ്
(കൊച്ചുണ്ണി)

കുണ്ടുകുളങ്ങര
വർഗ്ഗീസ് ഭാര്യ
മറിയാമ്മ

കുണ്ടുകുളങ്ങര വർഗ്ഗീസ്
സൈമൺ കൊച്ചു

കുണ്ടുകുളങ്ങര വറതപ്പൻ
ഉട്ടൂപ്പ്

കുണ്ടുകുളങ്ങര ഉട്ടൂപ്പ് ഭാര്യ
തങ്കമ്മ

കുണ്ടുകുളങ്ങര ഉട്ടൂപ്പ്
ജോയ്

PAZHUNNAN CHERUKUTTY FAMILY - PAZHANJI

Best compliments from :

RAJAN. P.K
PATRON

JOHNSON. P.K
PRESIDENT

ZACHARIA. P.K.
SECRETARY

JOY. P.K
TREASURER

WILSON. P.K
VICE PRESIDENT

MOHAN.P.M
JOINT SECRETARY

MEMBERS

VINAYAN. P.K

JIMSON. P.J

SHAJAN. P.K

STANLY. P.P

JOHNSON. P.K

DAVIS. P.K

ROY. P.G

ROBY. P.G

SABI. P. SUNNY

SIBIN. P. SUNNY

RENOWN. P. RAJAN

RUPESH. P. RAJAN

VINU. P. EDISON

ALBIN. P. JIJU

CHRISTY. P. JACKSON

സ്നേഹസ്മരണയ്ക്ക്

സി.വി. സൈമൺ & അന്നാമ സൈമൺ

ചീരൻ ഹൗസ്, ജെറുശലേം പഴഞ്ഞി

പ്രാർത്ഥനാസ്മരണകളോടെ.... മക്കൾ

സ്നേഹസ്മരണയ്ക്ക്

സി.യു ശാമുവേൽ

ചെറുവത്തൂർ ഹൗസ്

മൂക്കുതല

പ്രാർത്ഥനാസ്മരണകളോടെ....

മൂക്കുതല കസിൻസ്

സഭയുടെ 250-ാം വാർഷികത്തിൽ
ആശംസകളോടെ...

ഞാലിലച്ചന്റോടത്തെ
കുടുംബാംഗങ്ങൾ

''കർത്താവായ യേശുവിൽ വിശ്വസിക്ക;
എന്നാൽ നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും.''
(അപ്പൊ. പ്രവർത്തികൾ 16:31)



Always giving you the best service
Verified Profiles
Perfect Matches
100% Privacy
Genuine Members
For the best match
Register now !
Find your Best Partner
rhythmmatrimony@gmail.com
+91 7907493701
+91 7907493701
RHYTHM MATRIMONY
MATCHING MADE EASY

BIJU T.K.
Mob : 9020 805 001
TIME GALLERY
WHOLESALE WATCH & CLOCK SHOWROOM
ERINJERY ANGADI, THRISSUR - 1
Mob : 9744 307 788
Wholesale Dealers in : Watches, Clocks, Timepieces etc.



" നിന്റെ മഹത്വമുദിക്കും നാൾ... നിൽക്കണമവർ വലഭാഗത്തായ്... "
SIMON T.I.
Thannikkal House
Date of birth - 18-05-1950
Date of death - 04-01-2011
In loving memory of our PAPA
Silin & Family, Pazhanji

classivin
INTERIORS EXTERIORS
classivininteriors@gmail.com

Turning spaces into work of Art

- ACP Cladding Designer projects
- Structural Glazing & Spider glass works
- Exterior / Commercial planning & Execution
- Architectural
- Interior / Residential planning & Execution
- False ceiling
- Furniture & Product Design
- 3D visualization

Distributors and Dealers in :

- Aluminium Composite panel (ACP) - Eurobond, MAPL, Alo Max, Alu Decor & VIVA
- TOUGHENED GLASS | CLEAR GLASS | LAQUERED GLASS
- Spider Glass Fittings and all types of Patch fittings
- Silicon & Masking Tape - Dowcorning, Boss, Mccoy, ABRO & Saint - Gobain
- Wallpapers, Carpets, Vinyl Flooring, Wood & PVC Planks, Floorings
- Blinds - Zebra, Roller, Wooden & Venetian Blinds
- Gypboard ceiling Materials & Sections
- Aluminum Sections and Particle Boards

SRAMBICKAL TRADERS

A Complete Exterior & Interior Building Solutions

Marvel | WONDERFLOOR | mapl | RINOX | SAINT-GOBAIN | OZONE | iBis | DORMA

Shaji Srambickal
Ph: 94477 49269

25/582(27) Medar Arcade, Acm Aboobacker Road,
Manjakkulam, Palakkad - 678014 Ph: 0491 2523252

CJR Enterprises

സമ്പാദ്യം ഒരു ശീലമാക്കൂ.....

Cloth Bazar, Ernakulam.

CJ Romeo
9446140167



പാവനസ്മരണയ്ക്ക്

"ഞാൻ നിങ്ങളിൽ നിന്നും അകന്നുപോയെങ്കിലും,
എന്റെ സ്നേഹം എന്നും
നിങ്ങളോടുകൂടെ ഉണ്ടായിരിക്കും.
സ്വർഗ്ഗരാജ്യത്തിൽ നാം ഒരുമിക്കുന്നതുവരെ
നിങ്ങളുടെ പ്രാർത്ഥനയിൽ
എന്നേയും സ്മരിക്കേണമെ."

ചുമ്മാർ എം.സി.

മേക്കാട്ടുകുളം ഹൗസ്,
തൊഴുക്കാട്, പെരിങ്ങോട്.

പ്രാർത്ഥനാസ്മരണകളോടെ
കുടുംബാംഗങ്ങൾ

Beena Davis
9048 025 348

Kukku
Beauty Care

Pattambi Road, Koottanad
Ph : 8590 125 266

ഒരു കൊച്ചു പട്ടണത്തിന്റെ കഥ

ജോബ് വർഗ്ഗീസ്
കുന്നംകുളം

കുരിശാകൃതിയിലുള്ള റോഡ്, ഓരോ റോഡിന്റെയും അരികിൽ നാട്ടു രാജാക്കന്മാരുടെ സഹായത്തോടെ നിർമ്മിച്ച പള്ളികൾ. നടുപ്പന്തി-കുന്നംകുളത്തിന്റെ പഴയ പ്രതാപകാലത്തെ സിരാകേന്ദ്രം. തെക്കെ അങ്ങാടി, കിഴക്കേ അങ്ങാടി, പടിഞ്ഞാറേ അങ്ങാടി, വടക്കേ അങ്ങാടി (ചിറളയം). മുൻവശത്ത് വ്യാപാരവും പിൻഭാഗത്ത് താമസവും. ഏതാണ്ട് 60 വർഷം മുൻപുള്ള കുന്നംകുളത്തിന്റെ രേഖാചിത്രമാണിത്. ഏതാണ്ട് 15 കിലോമീറ്റർ ചുറ്റളവിലുള്ള ഭൂരിഭാഗം പേരും വ്യാപാരാവശ്യത്തിനായി ഈ പ്രദേശത്തെ ആശ്രയിച്ചിരുന്നു. സർക്കാരിന്റെ പ്രധാന ഓഫീസ് (പാണ്ടികശാല) നടുപ്പന്തിയിൽ തന്നെയായിരുന്നു.

കോട്ടക്കാരൻ ഉട്ടൂപ്പും സഹോദരന്മാരും നടത്തിയിരുന്ന കട, ടി.ടി. ഇട്ട്യേരയുടെയും കുഞ്ഞപ്പന്റെയും സ്റ്റേഷനറി കട, ചൊള്ളി, വെട്ടൻ, പിങ്ങ, വടക്കൻ എന്നീ തറവാട്ടുകാരുടെ പലച്ചരക്കുകടകൾ, വടക്കൻ പൈലുണ്ണിയുടെ പുകയില വ്യാപാരവും മണ്ണെണ്ണക്കടയും, കുണ്ടൻ മാണിയുടെ അടക്കാ-വെറ്റില വ്യാപാരം, പ്രസിദ്ധമായ അരിമ്പൂർ പപ്പടം, തുപ്രന്റെ ചായക്കട, ഉക്രുവിന്റെ തുന്നൽക്കട, കോഴി വർക്കിയുടെയും മണ്ടലൻ കുട്ടിയുടെയും വിഷവൈദ്യശാലകൾ, ചേറുകുട്ടിയുടെ തുണിക്കട. പനക്കൽ വീട്ടുകാരുടെ കൊട്ട, പായ എന്നിവയുടെ വ്യാപാരം, ചാക്കപ്പായിയുടെ സൈക്കിൾ കട, പുലിക്കോട്ടിൽ വറീതിന്റെ കിഴക്കേ അങ്ങാടിയിലെ

കുരിശാകൃതിയിലുള്ള റോഡ്, ഓരോ റോഡിന്റെയും അരികിൽ നാട്ടു രാജാക്കന്മാരുടെ സഹായത്തോടെ നിർമ്മിച്ച പള്ളികൾ. നടുപ്പന്തി-കുന്നംകുളത്തിന്റെ പഴയ പ്രതാപകാലത്തെ സിരാകേന്ദ്രം.

സ്റ്റേഷനറി മൊത്ത വ്യാപാരം, ഫാൻസി ഹൗസ് തുണിക്കട, ഉപ്പു കാരൻ ആശാന്റെ പലച്ചരക്കു കട- ഇങ്ങനെ പോകുന്നു നടുപ്പ ന്തിയിലെ വ്യാപാരികളുടെ നിര.

യാത്രാസൗകര്യം കുറവായി രുന്ന അക്കാലത്ത് കാളവണ്ടിയാ യിരുന്നു പ്രധാന വാഹനം. ആർത്താറ്റ്, അഞ്ഞൂർ പള്ളിക ളിലെ തിരുമേനിമാർക്കും, മണ ക്കുളം, ചിറളയം എന്നീ രാജകു ടുംബാംഗങ്ങളിലെ അംഗങ്ങൾക്കും യാത്ര ചെയ്യാൻ മഞ്ചൽ ഉണ്ടായി രുന്നു. തെക്കേ അങ്ങാടിയിൽ ചെമ്മണ്ണൂർ ഉട്ടൂപ്പ് കുടുംബത്തിൽ രോഗികളെ കൊണ്ടുപോകാൻ മഞ്ചൽ വാടകയ്ക്കു നൽകിയി രുന്നു.

നടുപ്പന്തിയിൽ രാഷ്ട്രീയ യോഗങ്ങൾ ഉച്ചഭാഷിണിയില്ലാതെ നടത്തിയിരുന്നു. ആശാൻകുട്ടി ഇത്തരം യോഗങ്ങളിലെ സ്ഥിരം പ്രാസംഗികനായിരുന്നു. നടുപ്പ ന്തിയിൽ തന്നെ കോൺഗ്രസ് കമ്മറ്റി ഓഫീസ് പ്രവർത്തിച്ചിരുന്നു.

കുറുക്കൻ ഓരിയിട്ട്, പാറക്കു ട്ടങ്ങൾ നിറഞ്ഞ്, വിജനമായി കിടന്നിരുന്ന പ്രദേശമാണ് പാറ യിൽ അങ്ങാടി. ബസ്സിന്റെ കട ന്നുവരവോടെ ഇതിന്റെ മട്ടു മാറി. വലിയങ്ങാടിയിലെ പ്രധാന കട കളെല്ലാം പാറയിൽ അങ്ങാടിയി ലേക്കു പറിച്ചുനട്ടു. വാണിജ്യവീ രന്മാരായിരുന്നു കുന്നംകുളത്തെ കച്ചവടസമൂഹം. അവർക്ക് വ്യാപാ രത്തിൽ സവിശേഷതകൾ ഉണ്ടാ യിരുന്നു. കൊച്ചിക്കും പൊന്നാ നിക്കും ഇടയിലുള്ള കുന്നം കുളത്തിന് വ്യാപാരപ്രാധാന്യം വളരെ കൂടുതലായിരുന്നു. ടിപ്പു സുൽത്താന്റെ ആക്രമണത്തിൽ നിന്ന് രക്ഷനേടി ചാട്ടുകുളം അങ്ങാടിയിൽ നിന്നും കുന്നംകു ളത്തേക്ക് വന്ന ക്രിസ്ത്യാനികളെ അവിടത്തെ മണക്കുളം, ചിറളയം എന്നീ രാജാക്കന്മാർ സന്തോഷ ത്തോടെ സ്വീകരിച്ചു. വിശ്വ സ്തരും വീരന്മാരും ധീരന്മാരും ആണെന്ന് മനസ്സിലാക്കി അവരിൽ ചിലരെ തമ്പുരാന്മാർ കോട്ട കാവ ലിനു ചുമതലപ്പെടുത്തി. അവരെ ഇന്നും കോട്ടക്കാരന്മാരെന്നു വിളി ക്കുന്നു. കൂടുതൽ കഴിവുകളു ണ്ടെന്നു കണ്ടെത്തിയതിനെത്തു ടർന്ന് പനക്കൽ പ്രമാണിയെ സൈന്യാധിപനാക്കി. മറ്റുള്ള വർക്ക് വ്യാപാരത്തിനാവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടു ത്തു. തെക്കെ അങ്ങാടി, കിഴക്കെ അങ്ങാടി, വടക്കെ അങ്ങാടി, പ ടിഞ്ഞാറെ അങ്ങാടി എന്നീ നാലു അങ്ങാടികൾ കൂടിച്ചേരുന്ന സ്ഥലത്ത് നടുപ്പന്തിയും സ്ഥാപി ച്ചു. ഇവർ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവരായതു കൊണ്ട് ഓരോ അങ്ങാടിക്കും ഓരോ പ ള്ളിയും പണി കഴിപ്പിച്ചു.

തൃശ്ശൂർ പട്ടണത്തിനേക്കാൾ മുമ്പ് കുന്നംകുളം വലിയങ്ങാടി യിലേക്കു തമിഴ്നാട്ടിലെ പൊള്ളാ ച്ചി, തിരുപ്പൂർ, കോയമ്പത്തൂർ എന്നീ സ്ഥലങ്ങളിൽ നിന്നും ചരക്കുകൾ കാളവണ്ടികളിൽ കൊണ്ടുവന്നിരുന്നതായി കാണു ന്നു. 1878-നു ശേഷം കുന്നംകുളം പ്രദേശം വ്യാപാരനിപുണരുടെ കേന്ദ്രമായിരുന്നു. ടിപ്പുവിന്റെ പ ടയോട്ടക്കാലത്ത് ചിതറിപ്പോയവർ ഇരിങ്ങാലക്കുട, ഇടപ്പിള്ളി, അങ്ക മാലി, കരിങ്ങാചിറ, തൃപ്പൂണി ത്തുറ എന്നിവടങ്ങളിലേക്ക് കുടി യേറി. അവർ ചെന്നിടത്തൊക്കെ തങ്ങളുടെ സ്വയം തൊഴിലായ കച്ചവടത്തിൽ ഒന്നാം സ്ഥാനക്കാ രായി മാറി.

കൊച്ചിയിലെ കുന്നംകുളത്തു കാരനായ ആദ്യ വ്യാപാരി കാക്ക ശ്ശേരി താവു ചാക്കുണ്ണിയാണ് (1850). അക്കാലത്ത് ചാക്കുണ്ണിക്ക് മട്ടാഞ്ചേരിയിലെ കുന്നംകുളം എന്ന നാമം ഒരു ദേശത്തിന്റെ പേരിനേക്കാൾ വ്യാപാരത്തിന്റെ അപരനാമമായി മാറിയിരിക്കുന്നു. തലപ്പിള്ളി താലൂക്കിന്റെ പരിധി യിൽപെട്ട കുന്നംകുളം, പഴഞ്ഞി, പെങ്ങാമുക്ക്, കാട്ടകാമ്പാൽ, ആർത്താറ്റ്, ചൊവ്വന്നൂർ, മരത്തം കോട് തുടങ്ങിയ സ്ഥലങ്ങളിലെ ചെറുപ്പക്കാർ വ്യാപാരം സ്വയം തൊഴിലായി സ്വീകരിക്കുകയും പ്രാദേശിക വ്യാപാരസ്ഥാപനങ്ങ ളിൽ നിന്ന് കച്ചവടത്തിന്റെ ആദ്യ പാഠങ്ങൾ പഠിക്കുകയും കേരള ത്തിന്റെ എല്ലാ ഭാഗത്തുള്ള കുന്നംകുളത്തുകാരുടെ വ്യാപാ രസ്ഥാപനങ്ങളിൽ ചേരുകയും ചെയ്യുന്നു. കുന്നംകുളത്തുകാരുടെ കടകളെ കുന്നംകുളത്തുകാരായ ജീവനക്കാർ സ്വന്തം സ്ഥാപനമാ യാണ് കാണുന്നത്. ഉടമസ്ഥന്റെ അസാന്നിദ്ധ്യത്തിലും ജോലിക്കാ രുടെ ഉത്തരവാദിത്വവും വിശ്വ സ്തതയുമാണ് സ്ഥാപനത്തെ വളർത്തുന്നത്. സ്ഥാപനങ്ങളിൽ ഉടമസ്ഥനും ജോലിക്കാരും തൊഴി ലാളികളാണ്. അവർക്കിടയിൽ പരിപൂർണ്ണ ഐക്യവും സൗഹാർദ വുമാണുള്ളത്. ജീവനക്കാരുടെ ആത്മാർത്ഥമായ പരിശ്രമത്തിന് സമ്മാനമായി ആ സ്ഥാപനത്തിന്റെ ലാഭവിഹിതം വേതനത്തിനു പുറമെ അവർക്കിടയിൽ പങ്കുവെ

ക്കുന്നു. സ്വയം വളരുകയും ഒപ്പമുള്ളവരെ വളരാൻ സഹായിക്കുകയും ചെയ്യുന്ന കുന്നംകുളത്തുകാരുടെ ഈ സമീപനം മാതൃകാപരമാണ്. തിരുവനന്തപുരം ഒഴികെ കേരളം മുഴുവൻ സ്റ്റേഷനറി വ്യാപാരരംഗത്ത് കുന്നംകുളത്തുകാർ നിറഞ്ഞുനിൽക്കുന്നു. ചെരിപ്പ് വ്യാപാരത്തിലും ഇലക്ട്രിക് - ഇലക്ട്രോണിക്സ് വ്യാപാരത്തിലും കുന്നംകുളത്തുകാർ കടന്നുകയറിക്കൊണ്ടിരിക്കുന്നു. ചെന്നൈ, ദൽഹി തുടങ്ങി ഇന്ത്യയിലെ പ്രധാന നഗരങ്ങളിലും കുന്നംകുളത്തുകാരുടെ സാന്നിദ്ധ്യം കാണാവുന്നതാണ്.

കുന്നംകുളം ഡ്യൂപ്ലിക്കേറ്റുകളുടെ നാടോ?

കുന്നംകുളത്തിന് ഡ്യൂപ്ലിക്കേറ്റുകളുടെ നാടെന്ന ദുഷ്പേരുണ്ട്. അത് വസ്തുതാപരമായി ഒട്ടും ശരിയല്ല. ലോകത്തിന്റെ ഏതു ഭാഗത്തു നിന്നും ഏറ്റവും കുറഞ്ഞ വിലയ്ക്ക് പുതുമയുള്ളതും ഈടുറ്റതുമായ സാധനങ്ങൾ ശേഖരിച്ച് കൊണ്ടുവരുന്നതിൽ മറ്റാർക്കും ഇല്ലാത്ത പ്രത്യേക കഴിവ് കുന്നംകുളത്തുകാർക്കുണ്ട്. കഠിനവേനലോ കൊടുംതണുപ്പോ വകവെക്കാതെ ഏതു പ്രതികൂല കാലാവസ്ഥയിലും സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് വാങ്ങികൊണ്ടുവന്ന് വിൽക്കാൻ തീവ്രശ്രമം നടത്തുന്നു. നിസ്സാര ലാഭമെടുത്ത് അധിക വിൽപന സൃഷ്ടിച്ച് തങ്ങളുടെ ആദായം കണ്ടെത്തുന്നു. നിസ്സാരലാഭമെടുത്ത് കുറഞ്ഞ വിലയ്ക്ക് ഉത്പന്നങ്ങൾ വിൽക്കുന്നതുമൂലം ഡ്യൂപ്ലിക്കേറ്റുകളാണെന്ന തെറ്റിധാരണ ഉണ്ടാക്കുന്നു. കുന്നംകുത്ത് ഡ്യൂപ്ലിക്കേറ്റുകൾ ഒന്നും ഉത്പാദിപ്പിക്കുന്നില്ല. ഉണ്ടായിരുന്നുവെങ്കിൽ കുന്നംകുളത്തും അതിന്റെ പ്രാന്തപ്രദേശങ്ങളിലും വിവിധ തരം വ്യവസായ സ്ഥാനപങ്ങൾ ഉയർന്നുവരുമായിരുന്നു. മുംബൈക്കടുത്ത് ഉല്ലാസ് നഗർ എന്ന സ്ഥലം ഡ്യൂപ്ലിക്കേറ്റുകളുടെ നാടായി അറിയപ്പെടുന്ന ഒരിടമാണ്. വൻകിട വ്യവസായ സ്ഥാപനങ്ങൾ മാത്രം ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങളുടെ സമാന്തര ഉത്പന്നങ്ങൾ ഇവിടെ നിർമ്മിക്കുന്നുവെന്ന് പറയപ്പെടുന്നു. അതിനാൽ തന്നെ ഉല്ലാസ് നഗറിൽ വലുതും ചെറുതുമായ വ്യവസായ സംരംഭങ്ങൾ തഴച്ചുവളർന്നിട്ടുണ്ട്. അത്തരമൊരു അവസ്ഥ കുന്നംകുളത്ത് ഉണ്ടായിട്ടില്ല. കുന്നംകുളം ഡ്യൂപ്ലിക്കേറ്റിന്റെ നാടെന്ന ദുഷ്പ്രചരണത്തിനു പിന്നിൽ കച്ചവടത്തിൽ സമർത്ഥരായ കുന്നംകുളം വ്യാപാരികളുടെ വളർച്ചയിലുണ്ടായ അസൂയ മാത്രമാണ്. ഉല്ലാസ്നഗർ ഇന്ത്യാവിഭജനത്തെത്തുടർന്ന് പാക്കിസ്ഥാനിലെ സിന്ധ് പ്രവിശ്യയിൽ നിന്ന് പാലായനം ചെയ്തവരുടെ ഒരു കേന്ദ്രവുമാണ്. ഉല്ലാസ് നഗർ സിന്ധി അസോസിയേഷൻ എന്നതിന്റെ ചുരുക്കരൂപം യു.എസ്.എ. എന്നാണല്ലോ. ആയതിനാൽ ഉല്ലാസ് നഗറിൽ നിർമ്മിക്കുന്ന ഉത്പന്നങ്ങളെ 'മെയിഡ് ഇൻ യു.എസ്.എ.' എന്ന് വിശേഷിപ്പിക്കാറുണ്ട്. ഇതുപോലൊരു അങ്ങാടിത്തട്ടിപ്പ് കുന്നംകുളത്തില്ല.

കുന്നംകുളത്തുകാരുടെ രക്തത്തിൽ അലിഞ്ഞുചേർന്ന വ്യാപാര രസം, കച്ചവടതന്ത്രം, ആത്മാർത്ഥത, സത്യസന്ധത, ജീവനക്കാരോടും ഉപഭോക്താക്കളോടുമുള്ള മൃദുസമീപനം, നിസ്സാരലാഭം മാത്രമെടുത്തുള്ള വ്യാപാരം എന്നിവക്ക് മുമ്പിൽ പിടിച്ചുനിൽക്കാൻ മറ്റുമൊത്ത വ്യാപാരികൾക്ക് പ്രയാസമായി. കച്ചവടം നടത്തുന്നതിനു പുറമെ ആ സ്ഥലത്തെ സാമൂഹിക പ്രവർത്തനങ്ങളിലും കുന്നംകുളത്തുകാർ ശ്രദ്ധ ചെലുത്തിക്കൊണ്ടിരിക്കുന്നു. ആരാധനാലയങ്ങൾ, ജീവകാരുണ്യപ്രവർത്തനങ്ങൾ എന്നിവയിൽ പങ്കാളിത്തം വഹിച്ചുകൊണ്ട് ആ നാടിന്റെ ഭാഗമാവുന്നതിൽ കുന്നംകുളത്തുകാർ വിജയിച്ചിട്ടുമുണ്ട്.

ജോസഫ് വിവേക് വടക്കൻ
സെക്രട്ടറി, തൊഴിയൂർ ഭദ്രാസന ഇടവക പള്ളി

ജോസഫ് വടക്കനച്ചൻ

ഇരുനൂറ്റിഅൻപതു വർഷത്തെ ചരിത്രം വിളിച്ചോതുന്ന മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ ഇരുപതാം നൂറ്റാണ്ടിന്റെ മദ്ധ്യകാലഘട്ടം മുതൽ നൂറ്റാണ്ടവസാനിക്കുന്നതു വരെയുള്ള ചരിത്രത്തിൽ വടക്കൻ വി.വി.ജോസഫ് കശീശ എന്ന വടക്കനച്ചന്റെ ജീവകാലവും പ്രവർത്തനവും സഭാ ചരിത്രത്തിൽ വിസ്മരിക്കാനാകാത്തതും സുവർണ്ണ ലിപികളിൽ എഴുതപ്പെട്ടിരിക്കുന്നതുമാണ്. മൺമറഞ്ഞ് കാൽനൂറ്റാണ്ടായിട്ടുപോലും ഇന്നും പലരും അഞ്ഞൂര് പള്ളി വടക്കനച്ചന്റെ പള്ളി എന്ന അന്വേഷണത്തിൽ ഇവിടേക്ക് എത്തിച്ചേരുന്നത് വടക്കനച്ചനോടുള്ള വലിയൊരു വിശ്വാസസമൂഹത്തിന്റെ അടുപ്പവും ആഴവുമാണ്.

പരിശുദ്ധ കാട്ടുമങ്ങാട് അബ്രഹാം മാർ കൂറിലോസ് വലിയ ബാവായും സഹോദരനായ പരിശുദ്ധ ഗീവർഗ്ഗീസ് മാർ കൂറിലോസ് ബാവായും തൊഴിയൂരിന്റെ മണ്ണിൽ വി.ഗീവർഗ്ഗീസ് സഹദായുടെ തിരുശേഷിപ്പ് സ്ഥാപിച്ച് ഒരു മനോഹര ദേവാലയം (തൊഴിയൂർ സെന്റ് ജോർജ്ജ് ഭദ്രാസന ഇടവക ദേവാലയം) നിർമ്മിച്ചതിന്റെ പരിശുദ്ധമായ മണ്ണിൽ ജനിച്ചു വളർന്ന് ആ ദേവാലയത്തിൽ തന്നെ വൈദീകപഠനത്തിന്റെ ആരംഭം കുറിച്ച് തന്റെ ജീവന്റെ അവസാന ശ്വാസത്തിലും അതേ ആലയത്തിൽ പ്രാർത്ഥനയോടെ ആയിരിക്കുവാൻ ഭാഗ്യം ലഭിച്ച വന്ദ്യ പുരോഹിതനായിരുന്നു ദിവ്യശ്രീ ജോസഫ് വടക്കനച്ചൻ. ദൈവചൈതന്യത്തിൽ ജീവിതം സമർപ്പിക്കണമെന്നാഗ്രഹിച്ച് അതിനായി ഒരുങ്ങി പരിശുദ്ധൻമാരുടെ കബറും വി.ഗീവർഗ്ഗീസ് സഹദായുടെ തിരുശേഷിപ്പും ഉൾകൊണ്ട തൊഴിയൂർ പള്ളിയുടെ വി.മദ്ബഹയുടെ ചുവരിനോടു ചേർന്ന് വടക്കു വശത്തെ മുറിയിൽ ആയുഷ്ക്കാലം മുഴുവൻ താമസിക്കുകയും മരണശേഷവു ആ വി.ദേവാലയത്തിന്റെയും വി. മദ്ബഹായുടെയും സഹവാസത്തിൽ നിന്നും മാറിപോകാനിട വരരുത് എന്നാഗ്രഹിച്ചു മുന്നമെ തന്നെ തൊഴിയൂരെ വി.മദ്ബഹാ യുടെ ചുവരിനോടു ചേർന്ന് തെക്കുവശത്ത് തന്റെ കബറിടത്തിനായുള്ള ക്രമീകരണം ഏർപ്പെടുത്തിയിരുന്നത് പ്രാർത്ഥനാ സുഗന്ധ ധൂപം സദാസമയം ലഭിക്കുവാനും അർപ്പിക്കുന്ന വി.ബലികളിൽ ചേർന്നുണ്ടായിരിക്കുവാനുള്ള അച്ചന്റെ തീക്ഷണമായ വിശ്വാസ ജീവിതത്തിനു തെളിവാണ്.

തൊഴിയൂരിലെ വടക്കൻ തറവാട്ടിൽ വറിയത് - കുഞ്ഞീറ്റി ദമ്പതികളുടെ മകനായി 1919 നവംബർ 26 ന് ഉക്രു എന്ന് ബാല്യത്തിൽ വിളിക്കപ്പെട്ടിരുന്ന ജോസഫ് ജനിച്ചു.ഓർമ്മവെച്ച നാൾ മുതൽ ദേവാലയത്തിൽ ദിവസവും പ്രാർത്ഥനക്കായി പോവുകയും സഭയെ അന്നു നയിച്ചിരുന്ന പിതാക്കന്മാരുടേയും വൈദീകരുടേയും സ്നേഹ വാത്സല്യത്തിനു പ്രീതനായി തീരുവാൻ ഇടയാകുകയും ചെയ്തു. പള്ളിയുടെ പടിപ്പുരയോടു ചേർന്ന് വടക്കൻ തറവാട്ടിൽ താമസിച്ചിരുന്ന ജോസഫിന്, പള്ളി ഹൃദയത്തിലും അടുത്തായിരുന്നു വൈദീകനാകണമെന്ന ആഗ്രഹത്തിൽ പള്ളിയിൽ തന്നെ താമസിക്കുകയും വൈദീക പഠനവും സുറിയാനി പഠനവും അഭ്യസിച്ചു ദൈവഹിതത്താൽ 1944 ൽ കൂത്തൂർ കുര്യാക്കോസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായിൽ നിന്ന് ശെമ്മാശപട്ടം സ്വീകരിച്ചു. വി.മർക്കോസ് 3:13 ''തനിക്ക് ഇഷ്ടമുള്ളവരെ അടുത്തേക്കു വിളിച്ചു. അവർ അവന്റെ സമീപത്തേക്കു വന്നു'' കർത്താവു തന്റെ ശിഷ്യൻമാരെ വിളിക്കുന്ന ഭാഗമാണിത്. ആ വിളിക്കനുയോജ്യമായി 1948 ആഗസ്റ്റ് 19നു പൂർണ്ണ ശെമ്മാശസ്ഥാനവും അടുത്ത ദിവസങ്ങളിൽ തന്നെ ആഗസ്റ്റ് 22 ന് ചീരൻ ഗീവർഗ്ഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായിൽ നിന്നും ജോസഫ് ശെമ്മാശന് കശീശസ്ഥാനവും ലഭിച്ചു. ശെമ്മാശസ്ഥാനം ലഭിക്കുന്നതിനു മുന്നെ തന്നെ അദ്ധ്യാപക ജോലി നേടിയ ജോസഫ് വടക്കനച്ചൻ (1942) എന്നാൽ തന്റെ വൈദീക സ്ഥാനമേറ്റതിനെ തുടർന്ന് തിരുമേനി സഭക്ക് അച്ചന്റെ പ്രാർത്ഥന ജീവിതം പൂർണ്ണമായും വേണമെന്ന താൽപര്യം അറിയിച്ചപ്പോൾ ഒരു മടിയും കൂടാതെ തൊഴിയൂർ സി.എം.യു.പി. സ്കൂളിലെ അദ്ധ്യാപക ജോലി ഉപേക്ഷിച്ച് പ്രാർത്ഥന ജീവിതം തിരഞ്ഞെടുത്ത് സഭയുടെ ഉന്നമനത്തിനും വിശ്വാസികളുടെ ആത്മീയ വളർച്ചക്കും വേണ്ടി പ്രയത്നിച്ചു. ആ പ്രവർത്തനമികവാണ് നീണ്ട വർഷങ്ങൾ സഭയുടെ വൈദീക ട്രസ്റ്റിയായി ശുശ്രൂഷിക്കുകയും സഭയുടെ അന്നുവരെയുണ്ടായിരുന്ന എല്ലാ ദേവാലയങ്ങളിലും വികാരിയായും, സ്കൂൾ മാനേജർ ആയും സ്തുത്യർഹമായ സേവനം അനുഷ്ഠിക്കുവാനും വടക്കനച്ചനെ സഹായിച്ചത്. അച്ചൻ കർത്തൃസന്നിധിയിലേക്ക് വിടപറയുമ്പോൾ സഭാ കൗൺസിൽ വൈസ് പ്രസിഡന്റായി ശുശ്രൂഷിക്കുകയായിരുന്നു. ആ സമയംവരെയും കർത്തവ്യനിരതനായി പ്രവർ ത്തന മണ്ഡലത്തിലായിരുന്നു എന്ന് നിസ്സംശയം പറയാം. പരിശുദ്ധ സഭയുടെ ഓരോ കർമ്മ മണ്ഡലത്തിലും വടക്കനച്ചന്റെ കയ്യൊപ്പു പതിഞ്ഞിട്ടുണ്ട്. 1948 ലാണ് മറ്റു ക്രൈസ്തവ സഭകൾക്കു മാതൃകയായി ഒരു ഭരണഘടന തൊഴിയൂർ സഭക്ക് രൂപീകൃതമായത്. അതിന്റെ രൂപീകരണ സമിതിയിൽ വടക്കനച്ചൻ ശെമ്മാശനായിരിക്കെ തന്നെ അംഗമായത് പ്രത്യേകം എടുത്തു പറയേണ്ടതാണ്. സഭയുടെ നാഴികകല്ലായ ഭരണഘടന രൂപീകരണത്തിലും ഇതര സഭകളും സമൂദായങ്ങളുമായി സഭയുടെ മുഖമായി മാറുന്നതിലും അച്ചന് സാധിച്ചത് ചരിത്ര ഭാഗമാണ്.

തൊഴിയൂർ സെന്റ് ജോർജ്ജ് ഭദ്രാസന ഇടവക ദേവാലയം (അഞ്ഞൂർ പള്ളി) പരിശുദ്ധ കാട്ടുമങ്ങാടു ബാവമാരുടെ പ്രാർത്ഥനയാൽ നിർമ്മിക്കപ്പെട്ടതായതു കൊണ്ടും വി.ഗീവർഗ്ഗീസ് സഹാദയുടെ തിരുശേഷിപ്പിനാലും അനേകം അത്ഭുതങ്ങൾക്കു സാക്ഷ്യമായിട്ടുണ്ട്. പ്രാർത്ഥനയോടെ കടന്നു വരുന്ന ഏതൊരാൾക്കും സമാധാനത്തോടെ തിരികെ പോകുവാൻ സാധിക്കാറുണ്ട്. അഭിവന്ദ്യ തിരുമേനിമാരും ബഹു. വൈദീകരും അരമനയിൽ താമസിച്ച് ദേവാലയത്തിൽ പരിശുദ്ധന്മാരോടുള്ള മദ്ധ്യസ്ഥതയിൽ പ്രത്യേക പ്രാർത്ഥന നടത്തി ദുരാത്മാക്കളെ ഒഴിവാക്കുന്ന ശുശ്രൂഷ നടത്തിയിരുന്നു (അപ്പോ.പ്രവർത്തി 19:11 -16). ആ അനുഗ്രഹീത ശുശ്രൂഷയിൽ ദൈവീക ഇടപെടൽ വടക്കനച്ചനിലൂടെ അനേകം മനുഷ്യർക്ക് അനുഭവിക്കുവാൻ സാധ്യമായിട്ടുണ്ട് എന്നത് ഇന്നും അച്ചന്റെ ഓർമ്മയിൽ ദേവാലയത്തിൽ വന്നു പ്രാർത്ഥിച്ചു പോകുന്ന വലിയ സമൂഹത്തെ കാണുമ്പോൾ മനസിലാക്കാം. ഈ ദേശങ്ങളിലുള്ളവരെപോലെ വിദൂരങ്ങളിലുള്ളവരും അച്ചനെ അന്വേഷിച്ചു വന്നു അവരുടെ പ്രയാസങ്ങൾ പങ്കിടുമ്പോൾ വിശ്വാസത്തിൽ അവരെ ഉറപ്പിക്കുകയും ഒരുമിച്ചുള്ള പ്രാർത്ഥനയിലൂടെ അവർക്ക് ദൈവീക സമാധാനം ലഭിക്കുകയും ചെയ്തിരുന്നു. ക്രൈസ്തവരും അക്രൈസ്തവരുമായ വലിയ കൂട്ടം ആളുകളാണ് വടക്കനച്ചൻ തൊഴിയൂർ പള്ളിയിൽ ശുശ്രൂഷക്കായി സന്നിഹിതനാകുമ്പോൾ കടന്നുവരാറുള്ളത്, അതിലൂടെ ദേവാലയത്തിന്റെയും സഭാ പ്രവർത്തനങ്ങളുടെ അഭിവൃദ്ധിക്കും സഹായകമായിട്ടുണ്ടെന്ന് അക്കാ

ലങ്ങളി ൽ സഭയെ നയിച്ച പിതാക്കന്മാർ പറയാറുണ്ട്. പ്രാർത്ഥനയിൽ അഞ്ച് പതീറ്റാണ്ട് സഭക്കും തൊഴിയൂർ ഇടവക പള്ളിയിലും ആയിരുന്ന അച്ചനെ സഭാ വിശ്വാസികളും അത്രമേൽ പ്രിയമുള്ളതായി കരുതിവന്നു. മേൽപട്ട സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പിൽ പരാജയപ്പെട്ടങ്കിലും സഭ ഒരുമിച്ചു അച്ചനോടൊപ്പം മുന്നേറുമ്പോൾ അടുത്ത അവസരം ഉറപ്പായിട്ടും ദൈവഹിതം താൻ ആ ഉന്നതസ്ഥാനത്തേക്ക് യോഗ്യനല്ല എന്ന വലിയ മനസ്സിൽ മാറി നിൽക്കുകയും പുതിയ തലമുറക്ക് അവസരം നൽകുകയും ചെയ്തത് വിസ്മരിക്കാനാകില്ല തൊഴിയൂർ സഭാ ചരിത്രത്തിൽ.

ഏതാനും ഇടവകളിലൊതുങ്ങി നിന്ന തൊഴിയൂർ സഭക്ക് കൂടുതൽ പ്രദേശങ്ങളിൽ ദേവാലയങ്ങളുണ്ടാകുവാൻ കഠിനദ്ധ്വാനം ചെയ്യുകയും സാമ്പത്തിക സ്രോതസുകൾ ഒരുക്കി നൽകിയതും അച്ചന്റെ പ്രവർത്തന മികവു കൊണ്ടാണെന്ന് ചരിത്രത്തിൽ കാണുന്നുണ്ട്. പെരുമണ്ണൂർ, കരിക്കാട്, എറണാകുളം എന്നിവിടങ്ങളിലെ ദേവാലയ നിർമ്മാണങ്ങൾക്കും, കേരളത്തിനു പുറത്ത് ആദ്യമായി മദ്രാസിലും ദേവാലയം ഉണ്ടായതും അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം വടക്കനച്ചന്റെ അത്യദ്ധ്വാനം ഒന്നു കൊണ്ടു കൂടിയാണ്. മൺമറഞ്ഞ ശ്രീ.ജോൺ പീറ്ററും അച്ചനും തമ്മിൽ ഉണ്ടായിരുന്ന ദൃഢമായ ബന്ധവും അച്ചന്റെ പ്രാർത്ഥനാസഹായവും ശ്രീ. ജോൺ പീറ്റർക്കും കുടുംബത്തിനും അച്ചനോടുണ്ടായിരുന്ന വിശ്വസ്ഥതയും മദ്രാസിൽ ഒരു ദേവാലയം ഉണ്ടാകുവാൻ സാധ്യമായി തീർന്നത്. ആ സ്നേഹ ബന്ധത്തിന്റെ തുടർച്ചയായി പിൽക്കാലത്തും സഭക്കു വേണ്ടി നിരവധി ദേവാലയ നിർമ്മാണങ്ങൾക്കും മറ്റും പ്രവർത്തനങ്ങൾക്കും ഊർജ്ജമായി മാറി ആ കുടുംബം ഇന്നും സഭക്കായി പ്രവർത്തിക്കുകയും സഹായിക്കുകയും ചെയ്യുന്നത് നന്ദിയോടെ ഓർക്കുകയാണ്. അങ്ങനെ നിരവധി വ്യക്തി ബന്ധങ്ങൾ അച്ചനിലൂടെ സഭയുടെ ഉന്നമനത്തിനു മുഖാന്തിരമായിട്ടുണ്ട്. സഭയുടെ ഏക ആശുപത്രി ആയിരുന്ന മാർ കൂറിലോസ് മിഷൻ ഹോസ്പിറ്റലിന്റെ നിർമ്മാണത്തിനും പ്രവർത്തനത്തിനും പീലക്സിനോസ് തിരുമേനിയോടൊപ്പം മുൻനിരയിൽ നേതൃത്വം നൽകിയതും തൊഴിയൂർ സെന്റ് ജോർജ്ജ് ഭദ്രാസന ഇടവക ദേവാലയത്തിന്റെ പുനർനിർമ്മാമത്തിന് ജോസഫ് മാർ കൂറിലോസ് വലിയ തിരുമേനിയോടൊപ്പം നേതൃത്വം വഹിച്ചതും വടക്കനച്ചനായിരുന്നു എന്നത് സഭക്ക് ഒരിക്കലും മറക്കാനാകാത്ത വസ്തുതയാണ്.

സേവന മേഖലയിലും അച്ചന്റെ ഇടപെടൽ എടുത്തുപറയേണ്ടതായിട്ടുണ്ട്. അച്ചന്റെ മുറിയുടെ കിഴക്കുവശത്തെ ജനൽ തുറന്നു കിടക്കും, അതൊരു നന്മയിലേക്കുള്ള കിളിവാതിലായിട്ടാണ് എല്ലാവരും കണ്ടിട്ടുള്ളത്. അച്ചനു ലഭിക്കുന്ന ഏതൊരു തുകയുടെയും വലിയൊരംശം ആ

കിളിവാതിലിലൂടെയാണ് മറ്റുള്ളവർക്ക് നൽകപ്പെട്ടിരുന്നത്. പള്ളിയോടു ചേർന്ന് താമസിക്കുന്ന സാധാരണക്കാർക്കും പള്ളി സ്ഥലങ്ങളിൽ പണിയെടുത്തിരുന്ന തൊഴിലാളി കുടുംബങ്ങൾക്കുമൊക്കെ ഏതൊരാവശ്യത്തിനും ഓടി ചെന്ന് സഹായമഭ്യർത്ഥിക്കാനുണ്ടായിരുന്നത് ആ വാതിലാണ്. അവരുടെ കണ്ണീരൊപ്പാനും കുഞ്ഞുമക്കളുടെ നല്ല വിദ്യാഭ്യാസത്തിനും വേണ്ടി നല്ല മനസ്സോടെ അച്ചൻ അവർക്ക് സാന്ത്വനമായി നിലകൊണ്ടു. ഈ ദേശത്തെ ഉയർച്ചക്ക് വിദ്യഭ്യാസ മുന്നേറ്റം കൊണ്ട് സാധ്യമായി തീരും എന്നൊരു കാഴ്ചപ്പാടും കൂടിയാണ് അച്ചന് അവരുടെ മക്കളുടെ പഠനചിലവിനു കൈയയച്ചു സഹായിച്ചിരുന്നത് എന്ന് എപ്പോഴും പറയുമായിരുന്നു. തന്റെ സഹോദരങ്ങളെയും (വടക്കൻ കുര്യൻ, മാത്തപ്പൻ കുടുംബാംഗങ്ങൾ) ഏറെ സ്നേഹിച്ചു അവരുടെ കാരണവരായി കുടുംബനാഥനായി നയിച്ചിരുന്നതും സഭയിലെ പൊതുസമൂഹത്തിലെ കരുതലൊടൊപ്പം കുടുംബത്തോടുള്ള സ്നേഹത്തെയും വെളിവാക്കുന്നു. ആ അനുഗ്രഹീത ജീവിതവും പ്രർത്ഥനയും

വടക്കൻ കുടുംബങ്ങൾക്കെല്ലാം മാർഗ്ഗവും വഴി കാട്ടിയുമായിട്ടുണ്ട്. ജീവൻ തുടർച്ചയായി അതേ കുടുംബ ത്തിൽ രണ്ട് വൈദീകർ കൂടി ഉണ്ടായി എന്നതും അക്കാര്യം വ്യക്തമാക്കുന്നു.

സഭയിൽ ശുശ്രൂഷിച്ച മേഖലക ളിലെല്ലാം അനുഗ്രഹീതമായി നീതി യോടെ പ്രവർത്തിക്കുവാനും നയിക്കു വാനും അച്ചന് കഴിഞ്ഞിട്ടുണ്ടെന്ന് നിസംശയം പറയാം, അതു കൊണ്ടു തന്നെ സഭയുടെ 250-ാം വർഷത്തിന്റെ പ്രൗഡിയിൽ അൻപതുവർഷചരിത്രം വടക്കനച്ചനോടും ചേർത്തുവെക്കു മ്പോഴാണ് സഭാ ചരിത്രത്തിന് നീതി പുലർത്താനാകും എന്നത് തർക്കമി ല്ലാത്ത സത്യമാണ്. എഫെസ്യർ 4:1 ''ലഭിച്ച വിളിക്കു യോഗ്യമായ ജീവിതം നയിക്കുവാൻ'' എന്ന വചനം അന്വർത്ഥ മാകുകയാണ് അച്ചന്റെ ജീവിതത്തിലെ



പ്രാർത്ഥന സമർപ്പണത്തിലൂടെ സഭയെയും എല്ലാവരെയും കണ്ണീരിലാഴ്ത്തി 1995 നവംബർ 25ന് തന്റെ ഇഹ ജീവിത ത്തിലെ ശുശ്രൂഷകൾ പൂർത്തിയാക്കി വി.മദ്ബഹായുടെ വടക്കുവശത്തെ മുറിയിൽ രാവിലത്തെ യാമപ്രാർത്ഥന കൾക്കു ശേഷം വിശ്രമിക്കവെ ദേഹാസ്വാസ്ഥ്യം ഉണ്ടാകു കയും കർത്തൃസന്നിധിയിലേക്ക് വാങ്ങിപോയി.

76 വർഷത്തെ ജീവിതത്തിൽ അൻപതു വർഷം സഭയെ സുസ്ത്യർഹമായി സേവിച്ചു തന്റെ 77-ാം ജന്മദിന തലേന്നു താൻ പ്രിയംവെച്ച ദേവാലയത്തിൽ നാഥന്റെ ഇട ത്തേക്ക് യാത്രയായ അച്ചനെ ഒരു നോക്കു കാണുവാൻ വന്ന ആയിരങ്ങൾ അക്ഷരാർത്ഥത്തിൽ സഭയിൽ ഇന്നുവരെ ഒരാൾക്കും ലഭിച്ചിട്ടില്ലാത്തവിധം വലിയ ജനസമൂഹത്തിന്റെ കണ്ണീർപൂക്കളോടെയുള്ള വിടപറയലാണ് നൽകിയത്. തന്റെ ജന്മദിനമായ നവംബർ 26 ന് അച്ചന്റെ ആഗ്രഹപ്രകാരം തൊഴിയൂർ സെന്റ് ജോർജ്ജ് ഭദ്രാസന ഇടവക ദേവാലയ ത്തിന്റെ വി.മദ്ബഹായുടെ തെക്കുഭാഗത്ത് ചുവരിനോട് ചേർന്ന് മദ്ബഹായിൽ അർപ്പിക്കുന്ന സുഗന്ധധൂപം എപ്പോഴും ലഭിക്കത്തക്കവണ്ണം കബറടക്കി. 1995 നവംബർ 25 നു നിദ്രപ്രാപിച്ച് 26 ന് അടക്കപ്പെട്ട അച്ചന്റെ ഓർമ്മയിൽ 26 വർഷത്തിനപ്പുറവും വലിയ ജനക്കൂട്ടം സംബന്ധിക്കു കയും കബറിങ്കൽ പ്രാർത്ഥനാ പൂക്കൾ സമർപ്പിക്കുകയും ചെയ്യുന്നത് അച്ചനെ അത്രയധികം സ്നേഹിക്കുന്ന നിരവധി മനുഷ്യരുടെ തെളിവാണ്. ഇടവകാംഗമായ വടക്കനച്ചന്റെ ഓർമ്മ ദേവാലയത്തിൽ കബറടങ്ങിയ പുണ്യപ്പെട്ട പിതാക്കന്മാരുടെ ഓർമ്മപോലെ തന്നെ മഹത്വം നൽകി അനുസ്മരണവും ഓർമ്മവാർഷീകവും തൊഴിയൂർ ഇടവകപ ള്ളി ഒറ്റ മനസ്സോടെ നടത്തുന്നതും ഇടവകയ്ക്ക് അച്ചനോ ടുള്ള കടപ്പാടും സ്നേഹവും നമുക്ക് മനസ്സിലാക്കി തരുന്നു. വി.മദ്ബഹായിൽ വിശുദ്ധിയോടെ ശുശ്രൂഷിച്ച വന്ദ്യാചാര്യനു പരിശുദ്ധമാലാഖമാരുടെ ഗണത്തിൽ ചേർക്കപ്പെട്ടിരിക്കുന്നു എന്ന വിശ്വാസമാണ് ഓരോ സഭാ, ഇടവക വിശ്വാസികൾക്കു മുള്ളത്. മലബാർ സ്വതന്ത്രസുറിയാനി സഭക്കായി തീഷ്ണ തയോടെ പ്രാർത്ഥന ജീവിതം സമർപ്പിച്ച് സഭക്കഭിമാനമായി മാറിയ ദിവ്യശ്രീ ജോസഫ് വടക്കനച്ചന്റെ ജീവിതം സഭയുടെ ചരിത്രതാളുകളിൽ വിസ്മരിക്കാനാകാത്ത വിധം തെളിഞ്ഞു നിൽക്കുന്നു. ആ വന്ദ്യാചാര്യന്റെ ഓർമ്മക്കു മുമ്പിൽ പ്രാർത്ഥനാപൂക്കളോടെ......

അയ്യംകുളങ്ങര കശീശ്ശമാർ

ടോം എ. ജോർജ്ജ്

അയ്യംകുളങ്ങര പൗലോസ് കശീശ്ശ (പാവു അച്ചൻ) 1854 – 1902

ജനനം:- *അയ്യംകുളങ്ങര വറീയത് (ഗീവർഗീസ്) ന്റെ മകനായി 1854 ൽ ജനിച്ചു. വറിയതിനു ഒരു പുത്രനും ഏഴുപുത്രി മാരും ഉണ്ടായിരുന്നു. ആ ഏക പുത്ര നാണ് പിന്നീട് അയ്യംകുളങ്ങര പൗലോസ് കത്തനാർ (പാവു അച്ചൻ) എന്ന പേരിൽ അറിയപ്പെട്ടിരുന്നത്.*

വിദ്യാഭ്യാസം:- *പ്രാഥമിക വിദ്യാഭ്യാസം അഞ്ഞൂരിലാണ് നടന്നത്. അക്കാലങ്ങളിൽ വിദ്യാഭ്യാസത്തിന് വളരെ വിഷമമുള്ള കാലഘട്ടമായിരുന്നു. പ്രധാന നഗരങ്ങ ളിൽ മാത്രമാണ് ഹൈസ്കൂളുകൾ ഉണ്ടാ യിരുന്നത്. തന്മൂലം പ്രാഥമിക വിദ്യാഭ്യാ സത്തിനു ശേഷം പിന്നീടു പഠിച്ചില്ല.*

വളരെ ചെറുപ്പത്തിൽ തന്നെ ശെമ്മാശനാ വുകയും കുന്നുകുരുടിയുള്ള (മൂവാറ്റുപുഴ യ്ക്കു സമീപം) ഒരു വൈദീകന്റെ കീഴിൽ സുറിയാനി ഭാഷയും, വ്യാകരണവും പഠിച്ചു. പഠനത്തിനു ശേഷം വലിയ ആലത്തൂരു തിരുമേനിയിൽ നിന്ന് കശ്ശീശ സ്ഥാനം ഏറ്റു. അയ്യംകുളങ്ങര പൗലോസ് കത്തനാർ വിവാഹം കഴിച്ചത് വെള്ളറ താന്നിക്കൽ ഇയ്യോബിന്റെ മകൾ എളച്ചാരെ ആയിരുന്നു. അദ്ദേഹത്തിനു 3 പുത്രന്മാരും 2 പുത്രിമാരും ഉണ്ടായിരുന്നു. മൂത്തപുത്രൻ വിവാഹം കഴിഞ്ഞ് അധികം താമസിക്കുന്നതിനുമുമ്പ് മരിച്ചുപോയി. രണ്ടാമത്തെ പുത്രനാണ് അയ്യംകുളങ്ങര ഇയ്യോബു കത്തനാർ, മൂന്നാ മത്തെ പുത്രൻ തോമസ്. തോമസിന്റെ പുത്ര നാണ് 1967 ൽ സ്ഥാനാരോഹണം ചെയ്ത പൗലോസ് മാർ പീലക്സിനോസ്.

പൗലോസ് കത്തനാർ ജനിച്ച് അധികം കഴിയുനനതിനു മുമ്പ് അദ്ദേഹത്തിന്റെ പിതാവായ അയ്യംകുളങ്ങര ഗീവർഗീ സിനേയും മറ്റും പ്രതി ചേർത്ത് അന്ത്യോഖ്യായിൽ നിന്നു വന്ന അന്ത്യോഖ്യൻ പ്രതിനിധി യുയാക്കീം മാർ കൂറിലോസ് മെത്രാപോലീത്ത, തൊഴിയൂർ പള്ളിയും, സ്വത്തുക്കളും അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ കീഴിലാണെന്നും ആയവ അന്ത്യോഖ്യാ സിംഹാസനത്തിന് ലഭിക്കേണ്ടതാണെന്നും മറ്റും കാണിച്ച് ഒരു വ്യവഹാരം കൊടുത്തു. കേസിൽ അന്നത്തെ മെത്രാപ്പോലീത്തയായിരുന്ന ഒന്നാം ആലത്തൂർ മെത്രാപ്പോലീത്ത അയ്യംകുളങ്ങര ഗീവർഗീസിനെയും പ്രതി ചേർത്ത് കൊടുത്ത കേസിൽ അന്ത്യോഖ്യാ പ്രതിനിധിക്കെ തിരായി മദിരാശി ഹൈക്കോടതി (റോയൽ കോർട്ട്)യിൽ വിധി ഉണ്ടാവുകയും സഭയും സ്വത്തും തൊഴിയൂർ പള്ളിക്കു തന്നെ ചെന്നു ചേരേണ്ടതാണെന്നും വിധി ഉണ്ടായി. ഇതിന്റെ വെളിച്ചത്തിലാണ് മലബാർ സ്വതന്ത്ര സുറിയാനി സഭ എന്ന് നാമകരണം ലഭിച്ചത്. ഈ കേസിലെ ചെലവിലേക്കായി ചാലിശ്ശേരിയിലുള്ള സെന്റ് ഔഗീൻ സഹദായുടെ നാമധേ യത്തിലുള്ള പള്ളിയും, പോർക്കുളത്തുള്ള ആദായ്ശ്ലീഹയുടെ നാമധേയത്തിലുള്ള പള്ളിയും, മട്ടാഞ്ചേരി പള്ളിയും, തൊഴി യൂർ സഭയിലേയ്ക്ക് കിട്ടി. ഈ വിധിയുടെ പകർപ്പ് തൊഴി യൂർ പള്ളിയിൽ കാണാൻ കഴിയും. ഈ വിധിയുടെ ഒരു പകർപ്പ് അയ്യംകുളങ്ങര ഇയ്യോബും കത്തനാരുടെ മക്കൾ അഞ്ഞൂരിലേക്ക് കൊടുത്തിട്ടുണ്ടായിരുന്നു. പൗലോസ് കത്തനാർ തൊഴിയൂർ പള്ളിയിൽ വികാരി ജനറാളും സഭാ സ്വത്തുക്കൾ പരിരക്ഷിച്ചിരുന്ന ദേഹവും ആയിരുന്നു. തൊഴി യൂർ സഭയുടെ ആദ്യകാലങ്ങളിൽ സഭാ സ്വത്തുക്കൾ കൈകാര്യം ചെയ്തിരുന്നത് വികാരി ജനറാൾമാരായിരുന്നു. പള്ളിയ്ക്കുവേണ്ടി പല കേസുകളും ഇദ്ദേഹം നടത്തിയിട്ടു ണ്ട്. ഈ പതിവ് കരുമാംകുഴി തിരുമേനി വരെ തുടർന്നു വന്നു.1902 ൽ 48-ാം വയസ്സിൽ അദ്ദേഹം ദിവംഗദനാവുകയും ചെയ്തു. ഒക്ടോബർ 21-ാം തിയ്യതി ആയിരുന്നു അദ്ദേഹ ത്തിന്റെ ചരമദിനം. ഒക്ടോബർ 22-ാം തിയ്യതി പള്ളിയ്ക്ക കത്തുള്ള കല്ലറയിൽ അദ്ദേഹത്തെ സംസ്കരിച്ചു.

അയ്യംകുളങ്ങര ഇയ്യോബ് കശീശ്ശ
(Rev. Fr. Job A Paul) 1895-1945

ജനനം:- അയ്യംകുളങ്ങര പൗലോസ് കത്തനാരുടെയും (പാവു അച്ചൻ)വെള്ളറ താനിക്കൽ ഇളച്ചാരുടെയും മകനായി 1895 സെപ്തംബർ 26-ാം തിയ്യതി ഭൂജാതനായി. ഇദ്ദേഹത്തിനു 2 സഹോദരന്മാരും 2 സഹോദരിമാരും ഉായിരുന്നു. മൂത്ത സഹോദരൻ വിവാഹം കഴിഞ്ഞ് അധികം താമസിയാതെ മരിച്ചു. 2 സഹോദരിമാരുള്ളതിൽ മൂത്ത ആളെ പെങ്ങാമുക്കിലേക്കും, 2-ാമത്തെ സഹോദരിയെ പഴഞ്ഞിയിലേക്കും വിവാഹം കഴിച്ചു. ഇളയ സഹോദരൻ തോമാസ് കോലാപൂരിൽ കച്ചവടം ആയിരുന്നു. ഇദ്ദേഹത്തിന്റെ മകനാണ് 1967 ൽ സ്ഥാനാരോഹണം ചെയ്ത അഭിവന്ദ്യ പൗലോസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്ത.

വിദ്യാഭ്യാസം:- പ്രാഥമിക വിദ്യാഭ്യാസം തൊഴിയൂരിലെ C.M.U.P. സ്കൂളിലാണ് നടന്നത്. അന്നു തൊഴിയൂരിൽ ഹൈസ്കൂൾ ഉണ്ടായിരുന്നില്ല. ഏറ്റവും അടുത്ത ഹൈസ്കൂൾ കുന്നംകുളം ഗവൺമെന്റ് ഹൈസ്കൂൾ ആയിരുന്നു. അവിടെ നിന്നു എസ്.എസ്.എൽ.സി. പാസ്സായി. പിന്നീട് കോളേജ് വിദ്യാഭ്യാസത്തിനായി കോട്ടയത്തുള്ള C.M.S. കോളേജിൽ ചേർന്നു F.A യും എഴുതി.

കോളേജിൽ പഠിക്കുന്നതിനു മുമ്പ് അദ്ദേഹം ഗീവർഗ്ഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായിൽ നിന്നു ശെമ്മാശ പട്ടം സ്വീകരിച്ചു. അന്നു കാട്ടുമങ്ങാട്ടു അബ്രഹാം കത്തനാർ അവിടെ ഉണ്ടായിരുന്നു. കുറച്ചു കാലത്തിനുശേഷം അദ്ദേഹം കൽക്കട്ടയിലെ സെറാമ്പൂരിലുള്ള വൈദിക കോളേജിൽ B.D ക്ക് ചേർന്നു. ഡിഗ്രി എടുക്കുന്നതിനു സാധിച്ചില്ല. പഠനം കഴിഞ്ഞു തിരിച്ചെത്തിയതിനുശേഷം സുറിയാനിയും വ്യാകരണവും പഠിച്ചു. കരുമാംകുഴി തിരുമേനിയായിരുന്നു അദ്ദേഹത്തിന്റെ ആത്മീയഗുരുവും സുറിയാനി അദ്ധ്യാപകനും.

കൽക്കട്ടയിൽ നിന്നു തിരിച്ചു വന്നതിനു ശേഷം ഗീവർഗീസ് മാർ കൂറിലോസ് തിരുമേനി (കരുമാംകുഴി തിരുമേനി) ഇയ്യോബു കത്തനാർ എന്ന പേരിൽ കശീശ്ശാ സ്ഥാനം കൊടുത്തു. അതിനടുത്ത കാലത്ത് S.C.U.P. സ്കൂളിൽ ഇദ്ദേഹത്തെ ഹെഡ്മാസ്റ്ററായി നിയമിച്ചു. അയ്യംകുളങ്ങര ഇയ്യോബ് കത്തനാർ ചാലിശ്ശേരിയിലുള്ള ചീരൻ വറിയതിന്റെയും കുഞ്ഞീറ്റിയുടെയും മകളായ ഇളച്ചാരെ വിവാഹം ചെയ്തു. അദ്ദേഹത്തിനും 2 പുത്രന്മാരും 2 പുത്രിമാരും ഉണ്ട്. മൂത്ത പുത്രൻ എ.ജെ.ജോർജ്ജ് ഇദ്ദേഹം സ്ഥാപിച്ച M.C.M.U.P സ്കൂളിലെ പ്രധാനാദ്ധ്യാപകനും മാനേജരും ആയിരുന്നു രണ്ടാമത്തെ പുത്രൻ എ.ജെ. പോൾ. ഈ സ്കൂളിന്റെ മാനേജരായിരുന്നു. മൂത്ത മകൾ ഡാർളി സെക്കന്തരബാദിലാണ്.

വില്ലി. എം.ജി.
പഴഞ്ഞി

പഴഞ്ഞി ഇടവക
ഒരു ചരിത്ര അവലോകനം

മലബാർ സ്വതന്ത്ര സുറിയാനി സഭാ സ്ഥാപനത്തിന്റെ 250-ാം വാർഷികത്തോടനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന സ്മരണികയിൽ പഴഞ്ഞി സെന്റ് മേരീസ് ഇടവകയുടെ ചരിത്രം സ്മരിക്കുവാൻ എനിക്ക് ഇടം നൽകിയ കർത്താവിനോട് നന്ദി പറയട്ടെ.

കരുമാംകുഴി തിരുമേനിയുടെ ഓർമ്മകളില്ലാത്ത ഒരു ചരിത്രം പഴഞ്ഞി ഇടവകക്കില്ല. കരിക്കാട് പുലിക്കോട്ടിൽ (കരുമാംകുഴി) വറിയതിന്റെയും മറിയത്തിന്റെയും മകനായി ജനിച്ച വർഗ്ഗീസിന് സഹോദരങ്ങളെയും മാതാവിനെയും ചെറുപ്പത്തിൽ നഷ്ടപ്പെട്ടു. ഇതിനെ തുടർന്ന് അദ്ദേഹത്തെ തന്റെ മാതൃസഹോദരി (മന്നായി) പഴഞ്ഞിയിലേക്ക് കൊണ്ടു വന്ന് സ്വപുത്രനെ പോലെ പരിപാലിച്ചു. ഇവരുടെ ഭവനം പഴഞ്ഞി കിഴക്കേ അങ്ങാടിയിൽ സ്ഥിതി ചെയ്യുന്നു. ഇവിടുത്തെ താമസം പഴഞ്ഞി പഴയ പള്ളിയുമായുള്ള ബന്ധത്തിൽ വളരുന്നതിനും പള്ളിയിലെ വേദ പഠന ക്ലാസ്സുകളിലും ചർച്ചകളിലും പങ്കെടുക്കുന്നതിനും അദ്ദേഹത്തിന് അവസരം ലഭിച്ചു. ഇതിന്റെ തുടർച്ചയായി ബൈബിൾ കൂടുതൽ പഠിക്കുന്നതിനും പട്ടത്വം സ്വീകരിക്കുന്നതിനും തൊഴിയൂർ അരമനയിലേക്ക് യാത്രയായി. പട്ടക്കാരനായ ശേഷവും, മെത്രാൻ പട്ടം സ്വീകരിച്ച ശേഷവും അദ്ദേഹം പഴഞ്ഞി പള്ളിയുമായി നല്ല ബന്ധം കാത്തു സൂക്ഷിച്ചു.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാന ദശാബ്ദങ്ങൾ പഴഞ്ഞിയിലെ പൂർവ്വീക വിശ്വാസങ്ങളെ പിടിച്ചുലച്ചു കൊണ്ട് പ്രൊട്ടസ്റ്റന്റ് വിശ്വാസങ്ങളുടെ തള്ളികയറ്റമുണ്ടായി. ദൈവമാതാവിനെ തള്ളി പറഞ്ഞും, വി.കുർബ്ബാനയെ തള്ളി പറഞ്ഞും പ്രസ്ഥാനങ്ങൾ രൂപീകൃതമായി. ഇതിന്റെയെല്ലാം അലയൊലികൾ ആഞ്ഞടിച്ചത് സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി (പഴയ പള്ളി) യിലായിരുന്നു. ഈ സമയത്തായിരുന്നു ഇവിടുത്തെ പ്രശസ്ത തറവാടുകളിലൊന്നായ കരുമാംകുഴി പുലിക്കോട്ടിൽ കുടുംബാംഗമായ ഗീവറുഗ്ഗീസ് കശ്ശീശയെ 1892 മാർച്ച് 20ന് ഗീവറുഗ്ഗീസ് മാർ കൂറിലോസ് എന്ന സ്ഥാന നാമത്തിൽ തൊഴിയൂർ മെത്രാനായി വാഴിച്ചത്.

1893 ൽ മാർത്തോമാ സഭയിലെ തോമസ് മാർ അത്താനാസിയോസ് ഒരു പിൻഗാമിയെ വാഴിക്കാതെ കാലം ചെയ്തു. ഇതിനെ തുടർന്ന് വിഷമസന്ധിയിലായ മാർത്തോമ സഭയ്ക്ക് തീത്തൂസ് ഒന്നാമൻ മെത്രാപോലീത്തായെ കോട്ടയം ചെറിയ പള്ളിയിൽ വെച്ച് വാഴിക്കുന്നതിന് അന്നത്തെ തൊഴിയൂർ മെത്രാപോലീത്തയായിരുന്ന അഭിവന്ദ്യ ജോസഫ് മാർ അത്താനാസിയോസിന്റെ വലങ്കയ്യായി പ്രവർത്തിച്ചത് ഗീവറുഗീസ് മാർ കൂറീലോസ് (കരുമാംകുഴി) തിരുമേനിയായിരുന്നു. ഇത് പഴഞ്ഞിയിലെ ഒരു വിഭാഗത്തിന് തിരുമേനിയോട് എതിർപ്പിന് കാരണമായി.

1897 ൽ മാർത്തോമ മെത്രാപോലീത്തയുടെ അഭ്യർത്ഥന പ്രകാരവും പഴഞ്ഞി മാർത്തോമ ഇടവകയുടെ ക്ഷണപ്രകാരവും നമ്മുടെ തിരുമേനിമാർ പഴഞ്ഞി മാർത്തോമ പള്ളി കൂദാശ ചെയ്ത് നൽകുകയുണ്ടായി. ഇത് പഴയ പള്ളി ഇടവകാംഗങ്ങളെ കൂടുതൽ പ്രകോപിതരാക്കി.

1898 ൽ മെത്രാപ്പോലീത്ത ആയ ശേഷം അദ്ദേഹം സ്വന്ത ദേശത്ത് സഭയുടെ ഒരു ദേവാലയം നിർമ്മിക്കുന്നതിനുള്ള ആഗ്രഹം ദേശവാസികളായ സുഹൃത്തുക്കളോട് പ്രകടിപ്പിക്കുകയും ദൈവത്തോട് മുട്ടിപ്പായി പ്രാർത്ഥിക്കുകയും ചെയ്തു കൊണ്ടിരുന്നു. പ്രാർത്ഥനയോടൊപ്പം തന്റെ ആഗ്രഹപൂർത്തീകരണത്തിനുള്ള ശ്രമം തുടരുകയും ചെയ്തു.

1909 ൽ പുലിക്കോട്ടിൽ മാർ ദീവാന്നാസിയോസ് രണ്ടാമൻ മലങ്കര മെത്രാപോലീത്ത കാലം ചെയ്തതോടെ മലങ്കര സഭാ നേതൃത്വത്തിൽ പ്രത്യക്ഷപെട്ട പുതിയ ശൈലികൾ പഴഞ്ഞി ഇടവകയെ (പഴയ പള്ളി) അസ്വസ്ഥമാക്കി. പുതിയ മലങ്കര മെത്രാനെ പാത്രിയർക്കീസ് മുടക്കിയതിനെ തുടർന്ന് അസ്വസ്ഥതകൾ രൂക്ഷമായി. അന്ന് ശെമ്മാശനായിരുന്ന വെട്ടികുന്നേൽ മത്തായി ശെമ്മാശ്ശന്റെ നേതൃത്വത്തിൽ ഒരു വിഭാഗം പഴഞ്ഞി പള്ളി ഇടവകക്കാർ കരുമാംകുഴി തിരുമേനിയെ സമീപിച്ച് അവരെ സ്വതന്ത്ര സുറിയാനി സഭയുടെ ഭാഗമാക്കണമെന്ന് അഭ്യർത്ഥിച്ചു. അഭ്യർത്ഥന സ്വീകരിച്ച് അവരെ സഭയുടെ ഭാഗമാക്കി. പോർക്കുളം പള്ളിയിൽവെച്ച് ശെമ്മാശന് പൂർണ്ണ ശെമ്മാശ്ശ പട്ടവും, ചെറുവത്തൂർ ഐപ്പ് മത്തായി കശീശ്ശ (വെട്ടികുന്നേൽ അച്ചൻ) എന്ന പേരിൽ വൈദീക പട്ടവും നൽകി.

ഇതിനുശേഷം അഞ്ഞൂർ പള്ളിയോട് കൂറും പ്രഖ്യാപിച്ചവരും സഭാ വിശ്വാസികളും തിരുമേനിയുടെ സുഹൃത്തുക്കളും ചേർന്ന് പഴഞ്ഞിയിൽ സഭയുടെ ഒരു ദേവാലയം വി.ദൈവമാതാവിന്റെ നാമത്തിൽ നിർമ്മിക്കുന്നതിനുള്ള ശ്രമം ആരംഭിച്ചു.

അക്കാലത്ത് ദേവാലയം നിർമ്മിക്കണമെങ്കിൽ സർക്കാരിൽ നിന്നും അനുമതി ലഭിക്കേണ്ടതുണ്ടായിരുന്നു. സ്ഥലം ജന്മാവകാശമുള്ളതായിരിക്കണം. അതും എളുപ്പമുള്ള കാര്യം അല്ലായിരുന്നു. ഈ സന്ദർഭത്തിൽ പഴഞ്ഞി അങ്ങാടിയുടെ ഹൃദയഭാഗത്തു തന്നെ പള്ളിയ്ക്കും സെമിത്തേരിയ്ക്കും വേണ്ട ജന്മാവകാശമുള്ള സ്ഥലം ശ്രീമാൻ മണ്ടുംപാൽ ഉതുപ്പു കുഞ്ഞികാക്കു ദാനമായി നൽകി. ഈ സമയത്ത് പള്ളിപണി തടയുന്നതിനുള്ള ശ്രമം അന്നത്തെ ശക്തരായ ചില നാട്ടുപ്രമാണിമാരുടെ ഭാഗത്തുനിന്നും ഉണ്ടായി. ഇതിനെ മറികടക്കുന്നതിന് തിരുമേനി തൃപ്പൂണിത്തുറ പോയി കൊച്ചി രാജാവിനെ കാര്യങ്ങൾ ഉണർത്തിച്ച് പള്ളി പണിയുന്നതിനും സെമിത്തേരിക്കും വേണ്ട അനുമതി വാങ്ങി.

താമസിയാതെ പള്ളി പണിയും ആരംഭിച്ചു. പഴഞ്ഞി നിവാസികളായ പരേതരായ സർവ്വശ്രീ സി.ഒ. വറിയത്, സി.സി.കുരിയൻ, എം.കെ.കുഞ്ഞികാക്കു എന്നിവരാണ് പള്ളിപ്പണിയിൽ തിരുമേനിയോടൊപ്പം പ്രവർത്തിച്ചവരിൽ പ്രമുഖർ. പള്ളിയുടെ ഉയരം ആവശ്യത്തിന് ആയപ്പോഴേക്കും സാമ്പത്തിക ഞെരുക്കം അനുഭവപ്പെട്ടതിനെ തുടർന്ന് മേൽപുര മേയുന്നതിന് വേണ്ട തെങ്ങും ഓലയും ഭദ്രാസനത്തിൽ നിന്നും തിരുമേനി ലഭ്യമാക്കി. 1911 സെപ്തംബർ 8-ാംനു ഈ ദേവാലയം കൂദാശ ചെയ്യുമ്പോൾ പള്ളിയുടെ മുഖവാരം പണിതുയർത്താത്തതും മദ്ബഹയുടെ മേൽപുര വേറിട്ട് നിൽക്കാത്തതും ആയിരുന്നു. പള്ളിയുടെ രണ്ടു വശത്തും ഓരോ ചെറിയ മുറികളും ഉണ്ടായിരുന്നു.

പെങ്ങാമുക്ക് ചെറുവത്തൂർ ഐപ്പ് മത്തായി കശീശ്ശ (വെട്ടികുന്നേൽ അച്ചൻ) യാണ് ഈ പള്ളിയുടെ പ്രഥമ വികാരി. അദ്ദേഹം പിന്നീട് യാക്കോബായ സഭയിലേക്ക് പോകുകയും ആർത്താറ്റ് സിംഹാസന പള്ളി വികാരി ആകുകയും ചെയ്തു. 1959 ഡിസംബർ 21-ാം തിയ്യതി കർത്താവിൽ നിദ്രപ്രാപിച്ച അദ്ദേഹത്തെ പെരുമ്പിള്ളി സെന്റ് ജോർജ്ജ് സിംഹാസന പള്ളിയിൽ കബറടക്കി. അദ്ദേഹത്തിന്റെ കബർ കുന്നംകുളം പ്രദേശത്തുള്ളവർ ഇപ്പോഴും സന്ദർശിക്കാറുണ്ട്.

പഴഞ്ഞി മേക്കാട്ടുകുളം കുടുംബത്തിലെ ജോസഫ് കത്തനാരെന്ന ഉട്ടൂപ്പുണ്ണി (കാങ്ങാപ്പ്ലാടോടത്തച്ചൻ) അച്ചനാണ് പിന്നീട് വന്ന വികാരി. അദ്ദേഹത്തിന്റെ കുടുംബവീട് പള്ളിയുടെ പടിഞ്ഞാറുവശത്തായിരുന്നു. പള്ളിയുടെ വടക്ക് വശത്ത് വിശാലമായ രണ്ടു മുറികൾ പണിത് തിരുമേനിമാർക്ക് താമസിക്കാൻ സൗകര്യം ഒരുക്കിയത് അദ്ദേഹമായിരുന്നു. അദ്ദേഹവും പിന്നീട് 1935 ൽ യാക്കോബായ സഭയിലേക്ക് കൂറുമാറി ചാലിശ്ശേരി സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് പള്ളി വികാരിയായി.

പള്ളി പണിത് ഏകദേശം 20 വർഷം കഴിഞ്ഞപ്പോൾ മേൽപുരയുടെ ഉറപ്പ് കുറയുകയും തുടർന്ന് അത് പൊളിച്ച് ഓട് മേഞ്ഞു.

ദിവ്യ: ശ്രീ. ഉട്ടൂപ്പുണ്ണി കശ്ശീശയ്ക്കു ശേഷം വികാരിയായി വന്നത് പോർക്കുളം കോലാടി ദിവ്യശ്രീ കെ.സി.വർഗ്ഗീസ് അച്ചനാണ്. അദ്ദേഹത്തിന്റെ കാലം മുതലാണ് പള്ളിയിൽ എല്ലാ ഞായറാഴ്ചയും കുർബ്ബാന ചൊല്ലുന്ന പതിവ് ആരംഭിച്ചത്. സുവിശേഷ പ്രവർത്തനത്തിൽ തൽപരനായ അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ എല്ലാ ഞായറാഴ്ചയും വി.കുർബ്ബാനക്കു ശേഷം സ്ത്രീകളുടെ യോഗവും വലിയ നോമ്പ് കാലത്ത് നാലു ദിവസത്തെ സുവിശേഷ കൺവെൻഷനും നടത്തുന്ന പതിവ് ആരംഭിച്ചു. സ്ത്രീകളുടെ യോഗം ഇപ്പോഴും മുടങ്ങാതെ എല്ലാ ഞായറാഴ്ചയും സുവിശേഷ സംഘത്തിന്റെ ആഭിമുഖ്യത്തിൽ നടന്നു വരുന്നു. സുവിശേഷ കൺവെൻഷൻ ഇടവകയുടെ നേതൃത്വത്തിൽ എല്ലാവർഷവും രണ്ട് ദിവസം വിപുലമായ പരിപാടികളോടെ നടത്തി വരുന്നു.

1970 മുതൽ സുവിശേഷ സംഘത്തിന്റെ കീഴിൽ സൺഡേസ്കൂൾ പ്രവർത്തനം ആരംഭിച്ചു. 1995 മേയ് 25 ന് അതിന്റെ സിൽവർ ജൂബിലി ആഘോഷവും പൊതു സമ്മേളനവും നടന്നു.

1980 കളിൽ വികാരിയായിരുന്ന ദിവ്യ ശ്രീ.വി.വി.ജോസഫ് കശ്ശീശ (വടക്കനച്ചൻ)യുടെ കാലഘട്ടത്തിൽ മദ്ബഹ ഉയർത്തി മേൽക്കൂര വാർക്കുകയും തെക്കുവശത്തെ വരാന്ത കോൺക്രീറ്റിൽ വാർക്കുകയും ചെയ്തു. നമ്മുടെ പള്ളിയുടെ പടിഞ്ഞാറ് വശത്ത് ജീർണ്ണാവസ്ഥയിൽ കിടന്ന സ്ഥലം അഭിവന്ദ്യ മാത്യൂസ് മാർ കൂറീലോസ് തിരുമേനിയെ ഏല്പിച്ച ശേഷം പണിത കുരിശു പള്ളി തിരുമേനി കൂദാശ ചെയ്തു.

1990 കളിൽ ഇടവക വികാരിയായിരുന്നു ഫാ.കെ.സി.സണ്ണി (ഇപ്പോൾ സിറിൽ മാർ ബസേലിയോസ് മെത്രാപോലീത്ത) യുടെ കാലഘട്ടത്തിലാണ് ഈ ഇടവകയുടെ സ്ഥാപകൻ എന്ന് വിശേഷിപ്പിക്കാവുന്ന പുലിക്കോട്ടിൽ ഗീവറുഗ്ഗീസ് മാർ കൂറിലോസ് (കരുമാംകുഴി) തിരുമേനിയുടെ സ്മാരകമായി അരമനപണിത് കൂദാശ ചെയ്തതും (1995-മേയ് 21) പള്ളിയുടെ വരാന്തകളുടെ നിർമ്മാണം പൂർത്തിയാക്കി ഇന്നത്തെ രൂപത്തിലാക്കിയതും. 1999 ഡിസംബർ 13 ന് ഇടവക വികാരി ഫാ.കെ.സി.സണ്ണി ശിലാസ്ഥാപനം നടത്തിയ കല്ലറ 2000 ജൂലായ് 7 ന് അഭിവന്ദ്യ ജോസഫ് മാർ കൂറിലോസ് മെത്രാപ്പോലീത്ത കൂദാശ നിർവ്വഹിച്ചു. അന്നേ ദിവസം തന്നെ പരിശുദ്ധ കാട്ടുമങ്ങാട് അബ്രഹാം മാർ കൂറിലോസ് ബാവായുടെ നാമത്തിൽ അഭിവന്ദ്യ ജോസഫ് മാർ കൂറിലോസ് മെത്രാപോലീത്ത ശിലാസ്ഥാപനം നടത്തിയ കുരിശുപള്ളിയുടെ കൂദാശ അഭിവന്ദ്യ സിറിൽ മാർ കൂറിലോസ് മെത്രാപോലീത്തയും ജോസഫ് മാർ കൂറീലോസ് വലിയ മെത്രാപോലീത്തയും ചേർന്ന് 2001 ജൂലായ് എട്ടിന് നിർവ്വഹിച്ചു.

പഴഞ്ഞി ഇടവകയുടെ വളർച്ചയിലെ സുപ്രധാന നാഴിക കല്ലാണ് കരിക്കാട് പള്ളി. നമ്മുടെ ഇടവകയിലെ മുപ്പതോളം കുടുംബംഗങ്ങൾക്കും പോർക്കുളം, കല്ലുംപുറം ഇടവകയിലെ ഏതാനും അംഗങ്ങൾക്കും ആരാധനക്ക് സൗകര്യപ്രദമായി കരിക്കാട് മെയിൻ റോഡിൽ സ്ഥലം വാങ്ങി പള്ളി പണിയുവാൻ സഭാ കൗൺസിൽ തീരുമാനിച്ചു. തുടർന്ന് അന്നത്തെ പഴഞ്ഞി ഇടവക വികാരി ഫാ.പി.ബാബു വർഗ്ഗീസ് അദ്ധ്യക്ഷനും സഭാ കൗൺസിൽ അംഗമായിരുന്ന മണ്ടുംപാൽ വറീക്കുട്ടി മകൻ ജോർജ്ജ് കുട്ടി സെക്രട്ടറിയായും നി.വ.ദി.ശ്രീ.പൗലോസ് മാർ പീലക്സിനോസ് മെത്രാപോലീത്ത രക്ഷാകർത്താവായും ഒമ്പത് അംഗ കമ്മറ്റി രൂപീകരിച്ചു. 1970 ജനുവരി ഒന്നിന് നി.വ.ദി.ശ്രീ.പൗലോസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്ത ശിലാസ്ഥാപനം നടത്തുകയും 1971 നവംബർ 24-ാംനു കൂദാശ ചെയ്യുകയും ചെയ്തു. ഇത് 1984 ൽ അഭിവന്ദ്യ മാത്യൂസ് മാർ കൂറിലോസ് മെത്രപോലീത്ത സ്വതന്ത്ര ഇടവകയാക്കുന്നതുവരെ പഴഞ്ഞി ഇടവകയുടെ ചാപ്പലായി തുടർന്നു. ഉപയോഗിക്കാതെ കിടന്നിരുന്ന മൂലേപ്പാട് സെമിത്തേരി സഭാ കൗൺസിലിന്റെ അംഗീകാരത്തോടെ 2003 ജൂൺ 22 മുതൽ കരിക്കാട് ഇടവകയ്ക്ക് ഉപയോഗിക്കാൻ അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് മെത്രാപോലീത്ത അനുമതി നൽകി.

മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ 250-ാം വാർഷികം ആഘോഷിക്കുകയും കാട്ടുമങ്ങാട് ഇളയ ബാവ നി.വ.ദി.ശ്രീ.ഗീവർഗ്ഗീസ് മാർ കൂറിലോസ് തിരുമേനി വിശുദ്ധനായി പ്രഖ്യാപിക്കുകയും ചെയ്യുന്നതിനോടനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന സ്മരണികയിൽ പഴഞ്ഞി ഇടവകയുടെ ചരിത്രം അവലോകനം ചെയ്യാൻ എനിക്ക് അവസരം തന്ന എല്ലാവരോടും ഒരു വാക്ക് - ''നന്ദി''.

ഫാ.തോമസ് ചീരൻ
(ചെന്നൈ ഇടവക വികാരി)

കൊറോണയും ദൈവാലയവും

*"സഭയുടെ ഭിത്തിയെ
ബലവത്താക്കുക ശിലമേൽ നിർത്തി
നായകരായോർ ഇടയന്മാരെ
കാക്കുക ശക്ത്യാ...."*

എപ്പോഴും ആഘോഷങ്ങൾ പുതുജീവനും പുത്തൻ ഉൽക്കാഴ്ചയും നൽകുന്നതാണ്. 250 വർഷം പൂർത്തീകരിച്ചു സഭയുടെ ജൈത്ര യാത്ര തുടരുകയാണ്. മനുഷ്യന്റെ ജീവിതത്തിലെ അനുഭവങ്ങൾ സാക്ഷ്യങ്ങളായി മാറണം. മലങ്കര സഭയുടെ പുണ്യഭൂമിയാണ് തൊഴിയൂർ!! കാലത്തിന്റെ ചക്രവാള ങ്ങളെ നോക്കി നടക്കുമ്പോൾ സ്വയം മനസ്സിലാക്കി ജീവിക്കേണ്ടതു ഏറെ അത്യാവശ്യമാണ്. സഭയുടെ പ്രവർത്തന ങ്ങൾക്ക് ഇനിയും കൂടുതലായി മുന്നോട്ട് പോകണം. ഇത് നമ്മുടെ ഓരോരുത്തരുടെയും ഉത്തരവാദിത്വം കൂടിയാണ്. എല്ലാ ജാതി മത വർഗ്ഗ വർണ്ണ ലിംഗ വ്യത്യാസത്തിനതീതമായി പ്രാർത്ഥനാലയമായി ദൈവാലയം മാറണം.



പുരാതന ചിന്താശകലങ്ങളിലേക്കു തിരിഞ്ഞു നോട്ടം നടത്തിയാൽ ആരാധനാലയമെന്നും ഒരു പുത്തൻ അനുഭവം തന്നെയായിരുന്നു. ദൈവശാസ്ത്രപരമായി ആരാധനാലയത്തിന്റെ പ്രാധാന്യം ഏറെയാണെന്ന് എല്ലാവർക്കും അറിയാം. യരുശലേം ദേവാലയം യഹൂദന്മാരുടെ സിരാകേന്ദ്രമായിരുന്നു. തങ്ങൾ എവിടെ ആയിരുന്നാലും യരുശലേം ദേവാലയത്തിന്റെ പെരുന്നാൾ ദിവസം ദേവാലയത്തിലേക്ക് വരുന്നത് പതിവായിരുന്നു. അല്ലെങ്കിൽ കുറച്ച് ലളിതമായി പറഞ്ഞാൽ ദേവാലയവുമായി അഭേദ്യമായ ബന്ധം യഹൂദന്മാർ കാത്തു സൂക്ഷിച്ചിരുന്നു. ഇവിടെ നമുക്ക് മനസ്സിലാക്കുവാൻ സാധിക്കുന്നതു യഹൂദന്മാരുടെ ഉള്ളിന്റെ ഉള്ളിൽ യരുശലേം ദേവാലയമായുള്ള ബന്ധത്തിന്റെ തീവ്രത ഇവിടെ മനസ്സിലാക്കാം. ഈ ഒരു അനിവാര്യത ഇന്നത്തെ നമ്മുടെ ദേവാലയമായുള്ള ബന്ധത്തിൽ വരുന്നുണ്ടോയെന്ന് ചിന്തിക്കണം ?

ഇപ്പോൾ ഈ നിമിഷം ചിന്തിക്കുകയാണെങ്കിൽ ലോകത്തെ നിശബ്ദമാക്കിയ 'CORONA VIRUS' കണ്ണിനു കാണാൻ സാധിക്കാത്ത സൂക്ഷ്മാണുവാണ്. എന്റെയും നിങ്ങളുടെയും ദേവാലയമായുള്ള ബന്ധം വിച്ഛേദിക്കുവാൻ ശ്രമിക്കുകയുണ്ടായി. അതിനപ്പുറം നീ നിരൂപിക്കാത്ത നാളിലും അറിയാത്ത നാഴികയിലും യജമാനൻ വന്നു നിന്നെ ദണ്ഡിപ്പിച്ചു കപട ഭക്തിക്കാരോടു കൂടി പങ്കു കല്പിക്കുമെന്നാണ് പറഞ്ഞിരിക്കുന്നത്. ദേവാലയമായുള്ള ബന്ധം മുറിയാതിരിക്കുവാൻ എന്റെ ഭവനം പ്രാർത്ഥനാലയമാക്കി തീർക്കണം. വി.മത്തായി 24:49 ഉണർന്നിരുന്ന് പ്രാർത്ഥിക്കണം. നാം ഓരോരുത്തരും യജമാനൻ എപ്പോൾ

വന്നാ ലും സ്വീകരിക്കുവാനുള്ള ഹൃദയം ഉള്ളവരായിരിക്കണം. ദേവാലയവും നമ്മളും പ്രാർത്ഥന യുടെ ബന്ധത്തിലുള്ള അനുഭവ സാക്ഷ്യമാണ് സ്വീകരിക്കേണ്ടത്. യേശു കർത്താവിന്റെ ജീവിത ശൈലിയിൽ വളരെ വ്യത്യസ്ഥമാ യുള്ള ഒരു പകർന്നാട്ടമാണ് ദേവാ ലയമുള്ള പ്രാർത്ഥനയും പ്രസംഗ വും. യരുശലേം ദേവാലയത്തി ലേക്ക് ബാലനായിരിക്കുമ്പോൾ പോയ സംഭവം നമ്മെ ഏറെ ചിന്തിപ്പിക്കുന്നതാണ്. യേശു കർത്താവിന്റെ ജീവിതത്തിൽ ഉട നീളം പ്രാർത്ഥനയും ദേവാല യവും ഒരേ പാതയിൽ സഞ്ചരിച്ചു. പകൽ സമയത്തു ദേവാലയത്തിൽ പ്രസംഗിച്ചു; രാത്രി കാലങ്ങളിൽ ഒലീവ് മലയുടെ മുകളിൽ സ്വർഗ്ഗീയ പിതാവി നോട് പ്രാർത്ഥനയും സംസർഗ്ഗവും ചെയ്തും പോന്നു. ക്രിസ്തുവിന്റെ വലിയ മാതൃക യാണ് ഇന്ന് നാം ബോധപൂർവ്വം ശ്രദ്ധിക്കേണ്ടത് (ലൂക്ക 21:37) അല്ലെങ്കിൽ സായുക്തമാണത്.

പ്രതികൂലതകൾ വന്നോട്ടെ! പ്രതിസന്ധികൾ വന്നോട്ടെ! യേശു കർത്താവ് ഗെത്സമനിൽ മുട്ടിന്മേൽ നിന്നപ്പോൾ പ്രാർത്ഥനയുടെ ശക്തി വെളിപ്പെട്ടു. ജീവിതത്തിൽ ഉട നീളം ദേവാലയമായുള്ള ബന്ധ ത്തിൽ പ്രാർത്ഥനയും മുട്ടുകു ത്തലും ക്രിസ്തു ചെയ്തപ്പോൾ ജീവിതത്തിലെ പ്രതിസന്ധിയെ മറികടക്കുവാൻ സാധിച്ചു എന്നത് പരമാർത്ഥം തന്നെയാണ്. ദേവാ ലയത്തിലേക്കുള്ള തിരുച്ചുവരവ്, യഥാർത്ഥത്തിൽ പറഞ്ഞാൽ ഇപ്പോൾ നാം ബാല്യത്തിൽ പിച്ച വെച്ചു നടക്കുന്നതുപോലെ വീണ്ടും ദേവാലയത്തിലേക്ക് വന്നു കൊണ്ടിരിക്കുകയാണ്. ദൈവ ത്തോടുള്ള ബന്ധത്തിലേക്കുള്ള തീവ്രത ഇനിയും കൂട്ടുവാനുള്ള സമയമാണ് നമുക്ക് മുമ്പിലുള്ളത്. Corona Virus ലോകത്തിൽ നിന്നും നീങ്ങിപോകട്ടെ. അപേക്ഷിച്ചാൽ ഉപേക്ഷിക്കാത്ത മദ്ധ്യസ്ഥനായി കാട്ടുമങ്ങാട്ടു പിതാക്കന്മാർ നിലകൊള്ളുന്നു. പ്രാർത്ഥനയുടെ ശകലങ്ങൾ ഉയരട്ടെ!! ശക്തമായി ഉയരട്ടെ!! ദൈവമായുള്ള ബന്ധം ദേവാലയത്തിലൂടെ സാധ്യമായി തീരട്ടെ! ഒരു Corona Virus നും തടു ക്കാനാവാതെ എന്റെ ആലയത്തിൽ വസിപ്പാൻ എനിക്ക് കൃപ ലഭി ക്കേണമെ.....

ദൈവം തന്റെ വചനത്തിലൂടെയും സൃഷ്ടിയിലൂടെയും നമ്മോടു ദിവസം പ്രതി സംസാരിച്ചോണ്ടിരിക്കുകയാണ്. സകല സൃഷ്ടിയും ദൈവ സന്നിധിയിൽ ഒരുപോലെയാണ്. മുള്ളിനിടയിൽ വിതയ്ക്കപ്പെട്ട വചനം പോലെയാണ് പലരുടെയും അവസ്ഥ. ഇഹലോകത്തിന്റെ ചിന്തകളും, ധനത്തിന്റെ വഞ്ചനയും, മറ്റു വിഷയമോഹങ്ങളും മനു ഷ്യന്റെ അകത്തു പ്രവേശിച്ചു മനുഷ്യനെയും മനുഷ്യത്വത്തേയും നിശ്ചലമാക്കി തീർക്കുന്ന ചുറ്റുപാടുകൾ രൂപപ്പെട്ട് വരുന്നതു ഗൗരവ ത്തോടെ വേണം നോക്കി കാണാൻ. യജമാനൻ വരാൻ താമസിക്കുന്നു എന്ന് ഹൃദയം കൊണ്ടു പറഞ്ഞു കൂട്ടുദാസന്മാരെ അടിപ്പാനും; തിന്നു കുടിപ്പാനും വ്യഗ്രത കാട്ടുന്നവരോട് ദൈവം വചനം പറയുന്നതു ''തിരിച്ചറിവിലേക്ക് ഇനിയും വന്നിട്ടില്ലായെങ്കിൽ ദൈവം വീണ്ടും പ റയുന്നു ഉണർന്നിരുന്നു പ്രാർത്ഥിപ്പിൻ; കർത്താവിന്റെ പ്രത്യക്ഷതയ്ക്ക് വേണ്ടി നമുക്ക് നോക്കി പാർക്കാം. കർത്താവ് എപ്പോൾ വന്നാലും എല്ലാം പൂർത്തിയായി എന്ന് പറയുവാൻ സാധിക്കണം. അതു എങ്ങനെ സാധിക്കും? ഇങ്ങനെയല്ലെ, നമ്മുടെ ജീവിതം അധികാരത്തേയും ജീവിത ശൈലിയേയും എല്ലാം നിശ്ചലമാക്കി, എന്നു പറഞ്ഞാൽ 'ഞാൻ ഒന്നുമില്ല' 'നീ ഒന്നുമില്ല' നമ്മൾ ഒന്നാണ്. എങ്കിൽ മാത്രമെ വിജയിക്കുവാൻ സാധിക്കു! Corona എന്ന വൈറസിനെ ഒരു പരിധി വരെ ചെറുത്തു തോല്പിക്കാൻ നമുക്ക് സാധിച്ചു. എല്ലാ അധികാര ങ്ങളും തങ്ങൾക്കു ഉണ്ടെന്നു കരുതിയോർ എല്ലാരും ഈ വൈറസിന്റെ മുമ്പിൽ കീഴടങ്ങി എല്ലാ ശാസ്ത്ര സാങ്കേതിക വിദ്യകളും കൈവശ മുണ്ടെന്ന് അവകാശപ്പെട്ട എല്ലാവരും Virus ന്റെ മുമ്പിൽ പകച്ചു നിന്നു. ഈ സഹചര്യവും ലോകം കണ്ടതാണ്, മറക്കാനാവുമോ?

ഭൂമിയിൽ ഒറ്റപ്പെട്ടു ജീവിക്കുവാൻ ആർക്കും സാധിക്കുകയില്ല യെന്നും അന്യോന്യം ബന്ധപ്പെട്ടിരിക്കുന്നുവെന്നും Corona Virus നമ്മെ പഠിപ്പിച്ചിരിക്കുന്നു. ജാതിയും മതവും വർണ്ണവും വർഗ്ഗവും ലിംഗവും നോക്കാതെ അന്യോന്യം സഹകരിച്ചും കരുതിയും സ്നേഹിച്ചും മാത്രമെ നമുക്ക് ഇനിയും മുന്നോട്ടു ജീവിക്കുവാൻ ആകൂ വിദ്വേഷവും പിണക്കവും വിഭാഗീയതയും വളർത്തുവാൻ ശ്രമിക്കുന്നവരും പക്ഷം നിൽക്കാതെ നമ്മൾ കൈകോർത്തൊരുമിച്ചു ഒരു നാണയമായ് മാറി പ്രവർത്തിക്കുവാൻ സഭയായി ദേവാലയമായി തീരുവാൻ യജ്ഞിക്കാം. അനുഭവങ്ങളും അനുഗ്രഹങ്ങളും പങ്കുവെക്കുന്നതിലൂടെ ആദ്യമ സഭാപിതാക്കന്മാർ പഠിപ്പിച്ചതു പോലെ എല്ലാം പൊതുവകയായി കാണുവാൻ ഈ കാലഘട്ടത്തിൽ സാധിക്കുമ്പോൾ അതു ഒരു പുത്തൻ സാക്ഷ്യമായി മാറുകയാണ്. എല്ലാവരും ഒരുമിച്ചു കൂടിവന്നു ദൈവത്തെ ആരാധിക്കുവാനും മഹത്വപ്പെടുത്തുവാനും ഇനിമുതൽ ദേവാലയ ത്തിൽ സാധ്യമായി തീരുമെന്ന പ്രത്യാശയും പ്രതീക്ഷയും ഉണർത്തു പാട്ടു പോലെ കാതുകളിൽ മുഴങ്ങി അലയടിക്കട്ടേ!!. നമ്മുടെ സഭയുടെ കാവൽ പിതാക്കന്മാരുടെ മാദ്ധ്യസ്ഥം നമുക്കെല്ലാവർക്കും കോട്ടയാ യിതീരട്ടെ!! കണ്ണിനു കാണാൻ സാധിക്കാത്ത സൂക്ഷ്മാണു ലോകത്തിൽ നിന്നു തന്നെ മാഞ്ഞുപോകട്ടെ. സ്വസ്ഥതയുള്ള ജീവിത അന്തരീക്ഷം പുലരട്ടെ! പ്രാർത്ഥിക്കാം... പ്രവർത്തിക്കാം...
നല്ല ഇന്നേക്കായ് (നാളേക്കായ്)...

റവ.ഡോ.തോമസ് കുഴിനാപ്പുറത്ത്
മലങ്കര കത്തോലിക്ക സുറിയാനി സഭ

ആരോഗ്യപൂർണ്ണമായ മാതൃത്വവും പിതൃത്വവും – അഞ്ചുലക്ഷ്യങ്ങൾ

മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധം കേവലം ജൈവശാസ്ത്രപരം മാത്രമല്ലെന്ന് നമുക്കേവർക്കും അറിയാം. മറ്റു ജീവികൾ പിറന്ന് ഏതാനും നിമിഷങ്ങൾക്കുള്ളിൽ ത്തന്നെ സ്വയം പര്യാപ്തതയിലേക്ക് കടക്കുന്നത് നമ്മുടെ കൺമുമ്പിൽ നാം കാണുന്നുണ്ട്. എന്നാൽ മനുഷ്യശിശുക്കൾ ശാരീരികവും മാനസികവുമായ സ്വയംപര്യാപ്തതയിലേക്കെത്താൻ ദീർഘവർഷങ്ങൾ എടുക്കുമെന്ന് നമുക്കറിയാം. അതിന് അവരെ പരിശീലിപ്പിക്കുവാൻ തക്കവിധമാണ് മാതാപിതാക്കളുടെ ശാരീരികവും മാനസികവുമായ ഘടനയും കഴിവുകളും അവരിൽ വിന്യസിക്കപ്പെട്ടിരിക്കുന്നത് ഈ കഴിവുകൾ ഉപയോഗപ്പെടുത്തി തങ്ങളുടെ സന്താനങ്ങളുടെ മാനസികവും ശാരീരികവുമായ പക്വതയിലേക്ക് കൈപിടിച്ചുയർത്തുന്നതിനുള്ള ഉത്തരവാദിത്വത്തിൽ നിന്നും മാതാപിതാക്കൾക്ക് ഒഴിഞ്ഞുമാറാനാവില്ല. ഈ ഉത്തരവാദിത്വം നിർവഹിച്ചുകൊണ്ട് കുട്ടികളുടെ വ്യക്തിത്വ വികാസ പ്രക്രിയയിൽ സജീവപങ്കാളികളാകുന്നതിന് മാതാപിതാക്കൾക്കു മുന്നിൽ അഞ്ചുലക്ഷ്യങ്ങൾ മുന്നോട്ടുവയ്ക്കുകയാണിവിടെ.

1. തുറന്ന കണ്ണുകളോടെ കുട്ടികളെ ശ്രദ്ധിക്കണം

കുട്ടികളെ തുറന്ന കണ്ണുകളോടെ എപ്പോഴും കാണുവാൻ മാതാപിതാക്കൾക്ക് കഴിയണം. കുട്ടികൾക്ക് പലതും അവരോട് പങ്കുവയ്ക്കുവാനുണ്ടാകും. അത് ശരിയായും വ്യക്തമായും പ്രകടിപ്പിക്കുവാൻ അവർക്ക് കഴിയണമെന്നില്ല. കുട്ടികൾക്കും മാതാപിതാക്കൾക്കുമിടയിൽ കൃത്യമായ സംവേദനം പലപ്പോഴും നടക്കണമെന്നില്ല. ചിലപ്പോൾ ചില സൂചനകൾമാത്രമേ നമുക്ക് ലഭിക്കുകയുള്ളൂ. കുട്ടികളുടെ പെരുമാറ്റത്തിലോ, സംസാരത്തിലോ, ഇടപെടലിലോ നേരിയ വ്യതിയാനമെങ്കിലും കാണുന്നപക്ഷം അവരുമായി അടുത്തിടപെട്ട് അതിന്റെ കാരണം കണ്ടെത്താൻ ബുദ്ധിപൂർവ്വകമായ സമീപനം നടത്തേണ്ടതാവശ്യമാണ്. ഇതിനായി കുട്ടികളുടെ അധ്യാപകനോട് ആരായുന്നത് ഏറെ അഭികാമ്യമാണ്. ഇത് മനസ്സിലാക്കി അറിഞ്ഞ് പ്രവർത്തിക്കാൻ മാതാപിതാക്കൾക്ക് സാധിക്കണം. ഇതിന് തടസ്സമാകുന്നത് പലപ്പോഴും മാതാപിതാക്കളുടെ തിരക്കുപിടിച്ച ജീവിത

മാതാവും പിതാവും ആകുക എന്നതാണ് മനുഷ്യവ്യക്തിത്വത്തിലെ ഏറ്റവും വലിയ ഉത്തരവാദിത്വം എന്ന തിരിച്ചറിവാണ് നമുക്കുവേണ്ടത്. മറ്റെല്ലാ ഉത്തരവാദിത്വങ്ങളെയും ഇതിനുവേണ്ടി അൽപം മാറ്റിവയ്ക്കുന്നതിൽ അപാകതയൊന്നുമില്ല.

ങ്ങളാണ്. കുട്ടികളുടെ ചെറിയ പ്രശ്നങ്ങൾ നമ്മുടെ ശ്രദ്ധക്കുറവുകൊണ്ട് വലിയ കീറാമുട്ടികളായി വളരുവാൻ ഇടയാകരുത്. മാതാവും പിതാവും ആകുക എന്നതാണ് മനുഷ്യവ്യക്തിത്വത്തിലെ ഏറ്റവും വലിയ ഉത്തരവാദിത്വം എന്ന തിരിച്ചറിവാണ് നമുക്കുണ്ടാവേണ്ടത്. മറ്റെല്ലാ ഉത്തരവാദിത്വങ്ങളെയും ഇതിനുവേണ്ടി അൽപം മാറ്റിവയ്ക്കുന്നതിൽ അപാകതയൊന്നുമില്ല. അതുകൊണ്ട് കുട്ടികളുടെ സ്വഭാവരൂപവത്കരണത്തിലും പരിശീലനത്തിലും നമുക്ക് അതീവ ശ്രദ്ധാലുക്കളായിരിക്കാം.

2. കുട്ടികളുടെ അധ്യാപകരുമായി നല്ല ബന്ധം സൂക്ഷിക്കാൻ കഴിയണം

കുട്ടികളുടെ അധ്യാപകരുമായി നല്ല ബന്ധം സ്ഥാപിക്കുവാൻ മാതാപിതാക്കൾക്കു കഴിയണം. കുട്ടികളുടെ സ്വഭാവത്തിലോ സംസാരത്തിലോ കാണപ്പെടുന്ന വ്യതിയാനങ്ങൾ അവരുടെ അധ്യാപകരുമായി തുറന്ന് ചർച്ച ചെയ്യുന്നത് ഉചിതമാണ്. കുട്ടികളുടെ അധ്യാപകരുമായി എപ്പോഴും നല്ല സൗഹൃദബന്ധമാണ് ഏറെ അഭികാമ്യം. കുട്ടികളുടെ ആവലാതികൾ കേട്ട് അവരുടെ അധ്യാപകർക്കെതിരെ പരാതിയുമായി ഹെഡ്മാസ്റ്ററെയോ, പ്രിൻസിപ്പലിനെയോ സമീപിക്കുന്നതിനു മുമ്പ് അതാതു അധ്യാപകരോട് തന്നെ വ്യക്തമായി ആരാഞ്ഞ് വസ്തുതകൾ ശരിയായി മനസ്സിലാക്കുന്നത് ഉചിതമായിരിക്കും. ഭൂരിപക്ഷം അധ്യാപകരും തങ്ങളുടെ വിദ്യാർത്ഥികളുടെ ശോഭനമായ ഭാവിക്കുവേണ്ടി ത്യാഗപൂർവ്വം സേവനം ചെയ്യുന്നവരാണെന്നതിൽ രണ്ടു പക്ഷമില്ല. വീട്ടിൽ കുട്ടികൾ അഭിമുഖീകരിക്കേണ്ടിവരുന്ന ചില പ്രശ്നങ്ങളെക്കുറിച്ചും ബുദ്ധിമുട്ടുകളെക്കുറിച്ചും അവയ്ക്ക് കാരണമായ സാഹചര്യങ്ങളെക്കുറിച്ചും അധ്യാപകരോട് തുറന്നു പങ്കുവയ്ക്കുന്നത് നന്നായിരിക്കും. ഇത് അധ്യാപകർക്ക് കുട്ടികളെ ശരിയായ രീതിയിൽ മനസ്സിലാക്കുന്നതിനും അവരുടെ ബുദ്ധിമുട്ടുകളോട് അനുഭാവപൂർവ്വം പെരുമാറുന്നതിനും അതുവഴി അവരുടെ പരിശീലനം പ്രത്യേക ശ്രദ്ധയോടെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഏറെ സഹായിക്കും.

3. സാമൂഹികബന്ധങ്ങൾ വളർത്തുന്നതിന് കുട്ടികളെ പ്രാപ്തരാക്കണം

കുട്ടികളെ സ്കൂളുകളിലേക്ക് അയയ്ക്കേണ്ടത് വെറും അക്കാദമിക പരിശീലനത്തിനു മാത്രമല്ല. മനുഷ്യബന്ധങ്ങൾ രൂപപ്പെടുന്നതിന്റെ പരിശീലനവും അവിടെ കുട്ടികൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ മാതാപിതാക്കൾക്കാകണം. മനസ്സ് മൂല്യങ്ങൾ സ്വായത്തമാക്കുന്നതിനുള്ള അവസരങ്ങൾ ആവോളം കുട്ടികൾക്കുണ്ടാക്കിക്കൊടുക്കാൻ നമുക്ക് സാധിക്കണം. ഒരു സ്പോഞ്ച് കഷണം ജലം ആഗീരണം ചെയ്യുന്നതുപോലെ ശൈശവത്തിലും ബാല്യത്തിലും കൗമാരത്തിലും കുട്ടികൾ മൂല്യങ്ങളും ആദർശങ്ങളും മാതാപിതാക്കളിൽ നിന്നും അധ്യാപകരിൽ നിന്നും കണ്ടുപഠിക്കും എന്ന വസ്തുത ആർക്കും നിഷേധിക്കാനാവില്ല. ചിട്ടയായ ജീവിതക്രമത്തിലൂടെയാണ് ഇതിന് തുടക്കം കുറിക്കേണ്ടത്. പ്രഭാതത്തിൽ കൃത്യസമയത്ത് ഉണരുന്നതിനും രാത്രിയിൽ കൃത്യസമയത്ത് ഉറങ്ങുന്നതിനും കുട്ടികൾക്ക് പരിശീലനം നൽകേണ്ടതുണ്ട്. കൃത്യമായ ഭക്ഷണസമയം, ഭക്ഷണക്രമം തുടങ്ങിയവ പരിശീലിപ്പിക്കുന്നതിന് ശ്രദ്ധിക്കുന്നത് നന്നായിരിക്കും. വീടും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിനും കുട്ടികൾക്ക് പരിശീലനം നൽകേണ്ടതുണ്ട്. അതിഥികളെ സ്വീകരിക്കുന്നതിനും അവരുമായി സംഭഷണം നടത്തുന്നതിനുമുള്ള പ്രാഥമിക പരിശീലനം കുട്ടികൾക്ക് തങ്ങളുടെ വീടുകളിൽ നിന്നല്ലാതെ മറ്റൊരിടത്തു നിന്നും ലഭിക്കുകയില്ല എന്ന വസ്തുത നാം ഒരിക്കലും വിസ്മരിക്കരുത്. നോട്ടത്തിലും ഭാവത്തിലും സംസാരത്തിലുമൊക്കെ മറ്റുള്ളവരെ വേദനിപ്പിക്കാതെ തങ്ങളുടെ വികാരങ്ങൾ പ്രകടിപ്പിക്കുവാൻ കുട്ടികളെ പ്രാപ്തരാക്കണം. തെറ്റു ചെയ്താൽ മാപ്പു പറയാനും ഉപകാരങ്ങൾ സ്വീകരിക്കമ്പോൾ കൃതജ്ഞത ഉള്ളവരായിരിക്കുന്നതിനുമുള്ള പരിശീലനങ്ങളിലെല്ലാം പ്രധാന പങ്കുവഹിക്കുന്നത് നമ്മുടെ മാതൃകയാണെന്നത് നമുക്ക് വിസ്മരിക്കാതിരിക്കാം.

4. സ്വയം പര്യാപ്തതയിലേക്ക് വളരുന്നതിന് കുട്ടികൾക്ക് പരിശീലനം നൽകണം

കുട്ടികൾക്ക് സ്വയം ചെയ്യാവുന്നത് അവരെക്കൊണ്ട് തന്നെ ചെയ്യിപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതുണ്ട്. അതോടൊപ്പം അവരുടെ കഴിവുകൾ കണ്ടെത്തി അവ വളർത്തുന്നതിനുള്ള ശ്രദ്ധ മാതാപിതാക്കളുടെ ഭാഗത്തുനിന്നും അനിവാര്യമാണ്. കുട്ടികൾ അവരുടെ കഴിവുകൾ പ്രകടിപ്പിക്കുമ്പോൾ അവരെ അഭിനന്ദിക്കുന്നതിന് അൽപം പോലും അമാന്തം കാട്ടരുത്. അതേക്കുറിച്ച് അഭിമാനപൂർവ്വം അവരോടും മറ്റുള്ളവരോടും പങ്കുവയ്ക്കുക തന്നെവേണം. സ്വയം വസ്ത്രം ധരിക്കാനും സ്കൂൾ ബാഗ് തയ്യാറാക്കുവാനും രാവിലെ വിളിച്ചെഴുന്നേൽപിക്കുന്നതിനും പകരം സ്വയം 'അലാറം' സെറ്റ് ചെയ്ത് ഉണരുന്നതിനുമൊക്കെയുള്ള പരിശീലനം ഇവിടെ പ്രാധാന്യം അർഹിക്കുന്നു. സ്വയം ഭക്ഷണം കഴിക്കാറാവുന്നതുമുതൽ അതിനവരെ പ്രാപ്തരാക്കണം. സ്കൂളിലെ ഹോംവർക്കുകളും മറ്റ് പ്രോജക്ട് വർക്കുകളും സ്വയം ചെയ്യാൻ അവരെ പ്രേരിപ്പിക്കണം. എല്ലാം ചെയ്തുകൊടുക്കുന്നതുവരെ കാത്തിരിക്കാതെ ഉത്തരവാദിത്വങ്ങൾ സ്വയം ഏറ്റെടുത്ത് ചെയ്യുവാൻ അവരെ പ്രാപ്തരാക്കണം. അലക്കാനുള്ള തുണികൾ ശേഖരിക്കുക, ഡൈനിംഗ് ടേബിൾ വൃത്തിയാക്കുക, അതിഥികളെ സ്വീകരിക്കുക തുടങ്ങിയ ജോലികളൊക്കെ ചെയ്യാൻ പരിശീലിപ്പിക്കുന്നതിലൂടെ ഈ ഉത്തരവാദിത്വങ്ങളിലേക്ക് അവരെ വളർത്താൻ കഴിയും. സർവ്വോപരി വീട്ടിലേക്ക് കടന്നുവരുന്നവരെ അഭിവാദനം ചെയ്യാനും തിരികെ യാത്രയാക്കാനും കുട്ടികളെ പരിശീലിപ്പിക്കണം.

5. കുട്ടികളുമായി സമ്പർക്കം പുലർത്തുന്നതിന് ഏറെ സമയം കണ്ടെത്തണം

നമ്മോട് സംസാരിക്കുന്നതിന് കുട്ടികൾക്ക് യാതൊരുവിധത്തിലുള്ള സങ്കോചമോ ഭയമോ തോന്നാത്ത വിധത്തിലുള്ള ബന്ധമായിരിക്കണം കുട്ടികളുമായി നമുക്കുണ്ടാകേണ്ടത്. എന്തും തുറന്നു പറയുന്നതിനും പങ്കുവയ്ക്കുന്നതിനുമുള്ള സ്വാതന്ത്ര്യവും ആർജ്ജവത്വവും കുട്ടികൾക്ക് നമ്മോടനുഭവപ്പെടണം. ഇതിന് സമയം കണ്ടെത്തുന്നതിന് നാം അൽപംപോലും ലുബ്ധത കാട്ടരുത്. കുട്ടികൾക്കുവേണ്ടി അൽപനേരം നമ്മുടെ ടെലിവിഷനും, ലാപ്ടോപ്പും, മൊബൈൽ ഫോണുമൊക്കെ സ്വിച്ചോഫ് ചെയ്യുന്നതിനുള്ള ഹൃദയവിശാലത നമുക്കുണ്ടാകുന്നത് അഭികാമ്യമാണ്. കുട്ടികളെ അകാരണമായി കുറ്റപ്പെടുത്തി ബന്ധത്തിന്റെ ഊഷ്മളത നഷ്ടപ്പെടുത്താതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. കൃത്യമായ ഇടവേളകളിൽ കുട്ടികളുമായി സംസാരിക്കുന്നതിനും ഇടപഴകുന്നതിനും സാധിക്കണം. കുട്ടികൾ മറ്റുള്ളവരോട് പ്രകടമാക്കേണ്ട ഭാഷാ ശൈലിയും ശരീരഭാഷയും ഇതുപോലുള്ള അവസരങ്ങളിൽ അവരുടെ മുമ്പിൽ പ്രകടമാക്കേണ്ടത് അനിവാര്യമാണ്. നമ്മുടെ സ്നേഹം ഉള്ളിലൊതുക്കാതെ അത് പ്രകടമാക്കുകയും ശാസിക്കേണ്ട അത്യാവശ്യ സന്ദർഭങ്ങളിൽ അത് ചെയ്യുകയും കുട്ടികളുടെ കൊച്ചുകൊച്ചു ആവലാതികൾ മനസ്സിലാക്കുവാനും ഇതുപോലുള്ള സമ്പർക്കവേളകളിലൂടെ സാധിക്കണം. ഇതിനുവേണ്ടി കണ്ടെത്തുന്ന സമയം ഭാവിയിലേക്കുള്ള ഒരു വലിയ നിക്ഷേപമാണെന്ന തിരിച്ചറിവ് മാതാപിതാക്കൾക്കുണ്ടാകണം.

കുട്ടികൾ അവരുടെ കഴിവുകൾ പ്രകടിപ്പിക്കുമ്പോൾ അവരെ അഭിനന്ദിക്കുന്നതിന് അൽപം പോലും അമാന്തം കാട്ടരുത്. അതേക്കുറിച്ച് അഭിമാനപൂർവ്വം അവരോടും മറ്റുള്ളവരോടും പങ്കുവയ്ക്കുക തന്നെവേണം.

ഉപസംഹാരം

ചുരുക്കത്തിൽ നമ്മുടെ കുട്ടികളോടുള്ള നമ്മുടെ സമീപനം സൗഹാർദ്ദപരവും സ്നേഹ നിർഭരവുമായിരിക്കണം. തുറന്ന കണ്ണുകളോടെ നമ്മുടെ കുട്ടികളെ വീക്ഷിക്കുവാൻ നമുക്ക് സാധിക്കണം. അവരുടെ വിഷമതകൾ മറ്റുള്ളവർ പറഞ്ഞറിയുന്നതിനുമുമ്പ് കണ്ടെത്താൻ നമുക്ക് കഴിയണം. കുട്ടികളുടെ അധ്യാപകരുമായി മികച്ച ഹൃദയബന്ധം സൂക്ഷിക്കുന്നതിനു മാതാപിതാക്കൾക്കാകണം. അക്കാദമിക പരിശീലനത്തോടൊപ്പം സാമൂഹികമൂല്യങ്ങളും ബന്ധങ്ങളും വളർത്തുന്നതിനും കുട്ടികളെ പ്രാപ്തരാക്കണം. സ്വയം ചെയ്യേണ്ട കാര്യങ്ങൾ അവരെക്കൊണ്ട് തന്നെ ചെയിപ്പിച്ച് സ്വയം പര്യാപ്തതയിലേക്കുയർത്താനും കഴിയണം. കുട്ടികളോട് സൗഹാർദ്ദപരമായ സമ്പർക്കം പുലർത്തുന്നതിൽ മാതാപിതാക്കൾക്ക് പിശുക്ക് ഒഴിവാക്കാം. ഇപ്രകാരം പ്രകാശമാനമായ വ്യക്തിത്വങ്ങളിലൂടെ സമൂഹത്തിന് മികച്ച സംഭാവനകൾ നൽകുന്ന കുട്ടികളെ രൂപപ്പെടുത്തുന്നതിന് നമുക്ക് സാധിക്കട്ടെ.

(2017 ഡിസംബർ 21ന് ആകാശവാണി തിരുവനന്തപുരം നിലയം പ്രക്ഷേപണം ചെയ്ത പ്രഭാഷണത്തിന്റെ ലിഖിതരൂപം)

Practical Ecumenism Among the Churches of Nasrani Tradition

Dr. Devamitra Neelankavil
(Syro Malabar Catholic Diocese of Sagar, MP)

The Malabar Independent Syrian Church (MISC) or the Thozhiyur Church, is celebrating its 250th Anniversary of becoming an Independent Church. In this jubilant occasion I wish to briefly share a few of my thoughts regarding practical aspects of ecumenical relations among various Churches of Mar Thoma Nasrani Tradition.

Churches of Nasrani Tradition

Churches of Nasrani Tradition are seven in number, namely: the Syro Malabar Church, the Jacobite Syrian Church, the Malabar Independent Church, the Chaldean Syrian Church, the Mar Thoma Syrian Church, the Malankara Orthodox Church and the Syro Malankara Church. The most fundamental unifying aspect of these seven Churches is the St. Thomas Tradition and common history until the Udayamperoor Synod in 1599 and Coonan Cross Oath in 1653. That means Nasrani Church remained as one single Christian community 1600 years. This shows we have only 400 years history of division and conflicts. More years are of unity than lesser years of division!

Causes of Division

The Portuguese Padroado had a decisive role in initiating this division. Even among Catholics, especially among the oriental Catholics Portuguese Padroado involvement and Udyamperoor Synod are considered illegal. By saying this I do not deny the position of those who consider both as very important legal involvement of Roman Church in a crucial situation. Whatever maybe one's opinion about these historical facts, Portuguese Padroado involvement and Udyamperoor Synod definitely initiated divisions in the Nasrani Church which remained 1600 years together as one single Church.

The Nestorian Heresy

The Roman Church accused the Nasranis the Nestorian heresy in the context of Udyamperoor Synod. It may be the discussion of that time. The post-Vatican II developments in the Catholic Church initiated successful dialogue with the Assyrian Church of the East and reached to the point of signing a common declaration by Pope St. John Paul II and His Holiness Patriarch Mar Dinha IV on 11 November 1994. The declaration says: "In the light of this same faith the Catholic tradition addresses the Virgin Mary as "the Mother of God" and also as "the Mother of Christ". We both recognize the legitimacy and rightness of these expressions of the same faith and we both respect the preference of each Church in her liturgical life and piety. This is the unique faith that we profess in the mystery of Christ. The controversies of the past led to anathemas, bearing on persons and on

formulas. The Lord's Spirit permits us to understand better today that the divisions brought about in this way were due in large part to misunderstandings. Whatever our Christological divergences have been, we experience ourselves united today in the confession of the same faith in the Son of God who became man so that we might become children of God by his grace. We wish from now on to witness together to this faith in the One who is the Way, the Truth and the Life, proclaiming it in appropriate ways to our contemporaries, so that the world may believe in the Gospel of salvation." Thus, practically there is no more so called 'Nestorian Heresy' or the 'Nestorians' for the Catholics. As the declaration itself says: "we experience ourselves united today in the confession of the same faith in the Son of God who became man so that we might become children of God by his grace."

The Jacobite Heresy

After the Coonan Cross Oath in 1653 the non-Catholic counterpart of the Nasrani Church or Mar Thoma Nasranis accepted the Antiochian Faith. Antiochians were popularly known as Jacobites after the name of Mar Jacob Burdono. Non-Chalcedonian doctrines along with the teachings of Mar Jacob Burdono shared by the Oriental Orthodox Churches became faith of non-Catholic Mar Thoma Nasranis. Catholics considered it as a heresy and had no collaboration with the non-Catholic section of Nasranis. The attitude was same with the non-Catholic section of Nasranis also. After Vatican II there started effective dialogue with various denominations of Christians. The Apostolic Churches had abetter preference and possibility for such dialogue. On 27 October 1971, His Holiness Pope Paul VI and His Holiness Mar Ignatius Jacoub III signed a document where the misunderstandings regarding various theological aspects declared clarified. The document says as follows: "Progress has already been made and Pope Paul VI and the Patriarch Mar Ignatius Jacoub III are in agreement that there is no difference in the faith they profess concerning the mystery of the Word of God made flesh and become really man, even if over the centuries difficulties have arisen out of the different theological expressions by which this faith was expressed." With this the so-called Jacobite heresy is no more a heresy for a Catholic. Regarding faith the Jacobite Church share the same or similar faith with the Catholics.

Practical Outcome of the Declarations

The above mentioned two declarations became basis for further dialogue with the so-called Nestorians and Jacobites. Hence, also with all the Churches who follow those two theological schools. As a result of such fruitful dialogue now both these Churches have many ecumenical agreements such as sharing of churches and cemeteries wherever it is needed, participation in Holy Eucharist where one or other Church do not have their own liturgical services. In case of urgency to receive Sacrament of Confession of sins and anointing of the sick etc...With the Syrian Antiochian Orthodox Church and Catholic Church have also agreements regarding inter-Church marriages. These are the practical areas the ecumenical dialogue reached so far. Churches need to dialogue a lot more to reach a better level of communion.

Major Disagreements Still Need Consideration

There are a few more major disagreements between the Catholic Church and the non-Catholic Churches. The first one is the supremacy of Pope. Catholics agree the universal personal jurisdiction of Pope, the Bishop of Rome as the successor of Peter. Though most of the non-Catholic Churches agree Pope as 'the first among the equals', they do not agree the supremacy of Pope as the universal Pastor. The second area of disagreement is 'infallibility' of Pope when he teaches officially or define a dogma. This the non-Catholics in general do not agree. The third is 'non-Catholics' becoming

'Catholics'! This of course is not practical for most of the non-Catholics, especially the Orthodox. To give up the autonomy and freedom and join the Catholic Church accepting its Dogmas and Canons is considered even as a hurting idea.

Suggestions for Practical Ecumenism

All becoming Catholic is an ideal thing for Catholics. Normally this ideal ecumenical practice is called coming back to full communion or reunion etc…This may not be the ideal thing for non-Catholics. Therefore, we need to find out ways and means to be practical in the ecumenical field. I suggest the following in the context of the Mar Thoma Nasranis or for the Churches of St. Thomas tradition:

1. Teach also the laity about the ecumenical dialogues and theological understanding so far reached. Once difficulties and misunderstandings about faith is removed or clarified there is a possibility of communion in faith or sharing of faith.

2. Constitute a Mar Thoma Nasrani Synod. By this I mean to have a yearly meeting of all Bishops of the seven Churches of St. Thomas tradition. Periodical meeting of laity and clergy also will bring more understanding among various Churches of this tradition.

3. Have mutual agreements regarding Marriage and participation in other Sacraments. Regarding Sacraments only Mar Thoma Syrian Church has some theological difference. All other Churches have theological agreement regarding this. The theological dialogue with the Assyrian Church of the East is also in progress regarding the Sacraments.

4. Local collaboration and fellowship during feasts and celebrations. Invite each other for the feasts and celebrations in local bodies like parishes and mission centres.

5. Do share the church buildings and cemeteries for the use of other Churches where is needed. Reach mutual agreements regarding this.

My Personal Experience with the Thozhiyur Church

My home village is Peramangalam and my parish is St. Mary's Syro Malabar Catholic Church. In our Parish territory there were only a few families of Thozhiyur Church as non-Catholics. All of them were very cooperative in every aspect with the Catholic faithful living next to them. In fact, the nearest neighbour who share the fencing of the Catholic Church is Panakal Family of Thozhiyur Church! Except Holy Qurbana and other parish activities the members of Thozhiyur Church were one with the Catholics. This gives a good practical example of living the difference peacefully and faithfully with all possible collaboration and friendship. I witnessed this kind of ecumenism right from my childhood and I appreciate with esteem this fraternity keeping one's ecclesial identity. I must also note here for my priestly ordination Joseph Mor Kurilos Valiya Metrapolita was present in Madbaha and he gifted me a cross. It is placed at my home altar and venerated with due respect. I used to visit Valiya Metrapolitha every possible occasion and I also was present for his funeral service. This kind of personal relationship and friendship is inevitable aspect of ecumenism and I see that in my own village and parish.

Conclusion

On this jubilant occasion of this ancient Church, I was trying to briefly share my appreciation about the Malabar Independent Syrian Church or the Thozhiyur Church while suggesting possible areas of practical ecumenism among various Churches of the St. Thomas or Mar Thoma Nasrani tradition. I hope this dream will come true one day and all Churches of St. Thomas tradition who shared the same history for more than 1600 years shall one day be united in faith and morals through mutual collaboration and friendship keeping one's own identity and autonomy.

എം.പി. കൊച്ചുമോൻ
പോർക്കുളം

ചരിത്രവീഥിയിലെ ചില ഇരുണ്ട ഗർത്തങ്ങൾ

പക്ഷപാതപരമല്ലാത്ത ചരിത്ര രചനകൾ വിരളമാണ്. മലങ്കര സഭ അന്നോളം പിന്തുടർന്നു പോന്ന സിറിയൻ വിശ്വാസം അചഞ്ചല മായി നിലനിൽക്കണമെന്ന ആഗ്രഹ ത്തെ മുൻനിർത്തി പരിശുദ്ധ കാട്ടു മങ്ങാട്ടെ ബാവാമാർ അനുഭവി ക്കേണ്ടി വന്ന പീഢനവും കഷ്ട തയും നിറഞ്ഞ ജീവിതം കണ്ടെത്തു വാൻ അതുമായി ബന്ധപ്പെട്ട പുസ്തകങ്ങളും മറ്റും പരിശോധി ച്ചപ്പോൾ എനിക്കു ബോധ്യപ്പെട്ട സംഗതിയാണിത്. നിഷ്പക്ഷമതി കളെ പോലും തെറ്റിദ്ധരിപ്പിക്കുവാൻ ഇത്തരം രചനകൾക്കു കഴിയുന്നു വെന്നതാണ് സത്യം. അതിനു മുഖ്യ മായും ഒരു കാരണമുണ്ടായിരുന്നു. സഭ സ്ഥാപിക്കപ്പെട്ടതിനു ശേഷം രണ്ടു നൂറ്റാണ്ടുകൾ പൂർത്തിയാകു ന്നതു വരെയും നമ്മുടെ സഭാച രിത്രം ഇരുളടഞ്ഞ നിലവറകളിൽ മറഞ്ഞു കിടക്കുകയാണുണ്ടായത്. അന്ത്യോക്യൻ പ്രതിനിധിയായി മല ങ്കരയിലെത്തിയ യുയാക്കീം മാർ കൂറിലോസ് 1856 ൽ തൊഴിയൂർ മെത്രാപ്പോലീത്തായായി വാഴി ക്കപ്പെട്ട ജോസഫ് മാർ കൂറിലോസ് മെത്രാപ്പോലീത്തായ്ക്കെതിരെ നൽകിയ കേസുകളുടെ ഭാഗമായി കോടിതികൾക്കു മുന്നിൽ ഹാജരാ ക്കിയ കടലാസുകളിലല്ലാതെ ചരിത്രം സാധാരണക്കാരുടെ ഇട യിലേക്കെത്തുവാനുള്ള ഒരു ശ്രമവും അന്നോളം നടക്കുകയുണ്ടായില്ല. മറ്റുള്ളവരാൽ സൃഷ്ടിക്കപ്പെട്ടവ യല്ലാതെ, ഇങ്ങനെയൊരു സഭ രൂപ പ്പെടുന്നതിനു കാരണമായ സംഭവ ങ്ങളും അതിനു ദൈവത്താൽ നിയുക്തരായ പരിശുദ്ധ കാട്ടുമ ങ്ങാട്ടെ ബാവാമാരുടെ ജീവിതവും കണ്ടെത്തുന്നതിനോ, അതു പ്രചരി പ്പിക്കുന്നതിനോ നമ്മുടെ ഭാഗത്തു നിന്നും കാര്യമായ ഒരു പ്രവർത്ത നവും ഉണ്ടായില്ല എന്നത് ഒരു യഥാർത്ഥ്യമാണ്. രണ്ടാം ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായിട്ടാണ് 1972 ൽ പൗലോസ് മാർ പീലക്സി നോസ് മെത്രാപ്പോലീത്തായുടെ കാലത്ത് നമ്മുടെ സഭയുടെ ചരിത്രം ആദ്യമായി പ്രസിദ്ധീകരിക്കപ്പെ ടുന്നത്. ഫാ.കെ.സി.വർഗ്ഗീസ് തയ്യാറാക്കിയ 'മലബാർ സ്വതന്ത്ര സുറിയാനി സഭാ ചരിത്രം" എന്ന പ്രസ്തുത പുസ്തകത്തിനു മുമ്പ് നമ്മുടേതായ ഒരു പുസ്തകവും ലഭ്യമായിരുന്നില്ല. അതായത് 250-ാം വാർഷികം ആഘോഷിക്കുന്ന നമ്മുടെ സഭയുടെ ചരിത്രം ഒരു

പുസ്തകമായി പുറംലോകം കാണുന്നത് വെറും 50 വർഷങ്ങൾക്ക് മുമ്പ് മാത്രമാണ്. അതിന്റെ തന്നെ കോപ്പികൾ ഇന്ന് നമുക്കിടയിൽ ലഭ്യവുമല്ല. ജോസഫ് മാർ കൂറിലോസ് വലിയ മെത്രാപ്പോലീത്താ പലപ്പോഴും ആശങ്കപ്പെടാറുണ്ടായിരുന്ന ഒരു സംഗതിയും അതായിരുന്നു. "നമ്മെക്കുറിച്ച് മറ്റുള്ളവർ അറിയാതെ പോയെങ്കിൽ അതിന്റെ ഉത്തരവാദിത്വം നമുക്കു തന്നെയാണ്".

നിലവിലുള്ള ഒരു ചരിത്ര പുസ്തകവും കാട്ടുമങ്ങാട്ടെ അബ്രഹാം മാർ കൂറിലോസിന്റെ സ്ഥാനാരോഹണത്തെ ന്യായീകരിക്കുന്നില്ല. മറിച്ച് വാസ്തവം മറച്ചു വെയ്ക്കാനുള്ള ബോധപൂർവ്വമായ ശ്രമങ്ങളാണ് നടത്തിയിട്ടുള്ളത്. സഭാചരിത്ര പഠനവും അതിന്റെ പ്രചാരണവും നമ്മുടെ യുവജന പ്രസ്ഥാനം ഏറ്റെടുത്തതിനെ തുടർന്ന് 1994 ലാണ് ഞാൻ ആ ജീവിതം പഠന വിഷയമാക്കുന്നത്. അതിന് ഏതാണ്ട് രണ്ടു വർഷം മുമ്പ് ഇംഗ്ലണ്ടിൽ നിന്നും പ്രസിദ്ധീകരിക്കപ്പെട്ട ജോൺ ആർ.കെ.ഫെൻവിക്കിന്റെ "The Malabar Independent Syrian Church" എന്ന പുസ്തകവും അക്കൂട്ടത്തിൽ ഞാൻ വായിക്കുകയുണ്ടായി. നേരത്തെ പറഞ്ഞ പുസ്തകങ്ങളൊന്നും നമ്മുടെ സഭയുടെ ഭാഗത്തു നിന്നും സൃഷ്ടിക്കപ്പെട്ടവയല്ല എന്നുള്ളത് കൊണ്ട് അവയെല്ലാം നമുക്ക് തൽക്കാലം അവഗണിക്കാം. എന്നാൽ നമ്മുടെ സഭയുടെ അഭ്യുദയം ഉദ്ദേശിച്ച് രചിക്കപ്പെട്ട മേൽ പറഞ്ഞ പുസ്തകത്തിൽ പോലും ഇത്തരം അബദ്ധം കടന്നു കൂടുകയുണ്ടായി. നമ്മുടെ സഭയെ സംബന്ധിച്ച് അതിലെ വിവാദ പരാമർശം വലിയൊരു പ്രതിസന്ധിയാണ് സൃഷ്ടിക്കുന്നത്. അതു കൊണ്ടു തന്നെ സഭയുടെ അന്നത്തെ മേലദ്ധ്യക്ഷൻ എന്ന നിലയിൽ ജോസഫ് മാർ കൂറിലോസ് മെത്രാപ്പോലീത്തായെ ഇക്കാര്യം ഞാനുണർത്തിച്ചു. എങ്കിൽ കണ്ടെത്തിയ കാര്യങ്ങൾ വെച്ച് ഒരു കത്ത് ശരിയാക്കി കൊടുത്താൽ അത് റവ.ഡോ. ഫെൻവിക്കിന് അയച്ചു കൊടുക്കുന്ന കാര്യം തിരുമേനി ഏൽക്കുകയും ചെയ്തു. അതനുസരിച്ച് ഞാനൊരു വിശദമായ കത്ത് തയ്യാറാക്കി തിരുമേനിയെ ഏൽപിച്ചു. തിരുമേനിയാകട്ടെ അത് സ്വയം ടൈപ്പ് ചെയ്ത് റവ. ഫെൻവിക്കിന് അയച്ചു കൊടുക്കുകയും ചെയ്തു. 1994 ജൂൺ 29 -ാം തിയ്യതി അയച്ച ആ കത്തിന്റെ പ്രസക്ത ഭാഗങ്ങൾ പരിഭാഷപ്പെടുത്തി താഴെ കൊടുക്കുന്നു.

മലബാർ സ്വതന്ത്ര സുറിയാനി സഭാ ചരിത്രത്തിന്റെ ഒരു ഇംഗ്ലീഷ് പതിപ്പ് എന്നത് അങ്ങയുടെ കഠിനാദ്ധ്വാനത്തിന്റെ ഫലമാണ്. ലോകം മുഴുവൻ ഈ സഭയെ അറിയാനിടയാക്കിയേക്കാവുന്ന ആ രചന ഞങ്ങളുടെ അഭിനന്ദനവും കൃതജ്ഞതയും അർഹിക്കുന്നു. എന്നാൽ അബ്രഹാം മാർ കൂറിലോസ് ബാവായുടെ സ്ഥാനാരോഹണം സംബന്ധിച്ച് ചില സംശയങ്ങൾ ബാക്കിയാവുന്നുണ്ട്. ഞാൻ വായിച്ചു മനസ്സിലാക്കിയ പുസ്തകങ്ങളിൽ നിന്നും കണ്ടെത്തിയ ചില കാര്യങ്ങൾ ഇവിടെ കുറിക്കുകയാണ്. ആയതു പരിശോധിച്ച് അക്കാര്യത്തിൽ ഒരു പുനർചിന്തനം നടത്തണമെന്ന് അങ്ങയോട് അഭ്യർത്ഥിക്കുന്നു. 1772-ൽ അതായത് ആറാം മാർത്തോമ്മായുടെ 1770-ലെ പുനരഭിഷേകത്തിനു ശേഷം മാത്രമേ മാർ കൂറിലോസ് സ്ഥാനമേറ്റിരുന്നുള്ളൂവെന്ന് സൂചിപ്പിക്കുവാൻ ടി.പുസ്തകത്തിന്റെ 16, 17 പുറങ്ങളിലായി അങ്ങ് ഇങ്ങനെ പറയുകയുണ്ടായി. "കൂടുതൽ അനുയോജ്യനായ മാർ കൂറിലോസിനെ നേരത്തെത്തന്നെ വാഴിച്ചിരുന്നുവെങ്കിൽ പിന്നെന്തിനാണ് മാർ ഗ്രീഗോറിയോസ് ആറാം മാർത്തോമ്മായെ പുനരഭിഷേകം ചെയ്തത്. അതു കൊണ്ട് മാർ കൂറിലോസിന്റെ സ്ഥാനാരോഹണം പിന്നീടു മാത്രം നടന്നതാവാനാണ് സാധ്യത".

അങ്ങയുടെ ഈ പ്രസ്താവന തിരിച്ചും ഒരു ചോദ്യമുയർത്തുന്നുണ്ട്. "മലങ്കര സഭയുടെ ഔദ്യോഗിക മെത്രാനായ ആറാം മാർത്തോമ്മ യുണ്ടായിരുന്നെങ്കിൽ പിന്നെന്തിനാണ് മാർ ഗ്രീഗോറിയോസ് മാർ കൂറിലോസിനെ വാഴിച്ചത്"?

ആദ്യത്തേതിനുള്ള മറുപടിയെന്ന നിലയിൽ ഞാൻ ചില വസ്തുതകൾ ഇവിടെ കുറിക്കട്ടെ.

മാർ കൂറിലോസിന്റെ വാഴ്ച മലങ്കര ക്രിസ്ത്യാനികളെ രണ്ടു ചേരിയാക്കി മാറ്റുന്നതിനു കാരണമായി. ഒരു വിഭാഗം പ്രത്യേകിച്ച് വടക്കൻ പ്രദേശക്കാർ കൂറിലോസിനേയും മറു വിഭാഗം പകലോമറ്റം മെത്രാന്മാരേയും അനുകൂലിക്കുന്നവരായിരുന്നു. മലങ്കര സഭ നാളിതുവരെ പിന്തുടർന്നു പോന്ന സിറിയൻ വിശ്വാസസംരക്ഷണമായിരുന്നു ഒന്നാമത്തെ വിഭാഗം ആഗ്രഹിച്ചത്. എന്നാൽ റോമൻ വിശ്വാസത്തിലേക്കുള്ള ചായ്‌വ് പ്രകടിപ്പിച്ചിരുന്ന പകലോമറ്റം കുടുംബവാഴ്ചയെ പിന്തുണയ്ക്കുവാനാണ് മറുഭാഗം ശ്രമിച്ചത്. എന്തായാലും ഇരു വിഭാഗങ്ങളും തമ്മിൽ കൂടെ കൂടെ സംഘർഷം സൃഷ്ടിക്കുന്ന നിലയിലേക്ക് കാര്യങ്ങൾ എത്തിയപ്പോൾ തിരുവിതാംകൂർ രാജാവിന് ഇടപെടാതിരിക്കാൻ നിവൃത്തിയില്ലാതെ വന്നു. അങ്ങനെ തിരുവിതാംകൂർ മഹാരാജാവ് രാജ്യത്ത് ക്രമസമാധാനം നിലനിർത്തുന്നതിനായി ഒരു ഒത്തു തീർപ്പെന്ന നിലയിൽ മുന്നോട്ടുവെച്ച നിർദ്ദേശമനുസരിച്ചാണ്

മാർ ഗ്രീഗോറിയോസ് ആറാം മാർത്തോമ്മായെ മാർ ദിവന്നാസിയോസ് എന്ന നാമത്തിൽ പുനരഭിഷേകം ചെയ്യുന്നത്. (സദസ്യ തിലക ടി.കെ.വേലുപ്പിള്ള എഴുതിയ ട്രാവൻകൂർ സ്റ്റേറ്റ് മാനുവൽ, പുറം 716) എന്നാൽ അബ്രഹാം മാർ കൂറിലോസ് ആറാം മാർത്തോമ്മായുടെ പുനരഭിഷേകത്തിനു മുമ്പു തന്നെ പട്ടമേറ്റിരുന്നുവെന്ന് കാണിക്കുന്ന ചില സൂചനകൾ നോക്കാം.

1. 1769 ഡിസംബർ 9-ാം തിയ്യതി എന്ന് രേഖപ്പെടുത്തി മാർ കൂറിലോസ് പകർത്തിയെഴുതിയ തക്സ.

2. 1767 മുതൽ 1771 വരെയെന്ന് രേഖപ്പെടുത്തിയ, തേവനാൽ വനത്തിലെ അജ്ഞാത വാസകാലത്ത് മാർ കൂറിലോസ് രണ്ടാമൻ പകർത്തിയെഴുതിയ ഒരു പ്രാർത്ഥനാപുസ്തകം.

3. കൊല്ലവർഷവും ക്രിസ്തുവർഷവും തമ്മിൽ കണക്കാക്കുമ്പോൾ വരുന്ന വ്യത്യാസം (മലബാർ സ്വതന്ത്ര സുറിയാനി സഭാ ചരിത്രത്തിൽ ഫാ. കെ.സി.വർഗ്ഗീസ് ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. പുറം 35)

4. കൊച്ചി രാജാക്കന്മാരുടെ കാലത്തു നിലനിന്നിരുന്ന മോതിരമണിയിക്കൽ സമ്പ്രദായം. ഇതിന്റെ വിശദവിവരങ്ങൾ "യാക്കോബായ സഭയും, ഓർത്തഡോക്സ് വിശ്വാസവും" എന്ന പുസ്തകത്തിൽ ശ്രീ. പി.സി.ജെയ്ക്കബ് നൽകുന്നുണ്ട് (പുറം 48, 49). അതനുസരിച്ച് മലങ്കര മെത്രാൻ അഭിഷിക്തനാകുമ്പോൾ കൊച്ചി രാജാവ് മലങ്കര മെത്രാനെ മോതിരമണിയിക്കുകയും തിരിച്ച് കൊച്ചി രാജാവിന്റെ സ്ഥാനാരോഹണ സമയത്ത് മലങ്കര മെത്രാൻ രാജാവിനെ മോതിരമണിയിക്കുകയും ചെയ്യുന്ന രീതി നിലനിന്നിരുന്നു. ഇത് ഒന്നാം മാർത്തോമ്മായുടെ കാലം മുതൽ അനുവർത്തിച്ചു വന്നിരുന്നതായി മാർ കൂറിലോസ് മെത്രാൻ ശക്തൻ തമ്പുരാനയച്ച ഒരു ഹരജിയിൽ സൂചിപ്പിക്കുന്നുണ്ട്. പുത്തേഴത്തു രാമൻ മേനോൻ എഴുതിയ "ശക്തൻ തമ്പുരാൻ" എന്ന പുസ്തകത്തിൽ ഇതിന്റെ വിവരണങ്ങളുണ്ട് (പുറം 287). മലങ്കര മെത്രാൻ എന്ന നിലയിൽ കൊച്ചി രാജാവ് മോതിരമണിയിച്ചത് മാർ കൂറിലോസിനെയാണ്; അല്ലാതെ മാർ ദിവന്നാസിയോസിനെയായിരുന്നില്ല.

മലങ്കര മെത്രാൻ അഭിഷിക്തനാകുമ്പോൾ കൊച്ചി രാജാവ് മലങ്കര മെത്രാനെ മോതിരമണിയിക്കുകയും തിരിച്ച് കൊച്ചി രാജാവിന്റെ സ്ഥാനാരോഹണ സമയത്ത് മലങ്കര മെത്രാൻ രാജാവിനെ മോതിരമണിയിക്കുകയും ചെയ്യുന്ന രീതി നിലനിന്നിരുന്നു.

ഇത്രയും വസ്തുതകൾ സൂചിപ്പിക്കുന്നത് മാർ കൂറിലോസ് മാർ ദിവന്നാസിയോസിനു മുമ്പു തന്നെ പട്ടമേറ്റിരുന്നുവെന്നാണ്. ഈ സംഗതികൾ കൂടി പരിഗണിച്ച് ഒരഭിപ്രായം എഴുതിയറിയിച്ചാൽ നമ്മുടെ വായനക്കാരുടെ തെറ്റിദ്ധാരണ നീക്കുവാൻ അതു സഹായകമാകും.

ഈ കത്തിനുള്ള മറുപടിയെന്നോണം അദ്ദേഹം വ്യക്തിപരമായി ഒരു കത്തും, പ്രസിദ്ധീകരണത്തിന്നായി ഒരു വാർത്താകുറിപ്പും അയച്ചു തന്നു. ആയതിലെ പ്രസക്ത ഭാഗങ്ങളുടെ പരിഭാഷ ഇവിടെ കുറിക്കുന്നു.

"താങ്കൾ പറഞ്ഞിരിക്കുന്ന പുസ്തകങ്ങൾ കേരളത്തിൽ മാത്രം ലഭിക്കുന്നതായതിനാലും അവതന്നെ പലതും മലയാള ഭാഷയിലുള്ളതായതിനാലും എനിക്ക് കണ്ടെത്തുവാനോ വായിച്ചു മനസ്സിലാക്കുവാനോ കഴിയാതെ പോയവയാണ്. അസ്സൽ കോപ്പികൾ ഞാൻ കണ്ടിട്ടില്ല. നിങ്ങൾ പറഞ്ഞ കാര്യങ്ങൾ വാസ്തവമാണെങ്കിൽ തീർച്ചയായും മാർ ദിവന്നാസിയോസിനു മുമ്പു തന്നെ മാർ കൂറിലോസ് സ്ഥാനമേറ്റുവെന്ന് തീർച്ചപ്പെടുത്താവുന്നതാണ്." (ഈ വാർത്താകുറിപ്പിന്റെ പൂർണ്ണരൂപം "കുഞ്ഞാടുകളുടെ വെളിച്ചം" മാസികയുടെ 1995 ജനുവരി ലക്കത്തിൽപ്രസിദ്ധീകരിച്ചിട്ടുണ്ട്)

ഒരർത്ഥത്തിൽ അദ്ദേഹത്തിന്റെ അടുത്ത പുസ്തകമായ 'The Forgotten Bishops' എന്ന ബൃഹത് ഗ്രന്ഥത്തിൽ കാട്ടുമങ്ങാട്ടെ അബ്രഹാം മാർ കൂറീലോസ് ബാവായുടെ സ്ഥാനാരോഹണം സംബന്ധിച്ചുള്ള അന്വേഷണങ്ങൾക്ക് ഈ കത്ത് ഒരു പ്രചോദനമായിരുന്നുവെന്ന് കാണാവുന്നതാണ്. അക്കാര്യം അദ്ദേഹം പ്രസ്തുത പുസ്തകത്തിലെ Acknowledgement ൽ സൂചിപ്പിക്കുകയും ചെയ്യുന്നുണ്ട്. Particular Thanks are due to Mr. M.P.Kochumon, who stimulated my examination of the sequence of events surrounding the consecretion of Mar Koorilose I. പ്രസ്തുത പുസ്തകത്തിൽ കാട്ടുമങ്ങാട്ടെ അബ്രഹാം മാർ കൂറിലോസിന്റെ സ്ഥാനാരോഹണത്തെക്കുറിച്ച് വിശദീകരണങ്ങൾ നടക്കുന്നിടത്തെല്ലാം നമ്മൾ സൂചിപ്പിച്ച ഈ തെളിവുകൾ വിശദമായി പ്രതിപാദിക്കുന്നുമുണ്ട്.

മേൽപ്പറഞ്ഞ പുസ്തകത്തിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകവെ നമ്മുടെ സഭാ ചരിത്രത്തെ

സംബന്ധിക്കുന്ന വിഷയങ്ങളിൽ സംശയനിവാരണത്തിനായി അദ്ദേഹം ജോസഫ് മാർ കൂറിലോസ് വലിയ മെത്രാപ്പോലീത്താ വഴി കൂടെകൂടെ കത്തുകളയക്കുമായിരുന്നു. അക്കൂട്ടത്തിൽ രണ്ടു വ്യത്യസ്ത സന്ദർഭങ്ങളിലായി അദ്ദേഹം തിരുമേനിക്കെഴുതി:

Iam pleased to tell you that I have found several early sources that say Mar Koorilose I was consecrated Bishop by Maphrian Mar Basseliose. This seems to support Mr.Kochumon's research (17-7-2007). I hope that Mr.Kochumon will be pleased at the news of my researches. It is good to have been able to show that he was correct about the consecration of Mar Koorilose Bava having taken place before that of Mar Dionysius I (23-7-2007).

വർഷങ്ങൾക്കു മുമ്പു നടന്ന ഈ കാര്യങ്ങൾ ഇപ്പോൾ ഇവിടെ കുറിക്കുമ്പോൾ ഞാനാഗ്രഹിക്കുന്ന ഒരു കാര്യമുണ്ട്. നമ്മുടെ സഭാചരിത്രം ഇത്തരത്തിലുള്ള നിരവധി വെല്ലുവിളികൾ നേരിടുന്നുണ്ട്. നമ്മെ കണ്ടെത്തുവാനുള്ള ശ്രമകരമായ വഴിയിൽ പതിയിരിക്കുന്ന ചതിക്കുഴികളാണവ. പ്രത്യക്ഷത്തിൽ സത്യമാണെന്നു തെറ്റിദ്ധരിക്കാവുന്ന അബദ്ധങ്ങൾ. അവ തിരിച്ചറിയുന്നതിനും, തെറ്റുകളെ തിരുത്തുന്നതിനും, അതു പ്രചരിപ്പിക്കുന്നതിനും നമ്മുടെ പുതിയ തലമുറയ്ക്കൊരു പ്രചോദനമാകണം. അങ്ങനെ കുറഞ്ഞ പക്ഷം നമ്മുടെ സഭാ മക്കളിലെങ്കിലും നമ്മെ കുറിച്ചുള്ള ഒരു ശരിയായ ചരിത്ര ബോധം സൃഷ്ടിക്കുന്നതിന് അതു വഴി നമുക്ക് കഴിയുമാറാകണം. ആയതിന് സർവ്വശക്തനായ ദൈവം നമ്മെ സഹായിക്കുമാറാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

THE CHURCH'S RELEVANCE IN TODAY'S WORLD

How do we define the term "Church"?
We can certainly look around for evidence.

The word "church" literally means "called-out ones." "Church" is the translation of the Greek term ekklesia, and is used in the New Testament to identify the community of believers in Jesus Christ.

We have been called out of this sinful world to be a holy people, to be set apart for God's great purpose.

When I say the church, I mean the people of God, not a structure.

The Bible describes God's people in various ways. There is no church or temple in the Old Testament, from Genesis to Exodus – the time of Moses. God chose Israel, and God dwelt among them (Immanuel – God with us).



Biju Mathai,
Assistant Editor,
Manorama Yearbooks,
Malayala Manorama,
Kottayam

Following the Judges' period, a temple was built. Similarly, following the exile, the temple was restored during the reign of Ezra, where God's extraordinary presence was manifested.

We read in the gospels about our Lord dwelling among His people and going to the temple to preach, teach, and heal people. Churches have traditionally been modelled after the tabernacle (Acts 7:48 / 1 Kings 8:27) and were driven by law, but in the New Testament, the Lord Jesus remodelled the temple and referred to each believer as a temple of the living God, driven by faith and the power of the Holy Spirit. Now every believer is a temple of the living God.

The Church's Characteristics

Jesus said,"I will build my church" (Mt 16:18) Jesus is the author and finisher of faith. The Church is Christ's Body, and Christ is its Head. The Church is invisible, universal, a place of fellowship, a social witness, with a mission for evangelism and good-works. Our Master died, was raised from the dead, and ascended to the Father, leaving us, the Church, with the most important task in the world: to complete His work and proclaim His great salvation throughout the world. To accomplish this, each of us must commit to a living relationship with the living God.

As members of God's household, we must commit to one another. We must commit to knowing, following, and defending God's Word of Truth. It means that God has positioned the Church (you and me) here to reveal His Son to the world, even as Jesus Christ revealed God when He was on this earth.

We must grasp a new vision of what God desires for His church, as expressed locally, and commit ourselves to this church. We need to make it happen right here, so that people can say, " When God reigns among His people, they become a city set on a hill that cannot be hidden." The Lord desires that we, as His people, see the significance of the church in its role of revealing the risen and ascended Christ. To grasp that vision, we must first comprehend the significance of Christ's incarnation (Christ revealing God in human flesh).

The Church's Crucial Role

Its purpose is to be a pillar and support for God's truth, which is centred on the person of Jesus Christ. The church reveals Christ to the world (3:14-15). God continues to be personified (take human form), not only in Jesus Christ, but also in the church. Jesus is God personified (incarnate); the church is Jesus personified (incarnate). Please keep in mind that each personification of Christ is unique.

God took on human flesh as a baby of Mary and grew up to die on the cross for our sins once and only once in history. That occurrence will never happen again.

Jesus was bodily raised from the dead and bodily ascended into heaven. He will physically return to earth to reign as king. In another sense, Jesus is not only incarnate in heaven now; He is also incarnate in His disciples, the church. We are the visible expression to the world of the Saviour who is presently living in each one of us.

The Church as God's Kingdom

Our church experiences should be comparable to those of God's kingdom. "For the kingdom of God is not eating and drinking, but righteousness and peace and joy in the Holy Spirit," St Paul explains in Rom14:17. It is to be experienced and lived fully – power and glory (Mathew 5:16). In the same breath, Jesus instructs his disciples to give, pray, and fast in private, rather than practising our righteousness in front of others in order to be seen (Mt 6:1-19) Even though local churches have flaws and imperfections, we still gather to be a part of God's church.

The Christian way of life would be impossible to live if we did not have fellowship. We serve Jesus and His kingdom. We count on the inspiration of God's word for strength and direction. He is the wind in our sails and the fuel for

fire. We are nothing without Jesus Christ. Let us take look at how St. Paul shows the importance of the church through four word images:

A. "THE HOUSEHOLD OF GOD"

The church is viewed as God's extended family, with God as the head of the household. It is primarily concerned with the relationships that should be formed among those in the church who should reflect Christ to the rest of the world.

We're not just a group of people who gather in the same place every week for worship and instruction. We must change our perspective on the local church. We are to become God's family, which entails relationships.

While not everyone in a mega church (in membership) can get to know everyone else well, there should be a caring relationship where a person can be nurtured to maturity in Christ within a family-like atmosphere.

The church, as God's household, is to reflect the person of Jesus Christ, who dwells in each of us and in our midst, through relationships.

B. "THE CHURCH OF THE LIVING GOD,"

The church is the place where the living God dwells and works.

The phrase "the church of the living God" focuses on our relationship with God, just as the phrase "the household of God" focuses on our relationships with one another (Rom. 9:25-26).

C. "THE PILLAR OF TRUTH"

In some ways, the truth is absolute and self-contained. God's revealed truth in Jesus Christ is true whether we believe it or proclaim it. In another sense, however, the church defends and supports the truth. God works in the church. Jesus is constructing his church (Matt. 16:18).

God has chosen to make disciples through the local church (Matthew 28:18-20), and his work through the church will continue until Jesus returns. We must be connected to a local church in order to participate in God's work on Earth.

We are to support one another. The local church is the only place where such commands can thrive even though the local church is full of people from various backgrounds and personalities.

The church is Christ's body, with Jesus at its head.

* For even though we have many members in one body, and not all the members have the same office,

*we are all very different, possessing different talents and giftings, as stated in Romans 12:4."Yes, spending time with other Christians can provide us with encouragement. If we choose who we are or avoid spending time with one another, we limit the body of Christ. However, as the body of Christ, we are all striving for God's glory. He was able to redeem what Adam and Eve had lost because He is the head of His body.

D. THE CHURCH IS CHRIST'S BRIDE.

All those who have accepted Jesus Christ as their Lord and Saviour make up the bride of Christ.

They are His true disciples.

They have made a commitment to serve God with their talents, time, money, strength, and soul.

In Revelation 19:7, it reads Let us rejoice and be exceeding glad, and let us give glory unto him: for the marriage of the Lamb is come, and his wife hath made herself ready."

Churches of Kerala: A Brief History

Christians can be traced back to 52 AD to the ministry of the gospel of Jesus Christ attested by many signs and wonders attributed to Thomas the Apostle. He converted many natives to Christianity and the became followers of Jesus of Nazareth came to be known as Nasrani people and their church as the Malankara Church. He is said to have

ordained leaders to lead the seven Christian communities he founded [Cranganore (Malankara), Chavakad (Palur), Parur near Alwaye, Gokamangalam, Niranam, Nilakkal (Chayal), and Quilon (Kalyan)].

By the 7th century they were part of the Church of the East, centred in Persia and the entire community remained united until the 17th century. Since this time the St. Thomas Christian of the non Roman Catholic order started splitting.

There was a dark period following the imposition of Portuguese control and European bishops there was a big shift from the Jesuit control in 1653. This led to the new faction trying to distinguish themselves from the the Romo-Syirians and also the Syrian Orthodox tradition. But a fresh move took place with the arrival of Syrian Orthodox leaders from Jerusalem in 1751, resulting in squabbles about jurisdiction and money. Soon the Thozhiyur Church branched off in 1772 and was confirmed as an independent church by the high court verdict in 1862. Thus they came to be known as the Malabar Independent Syrian Church. They have evolved and now belong to the Christian Conference of Asia, the Indian Council of Churches, and the Kerala Council of Churches. Other ecumenical relationships have been formed, including those with the Anglican and Lutheran churches.

The Thozhiyur church has played a significant role in the Christian community, such as on 18 January 1894, Dethos Kathanar (the youngest son of Abraham Malpan) was consecrated by head of the Malabar Independent Syrian Church, Youseph Mar Athanasius (Maliyekkal) (1888–1898) and by Geevarghese Mar Koorilose (Karumamkuzhy) Suffragan Metropolitan. He was given the episcopal title Thithoos Mar Thoma Metropolitan. (in English - Titus Mar Thoma Metropolitan).

Mar Philoxenos II Kidangan (1811–1829) of the Thozhiyur Church consecrated three successive bishops in the unified Malankara Church: Mar Dionysius II on 22 March 1816, Mar Dionysius III on 19 October 1817, and Mar Dionysius IV on 27 August 1825. When the Thozhiyur Metropolitan died without appointing a successor, the consecration was performed by the Metropolitan and bishops of the Mar Thoma Church. Bishops from the Thozhiyur Church (Malabar Independent Syrian Church) have participated in all Mar Thoma Church episcopal ordinations to the present.

Another good example of unity is the collaboration between CSI, CNI, and Mar Thoma. However, the ecumenical movement did not gain traction as quickly as it should have.

Sadly, the quality of spiritual life described in the New Testament is yet to be seen in all its power and splendour despite the progress made by the Church's ranging from Catholic-Orthodox to Pentecostal to new generation independent local churches in providing high-quality education through schools, colleges, and medical services through hospitals, and other institutions.

Modern-Day Difficulties

Perhaps we've been turned off by bad experiences in churches that have become institutional where God dwells only in name. There's a serious danger that both individuals and churches must guard against institutional religion. It's so easy to fall into routine Christianity, where we go through our programmes and activities but don't live in close contact with the living God... experiencing God in our daily lives.. His power, grace, and glory.

We can even have personal prayer time without meeting with God. We can go to church and worship, but our hearts are not with the living God (Isaiah 29:13; Ezekiel 33:31; Matthew 15:7–9).

We do expect God to be pleased with a sizable attendance in a large church.

Do we still expect the living God to meet with us and ignore our infightings and mundane battles?

Indeed, "The Lord does not look at what people look at." People look at the outside, but the Lord looks at the inside." (See 1 Samuel 16:7)

The church is vital in today's world because we are called out of this sinful world as Christians a holy people, in close relationship with the living God who indwells us and lives amidst us. The world should sense the presence of the living God.

What the church would be in future

According to the 2011 Indian census Kerala had 6,411,269 Christians - Saint Thomas Christians (Syro-Malabar Church, Syro-Malankara Catholic Church, Malankara Orthodox Syrian Church, Jacobite Syrian Christian Church, CSI Syrian Christians, Mar Thoma Syrian Church, St. Thomas Evangelical Church of India, Chaldean Syrian Church, and Malabar Independent Syrian Church) account for 70.73% of all Christians in Kerala. They are followed by Latin Catholics (13.3%), Pentecostals (4.3%), CSI (4.5%), Dalit Christians (2.6%), and other Protestant groups (such as Lutheran, Calvinist, and other charismatic churches) (5.9%).

We have been called to proclaim the good news of sin's forgiveness through confession of our sins to God and to one another, in order to receive God's promise of eternal life.

Christ is the manifestation of God's truth, and the church is to be the present manifestation of Jesus Christ (v. 15). 1Timothy 3:14–16. God wants His body, His church, to live for His glory and the good of others (John 17:21-23). God never intended for you and me to live a solitary existence or to have an intangible relationship with Him.

"Be the salt and light," Jesus said. Gracefully influence every sphere of life with His love and goodness.

So, how do we go about it?

Christ stated that the harvest is ready (salvation).

God refers to those who obey Him as His children, friends, and servants. Can I (we) trust God and be the living Church, bringing Him glory through my (our) righteous-loving and caring lives?

Many communities around the world suffer from a severe lack of strong human relationships that connect people to resources, work, education, and opportunities.

Character formation is lacking; that is, the values of hard work, honesty, integrity, and even church attendance are given a lot of lip service but little substance.

Aside from values and relationships, there is a profound lack of hope, which results in a deep pessimism and resignation to "the way things are."

People do not believe that their circumstances will or can improve.

That is where the local church, as God created it, is uniquely capable of being an incubator of human flourishing that addresses these deep needs within a community, nation, and world at large. Today, the church is the world's only hope.

Mob : 9961990581
7356547581

E-mail : vijucsc@yahoo.in
vijucsc@gmail.com

CSC

CHEMMANOOR
SALES CORPORATION

Old Canara Bank Building, Near Railway Overbridge
Main Road, Pattambi - 679303

BRANDED DESKTOP, ASSEMBLED DESKTOP, LAPTOP
SOFTWARE DEVELOPMENT, NETWORKING, PROGRAMMING

ഉറക്കം

ജെയിംസ്. എം.പി
പോർക്കുളം
ഇടവക സെക്രട്ടറി

നിങ്ങൾ ഉറങ്ങുന്നത് എന്ത്? ലൂക്കോസ് 22-46. ഈ വാക്യം എപ്പോഴാണ് യേശു ക്രിസ്തു പറഞ്ഞത് യെരുശലേമിൽ തനിക്ക് നേരിടുവാനുള്ള കഷ്ടതകളെ ഓർത്ത് പിതാവായ ദൈവത്തോട് പ്രാർത്ഥിക്കുമ്പോൾ അവന്റെ വിയർപ്പു തുള്ളികൾ രക്തകണങ്ങളായി മാറി ആ പരീക്ഷയിൽ യേശുവിനോട് കൂടെ പ്രാർത്ഥിച്ച് സഹായിക്കാൻ ആവശ്യപ്പെടുന്നത് അപ്പം തിന്നവരോടല്ല അത്ഭുതങ്ങൾ കണ്ടവരോടും അല്ല രോഗസൗഖ്യം പ്രാപിച്ചവരോടും ആയിരുന്നില്ല മൂന്നര വർഷക്കാലം തന്നോട് ഒരുമിച്ച് ജീവിച്ച് മരണം പോലും നേരിട്ടാലും അനുഗമിക്കും എന്നു പറഞ്ഞ ശീമോനും ഇടത്തും വലത്തും ഇരിക്കുന്നതിന് വരം ചോദിച്ച യാക്കോബ് യോഹന്നാൻ എന്നിവരോടും ആയിരുന്നു എന്നാൽ ആ ചോദ്യം ഇന്നും ക്രിസ്തീയ സമൂഹത്തോടുള്ള ഒരു വെല്ലുവിളിയായി കാണുകയാണ് ഒരു പക്ഷെ നമ്മൾ ചിന്തിക്കുന്നത് ഇത്ര മാത്രം ആത്മീയ പുരോഗതിയുള്ള കാലഘട്ടത്തിൽ ഈ ചോദ്യത്തിന് എന്ത് പ്രസക്തിയാണ് ഉള്ളത് എന്ന് ചിന്തിക്കുന്നവരും ഉണ്ടാകാം. അവർ കാണുന്ന പുരോഗതി എന്നു പറയുന്നത് പടുകൂറ്റൻ ദേവാലയങ്ങളുടെ എണ്ണത്തിന്റെ വർദ്ധനയും പള്ളിക്കൂടങ്ങളും ആശുപത്രി കെട്ടിടങ്ങളും, പാരീഷ് ഹാളുകളും ഷോപ്പിംഗ് കോംപ്ലക്സ് തുടങ്ങുന്ന വരുമാന മാർഗ്ഗങ്ങളുടെ ഭൗതിക നേട്ടങ്ങളാണ് അത്ര സമയം ആത്മീയമായി എവിടെ എത്തി നില്ക്കുന്നു എന്നുള്ളത് പരിശോധിച്ചാൽ വളരെ പരാജയമാണ് എന്ന് മനസ്സിലാക്കാൻ കഴിയും.

> **ഇരുനൂറ്റിയമ്പത് വർഷങ്ങൾക്ക് മുമ്പ് ഒരു കുത്തിമറയിൽ ഇരുന്ന് ഉപവാസത്തോടും കണ്ണുനീരോടും കൂടി രാത്രിയുടെ യാമങ്ങൾ ഉണർന്ന് പ്രാർത്ഥിച്ചപ്പോൾ നമ്മുടെ പിതാക്കന്മാർക്ക് ഇന്നുവരെ കേട്ട് കേൾവിയില്ലാത്തവണ്ണം പേ വിഷം ബാധിച്ച കുഞ്ഞിന് അത്ഭുത സൗഖ്യം കൊടുക്കുന്നതിന് സാധിച്ചു എന്നുള്ള മഹത്തായ സത്യം നമ്മെ പഠിപ്പിക്കുന്നു.**

മണ്ണെണ്ണ ദേഹത്തിൽ ഒഴിച്ച് ആത്മഹത്യ ഭീഷണി മുഴക്കുന്ന സഭാ വിശ്വാസികൾ, പിക്കറ്റിങ്ങിനും ധർണ്ണക്കും നേതൃത്വം കൊടുക്കുന്ന പുരോഹിതന്മാർ, കോടതി വ്യവഹാരവും ഗുണ്ടായിസവും നടത്തുന്ന വിശ്വാസ സമൂഹം പുറത്ത് പറയാൻ പോലും നാണിക്കുന്ന കുറ്റകൃത്യങ്ങളുടെ ശൃംഗലയായി മാറിയ ക്രിസ്തീയ സമൂഹത്തിന്റെ ഇത്തരം കാഴ്ചപാട് ആത്മീയത്തിന്റെ ഉറക്കമായിട്ടാണ് ഞാൻ കാണുന്നത്.

കണ്ണുനീരുകൊണ്ടും പ്രാർത്ഥനകൊണ്ടും ഉപവാസം കൊണ്ടും സ്നേഹം കൊണ്ടും ക്ഷമകൊണ്ടും താഴ്മ കൊണ്ടും നേടുവാൻ കഴിഞ്ഞിരുന്ന വിശ്വാസം പാടെ തകർന്നു പോയി എന്നുള്ളത് പറയാതിരിക്കാൻ വയ്യ ഇത്തരം സംഭവ വികാസങ്ങളെ ഞാൻ വേദപുസ്തക താളുകളിൽ പരിശോധിച്ചപ്പോൾ ന്യായാധിപന്മാരുടെ പുസ്തകത്തിൽ 13-ാം അദ്ധ്യായത്തിൽ തുടങ്ങുന്ന ശിംശോൻ എന്ന ഒരു കഥാപാത്രത്തെ ഓർക്കുന്നത്. കുഞ്ഞുങ്ങളില്ലാത്ത ദമ്പതികൾക്ക് ദൈവദൂതൻ പ്രത്യക്ഷപ്പെട്ട് കുഞ്ഞുണ്ടാകും എന്ന് അരുളപ്പാട് ലഭിക്കുന്നു. ജനിക്കുന്ന കുഞ്ഞ് നാസീർ വൃതകാരനാകണം എന്നും മദ്യവും വീഞ്ഞും കുടിക്കരുത് എന്നും നാസീർ വൃതത്തിന്റെ അടയാളമായി തല ക്ഷൗരം ചെയ്യരുത് എന്നും പറഞ്ഞു. ദൂതൻ പറഞ്ഞ പ്രകാരം അവർക്ക് ഒരു മകൻ ജനിച്ചു. മാതാപിതാക്കൾ ദൂതൻ അരുളിയപോലെ അവനെ വളർത്തി ദൈവത്തിന്റെ ആത്മാവ് അവന്റെ മേൽ വന്നു വിവാഹ പ്രായമായപ്പോൾ അവൻ ഫെലസ്ത്യ കന്യകയെ വിവാഹം കഴിക്കുന്നതിന് ചെന്നു നാട്ടു നടപ്പനുസരിച്ച് കടം കഥ പറഞ്ഞു. ഉത്തരം പറയുന്നതിന് അവളുടെ അസ്മാദികൾക്ക് കഴിയാതെ വന്നപ്പോൾ അവർ കന്യകയെ വശത്താക്കി ശിംശോനിൽ നിന്ന് ഉത്തരം മനസ്സിലാക്കി അങ്ങനെ അവർ ഉത്തരം ശിംശോന് നല്കി പിന്നെ അവരുടെ സമ്മാനം കൊടുത്ത് കടം വീട്ടേണ്ടതിന് അബ്കലോനിൽ ചെന്ന് 30 പേരെ കൊന്ന് വസ്ത്രം കൊടുത്ത് കടം വീട്ടി പിന്നീട് അതിന്റെ പ്രതികാര നടപടികൾ നിമിത്തം ഒരു പച്ച കഴുത താടി എല്ല് കൊണ്ട് കുന്ന് ഒന്ന് കുന്ന് രണ്ട് എന്നു പറഞ്ഞു ആയിരം പേരെ കൊന്നു. ഫെലസ്ത്യരുടെ വിള നിലം 300 കുറുക്കന്മാരെ വാലോട് വാൽ ചേർത്ത് തീ കൊളുത്തി നശിപ്പിച്ചു. അത്രമാത്രം ശക്തനായ ശിംശോൻ പിന്നെ 16-ാം അദ്ധ്യായത്തിൽ കാണുന്നത് ഒരു വേശ്യയുടെ മടിയിൽ കിടന്നുറങ്ങുന്നവനായിട്ടാണ്. പിന്നെ ഒരു ദെലീലയെ സ്നേഹിച്ചു ഒടുവിൽ അവൾ അവനെ വശീകരിച്ച് അവന്റെ തല ക്ഷൗരം ചെയ്തു ശക്തി ക്ഷയിപ്പിച്ചു കണ്ണ് കുത്തിപ്പൊട്ടിച്ചു, ഇരുമ്പ് ചങ്ങലകൊണ്ട് ബന്ധിക്കപ്പെട്ടവനായി ദാഗോന്റെ ക്ഷേത്രത്തിൽ കളിപ്പാൻ കൊണ്ടുപോയി.

ഒരു കാലത്ത് ദൈവ ബന്ധത്തോട് ചേർന്ന് നിന്ന് വീര്യം പ്രവർത്തിച്ചവൻ അവന്റെ ഉറക്കം അവന്റെ കായികബലത്തേയും ആത്മീയ ശക്തിയേയും കെടുത്തി കളഞ്ഞു. അതുകൊണ്ട് നമ്മൾ തിരിച്ചറിയണം നമ്മുടെ ഭൗതീക ശക്തി ആത്മീയ ശക്തിയെ തകർക്കുന്ന ഉറക്കമാണ് എന്നുള്ളത്. നമ്മുടെ പിതാക്കന്മാർക്ക് പറയത്തക്കവണ്ണമുള്ള ഭൗതീക ശക്തി ഇല്ലായിരുന്നു. അപ്പോസ്തലപ്രവർത്തി 3-ാം അദ്ധ്യായം 6-ാം വാക്യത്തിൽ പറയുന്നതു പോലെ വെള്ളിയും പൊന്നും ഞങ്ങൾക്കില്ല നസ്രാനായ യേശുവിന്റെ നാമത്തിൽ നടക്ക എന്നു പറഞ്ഞപ്പോൾ അമ്മയുടെ ഗർഭം മുതൽ മുടന്തനായവൻ നടന്നു.

ഇരുനൂറ്റിയമ്പത് വർഷങ്ങൾക്ക് മുമ്പ് ഒരു കുത്തിമറയിൽ ഇരുന്ന് ഉപവാസത്തോടും കണ്ണുനീരോടും കൂടി രാത്രിയുടെ യാമങ്ങൾ ഉണർന്ന് പ്രാർത്ഥിച്ചപ്പോൾ നമ്മുടെ പിതാക്കന്മാർക്ക് ഇന്നുവരെ കേട്ട് കേൾവിയില്ലാത്തവണ്ണം പേ വിഷം ബാധിച്ച കുഞ്ഞിന് അത്ഭുത സൗഖ്യം കൊടുക്കുന്നതിന് സാധിച്ചു എന്നുള്ള മഹത്തായ സത്യം നമ്മെ പഠിപ്പിക്കുന്നു. എന്നാൽ അന്നത്തെ പോലെ വിശ്വാസത്തിന്റെ തീവ്രത 250 വർഷം സഭ പിന്നിടുമ്പോൾ നമുക്ക് കൈമോശം വന്നുവോ എന്ന് നാം സ്വയം പരിശോധിക്കുന്നത് നല്ലതാണ്. ഉണ്ടെന്ന് നമുക്ക് തോന്നുന്നു എങ്കിൽ നാം തിരിച്ചറിയണം എവിടെയോ എപ്പോഴോ ഉറങ്ങിയിട്ടുണ്ട്. നമുക്ക് ഉണരാം അന്ന് യേശു തന്റെ ശിഷ്യന്മാരോട് പറയുന്നത് തന്റെ ദൗത്യം പൂർത്തീകരിച്ച് പിതാവിന്റെ സന്നിധിയിലേക്ക് തിരിച്ചുപോകുന്ന അവസാന നിമിഷങ്ങളിലായിരുന്നു എങ്കിൽ ഇന്ന് നാം ഉറങ്ങുന്നത് തന്റെ മടങ്ങി വരവിന്റെ അവസാന നിമിഷങ്ങളിലാണ് എന്ന സത്യം മറന്നു പോകരുത്.
അതു കൊണ്ട് ഉറക്കത്തിന്റെ നഷ്ടപ്പെട്ട കാലഘട്ടങ്ങളെ നമുക്ക് തിരിച്ചു പിടിക്കാം. അതിനായി ദൈവം നമ്മെ സഹായിക്കുമാറാകട്ടെ.

റവ.ഫാ.അജു.പി.ജോൺ
(ബിലീവേഴ്സ് ഈസ്റ്റേൺ ചർച്ച്)

സഭാ ഐക്യത്തിന്റെ സ്ഥാനാപതികൾ

മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ 250–ാം വാർഷികം ആഘോഷിക്കുന്ന ഈ അവസരത്തിൽ കഴിഞ്ഞ കാലങ്ങളിൽ സഭയെ പരിപാലിച്ച സർവ്വശക്തനായ ദൈവത്തിന് സ്തുതിയും സ്തോത്രവും കരേറ്റുന്നു. സഭയുടെ പ്രതിസന്ധികളിലും, ഇതര സഭകളുമായുള്ള ബന്ധങ്ങളിലും എപ്പോഴും ആധ്യാത്മിക ജീവനത്തിന്റെ ആന്തരികത പ്രതിഫലിച്ചിരുന്നു. സഭാ ചരിത്രത്തിൽ സഭാ പിതാക്കന്മാർ കാണിച്ചിട്ടുള്ള മാതൃകാപരമായ പ്രവർത്തികൾ ഈ കാലഘട്ടത്തിൽ ഏറെ പ്രാധാന്യമർഹിക്കുന്നതാണ്. മലങ്കര മാർത്തോമ്മ സഭ, മലബാർ സ്വതന്ത്ര സുറിയാനി സഭയെ സഹോദരി സഭ എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. യാക്കോബായ മാർത്തോമ്മ സഭകളിൽ പൗരോഹിത്യ പിന്തുടർച്ച നൽകുവാൻ കഴിയാതെ സഭാ പിതാക്കന്മാർ കാലം ചെയ്യപ്പെട്ടപ്പോൾ അപ്പോസ്തലിക പിന്തുടർച്ച നൽകി സഭകളെ സ്ഥിരപ്പെടുത്തുവാൻ ഈ ചെറിയ സുറിയാനി സമൂഹത്തിന് സാധിച്ചു എന്നത് ഒരു വലിയ ദൈവീക പദ്ധതിയായിരുന്നു. മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ പിന്തുടർച്ചാവകാശം നഷ്ട്ടപെട്ട സാഹചര്യങ്ങളിൽ മാർത്തോമ്മ സഭയിലെ മെത്രാപ്പോലീത്തന്മാർ മുൻകൈ എടുത്ത് മലബാർ സ്വതന്ത്ര സുറിയാനി സഭയെ നിലയുറപ്പിച്ചതും ഏറെ പ്രാധാന്യം അർഹിക്കുന്നതാണ്. വ്യത്യസ്ത പാരമ്പര്യങ്ങൾ കാത്തു

വിശ്വാസം, പ്രത്യാശ, സ്നേഹം എന്നീ ദൈവിക ദാനങ്ങളെ വളർത്തിയെടുക്കുന്നതിനും ഇവയെ സ്വാംശീകരിച്ച് പ്രചോദക മൂല്യങ്ങളാക്കി തീർക്കുമ്പോൾ മാത്രമേ മനുഷ്യന് ദൈവത്തോട് കൂടുതൽ അടുക്കുവാൻ സാധ്യമാകുകയുള്ളൂ. ക്രൈസ്തവ സഭകളിൽ നിറഞ്ഞു നിന്നിരുന്ന പ്രാർത്ഥനാ തീഷ്ണതയും സാന്മാർഗിക ചിന്തകളും സഭയിലെ വിശ്വാസികളെ ദൈവഭയത്തിന്റെ പൂർണതയിലേക്ക് നയിച്ചു.

സൂക്ഷിക്കുന്ന ഈ സഭകൾ തമ്മിൽ കാണിച്ചു തന്ന ഈ മാതൃക ക്രൈസ്തവ സമൂഹത്തിൽ എക്കാലവും ക്രിസ്തു യേശുവിലുള്ള ഐക്യത്തിന്റെയും കൂട്ടായ്മയുടെയും വ്യക്തമായ ചിത്രമാണ്. സഭാപിതാക്കന്മാർ തമ്മിലുള്ള ഐക്യവും സമാധാനവും സഭ മുഴുവൻ വ്യാപിക്കുന്നു എന്ന മർമ്മ പ്രധാനമായ സത്യവും ഇവിടെ നിറഞ്ഞു നിൽക്കുന്നു.

മലബാർ സ്വതന്ത്രസുറിയാനി സഭ എല്ലാ സഭ ഐക്യ പ്രസ്ഥാനങ്ങളിലും സജീവ പങ്കാളികളാണ്. കേരള കൗൺസിൽ ഓഫ് ചർച്ചസ് തുടങ്ങി ക്രൈസ്തവ സഭയുടെ എല്ലാ മാതൃ സംഘടനകളിലും അംഗങ്ങളാണ് ആംഗ്ലിക്കൻ, ലൂഥറൻ സഭകളുമായുള്ള ചില സഭ ഐക്യ പ്രസ്ഥാനങ്ങളിലും, 1988-ലും, 2008-ലും ആംഗ്ലിക്കൻ ബിഷപ്പുമാരുടെ ലാംബെത്ത് കോൺഫറൻസുകളിൽ മലബാർ സ്വതന്ത്ര സുറിയാനി സഭാ മെത്രാപ്പോലീത്തമാർ എക്യുമിനിക്കൽ നിരീക്ഷകരായിരുന്നു. ഇത് സഭാ ഐക്യപ്രസ്ഥാനങ്ങളിൽ മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ സാഹോദര്യകതയുടെ മഹത്വത്തെ വെളിപ്പെടുത്തുന്നു. മലബാർ സ്വതന്ത്ര സുറിയാനി സഭ പാരമ്പര്യത്തിലും കേരളാ സഭാ ചരിത്രത്തിലും ഏറെ പ്രാധാന്യം അർഹിക്കുന്നു. ക്രൈസ്തവ സഭകളിൽ കൂട്ടായ്മയുടെയും സാഹോദര്യത്തിന്റെയും ആന്തരികഭാവങ്ങൾക്ക് മുഖാന്തരമായി തീരുവാൻ സാധിച്ചു എന്നത് ഒരു ദൈവീക പദ്ധതി ആയിരുന്നു.

മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ സാമൂഹിക-സാംസ്കാരിക രംഗങ്ങളിലുള്ള പ്രവർത്തന ശൈലികൾ ഏറെ ശ്ലാഘനീയമാണ്. ക്രിസ്തുവിൽ നാം ഒന്നാകുന്നു എന്നുള്ള സത്യത്തെ മറന്നുകൊണ്ട് ഏകവും, വിശുദ്ധവും, കാതോലികവും, അപ്പോസ്തലികവും എന്ന് നാം സ്വയം വിശേഷിപ്പിക്കുന്ന സഭകൾ, വിഭാഗീയതയുടെയും പരസ്പര വിദ്വേഷത്തിന്റെയും പങ്കാളിത്വമില്ലായ്മയുടെയും മൂർത്തിഭാവമായി തീർന്നിരിക്കുന്നു. സ്വന്തം സഭയുടെ സ്വഭാവത്തെയും പാരമ്പര്യത്തേയും അതിന്റെ തനിമയിൽ പഠിക്കുകയും മറ്റുള്ളവരെ അറിയുവാനും അംഗീകരിക്കുവാനും സഭാപിതാക്കന്മാരിൽ കൂടി സാധ്യമായിത്തീരണം എന്നത് ഈ കാലഘട്ടത്തിൽ ഏറെ ആവശ്യമായിരിക്കുന്നു.

മനുഷ്യ ജീവിതത്തിൽ ദൈവിക സ്വാധീനത്തിലൂടെ രൂപീകൃതമാകുന്ന വിശ്വാസം, പ്രത്യാശ, സ്നേഹം എന്നീ ദൈവിക ദാനങ്ങളെ വളർത്തിയെടുക്കുന്നതിനും ഇവയെ സ്വാംശീകരിച്ച് പ്രചോദക മൂല്യങ്ങളാക്കി തീർക്കുമ്പോൾ മാത്രമേ മനുഷ്യന് ദൈവത്തോട് കൂടുതൽ അടുക്കുവാൻ സാധ്യമാകുകയുള്ളൂ. കഴിഞ്ഞ കാലങ്ങളിൽ ക്രൈസ്തവ സഭകളിൽ നിറഞ്ഞു നിന്നിരുന്ന പ്രാർത്ഥനാ തീഷ്ണതയും സാന്മാർഗിക ചിന്തകളും സഭയിലെ വിശ്വാസികളെ ദൈവഭയത്തിന്റെ പൂർണതയിലേക്ക് നയിച്ചു. മനുഷ്യൻ ദൈവത്തെ അറിയുവാനും കാണുവാനും ഇടയായി. ദൈവത്തിൽ നിന്നു അകന്നുപോകുന്ന മനുഷ്യൻ ഇന്ന് ദൈവത്തെ കാണുന്നില്ല. അല്പം കഴിയുമ്പോൾ അവൻ ദൈവത്തെ മറക്കുന്നു. ക്രിസ്തീയ സ്നേഹത്തിന്റെ അടിസ്ഥാനം തന്നെ ഇവിടെ മനുഷ്യൻ മറക്കുന്നു. ഭൗതികമായ അഥവാ ജഡികമായ ചിന്തകളിൽ ഇന്ന് നാം കെട്ടപ്പെട്ടു കിടക്കുന്നു. ജീവിത അനുഭവങ്ങളിലും ദൈനംദിന സംഭവങ്ങളിലും ചില വേദനാജനകമായ രംഗങ്ങൾ കാണുമ്പോൾ ഇത് ശരിയല്ല അഥവാ അനീതിയാണ് എന്ന് നമ്മുടെ മനസ്സ് നമ്മോടു മന്ത്രിക്കുന്നു. എന്നാൽ നാം അവിടുന്ന് ഓടിമറയുവാൻ ശ്രമിക്കുന്നു.

മനുഷ്യ ജീവിതം എല്ലാക്കാലവും പ്രശ്നങ്ങളും പ്രതിസന്ധികളും നിറഞ്ഞതാണ്. 250 വർഷക്കാലം സത്യ സുവിശേഷത്തിൽ മുറുകെ പിടിച്ചു കൊണ്ട് സഭയുടെ വിശ്വാസാചാരങ്ങളും പാരമ്പര്യവും കാത്തു സൂക്ഷിക്കുവാൻ മലബാർ സ്വതന്ത്ര സുറിയാനി സഭയെ അനുഗ്രഹിച്ച ദൈവകൃപ സഭയെ മുമ്പോട്ട് നയിക്കട്ടെ എന്ന് ആശംസിക്കുന്നു. എക്യുമെനിക്കൽ പ്രസ്ഥാനങ്ങളിലും സാമൂഹ്യ പ്രവർത്തനങ്ങളിലും ആദ്ധ്യാത്മിക ജീവിതത്തിന്റെ കരുത്തുറ്റ പ്രചോദക മൂല്യങ്ങളായി സഭയെ ദൈവം ഉപയോഗിക്കട്ടെ. സഭയുടെ ഭാവി പ്രവർത്തന മണ്ഡലങ്ങളിൽ സനാതനമായ മൂല്യങ്ങളെ കാത്ത് സൂക്ഷിക്കുവാനും മറ്റുള്ളവർക്ക് ജീവൻ നൽകുവാനും അത് നാം ഓരോരുത്തരിലും സമൃദ്ധമായി വളരുവാനും ദൈവം സഭയെ ഉപയോഗിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

രണ്ടര നൂറ്റാണ്ടായി സമൂഹത്തിൽ പ്രവർത്തിക്കുന്ന തൊഴിയൂർ സഭക്ക് ഏറ്റവും അഭിമാനിക്കാവുന്ന നേട്ടം. സമൂഹത്തിന്റെ വളർച്ചക്കു വേണ്ടി ശക്തമായി വിദ്യാഭ്യാസ മേഘലയിൽ ഇടപ്പെട്ടു എന്നത് തന്നെയാണ്. 250 വർഷത്തിന്റെ ചരിത്രമേറുന്ന സഭക്ക് 175 വർഷം പഴക്കമുള്ള വിദ്യഭ്യാസ സ്ഥാപനങ്ങൾ ഉണ്ട് എന്നത് ഈ വാദത്തിന് ശക്തി പകരുന്ന തെളിവുകളാണ്. രണ്ട് പതിറ്റാണ്ടുകൾക്കു മുമ്പ് നമ്മുടെ പൂർവ്വികർ ജീവിച്ചിരുന്ന ഈ പ്രദേശം വിദ്യാഭ്യാസ രംഗത്ത് എത്ര പുറകിലായിരുന്നുവെന്ന് നമ്മുക്ക് ഊഹിക്കാവുന്നതേയുള്ളൂ. നൂറ്റാണ്ടുകൾക്കു മുമ്പ് ഇത്തരം ഇടപെടൽ നമ്മുടെ സമൂഹത്തിന്റെ ഉയർച്ചക്ക് അനിവാര്യമാണെന്ന് തിരിച്ചറിയുകയും അതിനു വേണ്ടി ഇടപെടുകയും ചെയ്ത പൂർവ്വ പിതാക്കന്മാരെ നന്ദിയോടും ബഹുമാനത്തോടും കൂടി വേണം ഈ സമയത്ത് ഓർക്കാൻ.

സമൂഹത്തിന്റെ ഉയർപ്പ് വിദ്യാഭ്യാസത്തിലൂടെ

7 വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് ഈ സഭക്ക് കീഴിലുണ്ടായിരുന്നത്. സാമ്പത്തിക പരാധീനത മൂലം 2 സ്ഥാപനങ്ങൾ നഷ്ടപ്പെട്ടിരുന്നു. ഇപ്പോൾ സെന്റ് ജോർജ്ജ് ഹൈസ്കൂൾ തൊഴിയൂർ, സി.എം.യു.പി. സ്കൂൾ തൊഴിയൂർ, എം.കെ.എം.യു.പി.സ്കൂൾ പോർക്കുളം, എസ്.സി.യു.പി. സ്കൂൾ ചാലിശ്ശേരി എന്നിവ മലബാർ ഇൻഡിപെൻഡന്റ് സിറിയൻ ചർച്ച് എഡ്ജുക്കേഷൻ സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിച്ചും വരുന്നു.

കോർനേഷൻ മെമ്മോറിയൽ അപ്പർ പ്രൈമറി സ്കൂൾ

1848-ൽ മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ മേലദ്ധ്യക്ഷതയിലായിരുന്ന ഗീവർഗ്ഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്തയാൽ മൂന്നാമൻ തിരുമനസ്സു കൊണ്ടായിരുന്നു ഈ വിദ്യാലയം സ്ഥാപിച്ചത്. 1-ാം ക്ലാസുമുതൽ 5-ാം ക്ലാസ് വരെയായിരുന്നു ആദ്യം അനുവദിച്ചത്. പിന്നീട് 6 മുതൽ 8 വരെയുള്ള ക്ലാസുകൾ ഉൾപ്പെടുത്തി കൊണ്ട് ഈ വിദ്യാലയം ഒരു ഹയർ എലിമെന്ററി വിദ്യാലയം ആയി ഉയർത്തി. ഇന്നത്തെ സെന്റ് ജോർജ്ജ് ഹൈസ്കൂൾ ആദ്യമായി ആരംഭിച്ചത് ഈ വിദ്യാലയത്തിൽ ആയിരുന്നു.

ഇംഗ്ലണ്ടിലെ ജോർജ്ജ് 5-ാമൻ ചക്രവർത്തിയുടെ സ്ഥാനാരോഹണത്തെ തുടർന്ന് അദ്ദേഹം ആദ്യം ഭാരതത്തിൽ സന്ദർശനം നടത്തിയതിന്റെ ബഹുമാന സൂചകമായി 1911-ൽ ഈ വിദ്യാലയത്തിന് കോർനേഷൻ മെമ്മോറിയൽ എലിമെന്ററി സ്കൂൾ എന്ന് മാനകരണം ചെയ്തു.

കേരളപ്പിറവിയോടു കൂടി 1 മുതൽ 7 വരെ ക്ലാസുകളോടു കൂടിയ ഇന്നത്തെ കോർനേഷൻ മെമ്മോറിയൽ അപ്പർ പ്രൈമറി സ്കൂൾ ആയി രൂപപ്പെട്ടത്. തലമുറകൾക്ക് വിജ്ഞാനം പകർന്നു നൽകി സഭാസ്ഥാന ത്തിന്റെ തിരുമുറ്റത്ത് ഈ വിദ്യാലയം ഇന്നും പ്രവർത്തിച്ചു വരുന്നു.

മാർ കൂറിലോസ് അപ്പർ പ്രൈമറി സ്കൂൾ, പോർക്കുളം

ഭാരത ചരിത്രത്തിന്റെ താളുകളിൽ ഇടം കണ്ടെത്തിയ പോർക്കുളം ദേശം പുരാവസ്തു ഗവേഷകരുടെ ഈറ്റില്ലമാണ്. പോർക്കുളം വേദക്കാട്ര മേഘല ചരിത്ര വിദ്യാർത്ഥികളുടെ സ്ഥിരം ഒരു സന്ദർശന സ്ഥലമാണ്. 18-ാം നൂറ്റാണ്ടിന്റെ, അവസാന ഘട്ടത്തിൽ '''പള്ളിക്കൂടം'' എന്ന പേരിൽ പ്രവർത്തിച്ചിരുന്നു ഈ വിദ്യാലയം. അറിവിന്റെ ആദ്യാക്ഷരം പകർന്നു കൊടുത്ത ഈ വിദ്യാലയം ഇന്നും എല്ലാ പ്രൗഢിയോടു കൂടി പ്രവർത്തിച്ചു വരുന്നു.

1905-ൽ ഗീവർഗ്ഗീസ് മാർ കൂറിലോസ് മെത്രാപൊളിത്തീയന്മാർ ആയിരുന്നു ഈ സ്കൂൾ സ്ഥാപിച്ചത്. പ്രാരംഭത്തിൽ ഒന്നാം തരവും രണ്ടാം തരവും മാത്രമായിരുന്നു തുടക്കം കുറിച്ചത്. 1933-ൽ മൂന്നാം തരവും 1934-ൽ നാലാം തരവും ആരംഭിച്ചു. 1905-ൽ 5-ാം തരവും തുടങ്ങി. 1966-ൽ ഈ സ്ഥാപനം അപ്പർ പ്രൈമറി സ്കൂൾ ആയി സ്ഥാപിക്കപ്പെട്ടു. ശാന്തമായ പോർക്കുളം ഗ്രാമാന്തരീക്ഷത്തിൽ ആദായശ്ലീഹാ പള്ളിക്ക് താഴെയായി ഗ്രാമവാസികൾക്ക് വിജ്ഞാനം പകർന്നു നൽകുന്ന ഈ സരസ്വതി ക്ഷേത്രം ഇന്നും പ്രവർത്തിച്ചു വരുന്നു.

സെന്റ് ജോർജ്ജ് ഹയർ സെക്കണ്ടറി സ്കൂൾ, തൊഴിയൂർ

തൊഴിയൂർ മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ പരമാധികാരിയായ 1948-ൽ സ്ഥാനാരോഹണം ചെയ്ത് ഗീവർഗ്ഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്തയുടെ അശ്രാന്ത പരിശ്രമത്തിന്റെ ഭാഗമായി 1952-ൽ സെന്റ് ജോർജ്ജ് ഹൈസ്കൂളിന് ആരംഭം കുറിച്ചു.

പ്രാരംഭഘട്ടത്തിൽ 5,6,7,8 എന്നീ ക്ലാസുകളാണ് ആരംഭിച്ചത്. ആദ്യ ഘട്ടം എന്ന നിലയിൽ കെട്ടിട നിർമ്മാണങ്ങൾക്കായുള്ള സമയം നഷ്ടപ്പെടാതിരിക്കാൻ സി.എം.യു.പി.സ്കൂളിൽ ആദ്യ ബാച്ചിൽ ക്ലാസുകൾദ ആരംഭിച്ചു. സ്കൂൾ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആദ്യ ബാച്ചിലെ വിദ്യാർത്ഥികളും നാട്ടുകാരും പങ്കാളികളായി എന്നത് എടുത്ത് പറയേണ്ടതാണ്. പടിഞ്ഞാറ് കടപ്പുറം മുതൽ തെക്ക് ചാവക്കാട് കിഴക്ക് കുന്നംകുളവും കടന്ന് വടക്ക് വന്നേരി വരെ വരുന്ന ഒരു ബൃഹത്തായ പ്രദേശത്തു നിന്നും വിദ്യാർത്ഥികൾ കാൽനടയായി വന്നു കൊണ്ടിരുന്നു. യാത്രാ ക്ലേശവും ദാരിദ്ര്യവും മൂലം പഠിപ്പ് മുടങ്ങിയ ഒട്ടനവധി പ്രായമായവർ തൊട്ട് നിരവധി പേരാണ് സ്കൂളിലേക്ക് ദീർഘദൂരം താണ്ടി പോലും എത്തിച്ചേർന്നിരുന്നത്. തുടർന്നുള്ള വർഷങ്ങളിൽ 9,10 ക്ലാസുകൾക്ക് തുടക്കമായി. അങ്ങനെ പൂർണ്ണ ഹൈസ്കൂളായി രൂപപ്പെട്ടു. ഈ പ്രദേശത്തെ ഉന്നത വിദ്യാഭ്യാസത്തിലേക്കുള്ള കാൽവെപ്പിന് കാരണമാവുകയും ഒരു പ്രദേശം മുഴുവൻ വിദ്യാഭ്യാസ രംഗത്ത് ഉണർവ്വ് പടർത്തുന്നതിനും ചരിത്രപരമായി ദൗത്യം നിർവ്വഹിച്ചും കൊണ്ട് സെന്റ് ജോർജ്ജ് ഹയർ സെക്കണ്ടറി സ്കൂൾ ഇന്നും തലയുയർത്തി നിൽക്കുന്നു.

ഹയർ സെക്കണ്ടറി വിഭാഗം

മലബാർ സ്വതന്ത്രസുറിയാനി സഭയുടെ ഇപ്പോഴത്തെ മെത്രാപ്പോലീത്തിയൻ ആയിട്ടുള്ള സിറിൾ മാർ ബാസ്സേലിയോസ് തിരുമേനിയുടെ കാലഘട്ടത്തിൽ 2015-2017 അധ്യയന വർഷത്തിലാണ് സെന്റ് ജോർജ്ജ് ഹയർ സെക്കണ്ടറി സ്കൂൾ അനുവദിക്കപ്പെട്ടിട്ടുള്ളത്. സയൻസ് വിഭാഗം, കൊമേഴ്സ് വിഭാഗം എന്നീ 2 ബാച്ചുകളായാണ് ഹയർ സെക്കണ്ടറി വിഭാഗം പ്രവർത്തിക്കുന്നത്. ആധുനിക സൗകര്യങ്ങളോടു കൂടിയ സയൻസ് ലാബുകൾ നൂതന സാങ്കേതിക വിദ്യകളടക്കം ഒരുക്കിയ ക്ലാസ് മുറികൾ, പുതിയ കെട്ടിട സമുച്ചയം തുടങ്ങിയവ ഹയർ സെക്കണ്ടറി വിഭാഗത്തിനായി പ്രത്യേകം ഒരുക്കി നൽകിയിട്ടുണ്ട്.

എസ്.സി.യു.പി.സ്കൂൾ ചാലിശ്ശേരി

മലബാർ സ്വതന്ത്രസുറിയാനി സഭാ മേലദ്ധ്യക്ഷനായിരുന്ന അഭിവന്ദ്യ ശ്രീ.ഗീവർഗ്ഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്തയാൽ 1911 ൽ സിറിയൻ ക്രിസ്ത്യൻ ഹയർ എലിമെന്ററി സ്കൂൾ എന്ന പേരിൽ ഈ വിദ്യാലയം സ്ഥാപിത മായി.

ഈ പ്രദേശത്തുള്ളവരിൽ വെളിച്ചം പകരുക എന്ന ലക്ഷ്യത്തോടു കൂടിയാണ് ദേവാലയ അങ്കണത്തിൽ ഈ പള്ളിക്കൂടം സ്ഥാപിച്ചത്. അക്കാലത്ത് 139 കുട്ടികളും 3 അധ്യാപകരുരം മാത്രമെ ഉണ്ടായിരുന്നുള്ളൂ. 1919 ൽ ഹയർ എലിമെന്ററി സ്കൂളായി ഉയർന്നു. ചാലിശ്ശേരിയുടെയും അതിന്റെ പ്രാന്തപ്രദേശത്തിന്റെയും വിദ്യാഭ്യാസ ചരിത്രം ഈ വിദ്യാനികേതനത്തിന്റെ തന്നെ ചരിത്രമാണെന്നു പറയുന്നതിൽ അതിശയോക്തിയില്ല.

ജാതിയുടേയോ, മതത്തിന്റെയോ, ലിംഗഭേദത്തിന്റെയോ പേരിൽ യാതൊരു തരം തിരിവും ഈ വിദ്യാലയത്തിൽ ഉണ്ടായിരുന്നില്ല. എല്ലാവരേയും സമഭാവനയോടെയാണ് വിദ്യാലയം വീക്ഷിച്ചിരുന്നത്.

ഓടും, ഓലയും കൊണ്ട് മേഞ്ഞ കെട്ടിടമായിരുന്നു. കളിക്കാൻ ഗ്രൗണ്ട് ഉണ്ടായിരുന്നു. ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിൽ അധികാരികൾ വളരെ ശ്രദ്ധാലുക്കളായിരുന്നു. ആരംഭകാലം മുതൽക്കു തന്നെ വിദ്യാനിപുണരായ അധ്യാപകരാൽ ഈ വിദ്യാലയം അലങ്കരിച്ചിരുന്നു. അവരുടെ ശിക്ഷണത്താൽ ഈ പ്രദേശത്തുള്ളവർ വിദ്യാസമ്പന്നരായിതീർന്നു. ആ പ്രഗത്ഭരായ അധ്യാപകരെ ഇത്തരുണത്തിൽ ഞങ്ങൾ സ്മരിക്കുന്നു. പലരും മൺമറഞ്ഞ് പോയെങ്കിലും പാലക്കാട് ജില്ലയിൽ ഈ അറ്റത്ത് പൂർവ്വ പിതാക്കൾ കൊളുത്തിയ ദീപശിഖ ഇന്നും കെടാതെ കാത്തു സൂക്ഷിക്കുന്നതിൽ ചാരിതാർത്ഥ്യ മുണ്ട്.

മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ
250-ാം വാർഷികാഘോഷം

സ്വാഗത സംഘം

(17.07.20222 ന് നടന്ന 250-ാം വാർഷിക ആഘോഷ അവലോകന യോഗത്തിൽ നിന്ന്)

അഭിവന്ദ്യ മെത്രാപ്പോലീത്തായും സഭാ ഭാരവാഹികളും

കൗൺസിൽ കൺവീനേഴ്സ് കമ്മിറ്റി

സോഷ്യൽ മീഡിയ കമ്മിറ്റി (MISC Media Wing)

ഫിനാൻസ് കമ്മിറ്റി

റിസപ്ഷൻ കമ്മിറ്റി

പബ്ലിസിറ്റി കമ്മിറ്റി

JUBILY BROTHERS

JUBILY BROTHERS
SHAIJAN +91 8891377702
SHAJI +91 8714399975
SANTHOSH +91 8075769243
MARKET ROAD, CLOTH BAZAR JN
ERNAKULAM, KOCHI - 682031
jubilybrothers.1@gmail.com
jubily_brothers

JCB GROUP

BOMBAY TOY HOME

1st Floor, Ittoop Tower, Jew Street, West End, Ernakulam - 31

WHOLESALE DEALERS IN :
All Variety Indian-China Toys, Education Games, Toys, Sports Goods & Soft dolls

JUBILEE SELECTION
SHAJI. C.C
Mob: 8714399975, 7012194242

CROWN SELECTION
SHAIJAN. C.C
Mob: 8891377702, 7012409917

P.K. VARUGHESE AND SONS

Mob: 94964 47689

XL/3577 Basin Road, Ernakulam, Kochi - 682 035
E-mail : pkvandsons@gmail.com

Wholesale Dealers in :

School, Office Stationery, Paper, Paper Products & Diary

METALOR
COMPLEX

Opp. Indian Oil Petrol Pump, Pazhanji
Thrissur District, Pin 680542
metalor.mgr@gmail.com

+91 81 57 87 77 27

OPENING SOON

METALOR BANQUET HALL

Second Floor, Metalor Complex

SUNIL P MATHEW
+971 52 521 5100

زيجما لتجارة الديزل ش.ذ.م.م

ZIGMA DIESEL TRADING L.L.C.

DUBAI - AJMAN, U.A.E

E S T 2007

Office No. 43
Insta Space Business Center
Dubai Cargo Village - 32
Airport Road, Dubai (UAE)
P.O. Box : 91136
Tel.: +971 4 268 3796

Branch - 1, Shop No. 04
Jiddha St.
Jurf Industrial - 2
Dubai, Ajman
P.O. Box : 1615
Tel. : +971 6 746 3707

zigmadieseltrading@yahoo.com

www.zigmadiesel.com

ആശംസകളോടെ...

പുലാക്കൽ മാത്യു (Late) ഫാമിലി

Build dream with us

Proprietor
Binoy P. Mathew
9562993491

PB
CONSTRUCTIONS
PLAN - ESTIMATE - SUPERVISION
M.M. Shopping Complex, Guruvayur Road
KUNNAMKULAM - 680503
9562 993 491
pandbconstructions@gmail.com